DOCTRINA·VIM·PROMOVET·INSITAM

MADRAS UNIVERSITY
DEPARTMENTAL LIBRARIES.

Call Number

Accession Number

Section

This book should be returned on or before the date last marked below.

# കാർഷിക വിപ്ലവം

പ്രസാധകന്മാർ
**സാഹിത്യപ്രവർത്തക സഹകരണ**
**സംഘം ലിമിററഡ്**

# KARSHIKA VIPLAVAM

BY

K. C. JOSEPH

First Impression January 1956

RIGHTS RESERVED

PUBLISHERS

SAHITHYA PRAVARTHAKA C. S. LTD.

NATIONAL BOOKSTALL
POST BOX 40. KOTTAYAM

Rs. 2—0—0

# കാർഷികവിപ്ലവം

കെ. സി. ജോസഫ്

UNIVERSITY LIBRARY
7 MAR 1964
MADRAS

DEPARTMENTAL LIBRARIES
22 APR 1964
UNIVERSITY OF MADRAS.

നാഷനൽ ബുക്ക്സ്റ്റാൾ
കളരിക്കൽബസാർ കോട്ടയം

വില 2 ക.

O32D
203972
X9J::2:N5
32J6

Printed at the Nirmala Press, Changanacherry. Copies 1000.

# ഉള്ളടക്കം


## 1. ഭാരതം ഒരു കർഷകരാജ്യം

കടന്നുപോകുന്ന കാലങ്ങൾ, കർഷകന്റെ ചരിത്രം, ഭാരതത്തിലെ കർഷകവൃത്തി, ഭരണാധികാരികളിൽനിന്നും കർഷകൻ പ്രതീക്ഷിക്കുന്നതു്.

## 2. ഭാരത ഭരണഘടന

ജനായത്തഭരണത്തിന്റെ ഉൽഘാടനം, കേന്ദ്രീകരണം, ഭരണഘടനയിലെ പ്രധാന ഭാഗങ്ങൾ, പൗരത്വം, മൗലികാവകാശങ്ങൾ, പ്രസിഡന്റു്, മന്ത്രിസഭ, നിയമസഭ, കോടതി, സംസ്ഥാനങ്ങൾ, രാഷ്ട്രഭാഷ.

## 3. ഗവൺമെന്റും കർഷകനും

കൃഷി, വളർച്ച, രാഷ്ട്രം എന്തു ചെയ്യണം, ഭാരതത്തിലെ കൃഷി, വിദേശഭരണത്തിൻകീഴിൽ, കൃഷിവകുപ്പു്, കാർഷികാന്വേഷണകമ്മററികൾ, കാർഷികഗവേഷണം, കൃഷിവകുപ്പു് ദേശീയഭരണത്തിൽ, രാജകീയ കാർഷികാന്വേഷണകമ്മററി, അഖിലഭാരത കാർഷികഗവേഷണസംഘം.

## 4. കൃഷിസ്ഥലം

ഉൽപാദനത്തെ സഹായിക്കുന്ന ഉപാധികൾ, ഭൂമി, വേല, മൂലധനം, മേൽനോട്ടം, ഭൂമിയുടെ പ്രാധാന്യം, വൻതരം, ഇടത്തരം, ചെറുതരം കൃഷിസ്ഥലങ്ങൾ.

## 5. വിഭജിക്കപ്പെട്ടുപോയ കൃഷിസ്ഥലങ്ങൾ

ഭൂപ്രശ്നം, കൃഷിസ്ഥലങ്ങളുടെ വിഭജനം, കാരണങ്ങൾ, ഗുണങ്ങൾ, ദൂഷ്യങ്ങൾ, പ്രതിവിധി.

## 6. ഭൂ ഉടമ

ഭാരതത്തിലെ ഭൂ ഉടമ, ചില അയൽനാടുകളിൽ, റയട്ട്വാറി, മഹൽവാറി, സെമിന്താരി, സെമിന്താരി നിരോധനം, സെമിന്താരിയുടെ സ്ഥാനത്തു്.

## 7. മുഴവൻ ഭൂമിയും കൃഷിചെയ്യുക

ഭൂമിയുടെ ശരിയായ വിനിയോഗം, ഭൂമിയുടെ ആവശ്യകത, ഭാരതത്തിൽ ലഭിക്കാവുന്ന കൃഷിസ്ഥലം, പരിമിതമായ ഭൂമിയെ പ്രയോജനപ്പെടുത്തുക, റഷ്യയിലെ കൃഷിമുറകൾ, കട്ടംകൃഷിയും നെടുംകൃഷിയും, മണ്ണൊലിപ്പു്.

## 8. കർഷകവൃത്തിയുടെ നവീകരണം

ആവശ്യം, ഇന്നത്തെ കൃഷിമുറകൾ, പരിവൎത്തനസാദ്ധ്യമേം, അയൽനാടുകൾ നൽകുന്ന പാഠങ്ങൾ, നല്ല വിത്തുകൾ, നല്ല വളം, നല്ല ശുശ്രൂഷ, നല്ല ആയുധങ്ങൾ, നല്ല മുറകൾ.

## 9. ജലസേചനം

ആവശ്യം, ചരിത്രം, ജലസേചനവിധങ്ങൾ, ജലസേചനപദ്ധതികൾ, വിവിധോദ്ദേശ നദീതടപദ്ധതികൾ.

## 10. കടക്കാരനായ കർഷകൻ

കടം വാങ്ങുവാനുണ്ടായ കാരണങ്ങൾ, കടംവാങ്ങൽ എന്തിനു്, അപകടങ്ങൾ, കടം കിട്ടുന്നതെവിടുന്നു്, കടം എന്തുമാത്രം കിട്ടുന്നു, ഭരണക്കൂടത്തിൻെറ കടമ.

## 11. കാർഷികമൂലധനം (പണിക്കാൎക്കു് ആവശ്യമുള്ള പണം)

മൂലധനത്തിൻെറ ആവശ്യം, കാർഷികധനസഹായ പദ്ധതികൾ, ഗവമ്മെൻറു്, ബാങ്കുകൾ, നിധികൾ, ചിട്ടികൾ, ഭൂസ്വത്തുജാമ്യബാങ്കുകൾ, റിസർവ്വുബാങ്കു്.

## 12. പണവ്യാപാരി

ആരാണ്, അവന്റെ തെററുകൾ, അവനും നിതീകരിക്കപ്പെടുന്നു, പണവ്യാപാരികളുടെ തരംതിരിവ്, പണവ്യാപാരി നിയന്ത്രിക്കപ്പെടുന്നു.

## 13. സഹകരണപ്രസ്ഥാനം

എന്ത്, ചരിത്രം, ഭാരതത്തിൽ, ഘടന, നേട്ടങ്ങൾ, ഭാവിയിൽ.

## 14. മൃഗസമ്പത്ത്

എന്തുമാത്രം, അവ എന്തു നൽകുന്നു, അവയെക്കൊണ്ടുള്ള ഉപയോഗം വർദ്ധിപ്പിക്കുക, നല്ല ഭക്ഷണം, നല്ല പരിരക്ഷ, ഗവേഷണം, കൃത്രിമ ബീജസംക്രമണം, പാൽവ്യവസായം, Dr. N. C. Wright ന്റെ നിർദ്ദേശങ്ങൾ, ഡെൻമാർക്കിലെ പാൽവ്യവസായം.

## 15. കുടിൽവ്യവസായങ്ങൾ

മടിയനായ കർഷകൻ, കോൺഗ്രസ്സും കുടിൽവ്യവസായവും, പുരാതനഭാരതത്തിൽ, ജപ്പാൻ നൽകുന്ന പാഠം, ഭാരതം—ഇന്ന്, എന്താണ കുടിൽവ്യവസായം, വൻകിട വ്യവസായ യുഗത്തിൽ, പോരായ്മകൾ, പരിപോഷിപ്പിക്കേണ്ട കുടിൽവ്യവസായങ്ങൾ, ഒരു പുതിയ സംരംഭം തുടങ്ങുമ്പോൾ, പഴയതിനെ പുതുക്കുമ്പോൾ.

## 16. കാർഷികവിഭവങ്ങൾക്ക് ഒരു വിപണി

വിപണിയുടെ ആവശ്യം, പോരായ്മകൾ, ഇടനിലക്കാർ, നാട്ടിൻപുറത്തെ ചന്തകൾ, എങ്ങനെ പരിഷ്കരിക്കാം, നിയന്ത്രിത വിപണികൾ.

## 17. നമ്മുടെ കർഷകൻ

ഉപസംഹാരം.

# BIBLIOGRAPHY


| | |
|---|---|
| Spencer Hatch. | Up from Poverty. |
| II | Further upward in Rural India. |
| S. Subbarama Iyer | Economic life in a Malabar Village. |
| Dr. John Mathai | Agricultural Co-operation in India. |
| P. Mukherji | The Co-operative movement in India. |
| Brayne F. L. | Socrates in our Indian Village. |
| Do | Socrates persists in India. |
| Do | Socrates at School. |
| Darling M. L. | The Punjab Peasent in prosperity and in debt. |
| National Planning Committee reports | Rural Marketing and finance. River Training & irrigation. Animal Husbandry and Dairying Rural & Cottage industries. Currency, Banking and Public finance. |
| R. B. Banerjee | Agricultural marketing in India. |

Indian and Pakisthan Year Books.

Report of Royal commission on Agriculture.

| | |
|---|---|
| J. N. Carver | Rural Economics. |
| B. V. N. Naidu | Indian Agricultural Economics. |
| Fay C. R. | Co-operation at Home and abroad. |
| Calvert H. | Law and Principles of Co-operation in India. |
| Khaji H. L. | Co-operation in Bombay. |
| Keynes J. M. | The General Theory of Employment. |
| Do | Interest and money. |
| Quershi | The State Banks for India. |
| Do | Future of Co-operative movement in India. |
| Wolff H. W. | Peoples Banks. |
| Jathar J. B. Beri S. G. | Indian Economics. |

Reports of the committees on Co-operation in India.

Report of the Central Banking Enquiry Committee 1930.

Reports of the Provincial Banking Enquiry Committees.

Report of the Rura l Banking Enquiry Committee.

UNIVERSITY LIBRARY
17 MAR 1964
MADRAS

# 1

# ഭാരതം ഒരു കർഷകരാജ്യം

"ധർമ്മമഹിംസയെന്നൊന്നാമതായ് കണ്ട
കർമ്മഭൂവാമിബ് ഭാരതത്തിൽ
അമ്മഹിമാവുമടങ്ങിവരേണമോ,
നമ്മൾക്കു നട്ടെല്ലുറക്കേണമോ,
സൗഭാഗ്യംവേണമോ, സന്തുഷ്ടിവേണമോ,
സ്വാതന്ത്ര്യംവേണമോ, വേണമെങ്കിൽ
കർഷകജീവിതം പ്രത്യുദ്ധരിക്കണം
കാലാനുകൂലം സംസ്കാരപൂർവ്വം."

ലോകം ഒരു പരിവർത്തനദശയിൽക്കൂടി കടന്നുപോകുന്നു. അനേകായിരം പ്രാവശ്യം ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു ആശയമാണ് ഇത്. പുതിയ വ്യവസ്ഥിതിക്ക് ഇടംകൊടുത്തുകൊണ്ടു് പഴയ വ്യവസ്ഥിതി കടന്നുപോകുന്നു എന്ന് ടെനിസൺ പാടിയിട്ടു് സംവത്സരങ്ങൾ അനവധിയായി. നേട്ടങ്ങളുടെ കാൽപ്പാടുകളെ കാലമാകുന്ന മണൽപ്പുറത്തു്

പതിപ്പിച്ചുകൊണ്ടു് ആണ്ടുകൾ പുതുമയിൽനിന്നു പുതുമയിലേയ്ക്കു് ഓടിക്കൊണ്ടിരിക്കുന്നു എന്നു് ശാന്തിനികേതനത്തിലെ ഋഷിപുംഗവനും അഭിപ്രായപ്പെടുന്നു. എന്നാലും കടന്നുപോകാത്ത ചില പരമാർത്ഥങ്ങളുണ്ടു്. വ്യതിയാനം സംഭവിക്കാത്ത ചില അവസ്ഥാവിശേഷങ്ങളുണ്ടു്. ഇത്താം ചില പ്രത്യേകതകളോടുകൂടിയ ഒന്നാണു് നമ്മുടെ ഭാരതം. ആദ്യംമുതൽ ഇന്നുവരെ അവൾ ഒരു കർഷകരാജ്യമായിരുന്നു. ഭാരതം ഒരു കർഷകരാജ്യമായി തുടരുകതന്നെ ചെയ്യും. ഭാരതവുമായി കൃഷിയും കർഷകനും അഭേദ്യമായി ബന്ധിക്കപ്പെട്ടിരിക്കുകയാണു്.

ആര്യന്മാരുടെ ആക്രമണം മുതൽ ഇംഗ്ലീഷുകാരുടെ തിരോധാനം വരെയുള്ള ഭാരതത്തിന്റെ ചരിത്രം, ഭാരതീയ കർഷകന്റെ ഇനിയും അവസാനിച്ചിട്ടില്ലാത്ത ഒരു നീണ്ട കഥയാണു്. നായകന്മാർ മാറി മാറി വരുന്നുണ്ടെങ്കിലും, നടന്മാരുടെ വേഷവിധാനങ്ങളിൽ വ്യതിയാനം വന്നിട്ടുണ്ടെങ്കിലും, ഇതിവൃത്തം ഒന്നുതന്നെ. മിക്ക അദ്ധ്യായങ്ങളും നിരാശയുടെ നിഴൽപ്പാടിൽ കണ്ണീരിൽ രചിച്ചിട്ടുള്ളതാണു്.

കർഷകന്റെ കഥ മനസ്സിലാകണമെങ്കിൽ ആ കഥ നടക്കുന്ന പരിതഃസ്ഥിതികളും, സംഭവം നടക്കുന്ന പ്രദേശത്തിന്റെ പ്രത്യേകതകളും പരിമിതികളും, നമുക്കാദ്യമായി മനസ്സിലാക്കേണ്ടിയിരിക്കുന്നു. ചെറിയ ചെറിയ രാജ്യങ്ങളായി ചിതറിക്കിടന്ന ഒരു ഭൂവിഭാഗമായിരുന്നു ഭാരതം. വടക്കു ഹിമാലയനും തെക്കു് ഇൻഡ്യൻമഹാസമുദ്രവും, കിഴക്കു് ബെംഗാൾ ഉൾക്കടലും, പടിഞ്ഞാറു് അറബിക്കടലും ഇങ്ങനെ വ്യാപിച്ചുകിടക്കുന്ന ഭാരതം ഇംഗ്ലീഷുകാരുടെ ഭരണം ആരംഭിക്കുന്നതുവരെ ഒരു ഏകീകൃത അധികാരത്തിൻകീഴിൽ പ്രവർത്തിച്ചിരുന്നതായി കാണുന്നില്ല. അശോകവർദ്ധനന്റെയും അക്ബറുടേയും

സാമ്രാജ്യങ്ങൾ, അഖിലഭാരതവ്യാപകങ്ങളായിരുന്നെങ്കിലും, അവ ശാശ്വതങ്ങളോ, ഒരു കേന്ദ്രാധികാരത്തിനു പരിപൂർണ്ണമായും വിധേയമോ ആയിരുന്നില്ല.

പക്ഷെ, വിദേശഭരണം ഭാരതത്തെ പലപ്രകാരത്തിൽ പരാധീനമാക്കി. എങ്കിലും, ദേശീയമുന്നേററത്തെ വളരെ നാൾ പ്രതിരോധിക്കാൻ സാമ്രാജ്യശക്തികൾക്കു് കഴിഞ്ഞില്ല. ഭാരതം സ്വതന്ത്രയായി. സ്വേച്ഛാധികാരം നടത്തിയിരുന്ന ഭരണകൂടങ്ങൾ സൃഷ്ടിച്ചുവെച്ച പ്രതിബന്ധങ്ങളെ ഭേദിച്ചു. ഭാരതചരിത്രത്തിൽ ഒരു വലിയ വ്യതിയാനമാണു് ഈ സംഭവം കുറിക്കുന്നതു്. രാജാക്കന്മാരുടെ സിംഹാസനതക്കങ്ങളുടേയും, സാമ്രാജ്യവിസ്തൃതിക്കുവേണ്ടിയുള്ള യുദ്ധങ്ങളുടേയും, വിദേശികളുടെ അക്രമങ്ങളുടേയും പട്ടിക കുറിച്ചിട്ടുള്ള ഭാരതചരിത്രം സാർവ്വത്രികമായ ജനകീയ പുരോഗതിയുടെ മോഹനചിത്രമായി മാറുന്നു. മന്ത്രശക്തികൊണ്ടോ, ആരുടെയെങ്കിലും സന്മനസ്സുകൊണ്ടോ അല്ല ഈ വ്യതിയാനങ്ങൾ സംഭവിച്ചിട്ടുള്ളതു്. യാതനാനിർഭരമായ ഒട്ടേറെ രംഗങ്ങൾ അഭിനയിച്ചുശേഷമാണു് ഒരു പുതിയ യുഗത്തിൻെറ നാന്ദി കുറിച്ചുകൊണ്ടു് ഇന്നു പഴമയുടെ മീതെ തിരശ്ശീല വീഴുന്നതു്. ആദർശത്തിൻെറ ബലിക്കല്ലിൽ ധീരോദാത്തതയോടെ ആത്മബലി നടത്തിയ ഒട്ടേറെ സഹോദരങ്ങളുടെ ചുടുരക്തത്താൽ കെട്ടി ഉയർത്തിയിട്ടുള്ളതാണു നവീനഭാരതം. മനുഷ്യസ്നേഹത്തിൻെറയും സർവ്വസാഹോദര്യത്തിൻെറയും സന്ദേശവാഹകനായി രാഷ്ട്രീയരംഗത്തു പ്രത്യക്ഷപ്പെട്ടു്, അധികാരത്തിൻെറ വെള്ളിക്കാശുകളെ ഉപേക്ഷിച്ചു സേവനത്തിൻെറ കരിങ്കൽചില്ലുകളെ സ്വയം സ്വീകരിച്ചു്, ഭാരതത്തെ ഭയങ്കരമായ ഒരു കൊടുങ്കാററിലൂടെ വിജയപൂർവ്വം നയിച്ച മനുഷ്യൻെറ ഭാവനയെപ്പോലും അതിശയിപ്പിക്കുന്ന സ്വഭാവവൈശിഷ്ട്യം പ്രത്യക്ഷപ്പെടുത്തിയ മഹാത്മാഗാ

ഡിയുടെ അന്യാദൃശങ്ങളായിരുന്ന സേവനങ്ങളും, നവീന ഭാരതത്തെ രൂപം പിടിപ്പിക്കുന്നതിൽ വളരെ അധികം സഹായിച്ചിട്ടുണ്ട്.

ഒരു റിപ്പബ്ളിക്കൻ ഭരണഘടനയാണ് ഭാരതത്തിൽ ഇന്നു നിലവിലിരിക്കുന്നതു്. ഒരു റിപ്പബ്ളിക്ക് എന്നു പറയുന്നതു രാജാധികാരം അവസാനിപ്പിച്ചിട്ട് പരമാധികാരം രാഷ്ട്രത്തെ സൃഷ്ടിക്കുന്ന വ്യക്തികളിലേയ്ക്കു സമർപ്പിക്കുന്നതിനെ ആണ്. ചുരുക്കിപ്പറഞ്ഞാൽ ഭരണീയർ, ഭരണീയർക്കുവേണ്ടി, ഭരണീയരാൽ തന്നെ ഭരിക്കപ്പെടുക എന്നതു ഭരണഘടനയിൽ അധികാരം വളരെ അധികം കേന്ദ്രീകരിച്ചിട്ടുണ്ട്. വിവിധ ഘടകങ്ങളുടെ സ്വയംനിർണ്ണയാവകാശം കുറെ എല്ലാം നഷ്ടപ്പെടുത്തിയിട്ടും ഉണ്ട്. പക്ഷേ, ഇങ്ങനെ ഒരു കേന്ദ്രീകരണം രാഷ്ട്രത്തിന്റെ ആകെക്കൂടിയുള്ള പുരോഗതിക്കു് ആവശ്യമാണെന്നു് അമേരിക്കയുടേയും റഷ്യയുടേയും അനുഭവം സ്പഷ്ടമാക്കുന്നുണ്ട്.

ഭാരതീയരിൽ ഒരു വലിയ ഭൂരിപക്ഷവും, കൃഷികൊണ്ടു് ഉപജീവനം കഴിക്കുന്നവരാണ്, ഭാരതത്തിന്റെ വ്യവസായ വിഭവങ്ങളിൽ ഭൂരിഭാഗവും, കാർഷികോല്പന്നങ്ങളാണ്. രാഷ്ട്രത്തിന്റെ നികുതിയിൽ ഒരു നല്ലപങ്കു കൊടുക്കുന്നതു കർഷകനാണ്. വ്യവസായീകരണം സാധ്യമാകണമെങ്കിലും കർഷകപുരോഗതി അവശ്യം ആവശ്യംതന്നെ. ഇവയെല്ലാം ആലോചിക്കുമ്പോൾ കർഷകവൃത്തിക്കു ഭാരതത്തിൽ ഇന്നുള്ള സ്ഥാനം ഏതാണ്ടു ഗ്രഹിക്കാം. എന്നാൽ കർഷകന്റെ ഇന്നത്തെ നിലയോ? അവൻ എല്ലുമുറിയെ പണിഎടുത്താലും വയറുനിറയെ ഭക്ഷിക്കുവാൻ അവനു വകയില്ല. ഭാരതത്തിലെ കർഷകവൃത്തിയുടെ ഒരു പ്രത്യേകതയാണ് ഇതു്. അവന്റെ ഒട്ടിയ വയറും വളഞ്ഞ നട്ടെല്ലും ചരിത്രപ്രസിദ്ധമാണ്. ലോകത്തിന്റെ മറെറാരുഭാഗത്തും ജീവിതാത്മാവു്

ഇത്രമാത്രം ശോചനീയമായിട്ടുള്ളതായി കാണുകയില്ല. ഭാരതീയന്റെ ശരാശരി വരുമാനം മററു രാജ്യങ്ങളെ അപേക്ഷിച്ചു വളരെ പരിമിതമാണു്. ഈ അവസ്ഥാവിശേഷത്തിനു ഹേതുഭൂതങ്ങളായ കാരണങ്ങൾ ആരായേണ്ടതാണു്.

കർഷകവൃത്തിയെ ശരിയാംവണ്ണം പ്രോത്സാഹിപ്പിക്കാതിരുന്ന ഒരു ഗവർമ്മെൻറിന്റെ ഭരണം, ഭൂമിയും അതിന്റെ പ്രാതൃകതകളും, സദാ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജനസംഖ്യ, കൃഷിസ്ഥലങ്ങളുടെ പരിമിതികൾ, നാടൻകൃഷിമുറകൾ, പ്രകൃതിയുടെ വികൃതികൾ, മൂലധനത്തിന്റെ അഭാവം, കുടിൽവ്യവസായങ്ങളുടെ നാശം, കാർഷികോല്പന്നങ്ങൾ ക്രയവിക്രയം ചെയ്യുന്നതിലുള്ള വൈഷമ്യങ്ങളും വൈകല്യങ്ങളും, ഇങ്ങനെ പോകുന്നു കർഷകന്റെ കടനഭാരത്തെ ഒന്നിനൊന്നു വർദ്ധിപ്പിച്ചുകൊണ്ടു് ഒരു നൂറുകാരണങ്ങൾ. കർഷകന്റെ കഴിവുകളുടെ പരമാവധിയുംപരീക്ഷിച്ചു് അവന്റെ അനവധി ആവശ്യങ്ങൾ അവനെ ശ്വാസംമുട്ടിക്കുകയാണു്. അവന്റെ ശക്തികേടുകൾ അവനെ നിരുദ്യമനാക്കുന്നു അവന്റെ ചുററും ശോകമൂകമായ ഒരന്തരീക്ഷം നിരാശയുടെ കരിനിഴൽ കട്ടിപിടിപ്പിക്കുകയാണു്. നിർദ്ധനതയുടെ—ദാരിദ്ര്യത്തിന്റെ കരാളദംഷ്ട്രകളിൽനിന്നും രക്ഷപ്രാപിക്കുവാൻ അവൻ ഞെരിപിരി കൊള്ളുന്നു. എന്നാൽ അനുഭവത്തിൽ അവൻ കൂടുതൽ കൂടുതൽ, ബലവത്തരമായി ഞെരുക്കപ്പെടുകയാണു്. ഒരു പരമാധികാര സ്വതന്ത്രജനപ്രഭുത്വരാഷ്ട്രമായി രൂപമെടുത്തിരിക്കുന്ന ഭാരതവും, അവളുടെ സമർത്ഥരായ സാചിവ്യന്മാരും കർഷകന്റെ കടനഭാരത്തെ ലഘൂകരിക്കുവാൻ എന്താണു ചെയ്യാൻപോകുന്നതു്? നമുക്കു കാത്തിരിക്കാം.

ക്ഷമിച്ചും സഹിച്ചും കർഷകർ കാത്തിരിക്കയാണു്. അവന്റെ ക്ഷമയുടെ നെല്ലിപ്പലകയും തകന്നാൽ, ആ അഗ്നി

പർവ്വതം ഒരിക്കൽ പൊട്ടിയാൽ! സുപ്രസിദ്ധ ആംഗലസാഹിത്യകാരനായ തോമസ്കാർലൈൽ കർഷകനെപ്പററി പറയുകയാണു്:

“രണ്ടു വ്യക്തികളെ മാത്രം ഞാൻ ബഹുമാനിക്കുന്നു. കഠിനാദ്ധ്വാനത്താൽ നഷ്ടശക്തനായ കർഷകനാണു് അവരിൽ പ്രമുഖൻ. ബലിഷ്ടങ്ങളായ അവൻെറ ഹസ്തങ്ങാം അപരിഷ്കൃതങ്ങളായ ആയുധങ്ങളുടെ സഹായത്തോടുകൂടി, ഭൂമിദേവിയെ അവളുടെ എല്ലാ അഭിരമ്യതകളോടുംകൂടി കീഴടക്കുന്നു. മനുഷ്യൻെറ സ്വന്തമാക്കുന്നു. ആ പരുപരുത്ത കരങ്ങളുടെ മുൻപിൽ എൻെറ ശിരസ്സു് നമിക്കുന്നു അതു മൃദുലമോ മനോഹരമോ അല്ല. എങ്കിലും, ആ കൈകാം രാജകീയമായ ഒരു ശക്തിയുടെ കേന്ദ്രമാണു്. പ്രതിയോഗികളെ നിഷ്പ്രയാസം തള്ളിനീക്കുന്നതിനു കഴിവുള്ളതാണു് ആ കരങ്ങാം. ചെളിപിടിച്ച അവൻെറമുഖം ചുട്ടവെയിലിൽ കരുത്തിരുണ്ടിട്ടുണ്ടെങ്കിലും, പ്രകൃതിക്ഷോഭങ്ങാംക്കു ദീർഘനാളായി വിധേയമായതുകൊണ്ടു് അതു കേവലം വികൃതമാണെങ്കിലും, ഞാൻ അതിനെ ബഹുമാനിക്കുന്നു കാരണം അതിൻെറ ഉടമസ്ഥൻ, അഭിമാനിയായി, മനുഷ്യനായി ജീവിക്കുന്ന ഒരു കർഷകനാണു്. അവൻെറ പരിഷ്കാരശൂന്യതയിൽ അവനെ ഞാൻ കൂടുതൽ ആദരിക്കുന്നു. അവൻെറ നിർദ്ദോഷങ്ങളായ അറിവുകേടുകളിൽ ഞാൻ സഹതപിക്കുന്നു. അവൻെറ ബാലസഹജമായ നിഷ്കളങ്കതയിൽ ഞാൻ അവനെ ഹൃദയംഗമമായി സ്നേഹിക്കുന്നു. അല്ലയോ വിസ്മൃതനായ സഹോദരാ, ഞങ്ങാംക്കുവേണ്ടി അല്ലയോ, നിൻെറ നട്ടെല്ലു് ഇപ്രകാരം വളഞ്ഞതു്? നിൻെറ കോമളകളേബരം ചുട്ടുകരിച്ചതു്? വികൃതമാക്കിയതു്? ഞങ്ങളുടെ യുദ്ധം ജയിച്ചതു നിൻെറ ജീവരക്തം നൽകിഅല്ലയോ? ഞങ്ങളുടെ സമ്പൽസുഖങ്ങാംക്കു കാരണക്കാരൻ നീഅല്ലയോ? ...... ഈ രണ്ടു വ്യക്തികളേയും അവരുടെ എല്ലാം നിലകളിലും, ഞാൻ എൻെറ ഹൃദയത്തിൻെറ

അഗാധതയിൽ നിന്നും സ്നേഹിക്കുന്നു,—പോരാ, ബഹുമാനിക്കുന്നു—ആരാധിക്കുന്നു. ബാക്കി എല്ലാം പൊടിയും പതിരും മാത്രം. കാററത്തു പറന്നു് അപ്രത്യക്ഷമാകേണ്ട നിസ്സാര കീടങ്ങൾ."

# 2

# ഭാരതഭരണഘടന

ആയിരത്തി തൊള്ളായിരത്തി അൻപതു ജനുവരി ഇരുപത്തിആറാംതീയതി ലോകം ഒരു മഹത് സംഭവത്തിനു് സാക്ഷിനിന്നു. 1776-ൽ അമേരിക്കയിൽ നടന്ന സംഭവം ന്യൂഡൽഹിയിൽ ആവർത്തിക്കപ്പെട്ടു. അനേകലക്ഷം ഭാരതീയരുടെ മോഹനപ്രതീക്ഷകളുടെ സഫലീകരണം ഭാരതീയ സ്വാതന്ത്ര്യജനായത്തഭരണഘടനയുടെ ജനനം അന്നായിരുന്നു. ഏതാണ്ടു് ഇരുപതു വർഷങ്ങൾക്കു മുൻപാണു്, പ്രതീക്ഷാനിർഭരമായ ഒരു ജനക്കൂട്ടത്തിന്റെ മുൻപിൽ, രവിനദിയുടെ തീരത്തുവച്ചു് അവരുടെ ഹർഷാരവത്തിനിടയിൽ ഇന്നത്തെ പ്രധാനമന്ത്രി അന്നത്തെ ജവഹർ ആദ്യമായി ഭാരതത്തിന്റെ, പരിപൂർണ്ണ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള യുദ്ധം പ്രഖ്യാപിച്ചതു്. ആ സുദിനത്തിന്റെ പാവനസ്മരണയെ നിലനിറുത്താനാണു് ഇൻഡ്യയുടെ സ്വാതന്ത്ര്യപ്രഖ്യാപനവും ജനുവരി 26-ാംതീയതിതന്നെ നടത്താൻ തീരുമാനിച്ചതു്.

ഈ ഭരണഘടന അനുസരിച്ചു് ഭാരതം പരിപൂർണ്ണസ്വാതന്ത്ര്യമായ ഒരു പ്രജാപ്രഭുത്വരാഷ്ട്രമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു ഭരണഘടനയുടെ ആമുഖത്തിൽതന്നെ, എല്ലാം അധികാരവും ഭരണീയരിൽത്തന്നെ നിക്ഷിപ്തമായിരിക്കുന്നു

എന്നു് പ്രസ്പഷ്ടമാക്കിയിട്ടുണ്ടു്. സമത്വം, സ്വാതന്ത്ര്യം സാഹോദര്യം, ഇവയാണു് ഭരണഘടനയ്ക്കു മാർഗ്ഗദർശനം നൽകിയിട്ടുള്ളതു്.

ഭാഷ, ആചാരം, ഭൂപ്രകൃതി, സ്വഭാവം, നിറം, ഭരണക്രമം, ഇങ്ങനെ പല കാര്യങ്ങളിലും വ്യത്യസ്തമായ ഒരു ജനപദമാണു് ഇൻഡ്യൻയൂണിയനിൽ ഉൾക്കൊള്ളുന്നതു്. അതിനാൽ ഭാരതഭരണഘടന അവശ്യം ഒരു സംയുക്തഭരണക്രമം (Federation) ആയിരിക്കണം. ഭാരതത്തെത്തന്നെ വിളിക്കുന്നതു് വിവിധ രാഷ്ട്രങ്ങളുടെ ഒരു സംഘടന എന്നാണു്. ഈ സംയുക്തഭരണത്തെ പ്രതിനിധീകരിക്കുന്ന ഒരു കേന്ദ്രഗവൺമെൻറും, സ്റ്റേററുഗവർമ്മെൻറുകളെ പ്രതിനിധീകരിക്കുന്ന സാംസ്ഥാനികഗവമ്മെൻറുകളും ചേർന്നാണു് ഭാരതത്തിൻെറ ഭരണം നിർവഹിക്കുന്നതു്. കേന്ദ്രഗവർമ്മെൻറും സാംസ്ഥാനികഗവർമ്മെൻറും മിക്കവാറും സ്വതന്ത്രമായിപ്രവത്തിക്കുന്നു. പരക്കാ, തമ്മിൽ തമ്മിൽ മത്സരിച്ചു നിൽക്കുന്നതിൻെറ ദൂഷ്യഫലങ്ങൾ ആവോളം അനുഭവിച്ചിട്ടുള്ള ഭാരതം അങ്ങനെ ഒരു അവസ്ഥാവിശേഷം ഇനിയും ആവത്തിക്കപ്പെടാതിരിക്കാനുള്ള മുൻകരുതലുകൾ ഭരണഘടനയിൽ ചേത്തിട്ടുണ്ടു്. ഭാരതീയ പൗരത്വം എന്നുള്ളതല്ലാതെ ഓരോരോ സ്റ്റേററിൽ പ്രത്യേകം പൗരത്വം ആക്കും അനുവദിച്ചിട്ടില്ല. ഭാരതത്തെ പൊതുവെ ബാധിക്കുന്ന ഒരു ന്യായാധികാരം, സിവിൽ-ക്രിമിനൽനിയമങ്ങളിലുള്ള ഐക്യം അഖിലഭാരതവ്യാപകമായ പ്രവത്തനങ്ങൾ തുടങ്ങിയ മാഗ്ഗങ്ങളിൽക്കൂടി ഭാരതത്തിൻെറ ഏകത്വം സുരക്ഷിതമാക്കിയിട്ടുണ്ടു്. കൂടാതെ, ഒരു സ്റ്റേററിനും സംയുക്തഭരണത്തിൽനിന്നും, വിട്ടകന്നു സ്വതന്ത്രമായി നിൽക്കുവാനുള്ള അധികാരം നൽകിയിട്ടില്ല.

ഭാരതീയ സംയുക്തഭരണഘടന സുശക്തവും അതേസമയംതന്നെ പരിവത്തനസാദ്ധ്യവുമാണു്. മററു സംയുക്തഭരണ

ണഘടനകളുടെ പ്രവർത്തനത്തിൽനിന്നും ലഭിച്ചിട്ടുള്ള അറിവുകളുടെ വെളിച്ചത്തിൽ അവശ്യംവേണ്ട പരിഷ്ക്കാരങ്ങൾ ഭാരതീയഭരണനിയമസംഹിതയിലും വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. യാഥാസ്ഥിതികത്വത്തിന്റെ മക്കടമുഷ്ടിയും, പുരോഗമനത്തിന്റെ ശക്തിശൂന്യതയും ഭരണഘടനയെ ബാധിക്കാതിരിക്കാൻ പ്രത്യേകം നിഷ്ക്കർഷിച്ചിട്ടുണ്ട്. ഭരണഘടനയിൽ കാലത്തിനൊത്ത വ്യതിയാനങ്ങൾ വരുത്തുവാൻ വേണ്ട മാർഗ്ഗങ്ങളും നിർദ്ദേശിച്ചിരിക്കുന്നു. ദേശീയമായ ഏതെങ്കിലും ആവശ്യത്തിന്, രാഷ്ട്രത്തിന്റെ സമസ്ത കഴിവുകളും ഉപയോഗിക്കേണ്ടിവരുമ്പോൾ, കേന്ദ്രഗവർമ്മെൻറിന് സാംസ്ഥാനികഗവർമ്മെൻറുകളുടെ സാധാരണഗതിയിലുള്ള അവകാശങ്ങളെ അതിലംഘിക്കാൻ അധികാരം നൽകിയിട്ടുണ്ട്.

ഇൻഡ്യൻറിപ്പബ്ളിക്കൻ പ്രസിഡൻറ് ഭരണഘടനയുടെ നായകനാണെങ്കിലും, അദ്ദേഹത്തിന്റെ അധികാരങ്ങൾ പരിമിതങ്ങളാണ്. അമേരിക്കൻ പ്രസിഡൻറിന് ഉള്ള അത്രയും അധികാരങ്ങൾ അദ്ദേഹത്തിനില്ല. അമേരിക്കയിൽ ഭരണം, പ്രായേണ പ്രസിഡൻറിന്റെ പരിപൂർണ്ണ അധികാരത്തിനു വിധേയമാണ്. പ്രസിഡൻറിന്റെ നിഷേധാധികാരംമൂലം കോൺഗ്രസിന്റെ ഏതൊരു പ്രമേയത്തേയും തള്ളിക്കളയുവാൻ അദ്ദേഹത്തിനു കഴിയും. ഭാരതത്തിൽ, പ്രായപൂർത്തിവോട്ട് അവകാശത്തിന്റെ അധിഷ്ഠാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഒരു നിയമസഭയുടെ വിശ്വാസം സമ്പാദിച്ചിട്ടുള്ള ഒരു മന്ത്രിസഭയാണ് ഭരണം നടത്തുന്നത്.

ഭരണഘടനയിൽ ആകെപ്പാടെ 365 വിഭാഗങ്ങളും എട്ട് അനുബന്ധങ്ങളും ഉണ്ട്. ഇത്രയും വിപുലമായ ഒരു നിയമസംഹിതയുടെ ആവശ്യത്തെ ചോദ്യം ചെയ്യുന്നവർ കണ്ടേയ്ക്കും. എന്നാൽ അവർ ഒരു കാര്യം വിസ്മരിക്കുന്നു.

ഇൻഡ്യയെ അഭിമുഖീകരിക്കുന്ന ബഹുമുഖങ്ങളായ പ്രശ്നങ്ങളെ അവ്യക്തമായി ഉപേക്ഷിക്കാതെ അവയ്ക്കു് ഇന്നത്തെ പരിതഃസ്ഥിതികളിൽ പരിഹാരമാർഗ്ഗങ്ങഠം നിർദ്ദേശിക്കാൻ കൂടുതൽ വാചകങ്ങഠം എഴുതേണ്ടിവന്നു എന്നു മാത്രം. പോരെങ്കിൽ പ്രാഥമികമായ ഈ പ്രമാണം അവ്യക്തതകഠംക്കോ, അഭിപ്രായവ്യത്യാസങ്ങഠംക്കോ ഇടനൽകാത്തവിധം സ്പഷ്ടവും വ്യക്തവും ആയിരിക്കണമല്ലോ.

*ഭാരതം 28 സംസ്ഥാനങ്ങളുടെ ഒരു സംഘടനയാണു്. ഈ സംസ്ഥാനങ്ങളെ A, B, C, എന്നു് മൂന്നു വിഭാഗമായി തരംതിരിച്ചിരിക്കുന്നു. A. വിഭാഗത്തിൽ പ്രോവിൻസുകളും, B വിഭാഗത്തിൽ നാട്ടുരാജ്യങ്ങളും, C വിഭാഗത്തിൽ കേന്ദ്രത്തിൻെറ നേരിട്ടുള്ള ഭരണത്തിൻകീഴിലിരുന്ന പ്രദേശങ്ങളും ഉഠംപ്പെടുന്നു. ബ്രിട്ടീഷുകാർ 1947-ൽ ഭാരതം, ഭാരതീയഹസ്തങ്ങളിലേയ്ക്കു് ഉപേക്ഷിച്ചിട്ടു് കെട്ടുകെട്ടിയപ്പോഠം 9 സംസ്ഥാനങ്ങളും, 5 കേന്ദ്രപ്രദേശങ്ങളും, വലുതും ചെറുതുമായ 500-ൽപരം നാട്ടുരാജ്യങ്ങളും ഇൻഡ്യയുടെ ഭരണമേഖലയിൽ ഉഠംപ്പെട്ടിരുന്നു. ഇൻഡ്യൻഡൊമിനിയൻെറ, പകുതിയോളം വിസ്തീർണ്ണവും, 27.1% ജനസംഖ്യയും ഉണ്ടായിരുന്ന ഈ നാട്ടുരാജ്യങ്ങഠം വിദേശമേധാവിത്വത്തിൻെറ പരിസമാപ്തിയോടുകൂടി സ്വതന്ത്രങ്ങളായെങ്കിലും, അവ പരസ്പരം ഭിന്നിച്ചു് പിൻതിരിപ്പൻപ്രസ്ഥാനങ്ങളുടെ നേതൃത്വം വഹിച്ചു് ഇന്ത്യയുടെ ദേശീയവും അന്തർദേശീയവുമായ സ്വാതന്ത്ര്യത്തെ അപകടപ്പെടുത്തിക്കൊണ്ടു് ഭരണം നടത്തുന്ന ചെറുരാജ്യങ്ങളുടെ നിലയിലേയ്ക്കു വഴുതിവീഴാതെ, ഇന്ത്യൻ യൂണിയൻെറ ഭരണപരിധിയിൽ കൊണ്ടുവന്നു് അതിൻെറ ബഹുമാന്യരായ പങ്കാളികളാക്കാൻ സമർത്ഥമായ ഇന്ത്യൻ

---

* സംസ്ഥാനങ്ങളുടെ ഒരു പട്ടിക കടശിയിൽ ചേർത്തിട്ടുണ്ടു്.

നേതൃത്വത്തിന് കഴിഞ്ഞു. സ്വതന്ത്ര ഇന്ത്യയുടെ ഏറ്റവും വലിയ ഒരു നേട്ടമായിരുന്നു അത്.

## ഭരണഘടനയിലെ പ്രധാനമായ ചില ഭാഗങ്ങൾ

പൗരത്വം (articles to 11) ഭരണഘടനയുടെ ആരംഭത്തിൽ ഇൻഡ്യയിൽ താമസിക്കുന്നവരും, ഇൻഡ്യയിൽ ജനിച്ചിട്ടുള്ളവരും ആയ എല്ലാവരും, ഇൻഡ്യൻയൂണിയനിലെ പൗരന്മാരായിരിക്കും. കൂടാതെ ഇൻഡ്യയിൽ താമസമുള്ളവരും, അവരുടെ മാതാപിതാക്കന്മാരിൽ ആരെങ്കിലും ഇൻഡ്യയിൽ ജനിച്ചിട്ടുള്ളവരോ, ഇൻഡ്യയിൻ സ്ഥിരതാമസക്കാരോ ആയിട്ടുള്ളവരോ ആണെങ്കിൽ അവക്കും ഇൻഡ്യൻ പൗരത്വം ലഭിക്കുന്നതാണ്. അഭയാത്ഥികളുടെ പൗരത്വം സംബന്ധിച്ച പ്രത്യേകവ്യവസ്ഥകൾ ഭരണഘടനയിൽ ചേത്തിട്ടുണ്ട്.

## പ്രാഥമികാവകാശങ്ങൾ

(ഭാഗങ്ങൾ 12 to 35) വ്യക്തികളുടെ പ്രാഥമികാവകാശങ്ങളെപ്പററിയുള്ള പ്രഖ്യാപനം ഭരണഘടനയിലെ അതിപ്രധാനമായ ഒരു ഭാഗമാണ്. എല്ലാ മൻഷ്യരും സ്വതന്ത്രരായി ജനിക്കുന്നുഎന്ന് പ്രഖ്യാപിച്ച ഫ്റഞ്ചുവിപ്ലവത്തിൻെറ കാലം മുതൽ ഈ പ്രാഥമികാവകാശ പ്രഖ്യാപനം ഭരണഘടനകളിൽ സ്ഥലം പിടിച്ചിട്ടുള്ളതായി കാണുന്നു. ഭാരതീയ ഭരണഘടനയിൽ ഈ ഭാഗം 24 വിഭാഗങ്ങളിലായി വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. എല്ലാ പൗരന്മാരും, നിയമത്തിൻെറ ദൃഷ്ടിയിൽ സമന്മാരാണെന്നും, മതം, വർഗ്ഗം, ജാതി, ലിംഗം, ജന്മസ്ഥലം ഇവയിലുള്ള വ്യത്യാസങ്ങൾ ഒരു പൗരനെ മറെറാരു പൗരനിൽനിന്നും അധമനാക്കുന്നില്ലെന്നും തീരുമാനിച്ചിരിക്കുന്നു അയിത്തം കുററകരമായിരിക്കുമെന്ന് 17-ാം വിഭാഗം നിർദ്ദേശിക്കുന്നു. 19-ാംവിഭാഗംമൂലം പ്രസംഗസ്വാതന്ത്ര്യം, സംഘംചേരുവാനുള്ള സ്വാതന്ത്ര്യം,

സംഘടനകൾ രൂപീകരിക്കുവാനുള്ള സ്വാതന്ത്ര്യം, ഭാരതത്തിൽ സഞ്ചരിക്കുന്നതിനുള്ള സ്വാതന്ത്ര്യം, സ്വകാര്യസമ്പത്തു് സമ്പാദിക്കുവാനുള്ള സ്വാതന്ത്ര്യം, ഇഷ്ടമുള്ള തൊഴിൽ സ്വീകരിക്കുന്നതിനുള്ള സ്വാതന്ത്ര്യം മുതലായവ എല്ലാവക്കും നൽകപ്പെട്ടിട്ടുണ്ടു്. വ്യക്തികൾക്കെതിരായി രാഷ്ട്രം പ്രവത്തിക്കാതിരിക്കാനും പ്രവത്തിച്ചാൽ വേണ്ട പ്രതിവിധി ചെയ്യുവാൻ കോടതിയെ സമീപിക്കാൻ പൗരന്മാരെ അനുവദിക്കുന്നതും ആയ വ്യവസ്ഥകൾ ഭരണഘടനയിൽ കൊള്ളിച്ചിട്ടുണ്ടു്. പക്ഷേ, രാഷ്ട്രത്തിന്റെ രക്ഷ വ്യക്തിയുടെ സ്വാതന്ത്ര്യത്തിന്റെ മുകളിൽ സ്ഥലം പിടിച്ചിട്ടുണ്ടു്. 25-ാം വിഭാഗമനുസരിച്ചു് എല്ലാ വ്യക്തികൾക്കും, വിശ്വാസസ്വാതന്ത്ര്യം, പരസ്യപ്രാത്ഥനാസ്വാതന്ത്ര്യം, വേദപ്രചരണസ്വാതന്ത്ര്യം ആദിയായവയും അനുവദിക്കപ്പെട്ടിരിക്കുന്നു. സ്വകാര്യസമ്പത്തു സമ്പാദിക്കുവാനും കൈകാര്യം ചെയ്യുവാനും എല്ലാ പൗരന്മാക്കും സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണു്. നിയമം അനുസരിച്ചല്ലാതെ ഒരു പൗരന്റെയും സ്വകാര്യസ്വത്തിനെ അന്യാധീനപ്പെടുത്തുവാൻ ആക്കും അധികാരം ഉണ്ടായിരിക്കുന്നതല്ല.

ഭരണകത്താക്കൾ നടപ്പിൽ വരുത്തുവാൻ ശ്രമിക്കേണ്ട ചില സുപ്രധാനങ്ങളായ കാര്യങ്ങളെപ്പററിയാണു് 36 മുതൽ 50 വരെ വിഭാഗങ്ങൾ പ്രതിപാദിക്കുന്നതു്. ഭരണീയരുടെ ആകെക്കൂടിയുള്ള ഉന്നമനത്തിനായി പരിശ്രമിക്കുക, രാഷ്ട്രസമ്പത്തു് ചുരുക്കം ചില വ്യക്തികളുടെ കൈകളിൽ ചെന്നു് സംഭരിക്കപ്പെടുവാൻ ഇടയാക്കാതിരിക്കുക, നിർബന്ധിതപ്രാഥമിക വിദ്യാഭ്യാസം നടപ്പിലാക്കുക, മദ്യവർജ്ജനം പ്രചരിപ്പിക്കുക ആദിയായ നിർമ്മാണപരിപാടികളുടെ പ്രവത്തനം, രാഷ്ട്രത്തിന്റെ കഴിവുകൾ അനുസരിച്ചു പുരോഗമിപ്പിക്കുവാൻ രാഷ്ട്രം വേണ്ടതു ചെയ്യുന്നതാണു്. രാഷ്ട്രത്തിനു് നേതൃ

ത്വം നൽകുന്നതു് ഒരു പ്രസിഡൻറ്, ഒരു നിയമസഭ, ഒരു ന്യായാസനം എന്നീ വിവിധഘടകങ്ങളാണു്.

## പ്രസിഡൻറ്

യൂണിയനിലെ ഒന്നാമത്തെ ഉദ്യോഗസ്ഥൻ പ്രസിഡൻറാണു്. എല്ലാ അധികാരനടത്തിപ്പുകളും അദ്ദേഹത്തിൻെറ പേരിലാണു് നടക്കേണ്ടതു്. പ്രസിഡൻറിനെതിരഞ്ഞെടുക്കേണ്ടതു കേന്ദ്രസഭയിലെയും സാംസ്ഥാനികനിയമസഭയിലെയും അംഗങ്ങാംചേന്നാണു പ്രസിഡൻറിനെ സാധാരണഗതിയിൽ തെരഞ്ഞെടുക്കുന്നതു് 5 വർഷത്തേയ്ക്കാണു്. ഭരണഘടനയ്ക്കെതിരായുള്ള പ്രവത്തനങ്ങാംക്കായി പ്രസിഡൻറിനെ സ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിനു കേന്ദ്രനിയമസഭകാംക്കു് അവകാശം ഉണ്ടായിരിക്കും. ഭാരതത്തിൻെറ ആദ്യത്തെ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു് ബാബു രാജേന്ദ്രപ്രസാദാണു്. നീണ്ടമെലിഞ്ഞു മദ്ധ്യവയസ്കനായ ഒരു ഖദർവസ്ത്രധാരി, ബീഹാറിലെ കർഷകരുടെ കിരീടം വെയ്ക്കാത്ത ചക്രവത്തി, ശാന്തനും സമാധാനചിത്തനും പരിശുദ്ധനുമായ ഒരു രാഷ്ട്രീയപ്രവത്തകൻ, മാതൃഭൂമിയുടെ സ്വാതന്ത്ര്യസമ്പാദനത്തിനുവേണ്ടിയുള്ള തീവ്രസമരത്തിലെ പ്രമുഖസേനാനികളിൽ ഒരാാം. ഗാന്ധിയൻ തത്വങ്ങളിൽ അടിയുറച്ചു വിശ്വസിക്കുന്ന സമാധാനപ്രിയൻ, കാരുണ്യത്തിൻെറ കലവറയും, വിനയത്തിൻെറ ഇരിപ്പിടവുമായ ഒരു സാധാരണക്കാരൻ, ഇംഗ്ളീഷ്, ഹിന്ദി, പേർഷ്യൻ ആദിയായ ഭാഷകളിൽ ഒരു മഹാപണ്ഡിതൻ, ഇതിലെല്ലാം ഉപരിയായി സേവനനിർഭരമായ ഒരു ജീവിതം ഇഷ്ടപ്പെടുന്ന നിസ്വാത്ഥനായ ഒരു മനുഷ്യസ്നേഹി, എന്നീ വിവിധനിലകളിൽ അദ്ദേഹത്തെ ലോകം അറിയുന്നു. അദ്ദേഹത്തെ സ്വതന്ത്രഭാരതത്തിൻെറ ഒന്നാമത്തെ പ്രസിഡൻറായി തിരഞ്ഞെ

ടുത്തു തൻെറ നിസ്വാത്ഥമായ സേവനങ്ങളുടെ ആത്മാത്ഥമായ ഒരു അംഗീകരണവും, അനന്യലഭ്യങ്ങളായ തൻെറ കഴിവുകളെപ്പററി ഭാരതീയർക്കുള്ള ബോദ്ധ്യവുമാണ് പ്രസ്പഷ്ടമാക്കുന്നത്.

കേന്ദ്രനിയമസഭയിൽ തന്നെ തിരഞ്ഞെടുക്കപ്പെടുന്ന ഒരു വൈസ്പ്രസിഡൻറ് പ്രസിഡൻറിൻെറ അസാന്നിദ്ധ്യത്തിൽ അദ്ദേഹത്തിൻെറ ജോലികൾ നിവ്വഹിക്കുന്നതാണ്.

## മന്ത്രിസഭ

ഇൻഡ്യൻ പ്രസിഡൻറിനു് ഇംഗ്ളണ്ടിലെ മഹാരാജാവിൻെറ സ്ഥാനമാണ് ഉള്ളതു്. പ്രസിഡൻറിനെ ഭരണകാര്യങ്ങളിൽ ഉപദേശിക്കാൻ ഒരു മന്ത്രിസഭ ഉണ്ടായിരിക്കും. ഈ മന്ത്രിസഭ കേന്ദ്രനിയമസഭയോടു് ക്കുത്തരവാദപ്പെട്ടതും, നിയമസഭയുടെ വിശ്വാസം ഉള്ളിടത്തോളംകാലം ഭരണം നടത്തുന്നതുമാണ്. പ്രസിഡൻറു് തൻെറ മന്ത്രിസഭയുടെ ഉപദേശം അനുസരിക്കാൻ ബാദ്ധ്യസ്ഥനാണ്. 1950 ജനുവരി 26-ാംതീയതി രൂപീകൃതമായ മന്ത്രിസഭയുടെ നേതാവു് പണ്ഡിററ് ജവഹരിലാൽ നെഹറുവാണ്. അനേകലക്ഷം ഭാരതീയരുടെ ഹൃദയങ്ങളിൽ ആരാധിക്കപ്പെട്ടുവരുന്ന ഒരു നേതാവാണ് അദ്ദേഹം. ഇൻഡ്യൻരാഷ്ട്രീയനഭോമണ്ഡലത്തിൽ ഒരു കൊടുങ്കാററായി പ്രത്യക്ഷപ്പെട്ടു്, യാതനാസമ്പൂണ്ണവും, ത്യാഗനിർഭരവുമായ ഒരു ജീവിതം കഴിച്ചു്, മാതൃഭൂമിക്കുവേണ്ടി തൻെറ വിശിഷ്ടങ്ങളായ സകലകഴിവുകളും ബലികൊടുത്ത രാജകുമാരനാണ് അദ്ദേഹം. മഹാനായ മനുവിനേയും, ശ്രീബുദ്ധഭഗവാനേയും, ശങ്കരാചാര്യരേയും, മഹാത്മാഗാന്ധിയേയും ജനിപ്പിക്കുവാൻ സാധിച്ചിട്ടുള്ള ഭാരതത്തിനു് ജവഹരിലാലിൻെറ മാതൃത്വം വഹിക്കുവാനും അദ്ദേഹത്തിൻെറ നേതൃത്വം സ്വീകരിക്കുവാനും അവകാശവും ഭാഗധേയവും ഉണ്ടു്.

## നിയമസഭ

ഭാരതയൂണിയനു് ഒരു നിയമസഭ ഉണ്ടായിരിക്കും. ഈ നിയമസഭ രണ്ടു മണ്ഡലങ്ങളായി വിഭജിച്ചിരിക്കുന്നു. ഇതിൽ ഉപരിസഭയിൽ 12 അംഗങ്ങളെ പ്രസിഡൻറു് നാമനിർദ്ദേശം ചെയ്യുന്നു. 238-ൽ കൂടാതെ ഉള്ള അംഗങ്ങളെ സാംസ്ഥാനിക നിയമസഭകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടവരായിരിക്കും. മററസഭയിൽ തിരഞ്ഞെടുക്കപ്പെട്ട 500-ൽ കവിയാത്ത അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണു്. നിയമസഭകൾ വിളിച്ചുകൂട്ടുന്നുള്ള അധികാരം പ്രസിഡൻറിൽ നിക്ഷിപ്തമായിരിക്കുന്നു. നിയമം ഉണ്ടാക്കുന്നതിനുള്ള അധികാരം രണ്ടു സഭകൾക്കും ഉണ്ടായിരിക്കും. ഏതെങ്കിലും കാര്യത്തിൽ രണ്ടു സഭകളും വിഭിന്നമായ അഭിപ്രായം രേഖപ്പെടുത്തുന്നതായാൽ രണ്ടു സഭകളുടെ ഒരു സംയുക്തയോഗത്തിൽ ആ കാര്യം അവസാനമായി തീരുമാനിക്കാവുന്നതാണു്.

## കോടതി

ഒരു ചീഫ് ജഡ്ജിയുടെ കീഴിലുള്ള ഒരു കേന്ദ്ര കോടതിയും അതിൻെറ കീഴിൽ ഓരോ സംസ്ഥാനങ്ങൾക്കും ഓരോ ഹൈക്കോടതികളും മററു കോടതികളും ഉണ്ടായിരിക്കും. കേന്ദ്ര കോടതിയിലെ ജഡ്ജിമാരെ നിയമിക്കുന്നതു് പ്രസിഡൻറാണു്. അവർക്കു് 65 വയസ്സു തികയുന്നതുവരെ ഉദ്യോഗത്തിൽ ഇരിക്കുകയും ചെയ്യും. ഒരു ജഡ്ജിയെ തൽസ്ഥാനത്തുനിന്നു നീക്കം ചെയ്യുവാൻ, അസംബ്ളിയിലെ ഭൂരിപക്ഷം അംഗങ്ങളുടെ അനുവാദത്തോടുകൂടി, പ്രസിഡൻറിന്നു മാത്രമേ അധികാരമുള്ളു. ഭരണഘടനയേപ്പററിയും, കേന്ദ്രവും, സംസ്ഥാനവും തമ്മിൽ ഉള്ള കേസുകളേപ്പററിയും അവസാന തീരുമാനം ചെയ്യാനുള്ള അധികാരം ഈ കോടതിക്കാണു്. മററു ഹൈക്കോടതിജഡ്ജിമാരുടെ നിയമനം പ്രസിഡൻറാണു് നടത്തുന്നതു്. അവക്കു് 60 വയസ്സുവരെ ജഡ്ജി

മാരായി തുടരാം. ഭരണാധികാരികളുടെ അനർഹമായ ഇട പെടൽ ഉണ്ടാകാതിരിക്കുവാൻ വേണ്ട പ്രത്യേക നിഷ്കർഷകാം ഭാരതീയ ഭരണഘടനയിൽ കാണാനുണ്ട്.

## സംസ്ഥാനങ്ങാം

ഭരണ സൗകര്യത്തിനായി സംസ്ഥാനങ്ങളെ A. B. C എന്ന് മൂന്നു വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു. A വിഭാഗത്തിൽ ഗവർണർമാരുടെ കീഴിലുണ്ടായിരുന്ന പ്രോവിൻസുകളും, B വിഭാഗത്തിൽ നാട്ടുരാജ്യ യൂണിയനുകളും, നാട്ടുരാജ്യങ്ങളും, C വിഭാഗത്തിൽ കേന്ദ്രപ്രദേശങ്ങളും ഉറംപ്പെടുത്തിയിരിക്കുന്നു. A വിഭാഗത്തിൽ ഗവർണർമാരും, B വിഭാഗത്തിൽ രാജപ്രമുഖന്മാരും പ്രധാന പൗരന്മാരായി ഭരണം നടത്തുന്നു. എല്ലാ സംസ്ഥാനങ്ങളിലും ഓരോ നിയമസഭയും, നിയമസഭയോട് ഉത്തരവാദിത്വം വഹിക്കുന്ന മന്ത്രിസഭയുമാണ ഭരണം നിർവഹിക്കുന്നതു്. C വിഭാഗത്തിൽപ്പെട്ട സംസ്ഥാനങ്ങളുടെ ഭരണം കേന്ദ്രത്തിൽ നിന്നും നിയമിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ആയിരിക്കും നടക്കുന്നതു്. പിന്നോക്കജാതിക്കാക്ക് ഭരണഘടനയിൽ പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്.

സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിൽ അവയുടെ അധികാര വ്യാപ്തിയെപ്പററി അഭിപ്രായവ്യത്യാസങ്ങാം ഉണ്ടാകാതിരിക്കുന്നതിനായി ഓരോ ഘടകത്തിൻെറയും അധികാരങ്ങളും, അവകാശങ്ങളും, സ്പഷ്ടമായി വേർതിരിച്ചിട്ടുണ്ട്. കേന്ദ്ര ഗവർമ്മെൻറിൻെറ കൈവശം ഏകദേശം 97 വിഷയങ്ങാം നിക്ഷിപ്തമായിട്ടുണ്ട്. രാജ്യരക്ഷയും, വിദേശകാര്യവും, ഗതാഗതവും, ട്രാൻസ്പോർട്ടും, പോസ്ററം, ടെലഗ്രാഫും, ഇൻഷ്വറൻസും, ബാങ്കിങ്ങും ഈ ലിസ്റ്റിൽ ഉറംപ്പെടുന്നു. സാംസ്ഥാനിക ലിസ്റ്റിൽ നിയമസമാധാനം, പ്രാദേശികസ്വയംഭരണം, കൃഷി, സഹകരണം ആദിയായ 66 വിഷയങ്ങാം ഉറംപ്പെട

ത്തിയിട്ടുണ്ട്. രണ്ടു നിയമസഭകൾക്കും തുല്യ അധികാരമുള്ള വിഷയങ്ങളാണു്. ക്രിമിനൽ നിയമം തൊഴിലാളിനിയമങ്ങൾ, കൺട്രോൾ തുടങ്ങിയ 48 എണ്ണം ഈ ലിസ്റ്റിൽ ഒന്നിലും കൊള്ളിച്ചിട്ടില്ലാത്ത എല്ലാ വിഷയങ്ങളും, കേന്ദ്ര ഗവർമ്മെൻറിൻെറ നിയന്ത്രണത്തിനു് വിധേയമായിരിക്കും. നിയമ നിർമ്മാണത്തിലും, സാമ്പത്തികസമീകരണങ്ങളിലും, സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാകാതിരിക്കാൻ വേണ്ട വ്യക്തമായ നിബന്ധനകൾ ഭരണഘടനയിൽ കൊള്ളിച്ചിട്ടുണ്ട്.

ഹിന്ദി രാഷ്ട്രഭാഷയായി അംഗീകരിച്ചിരിക്കുന്ന ഓരോ സംസ്ഥാനങ്ങൾക്കും അവയ്ക്കു് ഇഷ്ടമുള്ള ഭാഷ സ്വീകരിക്കാൻ സ്വാതന്ത്ര്യവുമുണ്ടു്. തൽക്കാലത്തേയ്ക്കു് (15 വർഷത്തേയ്ക്കു്) ഇംഗ്ലീഷ് ഭാഷ രാഷ്ട്രഭാഷയായി തുടരുന്നതാണു്.

ഭാരത ഭരണഘടനയുടെ ഏതാണ്ടു് ഒരു അവ്യക്തരൂപം മാത്രമാണു് ഈ ചുരുങ്ങിയ വാചകങ്ങളിൽ നമുക്കു കാണുവാൻ കഴിയുന്നതു്. ലോകത്തിൻെറ ഇതരഭാഗങ്ങളിൽ പ്രവർത്തനം നടത്തുന്ന ഭരണഘടനകളുടെ പ്രവർത്തനത്തിൽനിന്നും, ലഭിച്ചിട്ടുള്ള അനുഭവങ്ങളുടെ വെളിച്ചത്തിൽ വാർത്തെടുത്തിട്ടുള്ള ഭാരതീയ ഭരണഘടന വ്യക്തിസ്വാതന്ത്ര്യത്തെ ബഹുമാനിക്കുകയും ഭൂരിപക്ഷം ഭരണീയർക്കു് ക്ഷേമൈശ്വര്യങ്ങളെ പ്രദാനം ചെയ്യുവാൻ പര്യാപ്തവുമാണു്. കർഷകനെ സംബന്ധിച്ചിടത്തോളം, ഈ ഭരണഘടനയിൽ വിശേഷാൽപ്രത്യേകതകൾ ഒന്നും ഇല്ലെങ്കിലും അവൻെറ അവകാശങ്ങളിൽ അതു് ഒരു തരത്തിലും, കൈകടത്തുന്നില്ല. കർഷകൻെറ സമുദ്ധാരണത്തിനു് ഉതകുന്ന വിപ്ലവപരമായ പരിപാടികൾ ഒന്നും തന്നെ ഭരണഘടനയിൽ കൊള്ളിച്ചിട്ടില്ല. ഇന്നു ഭരണാധികാരികളേയും, ഭരണീയരേയും ഒരുപോലെ വിഷമിപ്പിച്ചുകൊണ്ടിരിക്കുന്ന ഭൂവുടമപ്രശ്നത്തെപ്പോലും അവ്യക്തമായി ഉപേക്ഷിക്കുകയാണു ചെയ്തിരിക്കുന്നതു്.

# ഇൻഡ്യൻ റിപ്പബ്ലിക്ക്

| രാജ്യം | രാജ്യവിസ്തൃതി ചതുരശ്രമൈൽ | ജനസംഖ്യ |
|---|---|---|
| **പാർട്ട് A.** | | |
| ആസാം | 85,012 | 90,43,707 |
| ബീഹാർ | 70,330 | 4,02,25,947 |
| ബോംബെ | 1,11,434 | 3,59,56,150 |
| മദ്ധ്യപ്രദേശ് | 1,30,272 | 2,12,47,533 |
| മദ്രാസ് & ആന്ധ്ര | 1,27,790 | 5,70,16,002 |
| ഒറീസ്സാ | 60,135 | 1,46,45,946 |
| പഞ്ചാബ് | 37,378 | 1,26,41,205 |
| ഉത്തർപ്രദേശ് | 1,13,409 | 6,32,15,742 |
| പശ്ചിമബംഗാളം | 30,775 | 2,48,10,308 |
| **പാർട്ട് B.** | | |
| ഹൈഡ്രബാദ് | 82,168 | 1,86,55,108 |
| ജമ്മു-കാഷ്മീർ | 92,780 | 44,10,000 |
| മദ്ധ്യഭാരത് | 46,478 | 79,54,151 |
| മൈസൂർ | 29,489 | 90,74,972 |
| പെപ്സ് | 10,078 | 34,93,685 |
| രാജസ്ഥാൻ | 1,30,207 | 1,52,90,797 |
| സൗരാഷ്ട്ര | 21,451 | 41,37,359 |
| തിരുവിതാംകൂർ-കൊച്ചി | 9,144 | 92,80,425 |
| **പാർട്ട് C.** | | |
| ആജ്മീർ | 2,417 | 6,93,372 |
| ഭോപാൽ | 6.878 | 8,36,474 |
| കൂർഗ് | 1,586 | 2,29,405 |

| | | |
|---|---|---|
| ബിലാസ്പൂർ | 453 | 1,26,0J9 |
| ഡെൽഹി | 578 | 17,44,072 |
| ഹിമാചൽ പ്രദേശ് | 10,451 | 9,83,367 |
| കച്ച് | 16,724 | 5,67,606 |
| മണിപ്പൂർ | 8,628 | 5,77,635 |
| ത്രിപുര | 4,032 | 6,39,029 |
| വിന്ധ്യപ്രദേശ് | 23,603 | 35,74,690 |

പാർട്ട് D.

| | | |
|---|---|---|
| ആൻഡമാൻ–നിക്കോബാർ | 3,215 | 30,971 |
| സിക്കിം | 2,744 | 1,37,725 |

(India, 1953 Ministry of Information)

# 3

# ഗവണ്മെൻറും കർഷകനും

ഭാരതത്തിൽ കൃഷിക്കുള്ള സ്ഥാനം, ഭാരതീയ ഭരണഘടന സംവിധാനം ചെയ്യുന്ന ഭരണരീതി, എന്നിവയെപ്പററി സമഗ്രമായി നാം പ്രതിപാദിച്ചുകഴിഞ്ഞു. അടുത്തതായി കർഷകനും, ഭരണകർത്താവും തമ്മിൽ ഇതുവരെ ഉണ്ടായിരുന്നതും, ഇന്നു് നിലവിലിരിക്കുന്നതും ആയ ബന്ധത്തെപ്പററി അല്പം പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

കർഷകനെ സഹായിക്കാൻ രാഷ്ട്രം എന്തുചെയ്യണമെന്നു ചർച്ച ചെയ്യുന്നതിനു മുൻപ് കൃഷി എന്താണെന്നു്

ആദ്യം നാം മനസ്സിലാക്കണം. നമ്മുടെ വ്യവസായങ്ങളിൽ കൃഷി ഏററവും പ്രധാനമായിട്ടുള്ളതും, സർവവ്യാപകമായതും ആണെങ്കിലും, ഈ അടുത്തകാലം മുതൽ മാത്രമാണ് നാം ഒരു കാർഷിക പ്രശ്നത്തെ അഭിമുഖീകരിക്കാൻ ആരംഭിച്ചതു്. ഭാരതീയർ കൃഷിയോടു് ഇതുവരേയും, രമ്യപ്പെട്ടും ഏകീഭവിച്ചും ജീവിച്ചിരുന്നു. കർഷകവൃത്തിയിൽനിന്നും വിഭിന്നമായ ഒരു ജീവിതം ഭാരതീയരിൽ ഭൂരിപക്ഷം ആളുകളിൽ നിന്നും, ആരും ഇതുവരേയും പ്രതീക്ഷിച്ചിരുന്നില്ല. ആരുടേയും പ്രത്യേകമായ സഹായമോ ശ്രദ്ധയോ പരിചരണമോ കൂടാതെതന്നെ കൃഷി വികസിച്ചുവന്നു. ജനങ്ങളുടെയും ഭരണകർത്താക്കളുടെയും സഹതാപത്തിനായി കാത്തുനിൽക്കാതെ ദാക്ഷിണ്യത്തിനുവേണ്ടി ദാഹിക്കുന്ന ഭിക്ഷാപാത്രം സ്വീകരിക്കാതെ ഇതുവരെയും വളർന്നുവരുവാൻ കൃഷിക്കു കഴിഞ്ഞു. എന്നാൽ സ്വയം വികസനസാദ്ധ്യതകൾ ഒന്നൊന്നായി അവസാനിക്കുകയും, കാർഷികവിഭവങ്ങൾക്കുള്ള ആവശ്യങ്ങൾ ദിനംദിനം വർദ്ധമാനമായി വരികയും ചെയ്തപ്പോൾ, മാത്രമാണു കർഷകൻ ശ്രദ്ധാർഹനായതു്. അവനെ അലട്ടുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടണമെന്നുള്ള ആഗ്രഹം ഗവർമ്മെൻറുകൾക്കു് ഉണ്ടായതു്.

ഭൂമിയിൽ വേലചെയ്തു് ഉപഭോക്താക്കൾക്കു് ആവശ്യമുള്ള ഉല്പന്നങ്ങൾക്കു് ആവശ്യമുള്ള ഉല്പന്നങ്ങൾ ശേഖരിക്കുന്നതിനെയാണു കൃഷി എന്നു പറയുന്നതു്. കൃഷി ഒരു അടിസ്ഥാനവ്യവസായമാണ്. എല്ലാവർക്കും ഭക്ഷണവും എല്ലാ വ്യവസായങ്ങൾക്കും അസംസ്കൃതസാധനങ്ങൾ നൽകുന്നതും കൃഷിയാണ്.

കാലങ്ങൾ പിന്നിട്ടുകൊണ്ടു നമുക്കു് ലോകത്തിൻെറ ആദിമഘട്ടങ്ങളിലേക്കു് ഒന്നു് എത്തിനോക്കാം. മറവിയുടെ മറനീക്കി പഴമകളുടെ പുതുമകളെ നമുക്കൊന്നു പരിശോധിക്കാം. മാനവജാതിയുടെ ആകെക്കൂടിയുള്ള പുരോഗമന

ത്തിൻെറ ഇരുളടഞ്ഞ ആദിമചരിത്രഭാഗങ്ങൾ പരിശോധിച്ചാൽ കേവലം മൃഗപ്രായരായി മനുഷ്യർ ആദ്യം ജീവിച്ചിരുന്നതായി കാണാം. ആദാമിൻെറ കാലത്തെ കഥയല്ല ഇവിടത്തെ പ്രതിപാദ്യവിഷയം. മരംചാടിയായി മനുഷ്യൻ നടന്ന കാലവുമല്ല നമ്മുടെ ശ്രദ്ധയിലുള്ളതു്. യാതൊരു ഭരണക്രമവുംകൂടാതെ ഓരോരുത്തരും അവരുടെ അഭീഷ്ടങ്ങളും ആശയഗതികളും, അനുസരിച്ചു് ജീവിച്ചിരുന്ന കാലഘട്ടം മുതൽ നമ്മുടെ ചർച്ച ആരംഭിച്ചാൽമതി അന്നു മനുഷ്യൻ ഏററവും കുറഞ്ഞ ജോലികൊണ്ടു് ഏററവും കൂടുതൽ ലഭിക്കുന്ന ഒരു ജീവിതക്രമം സ്വീകരിച്ചിരുന്നു. കൊള്ളയും കൊലയും കൂടുതൽ ആദായകരമെന്നു് അവനു ബോദ്ധ്യമുണ്ടെങ്കിൽ ആ ജോലി സ്വീകരിക്കുന്നതിൽ അവനു് ഒരു വൈമുഖ്യവും ഉണ്ടായിരുന്നില്ല. മനുഷ്യനേക്കാൾ എളുപ്പത്തിൽ മൃഗങ്ങളെ വേട്ടയാടാമെന്നായപ്പോൾ അവൻ ആ ജോലി സ്വീകരിച്ചു. ഈ രണ്ടു മാർഗ്ഗങ്ങളിലും ഉള്ള ജീവസന്ധാരണം വൈഷമ്യമുള്ളതായപ്പോൾ ഭൂമിയിൽ കൃഷി ചെയ്യുവാനും മൃഗങ്ങളെ വളർത്തുവാനും അവൻ ആരംഭിച്ചു. അവിടെയാണു് കർഷകവൃത്തിയുടെ ആരംഭം.

അന്നു ഭൂമി സുലഭമായിരുന്നു. ഒരുഭാഗത്തു കൃഷിചെയ്യുന്നതു് ആദായകരമല്ലാതായിത്തീരുമ്പോൾ അയാൾ ആ ഭാഗത്തുനിന്നും, വേറൊരുഭാഗത്തേയ്ക്കു താമസം മാററിയിരുന്നു. അങ്ങിനെ ഉള്ള താമസം മാററലുകളെ പ്രതിബന്ധിക്കുന്ന ഒരു നിയമവും അന്നു നിലവിലുണ്ടായിരുന്നില്ല. അത്തരം ഒരു നിയമത്തിൻെറ ആവശ്യവും ഇല്ലായിരുന്നു. പക്ഷെ, ജനസംഖ്യ വർദ്ധിക്കുകയും കൃഷിഭൂമികളുടെ ആവശ്യം കൂടുതലാവുകയും ചെയ്തപ്പോൾ കർഷകൻെറ സ്വാതന്ത്ര്യത്തിനു് ചില പരിമിതികൾ ആവശ്യമായിവന്നു. ഓരോരുത്തരും അവരവരുടെ കൃഷിസ്ഥലങ്ങൾ സ്വായത്തമാക്കുവാൻ ആരംഭിച്ചു.

അമേരിക്കൻ ഐക്യരാഷ്ട്ര കൃഷിവകുപ്പിൽനിന്നും പ്രസിദ്ധപ്പെടുത്തുന്ന സ്ഥിതിവിവരക്കണക്കുകളിൽ കൃഷിയുടെ ഇന്നത്തെ നിലയെപ്പററി പ്രതിപാദിക്കുന്നിടത്തു് ഇപ്രകാരം കാണുന്നു:

| രാജ്യം | കൃഷിചെയ്തിട്ടുള്ള സ്ഥലം ച. മ. | ഓരോ രാജ്യത്തിലും ആകെയുള്ള സ്ഥലത്തിൻെറ കൃഷിസ്ഥലത്തിൻെറ % | കൃഷിചെയ്യുന്ന സ്ഥലം ആളൊന്നിനു ഏക്കർ | ലോകത്തിൽ ആകെ കൃഷിസ്ഥലങ്ങളുടെ ശതമാനം ഓരോ രാജ്യത്തിനും |
|---|---|---|---|---|
| അമേരിക്കൻ ഐക്യരാഷ്ട്രങ്ങൾ | 4,35,000,000 | 22.8 | 2.13 | 17 6 |
| റഷ്യ | 4,14,000,000 | 7.9 | 2.43 | 16.8 |
| ഇൻഡ്യ | 3,82,610,000 | 37.9 | .98 | 15.5 |
| ചൈന | 1,77,718,000 | 13.8 | .29 | 7.2 |
| അർജൻറീന | 64,395,000 | 9.3 | 4.56 | 2.6 |
| ക്യാനഡ | 63,385,000 | 2.9 | 5.29 | 2.5 |
| ജർമ്മനി | 49,918,000 | 42.8 | .72 | 2.0 |
| ഫ്റാൻസ് | 49,338,000 | 36.3 | 1.22 | 2.0 |
| പോളണ്ടു് | 47,219,000 | 49.2 | 1.47 | 1.9 |
| സ്പെയിൻ | 44,556,000 | 35.6 | 1.65 | 1.8 |
| ഇറാൻ | 40,795,000 | 10.2 | 2.47 | 1.6 |
| മഞ്ചൂറിയ | 38,386,000 | 11.9 | 0.89 | 1.5 |
| ഇററലി | 35,610,000 | 49.9 | 0 77 | 1.4 |
| ആസ്ത്രേലിയ | 34,865,000 | 1.7 | 4.71 | 1.4 |
| | 18,77,795,000 | | | 75.8 |

ഈ പട്ടികയിൽ കാട്ടുമനുഷ്യരുടെ ഭാവനയിൽനിന്നും വളൎന്നുവന്ന കൃഷി എത്രമാത്രം സർവവ്യാപകമായിത്തീൎന്നു എന്നു മനസ്സിലാക്കാൻ കഴിയും. അതുപോലെതന്നെ ആഗോള സാമ്പത്തിക സുസ്ഥിതിക്കു് ഇന്നു കൃഷി എത്രമാത്രം ആവശ്യമാണെന്നും നമുക്കു് അറിയാൻ സാധിക്കുന്നു. പക്ഷെ, നമ്മുടെ പ്രതിപാദ്യവിഷയം ഭാരതത്തിലെ കർഷകവൃത്തിയെപ്പററി മാത്രമാണല്ലോ.

സ്വയംപര്യാപ്തനായിരുന്ന പുരാതനകർഷകൻ കാലത്തിൻെറ തികവിൽ പരിതഃസ്ഥിതികൾക്കു വശംവദനായി അസ്വാതന്ത്ര്യനായിത്തീൎന്നു. അവൻ ഉൽപാദിപ്പിച്ചിരുന്നതു മുഴുവനും, അതുമാത്രവും, അവൻ ഭക്ഷിച്ചുകൊണ്ടിരുന്ന കാലഘട്ടം തിരിച്ചുവരാത്തവണ്ണം കടന്നുപോയി. അന്നു് വിൽക്കാനോ വാങ്ങാനോ അവനു് അധികം ഒന്നും ഉണ്ടായിരുന്നില്ല. ഇന്നാകട്ടെ സ്വന്തം ഉപയോഗത്തിനല്ല ഉൽപാദനത്തിൽ അധികപങ്കും ഓരോ കർഷകനും അവൻെറ ഭൂമിക്കു് അനുയോജ്യമായ കൃഷിവിഭവങ്ങൾ ഉല്പാദിപ്പിക്കുകയും, അവൻെറ ആവശ്യത്തിൽ കവിഞ്ഞുള്ളവ വിററു പണം വാങ്ങുകയും ചെയ്യുകയാണു്. പ്രത്യേകതരം വിഭവങ്ങൾ ഉല്പാദിപ്പിക്കുക പരിമിതമായ കൃഷിഭൂമികളെ ശരിയായി ഉപയോഗിക്കുക, കാർഷികവിഭവങ്ങൾക്കു് ശരിയായ ഒരു വിപണി കണ്ടുപിടിക്കുക തുടങ്ങിയ ഒരു നൂറു പ്രശ്നങ്ങൾ കർഷകനെ അലട്ടുവാൻ തുടങ്ങിയപ്പോൾ രാഷ്ട്രം അവൻെറ രക്ഷയ്ക്കായി രംഗപ്രവേശം ചെയ്യേണ്ടിവന്നു.

സ്വയം പര്യാപ്തനായിരുന്ന കർഷകൻ, മിക്കവാറും സ്വാതന്ത്ര്യനായിരുന്നു. അപ്പോൾ അപ്പോൾ ഉണ്ടാകുന്ന പ്രകൃതികോപങ്ങളെ മാത്രമേ അവൻ ഭയപ്പെട്ടിരുന്നൊള്ളു. വ്യവസായരംഗത്തിലോ രാഷ്ട്രീയനഭോമണ്ഡലത്തിലോ സമുദായവേദിയിലോ തൊഴിലാളിലോകത്തോ ഉണ്ടാകാറുള്ള

കോളിളക്കങ്ങൾ കർഷകനെ വളരെക്കാലമായി ഉപദ്രവിച്ചിരുന്നില്ല. സാമോക്ലിസിൻെറ വാൾ മാതിരി പ്രകൃതിയുടെ വികൃതികൾ അവനെ അന്നും ബുദ്ധിമുട്ടിച്ചിരുന്നു. കർഷകൻ അവൻെറ വിഭവങ്ങൾ വിൽക്കുവാൻ ആരംഭിച്ചപ്പോൾ അവൻെറ പരാധീനത വർദ്ധിച്ചു. രാഷ്ട്രത്തിൻെറ സാമ്പത്തികഭദ്രത സന്തുഷ്ടമായ ഒരു കർഷകജനതയുടെ കഠിനാദ്ധ്വാനത്തിലാണു സ്ഥിതിചെയ്യുന്നതു്. ഈ പരമാത്ഥത്തെ വ്യക്തമാക്കിക്കൊണ്ടു് അമേരിക്കൻ ധനതത്വശാസ്ത്രപണ്ഡിതനായ കാർവര എഴുതുകയാണു് "നേതാക്കന്മാരും ജനങ്ങളും, വിളവെടുപ്പിൻെറ കണക്കുകൾ അത്യുൽക്കണ്ഠയോടെ പ്രതീക്ഷിച്ചിരിക്കുന്നു. സാമ്പത്തികവും വ്യാവസായികവുമായ പുരോഗതിക്കു് നല്ല വിളവെടുപ്പു് അവശ്യം ആവശ്യമാണു്. മനുഷ്യൻെറ സാമത്ഥ്യം പല നല്ല കാൎയ്യങ്ങളും നിർവഹിക്കാൻ അവനെ ശക്തനാക്കുന്നു. പക്ഷെ, കണക്കിലധികം കാർഷികവിഭവങ്ങളെ വർദ്ധിപ്പിക്കാൻ അതിനു കഴിയുന്നില്ല.

കാർഷികപ്രശ്നങ്ങൾ വർദ്ധിച്ചതോടുകൂടി കൃഷി ഭരണകർത്താക്കളുടെ സവിശേഷമായ ശ്രദ്ധയെ ആകർഷിക്കാൻ തുടങ്ങി. പക്ഷെ, ഏതുവിധത്തിൽ രാഷ്ട്രകൃഷിയേയും, കർഷകരേയും, നിയന്ത്രിക്കുകയും സഹായിക്കുകയും വേണമെന്നുള്ളതു് ഒരു വിവാദവിഷയമായിത്തീൎന്നു. അനിയന്ത്രിതമായ വ്യക്തിസ്വാതന്ത്ര്യത്തെ അനുകൂലിച്ചിരുന്ന ഒരു വിഭാഗം രാഷ്ട്രത്തിൻെറ നേരിട്ടുള്ള ഇടപെടലിനെ ശക്തിയായി എതിൎത്തു. നിർബന്ധിതസാമ്പത്തികസമീകരണവും രാഷ്ട്രീയവൽക്കരണവും വേണമെന്നു വാദിച്ചിരുന്ന മറെറാരു വിഭാഗവും ഉണ്ടായിരുന്നു. മൂത്തുമുരടിച്ച ഇന്നത്തെ മുതലാളിത്തവ്യവസ്ഥിതിയുടെ സന്ദേശവാഹകരായ ആദ്യത്തെ കൂട്ടരും വ്യക്തിത്വത്തെ മുഴുവനും അവഗണിച്ച മനുഷ്യത്വത്തിൻെറ മൃദുലവശങ്ങളെ പൂൎണ്ണമായും ധിക്കരിച്ച രണ്ടാമത്തെ വിഭാ

ഗവും, അവരുടെ വാദഗതികളും നമുക്ക് ഇപ്പോൾ പര്യാലോചിക്കേണ്ട ആവശ്യമില്ല. ഭാരതത്തിലെ ഭരണകർത്താക്കളുടെ നയം എന്തായിരുന്നു എന്നുള്ളതാണ് തൽക്കാലം ഇവിടത്തെ പ്രതിപാദ്യവിഷയം.

പാശ്ചാത്യ മേധാവിത്വം ഇൻഡ്യയിൽ സ്ഥാപിതമാകുന്നതുവരേയും, വൻകിട വ്യവസായങ്ങൾ ഭാരതീയ കുടിൽ വ്യവസായങ്ങളെ നശിപ്പിക്കുന്നതുവരെയും നമ്മുടെ കർഷകർക്ക് രാഷ്ട്രത്തിന്റെ ഊന്നുവടിയുടെ സഹായംകൂടാതെ നിവർന്നു നിൽക്കുവാൻ കഴിഞ്ഞിരുന്നു. പക്ഷേ, നല്ലകാലം എല്ലാം കഴിഞ്ഞുപോയി. 1855-ൽ ഭാരതത്തിന്റെ ഭരണം പൂർണ്ണമായും ബ്രിട്ടീഷ് ഭാരതത്തിൻ കീഴിൽ അമർന്നു. എങ്കിലും ഭാരതം അവളുടെ പ്രത്യേകതകൾ ആ വിദേശഭരണത്തിന്റെ കീഴിലും സംരക്ഷിച്ചുവന്നു. അവളുടെ ഗ്രാമങ്ങളിൽ അലയടിച്ചുകൊണ്ടിരുന്ന ആനന്ദസാന്ദ്രങ്ങളായ ഗ്രാമീണഗാനങ്ങൾ നിശബ്ദങ്ങളാക്കപ്പെട്ടെങ്കിലും പ്രഭാവത്തിന്റെ പഴയ കഥകളെ വിളിച്ച് അറിയിച്ചുകൊണ്ട്, പഴയ ആഭിജാത്യത്തിന്റെ അവശിഷ്ടങ്ങളെ സംവഹിച്ചുകൊണ്ട് ഇന്നും, ഭാരതഗ്രാമങ്ങൾ പരിലസിക്കുന്നുണ്ട്. സർവതന്ത്രസ്വതന്ത്രമായിരുന്ന കർഷകവൃത്തി പല കാരണങ്ങളാലും ഇന്ന് ഗവർമ്മെൻറിന്റെ സംരക്ഷണത്തിനും, സഹായത്തിനും കാത്തു നിൽക്കുന്നു.

1858-ൽ ആരംഭിച്ച ബ്രിട്ടീഷ് ഭരണം അന്നുമുതൽ കേവലം നിസ്സഹായമായ ഒരു മനോഭാവമാണ് കർഷകവൃത്തിയോട് അവലംബിച്ചിരുന്നത്. വിദേശഭരണത്തെ കുററപ്പെടുത്തുന്ന നാം ഒരു കാര്യം ഓർമ്മിക്കണം. തമ്മിലടിച്ചും, യുദ്ധം ചെയ്തും കഴിഞ്ഞിരുന്ന അനേകം ചെറിയ രാജ്യങ്ങളെ ഒന്നിച്ചുചേർത്തു നാട്ടിൽ സമാധാനവും സ്വൈരക്ഷാരബാധവും സൃഷ്ടിക്കുവാൻ ബ്രിട്ടീഷ് ഭരണത്തിനു കഴി

ഞ്ഞു എന്നുള്ളതു് പ്രസ്താവ്യമാണു്. ആഭ്യന്തരസമാധാനം സ്ഥാപിതമായതിനു ശേഷം ഓരോരുത്തർക്കും ഭൂമിയിലുള്ള അവകാശങ്ങളെപ്പററി അന്വേഷിക്കുവാൻ ഒരു വിദഗ്ദ്ധ കമ്മററിയെ നിയമിച്ചു. ഈ കമ്മററിയുടെ നിർദ്ദേശപ്രകാരം ഭൂഉടമയിൽ ചില നിഷ്കർഷകൾ ചെയ്തു. അതോടുകൂടിതന്നെ നാട്ടിൻപുറത്തെ ഗതാഗതമാർഗ്ഗങ്ങൾ പരിഷ്ക്കരിക്കുന്ന കാര്യത്തിലും ഗവർമ്മെൻറു കുറെയെല്ലാം ശ്രദ്ധിച്ചു.

വ്യക്തികളുടെ വ്യാപാരങ്ങളിൽ ഇടപെടാൻ ഇഷ്ടപ്പെടാതിരുന്ന ഗവമ്മെൻറിനു് കൃഷകൻെറ കാര്യത്തിൽ യാതൊരു നിയന്ത്രണവും ഏർപ്പെടുത്തുവാൻ ഇഷ്ടമുണ്ടായിരുന്നില്ല. പക്ഷേ, ഈ അനാസ്ഥ അപകടമായിരുന്നു. ഒരു കാരണം അല്ലെങ്കിൽ മറെറാരു കാരണം കൊണ്ടു് രാജ്യത്തിൻെറ ഓരോ ഭാഗങ്ങളിൽ ഭയങ്കരങ്ങളായ ഓരോ ഭക്ഷണക്ഷാമങ്ങൾ കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരുന്നു. 1866-ൽ ബംഗാൾ, ഒറീസാ തുടങ്ങിയ സംസ്ഥാനങ്ങളിലെ അനേകം ആളുകളെ മൃത്യുവിനു് ഇര കൊടുത്ത ഭയങ്കര ഭക്ഷ്യക്ഷാമം ഉണ്ടായി. ഈ ഭക്ഷണക്ഷാമത്തെ തുടർന്നു് നിയമിതമായ ഒരു കമ്മററിയാണു് ആദ്യമായി ഒരു കൃഷിഡിപ്പാർട്ടുമെൻറു് സമാരംഭിക്കണമെന്നു് അഭിപ്രായപ്പെട്ടതു്. പക്ഷേ, ഈ അഭിപ്രായം അന്നത്തെ ഭരണാധികാരികൾക്കു് സ്വീകാര്യമായി തോന്നിയില്ല.

എന്നാൽ രാജ്യവ്യാപകങ്ങളായ ഭക്ഷ്യക്ഷാമങ്ങൾ തുടരെത്തുടരെ ഉണ്ടായിക്കൊണ്ടിരുന്നു രാജ്യത്തിൻെറ ഓരോഭാഗങ്ങളിൽനിന്നും പഞ്ഞംമൂലം അനേകം ആളുകൾ ദൈനംദിനം മരിച്ചുകൊണ്ടിരുന്നു എന്നുള്ള വർത്തമാനം ഭരണാധികാരികളെ മിക്കപ്പോഴും വിഷമിപ്പിച്ചുകൊണ്ടിരുന്നു. ഭക്ഷ്യക്ഷാമമാകുന്ന മഹാരാക്ഷസൻെറ ഹൃദയശൂന്യമായ ഈ അക്രമങ്ങളുടെ ശോകനിർഭരമായ കഥകളാൽ കരിപിടിച്ചതാണു്

ഇൻഡ്യയിലെ കർഷകചരിത്രത്തിലെ പല അദ്ധ്യായങ്ങളും. ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഈ ആപത്തുകളുടെ ശോകാത്മകത ഭരണാധികാരികളുടെ അലസമായ മനോഭാവത്തിൽ വ്യതിയാനം വരുത്തി.

ലോർഡ് മേയോ വൈസ്രോയി ആയിരുന്ന കാലത്താണ് ഒരു പ്രത്യേക കാർഷികഡിപ്പാർട്ടുമെൻറു സമാരംഭിതമായതു്. 1871 ജൂണിൽ സ്ഥാപിച്ച ഈ വകുപ്പിനോടു കൂടി വ്യവസായ വകുപ്പും, ഭൂനികുതിവകുപ്പും, സംയോജിപ്പിച്ചിരുന്നു. പുതിയ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം വിജയപ്രദമാകാതിരുന്നതിനാൽ 1879-ൽ അതിനെ ആഭ്യന്തര വകുപ്പുമായി യോജിപ്പിച്ചു. ഈ കുറഞ്ഞകാലത്തെ പ്രവർത്തനംകൊണ്ടു് കൃഷിഡിപ്പാർട്ടുമെൻറിനു് കർഷകനെ യാതൊരു വിധത്തിലും സഹായിക്കാൻ കഴിഞ്ഞില്ല. നാട്ടുകാരുടെ കഷ്ടപ്പാടുകൾ, കർഷകരുടെ വിഷമതകൾ എല്ലാം പഴയതു പോലെ തുടർന്നുപോന്നു.

പിന്നെയും പിന്നെയും ഉണ്ടായിക്കൊണ്ടിരുന്ന ക്ഷാമങ്ങളുടെ ആവർത്തനം കൃഷിഡിപ്പാർട്ടുമെൻറിൻെറ ആവശ്യകതയെ പ്രസ്പഷ്ടമാക്കി. 1880-ൽ നിയമിതമായ ക്ഷാമാന്വേഷണക്കമ്മററി ഭരണകൂടത്തിൻെറ ഉദാസീനമനോഭാവത്തെ കുറച്ചപ്പെടുത്തി. കർഷകപ്രശ്നങ്ങൾ വീണ്ടും ഭരണാധികാരികളുടെ ശ്രദ്ധയെ ആകർഷിച്ചുതുടങ്ങി. കൃഷിഡിപ്പാർട്ടുമെൻറിൻെറ പുനരുജ്ജീവന ജലസേചന പദ്ധതികളുടെ ആവിഷ്ക്കരണം, തീവണ്ടി ഗതാഗതവികസനം തുടങ്ങിയ ദീർഘകാല പദ്ധതികൾകൊണ്ടു മാത്രമേ ശോഷിച്ചുപോയ കർഷകവൃത്തിക്കു നവജീവൻ നൽകാനും, അങ്ങിനെ കൂടെക്കൂടെ ഉണ്ടാകുന്ന ഭക്ഷ്യക്ഷാമങ്ങളെ ഇല്ലാതാക്കാനും സാധിക്കൂ എന്നു് അന്നത്തെ കമ്മററി അഭിപ്രായപ്പെട്ടു.

# 2

ക്ഷാമാന്വേഷണക്കമ്മററിയുടെ അഭിപ്രായങ്ങൾ പ്രയോഗത്തിൽ വരുത്തുവാൻ ഭീമമായ ധനവ്യയം ആവശ്യമായിരുന്നു. ഗവർമ്മെൻറ് പിന്നെയും പഴയപടി അലസമായ ഒരു മനോഭാവം സ്വീകരിച്ചു. കർഷകൻെറ ആവശ്യത്തിനായി പണം ചെലവാക്കുക അന്നത്തെ ഭരണകർത്താക്കൾക്ക് ദുസ്സഹമായിരുന്നിരിക്കണം. ഏതായാലും കൃഷി ഡിപ്പാർട്ടുമെൻറുകൾ കേന്ദ്രത്തിലും, പ്രവിശ്യകളിലും ക്രമേണ പുനരാരംഭിക്കപ്പെട്ടു. കർഷകവൃത്തിയെ ശാസ്ത്രീയമായ ഉപദേശങ്ങൾ നൽകി പ്രോത്സാഹിപ്പിക്കാൻ ഒരു പ്രത്യേക ഉദ്യോഗസ്ഥനേയും നിയമിച്ചു. ഒരു ഡിപ്പാർട്ടുമെൻറിൻെറ സമാരംഭവും, കുറെ ഉദ്യോഗസ്ഥന്മാരുടെ നിയമനവും ഖജനാവിലെ കുറെ പണം കുറവുചെയ്യുവാൻ പര്യാപ്തമായിരുന്നു എന്നുമാത്രം. ഈ പരിഷ്കാരങ്ങൾ ഒന്നും അവയിൽത്തന്നെ പൂർണ്ണങ്ങളായിരുന്നില്ല. കർഷകരുടെ സജീവമായ പിൻബലത്തോടുകൂടി മാത്രമേ ഏതെങ്കിലും പുതിയ പദ്ധതി വിജയിക്കുമായിരുന്നൊള്ളു.

1901-ൽ കൃഷികാര്യങ്ങളെപ്പററി ഉപദേശിക്കാൻ ഒരു പുതിയ കമ്മററി നിയമിതമായി. ഈ കമ്മററി കൃഷിവകുപ്പു പുനരുദ്ധരിച്ച് കൂടുതൽ കാര്യക്ഷമമാക്കി സഹകരണപ്രസ്ഥാനം സമാരംഭിക്കുവാൻ ഗവർമ്മെൻറിനെ ഉപദേശിച്ചു. ആ കമ്മററിയുടെ റിപ്പോർട്ടിൽ ഒരുഭാഗത്ത് ഇപ്രകാരം പ്രതിപാദിച്ചിരിക്കുന്നു. 'കൃഷിസംബന്ധമായ ശാസ്ത്രീയമായ ഗവേഷണം ഇന്നത്തെ സർവ്വപ്രധാനമായ ഒരാവശ്യമാണ്. ഉൽപ്പാദനം കുറയാതെ ഗൗനിച്ചാൽ മാത്രം പോര, അതിനെ കാര്യമായി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. വളർന്നുവരുന്ന ജനസംഖ്യയെ പോറേറണ്ട കടമയാണ് ഭാരതത്തിനുള്ളത്. വസ്തുതകൾ സ്പടികസ്പുടമായി ഗ്രഹിക്കുവാൻ ഭരണാധികാരികൾക്ക് കഴിഞ്ഞെങ്കിലും, ദൂരവ്യാപകമായ എന്തെങ്കിലും

ഒരു പദ്ധതി ആസൂത്രണം ചെയ്യാനോ, നാട്ടുകാർക്ക് ഉപയോഗപ്രദമാംവണ്ണം പ്രവർത്തിപ്പിക്കുവാനോ, ഗവർമ്മെൻറിനു കഴിഞ്ഞില്ല. കൃഷിവകുപ്പിൻെറ പ്രവർത്തനം കുറെ കണക്കെടുക്കലുകളും, കാര്യാന്വേഷണങ്ങളുംകൊണ്ടു പരിമിതമാക്കപ്പെട്ടിരുന്നു. നിഷ്കൃഷ്ടമായ ഗവേഷണ പദ്ധതികൾ ഒന്നുംതന്നെ കൃഷിഡിപ്പാർട്ടുമെൻറിന് ഉണ്ടായിരുന്നില്ല.

കഴ്സൻ പ്രഭുവിൻെറ കാലമായപ്പോഴേയ്ക്കും, കൃഷിവകുപ്പിനു വീണ്ടും ചില പ്രോത്സാഹനങ്ങൾ ലഭിച്ചുതുടങ്ങി. 1901-ൽ നിയമിതമായ ക്ഷാമാന്വേഷണ സമിതിയും 1903-ൽ റിപ്പോർട്ടു സമർപ്പിച്ച ജലസേചനാന്വേഷണ കമ്മെററിയും കൃഷിസംബന്ധമായി ശാസ്ത്രീയമായ പഠനത്തിൻെറ ആവശ്യത്തെപ്പററി സവിസ്തരം പ്രതിപാദിച്ചിരുന്നു. കൃഷിസംബന്ധമായ ഗവേഷണങ്ങളും ആവശ്യമാണെന്ന് ഈ കമ്മററികൾ അഭിപ്രായപ്പെട്ടിരുന്നു. അതോടുകൂടി കൂടുതൽ സജീവമായ ഒരു നയം ഗവർമ്മെൻറ് സ്വീകരിച്ചു. 1903 ജൂൺമാസം ആയപ്പോഴേയ്ക്കും ഒരു കർഷക ഗവേഷണശാലയും പരീക്ഷണപരമായ ഒരു കൃഷിസ്ഥലവും സ്ഥാപിക്കണമെന്നുള്ള അഭിപ്രായം വളരെ പ്രാബല്യം പ്രാപിച്ചിരുന്നു. അക്കാലത്താണ് അമേരിക്കൻ നാട്ടുകാരനായ ഹെൻട്രി ഫിലിപ്സ് 30,000 പവൻ, ഇൻഡ്യൻ കാർഷികോന്നമനത്തിനായി വിനിയോഗിക്കാൻ കഴ്സൻ പ്രഭുവിനെ ഏല്പിച്ചതു്. ഈ സംഭാവനയിൽ അധികംഭാഗവും ബീഹാർ പ്രവിശ്യയിൽ വൂസ്സാ എന്ന സ്ഥലത്തു് ഒരു കാർഷികഗവേഷണകേന്ദ്രവും ഒരു മോഡൽഫാമും, ഒരു കാർഷിക കോളേജും സ്ഥാപിക്കുന്നതിനായി ചെലവാക്കി. ഒരു കാലിവളർത്തൽ കേന്ദ്രവും അതോടനുബന്ധിച്ചു് സ്ഥാപിതമായി. അങ്ങിനെ ഭാരതത്തിലെ ആദ്യത്തെ കാർഷിക വിദ്യാലയം വിദേശിയായ ഒരു ധർമ്മിഷ്ടൻെറ സഹായത്തോടുകൂടിയാണ് സമാരംഭിതമായതു്.

കർഷകഗവേഷണപദ്ധതികളെ പ്രോത്സാഹിപ്പിക്കുന്ന നയം ഗവർമ്മെൻറ് തുടൻുപോന്നു. 1905 മുതൽ 20 ലക്ഷം രൂപാവീതം ഈ ആവശ്യത്തിനായി ഗവർമ്മെൻറിൽനിന്നും, പ്രത്യേകംനിയോഗിച്ചുവന്നു. ഓരോ പ്രവിശ്യകളിലും ഓരോ കർഷക കോളേജും, അതിനോടു് അനുബന്ധിച്ചു് ഒരു ഗവേഷണശാലയും, സ്ഥാപിക്കുക എന്നുള്ളതായിരുന്നു ഗവർമ്മെൻറിൻെറ ഉദ്ദേശ്യം. നല്ലവണ്ണം പരിശീലനം സിദ്ധിച്ച വിദഗ്ദ്ധന്മാരുടെ നിയന്ത്രണത്തിൻകീഴിൽ നാട്ടുകാർക്കു കൃഷി സംബന്ധമായ അറിവുകൾ പ്രദാനം ചെയ്യാനാണു്, ഈ സ്ഥാപനങ്ങൾ ഉദ്ദേശിക്കപ്പെട്ടിരുന്നതു്. കലാശാലയേയും കൃഷിക്കാരേയും തമ്മിൽ ബന്ധിക്കുന്നതിനു് പ്രത്യേകം ഉദ്യോഗസ്ഥന്മാരേയും നിയമിച്ചു. ഈ ഉദ്യോഗസ്ഥന്മാർ കൃഷിക്കാരുമായും, അവരുടെ കൃഷിസ്ഥലങ്ങളുമായും അടുത്തബന്ധം പുലത്തണമെന്നു് നിഷ്കർഷിക്കപ്പെട്ടിരുന്നു. ഈ പദ്ധതി അനുസരിച്ചു് പൂനാ, കോൺപൂർ, നാഗപ്പൂർ, ലലയൻപൂർ, കോയമ്പത്തൂർ തുടങ്ങിയ സ്ഥലങ്ങളിൽ ഓരോ കർഷകകോളേജുകൾ സമാരംഭിതമായി. ഇക്കാലമായപ്പോഴേയ്ക്കും, മിക്ക പ്രവിശ്യകളിലും കാർഷിക ഡിപ്പാർട്ടുമെൻറുകൾ സ്ഥാപിതമാകുകയും, കുറെയെല്ലാം പ്രവൎത്തനശക്തങ്ങൾ ആവുകയും ചെയ്തിരുന്നു.

1919-ൽ ഉണ്ടായ രാഷ്ട്രീയ പരിവൎത്തനത്തോടുകൂടി കൃഷിവകുപ്പു് പ്രവിശ്യകളുടെ പരിപൂൎണ്ണമായ നിയന്ത്രണത്തിനു വിധേയമായിത്തീൎന്നു. 1921 മുതൽ കൃഷിവികസന പദ്ധതികളുടെ നിയന്ത്രണം നിർവ്വഹിച്ചുവന്നതു്. പ്രവിശ്യ ഗവർമ്മെൻറുകൾ തന്നെയാണു്. കേന്ദ്രനിയമസഭയുടെ അധികാരങ്ങൾ ഇക്കാൎയ്യത്തിൽ വളരെ അധികം പരിമിതമാക്കിയിട്ടുണ്ടു്. ഭാരതത്തിൻെറ ഭരണഘടന അനുസരിച്ചു്, അഖിലഭാരത പ്രാധാന്യമുള്ള ചുരുക്കം ചില കാൎയ്യങ്ങളിൽ മാത്രമേ

കേന്ദ്രഗവർമ്മെൻറ് നേരിട്ട് ഇടപെടുന്നൊള്ളു. പൂസായിൽ സ്ഥാപിതമായിരിക്കുന്ന ഗവേഷണശാല (1936-ൽ ഈ സ്ഥാപനത്തിന്റെ സ്ഥാനം ഡൽഹിയിലേക്കു മാററി) മുക ടേസ്വറിലും ബാംഗ്ളൂറിലും പ്രവർത്തനം നടത്തുന്ന മൃഗാശുപത്രികളും, ഗവേഷണകേന്ദ്രങ്ങളും കോയമ്പത്തൂരും കർനാലും സ്ഥാപിതമായിരിക്കുന്ന മൃഗോല്പാദനഗവേഷണ സ്ഥാപനങ്ങളും, കാൺപൂരിൽ പ്രവർത്തിക്കുന്ന കരിമ്പു ഗവേഷണകേന്ദ്രവും, ഇപ്പോഴും കേന്ദ്രഗവർമ്മെൻറിന്റെ നേരിട്ടുള്ള നിയന്ത്രണത്തിനു വിധേയമാണ്.

സാംസ്ഥാനിക കൃഷിഡിപ്പാർട്ടുമെൻറുകൾ ദേശീയനേതാക്കന്മാരുടെ ഭരണത്തിൻകീഴിൽ വന്നതോടുകൂടി കൂടുതൽ കാര്യക്ഷമവും സജീവവും ആയിട്ടുണ്ട്. ഇന്നു ഭരണം നടത്തുന്ന കോൺഗ്രസ് സർക്കാരിനു സുധീരമായ സാമ്പത്തികവും കാർഷികവുമായ പരിപാടികൾ ഉണ്ട്. പ്രതീക്ഷകൾക്കൊപ്പം ഉയരുവാൻ കോൺഗ്രസ് ഗവർമ്മെൻറുകൾക്കു കഴിഞ്ഞിട്ടില്ലെങ്കിലും കൃഷിക്കാര്യങ്ങളെപ്പററിയും കർഷകന്റെ ആവശ്യങ്ങളെപ്പററിയും കൂടുതൽ ശ്രദ്ധിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പൂർണ്ണമായിട്ടില്ലെങ്കിലും, ഔദ്യോഗിക വീക്ഷണഗതിയിൽ ആശാവഹമായ ചില പരിവർത്തനങ്ങൾ കണ്ടുതുടങ്ങിയിട്ടും ഉണ്ട്. നല്ല ഇനം വിത്തുകൾ കണ്ടുപിടിക്കുന്നതിനു കൂടുതൽ ഫലപ്രദമായ കൃഷിസമ്പ്രദായങ്ങൾ പ്രചരിപ്പിക്കുന്നതിനും പഴയതിലും ഉപയോഗ്യങ്ങളായ കാർഷികായുധങ്ങൾ വിതരണം ചെയ്യുന്നതിനും കൃഷി ഡിപ്പാർട്ടുമെൻറുകൾ ഇപ്പോൾ കൂടുതൽ ശുഷ്കാന്തി പ്രകടിപ്പിക്കുന്നുണ്ട്. ഈ ഡിപ്പാർട്ടുമെൻറിൽ കർഷകന്റെ ആവശ്യങ്ങളെ മനസ്സിലാക്കാൻ കഴിവുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയും കർഷകരുമായി ഒരു സുദൃഢമായ ഒരു ബന്ധം സൃഷ്ടിക്കുവാൻ അവരെ പ്രേരിപ്പിക്കുകയും, ചെയ്തുവരുന്നു. "ഇന്നത്തെ കൃഷി

വകുപ്പിന്നു്, ഗവേഷണശാലകളിൽ കണ്ടുപിടിക്കപ്പെടുന്ന വസ്തുതകാം ഗ്രാമങ്ങളിലെ നെൽപാടങ്ങളിലേയ്ക്കു് പക ത്താൻ കഴിയുന്ന കർഷകകോളേജുകളും, ഗവേഷണശാല കളും ഒരുവശത്തു്, മറുഭാഗത്തു് അനേകായിരം മാതൃകാതോ ട്ടങ്ങാം, നല്ല വിത്തുകാം, നല്ല കൃഷിരീതി, നല്ല ആയുധങ്ങാം, ഇവയ്ക്കു് കൃഷിയെ എങ്ങിനെ സമുദ്ധരിക്കുവാൻ കഴിയുമെന്നു് ഈ മാതൃകാതോട്ടങ്ങാം പ്രയോഗത്തിാം പ്രത്യക്ഷപ്പെടുത്തുന്നു." (ഇൻഡ്യൻ ഇയർബുക്കു്.)

കൃഷിഡിപ്പാർട്ടുമെൻറിൻെറ സർവ്വപ്രധാനമായ കത്തവ്യം കൃഷിവികസനമാണു്. ഏതെല്ലാം മാർഗ്ഗങ്ങളിൽക്കൂടി അടി സ്ഥാന വ്യവസായമായ കൃഷിയെ സമുദ്ധരിക്കാമോ ആ മാർഗ്ഗങ്ങളിൽക്കൂടി എല്ലാം പ്രവത്തിക്കുവാൻ ഈ ഡിപ്പാർട്ടു മെൻറിന്നു് അവകാശം ഉണ്ടായിരിക്കും. നല്ല ഇനം വിത്തു കാം തിരഞ്ഞെടുക്കുക, അവയെ കൃഷിക്കാരുടെ ഇടയിൽ പ്രചരിപ്പിക്കുക, നല്ല ഇനം വളങ്ങാം കൃഷിക്കാരുടെ ഇടയിൽ വിതരണം ചെയ്യുക, നല്ല ഇനം കൃഷിആയുധങ്ങാം ഉണ്ടാ ക്കുക, അവയെ ശരിയായി ഉപയോഗിക്കുവാൻ കൃഷിക്കാക്കു വേണ്ട പരിശീലനം നൽകുക തുടങ്ങിയവയാണു് കൃഷിഡി പ്പാർട്ടുമെൻറിൻെറ സർവ്വപ്രധാനമായ ചുമതലകാം. കർഷക വൃത്തിയുടെ സർവ്വതോന്മുഖമായ ഉന്നമനത്തിന്നായി കൃഷി ഡിപ്പാർട്ടുമെൻറു് പ്രവത്തനം നടത്തേണ്ടതാണു്.

നൂതനങ്ങളായ മാർഗ്ഗങ്ങളിൽക്കൂടി വിത്തും വേലയും വിതരണവും പരിഷ്കരിക്കണം. ശരിയായ പ്രചാരണം കൊണ്ടു മാത്രമേ, ഇക്കാര്യം സാധിക്കാൻ കൃഷിവകുപ്പിന്നു് കഴിയൂ. "കാർഷികഗവേഷണങ്ങാം കൃഷിക്കാർക്കു് ഉപയോ ഗപ്രദമാകണമെങ്കിൽ, ഗവേഷണങ്ങളുടെ ഫലങ്ങാം അവർക്കു് മനസ്സിലാകുന്ന ഭാഷയിൽ, അതായതു് പാടത്തിൻെറയും കലപ്പയുടെയും ഭാഷയിൽ അവരെ മനസ്സിലാക്കണം."

(റോയൽ കമ്മീഷൺ ഓൺ അഗ്രീകൾച്ചർ) രണ്ടു വിധത്തിൽ ഇതു് പ്രായോഗികമാക്കാം. ഒന്നു്, വിദ്യാഭ്യാസപരമായ പ്രചരണംകൊണ്ടു്; മറ്റൊന്നു്, പ്രായോഗികമായ പ്രവർത്തനങ്ങൾ കൊണ്ടു്. കൃഷിഡിപ്പാർട്ടു്മെൻറിലെ ഉദ്യോഗസ്ഥനും പാടത്തു പണിയെടുക്കുന്ന കൃഷിക്കാരനും തമ്മിൽ ഇന്നും വലിയ അകൽച്ചയുണ്ടു്. ഉദ്യോഗസ്ഥന്മാരുടെ ശുഷ്കാന്തിക്കുറവും, ഡിപ്പാർട്ടു്മെൻറിൻെറ അനാസ്ഥയും, കർഷകരുടെ ദാരിദ്ര്യവും, യാഥാസ്ഥിതികത്വവും ആണു് ഈ അകൽച്ചയ്ക്കുള്ള പ്രധാന ഹേതുക്കൾ. ഔദ്യോഗിക മണ്ഡലത്തിൽ ചുററിപ്പിടിച്ചിരിക്കുന്ന അലസതയും, കർഷകരെ കീഴടക്കി ഇരിക്കുന്ന കഴിവുകേടുകളും കഴിയുന്നതും വേഗത്തിൽ നിർമ്മാർജ്ജനം ചെയ്യപ്പെടണം. എങ്കിൽ മാത്രമേ, കർഷകനു് ശോഭനമായ ഒരു ഭാവി വിഭാവന ചെയ്യാൻ കഴിയൂ.

കൃഷിയിൽ ശാസ്ത്രീയമായ പരിചയം നൽകുന്നതിനായി ഗവർമ്മെൻറിൽനിന്നും, പ്രത്യേകം കോളേജുകൾ സ്ഥാപിച്ചിട്ടുണ്ടു്. കൂടാതെ ഇൻഡ്യയിൽ കൗൺസിൽ ഓഫ് അഗ്രീകൾച്ചറിൻെറ ആഭിമുഖ്യത്തിൽ കൃഷിസംബന്ധമായ ഉന്നത പരിശീലനം നൽകുന്നുണ്ടു്. എന്നാൽ ഇൻഡ്യയിലെ ആയിരക്കണക്കിനുള്ള കർഷകരെ ഈ വിദ്യാഭ്യാസം കാര്യമായി സഹായിക്കുന്നില്ല. പേനയും, പുസ്തകവും, തൂമ്പയും, കട്ടത്തഭൂമിയും തമ്മിൽ വളരെ അധികം വ്യത്യാസമുണ്ടു്. തൂമ്പയുടെ തഴമ്പു തടിച്ച കൂടാത്ത ഒരു കൈ കർഷകൻേറതല്ല. മുട്ടററം ചെളിയിൽ താഴാൻ അറയ്ക്കുന്ന കാലുകൾ കർഷകനുള്ളതല്ല. ചുട്ടവെയിലിൽ വെന്തെരിയാൻ സന്നദ്ധമല്ലാത്ത ഒരു ശരീരം കൊണ്ടു കർഷകനു് പ്രയോജനമില്ല. അതുകൊണ്ടു കലാശാലകളിൽനിന്നും ബിരുദധാരികളായി പുറത്തു വരുന്നവർ ആഫീസുകളിലെ കസേരകളിൽ ശോഭിക്കുമെങ്കിലും കർഷകരാജ്യ കച്ചൂപ്പാടുകൾ കുറയ്ക്കുവാൻ ശക്തരല്ല. അതിനാൽ കൃഷിയെപ്പററി ശാസ്ത്രീയമായ അറിവു് പ്രാഥമിക വിദ്യാലയങ്ങളിൽ വെച്ചുതന്നെ കുട്ടികൾക്കു് നൽകേണ്ടതാണു്. ശാസ്ത്രീയമായ

പാനത്തെ പ്രായോഗികമായ അവരുടെ പ്രവർത്തനങ്ങൾ കൊണ്ടുതന്നെ സുദൃഢമാക്കണം.

കർഷകവാർത്തകൾ പ്രചരിപ്പിക്കുന്ന കാര്യത്തിലും ഗവർമ്മേണ്ടിനു് വളരെഎല്ലാം ചെയ്യാൻ കഴിയും. എന്നാൽ ഈ വിഷയത്തിൽ ഗവർമ്മേൻറ് അത്ര കാര്യമായി ശ്രദ്ധിക്കുന്നുണ്ടോ എന്ന് കാര്യം സംശയാവഹമാണു്. ഓരോ പ്രദേശത്തും നിലവിലിരിക്കുന്നകാർഷികവിഭവങ്ങളുടെ അളവു്, ആവശ്യം, വില, വന്നുചേരാനുള്ള സൗകര്യങ്ങൾ, ആദിയായ വ്യാവസായിക വാർത്തകൾ കൃത്യമായി പ്രചരിപ്പിക്കേണ്ടതാണു്. ഇന്നു് സാമാന്യം പ്രചാരത്തിൽ വന്നിട്ടുള്ള റേഡിയോമാർഗ്ഗം ഈ വാർത്തകൾ വളരെ അധികം പ്രചരിപ്പിക്കുവാൻ കഴിയും. ഗവർമ്മേൻറിൻെറ ഈ മാർഗ്ഗത്തിലുള്ള പ്രവർത്തനങ്ങൾ ഇനിയും പല വിധത്തിലും, പരിഷ്ക്കരിക്കേണ്ടതായിട്ടാണു് ഇരിക്കുന്നതു്. കടനിവാരണം, കൃഷിവായ്പകൾ കാലിസംരക്ഷണം, ഭൂഉടമ നിയന്ത്രണം തുടങ്ങിയ വിഷയങ്ങളിൽ ഗവർമ്മേൻറ് നിർവ്വഹിക്കുന്ന ഭാഗം, നിർവ്വഹിക്കേണ്ട കാര്യങ്ങൾ തുടങ്ങിയവയെപ്പററി അടുത്ത ഭാഗങ്ങളിൽ പ്രതിപാദിക്കാം.

## രാജകീയ കാർഷികാന്വേഷണ കമ്മററി

## (Royal Commission on Agriculture)

രാജ്യത്തെ പ്രധാന വ്യവസായമായ കർഷകവൃത്തിയുടെ പോരായ്മകൾ, രാജ്യത്തെ ജനങ്ങളുടെ ദാരിദ്ര്യത്തിൽ ആഴ്ത്താറുണ്ടായിരുന്ന ഭക്ഷ്യക്ഷാമങ്ങളുടെ കാരണങ്ങൾ, ഇവയെപ്പററി ആരായുന്നതിനും, പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും അപ്പോഴപ്പോൾ ഓരോ കമ്മററികൾ നിയമിതങ്ങളാകാറുണ്ടായിരുന്നു.. 1880, 1898, 1901 ഈ വർഷങ്ങളിൽ നിയമിതങ്ങളായ ക്ഷാമാന്വേഷണ കമ്മററികളും, 1903-ൽ പ്രവർത്തനം നടത്തിയ ജലസേചന കമ്മീഷനും, 1916-ൽ റിപ്പോർട്ടു സമർപ്പിച്ച സഹകരണാന്വേഷണ കമ്മ

ററിയും കർഷകവൃത്തിയെ പരിപോഷിപ്പിക്കുവാൻ ആവശ്യമായ പല നിർദ്ദേശങ്ങളും നൽകിയിരുന്നു. ഈ നിർദ്ദേശങ്ങളുടെ പശ്ചാത്തലത്തിൽ, ഒരു പുതിയ കമ്മററി 1926-ൽ നിയമിതമായി. കാർഷകവൃത്തിയുടെ നാനാവിധത്തിലുള്ള പ്രത്യേകതകളെപ്പററി പഠിച്ച് അതിനെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററി റിപ്പോർട്ടു ചെയ്യാൻ ഈ കമ്മററിയെ ചുമതലപ്പെടുത്തി രാജകീയ കാർഷികാന്വേഷണക്കമ്മററി എന്ന പേരിൽ അറിയപ്പെടുന്ന ഈ കമ്മററിയുടെ നിയമനവും പ്രവർത്തനവും ഭാരതീയകർഷകൻെറ ചരിത്രത്തിലെ സുപ്രധാനമായ ഒരു കാലഘട്ടത്തെ കുറിക്കുന്നു.

കമ്മററിയെ ചുമതലപ്പെടുത്തിയിരുന്ന കാര്യങ്ങളിൽ പ്രധാനപ്പെട്ടവ:

1. കൃഷി, കാലിവളർത്തൽ ഈ വിഷയങ്ങളിൽ അവയുടെ വളർച്ചയ്ക്കായി, ഇതുവരെ ഗവർമ്മെൻറിൽനിന്നും, സ്വീകരിച്ചിരുന്ന നടപടികൾ ഏവയെല്ലാം എന്നു് അന്വേഷിക്കുകയും അവയെ എങ്ങിനെയെല്ലാം പരിഷ്ക്കരിക്കാമെന്നു് പരിശോധിക്കുകയും ചെയ്യുക.

2. കാർഷികോല്പന്നങ്ങളുടെ വില്പന, കയററുമതി, തുടങ്ങിയ വിഷയങ്ങളെപ്പററി ചർച്ച ചെയ്യുക.

3. കർഷകനു് ഏതെല്ലാം വിധത്തിൽ മൂലധനം നൽകി സഹായിക്കാമെന്നു് അന്വേഷിക്കുക.

4. ഗ്രാമോദ്ധാരണം എങ്ങനെ സാദ്ധ്യമാകുമെന്നു് പരിശോധിക്കുക,

ഈ കമ്മററിയുടെ അദ്ധ്യക്ഷൻ അന്നത്തെ വൈസ്രോയി ആയിരുന്ന ലിൻലിത്ത്ഗോ പ്രഭുവായിരുന്നു. കമ്മററിയുടെ അന്വേഷണം 1928-ൽ പൂർത്തിയായി. ഈ കമ്മററി ഭാരതത്തിലെ കൃഷിയേയും കർഷകവൃത്തിയേ പററി ശരിയായി പഠിച്ചു് കാർഷികപ്രശ്നങ്ങളെ എല്ലാം തന്നെ ഏററവും

വ്യക്തമായ ഭാഷയിൽ പ്രത്യക്ഷപ്പെടുത്തി. എന്നാൽ വിപ്ലവാത്മകമായ പരിഷ്ക്കാരങ്ങൾക്കുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ കമ്മററി നൽകിയില്ല. എന്നിരുന്നാലും കർഷകവൃത്തിയെപ്പററി സുദീർഘവും, വിശ്വസനീയവുമായ ഒരു റിപ്പോർട്ടു് ഈ കമ്മററി സമർപ്പിച്ചു. അവരുടെ പല നിർദ്ദേശങ്ങളിൽ ഒന്നായിരുന്നു, കൃഷിസംബന്ധമായ ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കാനായി ഒരു കേന്ദ്രസ്ഥാപനം ഏർപ്പെടുത്തണമെന്നുള്ളതു്.

## അഖിലേന്ത്യാ ഗവേഷണകേന്ദ്രം

റോയൽ കമ്മീഷൻ ഓൺ അഗ്രീകൾച്ചറിൻെറ ശുപാർശപ്രകാരം, ഇമ്പീരിയൽ കൗൺസിൽ ഓഫ് അഗ്രീകൾച്ചറൽ റിസർച്ച് നിയമിതമായി. ഇമ്പീരിയൽ കൗൺസിൽ എന്നുള്ളപേരു് ഈ അടുത്തകാലത്തു് ഇൻഡ്യൻ കൗൺസിൽ എന്നായി മാററിയിട്ടുണ്ടു്. ഒരു രജിസ്റ്റേർഡ് സംഘമായിട്ടാണു് ഈ കൗൺസിൽ പ്രവത്തനം ആരംഭിച്ചതു്. ഈ സംഘത്തിൻെറ പ്രധാനമായ ജോലികൾ രാജ്യത്തിൻെറ നാനാഭാഗത്തു നടക്കുന്ന ഗവേഷണശാലകളുടെ പ്രവർത്തനങ്ങളെ സംയോജിപ്പിക്കുക, ഇൻഡ്യയിൽ നടക്കുന്ന ഗവേഷണങ്ങളെ വിദേശരാജ്യങ്ങളിലെ ഗവേഷണങ്ങളുമായി ബന്ധിപ്പിക്കുക, നേരിട്ടു് ഗവേഷണ പ്രവത്തനങ്ങളിൽ ഏർപ്പെടുക തുടങ്ങിയവയാണു്. കൗൺസിലിനെ ഭരണസമതിയെന്നും, ഉപദേശകസമതിയെന്നും രണ്ടായിവിഭജിച്ചിട്ടുണ്ടു്. ഭരണസമിതിയുടെ അദ്ധ്യക്ഷൻ ബഹുമാനപ്പെട്ട കാർഷിക വകുപ്പു് മന്ത്രിയാണു്. സംസ്ഥാനങ്ങളുടെയും സവ്വകലാശാലകളുടെയും പ്രതിനിധികൾ ഭരണസമതിയിലും ഉപദേശകസമിതിയിലും ഉൾപ്പെടുത്തിയിട്ടുണ്ടു്, സവ്വകലാശാലകളിൽനിന്നും ഗവേഷണകേന്ദ്രങ്ങളിൽനിന്നും സമർപ്പിക്കപ്പെടുന്ന പദ്ധതികളെപ്പററി വിദഗ്ദ്ധാഭിപ്രായം രേഖപ്പെടുത്തുക, അവയുടെ നിർവ്വ

ഹണത്തിനു വേണ്ടനിർദ്ദേശങ്ങൾ നൽകുക തുടങ്ങിയവയാണു് ഉപദേശകസമിതിയുടെ പ്രധാനജോലികൾ.

പുരുക്കത്തിൽ കർഷകവൃത്തി കേവലം വിസ്മൃതമായിരുന്ന ഒരു അനുഭവമാണു് ബ്രിട്ടീഷ് ഭരണത്തിൻെറ ആദ്യകാലത്തു് ഉണ്ടായിരുന്നതു്. എന്നാൽ പരിത:സ്ഥിതികളുടെ സമ്മർദ്ദംമൂലം ഈ അലസതാമനോഭാവത്തിനു് കുറെയെല്ലാം വ്യതിയാനം സംഭവിച്ചു വരികയായിരുന്നു. ഈ കാലഘട്ടത്തിലാണു് നമ്മുടെയെല്ലാം മോഹന പ്രതീക്ഷകൾ യാഥാർത്ഥീഭവിച്ചതു്. ദേശീയഗവർമ്മെൻറു് സ്ഥാപിതമായതു്. ദേശീയഗവർമ്മെൻറിൻെറ പ്രബലമായ സഹായഹസ്തം കൃഷിക്കാർക്കു് ലഭിക്കാതിരിക്കുക ഇല്ല. ഗവർമ്മെൻറിൻെറ സജീവമായ സഹകരണവും സഹായവും ഉണ്ടായെങ്കിൽ മാത്രമേ, ഭാരതത്തിലെ കർഷകൻെറ കഷ്ടപ്പാടുകൾ കുറെ എങ്കിലും അവസാനിക്കൂ. ദാരിദ്ര്യത്തിൻെറ നെല്ലിപ്പലകയിൽ നിന്നുകൊണ്ടു്, അനേകലക്ഷം കർഷകർ ഭരണകർത്താക്കളുടെ നേരെ ദീനദീനം സഹായാഭ്യർത്ഥന നടത്തിക്കൊണ്ടിരിക്കുന്ന അവസ്ഥാവിശേഷമാണു് ഇന്നത്തേതു്.

# 4

# കൃഷിസ്ഥലം

ഉല്പാദനത്തെ സഹായിക്കുന്ന നാലു് ഉപാധികൾ ഉണ്ടു്: ഭൂമി, വേല, മൂലധനം, നിർവ്വാഹകൻ. കാർഷിക വിഭവങ്ങളുടെ ഉല്പാദനത്തിലും, ഈ നാലു ഉപാധികളും സജീവമായ ഭാഗം വഹിക്കുന്നുണ്ടു്. എന്നാൽ കർഷകവൃത്തിയെ

സംബന്ധിച്ചിടത്തോളം, ഭൂമി സർവ്വപ്രധാനമായ ഒരു സ്ഥാനമാണ് വഹിക്കുന്നതു്. ഭൂമി പ്രകൃതിയുടെ ഒരു സമ്മാനമാണ്. പക്ഷേ, ഇന്നു് അതു ചുരുക്കം ചില ആളുകളുടെ നിയന്ത്രണത്തിൽ അമർന്നിരിക്കുന്നു. അതിൻെറ ന്യായാന്യായങ്ങളെപ്പററി പ്രതിപാദിക്കാതെ, അതിൻെറ ധനതത്വശാസ്ത്രപരമായ പ്രാധാന്യത്തെപ്പററി മാത്രം നമുക്ക് ഇപ്പോൾ പരിഗണിച്ചാൽ മതി. ഭൂമിയുടെ വിസ്തീർണ്ണം പരിമിതമാണെന്നുള്ളതാണു ഭൂമിയെ സംബന്ധിച്ചുള്ള ഒരു പ്രത്യേകത. ആവശ്യാനുസരണം വർദ്ധിക്കുവാൻ ഭൂമിക്കു് കഴിയുന്നില്ല. ഈ പ്രത്യേകതകൾ മനസ്സിൽ വച്ചുകൊണ്ടുവേണം ഭാരതീയൻെറ കൃഷിസ്ഥലത്തെപ്പററി ചർച്ചചെയ്യുവാൻ.

ഭൂമിയുടെ ഫലഭൂയിഷ്ഠത, വിസ്തീർണ്ണം, കിടപ്പ് ആദിയായവയെ ആശ്രയിച്ചാണു് കൃഷിയുടെ ഫലം സ്ഥിതിചെയ്യുന്നതെന്നു്, സാധാരണയായി പറയപ്പെടുന്നുണ്ടു്. എന്നിരുന്നാലും, സമ്പന്നമായ സാഹചര്യങ്ങളുടെ ഇടയിലും, ദരിദ്രമായി കഴിഞ്ഞുവരുന്ന രാഷ്ട്രങ്ങൾ ഇന്നും നമുക്കു കാണാൻ കഴിയും. ഫലഭൂയിഷ്ഠമായ പ്രദേശം, ധാരാളം പ്രകൃതിസമ്പത്തു് തുടങ്ങിയവയാൽ അനുഗ്രഹീതങ്ങളായിരുന്ന പല രാജ്യങ്ങളും, അവിടുത്തെ ജനങ്ങളുടെ അലസതകൊണ്ടു് നശിച്ചുപോയിട്ടുണ്ടു്. നല്ലവണ്ണം വേലചെയ്താൽ മോശപ്പെട്ട സ്ഥലങ്ങളിൽ നിന്നും, നല്ല വിളവു ലഭിച്ചെന്നും വരാം. അതുകൊണ്ടു്, പരിശ്രമശാലിയായ ഒരു ജനപദം രാഷ്ട്രത്തിൻെറ ഒരു വലിയ സമ്പാദ്യമാണു്.

ഭൂമിയും വേലയും ഉല്പാദനത്തിൽ പ്രാഥമികമായ ഉപാധികളായി പ്രവർത്തിക്കുന്നെങ്കിൽ അവയെപ്പോലെതന്നെ പ്രാധാന്യമുള്ളവയാണു് മൂലധനവും നിർവ്വാഹകനും. മൂലധനം പരിശ്രമംകൊണ്ടു് സമ്പാദിക്കപ്പെടുന്നു. ഭൂമി കഴി

ച്ചാൽ ഉല്പാദനത്തെ സഹായിക്കുന്ന എല്ലാ വസ്തുക്കളും മൂലധനത്തിൽ ഉൾപ്പെടുന്നു. കർഷകൻെറ സ്വായത്തമായ കലപ്പ മുതൽ മുതലാളിയുടെ പേരിൽ ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്ന പണംവരെയുള്ള എല്ലാം മൂലധനത്തിൽ ഉൾപ്പെടുന്നു. കൂടുതൽ ഉല്പാദിപ്പിക്കാനാണ് മൂലധനം ഉപയോഗിക്കപ്പെടുന്നതു്. നമ്മുടെ കർഷകനെ വിഷമിപ്പിക്കുന്ന പല പ്രശ്നങ്ങളിൽ ഒന്നാണ് മൂലധനം ഇല്ലായ്മ എന്നുള്ളതു്.

ഉല്പാദനവും ഭക്ഷണവും എന്നുള്ളതിൻെറ സ്ഥാനത്തു് ഉല്പാദനവും വിതരണവും കയറിപ്പററിയപ്പോൾ, കൃഷിപ്പണിയിൽ ഒരു പുതിയ നടൻ പ്രത്യക്ഷപ്പെട്ടു. കൂട്ടുകൃഷി, ശാസ്ത്രീയമായ കൃഷിപരിഷ്ക്കരണം ഇവയെല്ലാം നടപ്പിൽ വന്നതോടുകൂടി അയാളുടെ പ്രാധാന്യം വർദ്ധിച്ചു. അയാളെയാണു സാധാരണയായി മാനേജർ അല്ലെങ്കിൽ നിർവ്വാഹകൻ എന്നു വിളിക്കുന്നതു്. ഉല്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിവിധ ഘടകങ്ങളെ സംയോജിപ്പിക്കുക, നിയന്ത്രിക്കുക, ശരിയാംവണ്ണം ഉപയോഗിക്കുക തുടങ്ങിയവയാണ് മാനേജരുടെ ജോലി.

ഇങ്ങനെ ഉല്പാദനത്തിൽ വ്യത്യസ്തങ്ങളായ നാലു് ഉപാധികൾ പ്രവത്തിക്കുന്നുണ്ടെങ്കിലും, ഭാരതീയകർഷകനെ സംബന്ധിച്ചിടത്തോളം, ഈ വ്യത്യാസം അത്ര പ്രസ്പഷ്ടമാകുന്നില്ല. സാധാരണയായി, ഭൂമിയുടെ ഉടമസ്ഥനും, വേലക്കാരനും മൂലധനം നൽകുന്നവനും എല്ലാം ഒരാൾതന്നെയാണ്. എന്നാലും ശരയായി അപഗ്രഥനം ചെയ്താൽ ഈ വ്യത്യാസം കാണുവാൻകഴിയും.

നമ്മുടെ കർഷകനു് അവൻെറ ഭൂമിയും അതിൻെറ പ്രത്യേകതകളുമാണ്, കർഷകവൃത്തിയുടെ ജയാപജയങ്ങളെ നിർണ്ണയിക്കുന്ന പ്രധാനപ്പെട്ട ഉപാധികളായിട്ടുള്ളതു്. കാഷികതത്വശാസ്ത്രജ്ഞന്മാരുടെ സവിശേഷമായ ശ്രദ്ധയെ ആക

ഷിച്ചിരിക്കുന്ന ഒരു വിഷയമാണ് ഭാരതത്തിലെ ഭൂപ്രശ്നം. ഭൂമിയെ സംബന്ധിച്ച ഒന്നല്ല, ഒരു നൂറുപ്രശ്നങ്ങൾ ഉണ്ട്. ഉത്തരത്തിനായി കാത്തുനിൽക്കുന്നതു്. കൃഷിസ്ഥലത്തിൻെറ വിസ്തീർണ്ണതയെ സംബന്ധിക്കുന്ന ചില കാര്യങ്ങൾ ഇവിടെ പ്രതിപാദിക്കാം.

കൃഷിസ്ഥലത്തിൻെറ വിസ്തീർണ്ണം എന്തുമാത്രമായിരിക്കണമെന്നുള്ളതിനെപ്പററി ഉള്ള ആലോചനകൾ ആരംഭിച്ചിട്ട് നാളുകൾ വളരെയായി. കർഷകരുടെ സംഖ്യ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഭാരതത്തിലെ ആധുനിക പരിതഃസ്ഥിതികളിൽ ഈ വിഷയം കൂടുതൽ ഗൗരവാവഹമായ ശ്രദ്ധയെ അർഹിക്കുന്നുണ്ട്. മററുവ്യവസായങ്ങളിൽ എന്നതുപോലെതന്നെ കർഷകവൃത്തിയിലും, പ്രവർത്തകഘടകങ്ങളുടെ വലിപ്പം ആകെക്കൂടിയുള്ള ഉല്പാദനക്ഷമതകളെ സാരമായി ബാധിക്കുന്നു.

കൃഷിസ്ഥലം എന്നു പറയുമ്പോൾ, ഇവിടെ വിവക്ഷിക്കുന്ന അർത്ഥം ഒരു വ്യക്തിയുടെ മേൽനോട്ടത്തിൽ കൃഷിചെയ്യപ്പെടുന്ന സ്ഥലം എന്നാണ്. ആ സ്ഥലത്തു് ഒരാൾ മാത്രമായിരിക്കും, ചിലപ്പോൾ പണിയെടുക്കുക. ചിലപ്പോൾ കൂലിക്കാരും കുടുംബത്തിലെ മററ് അംഗങ്ങളും, ജോലിക്ക് അയാളെ സഹായിച്ചു എന്നുവരാം. എന്നാലും നിയന്ത്രണാധികാരം ഒരു വ്യക്തിയിൽ നിക്ഷിപ്തമായിരിക്കും.

കൃഷിസ്ഥലത്തിൻെറ പരിധി നിർണ്ണയിക്കുവാൻ ശ്രമിക്കുമ്പോൾ പല വൈഷമ്യങ്ങൾ ഉണ്ടാകുന്നു. ഏക്കർ കണക്കു പറഞ്ഞാൽ എപ്പോഴും ശരിയായിരിക്കുകയില്ല. കടുംകൃഷിക്ക് വിധേയമായ അഞ്ചേക്കർ സ്ഥലത്തു് ചെലവാകുന്നേടത്തോളം വേലയും പണവും, 50 ഏക്കർ സ്ഥലത്തു് മരച്ചീനിക്കൃഷി ചെയ്യുമ്പോൾ വേണ്ടിവരികയില്ല. അതുകൊണ്ടു് കൃഷിചെയ്യ

പ്പെട്ടിരിക്കുന്ന ഭൂവിഭാഗങ്ങളെ തമ്മിൽ താരതമ്യപ്പെടുത്തുമ്പോഠം ഏക്കർ കണക്കുകഠം ശരിയായിരിക്കുകയില്ല. അതുകൊണ്ടു് ശരിയായ താരതമ്യപഠനത്തിനു് കൃഷിസ്ഥലത്തിൻെറ വിസ്തീർണ്ണം, ജോലിക്കാരുടെ എണ്ണം, ആകെ ചെലവു്, ആകെ വിളവുകളുടെ അളവു് തുടങ്ങിയ വിശദാംശങ്ങഠംകൂടി പരിശോധിക്കേണ്ടിയിരിക്കുന്നു.

ഈ മാനദണ്ഡംവച്ചു് പരിശോധിച്ചാൽ കൃഷിസ്ഥലങ്ങളെ മൂന്നായി വിഭജിക്കാം. വൻതോതിലുള്ള കൃഷിസ്ഥലങ്ങഠം "ഒരു മാനേജക്കു് അയാളുടെ മുഴുവൻ സമയവും, മേൽനോട്ടത്തിനായിമാത്രം ലാഭകരമായി വിനിയോഗിക്കാൻമാത്രം ഭൂമിയും, വേലയും, മൂലധനവും, ഉപയോഗിക്കപ്പെടുന്ന ഉല്പാദന ഘടകത്തെയാണു് വൻതോതിലുള്ള കൃഷിസ്ഥലങ്ങഠം എന്നുപറയുന്നതു്."(ഗ്രാമീണധനതത്വശാസ്ത്രം-കാർവർ)കൃഷിജോലികഠം മിക്കവാറും സ്ഥലത്തിൻെറ ഉടമസ്ഥൻതന്നെ നിർവഹിക്കുന്ന സ്ഥലത്തിനു്, ഇടത്തരം കൃഷിസ്ഥലങ്ങഠം എന്നും, വളരെ ചുരുങ്ങിയ സ്ഥലത്തു കൃഷിചെയ്തു് കഷ്ടിച്ചു ജീവിക്കാൻ മാത്രം സമ്പാദിച്ചുകൊടുക്കുന്ന ഉല്പാദനഘടകത്തിനു്, ചെറുതരം കൃഷിസ്ഥലങ്ങഠം എന്നും പറയുന്നു. ഈ മൂന്നുതരം സ്ഥലങ്ങളിൽ, ഇടത്തരം കൃഷിസ്ഥലങ്ങളാണു് കൂടുതൽ സ്വീകാര്യമായിട്ടുള്ളതു്.

വിസ്തൃതങ്ങളായ കൃഷിസ്ഥലങ്ങളിൽ വൻതോതിൽ കൃഷി നടത്തുന്നതുകൊണ്ടു് ചില പ്രത്യേക ഗുണങ്ങഠം ഉണ്ടു്. കൂടുതൽ ശ്രദ്ധയോടുകൂടി ഒരേതരം ജോലിയിൽ ഏർപ്പെടാനുള്ള സാദ്ധ്യതകഠം ഉള്ളതുകൊണ്ടു് അത്തരം ജോലികളിൽ കൂടുതൽ വൈദഗ്ദ്ധ്യം പ്രാപിക്കുന്നതിനു് ജോലിക്കാർക്കു കഴിയുന്നു സുപ്രസിദ്ധ ധനതത്വശാസ്ത്രജ്ഞനായ ആൽഫ്രഡ് മാർഷൽ തൻെറ അഭിപ്രായം ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ടു്. "ഒരു വൻവ്യവസായ പ്രവർത്തകനു് അയാളുടെ സകല

കഴിവുകളും, ആ വ്യവസായത്തിന്റെ സർവ്വപ്രധാനമായ നിയന്ത്രണത്തിനായിമാത്രം ഉപയോഗിക്കാം. തന്റെ വ്യവസായത്തിൽ പരിശീലനം സിദ്ധിച്ച പ്രവർത്തകരെക്കൊണ്ടു് അവരുടെ വാസനയ്ക്കു് അനുസരിച്ചു് ഏററവും കൂടുതൽ ജോലിചെയ്യിക്കുവാൻ അയാൾക്കു കഴിയും. സമർത്ഥരായ സഹപ്രവർത്തകരെ തിരഞ്ഞെടുത്തു കഴിഞ്ഞാൽ, വ്യവസായത്തിന്റെ വിസ്തൃതമായ വ്യാപകമായ, പ്രശ്നങ്ങളെപ്പററി മാത്രം അയാൾ ആലോചിച്ചാൽമതി. ഇപ്രകാരം ഒരു വ്യവസായത്തിനുവേണ്ടി ഒരാൾ പ്രവർത്തിക്കുവാൻ തയാറുണ്ടെങ്കിൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ ലാഭകരമാകുവാൻമാത്രം വ്യവസായം വ്യാപകമാണെങ്കിൽ അതു് അതിന്റെ ആകെക്കൂടിയുള്ള പുരോഗമനത്തിനു് വളരെ അധികം പ്രയോജകീഭവിക്കും. വർദ്ധമാനമായ തോതിൽ കൃഷിയിൽ ഏർപ്പെടുമ്പോൾ ശാസ്ത്രീയമായ ഉപകരണങ്ങൾകൊണ്ടു് ജോലിയുടെ അളവു കുറയ്ക്കുന്നതിനു കഴിയും. അങ്ങിനെ ഉല്പാദനച്ചിലവു് കാര്യമായി കുറയുകയുംചെയ്യും. ഒരു വലിയ കൃഷിക്കാരനു് അവന്റെ ആവശ്യങ്ങൾക്കുവേണ്ട സാധനങ്ങൾ വാങ്ങിക്കുന്നതിലും, അവന്റെ ഉല്പന്നങ്ങൾ വിൽക്കുന്നതിലും സാധാരണ കർഷകനെ അപേക്ഷിച്ചു് സ്വാഭാവികമായി കൂടുതൽ സൗകര്യങ്ങൾ ഉണ്ടു്.

പക്ഷേ, ഈ ആനുകൂല്യങ്ങൾ കർഷകവൃത്തിക്കു് സ്വയമേവയുള്ള പ്രത്യേകതകൾമൂലം ഇല്ലാതാകുന്നു. വൻതോതിൽ കൃഷിസമ്പത്തുള്ള സ്ഥലങ്ങൾ സാധാരണയായി അനേകം ഏക്കർ വിസ്തീർണ്ണമുള്ളതായിരിക്കും. കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണം വർദ്ധിക്കുംതോറും മേൽനോട്ടം കൂടുതൽ വൈഷമ്യപൂർണ്ണമാകുന്നു. കാലാവസ്ഥയുടെ വ്യത്യാസങ്ങൾ അനുസരിച്ചു് നിയന്ത്രിക്കപ്പെടേണ്ടിയിരിക്കുന്ന കാർഷികവൃത്തിയിൽ വൻതോതിലുള്ള പ്രവർത്തനങ്ങൾ വലിയ വിഷമമാണു്,

ജന്മനാതന്നെ വളരെ അധികം സ്വാതന്ത്ര്യബോധത്തോടു കൂടി വളർന്നുവരുന്ന കർഷകജോലിക്കാരെ നിയന്ത്രിക്കുവാനും ഒരു വ്യവസ്ഥാപിതമായ മാർഗ്ഗത്തിൽക്കൂടി പ്രവർത്തിപ്പിക്കാനും എളുപ്പമല്ല.

ഇതുപോലെതന്നെ ചെറുതരം കൃഷിസ്ഥലങ്ങൾ സാമ്പത്തികമായ മാനദണ്ഡത്തിൽ നിന്നും പരിശോധിച്ചാൽ തീർത്തും അഭിലഷണീയമല്ല. വളരെ അധികം ശക്തിയും ജോലിയും ഈ ചെറുതരം കൃഷിസ്ഥലങ്ങളിൽ നഷ്ടപ്പെടുന്നു. ഒരേർകാളയും, ഒന്നര ഏക്കർ സ്ഥലവും "പതിമൂന്നര സെൻറും ദമ്പതവും" ബാഹ്യദൃഷ്ടിയിൽ അഭികാമ്യങ്ങളായി തോന്നുന്ന മുദ്രാവാക്യങ്ങളാണ്. എന്നാൽ ചെറുതരം കൃഷിസ്ഥലങ്ങളോട്ട് സംബന്ധിച്ചതാണ് ദാരിദ്ര്യജീവിതവും, പഞ്ഞവും. ഭാരതത്തിലെ കൃഷിക്കാരിൽ മഹാഭൂരിപക്ഷവും ഇത്തരം കൃഷിസ്ഥലങ്ങളിൽ പ്രവർത്തിച്ച് കഷ്ടിച്ചു ജീവിക്കുന്നവരാണ്. ഭാരതീയ കൃഷകൻെറ ദാരിദ്ര്യത്തിൻെറ നിദാനസ്ഥാനങ്ങൾ അവൻെറ കൃഷിസ്ഥലങ്ങളാണെന്നു പറയാവുന്നതാണ്. അപ്പോൾ ഏററവും പ്രയോജനപ്രദമായി കൃഷി ഇറക്കാവുന്ന കർഷക ഘടകം ഏതാണ് എന്നുള്ള പ്രശ്നം ഉദിക്കുന്നു. വൻകിട കൃഷിസ്ഥലങ്ങളും ചെറുതരം കൃഷിസ്ഥലങ്ങളും ഓരോ കാരണങ്ങളാൽ സ്വീകാര്യമല്ല. ഏററവും പററിയ കൃഷിസ്ഥലം, ഏതായിരിക്കണം എന്നുള്ളതിനെപ്പററി കാർവർ പറയുന്നു: "ഒരു കൃഷിക്കാരനു് അവൻെറ കുടുംബത്തിലെ ഇതര അംഗങ്ങൾക്കും മുഴുവൻ സമയവും, ശാസ്ത്രീയമായ ഉപകരണങ്ങൾ ഉപയോഗിച്ച് വേലചെയ്യുവാൻ മാത്രം സ്ഥലം ഉപയോഗിക്കുന്ന ഘടകമാണ് ഏററവും നല്ലതു്." ഈ ഘടകത്തിൻെറ വിസ്തീർണ്ണം ഭൂമിയുടെ പ്രത്യേകതകൾ അനുസരിച്ചും കൃഷിക്കാരുടെ എണ്ണം അനുസരിച്ചും കൃഷിയുടെ സ്വഭാവമനുസ

രിച്ചും വ്യത്യാസപ്പെട്ടുവരുന്നു. എല്ലാ കർഷകർക്കും ഈ മാതിരി കൃഷിസ്ഥലങ്ങൾ സ്വായത്തമായിരുന്നാൽ കർഷകവൃത്തി ആദായകരമായ ഒരു വ്യവസായമായിത്തീരും. പക്ഷേ, വർദ്ധിച്ചുവരുന്ന ഒരു ജനപദത്തെ പോറേറണ്ട ചുമതലയുള്ള രാജ്യങ്ങളിൽ ഓരോ കർഷകനും അവൻ ആഗ്രഹിക്കുന്ന അത്രയും കൃഷിസ്ഥലം ലഭിച്ചു എന്നു് വരുന്നതല്ല. ഭാരതീയ കർഷകരെ സംബന്ധിച്ചിടത്തോളം, ഏററവും പററിയ കൃഷിസ്ഥലം, എല്ലാ കർഷകക്കും, ആധുനിക പരിതഃസ്ഥിതികളിൽ ലഭിക്കുന്നതല്ല. അവൻ സ്വയംപര്യാപ്തമായ ഒരു ചെറിയ കൃഷിസ്ഥലം (Economic Holding) കൊണ്ടു് തൃപ്തനായിക്കൊള്ളും. എക്കൊണോമിക്ക് കൃഷിസ്ഥലങ്ങൾ എന്നു പറയുമ്പോൾ വിവക്ഷിക്കുന്ന അർത്ഥം, ഒരു കൃഷിക്കാരനും അവൻെറ കുടുംബത്തിനും, ചെലവിനുമാത്രം വകനൽകുവാൻ കഴിവുള്ള കൃഷിസ്ഥലം എന്നാണ്. സമ്പത്തികവീക്ഷണകോണത്തിൽ നിന്നും ഇത്തരം കൃഷിസ്ഥലങ്ങൾ പരിപൂർണ്ണമായും വിജയിക്കാൻ സാദ്ധ്യമല്ലെങ്കിലും, ഏററവും ആദായകരമാംവണ്ണം കൃഷിനടത്തുവാൻ മാത്രം വിപുലങ്ങൾ അല്ലെങ്കിലും, ആധുനിക പരിതഃസ്ഥിതികളിൽ നമ്മുടെ കർഷകനു് ഇത്രമാത്രം സ്ഥലമെങ്കിലും ലഭിച്ചിരുന്നെങ്കിൽ, അതുതന്നെ വലിയ കാര്യമാകുമായിരുന്നു. ഈ പ്രവർത്തനഘടകത്തിൻെറ വിസ്തീർണ്ണംതന്നെ ഏക്കർ കണക്കിനു് ക്ലിപ്തപ്പെടുത്തുവാൻ സാദ്ധ്യമല്ല, രാജ്യത്തിൻെറ ഫലഭൂയിഷ്ഠതയുടെ കൂടുതൽകുറവനുസരിച്ചു ഘടകത്തിൻെറ വിസ്തീർണ്ണത നിർണ്ണയിക്കേണ്ടിയിരിക്കുന്നു. സാധാരണ ഗതിയിൽ അഞ്ചേക്കർ സ്ഥലം ഒരു കർഷകകുടുംബത്തിൻെറ പരിമിതങ്ങളായ ആവശ്യങ്ങൾ നിറവേററാൻ പര്യാപ്തമാണെന്നു പറയപ്പെടുന്നു.

എന്നാൽ ഇൻഡ്യയിൽ ഏററവും യോജിച്ച കൃഷിസ്ഥലങ്ങളോ (Optimum holdings) എക്കൊണോമിക്ക് കൃഷിസ്ഥ

ലങ്ങളോ ഇന്നു് ലഭ്യമാകുന്നില്ല, നേരെമറിച്ചു് അവനും അവന്റെ കുടുംബത്തിനും കഷ്ടിച്ചു് ജീവിക്കാൻമാത്രംപോലും വിഭവങ്ങൾ അവന്റെ കൃഷിസ്ഥലങ്ങളിൽ നിന്നും ലഭിക്കുന്നില്ല.

അവന്റെ കൃഷിസ്ഥലങ്ങൾ കാലം ചെല്ലുംതോറും പിന്നെയുംപിന്നെയും ചെറുതാക്കപ്പെടുകയാണു്. അതിന്റെ ഫലമായി അവൻ ദാരിദ്ര്യത്തിൽനിന്നു് ദാരിദ്ര്യത്തിലേയ്ക്കു് താണുകൊണ്ടിരിക്കുന്നു. കൃഷിസ്ഥലങ്ങളുടെ കൂടുതലായുള്ള വിഭജനവും, തുണ്ടുതുണ്ടാക്കലും ഭാരതത്തിലെ കർഷകലോകത്തെ അഭിമുഖീകരിക്കുന്ന ഒരു സജീവപ്രശ്നമാണു്.

# 5

# വിഭജിക്കപ്പെട്ടുപോയ കൃഷിസ്ഥലങ്ങൾ

ഭാരതത്തിലെ ഭൂപ്രശ്നം അനവധി ഉപപ്രശ്നങ്ങൾ കൂടിപ്പിണഞ്ഞു് കൊടുമ്പിരിക്കൊണ്ടതാണു്. കൃഷിസ്ഥലങ്ങളുടെ വിസ്തീർണ്ണത്തെ സംബന്ധിക്കുന്ന ചില പ്രശ്നങ്ങളെപ്പററി നാം പ്രതിപാദിച്ചുകഴിഞ്ഞു. ഏററവും സ്വീകാര്യമായ ഒരു കാർഷികഘടകം (Optimum farm) നമ്മുടെ കർഷകനെ സംബന്ധിച്ചിടത്തോളം ഭാവനയിൽമാത്രം സ്ഥിതിചെയ്യുന്നു. അവന്റെ കൃഷിസ്ഥലങ്ങൾ കാലം ചെല്ലുംതോറും വിഭജിക്കപ്പെട്ടുപോവുകയാണു്. കർഷകവൃത്തിയെ ദരിദ്രരുടെ ഒരു വ്യവസായമാക്കിക്കൊണ്ടു് കൃഷിസ്ഥലങ്ങളുടെ വിഭജനവും തുണ്ടുതുണ്ടാക്കലും ഇന്നും അഭംഗമായി തുടർന്നുകൊണ്ടിരിക്കുന്നു.

ഒരു കൃഷിക്കാരൻ തൻെറ സ്ഥലത്തെ അവൻെറ അവകാശികൾക്കായി സമമായി ഭാഗിച്ചുകൊടുക്കുന്നതിനെയാണ് സാധാരണയായി വിഭജനം എന്നു പറയുന്നത്. ഈ വിഭജിക്കപ്പെട്ട ഭാഗങ്ങൾ തമ്മിൽ തമ്മിൽ ബന്ധമില്ലാതെ അങ്ങിങ്ങായി ചിതറിക്കിടക്കുന്നതിനെ കൃഷിസ്ഥലങ്ങളുടെ തുണ്ടുതുണ്ടാക്കൽ എന്നും പറയാം. ഒരു പരിധിവിട്ടുള്ള വിഭജനവും, തുണ്ടുതുണ്ടാക്കലും കർഷകവൃത്തിക്കു പല പ്രകാരത്തിൽ ഉപദ്രവകാരണമാകുന്നു.

ഭാരതത്തിലെ ഇന്നത്തെ കൃഷിസ്ഥലങ്ങളുടെ വ്യാപ്തിയേപ്പററിയും ഉടമസ്ഥാവകാശങ്ങളേപ്പററിയും, കൂലങ്കഷമായി ഒന്നു ചർച്ചചെയ്താൽ ശരാശരി ഓരോ കർഷകനും സ്വായത്തമായിരിക്കുന്ന ഭൂമിയുടെ അളവ് എത്ര പരിമിതമാണെന്നു കാണാവുന്നതാണ്. മററു രാജ്യങ്ങളിലെ സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചാൽ ഭാരതീയ കർഷകൻെറ സ്ഥിതി താരതമ്മ്യേന വളരെ മോശമാണെന്നു മനസ്സിലാക്കാം. 1951-ലെ സെൻസസ് അനുസരിച്ച് ഇൻഡ്യയിലെ വിവിധ പ്രോവിൻസുകളിൽ ഓരോ കർഷകനും, സ്വായത്തമായിരുന്ന കൃഷിസ്ഥലത്തിൻെറ വിസ്തീർണ്ണതയെപ്പററി ചില വിവരങ്ങൾ മനസ്സിലാകുന്നു. ഓരോ പ്രവിശ്യകളിലും ഓരോ കർഷകനും സ്വന്തമായിരുന്ന കൃഷിസ്ഥലത്തിൻെറ വിസ്തീർണ്ണം —

| | | |
|---|---|---|
| യൂ. പി. | 6.0 | ഏക്കർസ്ഥലം |
| മദ്രാസ് | 4.4 | ,, |
| പഞ്ചാബ് | 10.00 | ,, |
| ബീഹാർഒറീസാ | 3.1 | ,, |
| ബോംബെ | 11.7 | ,, |
| ബംഗാൾ | 4.5 | ,, |
| സി. പി. | 8.5 | ,, |
| ആസ്സാം | 3.0 | ,, |

അതേസമയംതന്നെ ചില വിദേശരാജ്യങ്ങളിലെ സ്ഥിതി വിവരക്കണക്കുകൾ ഇതിൽ നിന്നു് വിഭിന്നമായ ഒരു അവസ്ഥാവിശേഷമാണു് പ്രത്യക്ഷപ്പെടുത്തുന്നതു്.

| | | |
|---|---|---|
| ഇംഗ്ലണ്ടു് | 21.0 | ഏക്കർ |
| ജർമ്മനി | 21.5 | ,, |
| ഫ്റാൻസ് | 20.25 | ,, |
| ഡൻമാർക്കു് | 40.0 | ,, |
| അമേരിക്ക | 148.0 | ,, |
| ചൈന | 3.25 | ,, |

ഈ കണക്കുകളിൽനിന്നും മനസ്സിലാകുന്നതു് ഇൻഡ്യയിലെ കൃഷിസ്ഥലങ്ങളുടെ വിസ്തീർണ്ണം പ്രായേണ പരിമിതമാണെന്നാണു്. ഈ പരിമിതമായ സ്ഥലംതന്നെ പല ഭാഗങ്ങളിലായി ചിതറിക്കിടക്കുകയാണു്. രാജകീയ കാർഷികാന്വേഷണക്കമ്മററി അവരുടെ റിപ്പോർട്ടിൻെറ ഒരു ഭാഗത്തു് ചൂണ്ടിക്കാണിക്കുന്നതു്, പഞ്ചാബിൽ ഒരു കൃഷികൻെറ സ്ഥലങ്ങൾ 200 പ്രദേശങ്ങളിലായി ചിതറിക്കിടക്കുന്നു എന്നാണു്. മററു പല സാമ്പത്തിക നിരീക്ഷകരും ഈ നിഗമനത്തിൽ തന്നെയാണു് എത്തിച്ചേർന്നിരിക്കുന്നതു്. ഈ കണക്കുകളും, കണ്ടുപിടിത്തങ്ങളും എല്ലാംതന്നെ പൂർണ്ണമായും ശരിയായിട്ടുള്ളതല്ലെങ്കിലും അവ ഇന്നത്തെ അവസ്ഥാവിശേഷങ്ങളെപ്പററി ഒരു വ്യക്തമായ സൂചനയാണു് നൽകുന്നതു്.

ഈ വിഷയം സംബന്ധിച്ചു് ഉണ്ടായ ഒരു കേസിൽ വിധി പ്രസ്താവിച്ചുകൊണ്ടു് മദ്രാസ് ഹൈക്കോടതിയിലെ ബഹു: ജഡ്ജി, 1949 സെപ്റ്റംബർ ആറാംതീയതിചെയ്ത ഒരു പ്രസ്താവന ഇത്തരുണത്തിൽ സവിശേഷം ശ്രദ്ധേയമാണു്. "ഇവിടെ വിസ്തരിക്കപ്പെട്ട ഈ അപ്പീലിൽ ഗ്രാമീണ സാമ്പത്തിക ഭദ്രതയെ കാര്യമായി ബാധിക്കുന്ന ഒരു പ്രശ്നം (കൃഷിസ്ഥലങ്ങളുടെ വിഭജനവും, തുണ്ടുതുണ്ടാക്കലും) ഉന്നയി

ക്കപ്പെട്ടിട്ടുണ്ടു്. ചെങ്കൽപ്പെട്ടു് താലൂക്കിൽ ഉൾപ്പെടുന്ന ഒരു വീടിൻെറ വിഭജനത്തിൽ അവകാശികൾ തമ്മിൽ ഉണ്ടായിട്ടുള്ള അഭിപ്രായവ്യത്യാസങ്ങളാണു് വിവാദവിഷയം. വീടിനെ വെട്ടിമുറിച്ചു് വിഭജിക്കുന്നതിൽ കക്ഷികൾതമ്മിൽ അഭിപ്രായഭിന്നത ഉള്ളതായികാണുന്നു. വിവാദവിഷയമായ ഭവനത്തോടു് അനുബന്ധിച്ചുള്ള ഭൂമി, അഞ്ചു പ്രത്യേകസ്ഥലങ്ങളായി കിടക്കുന്ന 107 ഏക്കർ ഭൂമി ആണു്. വീടിനെ തുണ്ടാക്കി വിഭജിക്കുക പ്രായോഗികമല്ല. നടന്നു കഴിഞ്ഞ ഭൂമിയുടെ വിഭജനം തന്നെ സാമ്പത്തികാടിസ്ഥാനത്തിൽ നീതീകരിക്കത്തക്കതോ, അനുകൂലാർഹമോ അല്ലെന്നു തീർത്തു പറയാം വിവിധകക്ഷികൾ തമ്മിൽ ഒരു ഒത്തുതീർപ്പുണ്ടാക്കുവാനുള്ള എൻെറ എല്ലാ ശ്രമങ്ങളും വിഫലമാവുകയാണുണ്ടായതു്.

എൻെറ അഭിപ്രായത്തിൽ ഈ കേസ്സിലെ കക്ഷികൾ ഗ്രാമീണസാമ്പത്തിക ശാസ്ത്രത്തിൻെറ ആദിപാഠങ്ങൾപോലും മനസ്സിലാക്കുവാൻ ശക്തി ഉള്ളവർ അല്ല, അവരുടെ ഭാഗം വാദിച്ച അഭിഭാഷകർക്കും, അവരുടെ കക്ഷികളുടെ ദീർഘകാല ആവശ്യങ്ങളെ മനസ്സിലാക്കുവാൻ കഴിഞ്ഞില്ലെന്നു പറയേണ്ടിയിരിക്കുന്നു. അറിവില്ലാത്ത കർഷകരുടെ അതതു സമയത്തെ മാനസിക വ്യാപാരങ്ങൾ അനുസരിച്ചു് കൃഷിസ്ഥലങ്ങൾ ഇപ്രകാരം വിഭജിക്കപ്പെട്ടുപോകാതിരിക്കാൻ രാഷ്ട്രം വേണ്ട നിയമങ്ങൾ ഉടനടി നടപ്പിലാക്കേണ്ടതാണു്. സാമ്പത്തികമായും രാഷ്ട്രീയമായും, സാമുദായികമായും നീതികരിക്കാൻ നിവൃത്തിയില്ലാത്ത ഇത്തരം അനേകം വിഭജനങ്ങൾ നിയമത്തിൻെറ ഇന്നത്തെ നിലയിൽ, പ്രതിദിനമെന്നോണം, കോടതികളിൽക്കൂടി ശരിവെപ്പിച്ചു്പോരുന്നുണ്ടെന്നുള്ളതു ദയനീയമായ ഒരു പരമാർത്ഥം മാത്രമാണു."

ഭാരതത്തിലെ കൃഷിസ്ഥലങ്ങൾ ഇങ്ങനെ വിഭജിക്കപ്പെട്ടു് പോകാനുള്ള കാരണങ്ങൾ പലതാണു്. ഇവിടെ

032·D
203972
X9J::2:N5
32J6
UNIVERSITY LIBRARY 17 MAR 1964



നിലവിലിരിക്കുന്ന പിൻതുടർച്ചാവകാശനിയമം അനുസരിച്ച് പിതാവിന്റെ സമ്പത്തുകൾ അയാളുടെ സന്താനങ്ങൾക്ക് സമമായി വിഭജിച്ചു കൊടുക്കേണ്ടിയിരിക്കുന്നു. എല്ലാം അവകാശികൾക്കും നല്ലതും ചീത്തയും ആയ സ്ഥലങ്ങൾ ലഭിക്കത്തക്കതുപോലെ ആണു് ഈ വിഭജനം നിർവ്വഹിക്കപ്പെടുന്നതു്. അതിന്റെ ഫലമായി കൃഷിസ്ഥലങ്ങൾ വിഭജിക്കപ്പെടുക മാത്രമല്ല, തുണ്ടുതുണ്ടാക്കപ്പെടുകകൂടി ചെയ്യപ്പെടുന്നു എന്നാൽ പിൻതുടർച്ചാവകാശനിയമത്തിന്റെ ഈ പ്രത്യേകതയ്ക്കു് കണക്കിലധികം പ്രാധാന്യം നൽകേണ്ട ആവശ്യമില്ല. ഈ നിയമം പല ശതാബ്ദങ്ങളായി ഭാരതത്തിൽ നിലവിലിരുന്നുവരുന്നതാണു്. എന്നാൽകൃഷിസ്ഥലങ്ങളുടെ വിഭജനവും, തുണ്ടുതുണ്ടാക്കലും, ഇത്രയും ഗൗരവാവഹമായ രൂപം സ്വീകരിച്ചതു് ഈ ആധുനിക കാലത്തുമാത്രമാണു്. അതുകൊണ്ടു് കൃഷിസ്ഥലങ്ങളുടെ വിഭജനത്തിനുള്ള കാരണങ്ങൾ മററന്തെങ്കിലുംകൂടി ആയിരിക്കണം.

ബ്രിട്ടീഷ് ഭരണത്തോടുകൂടി പ്രവൃദ്ധമാക്കപ്പെട്ട വ്യക്തിത്വം, അനുദിനം വർദ്ധിച്ചുവന്ന ഒരു ജനപദം, കുടിൽവ്യവസായങ്ങളുടെ നാശം, വ്യവസായീകരണത്തിന്റെ തീർത്തും മന്ദഗതിയിലുള്ള പുരോഗമനം, തുടങ്ങിയ വസ്തുതകളാണു് പരമാർത്ഥത്തിൽ കൃഷിഭൂമികളെ ചെറിയചെറിയ തുണ്ടുകളാക്കി ചിതറിച്ചുകളഞ്ഞതു്. വർദ്ധിച്ചുവന്ന ജനങ്ങൾ അവരുടെ ജീവസന്ധാരണത്തിനായി വികസിച്ചുകൊണ്ടിരുന്ന വ്യവസായങ്ങളിലേയ്ക്കു നിയുക്തമായിരുന്നെങ്കിൽ, ഇന്നത്തെ ഈ അവസ്ഥയിലേയ്ക്കു കൃഷിസ്ഥലങ്ങൾ വഴുതി വീഴുക ഇല്ലായിരുന്നു, പരമാർത്ഥത്തിൽ ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്നതു് എന്താണു്? നാട്ടിൻപുറങ്ങളിൽ ഉണ്ടായിരുന്ന ചുരുക്കം ചില വ്യവസായങ്ങൾതന്നെ, ഒരു കാരണം അല്ലെങ്കിൽ മററൊരു കാരണംകൊണ്ടു് പ്രവർത്തനയോഗ്യമല്ലാതായി തീർന്നി

രിക്കുകയാണു്. അപ്പോൾ ഓരോരുത്തനും അവൻെറ "പതിമൂന്നരസെൻറിൽ"തന്നെ കഴിയേണ്ടിവരുന്നു. വിഭജനം ചില അവസരങ്ങളിൽ സാമാന്യബുദ്ധികളുടെ പരിധികളെപ്പോലും അതിലംഘിച്ചു്, ഏത്രയും അവഹേളനാപരമായ തരത്തിൽ നടത്തിയിട്ടുള്ളതായി കാണാം. രാജകീയ കാർഷിക കമ്മീഷൻെറ റിപ്പോർട്ടിൽ ഒരുഭാഗത്തു് ഇപ്രകാരം പറഞ്ഞിട്ടുണ്ടു്: "സഹോദരർ അവരുടെ രക്തബന്ധത്തെതന്നെ വിസ്മരിച്ചു് മരക്കൊമ്പിൽ ഇരിക്കുന്ന തേൻകൂടിൻെറയും ഇടവഴിയിൽ വിലക്കുന്ന വൃക്ഷത്തിൻെറ തണലിൻെറയും, വിഭജനത്തിൽ പോലും, അസഹിഷ്ണുത പ്രകടിപ്പിച്ചു്, വഴക്കടിച്ചു്, കോടതി കയറി, അനേക കഷ്ടനഷ്ടങ്ങൾ സഹിച്ചിട്ടുള്ള സംഭവങ്ങളും, ഉണ്ടായിട്ടുള്ളതായി അനുഭവസ്ഥന്മാർ വിവരിക്കുന്നു." "സകലതും പങ്കുവെയ്ക്കപ്പെടുന്നു. വീടുകൾ, വീട്ടുസാമാനങ്ങൾ, സ്ഥലങ്ങൾ, ജോലിക്കാർ, കുളങ്ങൾ, ചിലപ്പോൾ വൃക്ഷങ്ങളും."

കൂരിരുട്ടത്തും കൊള്ളിയാൻ പ്രകാശിക്കാറുണ്ടു്. അതുപോലെ ഉപദ്രവകാരിയായ ഈ വിഭജനത്തിനും, ചില നല്ല വശങ്ങൾ ഇല്ലാതില്ല. സർപ്പത്താൻെറ നെറ്റിത്തടത്തിൽ മാണിക്കം കാണാറുള്ളതുപോലെ ചില സീമകൾക്കുള്ളിൽ മാത്രം നടത്തപ്പെടുകയാണെങ്കിൽ വിഭജനം സമ്പത്തിൻെറ വിതരണത്തെ സഹായിക്കുകയും, ഭൂമി പുരുക്കം ചില വ്യക്തികളുടെ നിയന്ത്രണത്തിനു് വിധേയമാകുവാൻ ഇടയാക്കാതിരിക്കുകയും ചെയ്യുന്നു. അപ്രകാരം തന്നെ ഓരോ കർഷകനും അവനു് സ്വന്തമായി ഭൂമി ലഭിക്കുന്നതായാൽ, ആ സ്ഥലത്തു് കൃഷി ചെയ്യുവാൻ സ്വാഭാവികമായി കൂടുതൽ ഉത്സാഹം ഉണ്ടാകുന്നതാണു്.

എന്നാൽ ഭാരതത്തെ സംബന്ധിച്ചേടത്തോളം, വിഭജനം ഏററവും അർത്ഥശൂന്യമായ രീതിയിൽ മുൻപോട്ടു പോ

വുകയാണ്. വിഭജനം ഭാരതത്തിലെ കർഷകരെയും, രാജ്യത്തിന്റെ ആകെക്കൂടി ഉള്ള കാർഷിക സമ്പത്തിനേയും ഒരു തരത്തിലും, സഹായിക്കുകയോ വർദ്ധിപ്പിക്കുകയോ ചെയ്യുന്നില്ല. നമ്മുടെ കർഷകന്റെ കൃഷിസ്ഥലങ്ങളുടെ വിസ്തൃതി ചുരുങ്ങിച്ചുരുങ്ങി, അവന്റെ ജീവസന്ധാരണത്തിനു് ആവശ്യമായ വക നൽകാൻകൂടി അവയ്ക്കു് കഴിയാതായിത്തീർന്നിട്ടുണ്ടു്".

കൃഷിസ്ഥലങ്ങളുടെ വിസ്തീർണ്ണം കുറയുംതോറും, കൃഷിച്ചെലവു് താരതമ്യേന വർദ്ധിക്കുന്നു. ആദായം കാര്യമായി കുറയുന്നുണ്ടെങ്കിലും, അവന്റെ ചെലവുകൾ പഴയതുപോലെ തുടരുകയാണു്. അവന്റെ കുടുംബ ആവശ്യങ്ങളിൽ ഒരു വ്യതിയാനവും വരുന്നില്ല. കാളകളുടെ എണ്ണത്തിലും, കാർഷികായുധങ്ങളുടെ നിർമ്മാണത്തിലും, അവനു് വലിയ ലാഭമൊന്നും കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണക്കുറവുകൊണ്ടു് ലഭിക്കുന്നില്ല. കൂടാതെ എന്തെങ്കിലും ശാസ്ത്രീയമായ പരിഷ്കാരങ്ങൾ അവന്റെ ചെറിയ കൃഷിസ്ഥലങ്ങളിൽ ഒട്ടും പ്രായോഗികമല്ലതാനും. അതായതു കൃഷിസ്ഥലത്തിന്റെ വലിപ്പം കുറയുന്നതോടുകൂടി അവന്റെ ആദായത്തിൽ കാര്യമായ കുറവു് ഉണ്ടാകുന്നെങ്കിലും, അവന്റെ ആവശ്യങ്ങളും, ചെലവുകളും മിക്കവാറും പഴയതുതന്നെ ആണു്.

ഭാരതത്തിൽ ആകെക്കൂടി പരിശോധിച്ചാൽ കൃഷിചെയ്യപ്പെടാവുന്ന സ്ഥലങ്ങളിൽ ആറുശതമാനം സ്ഥലം തീർത്തു് ചെറിയ തുണ്ടുകളായി, കൃഷിക്കുപയുക്തമല്ലാതേയും, ഒരു ശതമാനം സ്ഥലം വരമ്പുകൾക്കും, അതിരുകൾക്കും, വേലികൾക്കും ആയും നഷ്ടപ്പെട്ടിട്ടുണ്ടെന്നു് കാണാം. അതിരുകൾ നിർണ്ണയിക്കുന്നതിനായി സാധാരണ വളർത്താറുള്ള കാട്ടുചെടികൾ, കൃഷിസ്ഥലങ്ങളിൽനിന്നു് വളരെ അധികം വളം വലിച്ചെടുത്തു് ഉപയോഗിക്കുന്നുണ്ടെന്നു് കൃഷിവിദഗ്ദ്ധ

ന്മാർ അഭിപ്രായപ്പെടുന്നു. കൊല്ലംതോറുമുള്ള വേലികെട്ടലും വരമ്പുപുതുക്കലും, കർഷകൻെറ വളരെ അധികസമയവും, പണവും നഷ്ടപ്പെടുത്തുന്നു.

നമ്മുടെ നാട്ടിലെ ഏതൊരു ഗ്രാമീണ പുനരുദ്ധാരണ പദ്ധതിക്കും മുന്നോടിയായി ആരംഭിക്കേണ്ടതു് കൃഷിപരിഷ്ക്കരണമാണ്. എന്നാൽ കൃഷിപരിഷ്ക്കരണം സാദ്ധ്യമാകണമെങ്കിൽ ഛിന്നഭിന്നമാക്കപ്പെട്ടുപോയ കൃഷിസ്ഥലങ്ങൾ ഏകീകരിക്കപ്പെടണം. ഇനിയും ഉണ്ടായേക്കാവുന്ന കൃഷിസ്ഥലവിഭജനം നിരോധിക്കുകയും വേണം.

ഭാരതത്തെ ഇന്നു് അഭിമുഖീകരിക്കുന്ന അതേ പ്രശ്നം തന്നെ മററു പല രാജ്യങ്ങളേയും ഒരിക്കൽ അല്ലെങ്കിൽ മറെറാരിക്കൽ വിഷമിപ്പിച്ചിട്ടുണ്ടു്. ആ രാജ്യങ്ങൾ എല്ലാം തന്നെ കർഷകഭൂമികളുടെ നിർബ്ബന്ധിതമായ ഏകീകരണം കൊണ്ടാണു് ഈ പ്രശ്നത്തിനു പരിഹാരം കണ്ടുപിടിച്ചിട്ടുള്ളതു്. ഈ വിഷയത്തിൽ ജപ്പാൻ നൽകുന്ന പാഠം ഭാരതത്തിനു് സവിശേഷം ശ്രദ്ധേയമാണ്. നിർബന്ധിതമായ ഏകീകരണം കൃഷിസ്ഥലങ്ങൾ, കൂടുതൽ ഛിന്നഭിന്നമാകുന്നതിനെ പ്രതിരോധിക്കുക, കൃഷിഭൂമികളുടെ പുനഃസംഘടന ആദിയായവ നടപ്പിലാക്കുന്നതിനു വേണ്ട അധികാരം രാഷ്ട്രത്തിനു നൽകുന്ന നിയമങ്ങൾ ജപ്പാനിൽ ഉണ്ടായിരുന്നു. ഏകദേശം ഇപ്രകാരമുള്ള നിയമങ്ങൾ ബൽജിയം, സ്വിററ്സർലാൻഡ് തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിലും, പാസ്സാക്കപ്പെട്ടു. ജപ്പാനിൽമാത്രം ഒന്നര മില്ല്യൻ ഏക്കർ സ്ഥലം, ഈ നിയമനിർമ്മാണംമൂലം പുനഃസംവിധാനം ചെയ്യപ്പെട്ടിട്ടുണ്ടു്.

ഇൻഡ്യയിലെ സ്ഥിതി പരിശോധിച്ചാൽ ഗവർമ്മെൻറിൻെറ നിർബ്ബന്ധപൂർവ്വമായ ഇടപെടീൽ, ഇക്കാര്യത്തിൽ

ആവശ്യമാണെന്നു് മനസ്സിലാക്കാം. വാല്യാഭ്യാസമില്ലാത്ത കർഷകരുടെ കയ്യിൽ പെന്നുചേന്നിരിക്കുന്ന ചെറിയ കൃഷിഭൂമികറം വീണ്ടും വീണ്ടും വിഭജിക്കപ്പെട്ടുപോകാതിരിക്കാനും, ഇപ്പോഠംത്തന്നെ പ്രവത്തനയോഗ്യമല്ലാത്ത വിധത്തിൽ, ചിതറിപ്പായ കൃഷിസ്ഥലങ്ങളെ പുനസംഘടിപ്പിക്കാനും ഗവർമ്മെൻറിൻെറ ശക്തിമത്തായ സഹായവും, നേതൃത്വവും ആവശ്യമാണു്.

ഛിന്നഭിന്നമാക്കപ്പെട്ടുപായ കൃഷിഭൂമികളെ പുനഃസംഘടിപ്പിക്കുവാൻ ഗവമ്മെൻറു് കുറെയെല്ലാം ശ്രമിച്ചിട്ടുണ്ടു്. പല പ്രദേശങ്ങളിലായി ചിതറിക്കിടക്കുന്ന കൃഷിഭൂമികളിലെ ഉടമസ്ഥന്മാരെ, തമ്മിൽ യോജിപ്പിച്ചു് അവരുടെ കൃഷിഭൂമികറം തമ്മിൽ കൈമാററം നടത്തി സാമാന്യം വലിയ കൃഷിസ്ഥലങ്ങളായി ഓരോരുത്തക്കം ലഭിക്കാൻ ഇടയാക്കുന്ന പരിപാടിയാണു് ഗവർമ്മെൻറിൽനിന്നും സ്വീകരിച്ചിരിക്കുന്നതു്. സഹകരണ സംഘങ്ങളിൽക്കൂടി ഈ മാർഗ്ഗത്തിൽ വളരെ അധികം പുരോഗമിക്കാൻ ഗവർമ്മെൻറിനു് കഴിഞ്ഞിട്ടുണ്ടു്. പഞ്ചാബിലെ കനാൽ കോളനികളിലാണു് ഈ പരീക്ഷണം വളരെ വിജയപ്രദമായതു്. പഞ്ചാബിലെ ഈ വിജയം മററു സംസ്ഥാനങ്ങറംക്കു പ്രചോദനവും നേതൃത്വവുംനൽകുന്നു.

കൃഷിഭൂമിയുടെ പുനഃസംഘടനയ്ക്കായി പഞ്ചാബിൽ സഹകരണസംഘങ്ങറം സ്ഥാപിതമായി. സഹകരണ പ്രവത്തകർ ഗ്രാമങ്ങളിൽ സഞ്ചരിച്ചു് കൃഷിസ്ഥലങ്ങളുടെ പുനഃസംഘടനയുടെ പ്രയോജനങ്ങളെ കൃഷിക്കാരെ മനസ്സിലാക്കി. ഒരു സ്ഥലത്തെ ആളുകറം എല്ലാം പുനഃസംഘടനയെ അനുകൂലിക്കുവാൻ തയാറാണെങ്കിൽ സഹകരണ സംഘം ഉദ്യോഗസ്ഥൻ ഒരു പ്ലാൻ തയാറാക്കും. പലഭാഗത്തായി കിടക്കുന്ന ഓരോരുത്തരുടേയും കൃഷിസ്ഥലങ്ങറം ഒരുമിപ്പിച്ചു് ഒരു ഘടകമായി തീരത്തക്കവണ്ണം ആയിരിക്കും ആ

പദ്ധതി. ഇവയെല്ലാം എല്ലാവരുടേയും പൂർണ്ണമായ സമ്മതത്തോടുകൂടിമാത്രം നിർവ്വഹിക്കപ്പെട്ടുപോന്നു. ഒന്നോ രണ്ടോ വ്യക്തികളുടെ എതിർപ്പിന് ഈ പ്രവർത്തനങ്ങളെ മുഴുവൻ സ്തംഭിപ്പിക്കുവാൻ കഴിയുമായിരുന്നു. എന്നാൽ ഗവർമ്മെൻറ് സഹകരണസംഘങ്ങളുടെ പ്രവർത്തനത്തെ സഹായിക്കാനായി "കൺസോളിഡേഷൻ ഓഫ് ഹോൾഡിംഗ്സ് ആക്ട്" പാസാക്കി. ഈ പുതിയ നിയമപ്രകാരം, ഒരു പ്രദേശത്തെ ഭൂരിപക്ഷം ഭൂഉടമകളുടെ, അഭിപ്രായം അനുസരിച്ച് കൃഷിസ്ഥലം പുനഃസംഘടന നടത്തുവാൻ സഹകരണസംഘങ്ങൾക്ക് അനുവാദംലഭിച്ചു. 1921-ൽ ആരംഭിച്ച ഈ പ്രസ്ഥാനം 1942 ആയപ്പോഴേയ്ക്കും സുശക്തമായ ഒരുനിലയെ പ്രാപിച്ചിരുന്നു. പഞ്ചാബിൽ ഇതിനകം ഇരുപതു് ലക്ഷത്തിൽപരം ഏക്കർ കൃഷിസ്ഥലങ്ങൾ പുനഃസംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടു്. ഈ പുനസ്സംഘടന അനുഭവത്തിൽ കർഷകർക്ക് വളരെ അനുഗ്രഹപ്രദമായിരുന്നു. പഞ്ചാബിൽ സ്വീകരിക്കപ്പെട്ട പരിപാടിതന്നെ, പ്രാദേശിക പരിതഃസ്ഥിതികൾക്കനുസരണമായ ചുരുക്കം ചില വ്യതിയാനങ്ങളോടുകൂടി മററു സംസ്ഥാനങ്ങളിലും സ്വീകരിക്കപ്പെട്ടു. സെൻട്രൽ പ്രോവിൻസ്, യുണൈററഡ് പ്രോവിൻസ് തുടങ്ങിയ സംസ്ഥാനങ്ങളിലും ഓരോ "കൺസോളിഡേഷൻ ഓഫ് ഹോൾഡിങ്ങ്സ് ആക്ട്" പാസാക്കപ്പെട്ടു. ബോംബെ ഗവർമ്മെൻറും ഏറെക്കുറെ ഇതേ നയംതന്നെയാണ് സ്വീകരിച്ചതു്. വിശദാംശങ്ങളിൽ കുറെയെല്ലാം വ്യത്യാസങ്ങൾ ഉണ്ടായിരുന്നെങ്കിലും, തത്വത്തിൽ വിവിധസംസ്ഥാനങ്ങളിലെ നിയമനിർമ്മാണം ഏറെക്കുറെ ഒരേ വിധത്തിലുള്ളവ ആയിരുന്നു. ഭൂരിപക്ഷം കർഷകരുടെ ആഗ്രഹമനുസരിച്ച് ന്യൂനപക്ഷീയരായ എതിരാളികളെ നിർബന്ധിച്ചു്, കൃഷിസ്ഥലം പുനഃസംഘടന നടത്തുന്നതിന്, വിദഗ്ദ്ധന്മാരായ ഉദ്യോഗസ്ഥന്മാരുടെ സഹായം കർഷകർക്കുനൽകുക എന്നു

ള്ളതായിരുന്നു, ഈ വിഷയത്തിലുള്ള എല്ലാം നിയമനിർമ്മാണത്തിൻേറയും ഉദ്ദേശം.

മദ്രാസ് പ്രവിശ്യയിൽ 1911 മുതൽ തന്നെ കൃഷിഭൂമികളുടെ വിഭജനത്തിന് എതിരായി അധികാരികൾ, നടപടികൾ ആരംഭിച്ചതാണ്. ഗവർമ്മെൻറിൻെറ സഹായത്തോടുകൂടി സഹകാര്യസ്ഥാപനങ്ങളാണ് ഈ വിഷയത്തിൽ ആദ്യമായി പ്രവത്തിച്ചത്. എന്നാൽ അവയിൽ ഒന്നിനും തന്നെ വിജയപൂർവം പ്രവത്തിക്കുവാൻ കഴിഞ്ഞില്ല. കാര്യമായ പ്രവത്തനങ്ങൾ ഒന്നും ചെയ്യാൻ കഴിവില്ലാത്ത 13 സഹകരണസംഘങ്ങൾ ഇന്നും മദ്രാസിൽ, കൃഷിഭൂമിയുടെ പുനഃസംഘടനയ്ക്കുവേണ്ടി അവശേഷിച്ചിട്ടുണ്ട്. രാജകീയകാർഷികാന്വേഷണകമ്മററിയുടെ ശുപാശ്അനുസരിച്ച് മദ്രാസ് ഗവർമ്മെൻറ് നിയമിച്ച ഒരു ഭൂനയകമ്മററി കൃഷിസ്ഥലങ്ങളുടെ നിർബന്ധിത പുനഃസംഘടന ആവശ്യമില്ലെന്നാണ് അഭിപ്രായപ്പെട്ടത്. ടൗൺസെൻഡ് കമ്മററിയും ഈ അഭിപ്രായത്തോട് യോജിക്കുകയാണ് ഉണ്ടായത്. തെക്കേഇൻഡ്യയിലെ ചില ഗ്രാമങ്ങളിൽ ചില അന്വേഷണങ്ങൾ നടത്തിയ ശ്രീ പി. ജെ. തോമ്മസും, ശ്രീ. കെ. സി. രാമകൃഷ്ണനും അഭിപ്രായപ്പെട്ടത് കൃഷിസ്ഥലങ്ങളുടെ വിസ്തീർണ്ണം പ്രതിവഷം ചുരുങ്ങിവരുകയാണെന്നാണ്. ഏതായാലും മദ്രാസ് ഗവർമ്മെൻറ് കർഷകഭൂമികളുടെ പുനഃസംഘടനാകാര്യത്തിൽ ശക്തിയായ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

ഭാരതത്തിലെ ആകെക്കൂടിയുള്ള അനുഭവങ്ങളുടെ വെളിച്ചത്തിൽ നമുക്ക് ഒരു കാര്യം മനസ്സിലാക്കുവാൻ കഴിയും. കൃഷിഭൂമിയുടെ തുടരെത്തുടരെ ഉണ്ടാകുന്ന വിഭജനങ്ങളെ തടയാൻ ഗവണ്മെൻറ് ശക്തമായ ഒരു നിയമവും, അഖിലേന്ത്യാവ്യാപകമായ രീതിയിൽ നടപ്പിലാക്കിയിട്ടില്ല. കൃഷി ലാഭകരമായ ഒരു വ്യവസായമായി വളൻവരണമെങ്കിൽ, സാമാന്യം

വലിയ ഓരോ പ്രവൎത്തകഘടകങ്ങൾ ഓരോ കർഷകനും ലഭി ക്കണം. കൃഷിസ്ഥലങ്ങളുടെ വിസ്തീൎണ്ണം ഒരു ക്ലിപ്തപരിധി യിൽ കുറയുവാൻ ഇടയാകരുതു്. സ്വകാൎയ്യസമ്പത്തിലും വ്യക്തികളുടെ സ്വാതന്ത്ര്യത്തിലും ഉള്ള ഒരു കൈകടത്തലായി രിക്കും ഇപ്രകാരം ഒരു നിയമനിർമ്മാണമെങ്കിലും, രാജ്യത്തി ൻെറ ആകെക്കൂടിയുള്ള സാമ്പത്തികോൽക്കൎഷത്തിനായി അത്ര മാത്രം വ്യക്തിസ്വാതന്ത്ര്യങ്ങൾ നിഹനിക്കപ്പെട്ടാലും അതു് ക്ഷന്തവ്യമാണു്.

ആദ്യമായി വിജയപൂർവം കൃഷി നടത്തുവാൻ കഴിയുന്ന ഒരു പ്രവൎത്തകഘടകം കണ്ടുപിടിക്കുക. അതിൻെറ വിസ്തീ ൎണ്ണത ക്ലിപ്തപ്പെടുത്തി, കൃഷിസ്ഥലങ്ങൾ മേലാൽ ഈ ക്ലിപ്ത വിസ്തീൎണ്ണതയിൽ കുറയുവാൻ ഇടയാകുന്ന എല്ലാ വിഭജന ങ്ങളും നിരോധിക്കുവാൻ ഗവൎമ്മെൻറു് തയാറാകണം. പക്ഷേ ഇപ്രകാരം ഒരു നിയമം നടപ്പിലാകണമെങ്കിൽ നമ്മുടെ വ്യവ സായങ്ങൾ വികസിപ്പിക്കപ്പെടണം. കൃഷി ചെയ്യുവാൻ സ്ഥലമില്ലാതെ പുറംതള്ളപ്പെടുന്ന കൃഷിക്കാരുടെ പുത്രന്മാൎക്കും വികസിച്ചുവരുന്ന വ്യവസായങ്ങളിൽ ജോലി ലഭിക്കത്തക്ക പരിതഃസ്ഥിതികൾ നേരത്തേ സൃഷ്ടിച്ചതിനുശേഷം മാത്രമേ ഈ നിയമം പാസാക്കപ്പെടാവൂ, പിതാവിൻെറ സ്വത്തിൽ ഒരു ഭാഗത്തിനു് ന്യായമായി തനിക്കുള്ള അവകാശം നഷ്ടപ്പെ ടുന്നതിനു് പ്രതിഫലമായി ആ പുത്രനു് പണം കൊടുക്കേണ്ടി യിരിക്കുന്നു. പിതാവിൻെറ സമ്പത്തിനു പൂൎണ്ണമായും അവ കാശിയാകുന്ന പുത്രൻവേണം ആ തുക കൊടുക്കുവാൻ. സാധാരണഗതിയിൽ അവനു് അതു് കഴിയാതെവരുമ്പോൾ ദീർഘകാലവായ്പകൾകൊണ്ടു് അവനെ സഹായിക്കാൻ സഹകരണ ഭൂസ്വത്തുജാമ്യബാങ്കുകൾ ധാരാളം ഉണ്ടാകണം. ഈ കാൎയ്യങ്ങൾ ആദ്യംതന്നെ നടപ്പിലാക്കിയതിനുശേഷംമാ ത്രമേ കൃഷിഭൂമികളുടെ വിഭജനം നിരോധിക്കുവാൻ സാധിക്കൂ.

ഇപ്പോഠംതന്നെ തുണ്ടുതുണ്ടാക്കപ്പെട്ടിരിക്കുന്ന കൃഷിഭൂമികളുടെ പുനഃസംഘടനവും, നമ്മുടെ കാര്യമായ ശ്രദ്ധയെ ആകർഷിക്കുന്ന പ്രായോഗികമായ എല്ലാ മാർഗ്ഗങ്ങളും, സ്വീകരിച്ച് കൃഷിസ്ഥലങ്ങളുടെ പുനഃസംഘടന സാദ്ധ്യമാക്കണം. ഇൻഡ്യയുടെ ഇന്നത്തെ പരിതഃസ്ഥിതികളിൽ തീവ്രമായ എന്തെങ്കിലും, നടപടികഠം സ്വാഗതാർഹമായിരിക്കുകയില്ല ശരിയായ പ്രചരണംകൊണ്ട് പൊതുജന ആനുകൂല്യം സമ്പാദിച്ചിട്ടുവേണം ഇത്തരം പദ്ധതികഠം നടപ്പിലാക്കാൻ. ഒരു പ്രദേശത്തെ കർഷകരിൽ ഭൂരിഭാഗവും പുനഃസംഘടനാപദ്ധതികളെ അനുകൂലിക്കുന്നവരാണെങ്കിൽ ന്യൂനപക്ഷീയരെക്കൂടി ആ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിൽ വലിയ എതിർപ്പ് ഉണ്ടാവുകയില്ല. ഈ തത്വം പഞ്ചാബിലും, യുനൈറ്റഡ് പ്രോവിൻസിലും, സെൻട്രൽ പ്രോവിൻസിലും സ്വീകരിച്ചുകഴിഞ്ഞു. അവിടെയെല്ലാം അത് സാമാന്യം വിജയപ്രദവുമായിരുന്നു.

ആവശ്യത്തിനുമാത്രം വിസ്തീർണ്ണമുള്ള കൃഷിസ്ഥലങ്ങഠം കർഷകനു ലഭിക്കുക എന്നുള്ളത്, കാർഷികസമുദ്ധാരണത്തിനു് അവശ്യം ആവശ്യമാണ്. കൃഷിസ്ഥലങ്ങളുടെ വിഭജനവും, തുണ്ടുതുണ്ടാക്കലും, നിരോധിക്കപ്പെട്ടാൽ അതുതന്നെ ഒരു വലിയ കാര്യമാണ്. കൃഷിസ്ഥലങ്ങഠം ഒരു ക്ലിപ്തവിസ്തീർണ്ണതയിൽ കുറയുവാൻ പാടില്ലാത്ത പരിതഃസ്ഥിതി സംസ്ഥമായാൽ മാത്രമേ കാർഷികോന്നമനം സുസാദ്ധ്യമാകൂ. കൃഷിപരിഷ്ക്കരണം ഈ പരിവർത്തനങ്ങഠം കൊണ്ടുമാത്രം പൂർണ്ണമാവുകയില്ലെങ്കിലും, ആ വഴിയിൽ കൂടിയുള്ള പുരോഗമനത്തിനു് അവ വളരെ അധികം ഉപകരിക്കും.

# 6

# ഭൂഉടമ

പ്രകൃതിയുടെ ഒരു സമ്മാനമാണ് ഭൂമി. ആദിയിൽ ആർക്കും ഭൂമിയിൽ ഒരു പ്രത്യേക അവകാശവും ഇല്ലായിരുന്നു. കാലക്രമത്തിൽ ജനസംഖ്യ വർദ്ധിച്ചതോടുകൂടി, ഗവർമ്മെൻറുകൾ സ്ഥാപിതമാവുകയും, ഭൂമി ഓരോ വ്യക്തികളുടെ സ്വായത്തമാവുകയും ചെയ്തു. അങ്ങിനെ മാനവകുലത്തിൻെറ പൊതുമുതലായിരുന്ന ഭൂമി ചുരുക്കം ചില വ്യക്തികളുടേയും, കുടുംബങ്ങളുടേയും സ്വന്തമായി മാറി. ഭരണകൂടങ്ങൾ ഈ കയ്യേററത്തെ ശരിവെച്ചു. പിന്നീട് പിൻതുടർച്ചാവകാശം വഴി ഓരോരുത്തരും ഭൂമിയുടെ ഉടമസ്ഥന്മാരായി തുടന്നുവരുന്നു. ഈ രൂപഭേദത്തിൻെറ ന്യായാന്യായങ്ങളെപ്പററി ഇപ്പോൾ പ്രതിപാദിക്കുന്നില്ല. ഭൂമിയുടെ കൈമാററചരിത്രവും അല്ല നമ്മുടെ ചിന്താവിഷയം. ഭാരതത്തിൽ ഇന്നു് നിലവിലിരിക്കുന്ന ഭൂഉടമ സമ്പ്രദായങ്ങളുടെ ചരിത്രത്തിലേയ്ക്കു് നമുക്കു് ഇപ്പോൾ ഒന്നു് എത്തിനോക്കാം.

ഒരു രാഷ്ട്രത്തിൻെറ സ്വഭാവം ആ രാജ്യത്തെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ അനുസരിച്ചു് രൂപീകൃതമാകുന്നു. ഇംഗ്ലണ്ടു് എന്നറിയപ്പെടുന്ന ഭൂവിഭാഗത്തിൽ ജീവിച്ചിരുന്ന ആളുകൾ ധീരന്മാരായ പടയാളികളും, ആഗോളവ്യാപകമായ ഒരു സാമ്രാജ്യത്തിൻെറ സ്ഥാപകരും, അവകാശികളും ആയിതീർന്നതു്, ഇംഗ്ലണ്ടു് ഒരു ചെറിയ ദ്വീപും, കാർഷികമായി ദരിദ്രമായ ഒരു രാജ്യവും ആയിരുന്നതുകൊണ്ടാണ്. ഗ്രീക്കുകാരുടെ കലാബോധത്തിനും, സ്വാതന്ത്ര്യപ്രേമത്തിനും, പ്രചോദനവും, പ്രേരണയും നൽകിയതു് അവരുടെ രാജ്യത്തിൻെറ

ഭൂമിശാസ്ത്രപരമായ ഉപാധികളാണ്. അതുപോലെതന്നെ ഭാരതീയരെ കൃഷിക്കാരും, ചിന്തകരും ആക്കിത്തീർത്തു് ഇവിടത്തെ പ്രകൃതിതന്നെ എന്നാൽ ഭാരതത്തിൽ ഒരു കാലത്തു സമ്പത്തിൻെറ അസ്ഥാനമായിരുന്ന കർഷകവൃത്തി ഇന്നു് ദയനീയമായ ഒരു സ്ഥിതിയിലേയ്ക്കു് അധപതിച്ചിരിക്കുന്നു. കർഷകോന്നമനത്തിനായിട്ടുള്ള പ്രവർത്തനങ്ങളിൽ ഭൂഉടമസംബന്ധിച്ചുള്ള പരിഷ്ക്കാരങ്ങൾ അവശ്യം ആവശ്യമാണ്. ഭൂഉടമഎന്നു പറയുമ്പോൾ വിവക്ഷിക്കുന്ന അത്ഥം കർഷകഭൂമിയും, കൃഷിക്കാരനും, കർഷകഭൂമിയുടെ ഉടമസ്ഥനും തമ്മിലുള്ള ബന്ധം എന്നാണ്.

ഭാരതത്തിലെ ഭൂഉടമയെപ്പററിയും, അതിനെ നിയന്ത്രിക്കുന്ന നിയമങ്ങളെപ്പററിയും, പഠിക്കുന്നതിനുമുൻപു് ലോകത്തിൽ മററ ചില രാജ്യങ്ങളിൽ നിലവിലിരിക്കുന്ന സ്ഥിതിഗതികൾ മനസ്സിലാക്കുന്നതു് പ്രയോജന പ്രദമായിരിക്കും. മററ രാജ്യങ്ങളിൽ നിലവിലിരിക്കുന്ന അവസ്ഥാവിശേഷങ്ങൾ, ആ രാജ്യങ്ങളിലെ ഗവർമ്മെൻറുകൾ സ്വീകരിച്ചിരിക്കുന്ന നയം അവയുടെ പ്രയോഗത്തിൽ അനുഭവപ്പെട്ടിട്ടുള്ള വൈഷമ്യങ്ങളും പ്രയോജനങ്ങളും, നമ്മുടെ രാജ്യത്തെ സ്ഥിതിഗതികളുമായി തുലനം ചെയ്തു് പരിശോധിക്കുന്നതു് ഉപകാരപ്രദമാണ്. ഇന്നു് രാഷ്ട്രങ്ങളെ മുതലാളിത്വവ്യവസ്ഥിതി അംഗീകരിച്ചിട്ടുള്ള രാജ്യങ്ങളെന്നും, കമ്യൂണിസ്റ്റു് രാഷ്ട്രങ്ങൾ എന്നും തരംതിരിക്കാം. അമേരിക്കൻ ഐക്യനാടുകൾ ഇംഗ്ലീഷ് ദ്വീപുകൾ, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങൾ ആദ്യത്തെ വിഭാഗത്തിലും, റഷ്യ യുഗൊസ്ലോവിയ, ചൈനാ തുടങ്ങിയ രാജ്യങ്ങൾ രണ്ടാമത്തെ വിഭാഗത്തിലും ഉൾപ്പെടുന്നു. മുതലാളിത്വരാജ്യങ്ങളിൽ ഭൂഉടമാപരിഷ്ക്കാരങ്ങൾ വളരെ സാവധാനത്തിലാണ് നടത്തിയിട്ടുള്ളതു്. കൃഷിഭൂമികളുടെ പുനഃസംഘടനം, പുതിയ സ്ഥലങ്ങളുടെ ഉപയോഗയോഗ്യ

മാക്കൽ, മൂലധനവിതരണത്തിൽ വരുത്തിയ കാര്യക്ഷമത, കുടിയിറക്കു നിരോധനം, വാടകനിയന്ത്രണം തുടങ്ങിയവയിൽ കൂടി കർഷകനെ സഹായിക്കുവാൻ ആ രാജ്യങ്ങളിലെ ഭരണകർത്താക്കാം ശ്രമിച്ചു. എന്നാൽ കമ്യൂണിസ്റ്റുരാജ്യങ്ങളാം വിപ്ലവാത്മകമായ വ്യതിയാനങ്ങളാണ് അവരുടെ ഭൂഉടമാസമ്പ്രദായത്തിൽ വരുത്തിയതു്. 1918 ജനുവരിമാസത്തിൽ സമ്മേളിച്ച മൂന്നാമത്തു് അഖില റഷ്യൻ കോൺഗ്രസിൽ സ്വീകരിക്കപ്പെട്ട പ്രഖ്യാപനത്തിൽ കർഷകഭൂമിയെ സംബന്ധിക്കുന്ന ഭാഗത്തു് ഇപ്രകാരം കാണുന്നു.

"ഭൂമിയുടെ ദേശീയവൽക്കരണം നിർവ്വഹിക്കുന്നതിനായി ഭൂമിയിൽ വ്യക്തികാംക്കുള്ള സകല അവകാശങ്ങളും ഈ പ്രഖ്യാപനംമൂലം നിഷേധിക്കപ്പെട്ടിരിക്കുന്നു. ഭൂമി മുഴുവനും ജനങ്ങളുടെ വക ആയിരിക്കുന്നതും കൃഷിക്കാക്കു് സമമായി ഭാഗിച്ചുകൊടുക്കപ്പെടുന്നതും ആണു്." റഷ്യയിലും അതുപോലെ റഷ്യൻ അധീനതയിലുള്ള മററു കമ്യൂണിസ്റ്റു രാജ്യങ്ങളിലും ഭൂഉടമാപ്രശ്നം അങ്ങിനെ കാശിയായി തീരുമാനിച്ചു. പക്ഷേ, സ്വകാര്യസമ്പത്തു സമ്പാദിക്കുവാനും, സൂക്ഷിക്കുവാനുംഉള്ള അവകാശം മൗലികമായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഭാരതത്തിൽ ഇപ്രകാരമുള്ള ഒരു നിയമ നിർമ്മാണം സാദ്ധ്യമല്ലല്ലോ?എന്നാൽ,കൃഷിചെയ്യപ്പെടുന്ന സ്ഥലം കൃഷിക്കാരന്റെ സ്വന്തമല്ലാതിരിക്കുന്നിടത്തോളം കാലം അവന്റെ പ്രവൎത്തനങ്ങളിൽ അവനു് ശരിയായ ഉത്സാഹം ഉണ്ടായിരിക്കുന്നതല്ല. അതുകൊണ്ടു്, ഭൂഉടമപരിഷ്കരണത്തിന്റെ ഉദ്ദേശം പണിചെയ്യപ്പെടുന്ന സ്ഥലം പണിക്കാരന്റെ സ്വന്തമാക്കുക എന്നുള്ളതായിരിക്കണം

കൃഷിചെയ്യപ്പെടാവുന്ന സ്ഥലം പരിമിതങ്ങളാണു്. സോവിയററ് റഷ്യ നീക്കിയുള്ള മററു രാജ്യങ്ങളിൽ എല്ലാം ഈ സ്ഥലങ്ങാം ചുരുക്കം ചില വ്യക്തികളുടെ ഉടമസ്ഥതയി

ലാണ്. ഈ അവസ്ഥാവിശേഷമാണ് ഭൂഉടമ ഒരു വലിയ പ്രശ്നമായി വളരുവാൻ ഇടയാക്കിയതു്. ഭാരതത്തിലെ ഭൂഉടമകൾ മൂന്നു പ്രധാന വിഭാഗത്തിൽ ഉൾപ്പെടുന്നു.

1 സെമീന്താരി സമ്പ്രദായം.

2. മഹൽവാറി സമ്പ്രദായം.

3 റയട്ട്വോറി സമ്പ്രദായം.

"ഈ സമ്പ്രദായങ്ങളുടെ എല്ലാം ആവിഷ്ക്കരണം വളരെ സാവധാനത്തിലാണ് നടന്നിട്ടുള്ളതു്. സ്വാഭാവികമായ വളർച്ച, അവിചാരിതമായ വ്യതിയാനങ്ങൾ, കയ്യേററങ്ങൾ, സമരങ്ങൾ, ആഭ്യന്തരകലഹങ്ങൾ, ചതിവുകൾ, ഭരണകൂടങ്ങളുടെ വളർച്ചകൾ, വീഴ്ചകൾ, പിൻതുർച്ചാവകാശം ഇങ്ങനെ പല ഉപാധികളുടെ ക്രമംതെററിയുള്ള പ്രവർത്തനത്തിൻെറ ആകെക്കൂടിയുള്ള പരിണിതഫലമാണ് ഇന്നത്തെ ഭൂഉടമ". (ബ്രിട്ടീഷ്ഇൻഡ്യയിലെ ഭൂനികുതിയും ഭരണവും—ബേഡൻ വൗവൽ)

റയട്ട്വാറി സമ്പ്രദായത്തിൽ കർഷക ഭൂമി കർഷകൻെറ സ്വന്തമായിരിക്കും. ഭൂനികുതി കർഷകൻ ഗവർമ്മെൻറിനു നേരിട്ട് നൽകുന്നു. നികുതി മററു ഭൂഉടമകളിലുള്ള നികുതികളെ അപേക്ഷിച്ചു കുറവാണ്. ഈ സ്ഥലങ്ങൾക്ക അതുകൊണ്ടു് താരതമ്യേന കൂടുതൽ വില കിട്ടുന്നു. ക്രയവിക്രയം എളുപ്പവുമാണു. മദ്രാസ്, ബോംബെ, ആസ്സാം ഈ സംസ്ഥാനങ്ങളിൽ ഇപ്രകാരമുള്ള ഭൂഉടമകളാണ് പ്രാബല്യത്തിൽ ഇരിക്കുന്നതു്.

ഐക്യസംസ്ഥാനങ്ങൾ, പഞ്ചാബ്, മദ്ധ്യസംസ്ഥാനം ഈ പ്രദേശങ്ങളിൽ മഹൽവാറി സമ്പ്രദായം നിലവിലിരിക്കുന്നു. ഈ വ്യവസ്ഥിതിയിൽ ഒരു കുടുംബമോ, അല്ലെങ്കിൽ ഒരു ശാഖയിൽപ്പെട്ട ഒന്നിലധികം കുടുംബങ്ങളോ, ഒരുഗ്രാമത്തിൻെറ മുഴുവൻ ഉടമസ്ഥരായിരിക്കും, ഈ ഗ്രാമത്തിലെ

സ്ഥലങ്ങളിൽ കൃഷിചെയ്യുന്നതു ഉടമസ്ഥാവകാശമുള്ള കുടുംബത്തിലെ അംഗങ്ങൾ നേരിട്ടോ, അവരിൽ നിന്നും വാടകയ്ക്കു സ്ഥലം വാങ്ങിച്ചിരിക്കുന്ന മററു കർഷകരോ ആയിരിക്കും. ഉടമസ്ഥത അവകാശപ്പെടുന്ന കുടുംബക്കാരാണു് വാടകപിരിക്കുന്നതും ഭൂനികുതി ഗവർമ്മെൻറിലേയ്ക്കു് അടയ്ക്കുന്നതും. വാടക ഇനത്തിൽ നികുതികൊടുത്തു കഴിഞ്ഞു് മിച്ചം വരുന്നതു് ഉടമസ്ഥർ വീതിച്ചു് എടുക്കുന്നു. ഈ മാതിരി ഗ്രാമങ്ങളിൽ പൊതുമേച്ചിൽ സ്ഥലങ്ങളും മററും ഉണ്ടായിരിക്കും. കർഷകരും ഗവർമ്മെൻറുമായി നേരിട്ടു് യാതൊരു ബന്ധവും ഇല്ല.

ഇന്നു് ഭാരത ഭൂഉടമകളുടെ ഇടയിൽ അതിപ്രധാനമായ ഒരു വിഭാഗമാണു് സെമിന്താരികൾ. ഇന്നു ഭരണം നടത്തുന്ന കോൺഗ്രസ്സ് പാർട്ടിയുടെ ഏററവും പ്രധാനപ്പെട്ട കർമ്മപരിപാടികളിൽ ഒന്നാണു് സെമിന്താരി നിരോധനം. ഭാരതത്തിലെ കർഷകഭൂമികളിൽ ഒരു വലിയവിഭാഗം സെമിന്താരി വ്യവസ്ഥയിൽ സംഘടിപ്പിക്കപ്പെട്ടിട്ടുള്ളതാണു്. പല ശതാബ്ദങ്ങളായി നിലവിലിരുന്നുപോരുന്ന ഈ വ്യവസ്ഥിതി അതിൻെറ സകല പ്രയോജനങ്ങളേയും അതിജീവിച്ചുകൊണ്ടു ഇന്നും തുടന്നു വരുന്നു. സെമിന്താരി സമ്പ്രദായത്തിനു് സുദീർഘമായ ഒരു ചരിത്രമുണ്ടു്.

മഹമ്മദീയരാജാക്കന്മാർ ദൽഹിയിൽനിന്നും ഭാരതം ഭരിക്കുവാൻ ആരംഭിച്ചപ്പോൾ, വളരെ വിസ്തൃതങ്ങളായിരുന്ന അവരുടെ സാമ്രാജ്യങ്ങൾ ഗതാഗതസൗകര്യങ്ങൾ തീത്തും അപര്യാപ്തങ്ങളായിരുന്ന അന്നത്തെ കാലത്തു് ഒരു കേന്ദ്രാധികാരത്തിൻകീഴിൽ പൂർണ്ണമായും നിയന്ത്രിക്കുക പ്രയാസമായിരുന്നു. ഓരോ ദേശങ്ങളുടെ ഭരണച്ചുമതല ഓരോ പ്രഭുക്കന്മാരെ അവർ ഭരമേല്പിച്ചു. നിശ്ചയിച്ചിരുന്നേടത്തോളം നികുതി കൊടുക്കുവാൻ ഈ പ്രഭുക്കൾക്കു് കഴിഞ്ഞിരുന്നേടത്തോ

ളം കാലം, ചക്രവത്തിമാർ പ്രഭുക്കന്മാരുടെ സ്വാതന്ത്ര്യത്തിൽ ഒരുതരത്തിലും കൈ കടത്തിയിരുന്നില്ല. ഈ പ്രഭുക്കന്മാർക്കു് നികുതി പിരിക്കുക എന്നുള്ള ഒരു ചുമതല മാത്രമേ ഉണ്ടായിരുന്നൊള്ളു. ഭൂമിയിൽ യാതൊരുടമസ്ഥാവകാശവും അവർക്കു് ഉണ്ടായിരുന്നില്ല ചുരുക്കത്തിൽ അവർ ഡൽഹിയിലെ ചക്രവത്തിമാരുടെ ഭൂനികുതിവകുപ്പിലെ ഉദ്യോഗസ്ഥന്മാർമാത്രം ആയിരുന്നു.

കാലക്രമത്തിൽ കേന്ദ്രാധികാരം ബലഹീനമായതോടുകൂടി ഈ ഉദ്യോഗസ്ഥന്മാർ ഇടപ്രഭുക്കളുടെ നിലയിലേയ്ക്കും ചെറിയ രാജാക്കന്മാരുടെ സ്ഥാനങ്ങളിലേയ്ക്കും ഉയൎന്നു. അവരുടെ നിയന്ത്രണത്തിൻകീഴിൽ അമൎന്നിരുന്ന പ്രദേശങ്ങളിൽ പരിപൂൎണ്ണ അധികാരം ചുമത്താനും ഉടമസ്ഥാവകാശം കൃഷിസ്ഥലങ്ങളുടെമേൽ കെട്ടിവയ്ക്കാനും അവർ ശ്രമിച്ചു. ബ്രിട്ടീഷ് ഭരണം സമാരംഭിതമായപ്പോഴേയ്ക്കും ഈ ഇടപ്രഭുക്കന്മാർ അല്ലെങ്കിൽ സെമിന്താരന്മാർ വളരെയധികം ശക്തരായിത്തീൎന്നിരുന്നു. പലക്കും അവരുടെ അവകാശങ്ങളെ സംരക്ഷിക്കുവാൻ ആയുധധാരികളായ ഒരു പോലീസ്സൈന്യവും സ്വായത്തമായിരുന്നു. എന്നാലും കൃഷിസ്ഥലങ്ങളുടെ മേൽ അവക്കു് ഒരു ഉടമസ്ഥാവകാശം അനുവദിക്കപ്പെട്ടിരുന്നില്ല. നിശ്ചിതമായ പാട്ടം കൊടുത്തുകൊണ്ടിരുന്ന കർഷകനെ അവന്റെ കൃഷിസ്ഥലത്തുനിന്നും പുറത്താക്കാൻ അവക്കു് അധികാരം ഇല്ലായിരുന്നു. 1815-ൽ കൃഷിസ്ഥലങ്ങളുടെ ഉടമസ്ഥാവകാശത്തെപ്പററി അന്വേഷണം നടത്തിയ ഒരു കമ്മററി ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ടു്. "ചരിത്രാതീതകാലംമുതൽ അവരവരുടെ കൃഷിസ്ഥലങ്ങരം വില്ക്കുന്നതിനും, ദാനം ചെയ്യുന്നതിനും, വിഭജിക്കുന്നതിനും, പുത്രന്മാക്കു് വീതിച്ചുകൊടുക്കുന്നതിനും ഉള്ള പരിപൂൎണ്ണ സ്വാതന്ത്ര്യം കൃഷിക്കാക്കുണ്ടായിരുന്നു. സെമിന്താരന്മാക്കു ഭൂമി ആവശ്യമുണ്ടായിരുന്നപ്പോരം അവർ സ്ഥലം കൃഷിക്കാരിൽനിന്നും വിലയ്ക്കു വാങ്ങിച്ചുവന്നു.

കച്ചവടസംഘത്തിൻെറ സ്ഥാനത്തുനിന്നും, ഭരണകത്താക്കളുടെ നിലയിലേയ്ക്കു് ഈസ്റ്റ് ഇൻഡ്യാക്കമ്പനി ഉയർന്നപ്പോഠം, ഭരണഘടനാപരമായ പല വൈഷമ്യങ്ങളും കമ്പിനിക്കു് അഭിമുഖീകരിക്കേണ്ടിവന്നു. തീത്തും അവ്യവസ്ഥിതമായിരുന്ന ഭാരതത്തിൻെറ അന്നത്തെ സ്ഥിതിയിൽ കമ്പിനിക്കു് കർഷകരുമായി നേരിട്ടു് എന്തെങ്കിലും ഉടമ്പടിയോ നടപടിക്രമമോ ഏർപ്പെടുത്തുക സാദ്ധ്യമായിരുന്നില്ല. ക്രോംവാലീസ് പ്രഭുവിൻെറ കാലത്തു് കമ്പിനി സെമിന്താരന്മാരുമായി ഒരു സ്ഥിരമായ കരാറിൽ ഏർപ്പെട്ടു. പെർമനൻറ് സെററിൽമെൻറ് എന്നു് അറിയപ്പെടുന്ന ഈ ഉടമ്പടി 1793 മുതൽ നടപ്പിൽ വന്നു.

ഈ നൂതന ഉടമ്പടിപ്രകാരം സെമിന്താരന്മാരുടെ ഭൂമിയുടെ മേലുള്ള ഉടമസ്ഥാവകാശം, ഗവർമ്മെൻറിൽ നിന്നും അംഗീകരിക്കുകയും, സെമിന്താരന്മാർ ഗവർമ്മെൻറിലേയ്ക്കു് അടയ്ക്കേണ്ട തുക നിശ്ചയിക്കുകയും ചെയ്തു. ബംഗാളിലാണു് ഈ ഉടമ്പടി ആദ്യമായി നടപ്പിലായതു്. ഗവർമ്മെൻറിനു് കിട്ടുമായിരുന്ന നികുതി നിശ്ചിതമായി സെമിന്താരന്മാരെ സംബന്ധിച്ചിടത്തോളം അവർ നികുതി പിരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ നിലയിൽനിന്നും, യഥാത്ഥത്തിൽ ഭൂഉടമകളായി തീന്നു. വിദേശികളുടെ ഒരു വാണിജ്യ സംഘടനയുടെ സാമ്പത്തിക സൗകയ്യത്തിനുവേണ്ടിസെമിന്താരന്മാരെ പ്രീണിപ്പിക്കേണ്ടതു് ആവശ്യമായിവന്നപ്പോഠം, സംഘടന ബലമില്ലാതിരുന്ന കർഷകൻ തീത്തും അവഗണിക്കപ്പെടുകയും, തരംതാഴ്ത്തപ്പെടുകയും ചെയ്തു. ഉടമസ്ഥൻ പാട്ടക്കാരൻെറ സ്ഥാനത്തേയ്ക്കു് വഴുതിവീണു. മദ്ധ്യവത്തികളായ സെമിന്താരന്മാർ ഭൂഉടമകളായി ഉയത്തപ്പെടുകയും, കർഷകർ പാതന്ത്രരാവുകയും ചെയ്യുന്ന ശോകാത്മകമായ അനുഭവം, ബംഗാളിലെപ്പോലെ മററു പ്രവിശ്യകളിലും ആവത്തിക്കപ്പെട്ടു. അങ്ങിനെ

ഭാരതത്തിലെ ഒരു വലിയ വിഭാഗം സ്ഥലം സെമിന്താരന്മാരുടെ ഉടമസ്ഥതയിൽ വന്നുചേൎന്നു. പഴയ ബ്രിട്ടീഷ് ഇൻഡ്യയിലെ ഭൂഉടമകളുടെ താരതമ്യേന ഉള്ള പ്രാധാന്യം താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും വിശദമാകുന്നു.

(മില്ല്യൺ ഏക്കറുകൾ)

| പ്രവിശ്യം | റയട്ട് വാറി | ടെമ്പറി | സെമിന്താരി പർമനൻറ് | മററുള്ളവ | ആകെ |
|---|---|---|---|---|---|
| മദ്രാസ് | | | | | |
| 1928-29 | 62.52 | | 29.01 | | 91.53 |
| ബോംബെ | | | | | |
| 1925-26 | 74.59 | 4 .04 | | | 78.63 |
| ബംഗാൾ | | | | | |
| 1927-28 | | 11.33 | 37 86 | | 49.19 |
| യു, പി. | | | | | |
| 1926-27 | | 60.17 | 7.38 | | 67.55 |
| പഞ്ചാബ് | | | | | |
| 1926-30 | | 60.17 | | | 60.17 |
| ബീഹാർ & ഒറീസ | | | | | |
| 1926-27 | | 11.22 | 41.85 | | 53.07 |
| സി. പി. | | | | | |
| 1929-30 | 11.19 | 40.52 | | 12.47 | 64.18 |
| ആസ്സാം | | | | | |
| 1929-30 | 29.60 | 1.77 | 3.93 | | 35.30 |

(കാർഷികധനതത്വശാസ്ത്രം, B.V. നാരായണസ്വാമിനായിഡു)

സാമാന്യ നീതിബോധം പോലും പ്രദർശിപ്പിക്കാതെ അനേകായിരം ഭൂഉടമകളെ പാട്ടക്കാരാക്കിയിട്ട് വെറും ഇടനിലക്കാരായിരുന്ന സെമിന്താരന്മാരെ ഭൂഉടമകളാക്കിയ പെർമെനൻറ് സെററിൽമെൻറ് ഒന്നിലധികം പ്രകാരത്തിൽ രാജ്യ

ത്തിൻെറ സാമ്പത്തിക ഭദ്രതയ്ക്കു് വിലങ്ങുതടിയായിത്തീന്നു. കർഷകരുടെ കൈവശം ഇരിക്കുന്ന സ്ഥലത്തു് സ്ഥിരമായ എന്തെങ്കിലും വിധത്തിൽ അഭിവൃദ്ധിപ്പെടുത്തുവാൻ സെമിന്താരന്മാർ ഇഷ്ടപ്പെട്ടിരുന്നില്ല. അതുപോലെ എപ്പോഠം വേണമെങ്കിലും, പുറം തള്ളപ്പെടാമെന്നുണ്ടായിരുന്നതു കൊണ്ടു കൃഷിക്കാരനും താല്ക്കാലികമായ ആദായത്തിനു വേണ്ടിമാത്രം പ്രയത്നിച്ചുവന്നു. ഭൂവുടമയും, കൃഷിക്കാരനും, വ്യത്യസ്തരായ രണ്ടു വ്യക്തികളായിത്തീന്നതു്. കൃഷ്യഭൂമികളുടെ ഫലദായക ശക്തിയെ വളരെ അധികം കുറവുചെയ്തു. കൃഷിക്കാരുടെ ഇടയിൽ അതിശക്തിമത്തായ പ്രതിഷേധവും, എതിരഭിപ്രായവും ഉണ്ടായി. സമാധാനലംഘനങ്ങഠം തന്നെ ഉണ്ടാകയക്കുമെന്ന പരിതഃസ്ഥിതികഠം വരെ സംഗതികഠം വഷളായി. അപ്പോഠം മാത്രമേ ഗവർമ്മെൻറിൻെറ അലസമനോഭാവത്തിൽ വ്യതിയാനം സംഭവിച്ചുള്ളു. കുടിയിറക്കു നിരോധന നിയമങ്ങളും പാട്ടനിയന്ത്രണ നിയമങ്ങളും ഓരോ സംസ്ഥാനങ്ങളിലും പാസാക്കപ്പെട്ടു. പാട്ടക്കാരുടെ താല്പയ്യങ്ങഠം സംരക്ഷിക്കുവാനും, അവരുടെ അവകാശങ്ങഠം അന്യായമായി അപഹരിയ്ക്കപ്പെടാതിരിക്കാനും, ആവശ്യമായ ആജ്ഞകഠം ആദരിക്കുവാൻ ആദായപ്രിയരായ സെമിന്താരന്മാർ നിർബന്ധിതരായി. പാട്ടക്കാരെ സഹായിക്കുവാൻ പല നിയമങ്ങളും ഒന്നിനുപുറകെഒന്നായി ഓരോ പ്രവിശ്യയും സ്വീകരിച്ചു. 1937-39 വരെ ഉണ്ടായിരുന്ന കോൺഗ്രസ്സ് ഗവർമ്മെൻറിൻെറ ഭരണത്തിൻകീഴിൽ കൂടുതൽ നിയമങ്ങഠം ഈ വിഷയത്തിൽ കുടികളെ സഹായിക്കുന്നതിനുവേണ്ടി പാസാക്കപ്പെട്ടു. പക്ഷേ, അവയെല്ലാം അപൂണ്ണങ്ങളായിരുന്നു. വിദ്യാഭ്യാസമില്ലാത്തവനും സാമ്പത്തികമായി താണനിലയിൽ കഴിയുന്നവനുമായ കർഷകനു് നിയമംമൂലം സ്വായത്തമായിരിക്കുന്ന അവൻെറ അവകാശങ്ങളെ ധനികരും പ്രതിഭാശാലികളും ആയിരുന്ന സെമിന്താരന്മാരിൽ നിന്നും പിടിച്ചുവാങ്ങുവാൻ കെൽ

പ്പും കഴിവും സാമർത്ഥ്യവും തന്റേടവും ഉണ്ടായിരുന്നില്ല. പോരെങ്കിൽ ഒന്നിനൊന്നിന് വർദ്ധിച്ചുകൊണ്ടിരുന്ന ആവശ്യങ്ങളും മറെറാരു പ്രകാരത്തിൽ ഭക്ഷണം നേടാനുള്ള പ്രാപ്തിക്കുറവും കഷ്ടപ്പാടിന്റേയും ഞെരുക്കങ്ങളുടെയും നടുവിലാണെങ്കിലും അവനെ അവന്റെ കൃഷിസ്ഥലത്ത് ബന്ധിച്ചു കഴിഞ്ഞിരുന്നു. ഈ ബന്ധനത്തിൽനിന്നും വിമുക്തമാവുക എളുപ്പവും ആയിരുന്നില്ല. അമേരിക്കൻ ധനതത്വശാസ്ത്രജ്ഞനായ കാർവർ, സെമിന്താരിസമ്പ്രദായത്തെ അതികഠിനമായി അപലപിക്കുന്നു. "ഞാൻ മഹായുദ്ധത്തെ എതിർക്കുന്നു. പകർച്ചവ്യാധിയെ ഭയപ്പെടുന്നു. ഭക്ഷ്യക്ഷാമത്തെ എതിർക്കാൻ ശ്രമിക്കുന്നു. കാർഷികസാമ്പത്തിക ഭദ്രതയെ നശിപ്പിക്കുന്ന സെമിന്താരിസമ്പ്രദായത്തെ ഇവയിൽ എല്ലാം ഉപരിയായി ഞാൻ ഭയപ്പെടുകയും വെറുക്കുകയും എതിർക്കുകയും ചെയ്യുന്നു."

എത്രമാത്രം ശക്തിമത്തായ സംരക്ഷണ വ്യവസ്ഥകൾ ഉണ്ടാക്കിയാലും സെമിന്താരി സമ്പ്രദായം തുടന്നുകൊണ്ടുപോകുന്നതും സാമ്പത്തികമായ ഒരു മാനദണ്ഡംവെച്ചു പരിശോധിച്ചാലും നീതീകരിക്കത്തക്കതല്ല. ജന്മികൾ അധിക ഭാഗവും വാടക പിരിക്കുന്നതിൽമാത്രം ശ്രദ്ധിച്ചുകൊണ്ടു ജീവിച്ച അലസന്മാരുടെ ഒരു സംഘമായിരുന്നു. വാടക എത്ര വർദ്ധിപ്പിക്കാമെന്നുള്ളതുമാത്രമായിരുന്നു. അവരുടെ ശ്രദ്ധാവിഷയം കൃഷിക്കാരനെ കൊള്ളയടിക്കുവാൻ സെമിന്താരന്മാക്ക് പ്രത്യക വൈദഗ്ദ്ധ്യം ഉണ്ടായിരുന്നു. കർഷകന് കഷ്ടിച്ചു ജീവിക്കുവാൻ മാത്രം നൽകിയിട്ട് ബാക്കി എല്ലാം സെമിന്താർ കൈകലാക്കിവന്നു. കൃഷിസ്ഥലങ്ങളുടെ ആവശ്യം വർദ്ധിച്ചുവന്നതോടുകൂടി കൃഷിക്കാർക്ക് സെമിന്താരന്മാരുടെ ദയയെ പൂർണ്ണമായും ആശ്രയിക്കേണ്ടിവന്നു.

സെമിന്താരി സമ്പ്രദായത്തിന്റെ അനഭിലഷണീയതയെപ്പററി വിവരിക്കേണ്ട ആവശ്യമില്ല. സെമിന്താരി സമ്പ്ര

ദായം നിർത്തലാക്കണമെന്നുള്ള അഭിപ്രായം ചോദ്യംചെയ്യപ്പെടാൻ നിവൃത്തിയില്ലാത്തവണ്ണം ജനതാമദ്ധ്യത്തിൽ ദൃഢമൂലമായി കഴിഞ്ഞിരിക്കുകയാണ്. കാർഷികമായ പുരോഗമനത്തിൻെറയും ഉയന്നവരേണ്ട ജീവിതത്തോതിൻെറയും മുൻപിൽ വിലങ്ങുതടിയായിപ്രത്യക്ഷപ്പെടുകയുംകാനാഢ്യാന്മാരായ അനേകം കൃഷിക്കാരെ, സാമുദായികമായും സാമ്പത്തികമായും സാമൂഹികമായും അധഃപതിപ്പിക്കുകയും ചെയ്യുന്ന സെമിന്താരിസമ്പ്രദായം അവസാനിപ്പിക്കണമെന്നുള്ള ബോദ്ധ്യം എല്ലാ അധികാരികൾക്കും ഉണ്ടായിട്ടുണ്ടെന്നു് മാത്രമല്ല, ഭാരതത്തിലെ പ്രധാന ഗവർമ്മെൻറുകൾ എല്ലാംതന്നെ സെമിന്താരിനിരോധനനിയമങ്ങൾ നടപ്പിലാക്കിക്കഴിഞ്ഞു.

ഭാരതഭരണഘടനയിൽ പൗരന്മാരുടെ മൗലികാവകാശങ്ങളെപ്പററി പ്രതിപാദിക്കുന്ന ഭാഗത്തെപ്പററി ഭരണഘടനാസമിതിയിൽ വാദപ്രതിവാദം നടന്നുകൊണ്ടിരിക്കെ സെമിന്താരന്മാക്ക് നൽകേണ്ട നഷ്ടപരിഹാരത്തെപ്പററി പ്രതിപാദിച്ചുകൊണ്ടു് പ്രധാനമന്ത്രി ജവഹറിലാൽ 1949 സെപ്റ്റംബർ 10-ാംതീയതി ചെയ്ത പ്രസംഗത്തിൻെറ ഒരു ഭാഗം പ്രത്യേകം ശ്രദ്ധേയമാണ്. "സ്വകാര്യ സമ്പത്തിനെപ്പററി മാനവതതിക്കു് ഉണ്ടായിരുന്ന ബോദ്ധ്യം ക്രമേണ വ്യത്യാസപ്പെട്ടുവരുന്നു. മാനവപുരോഗമനത്തിൻെറ വിവിധാദ്ധ്യായങ്ങൾ പരിശോധിച്ചാൽ ഈ ബോദ്ധ്യത്തിനു് ഏതെല്ലാംവിധത്തിൽ രൂപഭേദം സംഭവിച്ചിട്ടുണ്ടെന്നു് കാണാവുന്നതാണ്. ഒരു മനുഷ്യൻ മറെറാരു മനുഷ്യൻെറമേൽ ഉടമസ്ഥത അവകാശപ്പെട്ടിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. രാജ്യം, ജനങ്ങൾ, അവരുടെ സമ്പത്തുകൾ എല്ലാം രാജാവിൻെറ സ്വകാര്യസ്വത്തായി പരിഗണിക്കപ്പെട്ടിരുന്ന അവസരങ്ങളും ഉണ്ടു്. കാളകളുടേയും പശുക്കളുടേയും എണ്ണംകൊണ്ടു സമ്പത്തിൻെറ ഏററക്കുറച്ചിലുകൾ നിർണ്ണയിച്ചിരുന്നവരും ഉണ്ടായിരുന്നു. ഭൂമി

യിൽ വ്യക്തികൾക്കുള്ള അവകാശവും പിൽക്കാലത്തുമാത്രം ഉണ്ടായിട്ടുള്ളതാണ്."

"സംസ്കാരം വർദ്ധിച്ചതോടുകൂടി സ്വകാര്യസമ്പത്തിനെപ്പററി ഓരോരുത്തർക്കും ഉണ്ടായിരുന്ന അഭിപ്രായങ്ങളിൽ വിപ്ലവാത്മകമായ വ്യതിയാനങ്ങൾ ഉണ്ടായി. ഇന്നു ഭൂമിയിൽ വ്യക്തികൾക്കുള്ള അവകാശം മിക്കവാറും സമ്മതിക്കപ്പെടുന്നുണ്ട്. എന്നാൽ ഭൂമിയെപ്പോലെയോ അതിൽ കൂടുതലോ പ്രാധാന്യമുള്ള മററു സമ്പത്തുകളും നമുക്കുണ്ട്. വ്യതിയാനം സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ പശ്ചാത്തലത്തിൽ ലോകത്തിൽ ആകമാനവും ഏഷ്യയിൽ പ്രത്യേകിച്ചും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന സാമ്പത്തിക അനീതികളുടെ വെളിച്ചത്തിൽ സ്ഫടികസ്ഫുടമാകുന്ന ഒരു വസ്തുതയാണ് സർവവ്യാപകമായ കൃഷിപരിഷ്കരണം ആവശ്യമാണെന്നുള്ളത്. അതിനെക്കാൾ പ്രാധാന്യമുള്ള വേറൊരു കാര്യത്തെ എനിക്കു ഭാവന ചെയ്യാൻകൂടി കഴിയുന്നില്ല. സെമിന്താരിസമ്പ്രദായം നിറുത്തലാക്കുക എന്നുള്ളതു് ഇൻഡ്യൻനാഷണൽ കോൺഗ്രസ്സിന്റെ അതിപ്രധാനമായ ഒരു പരിപാടിയാണ്. ഇന്നും ഇന്നലെയും ആരംഭിച്ചതല്ല സെമിന്താരികൾക്കെതിരായുള്ള പ്രക്ഷോഭണം. ഞങ്ങളെ സംബന്ധിച്ചിടത്തോളം കോൺഗ്രസ്സുമായി ആജീവനാന്തം ബന്ധപ്പെട്ടിട്ടുള്ളഞങ്ങളെ സംബന്ധിച്ചിടത്തോളം സെമിന്താരികളെ അവസാനിപ്പിക്കുക എന്നുള്ളതു്, ഒരു വിശ്വാസസത്യമാണ്. പൂർണ്ണമായും നൂറു ശതമാനവും അതു് പ്രയോഗത്തിൽ വരുത്തുവാൻ ഞങ്ങൾ ബാദ്ധ്യസ്ഥരാണ്. ഒരു നിയമവും, ഒരു കോടതിയും, ഒരു നിയമസഭാസാമാജികനും ഞങ്ങളെ അതിൽനിന്നും പിൻതിരിപ്പിക്കുവാൻ പോകുന്നില്ല"

ഭാരതത്തിൽ അങ്ങോളമിങ്ങോളം രാജകീയാധികാരങ്ങൾ പാലിച്ചു ഭരിച്ചിരുന്ന രാജാക്കന്മാരെ പെൻഷൻകൊ

ടുത്തു് പറഞ്ഞയക്കാമെങ്കിൽ, സെമിന്താരന്മാരേയും അതു പോലെ അധികാരത്തിൻെറ മണിമേടയിൽനിന്നു് നിഷ്ക്രമിപ്പിക്കുവാൻ പ്രയാസമുണ്ടായിരിക്കുകയില്ല. എന്നാൽ സാമ്പത്തികമായി പലവിധ ക്ലേശങ്ങൾ സഹിക്കേണ്ടിയിരിക്കുന്ന ഇന്നത്തെ ഗവൺമെൻറിനു് സെമിന്താരിനിരോധനം വളരെ വേഗം പുരോഗമിക്കുവാൻ പ്രയാസമായിരുന്നു.

സെമിന്താരന്മാരുടെ അവകാശങ്ങൾ നഷ്ടപ്പെടുമ്പോൾ അവർക്കു് ചില പരിഹാരങ്ങൾ ചെയ്തുകൊടുക്കേണ്ടതായിട്ടുണ്ടു്. ഭരണഘടനയിലും സെമിന്താരന്മാർക്കു് നഷ്ടപരിഹാരം നൽകണമെന്നു് നിഷ്കർഷിച്ചിട്ടുണ്ടു്. സെമിന്താരന്മാക്കു പണംകൊടുത്തു് അവരുടെ അവകാശങ്ങൾ വാങ്ങുവാൻ ധനശാസ്ത്രപരമായ കാരണങ്ങളാൽ ഗവൺമെൻറുകൾ മുതിരുമെന്നു തോന്നുന്നില്ല. വിവിധ ഗവൺമെൻറുകളുടെ സാമ്പത്തികസ്ഥിതി അതിനു് അനുവദിക്കുന്നും ഇല്ല. സെമിന്താരികൾ നിരോധിക്കുമ്പോൾ സെമിന്താരന്മാക്കു് നഷ്ടപരിഹാരം ചെയ്യേണ്ടതു് എന്തുമാത്രമെന്നും, എപ്രകാരമെന്നും ഇനിയും അവസാനമായി തീരുമാനിച്ചിട്ടില്ല. വിഭിന്നങ്ങളായ അഭിപ്രായങ്ങൾ ഇപ്പോഴും പ്രാബല്യത്തിൽ ഇരിക്കുന്നു. ഭരണഘടനയിൽ ഈ ഭാഗം അവ്യക്തമായി ഉപേക്ഷിച്ചിരിക്കയാണു് വിഭിന്നങ്ങളായ ഭൂവിഭാഗങ്ങൾതമ്മിലുള്ള വ്യത്യാസത്തെപ്പററി ചിന്തിച്ചിട്ടേഇല്ല. ഭരണ ഘടനപ്രകാരം സെമിന്താരി സമ്പ്രദായം നിറുത്തലാക്കുന്ന നിയമത്തിൽ, നഷ്ടപരിഹാരത്തിനു വേണ്ട വ്യവസ്ഥകൾ കൊള്ളിച്ചിരിക്കണമെന്നും, ആ വ്യവസ്ഥകൾ പ്രസിഡൻറിൻെറ അംഗീകാരത്തോടുകൂടി നടപ്പിലാക്കണമെന്നും, അനുശാസിക്കുന്നു. നഷ്ടപരിഹാരം കൊടുക്കണമെന്നു വ്യവസ്ഥയുണ്ടെങ്കിലും അതു നൽകേണ്ട വിധത്തെപ്പററിയോ ആകെ കൊടുക്കേണ്ട തുകയെപ്പററിയോ ഒരു സൂചനയും ഭരണഘടനയിൽ നിന്നും ലഭിക്കുന്നില്ല. രാഷ്ട്രത്തിൻെറ

സാമ്പത്തിക കഴിവുകളായിരിക്കണം സെമിന്താരികാക്ക നൽകേണ്ട പ്രതിഫലം നിശ്ചയിക്കുന്നതിൽ സർവപ്രധാനമായ ചിന്താവിഷയമെന്നു് വാദിക്കുന്നവരും ചുരുക്കമല്ല. രാഷ്ട്രത്തിൻെറ കഴിവുകളും, ദേശീയആവശ്യങ്ങളുടെ നിലയും പരിഗണിച്ച് പ്രതിഫലം നാമമാത്രമാക്കിയാലും തെററില്ലെന്നു് സോഷ്യലിസ്ററുകാരും അഭിപ്രായപ്പെടുന്നു.

സെമിന്താരിനിരോധനനിയമം നടപ്പിലാകുന്ന ആറ സംസ്ഥാനങ്ങളിലുംകൂടി ഏകദേശം 341 കോടി രൂപയോളം നഷ്ടപരിഹാരം കൊടുക്കേണ്ടിവരുമെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു. അതേ സമയം ഗവർമ്മെൻറിൻെറ നികുതിയിനത്തിൽ സെമിന്താർ ഭൂമികളിൽനിന്നും, 16.5 കോടി രൂപാ [ആകെ തുകയുടെ അഞ്ചു ശതമാനം] പ്രതിവർഷം കൂടുതൽ ലഭിക്കുന്നതാണു്. നഷ്ടപരിഹാരം ചെയ്യേണ്ട തുക മുഴുവൻ, ഒന്നാകെ പണമായോ, കൈമാററം ചെയ്യപ്പെടാവുന്ന കടപത്രങ്ങളായോ, സെമിന്താരന്മാർക്കു് നൽകുക എന്നുള്ളതു് തീർത്തും അപ്രായോഗികമാണു്.

സെമിന്താരി നിരോധിച്ചുകൊണ്ടുള്ള നിയമങ്ങാം ഇന്നു് പല സംസ്ഥാനങ്ങളിലും, പലനിലയിൽ എത്തിയിട്ടുണ്ടു്. മദ്രാസിലെ എസ്റ്റേയിററ് ആക്ട് (1948), ബീഹാറിലെ സെമിന്താരി നിരോധനനിയമം (1948), ആസ്സാമിലെ സെമിന്താരി നിയമം (1948), ഇൻഡ്യൻ റിപ്പബ്ലിക്കിൻെറ പ്രസിഡൻറിൻെറ അംഗീകാരം ലഭിച്ചുകഴിഞ്ഞു. ഓരോ സംസ്ഥാനങ്ങളും ഈ നിയമം അനുസരിച്ചുള്ള പ്രവൎത്തനങ്ങാം ഊർജ്ജിതമായി ആരംഭിച്ചിരിക്കുകയാണു്. യുനൈറെഡ് സംസ്ഥാനങ്ങളിലും ഈ മാതിരിയുള്ള ഒരു നിയമം പാസാക്കപ്പെട്ടുകഴിഞ്ഞു. പശ്ചിമബംഗാളിലും സെമിന്താരി നിരോധനനിയമങ്ങാം നടപ്പിലാക്കി കഴിഞ്ഞു. ഒാറീസാ ഗവർമ്മെൻറും സെമിന്താരി നിരോധനത്തിനുവേണ്ടി പ്രായോഗിക

പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. കാഷ്മീരിൽ ഷെയ്ക്ക് അബ്ദുള്ളായുടെ ഗവർമ്മെൻറ് ഓരോരുത്തർക്കും കൈവശം വെയ്ക്കാവുന്ന ഏററവും കൂടുതൽ സ്ഥലം 35 ഏക്കറായിരിക്കുമെന്നും അതിൽ കൂടുതലുള്ളതു് മുഴുവനും ഭൂമിയില്ലാത്തവർക്കായി വീതിച്ചുകൊടുക്കുമെന്നും പ്രഖ്യാപിച്ചുകഴിഞ്ഞു. ചൈനയിലെ പുതിയ ഭരണകർത്താക്കളും ഏതാണ്ടു് ഇപ്രകാരമുള്ള ഒരു നടപടിയാണു സ്വീകരിച്ചതു് എന്നു പറയപ്പെടുന്നു. മുതലാളിത്വവ്യവസ്ഥിതിയുടെ സന്ദേശവാഹകന്മാരുടെ ശക്തിയായ എതിർപ്പിനു് ഈ പദ്ധതി കാരണമാക്കിയേക്കാമെങ്കിലും, പാവപ്പെട്ടവൻെറ നാടായ ഭാരതത്തിൽ ഇന്നത്തെ പരിതഃസ്ഥിതികളിൽ അതുമാത്രമാണു കൂടുതൽ പ്രായോഗികമായിട്ടുള്ളതു്. ഭാരതീയകർഷകനെ ഇന്നുവരെ ശ്വാസം മുട്ടിച്ചുകൊണ്ടിരുന്ന ജന്മിനാടുവാഴിത്വം ഒന്നൊന്നായി അതിവേഗം തിരോധാനം ചെയ്തുകൊണ്ടിരിക്കുന്നു എന്നുള്ളതു് ആശ്വാസപ്രദമാണു്.

സെമിന്താരിനിരോധന നിയമങ്ങൾ അതിൽതന്നെ പൂർണ്ണങ്ങളല്ല. നമ്മുടെ കർഷകനെ കഷ്ടപ്പെടുത്തുന്ന പ്രധാന കാരണങ്ങളിൽ ഒന്നുമാത്രമാണു് ജന്മിനാടുവാഴിത്വം. ഈ ജന്മിനിരോധനനിയമങ്ങൾ ജന്മികളെ ഇല്ലാതാക്കി. എളുപ്പത്തിൽ സാധിക്കാവുന്ന ഒരു കാര്യമാണിതു്. എന്നാൽ, സെമിന്താരികളുടെ സ്ഥാനത്തു് മറെറന്തു സമ്പ്രദായമാണു സ്വീകരിക്കേണ്ടതു് എന്നുള്ളതാണു കൂടുതൽ ഗൗരവാവഹമായ പ്രശ്നം. എന്തിനെ എങ്കിലും ഇടിച്ചുതകർക്കുവാൻ എളുപ്പമാണു്. പ്രാദേശികജനതയെ അതിജീവിച്ചു കഴിഞ്ഞ അവസ്ഥാവിശേഷത്തെ ഇല്ലാതാക്കണം എന്നുള്ള കാര്യത്തിലും, അഭിപ്രായവ്യത്യാസം ഇല്ല. പക്ഷേ, പുതുതായി ഒന്നു നിർമ്മിക്കുവാൻ വളരെ പ്രയാസമുണ്ടെന്നു് മാത്രമല്ല, നിർമ്മിക്കപ്പെടേണ്ട അവസ്ഥാവിശേഷത്തിൻെറ അവസാനരൂ

പത്തെപ്പററി, നിർമ്മിക്കേണ്ട വിധത്തെപ്പററി ഒരായിരം അഭിപ്രായവ്യത്യാസങ്ങൾ സാധാരണയായി കണ്ടുവരാറുണ്ട്. പരമാത്ഥം ഇതായിരിക്കെ സെമിന്താരിസമ്പ്രദായത്തിൻെറ സ്ഥാനത്തു് ഏതു വ്യവസ്ഥിതിയാണ സ്വീകരിക്കേണ്ടതു് എന്നുള്ള പ്രശ്നം പ്രാധാന്യമുള്ളതായിത്തീരും.

സ്ഥലങ്ങളെ മുഴുവൻ ദേശീയവൽക്കരിച്ചു്, വ്യക്തികളുടെ അവകാശങ്ങളെ മുഴുവൻ ഇല്ലായ്മചെയ്തു് രാഷ്ട്രത്തിൻെറ പരിപൂണ്ണനിയന്ത്രണത്തിനു് വിധേയമായി, ഗവർമ്മെൻറു് ആസൂത്രണം ചെയ്യുന്ന പദ്ധതി അനുസരിച്ചു നടത്തുന്ന കൂട്ടുകൃഷിസമ്പ്രദായം സ്വീകരിക്കണമെന്നു് അഭിപ്രായപ്പെട്ടുന്നവർ ഉണ്ടു്. സോവിയററു റഷ്യയിൽ മാത്രം സ്വീകരിച്ചിരിക്കുന്ന ഈ നയം, അവിടെ വിജയിച്ചിരിക്കുന്നു എന്നു് ഈ പദ്ധതിയുടെ പ്രണേതാക്കൾ ചൂണ്ടിക്കാണിക്കുന്നു. കമ്യൂണിസ്റ്റു് രാഷ്ട്രീയസംവിധാനത്തോടുകൂടിമാത്രം, വിജയകരമായി പ്രവത്തനം നടത്താവുന്ന ഈ വ്യവസ്ഥിതി റഷ്യയിൽപോലും പൂണ്ണമായി വിജയിച്ചിട്ടില്ലെന്നാണു് അറിയുന്നതു്. ഭാരതം, റഷ്യയുടെ സാമ്പത്തികവും രാഷ്ട്രീയവുമായ തത്വസംഹിതി സ്വീകരിച്ചിട്ടില്ലാത്തേടത്തോളംകാലം ഭൂമിയുടെ ദേശീയവൽക്കരണം ആലോചനാർഹമേ അല്ല. എന്നാൽ ഇപ്പോൾ ഗവമ്മെൻറിൻെറ അധീനതയിൽ ഇരിക്കുന്ന കാട്ടുപ്രദേശങ്ങളിൽ, കൂട്ടുകൃഷി പരീക്ഷണാത്ഥം നടത്തുന്നതു് നന്നായിരിക്കും. കൂട്ടുകൃഷിയുടെ ജയാപജയങ്ങളെപ്പററി നമുക്കപ്പോൾ കൂടുതൽ പ്രായോഗികമായി മനസ്സിലാക്കുവാൻ കഴിയും. ഭാരതം ഇന്നു് അനുഭവിച്ചുകൊണ്ടിരിക്കുന്ന ഭക്ഷ്യക്ഷാമത്തിൻെറ പശ്ചാത്തലത്തിൽ അതു് ഒരു അത്യാവശ്യവുമാണു്.

സഹകരണാടിസ്ഥാനത്തിൽ കർഷകഭൂമികളെ പുനഃസംഘടിപ്പിക്കണമെന്നു് വാദിക്കുന്ന ഒരു വിഭാഗക്കാരുണ്ടു്. തത്വത്തിൽ ഇത്രയും പ്രോത്സാഹനമാർഗ്ഗമായ ഒരു പദ്ധതി

വേറെ ഉണ്ടെന്നു തോന്നുന്നില്ല. എന്നാൽ ഇൻഡ്യയിലെ പ്രത്യേക പരിതഃസ്ഥിതികളിൽ ഈ നൂതനപദ്ധതി ഇതുവരേയും പരീക്ഷിക്കപ്പെട്ടിട്ടില്ല. എന്നാൽ വർദ്ധിച്ചുവരുന്ന ഒരു ജനപദം വികസനസാദ്ധ്യമല്ലാത്ത കൃഷിസ്ഥലങ്ങൾ, അവകാശം ഒഴിഞ്ഞുപോകുന്ന സെമിന്താരന്മാർ, ഈ യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ സഹകരണത്തിൽ അധിഷ്ഠിതമായ കൂട്ടുകൃഷി സമ്പ്രദായത്തിനു മാത്രമേ കർഷകവൃത്തിയെ ലാഭകരമായ ഒരു വ്യവസായമായി ഉയർത്തുവാൻ സാധിക്കു. സഹകരണവ്യവസ്ഥിതിയിൽ, കൂട്ടുകൃഷിയുടെ എല്ലാം ഗുണങ്ങളും ഉണ്ടായിരിക്കുമെങ്കിലും അതിൻെറ ദൂഷ്യഫലങ്ങളിൽ നിന്നും ഒഴിഞ്ഞിരിക്കുന്നതുമാണു്.

എന്നാൽ അഖിലഭാരതവ്യാപകമായ ഒരു സഹകരണവ്യവസ്ഥിതി, ആസൂത്രണം ചെയ്യുവാനും, അതു് ഭൂരിപക്ഷം ആളുകളുടേയും, സമ്മതത്തോടുകൂടി നടപ്പിലാക്കാനും വളരെ കാലതാമസം ഉണ്ടായേക്കും. അതുകൊണ്ടു താൽക്കാലികമായിട്ടാണെങ്കിലും, കൃഷിക്കാർക്കു് പരിപൂർണ്ണ ഉടമസ്ഥാവകാശം നൽകി, അവരെക്കൊണ്ടുതന്നെ കൃഷിചെയ്യിക്കുകയാണു് വേണ്ടതു്. അതോടുകൂടിത്തന്നെ ഗവർമ്മെൻറിൻെറ സമർത്ഥമായ മേൽനോട്ടവും, നിയന്ത്രണവും, നിർലോഭമായ സഹായവും, പ്രോത്സാഹനവും ആവശ്യമാണു്; നൂതനങ്ങളും, ആദർശസമ്പുഷ്ടങ്ങളും ആയ പദ്ധതികൾ സ്വീകാര്യങ്ങൾ ആണെങ്കിലും അവയുടെ പ്രചാരത്തിലും പ്രവർത്തനത്തിലും സ്വാഭാവികമായി വന്നുഭവിക്കുന്ന സമയത്തു നഷ്ടം പരിഹരിക്കാതെങ്കിലും, പ്രത്യേകിച്ചും ഒരു ഭക്ഷ്യക്ഷാമം നാട്ടിനെ ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്ന പരിതഃസ്ഥിതികളിൽ, വ്യക്തികളെ കൂടുതൽ വിശ്വസിക്കേണ്ടിയിരിക്കുന്നു. അവരുടെ പ്രവർത്തനങ്ങൾ രാജ്യത്തിൻെറ ആകെക്കൂടിയുള്ള പുരോഗമനത്തിനു യോജിച്ചതരത്തിൽ നിയന്ത്രിക്കുവാനുള്ള ചുമതല രാഷ്ട്രത്തിനുണ്ടു്.

# 7

# മുഴവൻ ഭൂമിയും കൃഷിചെയ്യുക

ഉല്പാദനത്തെ സഹായിക്കുന്ന ഒരു ഘടകമെന്നുള്ള നിലയിൽ ഭൂമിക്കുള്ള സ്ഥാനം, അതിനുള്ള ചില പ്രത്യേകതകൾ ഭൂഉടമയിൽ വന്നുകൊണ്ടിരിക്കുന്നതും, വരുത്തേണ്ടതുമായ പരിഷ്ക്കാരങ്ങൾ തുടങ്ങിയ വിഷയങ്ങളെപ്പററി ഇതിനകം പ്രതിപാദിച്ചു കഴിഞ്ഞു. ഈ പ്രതിപാദനങ്ങളിലെല്ലാം ഒരു വസ്തുത നമുക്കു പ്രത്യേകം കാണുവാൻ കഴിഞ്ഞിട്ടുണ്ട്. ഭൂമിക്ക് ആവശ്യാനുസരണം വികസിക്കുവാൻ സാദ്ധ്യമല്ലെന്ന് ഭാരതത്തിൽ ഇന്ന് ഭൂമി കൂടുതൽ ആവശ്യമായിരിക്കുന്നു. കൂടുതൽ ഭൂമിയിൽ കൃഷിചെയ്തെങ്കിൽ മാത്രമേ ഭാരതത്തിലെ ഉല്പാദനം വർദ്ധിക്കു. നിർദ്ദയയായ പ്രകൃതി വർദ്ധിച്ചുവരുന്ന ആവശ്യങ്ങളുടെ നേരെ, കണ്ണടച്ചുകളയുന്നു. പല തരത്തിലും പ്രകൃതിശക്തികളെ അടിമപ്പെടുത്തുവാൻ കഴിഞ്ഞിട്ടുള്ള മനുഷ്യൻെറ കഴിവുകൾ ഈ വിഷയത്തിൽ അവനെ പരാജിതനാക്കുമോ. പ്രയത്നശാലിയായ ഒരു മനുഷ്യനെ തോല്പിക്കുവാൻ യാതൊന്നിനും ശക്തിയില്ല. മനുഷ്യനു നൽകപ്പെട്ടിട്ടുള്ള ഭൂമി മുഴവനും ശരിയായി ഉപയോഗിച്ചാൽ അവൻെറ ആവശ്യങ്ങൾ അവനു് സ്വായത്തമായ ഭൂമിയിൽനിന്നു തന്നെ നിർവഹിക്കപ്പെടാവുന്നതാണ്. ഒരിഞ്ചു സ്ഥലംപോലും പാഴാക്കാതിരുന്നാൽ മതി.

കൃഷിവികസനത്തിനു് 'ഭൂമി' അപരിത്യാജ്യമായ ഒരു ആവശ്യമാണു്. മററു വ്യവസായങ്ങൾ ഇത്രത്തോളം ഭൂമിയെ ആശ്രയിക്കേണ്ടതില്ല. അമേരിക്കയിലെ അംബരചുംബികളായ കെട്ടിടങ്ങൾ ഭൂമിയുടെ നിയന്ത്രണങ്ങളെ സമർത്ഥമാ

യി പരാജയപ്പെടുത്തിക്കൊണ്ടു് ആകാശത്തിലേക്കു വളരുന്നു. എന്നാൽ കൃഷിക്കാരനു് ഇപ്രകാരമുള്ള വികസനം സാദ്ധ്യമല്ലല്ലോ. അവൻെറ വിപണികൾ എത്രമാത്രം വിസ്തൃതങ്ങളാണെങ്കിലും കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന ജോലിക്കാരുടെ സംഖ്യ എത്ര വലുതാണെങ്കിലും, ക്ലിപ്തമായ ഒരു സ്ഥലവിഭാഗത്തിൽനിന്നും ഉൽപാദിക്കപ്പെടാവുന്ന ഉല്പന്നങ്ങൾക്കു് ഒരു പരിധി ഉണ്ടു്. കൂട്ടംകൃഷികൊണ്ടും നെടുംകൃഷികൊണ്ടും മാത്രമേ ഭാരതത്തിലെ വർദ്ധിച്ചുവരുന്ന കർഷകജനതയുടെ ജീവിതത്തോതു് ഉയർത്തുവാൻ സാധിക്കു.

ഭാരതത്തിൽ ഇന്നു് ആകെയുള്ള 3,510 ലക്ഷം ഏക്കർ കൃഷിചെയ്യപ്പെടാവുന്ന സ്ഥലത്തിൽ 2,170 ലക്ഷം ഏക്കർ സ്ഥലം ഇപ്പോൾതന്നെ കൃഷിക്കു് വിധേയമാക്കിയിട്ടുണ്ടു്. ഓരോതരം വിളവുകളും കൃഷിചെയ്യപ്പെട്ടിട്ടുള്ള സ്ഥലത്തിൻെറ വിസ്തൃതി, ലഭിക്കുന്ന വിളവുകളുടെ അളവു് തുടങ്ങിയ കാര്യങ്ങൾ ഗവർമ്മെൻറിൻെറ പ്രസിദ്ധീകരണവകുപ്പിൽനിന്നും നമുക്കു ലഭിക്കുന്നു.

പരിമിതമായ ഭൂമിയെ എങ്ങിനെ ഏററവും പ്രയോജനപ്രദമായ രീതിയിൽ ഉപയോഗിക്കാം എന്നുള്ളതാണു് ഇവിടത്തെ ചർച്ചാവിഷയം. എന്നാൽ വിഷയത്തിലേക്കു് കടക്കുന്നതിനുമുൻപു് ഇന്നു മററു ചില രാജ്യങ്ങളിൽ കൃഷിയെ സമുദ്ധരിക്കുവാൻ ചെയ്തിട്ടുള്ള ശ്രമങ്ങൾ ശ്രദ്ധേയങ്ങളാണു്. ഏററവും നൂതനമായ രീതിയിൽ നടന്നിട്ടുള്ള പരിഷ്കാരങ്ങളാണു് റഷ്യയിൽ കാണുന്നതു്. റഷ്യയിൽ സംഭവിച്ചിട്ടുള്ളതെന്താണു്, റഷ്യയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതു് എന്താണു്, എന്നെല്ലാം ഉള്ളതിനെപ്പററി വിഭിന്നങ്ങളായ പല വിവരണങ്ങളും കേൾക്കാനുണ്ടു്. പരസ്പരവിരുദ്ധങ്ങളായ വിവരണങ്ങളാണു് അവയിൽ പലതും. എന്നാൽ അവിടത്തെ കൂട്ടുകൃഷിസ്ഥലങ്ങളെപ്പററി കേട്ടിട്ടില്ലാത്തവർ ചുരുക്കമാണു്,

1943 ആഗസ്റ്റ് മാസത്തിൽ ലണ്ടനിൽ നടത്തിയ ഒരു സമ്മർ സ്കൂളിൽ സർ ജാൺ റസ്സൽ ചെയ്ത പ്രസംഗങ്ങളിൽനിന്നും ചില ഭാഗങ്ങൾ 'നേർച്ച' എന്ന പ്രസിദ്ധീകരണത്തിൽ ചേർത്തിരുന്നു. അതിൽനിന്നും ചില രസകരമായ വിവരങ്ങൾ നമുക്കു ലഭിക്കുന്നു. 1917-ലെ വിപ്ലവത്തിനു മുൻപു് റഷ്യയിലെ കൃഷിഭൂമികൾ, വലിയ കൃഷിത്തോട്ടങ്ങൾ, ചെറിയ തോട്ടങ്ങൾ, 'മിർ' അല്ലെങ്കിൽ ഗ്രാമീണ അധികാരികളുടെ നിയന്ത്രണത്തിൽ ഇരുന്ന കൃഷിസ്ഥലങ്ങൾ, എന്നിങ്ങനെയാണു സംഘടിപ്പിച്ചിരുന്നതു്. ഇവയിൽ ചില വലിയ തോട്ടങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നെങ്കിലും അവയിൽ ഭൂരിഭാഗവും ഹൃദയശൂന്യരായ മാനേജരന്മാരുടെ ഭരണത്തിൻകീഴിൽ കർഷകരെ കഷ്ടപ്പെടുത്തുന്ന ഘടകങ്ങളായി മാത്രം പ്രവർത്തിച്ചുപോന്നു. വ്യക്തികളുടെ സ്വന്തമായിരുന്ന സ്ഥലങ്ങളിൽകുറെ എല്ലാം കൃഷി നടന്നുവന്നു. ഗ്രാമീണ അധികാരികളുടെ നിയന്ത്രണത്തിലിരുന്ന സ്ഥലങ്ങളുടെ ഉടമസ്ഥാവകാശം കർഷകർക്കില്ലായിരുന്നു.

ഈ മൂന്നുതരം രീതികളും കമ്യൂണിസ്റ്റുകാർക്കു സ്വീകാര്യമായിരുന്നില്ല. ആദ്യത്തെ രണ്ടും സ്വകാര്യസമ്പത്തു് അനുവദിച്ചിരുന്നതുകൊണ്ടും, മൂന്നാമത്തേതു് പരിഷ്ക്കരിക്കാൻ നിർവാഹമില്ലാത്തവണ്ണം അത്ര അധഃപതിച്ചുപോയിരുന്നതുകൊണ്ടും നൂതനമായ ഒരു പദ്ധതി ആസൂത്രണം ചെയ്യേണ്ടിവന്നു.

കമ്യൂണിസ്റ്റു് ആദർശങ്ങൾക്കു് അനുരൂപമായി രാഷ്ട്രത്തിൻെറ പൂർണ്ണമായ അധികാരത്തിനു വിധേയമായി സ്റ്റെയിററ് ഫാംസ് സ്ഥാപിതമായി. കൃഷിക്കാർ എല്ലാം രാഷ്ട്രത്തിൻെറ വേതനംപററുന്ന ജോലിക്കാരുടെ നിലയിലേക്കു് വഴുതിവീണു. അവർക്കു താമസിക്കുന്നതിനു വേണ്ട വീടുകൾപോലും സംവിധാനംചെയ്തുകൊടുത്തതു രാഷ്ട്രമാണു്. ഒരു

വ്യവസായശാലയുടെ അന്തരീക്ഷം പാടങ്ങളിലും, ഒരു വ്യവസായതൊഴിലാളിയുടെ മനോഭാവം, കൃഷിക്കാരനിലും, വളൎന്നുവരുമെന്നു് അധികാരികൾ വിചാരിച്ചു. എന്നാൽ കർഷകൻെറ സ്വാഭാവികമായ പ്രത്യേകതകൾ അവനെ വിട്ടുമാറിയില്ല. അതുകൊണ്ടു് പഴയ മീർ സമ്പ്രദായത്തിൽ കൃഷിഭൂമികളെ വീണ്ടും സംഘടിപ്പിച്ചു. ഓരോരുത്തരുടേയും കുടുംബാവശ്യങ്ങൾ എല്ലാവരും ചേർന്നു് നിർവ്വഹിക്കണമെന്നും നിശ്ചയിച്ചു. ഈ പുതിയ പദ്ധതിയും കർഷകർക്കു് സ്വീകാര്യമായിരുന്നില്ല. അവസാനമായി സ്വീകരിച്ച പദ്ധതിയാണു് ആർട്ടൽ സമ്പ്രദായം. ഈ വ്യവസ്ഥിതിയിൽ ഓരോ കർഷകകുടുംബവും, പ്രത്യേകം പ്രത്യേകം ജീവിച്ചുവന്നു. കൃഷിഭൂമികളിൽനിന്നും ലഭിച്ചിരുന്ന ആദായം, നികുതികൾ എല്ലാം അടച്ചതിനുശേഷം, കർഷകരുടെ ഇടയിൽ ഓരോരുത്തരും ചെയ്ത വേലയുടെ തോതു് അനുസരിച്ചു് വീതിക്കപ്പെട്ടിരുന്നു. കൃഷിക്കാർക്കു നൽകിവന്നിരുന്ന കൂലി ധാന്യങ്ങളായിട്ടാണു് സാധാരണ കൊടുത്തുവന്നതു്. ഈ നൂതന പദ്ധതി കൂടുതൽ സ്വീകാര്യമായി റഷ്യൻ കർഷകജനതയ്ക്കു തോന്നി. 1939-ാം മാണ്ടായപ്പോഴേയ്ക്കും റഷ്യയിലെ കർഷകഭൂമികളിൽ ഭൂരിഭാഗവും, ഈ വിധത്തിൽ സംഘടിപ്പിച്ചുകഴിഞ്ഞിരുന്നു.

റഷ്യയിലെ "കളക്ടീവ് ഫാംസ്" എന്നു് അറിയപ്പെടുന്ന കർഷകസംഘടനകൾ ഇപ്രകാരം സംഘടിപ്പിക്കപ്പെട്ട കൃഷി ഭൂമികളാണു്. ഭൂമിയിൽ വ്യക്തികൾക്കുണ്ടായിരുന്ന സകല അവകാശങ്ങളേയും നശിപ്പിച്ചു്, ഓരോ പ്രദേശത്തും ഉണ്ടായിരുന്ന സ്ഥലങ്ങളെ ആയിരം മുതൽ നാലായിരംവരെ വിസ്തീർണ്ണമുള്ള കൃഷിസ്ഥലങ്ങളായി സംഘടിപ്പിച്ചു. ഈ സ്ഥലത്തെ കൃഷി അവിടത്തെ കർഷകരുടെ നിയന്ത്രണത്തിനു് വിധേയമായി നടന്നുവന്നു. എന്നാൽ ഓരോ വർഷത്തിലും അവർ ഓരോ പദ്ധതി തയ്യാറാക്കി ഗവർമ്മെൻറിൻെറ അംഗീ

കാരം വാങ്ങിച്ചിരിക്കണം. അംഗീകൃതമാകുന്ന പദ്ധതിയിൽ ഒരു വ്യതിയാനവും വരുത്തുവാൻ കർഷകക്ക് അധികാരം ഉണ്ടായിരുന്നില്ല. ഈ പദ്ധതി നടപ്പിലാക്കുന്നതു് സാധാരണ കൃഷിക്കാർ തിരഞ്ഞെടുക്കുന്ന ഒരു കമ്മററി ആയിരിക്കും. ഈ കമ്മററിയുടെ അദ്ധ്യക്ഷൻ എപ്പോഴും ഗവർമ്മെൻറ് നോമിനിയും കമ്യൂണിസ്റ്റ് പ്രവർത്തകനും ആയിരിക്കും. ഈ കമ്മററികളിൽ കമ്യൂണിസ്ററ് പാർട്ടി അവരുടെ അംഗങ്ങളെ ഉൾപ്പെടുത്തുകയും, പാർട്ടിയുടെ ശക്തിമത്തായ നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യുമായിരുന്നു.

കൃഷിക്കാർക്കു് ലഭിച്ചിരുന്ന വേതനം, അവർ ചെയ്യുന്ന വേലയുടെ കൂടുതൽകുറവു് അനുസരിച്ചു് വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. ഒരു തൊഴിലാളി ഒരു ദിവസംകൊണ്ടു് ചെയ്തുതീർക്കേണ്ട ജോലി ഇത്രയെന്നു് ക്ലിപ്തപ്പെടുത്തി (ലേബർ ഡേ) അത്രയും ജോലിചെയ്തു തീർക്കുമ്പോൾ ആ തൊഴിലാളി ഒരു ദിവസത്തെ കൂലിക്കു് അർഹനാവുകയും ചെയ്യുമായിരുന്നു. സാധാരണ ഗതിയിൽ ഒരാൾക്കു് ഒരു വർഷം ഇരുന്നൂറു് ദിവസത്തെ ജോലി ചെയ്യുവാൻ കഴിയുമായിരുന്നു. തൊഴിലാളിക്കു് അവൻെറ വേതനം മുഴുവൻ സ്വയമേ ഉപയോഗിക്കുന്നതിനോ വിററു് പണമാക്കുന്നതിനോ വേണ്ട സ്വാതന്ത്ര്യം ഉണ്ടു്. കൃഷിക്കാർക്കു ലഭിച്ചിരുന്നവിളവിൻെറ വീതം, നികുതിയുടെ തോതു്, വിളവിൻെറ അളവു് അനുസരിച്ചു് വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. ഗവർമ്മെൻറിലേയ്ക്കു കൊടുക്കേണ്ട നികുതി വിളവിൻെറയും, വളർത്തുന്ന മൃഗങ്ങളിൽനിന്നുള്ള ആദായത്തിൻേറയും ഒരു നിശ്ചിത ശതമാനം ആണു്. കാലക്രമത്തിൽ ഗവർമ്മെൻറ് നിശ്ചയിച്ചിരിക്കുന്ന നികുതി കൊടുത്തുകൊണ്ടിരിക്കുന്നിടത്തോളം കാലം കൃഷിയിലും കൃഷിവികസനപദ്ധതികളിലും കൃഷിക്കാർക്കു് കൂടുതൽ സ്വാതന്ത്ര്യം നൽകി. ഗവർമ്മെൻറ് സാധാരണയായി ഈടാക്കിയിരുന്ന നികുതി

വിളവിൻെറ 25 ശതമാനത്തോളം ആയിരുന്നു ഗവർമ്മെൻറിൽനിന്നും വിട്ടുകൊടുത്തിരുന്ന യാന്ത്രികോപകരണങ്ങളുടെ വാടകയായി ഒരു പതിനഞ്ചു ശതമാനംകൂടി കർഷകക്ക് നഷ്ടപ്പെട്ടമായിരുന്നു. മഞ്ഞുകാലത്തേയ്ക്കു് മൃഗങ്ങൾക്ക് ഭക്ഷണത്തിനായും, അടുത്ത കൃഷിക്കു് ഉപയോഗിക്കേണ്ടിയിരുന്ന വിത്തിനായും, വേറൊരു പതിനഞ്ചുശതമാനം കൂടി മാററിവയ്ക്കേണ്ടിയിരുന്നു. ഇൻഷ്വറൻസ് ദീനചികിത്സ ഇതിനെല്ലാം ആയി ഒരു ഭാഗം നിക്കിവെയ്ക്കുന്നതും കഴിച്ച് കൃഷിക്കാൎക്കു് ആകെ വിളവിൽ 40 ശതമാനത്തോളം മാത്രം അവരുടെ ഇടയിൽ വിതരണത്തിനായി ലഭിച്ചിരുന്നൊള്ളൂ.

1936-ൽ കളക്ററീവ് ഫാമിൽ കൃഷിചെയ്തിരുന്ന കൃഷിക്കാൎക്കു് എല്ലാവൎക്കുംകൂടി ആ സ്ഥലങ്ങളുടെ ഉടമസ്ഥാവകാശം എന്നെന്നേയ്ക്കുമായി വിട്ടുകൊടുത്തു കൂടാതെ ഓരോരുത്തൎക്കും സ്വന്ത ആവിശ്യത്തിന്നായി $\frac{1}{2}$ മുതൽ $2\frac{1}{2}$ ഏക്കർവരെ സ്ഥലം സ്വന്തമായി വെയ്ക്കാമെന്നും നിയമം ഉണ്ടാക്കി. സ്വകാൎയ്യസ്വത്തിൻെറ പരിമിതമായ അനുവാദം കൂട്ടുകൃഷിസ്ഥലങ്ങളിൽ കൃഷിക്കാൎക്കു് ഉണ്ടായിരുന്ന ശ്രദ്ധയെ കുറച്ചു. കൂട്ടുകൃഷിസ്ഥലങ്ങൾ ഉപേക്ഷിക്കപ്പെടാതിരിക്കാൻ ഓരോരുത്തരും അത്തരം കൃഷിസ്ഥലങ്ങളിൽ ഒരു ക്ലിപ്തദിവസത്തേയ്ക്കെങ്കിലും, ജോലി ചെയ്യണമെന്നു് നിയമം ഗവർമ്മെൻറിൽ നിന്നും പാസാക്കേണ്ടിവന്നു. നിയമപരമായി കൃഷിക്കാരും തൊഴിലാളികളും ഇന്നു് രണ്ടു വിഭാഗക്കാരാണ്. കൃഷിക്കാരുടെ ഇടയിൽ ഒരു തൊഴിലാളിമനഃസ്ഥിതി വളൎത്താൻ ഗവർമ്മെൻറിന്നു ഇതുവരെ കഴിഞ്ഞിട്ടില്ല. സാങ്കേതികവും, നിയമപരവുമായ അനേകം വിഷമതകളെ തുടച്ചുമായിച്ചുകളയുവാൻ റഷ്യയ്ക്കു കഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് ഈ കർഷകതൊഴിലാളി വ്യത്യാസങ്ങളും കാലക്രമത്തിൽ ഇല്ലാതാകുമെന്നാണ് ഗവർമ്മെൻറിൻെറ പ്രതീക്ഷ.

കാർഷികവികസനത്തിനായി വിപ്ലവപരമായ പരിവർത്തനങ്ങൾ നടപ്പിലാക്കിയ സോവിയററ് റഷ്യയിൽ അവരുടെ പദ്ധതികളുടെ പ്രവർത്തനങ്ങളുടെ ഫലമായി, പല നേട്ടങ്ങളും ഉണ്ടായിട്ടുള്ളതായി റഷ്യൻ ഭരണാധികാരികൾ അഭിമാനിക്കുന്നു. റഷ്യൻ ഗവർമ്മെൻറിൽനിന്നും പ്രസിദ്ധപ്പെടുത്തുന്ന ചില കണക്കുകൾ ഈ വിഷയത്തിൽ ശ്രദ്ധേയങ്ങളാണ്. 1917 ഒക്ടോബർ മാസത്തിൽ വ്യക്തികൾക്ക് ഭൂമിയിലുണ്ടായിരുന്ന സകല അവകാശങ്ങളും എടുത്തുകളയുകയും കൃഷിസ്ഥലങ്ങൾ മുഴുവൻ ഗവർമ്മെൻറിൻെറ സ്വന്തമാക്കുകയും ചെയ്തു. രണ്ടരക്കോടിയിൽപ്പരം ചെറിയ കൃഷിസ്ഥലങ്ങളെ രണ്ടുലക്ഷത്തിനാല്പതിനായിരം കൂട്ടുകൃഷിസ്ഥലങ്ങളായി സംഘടിപ്പിച്ചു. രാഷ്ട്രത്തിൻെറ നേരിട്ടുള്ള നിയന്ത്രണത്തിൻകീഴിൽ നാലായിരം കൃഷിസ്ഥലങ്ങൾ ഉണ്ടായിരുന്നു. ഈ കൂട്ടുകൃഷിസ്ഥലങ്ങൾ കൃഷിക്കാരുടെ വ്യക്തിപരമായ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതിനോടൊപ്പം സമുദായത്തിൻെറ ആകെക്കൂടിയുള്ള ആവശ്യങ്ങളെ നിർവ്വഹിച്ചുകൊടുക്കുന്ന കാര്യത്തിലും അവ ശ്രദ്ധിച്ചിരുന്നു. രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയുടെ (1933-37) അവസാനത്തോടുകൂടി കൃഷികവൃത്തിയുടെ ശാസ്ത്രീയമായ പുനരുദ്ധാരണം മിക്കവാറും പൂർണ്ണമായിരുന്നു. ശാസ്ത്രീയമായ ഉപകരണങ്ങൾ ഉപയോഗിച്ച് കൃഷിനടത്തുന്ന ലോകത്തിലെ പ്രധാന രാജ്യങ്ങളിൽ ഒന്നാണ് യു. എസ്സ്. എസ്സ്. ആർ. 1940-ൽ ട്രാക്ടറുകൾ കൃഷിക്കാർക്ക് വാടകയ്ക്കു കൊടുക്കുന്ന 7,069 സ്റ്റേഷനുകൾ റഷ്യയിൽ ഉണ്ടായിരുന്നു. ആകെപ്പാടെ അഞ്ചുലക്ഷത്തിൽപ്പരം ട്രാക്ടറുകൾ റഷ്യയിൽ അന്ന് ഉപയോഗത്തിൽ ഇരുന്നതായി പറയപ്പെടുന്നു. സ്ഥിതിസമത്വവാദത്തിന് അനുയോജ്യമായ ഒരു കാർഷികപദ്ധതി അനുസരിച്ച് ഏററവും ക്രമീകൃതമായ രീതിയിലാണ് റഷ്യയിൽ കാർഷികപുനരുദ്ധാരണം സാധിച്ചത്.

റഷ്യൻ കഷ്കർക്കു് ഗവർമ്മെൻറിൻെറ സഹായത്തോടു കൂടി മൂന്നുകോടി ഹെക്ടാർസ് സ്ഥലം കൂടുതൽ കൃഷിചെയ്യുന്നതിനും മുന്നൂററിമുപ്പതുകോടി പൂഡ്സ് (poods) ധാന്യങ്ങാം കൂടി ഉല്പാദിപ്പിക്കുന്നതിനും കഴിഞ്ഞു. 1913-ൽ വിൽക്കുവാൻ കഴിഞ്ഞിരുന്ന കാർഷികവിഭവങ്ങളുടെ തൂക്കം 21 കോടി ടൺ മാത്രമായിരുന്നപ്പോ൦ 1940-ൽ 38 കോടിടൺ പുതിയ വിഭവങ്ങാം പുതിയ ഗവർമ്മെൻറിനു് വിൽക്കുവാൻ കഴിഞ്ഞു. രണ്ടാമത്തെ ലോകമഹായുദ്ധത്തിൻെറ ആരംഭത്തിൽ റഷ്യയിൽ പ്രവർത്തനം നടത്തിയിരുന്ന മൃഗോല്പാദനകേന്ദ്രങ്ങളുടെ എണ്ണം ആറുലക്ഷമായി വർദ്ധിച്ചിരുന്നു.

കഴിഞ്ഞ മഹായുദ്ധം കർഷകഭൂമിയിൽ അനവധി നാശങ്ങാം വരുത്തി. എന്നാൽ ഈ നാശങ്ങളെ പരിഹരിക്കുവാനും കർഷകവൃത്തിയെ പൂർവ്വവൽ പ്രയോജനപ്രദമായ ഒരു വ്യവസായമായി ഉയർത്തുവാനും ഒരു പുതിയ പഞ്ചവത്സര പദ്ധതി ഗവർമ്മെൻറിൽനിന്നും ആസൂത്രണംചെയ്തു. ആ പദ്ധതി പൂർണ്ണമായും വിജയിച്ചിട്ടുണ്ടെന്നു് അധികാരികാം അഭിമാനിക്കുന്നു.

എന്നാൽ റഷ്യയിൽ വിജയിച്ചിരിക്കുന്നതായി റഷ്യൻഭരണകർത്താക്കളും റഷ്യൻ ഭക്തന്മാരും പറയുന്ന ആ പദ്ധതി ഭാരതത്തിൽ വിജയിക്കണമെന്നില്ല. റഷ്യയിൽ കമ്മ്യൂണിസ്റ്റ് വിപ്ലവം നടന്ന സാഹചര്യങ്ങളല്ല ഇന്നു ഭാരതത്തിൽ നിലവിലിരിക്കുന്നതു്. മനുഷ്യരുടെ മൗലികാവകാശങ്ങളെപ്പോലും ചോദ്യംചെയ്യുന്ന ആ പരിഷ്ക്കാരങ്ങാം നമ്മുടെ സ്വഭാവത്തിനും പാരമ്പര്യത്തിനും സംസ്കാരത്തിനും അനുയോജ്യമല്ല. അതുമാത്രമല്ല അതിൽ പ്രായോഗികമായ പല വൈഷമ്യങ്ങളും ഉണ്ടു്.

സോവിയററ് റഷ്യ 84 ലക്ഷം ചതുരശ്രമൈൽ വിസ്തീർണ്ണമുള്ളതും ലോകത്തിലെവച്ചും ഏററവും വലിയ രാജ്യവുമാണു്.

എന്നാൽ 20 കോടി മാത്രമാണ് റഷ്യയിലെ ജനസംഖ്യ. അതേസമയം ഭാരതത്തിലെ 14 ലക്ഷം ചതുരശ്രമൈൽ സ്ഥലംവേണം 30 കോടി ജനങ്ങൾക്ക് ഭക്ഷണം നൽകാൻ. തിരുവിതാംകൂർകൊച്ചി സംസ്ഥാനത്തിൽ ചതുരശ്രമൈലിനു് 900 പേരും ഇൻഡ്യയിൽ 250 പേരും ജീവിക്കുമ്പോൾ റഷ്യയിൽ 23 പേർ മാത്രമാണ് ഉള്ളതു്. ഇങ്ങനെ സ്വാഭാവികമായി ഭാരതത്തേക്കാൾ അനേകമടങ്ങു് അനുഗ്രഹിക്കപ്പെട്ടിരിക്കുന്ന റഷ്യയിൽ വ്യക്തിസ്വാതന്ത്ര്യത്തെ മുഴുവൻ നശിപ്പിച്ചു്, അനേകായിരം ആളുകളെ കൊന്നൊടുക്കിയതിനുശേഷം മാത്രമാണ് ഇത്രയും കാര്യങ്ങൾ സാധിച്ചിട്ടുള്ളതു്. എന്നിരുന്നാലും ഒരുകാര്യം റഷ്യൻ വിപ്ലവം നമ്മെ പഠിപ്പിക്കുന്നുണ്ടു്: സ്ഥിരമായ പരിശ്രമവും, തുടർച്ചയായ ഗവമ്മെൻറ സഹായവും നിയന്ത്രണവുംകൊണ്ടു് അൽഭുതങ്ങൾ പ്രവർത്തിക്കുവാൻ കഴിയുമെന്നു്.

നാം ഭാരതത്തിലെ കർഷക ഭൂമികളെപ്പററിയാണല്ലോ പ്രതിപാദിച്ചുകൊണ്ടിരുന്നതു്. കാർഷികമായി ഭാരതത്തിലെ ജനസംഖ്യ വളരെ വർദ്ധിച്ചിട്ടുണ്ടു്. വളർന്നുവരുന്ന ഈ ജനപദത്തിനു് ആവശ്യമായ ഭക്ഷണം സംഭരിക്ക എന്നുള്ളതു് വിഷമംപിടിച്ച ഒരു വസ്തുതയാണ്. അതിനുതന്നെ കൂടുതൽ കൃഷിസ്ഥലങ്ങൾ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. അതു് എങ്ങിനെ സാദ്ധ്യമാകുമെന്നുള്ളതാണ് പ്രശ്നം. കുടംകൃഷിയും നെടുംകൃഷിയും മാത്രമാണ് ഭാരതത്തിൻെറ ഇന്നത്തെ രക്ഷാമാർഗ്ഗം. പുതിയ പുതിയ സ്ഥലത്തേക്കു് കൃഷിയെ വികസിപ്പിക്കുന്നതു് നെടുംകൃഷിയും, കൃഷിചെയ്തിരിക്കുന്ന സ്ഥലത്തുതന്നെ കൂടുതൽ ശ്രദ്ധയും, വളവും ഉപയോഗിച്ചു കൃഷിചെയ്യുന്നതു് കുടംകൃഷിയും എന്നു പറയുന്നു. ഭാരതത്തിൽ തന്നെ വളരെ അധികം സ്ഥലങ്ങൾ കൃഷിചെയ്യപ്പെടാതെ കിടക്കുന്നുണ്ടു്. കല്ലുനിറഞ്ഞ ഭൂമികൾ, ചതുപ്പുനിലങ്ങൾ,

മരുഭൂമികൾ ഇവയും, ആസിഡോ ആൽക്കലിയോ കണക്കിലധികമുള്ള സ്ഥലങ്ങൾ, സാമുദായികമായ നിയമങ്ങളും വൈകല്യങ്ങളുംമൂലം കൃഷിചെയ്യപ്പെടാത്ത സ്ഥലങ്ങൾ ഇവയാണു് പ്രധാനമായും ഉപേക്ഷിക്കപ്പെടുന്ന പ്രദേശങ്ങൾ.

കല്ലുനിറഞ്ഞ പ്രദേശങ്ങൾ കൃഷിക്കുപയുക്തമാക്കുവാൻ പല മാർഗ്ഗങ്ങൾ ഉണ്ടു്. കല്ലുകൾ പെറുക്കിമാററിയോ, ഇടിച്ചുപൊടിച്ചോ നശിപ്പിക്കാവുന്നതാണു്. വൻവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചു് വനങ്ങളാക്കുന്നതും നല്ലതുതന്നെ. പുല്ലു നട്ടുപിടിപ്പിച്ചു് കാലിവളർത്താനും ഇത്തരം സ്ഥലങ്ങൾ ഉപയോഗിക്കാവുന്നതാണു്. എന്നാൽ ഇൻഡ്യയിൽ പല സ്ഥലങ്ങളിലും ഇത്തരം സ്ഥലങ്ങൾ മുട്ടകുന്നുകളായി ഉപേക്ഷിക്കപ്പെട്ടിരിക്കുകയാണു്.

ചതുപ്പുനിലങ്ങൾ കൃഷിക്കുപയുക്തമാക്കുക അധികം പ്രയാസമുള്ള കാര്യമല്ല. ചതുപ്പുനിലങ്ങളിൽനിന്നും ആവശ്യമില്ലാത്ത വെള്ളം മാററിക്കളഞ്ഞാൽ ആ സ്ഥലങ്ങൾ ഫലഭൂയിഷ്ഠങ്ങളായ ഒന്നാന്തരം കൃഷിഭൂമികളായിമാറും. ഹോളണ്ടിലെ കൃഷിസ്ഥലങ്ങളിൽ മിക്കവയും ഒരിക്കൽ ചതുപ്പുനിലങ്ങളായിരുന്നതാണു്. ഭാരതത്തിലെ ഇന്നത്തെ ഭക്ഷ്യക്ഷാമത്തിന്റെ വെളിച്ചത്തിൽ ചതുപ്പുനിലങ്ങൾ പൊക്കിഎടുക്കുക എന്നുള്ളതു് ഒരു സജീവപ്രശ്നമായിത്തീർന്നിരിക്കുന്നു.

നമ്മുടെ നാട്ടിൽ വളരെ അധികം സ്ഥലം വെള്ളത്തിന്റെ അഭാവംമൂലം കൃഷിചെയ്യപ്പെടാതെ ഉപേക്ഷിക്കപ്പെട്ടിട്ടുണ്ടു്. വെള്ളത്തിന്റെ സഹായംകൂടാതെ കൃഷിചെയ്യാൻ ശാസ്ത്രീയമായ ചില മാർഗ്ഗങ്ങൾ ഉണ്ടു്. (Dry farming) ഭൂമിയിൽ ഉള്ള ജലാംശത്തെ കളയാതെ സൂക്ഷിക്കുകയും, ഭൂമിയുടെ ഉപരിതലത്തിൽ നേർമ്മയുള്ള മണ്ണുകൊണ്ടു് നിറയ്ക്കുകയും ചെയ്താൽ മഴയില്ലെങ്കിലും, ചെടികൾക്കു് അത്തരം ഭൂമികളിൽ വളരാൻ കഴിയുന്നതാണെന്നു കണ്ടുപിടിക്കപ്പെട്ടി

ട്ടുണ്ട്. പക്ഷേ, ഇപ്രകാരമുള്ള പ്രവത്തനങ്ങൾക്ക് പ്രത്യേകം പരിശീലനം സിദ്ധിച്ച വിദഗ്ദ്ധന്മാരെ ആവശ്യമുണ്ട്. കൂടാതെ ഇങ്ങനെ കൃഷി ചെയ്യപ്പെടുന്ന സ്ഥലങ്ങളിൽ എപ്പോഴും ഉണക്കിന്റെ ഉപദ്രവം ഉണ്ടായിരിക്കുന്നതാണ്. ധാരാളം വെള്ളം ആവശ്യമില്ലാത്ത ചെടികളെ ഇത്തരം സ്ഥലങ്ങളിൽ കൃഷിചെയ്യാൻ സാധിക്കു.

ജലസേചനം മൂലം ഇൻഡ്യയിൽ വളരെ അധികം സ്ഥലം കൃഷിക്ക് വിധേയമാക്കുവാൻ കഴിയുന്നു. ഭാരതത്തിലെ ജലസേചനവിധങ്ങൾ, അവയുടെ അധുനികനില, അവ വികസിപ്പിക്കാവുന്ന മാർഗ്ഗങ്ങൾ നമ്മുടെ സവിശേഷമായ ശ്രദ്ധയേ ആകർഷിക്കേണ്ടതാണ്. അവയെപ്പററി പ്രത്യേകം പ്രതിപാദിക്കുന്നതാണ്.

ശാസ്ത്രീയമായ കാരണങ്ങളാൽ കൃഷിചെയ്യപ്പെടുവാൻ അയോഗ്യമായിത്തീന്നിരിക്കുന്ന സ്ഥലങ്ങൾ വീണ്ടും കൃഷിക്ക് ഉപയുക്തമാക്കുക എന്നുള്ളത് ഒരു ശാസ്ത്രജ്ഞന്റെ കത്തവ്യമാണ്. വളരെയധികം ശാസ്ത്രീയപരിജ്ഞാനം ഈ വിഷയത്തിൽ ആവശ്യമുണ്ട്. പഞ്ചാബിലും, സിൻഡിലും, ആല്ക്കലിയുടേയും ആസിഡിന്റെയും കൂടുതൽകൊണ്ട് പല പ്രദേശങ്ങളിലേയും കൃഷി നശിച്ചുപോകുന്നുണ്ട്. ഇത്തരം കുറവുകളെ പരിഹരിക്കാൻ പല മാർഗ്ഗങ്ങൾ ഉണ്ട്. ഭൂമിയിൽ വളരെ സമയത്തേയ്ക്കു വെള്ളം കെട്ടിനിൽക്കാൻ അനുവദിക്കുക, വളരെ ആഴത്തിൽ കിളയ്ക്കുക, ഉപരിതലമണ്ണ് അഞ്ചാആറോ ഇഞ്ചു ഘനത്തിൽ മാററിക്കളയുക, മരുന്നുകൾ പ്രയോഗിക്കുക തുടങ്ങിയ മാർഗ്ഗങ്ങളാണ്, അവയിൽ ചിലതു്. സൗകര്യം അനുസരിച്ചും, സാഹചര്യങ്ങളുടെ സ്ഥിതി അനുസരിച്ചും ഇവയിൽ ഏതെങ്കിലും ഒരു മാർഗ്ഗം സ്വീകരിക്കാവുന്നതാണ്. ഒരുകൊല്ലംകൊണ്ട് കടുംകൃഷിക്കും നെടുംകൃഷിക്കും വിധേയമാക്കാവുന്ന സ്ഥലത്തിന്റെയും ഉല്പാദനത്തിന്റെയും ഒരു കണക്ക് പ്രസിദ്ധപ്പെടുത്തിയിരുന്നതു് ശ്രദ്ധേയമാണ്. (ഗോതമ്പും നെല്ലും)

| പ്രവിശ്യ | നെട്ടംകൃഷിക്കു വിധേയമാക്കാവുന്ന സ്ഥലം | അതിൽനിന്നു ലഭിക്കുന്ന ഉല്പാദനം | കട്ടംകൃഷിയിൽനിന്നും ലഭിക്കാവുന്ന ഉല്പാദനം |
|---|---|---|---|
| | 000 ഏക്കർ സ്ഥലം | 000 ടൺസ് | 000 ടൺസ് |
| മദ്രാസ് | Nil | Nil | 500 |
| ബോംബെ | Nil | Nil | 175 |
| സി. പി. | 600 | 200 | 300 |
| യു. പി. | 300 | 100 | 570 |
| ബീഹാർ | 150 | 50 | 543 |
| ഒറീസാ | Nil | Nil | 270 |
| ആസ്സാം | Nil | Nil | 134 |
| ബംഗാൾ | Nil | Nil | 280 |
| പഞ്ചാബ് | 300 | 100 | 120 |
| മററസംസ്ഥാനങ്ങൾ | 2,000 | 660 | 358 |
| ആകെ | 3,350 | 1,110 | 3,250 |

മഴയുടേയും ഒഴുകുന്ന ജലത്തിന്റെയും, പ്രവർത്തനം കൊണ്ടു് ഫലഭൂയിഷ്ഠമായ വളരെ അധികം സ്ഥലം ആണ്ടുതോറും നമ്മുടെ കൃഷിക്കാർക്ക നഷ്ടപ്പെടുന്നുണ്ടു്; 'സോയിൽ ഇറോഷൺ' എന്നു് അറിയപ്പെടുന്ന, ഈ മേൽമണ്ണിന്റെ നഷ്ടം ഇന്നു ഭാരതത്തിൽ സാമ്പത്തികമായി അനുഭവപ്പെടുന്നുണ്ടു്. യുണൈറ്റഡ് പ്രോവിൻസിൽ ചാമ്പൽനദിയുടെ തീരത്തും, പശ്ചിമബംഗാളിൽ യമുനയുടെ കരയ്ക്കും; വളരെ വിസ്തൃതങ്ങളായ ഭൂവിഭാഗം, ആ നദികളിൽനിന്നും വർഷകാലത്തു് കരകവിഞ്ഞൊഴുകുന്ന വെള്ളത്തിന്റെ പ്രവർത്തനം മൂലം തീർത്തും ഉപയോഗശൂന്യമാകുന്നു. ദക്ഷിണേന്ത്യയിലെ മലംപ്രദേശങ്ങളിൽ ഉണ്ടാകുന്ന മൺസൂൺകാലത്തെ മഴ വളരെ അധികം മണ്ണു നഷ്ടപ്പെടുത്തുന്നുണ്ടു്. ഭാരതത്തിൽ ശരാശരി ആണ്ടുതോറും ഏക്കറൊന്നിനു് ഒന്നുമുതൽ 115വരെ ടൺ മണ്ണു നഷ്ടപ്പെടുത്തിക്കൊണ്ടു് സോയിൽഇറോഷൺ ഭാരതീയ കൃഷിസ്ഥലങ്ങളെ അത്യധികം ദരിദ്രമാക്കുന്നു.

സോയിൽ ഇറോഷൺ കൃഷി ഭൂമികൾക്കു് പല പ്രകാരത്തിൽ ഉപദ്രവകാരിയാണു്. പ്രധാനമായി ഭൂമിയുടെ ഉപരിതലത്തിൽ സാധാരണയായി കാണാറുള്ള ഫലഭൂയിഷ്ഠമായ മണ്ണു് ഒലിപ്പിച്ചുകൊണ്ടുപോയി കൃഷി ഭൂമികളുടെ ഫലദായകശക്തിയെ കാര്യമായി കുറവുചെയ്യുന്നു. ഇങ്ങനെ കഴുകിപ്പോകുന്ന മണ്ണു് തോടുകളിലും തീരപ്രദേശങ്ങളിലും ചെന്നടിഞ്ഞു് അവയ്ക്കു് ഉപദ്രവകാരണമാകുന്നു. വെള്ളം വലിച്ചെടുക്കുവാൻ കഴിവുള്ള ഉപരിതലത്തിലെ മണ്ണു് ഒലിച്ചുപോകയാൽ വെള്ളപ്പൊക്കങ്ങൾ വളരെ വേഗത്തിൽ ഉണ്ടാകുന്നു.

കർഷകനെ സംബന്ധിച്ചിടത്തോളം അധികം ഉപദ്രവകാരിയായ മണ്ണൊലിച്ചുപോക്കലിന്റെ അപകടങ്ങളെപ്പററി നമ്മുടെ കർഷകർ ശരിക്കു മനസ്സിലാക്കിയിട്ടില്ല. അതു് മനസ്സിലാക്കിയിരുന്നാൽതന്നെ അതിനെ പ്രതിരോധിക്കുവാനുള്ള

കരുത്തും അറിവും അവനു് ഇല്ലാത്തതാണു്. യുണൈറ്റഡ് സ്റ്റേററ്സിൽ വൻവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചു് സോയിൽ ഇറോഷനെ തടയാൻ ശ്രമിക്കുന്നു. വനഭൂമിയിൽ കൃഷിചെയ്യാനായി വൃക്ഷങ്ങൾ വെട്ടിമാററുമ്പോൾ, മണ്ണു് ഒലിച്ചുപോകാതിരിക്കുവാൻ നേരത്തേവേണ്ട പ്രതിവിധികൾ നേടേണ്ടതായിട്ടുണ്ടു്. അല്ലെങ്കിൽ വളരെ അധികം ഫലഭൂയിഷ്ഠമായ മണ്ണു് നമുക്കു് നഷ്ടപ്പെടുന്നതായിരിക്കും. ബോംബെയിൽ ഇടഭിത്തികൾകെട്ടിയും കുഴികൾ വെട്ടിയും, സോയിൽ ഇറോഷനെ പ്രതിബന്ധിക്കുവാൻ ശ്രമിക്കുന്നു. കേരളത്തിലെ കർഷകൻ മണ്ണു് ഒലിച്ചുപോകുന്നതിൻെറ ദൂഷ്യവശങ്ങൾ ശരിക്കു് മനസ്സിലാക്കിയിട്ടുള്ളതു കൊണ്ടായിരിക്കാം അവൻ അവൻെറ കൃഷിത്തോട്ടങ്ങൾ മിക്കവയും ഇടഭിത്തികൾകെട്ടി സംരക്ഷിച്ചിരിക്കുന്നതു്. മലംചെരുവുകളിൽ തട്ടുതട്ടായി കെട്ടി ഉയർത്തിയിരിക്കുന്ന അവൻെറ കൃഷിസ്ഥലങ്ങൾ അതീവ ഹൃദ്യമായ ഒരു കാഴ്ചതന്നെയാണു്. ഈ കാഴ്ച കണ്ടിട്ടാണു് നമ്മുടെ കർഷകസ്ഥലങ്ങളെ മലബാറിലെ 'ഹാങ്ങിങ്ങ് ഗാർഡൻസ്' എന്നു് ആരോ വിളിച്ചിട്ടുള്ളതു് ടാജ്മഹാളിൻെറ ഭിത്തിയിൽ ഷാജഹാൻെറ ശില്പികൾ എഴുതിവച്ച 'ലോകത്തിൽ ഒരു സ്വർഗ്ഗമുണ്ടെങ്കിൽ അതിതാണു്' കേരളക്കരയിലെ അഭിരമ്യങ്ങളായ ഈ കൃഷിത്തോട്ടങ്ങൾ കണ്ടിരുന്നെങ്കിൽ ഷാജഹാൻെറ അഭിപ്രായത്തിൽ വ്യതിയാനം സംഭവിച്ചേനേ. മണ്ണു് ഒലിച്ചുപോകുന്നതിനെ തടയാൻ പുല്ലു വളർത്തുന്നതും നല്ലതാണു്. അങ്ങനെ സോയിൽ ഇറോഷൻമൂലം മണ്ണുനഷ്ടപ്പെടാതെസൂക്ഷിക്കുക എന്നുള്ളതു് ഒരിഞ്ചുസ്ഥലംപോലും കൃഷിചെയ്യാതിരിക്കരുതു്' എന്നു പറയുന്നതുപോലെതന്നെ പ്രാധാന്യമുള്ളതാണു്.

ഭാരതത്തിലെ കാർഷിക വിഭവങ്ങളെ വർദ്ധിപ്പിക്കുന്നതിനു് കൂടുതൽ സ്ഥലം കൃഷിക്കു വിധേയമാക്കണമെന്നും, വിധേയമാക്കുവാൻ കഴിയുമെന്നും കണ്ടു കഴിഞ്ഞു. ഇനിയും,

ഇദ്ദപ്പാഠംതന്നെ കൃഷി ചെയ്യപ്പെട്ടിരിക്കുന്ന സ്ഥലങ്ങളിൽ നിന്നുതന്നെ കൂടുതൽ ലഭിക്കുവാനുള്ള മാർഗ്ഗം എന്താണെന്നുള്ളതു് ആലോചനാവിഷയമാകുന്നു. ഓരോ ഏക്കർ സ്ഥലത്തുനിന്നും ഇന്നത്തേതിൽ കൂട്ടുതൽ നമുക്കു് ലഭിക്കേണ്ടിയിരിക്കുന്നു. അതിനുള്ള പരിശ്രമത്തെയാണു് ധനതത്വശാസ്ത്രത്തിന്റെ ഭാഷയിൽ 'കട്ടംകൃഷി'യെന്നു പറയുന്നതു്. ഭാരതത്തിലെ കൃഷിസമ്പ്രദായത്തിൽതന്നെ പരിപൂർണ്ണമായ ഒരു പരിഷ്ക്കാരവും പുനഃസംഘടനയും ആവശ്യമാണു്. ഭക്ഷ്യക്ഷാമം ഭാരതത്തെ അലട്ടിക്കൊണ്ടിരിക്കുന്ന ഇന്നത്തെ പരിതഃസ്ഥിതികളിൽ കൃഷിപരിഷ്ക്കരണം നമ്മുടെ ശ്രദ്ധയെ കൂടുതൽ ആകർഷിക്കേണ്ടിയിരിക്കുന്നു. സാമ്പത്തികമായ പരിവർത്തനം കൊണ്ടു മാത്രമേ എന്തെങ്കിലും കാര്യമായ ഫലം ലഭിക്കൂ.

# 8

# കർഷകവൃത്തിയെ നവീകരിക്കുക

1949 ഒക്ടോബർ 12-ാംനു- അമേരിക്കൻ കോൺഗ്രസ്സിനെ അഭിമുഖീകരിച്ചുകൊണ്ടു് പണ്ഡിററ് ജവഹരിലാൽ പ്രസംഗിച്ചുകൊണ്ടിരിക്കെ ഇപ്രകാരം പ്രസ്താവിച്ചു: "ഇൻഡ്യ രാഷ്ട്രീയസ്വാതന്ത്ര്യം സമ്പാദിച്ചുകഴിഞ്ഞു. പക്ഷെ, പരിവർത്തനങ്ങൾ അവസാനിച്ചിട്ടില്ല. ആരംഭിച്ചിട്ടേ ഉള്ളൂ. സാധാരണക്കാരനു് സുഖമായി ജീവിക്കുവാനുള്ള അവകാശവും, സാദ്ധ്യതകളും പ്രദാനം ചെയ്യുന്ന ഒരു സാമ്പികവ്യവസ്ഥിതി സംസൃഷ്ടമാകാതിരിക്കുന്നേടത്തോളം കാലം

ഒരിടത്തും സമാധാനം ഉണ്ടാകുവാൻ പോകുന്നില്ല. അതുകൊണ്ടു് രാഷ്ട്രത്തിൻെറ സാമ്പത്തികസ്ഥിതി ഭദ്രമാക്കുകയും, വ്യക്തികളുടെ ജീവിതത്തോതു് ഉയർത്തുകയും ആണു് സ്വതന്ത്രഭാരതത്തിൻെറ ആദ്യത്തെ കർത്തവ്യം. മൂത്തുമുരടിച്ച ജന്മിനാടുവാഴിത്വം അവസാനിപ്പിച്ച വേലയുടെ ഫലം വേലക്കാരനുതന്നെ ലഭിക്കുവാൻവേണ്ട പരിതഃസ്ഥിതികൾ സൃഷ്ടിക്കുന്ന നിയമനിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. ഭാരതത്തെപ്പോലെ കർഷകപ്രധാനമായ ഒരു രാജ്യത്തിൽ, കൃഷിപരിഷ്ക്കരണം സമുദായത്തിൻെറ നിലനില്പിനുതന്നെ ആവശ്യമാണു്. അതുകൊണ്ടും ഇന്നു് ഏഷ്യയിൽ ആകപ്പാടേയും, ഇൻഡ്യയിൽ പ്രത്യേകിച്ചും, കൃഷിപരിഷ്ക്കരണം ഇന്നത്തെ ഏററവും പ്രധാനപ്പെട്ട ഒരു ആവശ്യമായി തീർന്നിരിക്കുന്നു." പ്രധാനമന്ത്രിയുടെ വാക്കുകൾ സവിശേഷം ശ്രദ്ധേയമാണു്. എന്നാൽ സുധീരങ്ങളായ പ്രസംഗങ്ങൾ കൊണ്ടുമാത്രം സാദ്ധ്യമാകുന്നതല്ല കൃഷിപരിഷ്ക്കരണം.

ഇൻഡ്യയിൽ ഇന്നു് സാർവ്വത്രികമായ ദാരിദ്ര്യം അനുഭവപ്പെടുന്നു. ഭാരതത്തിൽ ആളുകൾ, അവരുടെ പ്രാഥമികാവശ്യങ്ങൾപോലും നിർവഹിക്കാൻ ശക്തരല്ലാതെ കഷ്ടപ്പെടുന്നു. ആലോചിച്ചുനോക്കിയാൽ എന്തൊരു വൈപരീത്യമാണു് ഇതു്. ഭാരതത്തിൽ ഫലഭൂയിഷ്ഠമായ ഒരു ഭൂമിയുണ്ടു്. ഉത്സാഹസമ്പന്നവും, വർദ്ധിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു ജനപദം ഭാരതത്തിൻെറ അഭിമാനസമ്പത്താണു്. ധാരാളം മഴയും ദീർഘമായ ഒരു കടലോരവും ഭാരതത്തിനുണ്ടു്. ഇതിലെല്ലാം ഉപരിയായി നമ്മുടേതു് മാത്രമായ ഒരു സ്വതന്ത്രജനായത്ത പ്രജാപ്രഭുത്വഭരണക്കൂടവും നമുക്കു് ലഭിച്ചിരിക്കുന്നു. നമ്മുടെ പ്രതിനിധികളായി നമ്മെ ഭരിക്കുന്നതോ നമ്മുടെ ഏററവും പ്രിയപ്പെട്ട നേതാക്കന്മാർ. എന്നിട്ടും ഭാരതത്തിലെ ഒരു മഹാഭൂരിപക്ഷം ഇന്നും ദരിദ്രരാണു്.

അവരുടെ ഭക്ഷണസാധനങ്ങൾക്കുവേണ്ടി അവർ ഇന്നും കപ്പൽ തുറമുഖത്തു് അടുക്കുന്ന ശുഭദിനവും കാത്തുകാത്തു് ഇരിക്കുന്നു. ഉണ്ണാനും ഉടുക്കാനും ഉള്ള വക ഭാരതത്തിലെ അനേകലക്ഷങ്ങൾക്കു് ലഭിക്കുന്നില്ല. ഭാരതീയൻെറ ശരാശരി വരുമാനം മറ്റെല്ലാ രാജ്യങ്ങളെ അപേക്ഷിച്ചും തീത്തു് കുറവാണു്. അവരിൽ ഒരു വലിയ വിഭാഗത്തിനു് വിദ്യാഭ്യാസ സൗകര്യങ്ങളോ, വൈദ്യസഹായമോ ലഭിക്കുന്നില്ല. സമ്പത്തിൻെറ മദ്ധ്യത്തിലും ഈ ദാരിദ്ര്യത്തിനു് കാരണമെന്തു്? നമ്മുടെ കർഷകർ മടിയന്മാരോ മന്ദന്മാരോ അല്ല. അവരുടെ കഴിവുകൾ ശരിയായി ഉപയോഗിക്കപ്പെടുന്നില്ലെന്നുള്ളതാണു് പരമാത്ഥം. അവരുടെ കഴിവുകൾ വൃഥാ നഷ്ടപ്പെടുത്തുന്നു. അവരുടെ പ്രവത്തനങ്ങളെ ശരിയാംവണ്ണം നിയന്ത്രിക്കുവാൻ ഇതുവരേയും ആത്മാത്ഥമായ ഒരു പദ്ധതിയും ആസൂത്രണം ചെയ്യപ്പെട്ടിട്ടില്ല.

നമ്മുടെ കർഷകൻെറ പ്രവത്തനത്തിൻെറ ഫലങ്ങളെ മററുള്ള രാജ്യങ്ങളിലെ കർഷകരുടേതുമായി താരതമ്യപ്പെടുത്തിയാൽ ചില വസ്തുതകൾ നമുക്കു് മനസ്സിലാക്കാൻ കഴിയും. (102-ാം പേജു് നോക്കുക.)

ഈ കണക്കുകൾ ഒരു വസ്തുത പ്രസ്പഷ്ടമാക്കുന്നുണ്ടു്. ഭാരതത്തിലെ കർഷകവൃത്തി താരതമ്യേന ആദായകരമല്ലെന്നു്. ഈ വിഷയം പല ധനതത്വശാസ്ത്രജ്ഞന്മാരുടേയും സൂക്ഷ്മമായ പഠനത്തിനു് വിധേയമായിട്ടും ഉണ്ടു്. കാർഷികധനതത്വശാസ്ത്രംതന്നെ കർഷകൻെറ കുറഞ്ഞ വരുമാനത്തെപ്പററിയുള്ള ഒരു ചർച്ചയാണു്. മററു പല പരിഷ്കാരങ്ങളോടുകൂടിത്തന്നെ കൃഷിചെയ്യുന്ന വിധത്തിൽ വിപ്ലവാത്മകമായ പരിഷ്ക്കാരങ്ങൾ വരുത്തേണ്ടതായിട്ടുണ്ടു്.

1941-ലെ തിരുവിതാംകൂറിലെ സെൻസസ് റിപ്പോർട്ടിൽ ഒരു ഭാഗത്തു് ഇപ്രകാരം കാണുന്നു: "കഷ്കൻെറ കലപ്പ

## ഏക്കർ ഒന്നിനുള്ള ഉല്പാദനത്തിന്റെ കണക്ക്

(റാത്തൽ)

| രാജ്യം | ഗോതമ്പ് | അരി | ചോളം | കരിമ്പ് | പഞ്ഞി | പുകയില |
|---|---|---|---|---|---|---|
| ജപ്പാൻ | 1,713 | 3,444 | 1,392 | 47,534 | 196 | 1.665 |
| ചൈനാ | 989 | 2,433 | 1,284 | | 204 | 1,288 |
| ജാവാ | | | | 1,13,570 | | |
| യു. എസ്സ്. എ. | 812 | 2,185 | 1,579 | 43,270 | 268 | 882 |
| ഇൻഡ്യാ | 660 | 1,240 | 803 | 34,944 | 89 | 987 |

(Agriculture in India—Ministry of Information)

പകുതി തുറന്ന ഒരു പേനാക്കത്തിപോലെ ഭൂമിയുടെ മുകൾഭാഗത്തു് ചില പാടുകൾ മാത്രം ഉണ്ടാക്കാൻ പര്യാപ്തമാണു്. അവൻെറ അരുവാൾ കുട്ടികൾക്കു കളിക്കാൻ കൂടുതൽ ഉപയോഗപ്പെടും. കർഷകൻ ഇന്നും ശോഷിച്ച രണ്ടു കാളകളുടെ പുറകേ അവൻെറ അതിലും ശോഷിച്ച ജീവിതവുമായി ചെളിയിൽക്കൂടി വലിഞ്ഞു നീങ്ങുകയാണു്, നമ്മുടെ കർഷകൻെറ പ്രവർത്തന സമ്പ്രദായവും അവൻെറ ഉപകരണങ്ങളും പരിഷ്ക്കരിക്കുന്നതുകൊണ്ടുമാത്രമേ അവൻെറ കഷ്ടപ്പാടുകൾ ലഘൂകരിക്കാൻ കഴിയൂ. അവൻ വിതയ്ക്കുന്ന വിത്തുകൾ കൂടുതൽ ഫലദായക ശക്തിയുള്ളതായിരിക്കണം. അവൻെറ കൃഷിഭൂമികൾക്കു് ശരിയായ വളം ലഭിക്കണം. അവൻെറ ഉല്പന്നങ്ങളെ പക്ഷികളിൽനിന്നും, രോഗങ്ങളിൽനിന്നും, പ്രകൃതിയുടെ ചാപല്യങ്ങളിൽനിന്നും രക്ഷിക്കുവാൻവേണ്ട പദ്ധതികളും ആവശ്യമുണ്ടു്. ഈ പരിഷ്ക്കാരങ്ങൾകൊണ്ടുമാത്രമേ കൃഷികവൃത്തിയെ ശാസ്ത്രീയമായി പരിവർത്തനം ചെയ്യാൻ കഴിയൂ.

അത്ര എളുപ്പത്തിൽ സാധിക്കാവുന്ന ഒരു കാര്യമല്ല ഈ പരിവർത്തനം. പരിചയ സമ്പന്നന്മാരായ വിദഗ്ദ്ധന്മാരുടെ അനുസ്യൂതമായ പ്രവർത്തനംകൊണ്ടു മാത്രമേ ഇവയെല്ലാം സാദ്ധ്യമാകൂ. അലാസിൻെറ അത്ഭുതദീപങ്ങൾ ഈ ഇരുപതാം നൂറ്റാണ്ടിൽ ആർക്കും സ്വാധീനമല്ലല്ലോ. തുടർച്ചയായ ഗവേഷണങ്ങളും പരീക്ഷണങ്ങളും, കൊണ്ടുമാത്രമേ, ആശാസ്യമായ ഏതെങ്കിലും ഒരു പദ്ധതി ആസൂത്രണം ചെയ്യാൻ സാധിക്കൂ. ശാരീരികാവശ്യങ്ങൾക്കുമാത്രം ഭക്ഷ്യപദാർത്ഥങ്ങൾ ഒരു വിധത്തിൽ സമ്പാദിച്ചുപോകുന്ന കർഷകനു് വ്യയഹേതുകങ്ങളായ ഗവേഷണ പദ്ധതികളിൽ ഏർപ്പെടാൻ സാദ്ധ്യമല്ല അതുകൊണ്ടു് ഗവേഷണങ്ങൾ നടത്തുകയും മററും ചെയ്യേണ്ടതു രാഷ്ട്രത്തിൻെറ ജോലിയാണു്. ഇന്നു് ഗവേഷണശാലകളുടെ ചുമതല കൃഷിഡിപ്പാർട്ടുമെൻറാണു വഹിക്കുന്നതു്. അവ മാതൃകാതോട്ടങ്ങളും

ഗവേഷണശാലകളും നടത്തിവരുന്നുണ്ട്. എന്നാൽ അവയുടെ പ്രവർത്തനങ്ങൾ ആവശ്യാനുസരണം വികസിച്ചിട്ടില്ല. കൃഷിപരിഷ്കരണത്തിൻെറ ആണിക്കല്ലാണ് ഗവേഷണം. അനുദിനം ഉത്ഭവിച്ചുകൊണ്ടിരിക്കുന്ന കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടുപിടിക്കാനും കാഷിക്കോല്പന്നങ്ങൾ വർദ്ധിപ്പിക്കാനുമുള്ള മാർഗ്ഗങ്ങൾ ചൂണ്ടിക്കാണിക്കുവാനും ഗവേഷണങ്ങൾക്ക് മാത്രമേ സാധിക്കു. ഗവേഷണപരമായ പ്രവർത്തനങ്ങളിൽ അധിഷ്ഠിതമാകാത്ത കാർഷിക വികസന പദ്ധതികൾ മണലിൽ പണിതുയർത്തിയ വെണ്മാടങ്ങൾപോലെ അസ്ഥിരങ്ങളാണ്. ഭാരതത്തിൽ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന എല്ലാ പുനരുദ്ധാരണ പദ്ധതികളിലും ഗവേഷണങ്ങൾക്ക് അതിപ്രധാനമായ ഒരു ഭാഗം ഉണ്ടായിരിക്കേണ്ടതാണ്.

ഈ പ്രകൃതത്തിൽ ലോകത്തിൻെറ ഇതരഭാഗങ്ങളിൽ കാഷികഗവേഷണ പരമായ പ്രവത്തനങ്ങൾ ശ്രദ്ധേയമാണ്.

ക്യാനഡായുടെ ഭരണഘടനയിൽ തന്നെ കർഷകവൃത്തിയെപ്പററി വ്യക്തമായി പ്രതിപാദിക്കുന്നു. കേന്ദ്രഗവർമ്മെൻറിനും സാംസ്ഥാനിക ഗവർമ്മെൻറുകൾക്കും ഈ വിഷയത്തിൽ തുല്യമായ അവകാശങ്ങളും അധികാരങ്ങളും ആണു ഉള്ളതു്. കേന്ദ്രഗവമ്മെൻറിൻെറ ചെലവിലും മേൽനോട്ടത്തിലുംആണ് ക്യാനഡായിൽ അവിടവിടായി സ്ഥാപിച്ചിരിക്കുന്ന മാതൃകാതോട്ടങ്ങളും ഗവേഷണശാലകളും പ്രവത്തിക്കുന്നതു്. സസ്യശാസ്ത്രത്തിൽ വളരെ ഉന്നതങ്ങളായ ഗവേഷണങ്ങൾ അവയിൽ ചിലതിൽനിർവഹിക്കപ്പെട്ടുന്നുണ്ട്. സാംസ്ഥാനികഗവമ്മെൻറുകൾ അവയുടെ സ്വന്തമായി, ഗവേഷണശാലകളും മാതൃകാതോട്ടങ്ങളും നടത്തിവരുന്നു. ഈ ഗവേഷണശാലകൾ എല്ലാംതന്നെ ഓരോ സർവകലാശാലകളോട്ട് ബന്ധപ്പെട്ടും അവയുടെ നിയന്ത്രണം അനുസരിച്ചും ആണ് പ്രവത്തനം നടത്തുന്നതു്. ക്യാനഡായിലെ ഗവേഷണസംരംഭങ്ങൾക്ക വേണ്ട

നേതൃത്വം നൽകുവാൻ ഒരു കേന്ദ്രഗവേഷണശാലയും സ്ഥാപിതമായിട്ടുണ്ട്. അങ്ങിനെ സുസംഘടിതമായി പ്രവർത്തിക്കുന്ന ഗവേഷണശാലകളിൽ നടക്കുന്ന പരീക്ഷണങ്ങൾ പ്രദാനം ചെയ്യുന്ന പുതിയ അറിവുകളുടെ വെളിച്ചത്തിലാണ്, ക്യാനഡായിലെ കർഷകവൃത്തി അനുദിനം വളർന്നുകൊണ്ടിരിക്കുന്നതു്.

മറ്റെല്ലാം വ്യവസായങ്ങളിലെന്നതുപോലെ കർഷകവൃത്തിയിലും സമുന്നതമായ ഒരു സ്ഥാനത്തെ അലങ്കരിക്കുന്ന അമേരിക്കൻ ഐക്യനാടുകൾ പ്രയോജനപ്രദങ്ങളായ പല പാഠങ്ങളും ഭാരതത്തിനു നൽകുന്നുണ്ടു്. അമേരിക്കയുടെ കർഷകകോളേജുകൾ അവിടുത്തെ ഒരു പ്രത്യേകതയാണു്. ഈ കോളേജുകളോടു് അനുബന്ധിച്ചു നടത്തപ്പെടുന്ന മാതൃകാതോട്ടങ്ങളും ഗവേഷണകേന്ദ്രങ്ങളും, കോളേജുകളെക്കാൾ കൂടുതൽ പ്രാധാന്യം അർഹിക്കുന്നു. കോളേജിലെ അദ്ധ്യയനംതന്നെ കൂടുതലായും ഗവേഷണപരമായിട്ടുള്ളതാണു്. ഗവേഷണപരമായ അറിവുകളെ പ്രായോഗികമായ രീതിയിൽ ഉപയോഗിക്കുവാൻ വേണ്ട പരിശീലനം മാതൃകാതോട്ടങ്ങളിൽകൂടി ഓരോ വിദ്യാർത്ഥിക്കും ലഭിക്കുന്നു. മാതൃകാതോട്ടങ്ങൾ വിജയപ്രദമായും ലാഭകരമായും നടത്തുവാൻ ഗവേഷണകേന്ദ്രങ്ങൾക്കു് കഴിയുന്നു. അവ സാമ്പത്തികമായ വിജയങ്ങൾകൂടിയാണു്. രാഷ്ട്രത്തിന്റെ നിർലോഭമായ സഹായം അവയ്ക്കു ലഭിക്കുന്നുമുണ്ടു്. കേന്ദ്രഗവണ്മെന്റിൽനിന്നും പ്രതിവർഷം ഒരുകോടി രൂപയും, സംസ്ഥാനീക ഗവർമ്മെന്റുകളിൽനിന്നും, പ്രതിവർഷം നാലു കോടി രൂപയും ഗവേഷണപരമായ വിദ്യാഭ്യാസത്തിന്റെ പ്രചരണത്തിനായി നൽകുന്നു.

ആസ്ത്രേലിയായിൽ വിവിധ സംസ്ഥാനങ്ങൾക്കു് കർഷക ഗവേഷണ പ്രവർത്തനങ്ങളിൽ പൂർണ്ണമായ സ്വാതന്ത്ര്യം ഉണ്ടു്. ഓരോ സംസ്ഥാനത്തിനും ഓരോ കൃഷി ഡിപ്പാർട്ടുമെന്റും, ആ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഓരോ കർഷക

കോളേജും, ഗവേഷണകേന്ദ്രവും, പ്രവർത്തനം നടത്തുന്നു. വിവിധ സംസ്ഥാനങ്ങളിൽ നടക്കുന്ന ഗവേഷണപരമായ പ്രയത്നങ്ങൾക്ക് ഐക്യരൂപം കൊടുക്കാനും സാമാന്യനിയന്ത്രണം ഏർപ്പെടുത്താനും ഒരു കേന്ദ്രസമിതി അടുത്തകാലത്ത് രൂപീകരിച്ചിട്ടുണ്ട്.

ഭാരതത്തിൽ ഗവർമ്മെൻറും കർഷകവൃത്തിയും തമ്മിലുള്ള ബന്ധത്തെപ്പററി പ്രതിപാദിച്ചുകഴിഞ്ഞതാണ്. ഗവേഷണപരമായ കാർഷികവിദ്യാഭ്യാസത്തിന് അത് അർഹിക്കുന്നിടത്തോളം പ്രാധാന്യം ഇതുവരെ നൽകപ്പെട്ടിട്ടില്ല. ഗവേഷണപദ്ധതികൾ വളരെയധികം വികസിപ്പിക്കേണ്ട ആവശ്യം ഭാരതത്തിനുണ്ട്. കർഷകവൃത്തിയുടെ ആകെക്കൂടിയുള്ള ഉന്നമനത്തിന് നമ്മുടെകൃഷിസമ്പ്രദായത്തെതന്നെ പരിഷ്ക്കരിക്കണം. ആ നവീകരണ പദ്ധതികൾ വിജയപ്രദമാകണമെങ്കിൽ അവ രൂപം പിടിപ്പിക്കേണ്ടതു് ഗവേഷണങ്ങൾ നൽകുന്ന അറിവുകളുടെ വെളിച്ചത്തിൽ വേണം.

ഓരോ ഏക്കർ സ്ഥലത്തുനിന്നും കൂടുതൽ വിളവു നമുക്കു ലഭിക്കേണ്ടിയിരിക്കുന്നു. അതിനു നല്ല വിത്തുകൾ നാം ഉപയോഗിക്കണം. നെല്ല്, ഗോതമ്പ്, കടല, പഞ്ഞി, കരിമ്പ് ഇവയെല്ലാം വിത്തിൻെറ ഗുണമനുസരിച്ചു വിളവു വർദ്ധിക്കുകയോ കുറയുകയോ ചെയ്യും. ഓരോ സ്ഥലത്തും ഉള്ള മണ്ണിൻെറ പ്രത്യേകത അനുസരിച്ച് വിത്തുകൾ തിരഞ്ഞെടുക്കണം. നല്ല ഇനം വിത്തുകൾ ഉപയോഗിക്കുന്നതുകൊണ്ട് ധാരാളമായി ഉണ്ടാകാറുള്ള പ്രയോജനത്തെപ്പററി സാധാരണ കർഷകൻ മനസ്സിലാക്കിയിട്ടില്ല. മനസ്സിലാക്കാനുള്ള ശാസ്ത്രീയമായ അറിവും അവനില്ല. അതുകൊണ്ട് നല്ല ഇനം വിത്തുകൾ കണ്ടുപിടിക്കുകയും, അവ വിതരണം ചെയ്യുകയും ചെയ്യേണ്ട ചുമതല ഗവർമ്മെൻറിനുള്ളതാണ്. നല്ല ഇനം വിത്തുകൾ കണ്ടുപിടിക്കുവാൻ തുടർച്ചയായ നിരീക്ഷണവും സുദീർ

ഫലമായ ഗവേഷണവും, സമർത്ഥമായ തിരഞ്ഞെടുക്കലും ആവശ്യമാണ്. ചില ഇനം കൃഷികളിലും, ചില സ്ഥലങ്ങളിലും, വിദേശങ്ങളിൽനിന്നും, വിത്തുകൾ വരുത്തുന്നതു് കൂടുതൽ ഉപയോഗപ്രദമായിരിക്കും. സാധാരണയായി വിത്തുകൾ തിരഞ്ഞെടുക്കുമ്പോൾ പലഇനം വിത്തുകൾ കൃഷിചെയ്തു പരീക്ഷിച്ചു് അവയിൽ ഏററവും ഫലം നൽകുന്ന ജാതിയും, അതേ ഇനത്തിൽത്തന്നെ ഉണക്കിനോടും അണുക്കളോടും മല്ലിടാൻ ശക്തിയുള്ള വർഗ്ഗവും കൂട്ടിച്ചേർത്തു് ഒരു നൂതന ഇനം കണ്ടുപിടിക്കുകയാണു് ചെയ്യുന്നതു്.

ഭാരതത്തിൽ അങ്ങിങ്ങായി പ്രവർത്തനം നടത്തുന്ന ഗവേഷണ ശാലകൾ, ചില നല്ല ഇനം വിത്തുകൾ കണ്ടുപിടിച്ചിട്ടുണ്ടു്. C 213, C 281, എന്ന പേരുകളിൽ അറിയപ്പെടുന്ന ഒരു ഇനം കരിമ്പു് കോയമ്പത്തൂരെ ഗവേഷണ ശാലയിൽ നിന്നും കണ്ടുപിടിച്ചിട്ടുണ്ടു്. പ്രായോഗികമായി പരീക്ഷിച്ചു നോക്കിയതിൽ, ഈ പുതിയ ഇനം വളരെ നല്ല ഫലം നല്കുന്നതായിട്ടാണു് അനുഭവപ്പെട്ടിരിക്കുന്നതു്. പൂസായിൽ പ്രചരിക്കുന്ന ഒരു പുതിയതരം ഗോതമ്പു് ഇപ്പോൾ ഉത്തര ഇൻഡ്യയിലെ മിക്ക പ്രദേശങ്ങളിലും ഉപയോഗിച്ചു വരുന്നുണ്ടു്. മദ്രാസ് ഗവർമ്മെൻറിൻെറ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന, കോയമ്പത്തൂർ, പട്ടാംബി തുടങ്ങിയ പ്രദേശങ്ങളിലെ മാതൃകാതോട്ടങ്ങളിൽ നിന്നു്, നല്ല ഇനം നെല്ലിൻെറ വിത്തുകൾ കണ്ടുപിടിച്ചിട്ടുണ്ടു്. ഈ ഗവേഷണ കേന്ദ്രങ്ങളുമായി അടുത്തു പെരുമാറാൻ നമ്മുടെ കർഷകൻ പഠിക്കണം.

നല്ലഇനം വിത്തുകൾ ഉപയോഗിക്കുന്നതുപോലെ തന്നെ പ്രാധാന്യമുള്ളതാണു് നല്ല വളം ചെയ്യുക എന്നുള്ളതു്. ഭാരതത്തിലെ കർഷകഭൂമികളിൽ അനേകം നൂററാണ്ടുകളായി വിശ്രമമില്ലാതെ കൃഷി ചെയ്യപ്പെട്ടുവരുന്നു. ഭൂമിയുടെ ഫല

ഭൂയിഷ്ഠതയിൽ ഒരു നല്ലഭാഗം ഇതിനകം നഷ്ടപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഭൂമിയുടെ ഫലഭൂയിഷ്ഠതയെ സംരക്ഷിക്കുവാൻ കൂടുതൽ വളം ചെയ്യേണ്ടിയിരിക്കുന്നു. ഓരോ കൃഷിയുടെയും പ്രത്യേകത അനുസരിച്ചും, ഭൂമിയുടെ ഫലപ്രദായകശക്തിയെ നിലനിറുത്തുക മാത്രമല്ല വർദ്ധിപ്പിക്കുന്നതിനുവേണ്ടിയും, ശാസ്ത്രീയമായരീതിയിൽ വളം ഇടേണ്ടതാണ്. ചെടികൾ ധാരാളമായി ഉപയോഗിക്കുന്ന ഭക്ഷ്യപദാർത്ഥങ്ങളിൽ, ഇൻഡ്യയിലെ മണ്ണിൽ സാധാരണയായി ഇല്ലാതിരിക്കുന്നതു് നൈട്രജനാണ്. (രാജകീയ കാർഷികാന്വേഷണക്കമ്മററി.) നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നൈട്രജനെ തിരിയെ ഭൂമിക്കു നൽകാനുള്ള മാർഗ്ഗങ്ങളാണ് നമ്മുടെ കർഷകൻ പഠിക്കേണ്ടതു്.

ഭൂമിയുടെ ഫലഭൂയിഷ്ഠതയെ നില നിറുത്താനും, വർദ്ധിപ്പിക്കാനും പല മാർഗ്ഗങ്ങളും, നിർദ്ദേശിക്കപ്പെടുന്നുണ്ട്. സ്ഥലം നല്ലവണ്ണം ഇളക്കിയിടുക, പലതരം ചെടികൾ മാറി മാറി വളർത്തുക, പച്ചിലവളം ഇടുക, കൃത്രിമവളം ഉപയോഗിക്കുക തുടങ്ങിയ മാർഗ്ഗങ്ങളിൽക്കൂടി മണ്ണിൻെറ ഫലദായകശക്തിയെ വർദ്ധിപ്പിക്കാവുന്നതാണ്. നമ്മുടെ കർഷകനു് വളം ചെയ്യേണ്ട വിധം അറിവില്ലെന്നോ, വളം ഇടുന്നതിൻെറ ആവശ്യം അവൻ അറിഞ്ഞിട്ടില്ലെന്നോ പറയുന്നതു ശരിയായിരിക്കുകയില്ല. എന്നാൽ നമ്മുടെ കൃഷിസ്ഥലങ്ങൾക്കു ശരിയായ വളം കിട്ടുന്നില്ലെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണ്. കൃഷിക്കാരൻെറ അറിവില്ലായ്മയെക്കാൾ അവൻെറ കഴിവില്ലായ്മയാണ് ഈ അവസ്ഥാവിശേഷത്തിനുള്ള പ്രധാന കാരണം.

ദാരിദ്ര്യം മാത്രമല്ല കുറെയെല്ലാം സൂക്ഷ്മക്കുറവും, അറിവില്ലായ്മയുംകൂടി ഉണ്ട്. ഇവിടെ ധാരാളമായി കിട്ടുന്ന പല ഇനം വളങ്ങളും ശരിയായി ഉപയോഗിക്കാൻ കർഷകനു കഴിയുന്നില്ല. ചാണകം വളരെ നല്ല വളമാണ്. അതു് നഷ്ട

UNIVERSITY LIB
17 MAR 1964

പ്പെടുത്തുന്നതു് ഭാരതത്തിലെ കർഷകഭൂമിയോടു ചെയ്യുന്ന ഒരു കടുംകൈയാണു്. ചാണകം, കേരളത്തിനുവെളിയിൽ, ധാരാളമായി തീകത്തിക്കുന്നതിനു് ഉപയോഗിച്ചുവരുന്നു. ചാണകം കത്തിച്ചുകളയുന്നതു്, കറൻസിനോട്ടുകൾ കത്തിച്ചു് തീ കൊളുത്തുന്നതുപോലെ സാമ്പത്തികമായ ഒരു തീരാനഷ്ടമാണെന്നു പല സാമ്പത്തികശാസ്ത്രജ്ഞന്മാരും ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ചാണകം ഇങ്ങനെ നശിപ്പിക്കപ്പെടാതിരിക്കാൻ ഗവർമ്മെൻറിൽനിന്നും സത്വരനടപടികൾ സ്വീകരിക്കപ്പെടേണ്ടതാണു്. ചാണകത്തെ വിറകായി ഉപയോഗിക്കുകയും അതേസമയംതന്നെ അതിൻെറ വളാംശം നഷ്ടപ്പെടുത്താതിരിക്കുകയും ചെയ്യാൻ കഴിയുമോ എന്നു് പരിശോധിക്കുവാനായി നടത്തിയ ഗവേഷണങ്ങളുടെ ഫലമായി ഇപ്പോൾ ഒരു ഗ്യാസ് പ്ലാൻറ് കണ്ടുപിടിച്ചിട്ടുള്ളതായി പറയപ്പെടുന്നു. ഒരുറാത്തൽ ചാണകത്തിൽ നിന്നും ഒരു ക്യൂബിക്കു് അടി ഗ്യാസ് ഉണ്ടാവുകയും, പത്തുമിനിട്ടു സമയത്തേക്കു് തീ കത്തിക്കൊണ്ടിരിക്കുകയും ചെയ്യുമെന്നും, എന്നാൽ അതിൻെറ വളാംശം നഷ്ടപ്പെടാതിരിക്കുമെന്നും വിചാരിക്കപ്പെടുന്നു. ഇത്തരം യന്ത്രങ്ങൾ ധാരാളമായി ഉപയോഗിക്കുവാൻ തുടങ്ങിയാൽ അതു് കർഷകലോകത്തിനു് ഒരു മഹാ അനുഗ്രഹമായിരിക്കും.

ചാണകം, പച്ചില, മററു ചവറുകൾ തുടങ്ങിയവയെല്ലാം കൂട്ടിച്ചേർത്തു്, സംഭരിച്ചു്, ഉപയോഗിക്കാമെങ്കിൽ അതു ചെടികൾക്കു് വളരെ നല്ലതായിരിക്കും. തെരുവിലും, റോഡിലും, തോട്ടിലും, ആററിലും, കിണററിലും, കുളത്തിലും ആയി വാരിയിട്ടു് അവിടം എല്ലാം വൃത്തികേടാക്കി രോഗാണുക്കളുടെ ഉല്പാദനകേന്ദ്രങ്ങളാക്കി, ഉപേക്ഷിക്കപ്പെടുന്ന എല്ലാ സാധനങ്ങളും സംഭരിക്കപ്പെട്ടാൽ, അവ അത്യുത്തമമായ വളമായി രൂപംപ്രാപിക്കുന്നതാണു്. ഈ വിഷയത്തിൽ,

നമ്മുടെ കർഷകൻ, ചൈനയിലും ജപ്പാനിലുമുള്ള അവൻെറ സഹോദരനിൽ നിന്നും വളരെ എല്ലാം പഠിക്കേണ്ടതായിട്ടുണ്ട്. കൂട്ടവളം നിർമ്മിക്കുന്ന കാര്യത്തിലും, അവ ശരിയായി ഉപയോഗിക്കുന്ന വിഷയത്തിലും, ശ്രദ്ധാർഹമായ വിജയം ആ രാജ്യങ്ങൾ വരിച്ചുകഴിഞ്ഞിരിക്കുന്നു. വളമായിട്ട് ഉപയോഗിക്കാവുന്ന യാതൊന്നും അവിടെ ഉപേക്ഷിക്കപ്പെടുന്നില്ല. നമ്മുടെ നാട്ടിലും ഇക്കാര്യത്തിൽ ആവശ്യമായ നിയമനിർമ്മാണംതന്നെ നടപ്പിലാക്കാൻ ഗവർമ്മെൻറുകൾ മടിക്കരുതു്. ഓരോ ഭവനത്തിലും കൂട്ടവളം ശേഖരിക്കുവാനുള്ള കുഴികൾ ഉണ്ടായിരിക്കണം. ഇൻഡ്യയിലെ 356 മില്ല്യൺ ജനങ്ങളും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുമെങ്കിൽ, കൃത്രിമവളങ്ങൾ തീർത്തും ആവശ്യമില്ലാതായിത്തീരുന്നതാണു്. ഇന്നു ഭാരതത്തിൽ പ്രവർത്തനംനടത്തുന്ന നാലായിരത്തില്പരം മുനിസിപ്പാലിററികളിൽ എഴുനൂറെണ്ണം മാത്രമാണു് ഇപ്പോൾ കൂട്ടവളനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നതു്. അവയെല്ലാംകൂടി ഏകദേശം, 7,05,000 ടൺ വളം ഉല്പാദിപ്പിക്കാൻ കഴിയുന്നുണ്ടു്.

മലം ഒരു വളമായി ഉപയോഗിക്കുന്നതിനോടു് ഭാരതീയർക്കു് വളരെ വെറുപ്പുള്ളതായിട്ടു കാണുന്നു. മാനസികമായ എന്തോ ഒരു വൈഷമ്യമാണു് നമ്മുടെ കർഷകനെ വിഷമിപ്പിക്കുന്നതു്. കടലിലും, കായലിലും കലങ്ങിച്ചേർന്നു് നമുക്കു് എന്നന്നേയ്ക്കുമായി നഷ്ടപ്പെടുന്ന ഈ സാധനം നമ്മുടെ മണ്ണിൽ നൈട്രജൻ വർദ്ധിപ്പിക്കുവാൻ ഏററവും പററിയതാണു്. ഈ അടുത്തകാലത്തായി യാഥാർത്ഥ്യങ്ങൾ അതുപോലെ മനസ്സിലാക്കാൻ കർഷകൻ ആരംഭിച്ചിട്ടുണ്ടു്, കൃഷിഡിപ്പാർട്ടുമെൻറും മുനിസിപ്പാലിററികളും കൂടി യോജിച്ചു്, മലത്തിൻെറ ബാഹ്യരൂപത്തിൽ വ്യത്യാസം വരുത്തി; കർഷകരുടെ ഇടയിൽ വിതരണം ചെയ്യുവാനുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണു്. ഇപ്രകാരംതന്നെ മനുഷ്യൻെറ

മൂത്രം, വളരെ വിശിഷ്ടമായ ഒരു വളമാണു്. മൂത്രം ഒരു സ്ഥലത്തു് കെട്ടിനിൽക്കുവാൻ അനുവദിക്കുക. കുറച്ചു ദിവസങ്ങൾകൊണ്ടു് അതിലെ ജലാംശം വററിപ്പോകുന്നു. ബാക്കി ശേഷിക്കുന്നതു് വളമായി ഉടനെതന്നെ ഉപയോഗിക്കാവുന്നതാണു്.

പയറു്, അമര തുടങ്ങിയ ചെടികൾ വളത്തുന്നതു് ഭൂമിയിൽ വളം വർദ്ധിപ്പിക്കുന്നതിനു് കാരണമാകുന്നു. ഇത്തരം ചെടികൾ വളത്തുന്നതു നല്ലതാണെന്നു നമ്മുടെ കർഷകൻ മനസ്സിലാക്കിയിട്ടുണ്ടെങ്കിലും ഏതേതു ചെടികൾ ഏതേതു കാലത്തു് നാടേണ്ടതിതെന്നുള്ളനെപ്പററി വേണ്ട ശാസ്ത്രീയമായ അറിവു് അവനു് ലഭിച്ചിട്ടില്ല. പച്ചില വളം, പിണ്ണാക്കു് തുടങ്ങിയ പദാത്ഥങ്ങൾ ഭൂമിയുടെ ഫലദായക ശക്തിയെ വർദ്ധിപ്പിക്കുന്നു.

പ്രകൃതിയുടെ സമ്മാനങ്ങളായ ഈ പദാർത്ഥങ്ങളെപ്പോലെതന്നെ ഉപയോഗിക്കാവുന്ന കൃത്രിമവളങ്ങളും ഉണ്ടു്. ഫെർട്ടിലൈസർ ഫാക്ടറികളിൽ നിന്നും ഉണ്ടാക്കി പ്രചരിപ്പിക്കുന്ന ഈ വളങ്ങൾ കൃഷിക്കാരുടെ ഇടയിൽ ഇനിയും പ്രചാരിച്ചിട്ടില്ല. ഇന്നു് പ്രചാരത്തിലിരിക്കുന്ന അമോണിയം സൾഫെയിററു് തുടങ്ങിയ കൃത്രിമവളങ്ങൾ ഉപയോഗിക്കുവാൻ കർഷകനെ അഭ്യസിപ്പിക്കേണ്ടതാണു്. അവയുടെ പ്രയോഗംകൊണ്ടുള്ള പ്രയോജനങ്ങൾ കർഷകനെ മനസിലാക്കിക്കൊടുക്കേണ്ടതും ആണു്.

പച്ചക്കിളികൾ, പുഴുക്കൾ തുടങ്ങിയ ജന്തുക്കളുടെ ആക്രമണംമൂലം പ്രതിവർഷം അനേകായിരം രൂപാ വിലവരുന്ന കാർഷിക വിഭവങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. 1938-39-ൽ പ്രസിദ്ധപ്പെടുത്തിയ ഒരു ‚വില്ലേജു് കലണ്ടറി'ൽ മദ്രാസിൽ മാത്രം 20 കോടി രൂപാ വിലയുള്ള കാർഷിക വിഭവങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടെന്നു് ചൂണ്ടിക്കാണിച്ചിരുന്നു. 1922-ൽ നടത്തിയ

ഒരു സാർവ്വദേശീയ സ്ഥിതിവിവര കണക്കെടുക്കലിൽ, കാർഷിക വിഭവങ്ങളിൽ പത്തു ശതമാനം ജന്തുക്കളുടെ പ്രവർത്തനംമൂലം നഷ്ടപ്പെട്ടുവരുന്നതായി അനുഭവപ്പെട്ടു. ഭാരതത്തിൽ ഈ നഷ്ടം 20 ശതമാനമാണെന്നാണ് പറയപ്പെടുന്നതു്. ഭയാനകമായ ഈ നഷ്ടം ഭാരതത്തിൽ ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. നല്ല ഇനം വിത്തുകൾ ഉപയോഗിക്കുന്നതുകൊണ്ടും, നല്ലയിനം ചെടികൾ വളർത്തുന്നതുകൊണ്ടും, കുറെയെല്ലാം ഈ നഷ്ടം പരിഹരിക്കാൻ കഴിയും. ശരിയായ മരുന്നുകൾ ഉപയോഗിച്ച് ചെടികൾക്ക് അപ്പപ്പോഴപ്പോൾ ഉണ്ടാകുന്ന രോഗങ്ങളിൽനിന്നും അവയെ രക്ഷിക്കണം. ചെടികൾക്ക് സാധാരണയായി ഉണ്ടാകുന്ന രോഗങ്ങളിൽനിന്നും എറുമ്പ്, ചാഴി തുടങ്ങിയ ജന്തുക്കളിൽനിന്നും, രക്ഷിക്കുന്നതിന് ഉപയുക്തങ്ങളായ പല മരുന്നുകളും നമ്മുടെ കർഷക ഗവേഷണശാലകൾ കണ്ടുപിടിച്ചിട്ടുണ്ട്. ഈ മരുന്നുകൾ പ്രചരിപ്പിക്കുന്നതിലും, കൃഷി ഡിപ്പാർട്ടുമെൻറിൻെറ നിർദ്ദേശങ്ങൾ അനുസരിക്കുന്നതിലും കർഷകൻ കുറേക്കൂടി ഉത്തരവാദിത്വബോധം പ്രത്യക്ഷപ്പെടുത്തേണ്ടതാണ്. ചെടികളെ രോഗം ബാധിച്ചുകഴിഞ്ഞാൽ ഉടൻതന്നെ വിദഗ്ദ്ധോപദേശം ആരായുവാൻ കർഷകൻ തയ്യാറാവണം. മനുഷ്യനു് അവൻെറ വിദ്യാഭ്യാസം നൽകിയിട്ടുള്ള അറിവുകൾ ശരിയാംവണ്ണം ഉപയോഗിച്ചു് കർഷകനെ വിഷമിപ്പിക്കുന്ന ഈ പ്രശ്നങ്ങളെ വിജയപൂർവ്വം എതിരിടേണ്ടതാണ്. അതിനു് കർഷകരെ തയാറാക്കേണ്ട ചുമതല വിദ്യാസമ്പന്നരായ നാട്ടുകാർക്കുണ്ടു്.

കർഷകവൃത്തിയിൽ ഭാരതീയനെ സഹായിക്കേണ്ട ആയുധങ്ങൾ ഇന്നും പഴയതും ഉപയോഗയോഗ്യമല്ലാത്തതും ആണു്. നൂറാണ്ടുകൾക്കു മുൻപു് കണ്ടുപിടിച്ച കലപ്പയും, വാക്കത്തിയും, തൂമ്പയും ഇന്നും ആ പഴയ രീതിയിൽതന്നെ ഉപയോഗിക്കപ്പെട്ടു വരുന്നു. അര അടി നീളമുള്ള അവൻെറ കലപ്പയും

ഒന്നര ഇഞ്ചു വീതിയുള്ള അവൻെറ കൂന്താലിയും ഇനിയും യാതൊരു പരിവർത്തനവും കൂടാതെ ഉപയോഗിക്കപ്പെടുന്നു. കൃഷികജനസംഖ്യ വർദ്ധിച്ചിരിക്കുകയും കർഷകഭൂമിപരിമിതമായിരിക്കുകയും ചെയ്യുന്നടത്തോളംകാലം ഭാരതത്തിലെ കൃഷികൃത്തിയിൽ വളരെ വില പിടിച്ച യാന്ത്രികോപകരണങ്ങൾ ഉപയോഗിക്കുന്നതു് പ്രോത്സാഹനാർഹമല്ല. ഇംഗ്ലണ്ടിലും അമേരിക്കയിലും ഫലപ്രദമായി ഉപയോഗിക്കുന്ന ട്രാക്ടറുകൾ ഭാരതീയ പരിതഃസ്ഥിതികൾക്കു് അനുയോജ്യമല്ലെന്നു് അനുഭവം പ്രത്യക്ഷപ്പെടുത്തുന്നു. കാലാനുസരണം, ശാസ്ത്രീയപുരോഗമനത്തിൻെറ വെളിച്ചത്തിൽ, ഭാരതത്തിലെ പ്രത്യേക സാഹചര്യങ്ങൾ മനസ്സിൽവെച്ചുകൊണ്ടു് അവശ്യം വേണ്ട പരിവർത്തനങ്ങൾ നമ്മുടെ കാർഷികായുധങ്ങളിൽ വരുത്തേണ്ടതായിട്ടുണ്ടു്. ഈ വിഷയത്തിൽ കാർഷിക ഡിപ്പാർട്ടുമെൻറ കേവലം അനാസ്ഥ പ്രദർശിപ്പിക്കുന്നതു് അത്ഭുതാവഹമായിരിക്കുന്നു.

പുതിയ ആയുധങ്ങളും ഉപകരണങ്ങളും പ്രചരിപ്പിക്കുവാൻ ശ്രമിക്കുന്നവർ ചില കാര്യങ്ങൾ ഓർമ്മിക്കേണ്ടതുണ്ടു്. പുതിയ ആയുധങ്ങൾ വില കുറഞ്ഞവയും, പ്രവർത്തനത്തിൽ ശാസ്ത്രീയമായ വൈദഗ്ദ്ധ്യം ആവശ്യമില്ലാത്തവയും കേടുകൾ നന്നാക്കുവാൻ പ്രയാസമില്ലാത്തവയും ആയിരിക്കണം. ഏതായാലും ഒരു കാര്യം തീർച്ചയാണു്— കാർഷികായുധങ്ങളിൽ വളരെ അധികം പരിവർത്തനങ്ങൾ ഉണ്ടാക്കേണ്ടതായിട്ടുണ്ടെന്നുള്ളതു്. പുതിയ പുതിയ ആയുധങ്ങൾ നിർമ്മിക്കുകയും, പ്രചരിപ്പിക്കുകയും ചെയ്യേണ്ട കർത്തവ്യം സംസ്ഥാനിക കാർഷിക ഡിപ്പാർട്ടുമെൻറുകൾക്കുള്ളതാണു്.

കൃഷിക്കാരൻെറ മകനായി ജനിക്കുന്നതുകൊണ്ടുമാത്രം കൃഷിക്കാരാകുന്നതാണു് ഭാരതത്തിലെ കർഷകരിൽ ഭൂരിഭാഗവും. അവരിൽ പലർക്കും കർഷകവൃത്തിയെപ്പററി ശാസ്ത്രീയമായ യാതൊരു അറിവും ഇല്ല. അനേകം നൂററാണ്ടുകൾക്കു്

മുൻപ് അന്നത്തെ പരിതഃസ്ഥിതികൾക്ക് അനുയോജ്യമായി രൂപീകരിച്ച ഒരു പദ്ധതി, ചുരുക്കം ചില വ്യതിയാനങ്ങളോടു കൂടി ഇന്നും തുടൎന്നുകൊണ്ടു വരികയാണ്. ശാസ്ത്രീയമായി മാനവകുലത്തിനു ലഭിച്ചിരിക്കുന്ന അറിവുകൾ നമ്മുടെ കൃഷിസമ്പ്രദായങ്ങളിൽ കാൎയ്യമായ യാതൊരു വ്യതിയാനവും വരുത്തിയിട്ടില്ല. കൃഷിശാസ്ത്രം ഭാരതീയ കൃഷിക്കാരിൽ ഒരു മഹാഭൂരിപക്ഷത്തിനും അജ്ഞാതമാണ്. ശാസ്ത്രീയമായ അറിവിന്റെ കുറവാണ് ദാരിദ്ര്യത്തിൽ ജനിക്കുന്ന നമ്മുടെ കൎഷകനെ ദാരിദ്ര്യത്തിൽത്തന്നെ ജീവിക്കുവാനും, ആ സ്ഥിതിയിൽ തന്നെ മരിക്കുവാനും കാരണമാക്കുന്നതു്. അതുകൊണ്ടു് കൃഷിസമ്പ്രദായത്തിൽ ഒരു സമൂല പരിഷ്ക്കരണം നടത്തേണ്ടി ഇരിക്കുന്നു. ഒരു ദിവസംകൊണ്ടു് സാധിക്കാവുന്ന കാൎയ്യമല്ല ഇതു്. കൃഷിശാസ്ത്രം പ്രാഥമിക വിദ്യാഭ്യാസത്തിലേയും, വയോജന വിദ്യാഭ്യാസ പദ്ധതിയിലേയും ഒരു നിർബ്ബന്ധിത വിഷയമായി പഠിപ്പിക്കേണ്ടതാണ്. അങ്ങനെ വരാൻപോകുന്ന തലമുറയെങ്കിലും. ശാസ്ത്രീയമായ ഒരു പശ്ചാത്തലത്തിൽനിന്നുകൊണ്ടു് അവരെഅഭിമുഖീകരിക്കുന്ന അനേകായിരം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടുപിടിക്കുവാൻ ശ്രമിക്കുമല്ലോ? കർഷകന്റെ നിസ്സഹായത ശരിയായ വിദ്യാഭ്യാസംകൊണ്ടു മാത്രമേ അവസാനിക്കൂ.

## 9

## ജലസേചനം

ഭാരതത്തിലെ വളരെ അധികം കൃഷിസ്ഥലങ്ങൾ ജലസേചനത്തിന് വിധേയമാണ്. ഏററവും കടശിയായി ലഭിച്ചിരിക്കുന്ന കണക്കുകൾ പരിശോധിച്ചാൽ, അമേരിക്ക, റഷ്യ,

ജപ്പാൻ, ഈജിപ്റ്റ്, ഇററലി ഈ രാജ്യങ്ങളിലെ ജലസേചനം ചെയ്യപ്പെട്ടിട്ടുള്ള ആകെ സ്ഥലത്തോളം ഭാഗത്ത് ഇൻഡ്യയിൽമാത്രം ജലസേചനം ചെയ്യപ്പെടുന്നതായിക്കാണാം. ഈ രാജ്യങ്ങളുടെ ആകെ വിസ്തൃതി ഭാരതത്തിൻെറ പത്തിരട്ടിയാണുതാനും. പരമാത്ഥം ഇതാണെങ്കിലും ഈ രാജ്യങ്ങളെ അപേക്ഷിച്ചു ഭാരതത്തിലെ കാർഷികോല്പാദനം തീരെ മോശമാണു്. ജലസേചനത്തിൽ ഇത്ര സമുന്നതമായ ഒരു സ്ഥാനത്തെ അലങ്കരിക്കുന്ന ഭാരതം ഭക്ഷ്യകാര്യങ്ങളിൽപോലും സ്വയം പര്യാപ്തമല്ലെന്നുള്ളതു് അത്ഭുതാവഹമല്ലേ?

ഭാരതത്തിലെ യഥാത്ഥ സാഹചര്യങ്ങൾ മനസ്സിലാക്കുന്ന ഒരാൾക്കു് അങ്ങനെ ഒരു അത്ഭുതത്തിനു് വഴി ഇല്ല. ഇൻഡ്യയിലെ ഒരു വലിയ വിഭാഗം കൃഷിസ്ഥലങ്ങൾ ഇന്നും മഴയിൽനിന്നുള്ള വെള്ളത്തിൻെറ സഹായത്തോടുകൂടി കൃഷി ചെയ്യപ്പെടുന്നവയാണു്. മഴയുടെ സ്ഥിതിഗയം, തീർത്തു് അനിശ്ചിതവും. ചിലപ്പോൾ മഴ നേരത്തെ പെയ്യേക്കും. മററു ചിലപ്പോൾ താമസിച്ചായിരിക്കും മഴപെയ്യുന്നതു്. മഴക്കാലം ചില വർഷങ്ങളിൽ ആവശ്യത്തിൽ അധികം ദീർഘമായി എന്നു വരാം. അതുപോലെതന്നെ തീരെ കുറഞ്ഞുപോകുന്ന വർഷങ്ങളും ഇല്ലാതില്ല. ഏതൊരു പരിതഃസ്ഥിതിയിലും കൃഷിക്കാർ നഷ്ടം സഹിക്കുന്നു. കണക്കിൽ കവിഞ്ഞതും കുറഞ്ഞതും ആയ മഴകൊണ്ടു് പ്രതിവർഷം ഭാരതത്തിൽ വളരെ അധികം നഷ്ടം കൃഷിക്കാക്കുണ്ടാകുന്നുണ്ടു്. ശോകാത്മകമായ ഈ ദയനീയ പരിഭവങ്ങൾകൊണ്ടു് കരിപിടിച്ചതാണു് നമ്മുടെ കഷ്കൻെറ ചരിത്രത്തിലെ പല അദ്ധ്യായങ്ങളും. പരിഹരിക്കപ്പെടാവുന്ന ഈ നഷ്ടത്തെ നിശബ്ദമായി അലസമായി നിരീക്ഷണം ചെയ്യാൻ മാത്രമേ രാഷ്ട്രത്തിനു കഴിവുള്ളോ?

ഈ കഷ്ടപ്പാടിൽനിന്നും രക്ഷപ്പെടാൻ ഒരേഒരു മാർഗ്ഗമേ കാണുന്നൊള്ളു. കഷ്കൻ ഇതുവരെയും പ്രകൃതിയുടെ അടിമ

ആയിരുന്നു. പ്രകൃതി മന്ദഹസിച്ചാൽ കൃഷിസ്ഥലങ്ങളും പുഞ്ചിരിതൂകും. മനുഷ്യൻെറ ശാസ്ത്രീയനേട്ടങ്ങൾ പ്രകൃതിയെ അവൻെറ അടിമയാക്കി. പ്രകൃതിശക്തികളെ അവൻെറ സുഖസൗകര്യങ്ങൾക്കു വേണ്ടി ഉപയോഗിക്കാൻ സാധിച്ചു. ഇവിടെയും പ്രകൃതി ശക്തികളെ പരാജയപ്പെടുത്തുവാൻ നമ്മുടെ കർഷകനു കഴിയണം. കർഷകൻ ചാതകത്തെപ്പോലെ മഴയും കാത്തിരിക്കുന്ന അവസ്ഥാവിശേഷം അവസാനിച്ചിട്ട്, അവൻെറ കൃഷിസ്ഥലങ്ങൾ നനയ്ക്കാൻ വേറെ മാർഗ്ഗങ്ങളിൽക്കൂടി ആവശ്യത്തിനു മാത്രം ജലം ലഭിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാവണം. മനുഷ്യൻ പ്രകൃതിവസ്തുക്കളിൽ ശ്രേഷ്ഠമായ ഒരു സ്ഥാനം വഹിക്കുന്നുണ്ടെന്നും അവൻെറ ബുദ്ധിശക്തികൊണ്ട് അവനു് പ്രാപിക്കുവാൻ കഴിയാത്തയാതൊന്നും ഈ പ്രപഞ്ചത്തിൽ ഇല്ലെന്നും അവൻ അഭിമാനിക്കുന്നു. അവൻെറ ഈ പ്രത്യേക സാമർത്ഥ്യങ്ങളെ ശരിയായി ഉപയോഗിച്ചാൽ മാത്രമേ കർഷകൻെറ പരാധീനത അവസാനിക്കു. പ്രകൃതിവിഭവങ്ങളെ സ്വായത്തമാക്കിയും, നിയന്ത്രിച്ചും, ചിലപ്പോഴെല്ലാം രൂപഭേദപ്പെടുത്തിയും മനുഷ്യൻെറ ജീവിതാവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തുന്ന പല പ്രവർത്തനങ്ങളും ഓരോ കാലത്തു് ലോകരംഗത്തു് ആവിർഭവിച്ചിട്ടുണ്ട്. അവയിൽ മനുഷ്യവംശത്തിനു് അത്യധികം ഉപകരിച്ചിട്ടുള്ള ഒരു പ്രസ്ഥാനമാണ് ജലസേചനം. പ്രകൃതിവിഭവങ്ങളുടെ വിതരണത്തിൽ വിശാരദിതന്നെ വരുത്തിട്ടുള്ള അസമത്വങ്ങളെ പരിഹരിക്കുന്നതിനാണ് ജലസേചന പദ്ധതികളുടെ പ്രവർത്തകർ ശ്രമിക്കുന്നതു്.

കാർഷിക വിഭവങ്ങൾ വർദ്ധിപ്പിക്കേണ്ട ആവശ്യം നേരിട്ടിട്ടുള്ള പല രാജ്യങ്ങളും അവയുടെ ആവശ്യങ്ങളെ നിറവേററാൻ ജലസേചനത്തെ ആശ്രയിച്ചിട്ടുണ്ട്. ഭാരതത്തിൽ മാത്രമല്ലാം ലോകത്തിൻെറ ഇതരഭാഗങ്ങളിലും കർഷകവൃ

ത്തിക്കുതാണ്ടും തണലുമായി ജലസേചനം നിലകൊള്ളുന്നു.

വേനലിൻെറ കാഠിന്യത്തിന് അടിമപ്പെട്ടു് നഷ്ടപ്പെടാവുന്ന വിളവുകളെ സംരക്ഷിക്കുന്നതിനും, മഴയും വെള്ളവും വളരെ കുറവുള്ള പ്രദേശങ്ങൾ പോലും കൃഷിക്കു യോജിച്ചവയാക്കിത്തീർക്കുന്നതിനും വേണ്ടി വിളവുകളേയും കൃഷിസ്ഥലങ്ങളേയും ജലസേചനംകൊണ്ടു് പുഷ്ടിപ്പെടുത്തുന്ന പ്രവർത്തനങ്ങളെ പൊതുവേ ജലസേചനയത്നങ്ങൾ എന്നു പറയുന്നു. വർഷംതോറും പല അവസരങ്ങളിലായി മഴപെയ്തു് ഭൂമിയിൽ പതിക്കുന്ന ജലം ആവശ്യാനുസരണം പ്രയോജനപ്പെടുത്തുന്നതുവരെ എവിടെ എങ്കിലും സംഭരിക്കുന്നതിനും അവിടെനിന്നു് ആവശ്യമുള്ള സ്ഥലങ്ങളിലേയ്ക്കു് കൊണ്ടുപോകുന്നതിനും ഉള്ള ശ്രമങ്ങളാണു് ഇവയിൽ മുഖ്യമായിട്ടുള്ളതു്. ഭൂമിയിലുള്ള കരസ്ഥലം എല്ലാംതന്നെ കൃഷി ചെയ്യുന്നതിനു് ആവശ്യമുള്ള ജലം മഴയിൽക്കൂടി ഭൂമിയിൽ പതിക്കുന്നു. എന്നാൽ അവ ആവശ്യമുള്ള കാലങ്ങളിലും, ആവശ്യമുള്ള സ്ഥലങ്ങളിലും അല്ലെന്നുമാത്രം. ഭൂമിയുടെ ഒരു ഭാഗത്തെ വിളവുകൾ, അസഹ്യമായ ചൂടിൽപെട്ടു ഉണങ്ങിക്കരിയുമ്പോൾ മറെറാരു ഭാഗത്തു് വിളവുകൾ കെട്ട മഴയിലും ജലപ്പെരുപ്പത്തിലും പെട്ടു അഴുകി ചീഞ്ഞുപോകുന്നതായി കാണാം. ഇപ്രകാരമുള്ള പ്രകൃതിയുടെ വൈപരീത്യങ്ങളെ കുറെ എങ്കിലും നേരെ ആക്കാനാണു് ജലസേചനയത്നങ്ങൾകൊണ്ടു് മനുഷ്യൻ ശ്രമിക്കുന്നതു്.

ഭാരതത്തിലെ കർഷകൻെറ ചരിത്രത്തിൽ ജലസേചനത്തിനു് അതിപ്രധാനമായ ഒരു സ്ഥാനമുണ്ടു്. ജലസേചനപദ്ധതികളുടെ വികസനത്തോടുകൂടി അല്ലാതെ ഭാരതത്തിൽ ഒരു കർഷകപുനരുദ്ധാരണപദ്ധതികളും വിജയിക്കാൻ പോകുന്നില്ല. പഞ്ചാബിലെ കർഷകഭൂമികൾ സിന്ധുവിലെ ജലം

കൊണ്ടാണ് നനസ്സപ്പെടുന്നതു്. ഡക്കാൻ ഉന്നതതടത്തിലെ മഴ തീർത്തും അനിശ്ചിതമാകയാൽ അവിടേയും കർഷകന് ജലസേചനത്തിൻെറ ആവശ്യം ഉണ്ടു്. മഴ കുറവായ ഒറീസാ, ബീഹാർ, യു. പി., സി. പി. ഈ സംസ്ഥാനങ്ങളിൽ ജലസേചനത്തിൻെറ അഭാവത്തിൽ കൃഷി തീർത്തും അസാദ്ധ്യമാണ്. വർദ്ധിച്ചുവരുന്ന ഒരു ജനസംഖ്യയെ പോറേറണ്ട ചുമതലയുള്ള ഭാരതത്തിന് കൃഷിസ്ഥലങ്ങളുടെ വിസ്തീർണ്ണത വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ജലസേചനംകൊണ്ടു മാത്രമെ കൂടുതൽ സ്ഥലം കൃഷിക്കു് ഉപയുക്തമാകുവാൻ കഴിയൂ.

"കഴിഞ്ഞ രണ്ടു കൊല്ലമായി പ്രകൃതി നമ്മോടു് വളരെ ക്രൂരമായിട്ടാണു് പ്രവർത്തിക്കുന്നതു്. ഉത്താബീഹാറിലെ ചോള കൃഷി മഴ നേരത്തെ പെയ്യതിനാലും, കോസിനദിയിലെ ജലപ്പെരുപ്പത്താലും മുഴുവൻ നശിച്ചു. മദ്രാസ് കഴിഞ്ഞ മൂന്നു വർഷമായി, തുടർച്ചയായി മൺസൂൺമഴ ലഭിക്കാതെ വിഷമിക്കുന്നു. സൗരാഷ്ട്രയിൽ വെള്ളപ്പൊക്കമാണ്. ബോംബെയിലെ താലൂക്കുകളിൽ ജലം കിട്ടാതെ കർഷകൻ കഷ്ടപ്പെടുന്നു. പ്രകൃതിയുടെ ഈ ചാപല്യങ്ങൾ നമ്മുടെ ഭക്ഷ്യോല്പാദനശ്രമങ്ങളെ പരാജയപ്പെടുകയാണ്." പ്രധാനമന്ത്രി ഒരുവർഷം മുമ്പു ചെയ്ത ഒരു പ്രസംഗത്തിൽ ദയനീയമായ ഈ പരമാർത്ഥത്തെപ്പററി പ്രതിപാദിച്ചിരുന്നു എന്നാൽ ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കഥയാണു് പ്രധാനമന്ത്രിയുടേതു് നൂററാണ്ടുകൾക്കു മുൻപും ഇതേ കഥതന്നെ അന്നത്തെ കർഷകൻ കേട്ടതാണ്. ജലസേചനപദ്ധതികൾ വളരെ അധികം വികസിപ്പിക്കാത്തപക്ഷം ഈ കഥതന്നെ ഒരു നൂറുകൊല്ലത്തിനുശേഷവും ആവർത്തിക്കേണ്ടിവരും.

ജലസേചനയത്നങ്ങൾ പലവിധത്തിൽ രൂപമെടുക്കുന്നു. ഓരോ സ്ഥലത്തിൻെറയും പ്രത്യേകതകൾ, ലഭിക്കുന്ന മഴയുടെ അളവു് ആ സ്ഥലത്തുകൂടി ഒഴുകുന്ന നദികളുടെ പ്രകൃതം

തുടങ്ങിയ വസ്തുക്കളുടെ ഗതി അനുസരിച്ച് ജലസേചന പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടുന്നു.

ജലസേചനയത്നങ്ങൾ ഇന്നോ ഇന്നലെയോ ആരംഭിച്ചതല്ല. വളരെ പ്രാചീനമായ ഒരു ചരിത്രം ജലസേചനത്തിനുണ്ട്. ബാബിലോണിയായിലെ ഹമ്മുറബിയ ചക്രവർത്തിയുടെ കാലത്തു്, അതായതു് ക്രിസ്തുവിനു് ഏകദേശം രണ്ടായിരം കൊല്ലങ്ങൾക്കുമുൻപു്, ആ ചക്രവർത്തി തന്നെ സൂക്ഷിച്ചിരുന്ന ചില ലിഖിതങ്ങളിൽ ഇപ്രകാരം കാണുന്നു: "ഷുമിറിയലേയും, ആക്കാദിലേയും ജനങ്ങൾക്കു് ഒരു അനുഗ്രഹമായിട്ടു ഞാൻ ഹമുരബിചാനലിനെ നിർമ്മിച്ചു. പല ഉപചാലുകൾ വഴിയായി ആ മരുഭൂപ്രദേശത്തു് എല്ലായിടത്തും ഞാൻ ധാരാളം ജലവിതരണം ചെയ്യുന്നു. ഈ ജലപ്രവാഹം ജനങ്ങൾക്കു് എല്ലാക്കാലത്തും ലഭിക്കത്തക്കവിധം വേണ്ട നിഷ്ക്കർഷകൾ ഞാൻ ചെയ്തിട്ടുണ്ടു്. അങ്ങനെ ആ മരുഭൂമിയെ ഞാൻ ജലസമൃദ്ധികൊണ്ടു് ധന്യമാക്കി അതിനു് ഫലഭൂയിഷ്ടതയും ധാരാളവും നൽകി"

(ഹാൽബറി ബ്രൗൺ—ജലസേചനം)

മെസപ്പൊട്ടാമിയൻ മരുഭൂമികളിൽ പല ഭാഗങ്ങളിലും, ഒരിക്കൽ ജലസേചനം നടപ്പായിരുന്നു എന്നും, ഏതോ കാരണവശാൽ ജലസേചന പദ്ധതികൾ പ്രവർത്തന ശൂന്യങ്ങളായപ്പോൾ മാത്രമാണു് അവ ഫലശൂന്യങ്ങളായ മരുഭൂമികളായി ഉപേക്ഷിക്കപ്പെട്ടതെന്നും, ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ടു്. ഈജിപ്റ്റിൽ ക്രിസ്തുവിനു് 2500 കൊല്ലങ്ങൾക്കു മുൻപുപോലും വളരെ പുരോഗമിച്ച ജലസേചന പദ്ധതികൾ നടപ്പിലായിരുന്നതായിട്ടാണു് അറിയുന്നതു്.

സാംസ്ക്കാരികമായും, ശാസ്ത്രീയമായും ഒരു മഹനീയ പാരമ്പര്യത്തിനു് അവകാശികളാണെന്നു് അഭിമാനിക്കുന്ന ഭാരതീയർക്കും ജലസേചന സൗകര്യങ്ങളെപ്പറ്റി വളരെ പ്രാ

ചീനകാലം മുതൽക്കേ അറിവുണ്ടായിരുന്ന കാവേരിനദിയിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള 'ഗ്രാൻസ് അണക്കെട്ട്' 1600 കൊല്ലങ്ങൾക്ക് മുൻപു പണികഴിച്ചിട്ടുള്ളതാണ്. പത്തൊൻപതാം നൂററാണ്ടിൽ (1826-36) പുതുക്കിപ്പണിയുന്നതിന് മുമ്പ് തന്നെ ഈ അണക്കെട്ടിൽ നിന്നും ആറു ലക്ഷം ഏക്കർ സ്ഥലത്തു ജലസേചനം ചെയ്യപ്പെട്ടു വന്നിരുന്നതായി റോയൽ കമ്മീഷൻ ഓൺ അഗ്രികാൾച്ചർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ഫിറോസ്ഷായാണ് ആദ്യമായി പശ്ചിമ ജമുനാകനാൽ നിർമ്മിച്ചതെന്നു വിശ്വസിക്കപ്പെട്ടു വരുന്നു. 1568-ൽ അക്ബർ അതിനെ പരിഷ്ക്കരിച്ചു. 1628-ൽ മർദൻഖാൻ വീണ്ടും ചില പരിഷ്ക്കാരങ്ങൾ അതിൽ വരുത്തി. ഷാജിഹാൻ പൂർവജമുനാ കനാൽ നിർമ്മിച്ചതു പതിനേഴാം നൂററാണ്ടിലാണ്. ഇങ്ങനെ എണ്ണപ്പെടാൻ തക്കവണ്ണമുള്ള ജലസേചനപദ്ധതികൾ പുരാതന ഇന്ത്യയിൽ പലടത്തും ഉണ്ടായിരുന്നു. അതിൻെറ ചില അവശിഷ്ടങ്ങൾ ഇന്നും നമുക്ക് കാണുവാൻ കഴിയും.

ബ്രിട്ടീഷ് ഭരണകാലത്തു ജലസേചന പദ്ധതികളിൽ കാര്യമായ നേട്ടങ്ങൾ ഭാരതത്തിൽ ഉണ്ടായിട്ടുണ്ട്. ആദ്യമായി ബ്രിട്ടീഷുകാർ ചെയ്തതു. പുരാതനങ്ങളായ ജലസേചന പദ്ധതികളെ പുനരുജ്ജീവിപ്പിക്കുകയും, പ്രവർത്തനയുക്തങ്ങളാക്കുകയും ചെയ്യുകയായിരുന്നു. ഗംഗാനദിയിൽനിന്നുള്ള ജലസേചനപദ്ധതിയാണ് ബ്രിട്ടീഷ് ഗവമ്മെൻറ് ഇൻഡ്യയിൽ നടപ്പിലാക്കിയ ആദ്യത്തെ പദ്ധതി. ഗവർമ്മെൻറിൻെറ സഹായത്തോടുകൂടി സമാരംഭിക്കപ്പെട്ട രണ്ടു സ്വകാര്യ കമ്പനികൾ ജലസേചന പദ്ധതികൾ പ്രായോഗികമാക്കുവാൻ ശ്രമിച്ചെങ്കിലും, അവ സാമ്പത്തികമായ പരാജയങ്ങളായിരുന്നതിനാൽ സ്വയം നശിക്കുകയാണ് ചെയ്തത്. ഈ കമ്പനികളുടെ പരാജയ ഫലമായി ജലസേചനത്തിൻെറ യത്നങ്ങളുടെ

സകല ചുമതലയും ഗവർമ്മെൻറുതന്നെ 1866-ൽ ഏററെ ടുത്തു. പഞ്ചാബ്, അതിർത്തി സംസ്ഥാനം, യു. പി. തുടങ്ങി യ സംസ്ഥാനങ്ങളിൽ വലിയ ജലസേചന പദ്ധതികൾ താമ സംവിനാ സമാരംഭിക്കപ്പെട്ടു.

1901-ൽ ഒരു ജലസേചനാന്വേഷണ കമ്മററിയെ ഗവ മ്മെൻറിൽനിന്നും നിയമിച്ചു. അപ്പോൾ നിലവിലിരുന്ന ജല സേചന പദ്ധതികളെപ്പററി പഠിക്കുവാനും, അവയുടെ പ്രവർ ത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുവാനും, പുതിയ ജലസേചന പദ്ധതികളുടെ സാദ്ധ്യത കളെപ്പററി അന്വേഷിക്കുവാനും, അവ നടപ്പിലാക്കാനുള്ള മാ ർഗ്ഗങ്ങൾ ചൂണ്ടിക്കാണിക്കുവാനും ആയിരുന്നു ആ കമ്മററിയെ നിയമിച്ചതു്. 1903_ൽ സമർപ്പിച്ച ആ കമ്മററിയുടെ റി പ്പോർട്ടനുസരിച്ച് ജലസേചന പദ്ധതികൾകൂടുതൽ വികസി പ്പിച്ചു. ജലസേചനത്തിൽ ഇന്ത്യക്കുണ്ടായ പുരോഗമനത്തെ ശരിക്കു മനസ്സിലാക്കുവാൻ റോയൽ കമ്മീഷൺ ഓൺ അഗ്രി കൾച്ചർ ചില കണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

| വർഷം | ആകെ കൃഷിക്കു് വിധേയമായസ്ഥലം | ജലസേചനം ചെയ്തിട്ടുള്ളസ്ഥലം |
|---|---|---|
| 1908—09 | 24,61,89,000 | 4,56,81,000 |
| 1920—21 | 23,92,02,000 | 5,25,19,000 |
| 1925—26 | 25,69,98,000 | 5,08,13,000 |

ജലസേചനത്തിൻെറ ചരിത്രം പരിശോധിച്ചാൽ വളരെ ക്രമീകൃതമായ പുരോഗമനമാണു് ഉണ്ടായിക്കൊണ്ടിരിക്കുന്നതു് എന്നു് മനസ്സിലാക്കാം. 1935-36-ാം മാണ്ടത്തെ കണക്കു കൾ അനുസരിച്ചു് ഗവർമ്മെൻറ് ആകെ 108 കോടി രൂപാ ചെലവിൽ 13,812 മൈൽ ദീർഘത്തിൽ കനാലുകൾ നിർ മ്മിച്ചിട്ടുള്ളതായി കാണുന്നു.

ഈ ജലസേചനപദ്ധതികൾ എല്ലാംതന്നെ ഗവൺമെൻറിന് കാലക്രമത്തിൽ ആദായകരമായി തീർന്നു. 1877-ലും തുടന്നും ഉണ്ടായ ഭക്ഷ്യക്ഷാമങ്ങൾ ഗവർമ്മെൻറിനെ ലാഭകരമല്ലാത്ത ജലസേചനപദ്ധതികൾ ഏർപ്പെടുത്താൻ നിർബന്ധിച്ചു. 1878 മുതൽ ക്ഷാമനിവാരണത്തിനായി നീക്കിവെയ്ക്കപ്പെട്ടിരുന്ന 150 ലക്ഷം രൂപായിൽ 75 ലക്ഷം രൂപായും ജലസേചനത്തിനായി ഉപയോഗിച്ചുവന്നു. 1901 ആയപ്പോഴേയ്ക്കും 3,39,000 ഏക്കർ സ്ഥലത്ത് ഗവൺമെൻറ് നഷ്ടം സഹിച്ചുകൊണ്ട് ജലസേചനം നിർവഹിക്കുന്നുണ്ടായിരുന്നു. അങ്ങിനെ ഗവർമ്മെൻറിൻെറ ജലസേചനപദ്ധതികളെ മൂന്നായി തരംതിരിക്കാം; (1) ലാഭകരമായിരിക്കുന്നതു്; (2) സംരക്ഷണം നൽകുന്നതു്; (3) ചെറുതരം. 1919-ലെ ഭരണപരിഷ്ക്കാരത്തിൻെറ ഫലമായി ജലസേചനം സംസ്ഥാനിക ഗവർമ്മെൻറുകളുടെ നിയന്ത്രണത്തിന് വിധേയമാക്കി. പ്രവിശ്യാഗവർമ്മെൻറുകൾ ജലസേചനയത്നങ്ങളെ കൂടുതൽ പ്രോത്സാഹിപ്പിച്ചുവന്നു.

ഇന്നു് ഭാരതത്തിൽ ആകെക്കൂടി 500 ലക്ഷം ഏക്കർ സ്ഥലത്ത് ജലസേചനം നടന്നുവരുന്നു. അതിനെല്ലാംകൂടി ഏകദേശം 125 കോടി രൂപായോളം ആകെ ചെലവായിട്ടുമുണ്ട്. ഇൻഡ്യയിലെ ജലസേചനപദ്ധതികളുടെ വ്യാപ്തിയെപ്പററി ഇൻഡ്യൻ ഇയർബുക്കിൽ ചില കണക്കുകൾ കാണുന്നു. (123-ാം പേജ് നോക്കുക)

ഇന്ത്യൻ ഇറിഗേഷൻ കമ്മീഷൻെറ റിപ്പോർട്ടിൽ ഇന്ത്യയിലെ ജലസേചനം നദികളിൽനിന്നോ, വെള്ളം കെട്ടിനില്ക്കുന്ന ജലാശയങ്ങളിൽനിന്നോ, കിണറുകളിൽനിന്നോ നടത്തുന്നവയെന്നു തരംതിരിച്ചിരിക്കുന്നു. നദിയിൽനിന്നു തോടുകളിലേയ്ക്കു വെള്ളം തിരിച്ചുവിടുന്നതിനുള്ള എല്ലാ അണക്കെട്ടുകളേയും ആദ്യത്തെ വിഭാഗത്തിൽ ഉൾപ്പെടുത്താം. വെള്ളം

## ഇൻഡ്യയിലെ ജലസേചനപദ്ധതികളുടെ വ്യാപ്തിയെപ്പററി ഇൻഡ്യൻ ഇയർബുക്കിൽ കാണുന്ന ചില കണക്കുകൾ.

1945—1946

| സംസ്ഥാനം— | കൃഷിചെയ്തിട്ടുള്ള സ്ഥലം ഏക്കർ | ജലസേചനം ചെയ്തിട്ടുള്ളസ്ഥലം ഏക്കർ |
|---|---|---|
| ആസ്സാം. | 50,93,574 | 11,73,298 |
| ബീഹാർ | 1,75,06,000 | 51,53,120 |
| ബോംബെ | 2,75,57,517 | 11,91,354 |
| സി. പി. | 2,43,02,000 | 16,06,638 |
| ഈസ്റ്റ്പഞ്ചാബ് | 1,36,45,470 | 60,74,551 |
| മദ്രാസ് | 3,05,42,000 | 92,08,919 |
| ഒറീസാ | 64,35,000 | 15,21,117 |
| യു. പി | 3,74,07,000 | 1,29,06,196 |
| പശ്ചിമബംഗാൾ | 1,25,56,532 | 16,40,722 |
| ചെറുസംസ്ഥാനങ്ങൾ | 30,72,475 | 2,31,352 |
| മററുസംസ്ഥാനങ്ങൾ | 6,21,05,174 | 74,90,073 |
| ആകെ | 24,02,22,742 | 4,81,97,340 |

(ഈ കണക്കുകൾ 1945-46-ലെ സ്ഥിതിഗതികളാണ് പ്രത്യക്ഷപ്പെടുത്തുന്നതു്. കഴിഞ്ഞ നാലുവർഷത്തിനിടക്ക് ജലസേചനം ചെയ്യപ്പെട്ടിട്ടുള്ള ഏക്കറേജ് കാര്യമായി വർദ്ധിച്ചിട്ടുണ്ടു്.)

കെട്ടിനിൽക്കുന്നതിന് കൃത്രിമമായോ സ്വാഭാവികമായോസൗകര്യങ്ങൾ ഉള്ള സ്ഥാനത്ത് അതിനെ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള യത്നങ്ങൾ രണ്ടാമത്തെ ഇനത്തിലും, ജലനിരപ്പിൽനിന്നും നേരെമുകളിലേയ്ക്കുയർത്തി കൃഷിസ്ഥലങ്ങളിലേയ്ക്കു വെള്ളം അയയ്ക്കുന്നവ മൂന്നാമത്തെ ഇനത്തിലും ഉൾപ്പെടുന്നു.

ഭാരതത്തിൽ ഇന്നു് സാർവ്വത്രികമായി അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ഭക്ഷ്യക്ഷാമ നിവാരണത്തിനു നമ്മുടെ കൃഷിസ്ഥലങ്ങളിൽനിന്നും കൂടുതൽ ഉല്പാദിപ്പിക്കേണ്ടിയിരിക്കുന്നു. ഒന്നും രണ്ടും ഏക്കർ മാത്രം സ്വായത്തമായിട്ടുള്ള കർഷകനു് വളരെ വ്യയഹേതുകങ്ങളായ ജലസേചന മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ സാദ്ധ്യമല്ല, വളരെപ്പേരെ ഒരേസമയത്ത് സഹായിക്കുന്ന വൻപദ്ധതികൾ ഏർപ്പെടുത്തുവാനുള്ള സൗകര്യങ്ങളും സാധാരണയായി നമ്മുടെ ഗ്രാമങ്ങളിൽ എല്ലായിടത്തും ലഭിച്ചു എന്നു വരുന്നതല്ല. അങ്ങിനെയുള്ള പ്രദേശങ്ങളിലേയ്ക്കു വെള്ളം കോരിഒഴിക്കുവാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കേണ്ടതാണ്. ഇങ്ങനെ വെള്ളം കൃഷിസ്ഥലങ്ങളിൽ എത്തിച്ചുകൊടുക്കുന്നതിനെയാണ് ലിഫററ് ഇറിഗേഷൻ എന്നു സാധാരണയായി പറയുന്നത്.

ചെറിയ വയലുകളിൽ വെള്ളം കോരിഒഴിക്കുന്നതിനു് അതിപുരാതന കാലം മുതൽ നടപ്പിലിരുന്ന പല സമ്പ്രദായങ്ങളും ഇന്നും പ്രചാരത്തിലുണ്ട്. തൊട്ടി, കുട്ട, പാള മുതലായവ ഉപയോഗിച്ച് കിണറുകളിൽനിന്നും, കുളങ്ങളിൽനിന്നും വയലിലേയ്ക്കു വെള്ളം തേകുന്നതും തോടുകളിൽനിന്നു് ചക്രം വച്ചു ചവുട്ടി വെള്ളം പ്രവേശിപ്പിക്കുന്നതും, നമുക്കു സുപരിചിതങ്ങളാണ്. യന്ത്രങ്ങളുടെ ആവിർഭാവത്തോടുകൂടി, മനുഷ്യന്റെ പ്രയത്നങ്ങളെ ലഘൂകരിക്കുവാൻ അവയെ പല ആവശ്യങ്ങൾക്കും അവൻ ഉപയോഗിച്ചു തുടങ്ങി. പമ്പുവഴി വെള്ളം വയലുകളിലേയ്ക്കു് അടിച്ചു കയററുന്നത് വിദ്യുച്ഛക്തിയുടെ സഹായത്തോടുകൂടി ആണെങ്കിൽ കൂടുതൽ പ്രായോഗികവും, ചെലവു കുറവുമാണെന്നു് വേഗത്തിൽ മനുഷ്യൻ മനസ്സി

ലാക്കി ഒരു ചെറിയ പമ്പിന്റെ സഹായത്തോടുകൂടി ഒന്നോ രണ്ടോ ഏക്കർ സ്ഥലം ജലസേചനത്തിന് വിധേയമാക്കാൻ സാധിക്കും. കൃഷിക്കാർക്ക് പ്രോത്സാഹനം നൽകുവാനായി ഗവർമ്മെൻറനേരിട്ട് ലിഫ്റ്റ് ഇറിഗേഷൻ മാതൃകകൾ പ്രദർശിപ്പിക്കുന്നതും പരിക്ഷണങ്ങൾ നടത്തുന്നതുംഈ രാജ്യത്തുള്ള പലരും കണ്ടിരിക്കുമല്ലോ? ഉത്തരതിരുവിതാംകൂറിൽ പല സ്ഥലങ്ങളിലും ലിഫ്ററ് ഇറിഗേഷൻ പദ്ധതികൾ പ്രവർത്തനത്തിൽ കൊണ്ടുവരുവാൻ ഗവർമ്മെൻറിന് കഴിഞ്ഞിട്ടുണ്ട്. ലിഫ്റ്റ് ഇറിഗേഷൻ സുകരമാക്കുന്നതിനുള്ള യന്ത്രസാമഗ്രികളിൽ കാലാനുസൃതമായ പരിഷ്ക്കാരങ്ങൾ വരുത്തുവാൻ തിരുവിതാംകൂർ സർവ്വകലാശാലാഗവേഷണവകുപ്പുകാരും ശ്രമിച്ചുകൊണ്ടിരിക്കുന്നു. തിരുവിതാംകൂർകൊച്ചിസംസ്ഥാനത്തു മാത്രമല്ല ഭാരതത്തിൽ പൊതുവേയും ലിഫ്റ്റ് ഇറിഗേഷന് ധാരാളം സാദ്ധ്യതകൾ ഉണ്ട്.

ഭാരതത്തിലെ ജലസേചന യത്നങ്ങളിൽ എല്ലാംകൊണ്ടും പ്രാധാന്യം വഹിക്കുന്നത് കനാലുകളിൽകൂടിയുള്ള ജലസേചനംആണ്. ജലസേചനംചെയ്യപ്പെട്ടിട്ടുള്ള ആകെ സ്ഥലത്തിൽപകുതിയും ചാനലിൽകൂടിജലസേചനം ചെയ്യപ്പെട്ടിട്ടുള്ളവയാണ്. കഴിഞ്ഞ അറുപതുവർഷമായി ഈ വിഭാഗത്തിന്ഉണ്ടായിട്ടുള്ള പുരോഗമനം അസൂയാവഹമാണ്. അവിഭാജ്യ ഇൻഡ്യയിൽ 60,000 മൈൽ നീളത്തിൽ ചാനലുകൾ ഉണ്ടായിരുന്നതായികാണുന്നു.

ഇന്നു ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിലായി പല പ്രധാനപ്പെട്ട അണക്കെട്ടുകളും നിർമ്മിക്കപ്പെട്ടിട്ടുണ്ട്. അവയിൽ എല്ലാംകൊണ്ടും പ്രാധാന്യം അർഹിക്കുന്ന അരഡസനോളം പദ്ധതികൾ നമ്മുടെ സവിശേഷമായ ശ്രദ്ധയെ ആകർഷിക്കുന്നു. 1933-ൽ പണി തീർന്നതും പഞ്ചാബിലെ അൻപതു ലക്ഷം ഏക്കർ സ്ഥലത്ത് ജലസേചനം ചെയ്യുന്നതുമായസട്ട്ലജ്‌വാലി പ്രോജക്റ്റാണ് ഇവയിൽ പ്രാധാന്യം അർഹിക്കുന്നതു്. ഈ അണക്കെട്ടിന് എല്ലാംകൂടി മുപ്പത്തിമൂന്നുകോടി രൂപായോളം ചെലവായിട്ടുണ്ട്. സിൻഡിൽ ഇൻഡസ് നദിയിൽ പണിതിരിക്കുന്ന സുക്കൂർബാരേജ് അ

വിട്ടത്തെ 50 ലക്ഷംഏക്കർ സ്ഥലത്തു ജലസേചനം ചെയ്യുന്നു. ലോകത്തിലേയ്ക്കും വലിയ അണക്കെട്ട് എന്നു കരുതിയിരിക്കുന്ന ഈ പദ്ധതി 1932-ൽ മാത്രമാണു പൂർത്തിയായതു്. ആകെ ചെലവു് ഇരുപത്തിനാലുകോടി രൂപായാണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഏഴരക്കോടി രൂപായോളം ചെലവാക്കി 1934-ൽ പണി പൂർത്തിയാക്കിയ കാവേരി റിസർവോയറും മേട്ടോർ പ്രോജക്റ്റും, മുപ്പതുലക്ഷം ഏക്കർ സ്ഥലം കൃഷിക്കു് ഉപയുക്തമാക്കുന്നു. നാലുകോടി രൂപ ചെലവാക്കി നിർമ്മിച്ച നൈസാം സാഗർ പ്രോജക്ട് രണ്ടുലക്ഷത്തിഎഴുപത്തയ്യായിരം ഏക്കർ സ്ഥലത്തു ജലസേചനം ചെയ്യുന്നു. ഇതുപോലെതന്നെ പ്രാധാന്യമർഹിക്കുന്ന മററു പദ്ധതികൾ ഓരോ സംസ്ഥാനത്തിലും പ്രവർത്തിക്കുന്നുണ്ടു്.

ജലസേചനത്തിൽ അധികാരികളെ വിഷമിപ്പിക്കുന്ന പല പ്രശ്നങ്ങളിൽ ഒന്നാണു്, അണക്കെട്ടുകളിൽനിന്നും കിണറുകളിൽനിന്നും എങ്ങിനെ ശരിയായി വെള്ളം വിതരണം ചെയ്യാമെന്നുള്ളതു്. ശരിയായ വിതരണത്തിൽ അനാവശ്യമായി വെള്ളം നഷ്ടപ്പെടാതിരിക്കാൻ സൂക്ഷിക്കണം. ജലസേചന ഉദ്യോഗസ്ഥന്മാരുടെ അനാവശ്യമായ കൈകടത്തലുകൾ ഉണ്ടാകുവാനും പാടില്ല. ജലം കൃഷിക്കാവശ്യമുള്ളപ്പോഴെല്ലാം തുടർച്ചയായി നൽകാൻ സാധിക്കണം. ഇന്നു് നിലവിലിരിക്കുന്ന വിതരണരീതിയിലുള്ള വൈകല്യങ്ങൾകൊണ്ടു് കനാലുകളിൽ നിന്നും വളരെ അധികം ജലം നഷ്ടപ്പെട്ടുപോകുന്നു. ഇപ്പോൾ കർഷകരിൽനിന്നും നികുതി ചുമത്തുന്നതു് ജലസേചനം ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം അനുസരിച്ചാകയാൽ, അവക്കു് വെള്ളം നഷ്ടപ്പെടുത്താതെ ഉപയോഗിക്കണമെന്നു് ഒരു വിചാരവുമില്ല. നികുതി പിരിവിന്റെ രീതിയിൽ ഓരോ സംസ്ഥാനത്തിലും, വിശദാംശങ്ങളിൽ വ്യത്യാസം ഉണ്ടെങ്കിലും സാമാന്യതത്വം ഒന്നുതന്നെയാണു്. (ഓരോ സംസ്ഥാനത്തിലും വെള്ളത്തിന്റെ നികുതിനിരക്കു്.)

(മറുവശം)

# നികുതിനിരക്ക്

(ഏക്കറൊന്നിന്)

| സംസ്ഥാനം | വിളവ്: കരിമ്പ് | നെല്ല് | പഞ്ഞി | ഗോതമ്പ് | ചോളം |
|---|---|---|---|---|---|
| | രൂ. ണ. സ. | രൂ ണ. സ. | രൂ. ണ. സ. | രൂ. ണ. സ. | രൂ. ണ. സ. |
| പൂർവ്വപഞ്ചാബ് | 9 0 0 to 11 1 6 | 6 5 0 to 6 3 10 | 3 8 0 to 5 4 0 | 4 4 0 to 4 4 7 | 3 12 6 to 4 4 0 |
| മദ്രാസ് | 7 8 0 to 12 0 0 | 6 4 0 to 10 0 0 | 3 2 0 to 10 0 0 | — / — | 3 2 0 to 10 0 0 |
| ഉത്തരപ്രദേശം | 5 0 0 to 12 0 0 | 4 0 0 to 7 8 0 | 2 8 0 to 5 8 0 | 3 0 0 to 5 0 0 | 3 0 0 to 5 0 0 |
| ഹൈദരാബാദ് | 27 0 0 to 33 0 0 | 17 0 0 to 18 0 0 | — | — | — |

(Indian Year Book, 1950)

കൃഷിക്കാരനു് ചില അവസരങ്ങളിൽ വെള്ളം കിട്ടാതെയും വരുന്നുണ്ടു്. അതുകൊണ്ടു് അവൻ ജലം കിട്ടുന്ന അവസരങ്ങളിൽ ആവശ്യത്തിൽ വളരെ കൂടുതൽ ഉപയോഗിക്കുന്നു. കൃഷിക്കാരന്റെ ഈ പ്രവൃത്തി, അനേകകോടി രൂപാ ചെലവു ചെയ്തു് സംഭരിച്ചിരിക്കുന്ന ജലത്തെ നഷ്ടപ്പെടുത്തുന്നു എന്നു മാത്രമല്ല, അവന്റെ കൃഷിഭൂമികളുടെ ഫലദായകശക്തിയെ കാര്യമായി കുറവുചെയ്യുകയും ചെയ്യുന്നു. അനാവശ്യമായി ഉണ്ടാകുന്ന ഈ 'ജല'നഷ്ടത്തെ തടയുവാൻ വെള്ളത്തിനു് ചുമത്തുന്ന നികുതി ഓരോ കർഷകനും ഉപയോഗിക്കുന്ന വെള്ളത്തിന്റെ കണക്കു് അനുസരിച്ചു ക്രമപ്പെടുത്തുന്നതുകൊണ്ടു മാത്രമേ സാധിക്കൂ. റോയൽ കമ്മീഷൺ ഓൺ അഗ്രികംച്ചറം ഈ അഭിപ്രായംതന്നെയാണു് രേഖപ്പെടുത്തിയിരിക്കുന്നതു്.

ജലസേചനം സാംസ്ഥാനിക ഗവർമ്മെൻറുകളുടെ നിയന്ത്രണത്തിലാണെങ്കിലും, കേന്ദ്രഗവർമ്മെൻറിനും ഈ വിഷയത്തിൽ ചില അധികാരങ്ങളും നിയന്ത്രണങ്ങളും ഉണ്ടു്. വിവിധ സംസ്ഥാനങ്ങൾക്കു് ജലസേചനം സംബന്ധമായി വേണ്ട വിദഗ്ദ്ധോപദേശം നൽകാൻ ഒരു കേന്ദ്ര ഉപദേശകസമിതി ഇപ്പോഴും പ്രവർത്തനം നടത്തുന്നു.

കർഷകരാജ്യമായ ഭാരതത്തിൽ ജലസേചന പദ്ധതികൾ എത്ര അധികം വിപുലമാക്കിയാലും അധികം വലുതാകയില്ല. കേന്ദ്ര വാട്ടർ, പൗവർ ഇറിഗേഷൺ, ആൻറ നാവിഗേഷൺ കമ്മീഷൻ വിവിധ സംസ്ഥാനങ്ങളിലെ ജലസേചന അധികാരികളുമായി ആലോചിച്ചു് ഒരു സപ്തവർഷ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടു്. ഏകദേശം നൂറിഅറപതോളം പദ്ധതികളാണു് ഈ ഏഴുവർഷത്തിനകം പൂർത്തിയാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതു്. ഈ പദ്ധതികൾ എല്ലാം നടപ്പിൽ വരുമ്പോൾ ഇരുനൂററിഅൻപതുലക്ഷം ഏക്കർ സ്ഥലത്തേയ്ക്കുകൂടി ജലസേചനം വ്യാപിക്കുവാൻ കഴിയും. ഈ

പദ്ധതികൾക്കെല്ലാംകൂടി ആയിരത്തിത്തൊള്ളായിരം കോടി രൂപാ ചെലവാകുമെന്നും, അവയിൽനിന്നും ഉള്ള ആകെ ആദായം പ്രതിവർഷം 135 കോടി രൂപാ ആയിരിക്കുമെന്നും കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ പദ്ധതികളിൽ പ്രാധാന്യമർഹിക്കുന്ന ചിലവയെപ്പററി അറിഞ്ഞിരിക്കുന്നതു നല്ലതാണു്.

ദാമോദർവാലി പ്രോജക്ടു്: ഉത്തരബീഹാറിൽ ദാമോദർ നദിയിൽ പണിചെയ്തുകൊണ്ടിരിക്കുന്ന ഈ അണക്കെട്ടിൽ ഒരു ബാരേജും എട്ടു ഡാമുകളും ഉണ്ടായിരിക്കും. ഏഴു ലക്ഷത്തിഅറുപതിനായിരം ഏക്കർ സ്ഥലത്തു് ജലസേചനം ചെയ്യുവാൻ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന ഈ അണക്കെട്ടിനു് ആകെപ്പാടെ അൻപത്തിഅഞ്ചുകോടി രൂപായാണു് ചെലവാക്കേണ്ടതു്.

മഹാനദി പ്രോജക്ടു്: ഒറീസ്സായിലെ ഇരുപത്തിഅഞ്ചു ലക്ഷം ഏക്കർ സ്ഥലത്തു് ജലസേചനം ചെയ്യുവാൻ ഉദ്ദേശിച്ചിരിക്കുന്ന മഹാനദി പ്രോജക്ടു് അഞ്ചുവർഷത്തിനകം പൂർത്തിയാകുമെന്നും 48 കോടിയിൽ അധികം രൂപാ ചെലവുവരുമെന്നും കണക്കാക്കപ്പെട്ടിരിക്കുന്നു.

കോസി പ്രോജക്ടു്: കോസിനദിയിൽ നിർമ്മിക്കുന്ന ഈ അണക്കെട്ടു് പണിപൂർത്തിയാകാൻ ഇനിയും പതിനഞ്ചു കൊല്ലങ്ങൾകൂടി വേണം. പൂർത്തിയാകുമ്പോഴേയ്ക്കും 95 കോടി രൂപാ ചെലവാകുമെന്നും നീപ്പാളിൽ പത്തുലക്ഷം ഏക്കർ സ്ഥലവും ബീഹാറിൽ ഇരുപതുലക്ഷം ഏക്കർ സ്ഥലവും ജലസേചനം ചെയ്യാൻ കഴിയുമെന്നും പറയപ്പെടുന്നു.

നർമ്മദാ-ടാപ്ററി പ്രോജക്ടു്: ബോംബെയിലും, മദ്ധ്യപ്രദേശത്തും പത്തുലക്ഷം ഏക്കർവീതം ജലസേചനം ചെയ്യ

വാൻ കഴിവുള്ള നർമ്മദാടാപ്ററി പദ്ധതി ഇനിയും 20 കൊല്ലങ്ങൾകൂടികഴിഞ്ഞേ പണി പൂർത്തിയാവുകയുള്ളു. ആകെ വേണ്ടിവരുന്ന ചെലവു് 200 കോടി രൂപായാണു്.

രാമപാദസാഗർ പ്രോജക്ട്: കാവേരിനദിയിലെ വെള്ളം സംഭരിച്ചു് മദ്രാസ് പ്രവിശ്യയിൽ ഇരുപതുലക്ഷം ഏക്കർ സ്ഥലത്തു് ജലസേചനം ചെയ്യാനായി പണി ആരംഭിച്ചിരിക്കുന്ന ഈ പദ്ധതിക്കു് ഇരുപതു വർഷങ്ങളിലായി എൺപതുകോടി രൂപാ ചെലവു വരുമെന്നു് കണക്കാക്കിയിരിക്കുന്നു.

വളരെ അധികം ധനവ്യയം ചെയ്യേണ്ടിയിരിക്കുന്ന ഈ പുനരുദ്ധാരണപദ്ധതികൾ വിവിധ സംസ്ഥാനങ്ങളുടെ സാമ്പത്തിക കഴിവുകൾ അനുസരിച്ചു മാത്രമേ പുരോഗമിക്കു. ഭീമമായ ചെലവുവരുന്ന പദ്ധതികൾ വളരെവേഗം നടപ്പിലാക്കുന്ന കാര്യത്തിൽ കേന്ദ്രഗവർമ്മെൻറിൽ നിന്നും കാര്യമായ യാതൊരു സാമ്പത്തിക സഹായവും ലഭിക്കുമെന്നു് തോന്നുന്നില്ല. ആറം ഇൻഡ്യാപ്ലാനിങ്ങ് കമ്മററി ജലസേചന പദ്ധതികളെ കഴിയുന്നതും വേഗം പ്രവർത്തനത്തിൽ കൊണ്ടുവരണമെന്നു ശക്തമായ ഭാഷയിൽ ശുപാർശ ചെയ്തിട്ടുണ്ടു്. അധിക കാലതാമസം കൂടാതെ ഈ പദ്ധതികൾ എല്ലാംതന്നെ പ്രയോഗത്തിൽ കൊണ്ടുവരുവാൻ ഗവർമ്മെൻറിനു കഴിയുമെന്നു പ്രതീക്ഷിക്കാം. ഗവർമ്മെൻറിൽനിന്നും ആസൂത്രണം ചെയ്തിരിക്കുന്ന പഞ്ചവത്സരപദ്ധതിയിലും ജലസേചന സംരംഭങ്ങൾക്കു പ്രാധാന്യം നൽകിയിട്ടുണ്ടു്. ഈ പദ്ധതികൾ എല്ലാം പൂർണ്ണമായി പ്രവർത്തനയുക്തമായി തീരുമ്പോൾ, രാഷ്ട്രത്തിൻെറ ധാന്യ സമ്പത്തു് മുപ്പതുലക്ഷം ടൺകൂടി വർദ്ധിക്കുന്നതാണു്. ഇതിനുംപുറമെപതിനെട്ടരലക്ഷം കലോവാട്ടു് വിദ്യുച്ഛക്തി കൂടി ഉല്പാദിപ്പിക്കാൻ ഈ വിവിധ പദ്ധതികൾക്കു് കഴിയുന്നതാണു്.

ഈ ഭീമമായ ധനവ്യയത്തിനു കാരണമാകുന്ന ഈ പദ്ധതികൾ നടപ്പിലാക്കാൻ അധികാരികൾക്കു് കഴിയുമോ? കഴി

വുണ്ടോ? കഴിയണം കഴിവുണ്ടാക്കണം. പ്രതിവർഷം ഗവർമെൻറ് ഭക്ഷ്യധാന്യ സബ്സിഡിക്കായി നൂററിഅൻപതു കോടിരൂപാ ചെലവാക്കുന്നുണ്ട്. ഇന്നു ഭാരതത്തിലെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജനങ്ങൾക്കു ജീവിക്കുവാൻ മാത്രം എങ്കിലും ഭക്ഷണം നൽകണമെങ്കിൽ ജലസേചനം കൂടുതൽ വ്യാപകമാക്കേണ്ടിയിരിക്കുന്നു. വേറെ എളുപ്പമാർഗ്ഗങ്ങൾ ഒന്നും തന്നെ ഇല്ല.

# 10

# കടക്കാരനായ കർഷകൻ

"നീ കടം കൊടുക്കുകയോ, കടം വാങ്ങുകയോ ചെയ്യരുത്. കടം കെടുക്കുന്നതുകൊണ്ട് നിൻെറ പണവും സുഹൃത്ത് നിനക്കു നഷ്ടപ്പെടുന്നു."

സുപ്രസിദ്ധ ആംഗലസാഹിത്യകാരനായ ഷേയ്ക്സ്പീയർ, അദ്ദേഹത്തിൻെറ ഹാംലററ് എന്ന നാടകത്തിൽ പൊളോണിയസിനെക്കൊണ്ടു തൻെറ പുത്രനു കൊടുപ്പിക്കുന്ന ഉപദേശമാണ് ഇതു്. ഇതേഉപദേശംതന്നെ ഒരു നൂറു പിതാക്കന്മാർ അവരുടെ പുത്രന്മാർക്കു നല്കിയിട്ടുണ്ട്. എന്നിരുന്നാലും ആരും ഒരിക്കലും അനുസരിച്ചിട്ടില്ലാത്ത ഒരു ഉപദേശമാണിതു്. വ്യക്തികൾ കടം വാങ്ങുന്നു. സംഘടനകൾ ഋണബദ്ധമാകുന്ന രാഷ്ട്രങ്ങൾ കടം വാങ്ങുന്നുണ്ട്. അങ്ങനെ കടം വാങ്ങൽ ഒരു സാധാരണ സംഭവംമാത്രം. എന്നിരുന്നാലും കർഷകനെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേകത ഉണ്ട്. അവൻ എന്നും കടക്കാരനാണ്. ലോകത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള ക

ഷ്കക്ക് ഒരിക്കൽ അല്ലെങ്കിൽ മറെറാരിക്കൽ മൂലധനത്തിന്റെ അഭാവംമൂലം കഷ്ടത അനുഭവിക്കേണ്ടി വരുന്നു. അതുകൊണ്ട് ഇൻഡ്യൻ കർഷകന്റെ ഋണബാദ്ധ്യതയിൽ അതിശയിക്കാൻ ഒന്നുമില്ല. എന്നാൽ അവന്റെ ഋണബാദ്ധ്യത ഭയാനകമാണ്. അവൻ കടക്കാരനായി ജനിക്കുന്നു. കടക്കാരനായി ജീവിക്കുന്നു. അങ്ങിനെ തന്നെ മരിക്കുന്നു. കടംതന്നെ സമ്പാദ്യമായി പുത്രന്മാരിലേയ്ക്കു പകർന്നുകൊടുക്കുന്നു. അവന്റെ ജീവിതത്തിന്റെ ഒരു കാലഘട്ടത്തിലും അവൻ സ്വതന്ത്രനാകുന്നില്ല. തലമുറ തലമുറയായി നമ്മുടെ കർഷകനെ ഋണബാദ്ധ്യത ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കുകയാണ്. ദേശീയ സമ്പത്തിന്റെ താക്കോൽകാരനായ കർഷകൻ ഇങ്ങനെ കടത്തിന്റെ ഭീകരമായ ഭാരത്താൽ എന്നും നരകിച്ചു ജീവിക്കേണ്ടിവരുന്ന പരിതഃസ്ഥിതി തീർത്തും ദയനീയമാണ്. എല്ലാ കാർഷിക സമുദ്ധാരണ പദ്ധതികൾക്കും തുരങ്കം വെയ്ക്കുന്ന ദയനീയ സ്ഥിതിയാണ് ഇതു്.

കർഷകനെ ഇങ്ങനെ ഋണബദ്ധനാക്കുവാനുള്ള കാരണങ്ങൾ അനവധിയുണ്ട്. ഭാരതീയ കർഷകന്റെ ജോലി തീർത്തും ആദായകരമല്ല. മററു രാജ്യങ്ങളിലെ കർഷകവൃത്തിയുമായി താരതമ്യപ്പെടുത്തിയാൽ ഭാരതത്തിലെ കാർഷികോല്പാദനം തീർത്തും മോശമാണ്. വിഭജിക്കപ്പെട്ടുപോയ അവന്റെ കൃഷിസ്ഥലങ്ങളിൽനിന്നും അവനു് ലഭിക്കുന്ന ആദായം അവന്റെ ദൈനംദിന ജീവിതാവശ്യങ്ങൾക്കുപോലും മതിയാകുന്നില്ല. കൃഷിയിൽനിന്നും ഉള്ള വളരെ തുച്ഛമായ ആദായം മിക്കപ്പോഴും കർഷകന്റെ പ്രാഥമികാവശ്യങ്ങൾക്കുപോലും മതിയാകാത്തതിനാൽ അവനു് പലപ്പോഴും കടം വാങ്ങേണ്ടിവരുന്നു.

വൻകിട വ്യവസായങ്ങളുടെ ആവിർഭാവവും, വിദേശസാധനങ്ങളുടെ ഇറക്കുമതിയും കുടിൽവ്യവസായങ്ങളെ നശി

പ്പിച്ചു. അങ്ങിനെ കർഷകൻെറ ഒരു ആദായ മാർഗ്ഗം അടയ്ക്കപ്പെട്ടു. അതു തീൎത്തു കുറവായിരുന്ന കർഷകൻെറ ആദായത്തെ പിന്നെയും കുറച്ചു്, അവനെ കൂടുതൽ കൂടുതൽ ഋണബദ്ധനാക്കി।

ഭാരതത്തിലെ കർഷകൻെറ ഭാഗ്യദോഷങ്ങൾ പ്രകൃതിയുടെ ചാപല്യങ്ങളെ ആശ്രയിച്ചാണു് ഇരിക്കുന്നതു്. അനുഭാവപൂർവ്വമല്ലാത്ത ഒരു പ്രകൃതിയാണു് അവനെ ഒരുവർഷം അഭിമുഖീകരിക്കുന്നതെങ്കിൽ, അവൻെറ അക്കൊല്ലത്തെ മുഴുവൻ പ്രയത്നവും, വിഫലമാകുകയും, അവൻെറ അത്യാവശ്യങ്ങൾ നിർവഹിക്കുന്നതിനായി അവനു് പണവ്യാപാരിയെ സമീപിക്കേണ്ടിവരുകയും ചെയ്യുന്നു.

കർഷകൻെറ കാലിവർഗ്ഗത്തിൽ സാധാരണയായി ഉണ്ടാകാറുള്ള രോഗങ്ങൾ വളരെ അധികം നഷ്ടത്തിനു കാരണമാകുന്നു. പുതിയ മൃഗങ്ങളെ വാങ്ങിക്കണമെങ്കിൽ പണം ആണെങ്കിലും കടം കൊടുക്കണം. രോഗചികിത്സയ്ക്കും നല്ല ഒരു തുക പ്രതിവർഷം കർഷകനു ചെലവാകുന്നു.

കർഷകൻെറ വലിയ ഒരു ചെലവിനമാണു് അവൻെറ പെൺമക്കളുടെ കല്ല്യാണ ആഘോഷങ്ങൾ. അതുപോലെ തന്നെ, കർഷകലോകത്തിൽ ഇന്നും പ്രചാരത്തിൽ ഇരിക്കുന്ന ചില ആചാരങ്ങൾ തുടൎന്നുകൊണ്ടു പോകുന്നതിനായി അനാവധി പണം കർഷകൻ ചെലവാക്കേണ്ടിവരുന്നു. കർഷകൻെറ ഋണബാഹുല്യതയുടെ ചരിത്രം പരിശോധിച്ചാൽ അതിൽ ഒരു നല്ല ഭാഗവും, ഇപ്രകാരമുള്ള സാമുദായികമായ ആവശ്യങ്ങളുടെ നിർവ്വഹണത്തിൽ നിന്നും ഉത്ഭവിച്ചിട്ടുള്ളതായി കാണാം. കർഷകൻെറ വ്യക്തിതാപവും അവൻെറ ദുശ്ശാഠ്യവും അവനെ കോടതികയറുന്നതിനു് ഇടയാക്കുന്നു. വാദിയായോ പ്രതിയായോ കോടതികളിൽ പ്രവേശിക്കുവാൻ ഇടവരുന്ന കർഷ

കന്ന് അനേകം രൂപാ അനാവശ്യമായി ചെലവാകുന്നതു് ഒരു സ്വാഭാവിക സംഭവം മാത്രമാണു്.

കർഷകൻ ജനിക്കുമ്പോഠംതന്നെ കടക്കാരനാണു്. തലമുറ തലമുറയായി ഇങ്ങനെ തുടൻുകൊണ്ടുപോവുന്ന കടത്തിൽ നിന്നും രക്ഷപ്പെടാൻ അവനു് കഴിയുന്നില്ല. അവൻെറ ആദായം അവൻെറ ജീവിതാവശ്യങ്ങഠംക്കുതന്നെ മതിയാവാതെ വരുമ്പോഠം അവനു് എങ്ങിനെയാണു് പഴയ കടം വീട്ടാൻ എന്തെങ്കിലും മിച്ചം വെയ്ക്കുവാൻ കഴിയുക. ഒരിക്കൽ കടക്കാരനായിത്തീൎന്നാൽ, ആ കടം പലിശയും പലിശയ്ക്കു പലിശയും ചേൎന്നു സ്വയമേവ വളൎന്നുകൊള്ളും.

ആഭ്യന്തരസമാധാനം സ്ഥാപിച്ച ഒരു ഗവർമ്മെൻറിൻെറ ഭരണവും ഭൂഉടമ പരിഷ്ക്കാരങ്ങളും കർഷകൻെറ ഋണബാദ്ധ്യതയെ വർദ്ധിപ്പിക്കുകയാണു ചെയ്തതു്. കഴിഞ്ഞ അരശതാബ്ദമായി ഭാരതത്തിൽ ഉണ്ടായിട്ടുള്ള സാർവ്വത്രികമായ പുരോഗമനം കർഷകൻെറ ഋണഭാരത്തെ ലഘൂകരിക്കുന്നതിനു് പകരം വർദ്ധിപ്പിക്കുകയാണു ചെയ്തതു്. ഈ പരിഷ്ക്കാരങ്ങഠം ഉണ്ടായിട്ടും കടക്കാരൻെറ ഭാരം കുറയുന്നില്ല എന്നുപറയുന്നതിൽ ഭേദം ഈ പരിഷ്ക്കാരങ്ങഠംമൂലം നാട്ടുകാരുടെ ഋണബാദ്ധ്യത വർദ്ധിച്ചിട്ടുണ്ടെന്നു പറയുന്നതാണു്. ഭൂഉടമയിൽ ഉണ്ടായ പരിഷ്ക്കാരങ്ങഠംമൂലം ഭൂമിയുടെ വില വർദ്ധിച്ചു: ഭൂമി പണയപ്പെടുത്തി കടം വാങ്ങാൻ കൂടുതൽ സൗകൎയ്യവും ലഭിച്ചു. നമ്മുടെ കർഷകരിൽ പലരും അവരുടെ ആവശ്യങ്ങഠം അനുസരിച്ചു് കടം വാങ്ങൽ നിയന്ത്രിക്കുന്നതിനു പകരം കടം വാങ്ങുന്നതിനുള്ള സൗകൎയ്യങ്ങഠം അനുസരിച്ചു കടംകൂടുതൽ വാങ്ങിക്കുകയാണു ചെയ്തതു്. കിട്ടാനുള്ളടത്തോളം പണം ചെലവാക്കാൻ വലിയ പ്രയാസമില്ലല്ലോ?

കൃഷിക്കാരുടെ സാമ്പത്തിക ആവശ്യങ്ങളിൽ അവരെ സാധാരണയായി സഹായിച്ചുകൊണ്ടിരുന്ന പണവ്യാപാ

രിയും നാട്ടുബാങ്കറം വഞ്ചനയും ചതിവും പ്രയോഗിക്കുന്ന തിൽ വൈമനസ്യമുള്ളവർ ആയിരുന്നില്ല. അവരുടെ മറിവു കാം, കണക്കുകളിൽ ചെയ്യുന്ന കള്ളത്തരങ്ങറം, പലിശയും പലിശയ്ക്കുപലിശയും കണക്കാക്കുന്ന വിധങ്ങറം തുടങ്ങിയ മാർഗ്ഗങ്ങളിൽക്കൂടി, കടക്കാരൻെറ അറിവും സമ്മതവുംകൂടാതെ അവൻെറ കടത്തെ വർദ്ധിപ്പിച്ചുവന്നു.

ഭാരതത്തിൽ ഇന്നു് നിലവിലിരിക്കുന്ന കാലഹരണ നിയമം പ്രമാണങ്ങറം വീണ്ടും വീണ്ടും പുതുക്കിഎഴുതുവാൻ കടക്കാരെ നിർബ്ബന്ധിതരാക്കി. ഓരോ പുതുക്കി എഴുത്തിലും കടത്തിൻെറ തുക ആവശ്യമില്ലാതെ വർദ്ധിപ്പിക്കുവാൻ പണ വ്യാപാരിക്കു കഴിയുമായിരുന്നു.

ബഹുവിധങ്ങളായ ഇക്കാരണങ്ങളാൽ കർഷകൻ കട ക്കാരനായിത്തീൎന്നു. അതേ കാരണങ്ങളാൽത്തന്നെ ആ കട ത്തിൽനിന്നും അവനു രക്ഷപ്പെടാൻ കഴിഞ്ഞിരുന്നില്ല. അവൻെറ ദൈനംദിന ആവശ്യങ്ങറം നിറവേററാൻ, വിത്തും വളവും വാങ്ങിക്കാൻ, അവൻെറ കൃഷിസ്ഥലങ്ങളുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കാൻ, കൃഷിസമ്പ്രദായത്തിൽ പരിവർത്ത നങ്ങറം വരുത്താൻ, നികുതി അടയ്ക്കാൻ, കല്ല്യാണ ആവശ്യ ങ്ങറംക്കു് ഇങ്ങനെ പല കാര്യങ്ങറംക്കായി കടം വാങ്ങിക്കുന്ന പണം, നമ്മുടെ കർഷകർ ചെലവാക്കുന്നു. കടം വാങ്ങൽ അതിൽത്തന്നെ നിഷിദ്ധമല്ല. ഉല്പാദന ഉപാധികളെ പരി ഷ്ക്കരിക്കാനും, വികസിപ്പിക്കാനും താല്ക്കാലികമായി കടം വാങ്ങുന്നതു ചീത്ത അല്ലെന്നു മാത്രമല്ല, അതു് ഒരു ആവശ്യം കൂടിയാണു്. കർഷകവൃത്തിയുടെ പുരോഗമനത്തിനു്, കടം വാങ്ങൽ ഒരു അത്യാവശ്യം മാത്രമാണു്. എന്നാൽ ഭാരത ത്തിൽ ഇതുവരെ സംഭവിച്ചുകൊണ്ടിരുന്നതു്, ഇന്നു സംഭവി ച്ചുകൊണ്ടിരിക്കുന്നതു്, കടം വാങ്ങുന്ന പണം ഉല്പാദനത്തെ

സഹായിക്കാനായി ഉപയോഗിക്കാതെ തൽക്കാല ആവശ്യങ്ങൾക്കായി ചെലവാക്കിവരുന്ന സ്ഥിതിവിശേഷമാണു്.

ഏതു കഷ്ടതയിലും സന്തോഷാത്മകമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുവാൻ കഴിവുള്ളവനായിരുന്ന മിക്കാബർ, ചാറൽസ് ഡിക്കൻറെ 'ഡേവിഡ് കോപ്പർ ഫീൽഡ്' എന്ന ആഖ്യായികയിലെ ഒരു പ്രധാന കഥാപാത്രം ഒരിക്കൽ പറഞ്ഞു: "വരവു് ഒരു പവൻ. ചെലവു് പത്തൊൻപതു ഷില്ലിങ്ങ് ആറു പെൻസ്, ഫലം സമാധാനം. വരവു് ഒരു പവൻ. ചെലവു് ഒരു പവൻ അര ഷില്ലിങ്ങ്. ഫലം നരകം." വളരെ ലളിതമായ ഭാഷയിൽ അതിഗഹനമായ ഒരു സാമ്പത്തിക തത്വമാണു് മിക്കാബർ വെളിപ്പെടുത്തിയിരിക്കുന്നതു്. നമ്മുടെ കർഷകരിൽ പലരും മിക്കാബറിനെപ്പോലെതന്നെ പ്രസാദാത്മകരാണെങ്കിലും അയാളെപ്പോലെ ബുദ്ധിയുള്ളവരല്ല. പലരും സംഗതികൾ മനസ്സിലാക്കുന്നുണ്ടെങ്കിലും സാഹചര്യങ്ങളുടെ സമ്മർദ്ദത്തിനു് അടിമപ്പെട്ടു് കടക്കാരാകുന്നു. ഇതിൽ ആരേയും പഴിക്കേണ്ട. നമ്മുടെ കർഷകവൃത്തി ദരിദ്രൻെറ ഒരു വ്യവസായമായി നാഴി വെള്ളത്തിൽ നാലുപറമാത്രം ഇട്ടുകൊടുക്കുവാൻ കെല്പുള്ള ഒരു ശോഷിച്ച വ്യവസായമായി, ഇരിക്കുന്നേടത്തോളം കാലം കർഷകൻ കടക്കാരനായിത്തന്നെ കഴിയേണ്ടിവരും. കർഷകനു് സാധാരണയായി കടം കൊടുക്കുന്നതു് ആരാണു്? നാട്ടിൻപുറത്തെ വ്യാപാരിയാണു്, അവരിൽ പ്രമുഖൻ. കർഷകനു കടംവാങ്ങൽ ഒരു ആവശ്യമായിരിക്കുന്നിടത്തോളം കാലം, പണവ്യാപാരിക്കു് അവൻ എത്രതന്നെ ഹൃദയശൂന്യനാണെങ്കിലും സമുദായത്തിൽ ഒരു നല്ലസ്ഥാനം ഉണ്ടു്. എല്ലാ മുക്കിലും മൂലയിലും പണവ്യാപാരികളെ നമുക്കു കാണാം. സാധാരണയായി അവർ ചില്ലറ കച്ചവടക്കാരോ കമ്മീഷൻ ഏജൻറന്മാരോ ആയിരിക്കും. കർഷക ഇൻഡ്യയിലെ ഒരു പ്രധാന

നടനായ പണവ്യാപാരിയേയും അവരെനക്കാറം കുറേക്കൂടി കഴിവുകളുള്ള നാട്ടുബാങ്കറേയും കൂടുതൽ അറിയേണ്ടതായി ട്ടുണ്ട്. പണവ്യാപാരിയേയും നാട്ടുബാങ്കറേയും കൂടാതെ സഹകരണ ബാങ്കുകറം, വ്യവസായ ബാങ്കുകറം, ഗവർമ്മെൻറുകറം ആദിയായ സ്ഥാപനങ്ങളും കർഷകനു പണം നൽകുന്നതിൽ കുറെയെല്ലാം സഹായിക്കുന്നു.

കർഷകരുടെ ആകെക്കൂടി ഉള്ള ഋണബാദ്ധ്യതയെപ്പററി വിശ്വസനീയമായ ഒരു കണക്കും നമുക്കു ലഭിച്ചിട്ടില്ല. പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന കണക്കുകറംതന്നെ അല്പജ്ഞരായ കൃഷിക്കാർ നൽകുന്ന സത്യങ്ങളും, അർദ്ധസത്യങ്ങളും, അസത്യങ്ങളും ആയ അറിവിൻെറ പശ്ചാത്തലത്തിൽ രൂപം പ്രാപിച്ചിട്ടുള്ളവയാണ്. അത്തരം കണക്കുകറം പൂർണ്ണമായും ശരിയാണെന്നു സമ്മതിക്കുവാൻ സാദ്ധ്യമല്ലല്ലോ. എങ്കിലും സ്ഥിതിഗതികളുടെ ഒരു ഏകദേശരൂപം മനസ്സിലാക്കാൻ ആ കണക്കുകറം ഉപകരിക്കും. 1911-ൽ അന്വേഷണം നടത്തിയ മക്‌ലാഗൻ കമ്മററിയുടെ അഭിപ്രായത്തിൽ അന്നു് ഭാരതത്തിൽ ആകെക്കൂടി ഉണ്ടായിരുന്ന ഋണബാദ്ധ്യത മുന്നൂറുകോടി ആയിരുന്നു. വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിച്ച ബാങ്കിങ്ങ് അന്വേഷണക്കമ്മററികറം ഓരോ സംസ്ഥാനത്തിലേയും ഋണബാദ്ധ്യതയെ കണക്കാക്കിയിരിക്കുന്നതു് ഇപ്രകാരമാണ്:—

| | | |
|---|---|---|
| ആസ്സാം | 22 | കോടി രൂപാ |
| ബംഗാറം | 100 | ,, |
| ബീഹാർ, ഒറീസ്സാ | 155 | ,, |
| ബോംബെ, സിൻഡ് | 81 | ,, |
| സി പി. | 36 | ,, |
| കൂർഗ്ഗ് | 35 | ലക്ഷം രൂപാ |
| മദ്രാസ് | 150 | കോടി രൂപാ |
| പഞ്ചാബ് | 135 | ,, |
| യു. പി. | 124 | ,, |

1929-ൽ ഭാരതത്തിൽ ആകപ്പാടെ 900 കോടി രൂപ കർഷകർക്ക് കടം ഉണ്ടായിരുന്നതായി കണക്കാക്കപ്പെട്ടിരുന്നു. 1929-മുതൽ ഭാരതത്തിൽ അതിഭയങ്കരമായ ഒരു സാമ്പത്തികാധഃപതനം ഉണ്ടായി.

കാർഷിക ഉല്പന്നങ്ങളുടെ വില ക്രമത്തിലധികം കറയുകയും കർഷകൻെറ ഋണബാദ്ധ്യത ക്രമത്തിലധികം വർദ്ധിക്കുകയും ചെയ്തു. 900 കോടിയിൽനിന്നും കടം 1,200 കോടിയായി വർദ്ധിച്ചു എന്ന് കണക്കുകൾ പ്രത്യക്ഷപ്പെടുത്തുന്നു, കഴിഞ്ഞ യുദ്ധകാലത്തും അതിൻെറ ശേഷവും ഉണ്ടായ പണപ്പെരുപ്പവും കാർഷികവിഭവങ്ങളുടെ വിലക്കയററവും ഋണബാദ്ധ്യതയെ കാര്യമായി കുറവുചെയ്തിട്ടുണ്ടായിരിക്കണം സഹകരണ പ്രാഥമിക സംഘങ്ങളിൽ നിന്നും ലഭിക്കുന്ന റിപ്പോട്ടുകൾ പരിശോധിച്ചാലും ഈ അഭിപ്രായത്തിന് പ്രാബല്യം സിദ്ധിക്കുന്നു. എന്നാലും കർഷകനെ വിഷമിപ്പിക്കുന്ന ഋണബാദ്ധ്യത ഇനിയും അവസാനിച്ചിട്ടില്ല. അവനെ ഋണബദ്ധനാക്കുന്ന കാരണങ്ങൾ ഇന്നും നിലവിലിരിക്കുന്നു. കാരണങ്ങൾ അവസാനിപ്പിക്കാതെ ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാവുന്നതല്ല.

കർഷകൻെറ വർദ്ധിച്ചുവരുന്ന ഋണബാദ്ധ്യതയെ നോക്കി അലസമായിരിക്കാൻ ഒരു ഗവർമ്മെൻറിന്നും കഴിയുമായിരുന്നില്ല. കർഷകൻ അവൻെറ വികസിക്കാത്ത ആദായമാർഗ്ഗങ്ങളുമായി ജീവസന്ധാരണത്തിനായി ഒരു ജീവിതമരണസമരത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുമ്പോൾ, പ്രതിവർഷം വളർന്നുകൊണ്ടിരിക്കുന്ന ഋണബാദ്ധ്യതയിൽനിന്നും സ്വതന്ത്രനാകുവാൻ അവന് സാദ്ധ്യമല്ലെന്നുള്ള പരമാർത്ഥം ഗവമ്മെൻറും പൊതുജനങ്ങളും മനസ്സിലാക്കിയതിൻെറ ഫലമായി കാർഷികഋണബാദ്ധ്യതയെപ്പററി സഹതാപപൂർവമായ ഒരു വീക്ഷണഗതി സ്വീകരിക്കുവാൻ അവർ തയാറായി. വിദ്യാഭ്യാസവും സംഘടനയും ഇല്ലാത്ത കർഷകനെ ന്യായ

മായും അന്യായമായും ഉപദ്രവിക്കുവാൻ പണവ്യാപാരികൾക്ക കഴിയുമായിരുന്നു. പണവ്യാപാരിയുടെ കൊള്ളയടിയിൽനിന്നും കർഷകനെ രക്ഷിയ്ക്കാൻ സുശക്തമായ നിയമങ്ങൾ ഗവർമ്മെൻറ് നടപ്പിലാക്കി. ഗവർമ്മെൻറുതന്നെ നേരിട്ട് ദീർഘകാല വായ്പകൾ നൽകി കർഷകരെ സഹായിക്കാൻ ശ്രമിച്ചു. കർഷകർക്ക് കൂടുതൽ നീതിപൂർവമായ വ്യവസ്ഥയിൽ പണം കടം നൽകുന്നതിന്ന സഹകരണസംഘങ്ങൾ സ്ഥാപിക്കുന്നതിനു വേണ്ട പ്രോത്സാഹനം അധികാരികൾ നൽകി.

അമിതമായ പലിശ ഈടാക്കുന്നതിനെ നിരോധിക്കുക, പലിശ കുറവുചെയ്യുക, കടത്തിൻെറ തുകതന്നെ വെട്ടിക്കുറയ്ക്കുക, കൃഷിഭൂമികളുടെ കൈമാററം തടയുക, കൃഷിആയുധങ്ങൾ ജപ്തിചെയ്യുവാൻ അനുവദിക്കാതിരിക്കുക മുതലായവ നടപ്പിലാക്കുവാൻ വേണ്ട നിയമങ്ങൾ ഓരോ സംസ്ഥാനത്തിലും പാസാക്കി. മിക്കസംസ്ഥാനങ്ങളിലും ഓരോ ഋണനിവാരണആക്റ്റുകൾമൂലം കടക്കാർക്കെതിരായി നടന്നുവന്ന നടപടികളെ നിയന്ത്രിച്ചു. കടം തവണകളിലായി അടച്ചുതീർത്താൽ മതിഎന്ന് ആ നിയമത്തിൽ വ്യവസ്ഥ ഉണ്ടായിരുന്നു. സാമ്പത്തികാധഃപതനത്തോടുകൂടി പരാധീനതകൾ വർദ്ധിച്ച കൃഷിക്കാരന് അവൻെറ സ്ഥലങ്ങളിൽനിന്നും ബഹിഷ്ക്കരിക്കാൻ ബദ്ധപ്പെട്ട പണവ്യാപാരികളെ പ്രതിരോധിക്കുവാൻ ഈ നിയമങ്ങൾ പര്യാപ്തങ്ങളായി.

എന്നാൽ ഈ നിയമങ്ങൾ അവയിൽതന്നെ പൂർണ്ണങ്ങൾ ആയിരുന്നില്ലെന്നു മാത്രമല്ല ചില വശങ്ങളിൽക്കൂടി അപകടസമ്പൂർണ്ണങ്ങളും ആണെന്നു കാണാം. പണവ്യാപാരികളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന പല നിയമങ്ങളും നിലവിൽ വന്നതോടുകൂടി അവൻ പണം കടംകൊടുക്കുന്നതിൽ വിമുഖനായി. കർഷകന്. ആവശ്യമായിരുന്ന ധനസഹായം ചെ

യ്യാൻ അവൻ തല്പരനല്ലാതായിത്തീൎന്നു. കർഷകൻെറ സാമ്പത്തികാവശ്യങ്ങഠം നിറവേററാൻ മററു യാതൊരു മാൎഗ്ഗങ്ങളും ഇല്ലാതിരുന്നതിനാൽ അവൻ പണവ്യാപാരിയുടെ പടിവാതുക്കൽതന്നെ പിന്നെയും മുട്ടിവിളിക്കാൻ നിർബന്ധിതനായി. ആരംഭത്തിലെ കുറെ സജീവമായ പ്രവൎത്തനത്തിനു ശേഷം, ഗ്രാമങ്ങളിൽ പ്രവൎത്തിച്ചുകൊണ്ടിരുന്ന സഹകരണസംഘങ്ങഠം സുദീർഘമായ ഒരു സുഷുപ്തിയിൽ ഉത്സവപ്നങ്ങഠം കണ്ടുകൊണ്ടു കിടക്കുക ആയിരുന്നു. അവയ്ക്കു് ഇന്നത്തെ നിലയിൽ കർഷകനെ സഹായിക്കാൻ തീൎത്തും ശക്തയില്ലെന്നു് പ്രത്യക്ഷപ്പെടുത്തിക്കഴിഞ്ഞു. അതുകൊണ്ടു് പണവ്യാപാരിക്കു് കൂടുതൽകൂടുതൽ രൂക്ഷമായ വ്യവസ്ഥകഠം കർഷകൻെറ ചുമലിൽ അടിച്ചേൽപ്പിക്കാൻ കഴിഞ്ഞു. നിയമത്തിൻെറ പ്രവൎത്തനത്തിൽനിന്നും പണവ്യാപാരിയെ രക്ഷിക്കാൻ കർഷകൻതന്നെ അവനു് കൂട്ടുനിന്നു പ്രമാണങ്ങളിൽ തുകകൂട്ടി എഴുതിയും, രസീതു് ഇല്ലാതെ പലിശ കൊടുത്തും, സാധനങ്ങഠം പണവ്യാപാരിക്കു് കാഴ്ചയായി നൽകിയും, മററും ഈ നിയമങ്ങളുടെ ഉദ്ദേശങ്ങളെ പരാജയപ്പെടുത്താൻ അധമൎണ്ണൻ ഉത്തമൎണ്ണനെ സഹായിച്ചു.

ഈ നിയമങ്ങഠം എല്ലാംതന്നെ രോഗത്തിൻെറ ബാഹ്യലക്ഷണങ്ങളെ കണ്ടിട്ടുള്ള പരിഭ്രമങ്ങളിൽനിന്നും ഉടലെടുത്തതായിരുന്നു. താൽക്കാലികമായി അവ ആവശ്യമുണ്ടായിരുന്നുതാനും. ഈ താൽക്കാലിക വ്യവസ്ഥകഠംകൊണ്ടുമാത്രം പരിഹരിക്കപ്പെടുവാൻ മാത്രം ലളിതമായിരുന്നില്ല ഈ പ്രശ്നം. കർഷകൻെറ ഋണബാധ്യതയുടെ അടിയിൽ രണ്ടു പ്രധാന സംഗതികഠം മറഞ്ഞിരിക്കുന്നുണ്ടു്. നമ്മുടെ കർഷകൻെറ ശരാശരിവരുമാനം തീൎത്തു മോശമാണു്. അവൻെറ ദൈനംദിനആവശ്യങ്ങഠം നിർവഹിക്കാൻമാത്രം ആദായം അവൻെറ കാർഷികവ്യവസായത്തിൽനിന്നും ലഭിക്കുന്നില്ല.

അവന്റെ ഋണബാദ്ധ്യതയ്ക്കു് സ്ഥിരമായ ഒരു പരിഹാരം കണ്ടുപിടിക്കണമെങ്കിൽ അവന്റെ ആകെക്കൂടി ഉള്ള വരുമാനം കാര്യമായി വർദ്ധിപ്പിക്കേണ്ടി ഇരിക്കുന്നു.

സാർവ്വലൗകികമായ കാർഷികചരിത്രം പരിശോധിച്ചാലും കർഷകവൃത്തിയോടു അനുബന്ധിച്ചു് ഋണബാദ്ധ്യതയും കാണുവാൻകഴിയും. ഭൂമിയുടെ ഫലദായകശക്തിയോ, ഭൂടമാസമ്പ്രദായമോ കാർഷികവിഭവങ്ങളുടെ ഉല്പാദനമോ, എത്രമാത്രം അഭികാമ്യം ആണെങ്കിലും കർഷകനു് കടം വാങ്ങേണ്ടി ഇരിക്കുന്നു. ഈ വാസ്തവം സമ്മതിച്ചുകഴിഞ്ഞാൽ ഒരു വലിയ ഭാരം ഗവണ്മെൻറിലും, പൊതുജനങ്ങളിലും നിക്ഷിപ്തമാവും. എവിടെ നിന്നു്, എങ്ങിനെ, കർഷകൻ കടം വാങ്ങണമെന്നു്. ന്യായമായ വ്യവസ്ഥകളിൽ കടം നൽകാൻ സന്നദ്ധതയുള്ള സ്ഥാപനങ്ങൾ കർഷകന്റെ സഹായാർത്ഥം പ്രവർത്തിക്കാൻ തയാറുണ്ടെങ്കിൽ മാത്രമേ കർഷകനെ അന്യായമായ ഋണബാദ്ധ്യതയിൽനിന്നും രക്ഷിക്കുവാൻ സാധിക്കൂ. ഭാരതീയകർഷകന്റെ സാമ്പത്തിക ആവശ്യങ്ങളുടെ സ്വഭാവം എന്തെന്നും, അവ സാധിക്കാൻ അവനെ സഹായിക്കുന്ന ഏജൻസികൾ ആ ജോലി നിർവഹിക്കുവാൻ എത്രമാത്രം ശക്തങ്ങളാണെന്നും അവയെ ഏതെല്ലാം മാർഗ്ഗങ്ങളിൽ പരിഷ്ക്കരിക്കാൻ സാധിക്കുമെന്നും അടുത്തതായി ചിന്തിക്കാം.

# 11

# പണിക്കാർക്ക് ആവശ്യമുള്ള പണം

എല്ലാ വ്യവസായങ്ങൾക്കും മൂലധനം ആവശ്യമാണു്. ഉല്പാദനത്തെ സഹായിക്കുന്ന നാലു് ഉപാധികളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണു് മൂലധനം. ദരിദ്രനായ നമ്മുടെ കർഷ

കനെ സംബന്ധിച്ചിടത്തോളം അവന് ആവശ്യമുള്ള പണം ലഭിക്കുക എളുപ്പമുള്ള കാര്യമല്ല. ഈ മൂലധനത്തിൻെറ അഭാവം അവനെ ഋണബാദ്ധ്യതയിൽ ആഴ്ത്തുന്നു. എല്ലായ്പോഴും ഒരു കമ്മി ബഡ്ജററിനെ അഭിമുഖീകരിക്കേണ്ടി ഇരിക്കുന്ന കർഷകന് എവിടെനിന്നു പണം ലഭിക്കാനാണ്? ഏതെല്ലാം വ്യവസ്ഥകളിലാണ് അവന് ഇപ്പോഠം അതു ലഭിച്ചുകൊണ്ടിരിക്കുന്നതു്? ഏതെല്ലാം സ്ഥാപനങ്ങളും വ്യക്തികളും ആണ് അവനെ ഈ വിഷയത്തിൽ സഹായിക്കുന്നതു്? മൂലധനം ശരിയായ വിധത്തിൽ നമ്മുടെ കർഷകനു ലഭിക്കുന്നുണ്ടോ? ഇല്ലെങ്കിൽ ഈ അവസ്ഥാവിശേഷത്തെ എങ്ങിനെ പരിഷ്ക്കരിക്കാം? കാർഷിക പുനരുദ്ധാരണത്തിനുള്ള ഏതു പദ്ധതിയിലും അവശ്യം ഉത്തരം നൽകേണ്ട സർവ്വപ്രധാനങ്ങളായ പ്രശ്നങ്ങളാണ് ഇവയെല്ലാം.

കൃഷി പല വ്യവസായങ്ങളുടെ ഒരു സങ്കലനം ആണ്. കൃഷിചെയ്യുന്ന വിധങ്ങഠം ഓരോ രാജ്യത്തു് ഓരോ തരത്തിൽ ആയിരിക്കുന്നതുകൊണ്ടു് ഏതെങ്കിലും ഐകരൂപ്യമുള്ള പുനഃസംവിധാനപദ്ധതി ആസൂത്രണം ചെയ്യുക സാദ്ധ്യമല്ല. അനേകായിരം ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള അമേരിക്കയിലെ കൃഷിത്തോട്ടങ്ങളും, റഷ്യയിലെ കളക്ടീവ് ഫാംസും ഒരുവശത്തു്; മറുവശത്തു് ഇൻഡ്യയിലെ ചെറിയ ചെറിയ കൃഷിസ്ഥലങ്ങഠം. ഉടമയിലും, കൃഷി സമ്പ്രദായങ്ങളിലും എല്ലാം വിഭിന്നരീതികഠം അനുസരിച്ചുകൊണ്ടിരിക്കുന്ന കർഷകജനതയ്ക്കു് മൂലധനത്തിനുള്ള ആവശ്യങ്ങളും വിഭിന്നങ്ങളായിരിക്കും. ഭാരതത്തിൽത്തന്നെ വിവിധ സംസ്ഥാനങ്ങളിലും, വിവിധ രീതികളിലുള്ള ആവശ്യങ്ങളാണ് കർഷകൻെറതു്. എന്നാൽ ഈ വൈപരീത്യത്തിലും സാക്ഷാത്തായ ഐക്യം ഒളിഞ്ഞുകിടക്കുന്നു എന്ന ചരിത്രസത്യം വിസ്മരിക്കാവുന്നതല്ല. അതുകൊണ്ടു് വിശദാംശങ്ങളിൽ കുറെയെല്ലാം വ്യത്യാ

സങ്ങാം ഉണ്ടെങ്കിലും, കർഷക ഇൻഡ്യയുടെ മൗലികമായ ആവശ്യങ്ങാം എല്ലാം ഒന്നുതന്നെ.

കർഷകവൃത്തി സ്വയമേവ അനിശ്ചിതമായ ഒരു വ്യവസായമാണ്. അതു പ്രകൃതിയുടെ വികൃതികാം അനുസരിച്ച് വിജയപ്രദമാകയോ അല്ലാതാകയോ ചെയ്യുന്നു ഉല്പാദനത്തിലും, സംഭരണത്തിലും, വിതരണത്തിലും, ക്രയവിക്രയത്തിലും, ഈ അനിശ്ചിതാവസ്ഥ മററ് എല്ലാ വ്യവസായങ്ങളെ അപേക്ഷിച്ച് കർഷകവൃത്തിയിൽ കൂടുതൽ പ്രകടമായി കാണാം. ഈ അനിശ്ചിതാവസ്ഥയാണ് കർഷകവൃത്തിക്ക് ആവശ്യമായ മൂലധനം ലഭിക്കാതിരിക്കുന്നതിനുള്ള പ്രധാന കാരണം.

ഇതു മാത്രമല്ല, കൃഷി സ്വാഭാവികമായിത്തന്നെ ഒരു ചെറിയതരം വ്യവസായമാണ്. കാർഷിക വിഭവങ്ങളുടെ വിലയിൽ കാര്യമായ വ്യതിയാനങ്ങാം ചെറിയ കാലപരിധിക്കുള്ളിൽ ഉണ്ടാവുന്നു. ഈ അനിശ്ചിതാവസ്ഥകാം എല്ലാം ചേൎന്ന് കർഷകനെ സാഹചര്യങ്ങളുടെ സമ്മർദ്ദത്തിനു വെളിയിൽ വരുവാൻ അനുവദിക്കുന്നില്ല. ഇങ്ങനെ പരിതഃസ്ഥിതികളുടെ പിടിയിൽ കേവലം അടിമയായി കഴിയുന്ന കർഷകനെ സാമ്പത്തികമായി സഹായിക്കാൻ സാധാരണ സ്ഥാപനങ്ങാം ധൈര്യപ്പെടുന്നില്ല.

കഷ്കന് ആവശ്യമായ സാമ്പത്തികസഹായത്തെ അതിൻെറ ഉദ്ദേശം പ്രമാണിച്ച് മൂന്നായി തരം തിരിക്കാം. പഴയ കടം വീട്ടുന്നതിനും, കൃഷിസ്ഥലങ്ങളിൽ സ്ഥിരമായ പരിഷ്കാരങ്ങാം വരുത്തി ഉല്പാദനശക്തിയെ വർദ്ധിപ്പിക്കുന്നതിനും വേണ്ടി വാങ്ങിക്കുന്ന കടം ഇതിൽ പ്രാധാന്യം അർഹിക്കുന്നു. കർഷകൻെറ ദൈനംദിന ആവശ്യങ്ങാം നിറവേററുന്നതിനും, വിത്തും വളവും വാങ്ങിക്കുന്നതിനും വേണ്ടിവരുന്ന കടമാണ്

മററൊരു വിഭാഗം. കാർഷികവിഭവങ്ങൾ സംഭരിച്ചുവെയ്ക്കുന്നതിനും, അവയുടെ വില വർദ്ധിക്കുന്നതുവരെ വില്പന നീട്ടിക്കൊണ്ടുപോവുന്നതിനും കർഷകനെ സഹായിക്കുവാനും അവൻ കടം വാങ്ങുന്നു. കർഷകൻെറ കടങ്ങളെ അവ തിരിച്ചുകൊടുക്കേണ്ട കാലത്തിൻെറ ദൈർഘ്യം അനുസരിച്ച് ദീർഘകാലവായ്പകൾ, ഇടക്കാലവായ്പകൾ, ഹ്രസ്വകാലവായ്പകൾ എന്നും ചിലർ തരംതിരിക്കാറുണ്ട്.

ശരിയായ ഒരു കാർഷികധനസഹായപദ്ധതി ആസൂത്രണം ചെയ്യപ്പെട്ടാൽ മാത്രമേ കർഷകൻെറ ഈ വിഷയത്തിൽ ഉള്ള പരാധീനത അവസാനിക്കു. കർഷകവൃത്തിയുടെ പ്രത്യേകതകൾക്ക് അനുരൂപമായി കർഷകൻെറ ചെറിയ തോതിലുള്ള ആവശ്യങ്ങളെപ്പോലും നിറവേററാൻ കഴിവുള്ള ഗ്രാമീണബാങ്കുകളുടെ പ്രവർത്തനംകൊണ്ടു മാത്രമേ കർഷകന് ആവശ്യാനുസരണം ധനസഹായം ലഭിക്കുവാൻ കഴിയൂ. ഇങ്ങനെ ലഭിക്കുന്ന ധനസഹായത്തിന് ചില പ്രത്യേകതകൾ ഉണ്ടായിരിക്കണം. കർഷകൻ വാങ്ങുന്ന കടത്തിന് മിതമായ പലിശ മാത്രമേ ഈടാക്കാവൂ. മററു വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ കൊടുക്കേണ്ടിവരുന്ന പലിശ നിരക്കിൽ കൂടുതലായിരിക്കരുതു് കർഷകൻ കൊടുക്കാൻ നിർബ്ബന്ധിതമാകുന്ന നിരക്ക്. ഒരു കേന്ദ്രബാങ്കിൻെറ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഗ്രാമീണബാങ്കുകൾ കർഷകന് പണം കടം കൊടുക്കാൻ ആരംഭിക്കുമ്പോൾ മാത്രമേ പലിശനിരക്കിൽ ഐകരൂപ്യവും, മിതത്വവും നടപ്പിൽവരൂ. കാർഷികവിഭവങ്ങളുടെ ക്രയവിക്രയത്തെ സഹായിക്കുന്ന കാർഷികബില്ലുകളുടെ പ്രചാരവും, പലിശനിരക്കിൽ മിതത്വം പാലിക്കാൻ കാരണമാകും. നാട്ടുബാങ്കറന്മാരുടെ പ്രവർത്തനത്തെ അമിത പലിശനിരോധന ബില്ലുകൾ മുഖാന്തിരം നിയന്ത്രിക്കേണ്ടതും ആണ്. അതോടുകൂടി പണവ്യാപാരിയുടെ കുത്തക

യും അവസാനിക്കണം. എങ്കിൽ മാത്രമേ കർഷകനു ന്യായമായ പലിശയ്ക്കു പണം കടം കിട്ടൂ.

കർഷകനു ലഭിക്കുന്ന കടം അവന് ഉപകാരപ്രദമാകണമെങ്കിൽ അതു തിരിച്ചു കൊടുക്കുന്ന കാര്യത്തിൽ അവനു ചില സൗകര്യങ്ങൾ ലഭിക്കണം. അവനു താമസിക്കുവാൻ ഒരു വീടു പണിയുക, അവൻെറ പാടത്തിൽ ജലസേചനം ചെയ്യുവാൻ കിണറു കുഴിപ്പിക്കുക, മണ്ണൊലിച്ചുപോകാതിരിക്കാൻ പറമ്പിൽ കുഴികൾ കുത്തുക, ഭിത്തി കെട്ടുക. തുടങ്ങിയ ആവശ്യങ്ങൾക്കായി കർഷകൻ കടം വാങ്ങുമ്പോൾ, അതു് ഒന്നും രണ്ടോ വർഷങ്ങൾകൊണ്ടു് തിരിച്ചുകൊടുക്കുവാൻ കർഷകനു കഴിഞ്ഞെന്നു വരുന്നതല്ല. ഈ ആവശ്യങ്ങൾക്കു് അവനു ദീർഘകാല വായ്പകളാണു വേണ്ടതു്. അതുപോലെതന്നെ ഒന്നുരണ്ടു വർഷങ്ങൾകൊണ്ടു് തിരിച്ചുകൊടുക്കേണ്ട ഇടക്കാല വായ്പകളും, ഒരു വർഷത്തിനുള്ളിൽ കൊടുത്തു തീർക്കേണ്ട ഹ്രസ്വകാല വായ്പകളും, കർഷകൻെറ ആവശ്യത്തിനു് അനുസരിച്ചു് നൽകുവാൻ കഴിവും മനസ്സും ഉള്ള സ്ഥാപനങ്ങളും വ്യക്തികളും ആണു് കർഷകനെ സഹായിക്കാനായി മുന്നോട്ടു വരേണ്ടതു്.

കർഷകനു ലഭിക്കുന്ന കടം വികസനസാദ്ധ്യങ്ങളായിരിക്കുന്നതിനോടൊപ്പം വായ്പകൾ ലഭിക്കുന്നതിനുള്ള നടപടിക്രമം ലളിതവും ആയിരിക്കണം. വിത്തുവാങ്ങിക്കുവാൻവേണ്ടി കടം ചോദിച്ചാൽ കൃഷി ഇറക്കുന്ന സമയം കഴിഞ്ഞിട്ടു് പണം കിട്ടിയിട്ടു കാര്യമില്ല. ഗവർമ്മെൻറിൻെറ ആഭിമുഖ്യത്തിൽ സമാരംഭിതമായിട്ടുള്ള ധനസഹായ സ്ഥാപനങ്ങൾ എല്ലാംതന്നെ ഈ വലിയ ദോഷത്തിനു് വിധേയമാണു്. കടം കർഷകനു് ആവശ്യമുള്ള സമയത്തു് ആവശ്യമുള്ളിടത്തോളം തുക ലഭിക്കണം. എങ്കിൽ മാത്രമേ ആ ധനസഹായംകൊണ്ടു് കർഷകനു് എന്തെങ്കിലും പ്രയോജനം ലഭിക്കൂ.

ഇന്നു് കർഷകനു പണം കടം കൊടുക്കുന്ന പല ഏജൻസികളും പ്രവർത്തിക്കുന്നുണ്ടു്. നാട്ടുബാങ്കരം പണവ്യാപാരിയുമാണു് അവരിൽ പ്രധാനികൾ. പണവ്യാപാരിയുടെ പിടിയിൽനിന്നും കർഷകനെ രക്ഷിക്കാനായി ഗവർമ്മെൻറിൻെറ സഹായത്തോടുകൂടി പ്രവർത്തനം നടത്തുന്ന സഹകരണപ്രസ്ഥാനം ഇന്നു കർഷക ഇൻഡ്യയിൽ വളർന്നുകൊണ്ടിരിക്കുന്നു. ധാരാളം പ്രവർത്തനസാദ്ധ്യതകൾ ഉള്ള ഈ രണ്ടു വിഭാഗങ്ങളും നമ്മുടെ കൂടുതൽ ശ്രദ്ധയെ അർഹിക്കുന്നവയാണു്.

കർഷകരാജ്യമായ ഭാരതത്തിൽ കർഷകർക്കുവേണ്ടി ഭരിക്കുന്ന ഒരു ഗവർമ്മെൻറിനു് കർഷകസാമ്പത്തിക ആവശ്യങ്ങളുടെ നേരെ തീർത്തും അലസമായ ഒരു മനോഭാവം സ്വീകരിക്കുക സാദ്ധ്യമല്ലല്ലോ. എന്നാൽ ഇന്നത്തെ പരിതഃസ്ഥിതികളിൽ, ചുവപ്പുനാടയാൽ അടിമുടി ബന്ധിക്കപ്പെട്ടിരിക്കുന്ന ഒരു ഭരണകൂടത്തിനു് ഏതെങ്കിലും സംരംഭങ്ങളിൽ വിജയപൂർവം ഇടപെടാൻ കഴിയുമോ എന്നുള്ള കാര്യം സംശയാവഹമാണു്. എന്നിരുന്നാലും ഭരണീയരുടെ കാര്യത്തിൽ കൂടുതൽ താല്പര്യം പ്രദർശിപ്പിക്കാൻ ഭരണകർത്താക്കൾ ബാദ്ധ്യസ്ഥരായിരിക്കുന്നു. ഒരു ജനകീയ ഗവർമ്മെൻറിനു് അവരുടെ കർത്തവ്യങ്ങളെ വിസ്മരിക്കുവാൻ സാദ്ധ്യമല്ലല്ലോ. കാർഷികവായ്പാനിയമം അനുസരിച്ചാണു് ഗവർമ്മെൻറു് ഈ വിഷയത്തിൽപ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്. ഗവർമ്മെൻറിൽനിന്നും നൽകുന്ന കടങ്ങളെ സാധാരണയായി തകവിലേൻസ് എന്നാണു് പറയാറുള്ളതു്. ദീർഘകാലത്തേയ്ക്കും ഹ്രസ്വകാലത്തേയ്ക്കും തകവിലേൻസ് ലഭിക്കുന്നതാണു്. 20 മുതൽ 25 കൊല്ലംകൊണ്ടു അടച്ചുതീർക്കേണ്ട ദീർഘകാലവായ്പകൾ ധാരാളമായി ഗവർമ്മെൻറിൽനിന്നും നൽകുന്നുണ്ടു്. അവയുടെ പലിശ നിരക്കു് സാധാരണയായി $5\frac{1}{2}$ ശതമാനം ആയിരിക്കുന്നതാണു്. ഇത്തരം വായ്പകൾ ക്ഷാമകാലത്തും മററും പ്രത്യേകം സ്വാഗതാർഹങ്ങളാണു്.

എന്നാൽ സാധാരണഗതിയിൽ, സാധാരണകാലത്തു കർഷകർ പണവ്യാപാരിയെ സമീപിക്കുന്നതാണു് സാധാരണ കാണാറുള്ളതു്. ഗവർമ്മെൻറിൻെറ സാമ്പത്തിക സഹായം സ്വാഗതാർഹമാണെങ്കിലും അപരിഹാര്യങ്ങളായ ചില ദൂഷ്യവശങ്ങൾ അതിനോടു് ഒന്നിച്ചു് ചേർന്നിട്ടുണ്ടു്. ഗവർമ്മെൻറിൽനിന്നും നിയമിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ സത്യസന്ധതയെ ചോദ്യംചെയ്യുന്നവരും, അവരുടെ ന്യായദീക്ഷയിൽ സംശയാലുക്കളും ധാരാളം ഉണ്ടു്. ഗവർമ്മെൻറിൻെറ നിയമാനുസൃതമുള്ള നടപടിക്രമം, സാധാരണയായി ഉണ്ടാകുന്ന സമയനഷ്ടത്തിൽ അസംതൃപ്തരായിട്ടുള്ളവരും ചുരുക്കമല്ല. മദ്രാസിലും ഉത്തരപ്രദേശത്തും ഒഴിച്ചു് ഒരു പ്രദേശത്തും, പഴയ കടം വീട്ടാനും കൃഷിഭൂമിയുടെ പുനഃസംവിധാനത്തിനും വേണ്ടി വായ്പകൾ നൽകുന്നില്ല.

ഇതുവരെ ഉള്ള അനുഭവങ്ങളുടെ വെളിച്ചത്തിൽ ഒരു സംഗതി പ്രസ്പഷ്ടമാകുന്നുണ്ടു്. കർഷകനു മൂലധനം നൽകുന്ന കാര്യത്തിൽ ഗവർമ്മെൻറിൻെറ ഇതുവരെയുള്ള സംരംഭങ്ങൾ വിജയപ്രദമായിരുന്നില്ല. ഭൂതകാലസംഭവങ്ങൾ ഭാവിയിലെ അനുഭവങ്ങളുടെ രൂപം കുറിക്കുന്നതു് ശരിയാണെങ്കിൽ ഈ വിഷയത്തിൽ ഒരു ഗവർമ്മെൻറിനും വിജയപൂർവം പ്രവർത്തിക്കുവാൻ കഴിയുമെന്നു് വിചാരിക്കേണ്ടതില്ല. സഹകരണ പ്രസ്ഥാനത്തിൻെറ ആരംഭത്തിനു മുൻപും ഗവർമ്മെൻറിൻെറ ഈ സംരംഭങ്ങൾ നീതീകരിക്കാമായിരുന്നു. കർഷകഇൻഡ്യയുടെ ആവശ്യം മുഴുവൻ നിർവഹിക്കുവാൻ ഗവർമ്മെൻറു തീർത്തും അപ്രാപ്തമാണു്. അസാദ്ധ്യമായ ഒരു ചുമതല വെറുതെ ചുമലിൽ എടുക്കാതെ സഹകരണസംഘങ്ങളിൽക്കൂടി അവയെക്കൊണ്ടു് അക്കാര്യം നിർവ്വഹിക്കുക എന്നുള്ളതാണു് കൂടുതൽ കാര്യക്ഷമമാവുക. അതുമാത്രമേ വിജയിക്കാൻ പോവുന്നൊള്ളതാനും. മററു ധനാഗമമാർഗ്ഗങ്ങൾ എല്ലാം അടയ്ക്കപ്പെട്ട

മ്പോഠംമാത്രം ഗവർമ്മെൻറ് ഈ വിഷയത്തിൽ നേരിട്ട പ്രവേശിച്ചാൽമതി എന്നാണ് ഭൂരിപക്ഷംധനതത്വശാസ്ത്രജ്ഞന്മാരുടെയും അഭിപ്രായം. ഗവർമ്മെൻറിൻെറ സമ്മതവും കഴിവുകളും സഹകരണപ്രസ്ഥാനത്തെ പഷ്ടിപ്പെടുത്താൻ ഉപയോഗിക്കുകയും, ആ പ്രസ്ഥാനത്തിൽക്കൂടി കർഷകന് ആവശ്യമായ മൂലധനം നൽകാൻ സാദ്ധ്യമാവുകയും ചെയ്താൽ അതു തന്നെ ആയിരിക്കും ഗവർമ്മെൻറിൻെറ ഏററവും വലിയ വിജയം.

ഭാരതത്തിൽ ഇന്ന് സാമാന്യം നല്ല നിലയിൽ പ്രവൎത്തനം നടത്തുന്ന ധാരാളം വ്യവസായ ബാങ്കുകഠം ഉണ്ട്. പക്ഷേ, അവയിൽ ഒന്നാംതന്നെ കാൎയ്യമായതോതിൽ കാർഷിക സംരംഭങ്ങഠംക്ക് ധനസഹായം നല്കുന്നില്ല. വ്യവസായ ബാങ്കുകഠംക്ക് ഇന്നത്തെ നിലയിൽ ഗ്രാമങ്ങളിൽ പ്രവൎത്തിക്കുന്നതിനുള്ള സാദ്ധ്യതകഠം കുറവാണ്. അവയുടെ ഭരണഘടന തന്നെ അപ്രകാരമാണ് രൂപീകരിച്ചിരിക്കുന്നതു്. ഈ അടുത്ത കാലത്തു റിപ്പോർട്ടു സമർപ്പിച്ച ഗ്രാമീണബാങ്കിങ്ങ് അന്വേഷണകമ്മററിയുടെ അഭിപ്രായവും ഇതുതന്നെ വ്യവസായ ബാങ്കുകളുടെ കൈവശം വന്നുചേൎന്നിരിക്കുന്ന നിക്ഷേപങ്ങളിൽ ഒരു നല്ല വിഭാഗവും നിക്ഷേപകർ ആവശ്യപ്പെടുമ്പോഠം തിരിച്ചുകൊടുക്കേണ്ട ഡിമാൻഡ് ഡിപ്പോസിററുകഠം ആണ്. അങ്ങനെ ലഭിച്ചിരിക്കുന്ന പണത്തെ ദീർഘ കാലവായ്പകളിൽ ബന്ധിച്ചിട്ടുള്ളതു് അഭിലഷണീയമല്ല.

വ്യവസായ ബാങ്കുകളുടെ ശാഖകഠം മിക്കവാറും പട്ടണങ്ങളിൽ പ്രവർത്തനം നടത്തുന്നവയും, അതിലെ ഉദ്യോഗസ്ഥന്മാർ പ്രായേണ കൃഷിക്കാരുടെ സാമ്പത്തിക ആവശ്യങ്ങളേയും അതിൻെറ പ്രത്യേകതകളേയും മനസ്സിലാക്കുവാൻ കഴിവില്ലാത്തവരും ആയിരിക്കും. അതുകൊണ്ട് കർഷകനും വ്യവസായ ബാങ്കുകളുമായി ഒരു സുദൃഢബന്ധം സ്ഥാപിക്കുവാൻ സാ

ദ്ധ്യമല്ല. വ്യവസായ ബാങ്കുകൾ കടം കൊടുക്കുമ്പോൾ ശരിയായ ഈടു് ആവശ്യപ്പെടും. എന്നാൽ കർഷകനു് നൽകാൻ കഴിയുന്ന പണയം വളരെ വിലപിടിപ്പുള്ളതോ കൈകാര്യം ചെയ്യുവാൻ എളുപ്പമുള്ളതോ അല്ല. മലകളിൽ മേയുന്ന കാലികൾ, കൃഷിസ്ഥലങ്ങളിൽ ഉപയോഗിക്കപ്പെടുന്ന ആയുധങ്ങൾ പ്രയത്നത്തിൻെറ ഫലമായി തഴമ്പിച്ചു മുരടിച്ച സ്വന്തം കൈകൾ, പാടത്തിൽ വിളഞ്ഞു നിൽക്കുന്ന കതിരുകൾ ഇവ മാത്രമാണു് കർഷകനു നൽകുവാൻ കഴിയുന്ന ഈടുകൾ. അവ ഒന്നുംതന്നെ ബാങ്കുകൾക്കു സ്വീകരിക്കുവാൻ നിർവ്വാഹമില്ല. സെൻട്രൽ ബാങ്കിങ്ങ് അന്വേഷണക്കമ്മററി അവരുടെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടു്, "കർഷകരെ സമീപിക്കുന്തോറും, വ്യവസായ ബാങ്കിങ്ങ് പ്രവർത്തനം മന്ദഗതിയിലാകുന്നു. കർഷകലോകത്തിൻെറ കവാടത്തുങ്കൽ മാത്രം അതു് ചെന്നുചേരുന്നു. അവിടെ അതിൻെറ പ്രവർത്തനം പൂർണ്ണമായും അവസാനിക്കും."

ദീർഘകാല വായ്പകളോ ഇടക്കാല വായ്പകളോ വ്യവസായ ബാങ്കുകൾ ഒരിക്കലും നൽകുന്നതല്ല. എന്നാൽ കൃഷി കോല്പന്നങ്ങളുടെ ഈടിന്മേൽ ഹ്രസ്വകാലത്തേയ്ക്കു് വായ്പകൾ നല്കുന്നതു് കൃഷിക്കർക്കു വളരെ പ്രയോജനപ്രദമായിരിക്കും. ബംഗാളിലും മററു ചില സംസ്ഥാനങ്ങളിലും നെല്ലു്, ചണം, നിലക്കടല തുടങ്ങിയ ഉല്പന്നങ്ങളുടെ ഈടിന്മേൽ താല്ക്കാലികമായി ചില ബാങ്കുകൾ പണം കടം നൽകുന്നുണ്ടു്. ഭൂമിയുടെ ഈടിന്മേലും ആഭരണങ്ങൾ പണയമായി സ്വീകരിച്ചും പണം കടം നൽകാൻ പല വ്യവസായ ബാങ്കുകളും തയാറാകാറുണ്ടു്. കച്ചവടക്കാർക്കും നാട്ടുബാങ്കർക്കും പണം കടംകൊടുത്തു് കർഷകർക്കു് അവരിൽക്കൂടി ധനസഹായം ചെയ്യുന്ന വ്യവസായ ബാങ്കുകളും ചുരുക്കമല്ല. ആകെക്കൂടി പരിശോധിച്ചാൽ കർഷകർക്കു് മൂലധനം നൽകുന്ന കാര്യത്തിൽ വ്യവസായ ബാങ്കു

കരം വഹിക്കുന്ന ഭാഗം തീരെ അപ്രധാനമാണ്. ഇന്നത്തെസാഹചര്യങ്ങളിൽ കർഷകൻ ഈ വിഷയത്തിൽ വ്യവസായ ബാങ്കുകളിൽനിന്നും കാര്യമായ സഹായം പ്രതീക്ഷിക്കേണ്ടതില്ല.

കൃഷിക്കാർക്ക് അപ്പോളപ്പോൾ ഉണ്ടാകുന്ന ധനസംബന്ധമായ ആവശ്യങ്ങളെ നിർവ്വഹിച്ചു കൊടുക്കുവാൻ പ്രാപ്തമായ സ്ഥാപനങ്ങളുടെ അഭാവം ഓരോ സ്ഥലത്തും ഓരോ പ്രത്യേകതരം സംഘടനകൾ ഉണ്ടാകുവാൻ കാരണമായി. ഇത്തരം സ്ഥാപനങ്ങളുടെ എല്ലാം ഉദ്ദേശം പണം കടംകൊടുക്കുക എന്നുള്ളതായിരുന്നു. ഉത്തരഇൻഡ്യയിൽ, പ്രത്യേകിച്ചും ബംഗാളിൽ, ഒരു കാലത്തു് വളരെ പ്രചാരത്തിൽ ഇരുന്ന സ്ഥാപനങ്ങളാണ് ലോൺ ആഫീസുകൾ. ഭൂസ്വത്തു ജാമ്യബാങ്കുകളെപ്പോലെ പ്രവൎത്തനം നടത്തുന്നവയാണു ലോൺ ആഫീസുകൾ. 1865-ൽ ആദ്യമായി ഒരു ലോൺ ആഫീസ് സ്ഥാപിതമായി. അതിനുശേഷം അവയ്ക്കു് തുടർച്ചയായ പുരോഗമനം കുറെക്കാലത്തേയ്ക്കു് ഉണ്ടായിരുന്നു. കൃഷിക്കാരുടെ ദീർഘകാല ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനു് അവരുടെ കർഷകഭൂമി ജാമ്യമായി സ്വീകരിച്ചു പണം കടം കൊടുക്കുക ആയിരുന്നു അവയുടെ പ്രധാനജോലി. സഹകരണ ബാങ്കുകൾ സ്ഥാപിതമാവുകയും വ്യവസായ ബാങ്കുകളുടെ പ്രവൎത്തനം കൂടുതൽ കാര്യക്ഷമമാവുകയും ചെയ്തപ്പോൾ ലോൺ ആഫീസുകൾ ഒന്നൊന്നായി അപ്രത്യക്ഷമാകുവാൻ തുടങ്ങി. ഇന്നു് അവയ്ക്കു് സാമ്പത്തിക ലോകത്തിൽ കാര്യമായ ഒരു സ്ഥാനവും ഇല്ല.

ആവശ്യക്കാർക്ക് പണം കടംകൊടുക്കാനും സാധാരണക്കാരുടെ ഇടയിൽ മിതവ്യയം ശീലിപ്പിക്കുവാനും ആയി കഴിഞ്ഞ നൂററാണ്ടിൻെറ അവസാനഭാഗത്തു് മദ്രാസിൽ സ്ഥാപിതമായ സംഘടനകളാണ് നിധികൾ. ക്രമേണ അവ വള

ന്നു വരികയും 1944 ആയപ്പോഴേയ്ക്കും നിധികളുടെ എണ്ണം ഇരുന്നൂററിമുപ്പതായി വർദ്ധിക്കുകയും അവയുടെ പ്രവൎത്തന മൂല ധനം അഞ്ചുകോടിയായി വളരുകയും ചെയ്തു. നിധികൾ പല വിധത്തിലും സഹകരണ സംഘങ്ങളെപ്പോലെ പ്രവൎത്തിക്കുന്നു. നിധിയിലെ ഓരോ അംഗവും ആ നിധിയുടെ മൂലധനത്തിലേയ്ക്കായി ഒരു ക്ലിപ്തസംഖ്യ അടയ്ക്കുന്നു. ഉദാഹരണമായി ഒരാൾ ഒരു നിധിയിലെ അംഗമാകുമ്പോൾ അയാൾ ഒരു രൂപാ ഫീസ് അടയ്ക്കണം. അങ്ങിനെ ഓരോ രൂപാ വീതം എൺപത്തിനാലു മാസം അടച്ചുകൊണ്ടിരിക്കും. ഇങ്ങനെ മാസന്തോറും ശേഖരിക്കുന്ന തുക ആവശ്യക്കാരായ അംഗങ്ങൾക്ക് കടമായി നൽകുന്നു. നിധിയുടെ കാലാവധി കഴിയുമ്പോൾ ഓരോ അംഗത്തിനും $102\frac{1}{2}$ രൂപാ വീതം ലഭിക്കുന്നതാണ്. നിധികൾ ഇൻഡ്യൻ കമ്പനി ആക്ടിൻപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളവയാണെങ്കിലും ആക്ടിലെ ചില നിബന്ധനകളെ അനുസരിച്ചല്ല അവ പ്രവൎത്തിക്കുന്നതു്. സമൎത്ഥരായ ഒന്നു രണ്ടു പ്രവൎത്തകരെ ലഭിച്ചാൽ വളരെ അധികം പണച്ചെലവില്ലാതെ ഓരോ ഗ്രാമത്തിലും പ്രവൎത്തിക്കുവാൻ സാധിക്കുന്ന സ്ഥാപനങ്ങളാണ് നിധികൾ. പക്ഷേ, നിയന്ത്രണങ്ങൾക്ക് വിധേയമാകുവാൻ പ്രയാസമുള്ള ഇത്തരം സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു പകരം വിവിധോദ്ദേശ സഹകരണസംഘങ്ങൾ നിധികളുടെ സ്വീകാൎയ്യങ്ങളായ പ്രവൎത്തനങ്ങളെ ഏറെറടുത്തു നടത്തുന്നതാണു കൂടുതൽ പ്രയോജനപ്രദം.

കേരളത്തിൽ ധാരാളമായി പ്രചരിച്ചുകൊണ്ടിരിക്കുന്ന കുറികളും ചിററ് ഫണ്ടുകളും നിധികളെപ്പോലെ തന്നെ ആളുകളുടെ ഇടയിൽ മിതവ്യയം ശീലിപ്പിക്കാനും അംഗങ്ങളുടെ ആവശ്യാനുസരണം കടം നൽകാനും വേണ്ടി സ്ഥാപിതമായിട്ടുള്ളവയാണ്. നിധികളിലേതുപോലെ തന്നെ അംഗങ്ങൾ

ക്കു മാത്രമേ ചിററ്ഫണ്ടിൽനിന്നും കടം കിട്ടു. ഈ സിസ്റ്റം അനുസരിച്ച് കുറെ അംഗങ്ങൾ ഒന്നിച്ചു ചേൎന്ന് ഒരു തലയാളിന്റെ നേതൃത്വത്തിൽ ഒരു ചിട്ടിഫണ്ട് രൂപീകരിക്കുന്നു. അംഗങ്ങൾ ഒരു ക്ലിപ്തസംഖ്യ പ്രതിമാസം ഫണ്ടിലേയ്ക്കു നൽകിക്കൊണ്ടിരിക്കണം. അങ്ങിനെ പിരിഞ്ഞു കിട്ടുന്ന തുക ഒരാൾക്കു കടമായി കൊടുക്കുന്നു. ആർക്കാണു കടം കോടുക്കേണ്ടതു് എന്നുള്ളതു തീരുമാനിക്കാൻ പല മാർഗ്ഗങ്ങൾ സാധാരണയായി സ്വീകരിക്കപ്പെട്ടുവരുന്നു. സാധാരണയായി നറുക്കിട്ടു നിശ്ചയിക്കുകയോ ലേലംചെയ്തു നിശ്ചയിക്കുകയോ ചെയ്യുന്നു. ചിട്ടികൾ ജനസാമാന്യത്തിന്റെ ഇടയിൽ മിതവ്യയശീലം വർദ്ധിപ്പിക്കുന്നതിനു് സഹായമായിത്തീരുന്നു സഹകരണസംഘങ്ങൾ തലയാളായിനിന്നു ചിട്ടിനടത്തുന്നതു പലതുംകൊണ്ടും നാട്ടുകാൎക്കു് ഉപകാരപ്രദമാണു്. ചിട്ടികളുടെ പ്രവൎത്തനത്തെ നിയന്ത്രിക്കുന്ന ഒരു ചിട്ടിഫണ്ട് ആക്ടു് ഇന്നു നമ്മുടെ സംസ്ഥാനത്തിൽ നിലവിൽ ഇരിക്കുന്നുണ്ടു്. ആ നിയമത്തിലെ നിഷ്കൎഷകൾ അനുസരിച്ചു മാത്രമേ ചിട്ടിനടത്തുവാൻ അനുവാദം ലഭിക്കു. വ്യവസ്ഥാപിതമായ ബാങ്കിങ്ങ് പ്രവൎത്തനത്തിന്റെ അസാന്നിദ്ധ്യത്തിൽ ഇത്തരം ചിട്ടിഫണ്ടുകൾക്കു് കൎഷകന്റെ സാമ്പത്തിക ആവശ്യങ്ങൾ കുറെ എല്ലാം നിർവ്വഹിച്ചു കൊടുക്കുവാൻ കഴിയും.

കർഷകന്റെ സാമ്പത്തികാവശ്യങ്ങൾ ബഹുവിധങ്ങളാണു്. അവരുടെ ദീർഘകാല ആവശ്യങ്ങൾക്കു് കടം കൊടുക്കുവാൻ തയാറുള്ള സ്ഥാപനങ്ങൾ വളരെ വിരളമാണു്. അതേസമയം കർഷകന്റെ ആവശ്യങ്ങളോ അനവധിയും. കർഷകനു് ദീർഘകാല വായ്പകൾ നൽകുന്നതിനായി സ്ഥാപിതമായിട്ടുള്ളതാണു ഭൂസ്വത്തു ജാമ്യബാങ്കുകൾ. സഹകരണസംഘങ്ങൾക്കു് വായ്പകൾ നൽകുവാൻ കഴിവില്ലാത്തതിനാൽ ഭൂസ്വത്തു ജാമ്യബാങ്കുകളിൽ കൂടിവേണം കർഷകന്റെ ദീർഘകാല സാമ്പത്തിക ആവശ്യങ്ങൾ നിർവഹിക്കപ്പെ

ടാൻ. ഭാരതത്തിലെ ഇന്നത്തെ സ്ഥിതിഗതികൾ പരിശോധിച്ചാൽ ഭൂസ്വത്തു ജാമ്യബാങ്കുകൾ അവിടവിടെയായി പ്രവത്തനം നടത്തുന്നുണ്ടെങ്കിലും, നാട്ടുകാരുടെ ആവശ്യം അനുസരിച്ചു് വികസിക്കുവാൻ അവയ്ക്കു് കഴിഞ്ഞിട്ടില്ലെന്നു കാണാം. സഹകരണപ്രസ്ഥാനത്തിൽക്കൂടിയും അല്ലാതെയും, പ്രവത്തനം നടത്തുന്ന ബാങ്കുകൾ ഇന്നു് നിലവിൽ ഇരിക്കുന്നു ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽ, മദ്രാസ് സംസ്ഥാനത്തിലാണു ഭൂസ്വത്തു ജാമ്യബാങ്കുകൾ കൂടുതൽ കായ്യക്ഷമമായി പ്രവത്തിക്കുന്നതു്. ക്ലിപ്തബാദ്ധ്യതയോടുകൂടി സ്ഥാപിതമായിരിക്കുന്ന ധാരാളം പ്രാഥമിക ഭൂസ്വത്തു ജാമ്യബാങ്കുകൾ പല ഗ്രാമങ്ങളിലും പ്രവത്തനം നടത്തുന്നു. ഗവൺമെൻറിൻെറ കാര്യമായ സഹായം ഉണ്ടായിരുന്നിട്ടും അവ ഉദ്ദേശിച്ചതുപോലെ വളന്നുവരുന്നില്ല. പല പ്രദേശങ്ങളിലായി. വിഭിന്നങ്ങളായ ഭരണഘടന അനുസരിച്ചു്, ഐകരൂപ്യമില്ലാത്ത നിയന്ത്രണത്തിൻകീഴിൽ, പ്രവർത്തിച്ചുകൊണ്ടിരുന്ന ഈ ഭൂസ്വത്തു ജാമ്യബാങ്കുകളുടെ പ്രവത്തനത്തെ നിയന്ത്രിക്കാനും, അവയെ സാമ്പത്തികമായി സഹായിക്കാനും ആയി ഒരു കേന്ദ്ര ഭൂസ്വത്തു ജാമ്യബാങ്ക് മദ്രാസിൽ സ്ഥാപിതമായി. ഈ കേന്ദ്ര ബാങ്കിൻെറ സമത്ഥമായ നിയന്ത്രണത്തിൻകീഴിൽ മദ്രാസിലെ ഭൂസ്വത്തു ജാമ്യബാങ്കിങ്ങ് പ്രസ്ഥാനം കുറെയെല്ലാം വിജയിച്ചിട്ടുണ്ടു്.

മദ്രാസിൽ ഉണ്ടായേടത്തോളം വിജയം മററു സംസ്ഥാനങ്ങളിൽ ഈ പ്രസ്ഥാനത്തിനു ലഭിച്ചിട്ടില്ല. മിക്ക സംസ്ഥാനങ്ങളിലും ഭൂസ്വത്തു ജാമ്യബാങ്കുകൾ പ്രവത്തനം നടത്തുന്നുണ്ടെങ്കിലും അവയിൽ പലതിലും ഈ ബാങ്കുകളുടെ പ്രവത്തനങ്ങളെ നിയന്ത്രിക്കുന്ന കേന്ദ്ര ബാങ്കുകൾ ഇതുവരെയും സ്ഥാപിതമായിട്ടില്ല. അതതു സംസ്ഥാനങ്ങളിലെ ഗവർമ്മെൻറുകളുടെ സഹായത്തോടുകൂടിയാണു് ഭൂസ്വത്തു ജാമ്യ

ബാംങ്കുകൾ പ്രവൎത്തനം നടത്തുന്നതു്. എന്നാൽ പല വിധത്തിലും ഭൂസ്വത്തു ജാമ്യബാങ്കുകളുടെ ഉപയോഗം വർദ്ധിപ്പിക്കാവുന്നതാണു്. കർഷകന്റെ ദീർഘകാല സാമ്പത്തിക ആവശ്യങ്ങളെ നിർവഹിക്കാൻ ഉള്ള സകല ചുമതലകളും ഭൂസ്വത്തു ജാമ്യബാംങ്കുകളെ ഏല്പിക്കേണ്ടതാണു്. പ്രാധാന്യം അർഹിക്കുന്ന ഈ ചുമതല ഫലപ്രദമായി നിർവഹിക്കണമെങ്കിൽ പലവിധത്തിൽ ഉള്ള പരിവൎത്തനങ്ങൾ അവയുടെ പ്രവർത്തനങ്ങളിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ഓരോ സംസ്ഥാനങ്ങളിലും ഓരോകേന്ദ്ര ബാംങ്കുകൾ സ്ഥാപിതമാവുകയും, ഈ കേന്ദ്രബാംങ്കുകൾ എല്ലാം, റിസർവ് ബാങ്കിലെ കാർഷികവകുപ്പിന്റെ നിർദ്ദേശങ്ങൾ അനുസരിച്ചു് മററ അംഗബാംങ്കുകളെ നിയന്ത്രിക്കാൻ ശക്തങ്ങളാവുകയുംവേണം, അങ്ങിനെ വിവിധ ബാംങ്കുകളുടെ പ്രവൎത്തനത്തിലും നിയമങ്ങളിലും ഏതാണ്ടു് ഒരു ഐകരൂപ്യം ഉണ്ടാകേണ്ടതാണു്. ഭൂസ്വത്തു ജാമ്യബാംങ്കുകളെ ഗവർമ്മെൻറ് ആവശ്യമായ പണം നൽകിയും മററും സഹായിക്കുന്നതിനോടൊപ്പം, അവയുടെ പ്രവൎത്തനങ്ങൾ ശരിയാംവണ്ണം മുന്നോട്ടു കൊണ്ടുപോകുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും വേണം. ഈ ബാങ്കുകൾക്കു കൃഷിസ്ഥലങ്ങൾ കൈവശപ്പെടുത്തുവാനുള്ള അധികാരത്തിൽ ഗവർമ്മെൻറ് ഇടപെടുന്നതു ശരിയല്ല. ഗവർമ്മെൻറിന്റെ സഹായവും റിസർവ് ബാങ്കിന്റെ നിയന്ത്രണവും, വിദഗ്ദ്ധന്മാരായ ഉദ്യോഗസ്ഥന്മാരുടെ സേവനവും, കർഷകരുടെ ഹൃദയംഗമമായ സഹായവും ഭൂസ്വത്തു ജാമ്യബാങ്കുകൾക്കു് ലഭിക്കുന്നതായാൽ ഈ ബാങ്കുകൾക്കു് അത്യധികം ശോഭനമായ ഭാവിയുണ്ടു്.

രാജ്യത്തെ ബാങ്കുകളേയും, സമ്പത്തിനേയും നിയന്ത്രിക്കുന്നതിനും, ശരിയായ ഒരു നേതൃത്വം നൽകുന്നതിനും, ആയി 1935-ൽ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യാ സ്ഥാപിതമായി ആ ബാങ്കിന്റെ പ്രവൎത്തനങ്ങളുടെ പരിധി നിർണ്ണയി

ക്കുന്ന നിയമാവലിയുടെ അൻപത്തിനാലാംവിഭാഗത്തിൽ കർഷകവൃത്തിയേയും, കാർഷിക സാമ്പത്തികഭദ്രതയേയും പററി പ്രതിപാദിച്ചിട്ടുണ്ടു്. റിസർവ് ബാങ്കിനു് ഒരു പ്രത്യേക കാർഷിക ഡിപ്പാർട്ടുമെൻറ് ഉണ്ടു്. ഈ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ സമർത്ഥരായ ഉദ്യോഗസ്ഥന്മാർ ഉണ്ടായിരിക്കുന്നതും, അവർ പ്രാദേശിക ഗവമ്മെൻറുകഠംക്കും, സഹകരണ സ്ഥാപനങ്ങഠംക്കും, ആവശ്യമായ ശാസ്ത്രീയമായ ഉപദേശം നൽകുന്നതും ആയിരിക്കും. കർഷകൻെറ സാമ്പത്തികഭദ്രത കെട്ടി ഉയർത്തുവാൻ, രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിൽ നടക്കുന്ന പരിശ്രമങ്ങളെ നിയന്ത്രിക്കാനും, ഏകീകരിക്കുവാനും, വേണ്ടി ശ്രമിക്കുക എന്നുള്ളതാണു് ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രധാനകത്തവ്യം. സഹകരണപ്രസ്ഥാനത്തിൻെറ വളച്ചയ്ക്കു വേണ്ട നിർദ്ദേശങ്ങഠം നൽകുക, പ്രത്യേകമായ പ്രശ്നങ്ങളെ പഠിക്കുക ആദിയായവയും ഡിപ്പാർട്ടുമെൻറിൻെറ കത്തവ്യമാണു്.

ഈ ഡിപ്പാർട്ടുമെൻറ് സമാരംഭിതമായിട്ടു പതിനഞ്ചു വർഷങ്ങളോളം ആയെങ്കിലും, ഈ വകുപ്പുവഴി കർഷകലോകത്തിനു് എന്തെങ്കിലും കാര്യമായ നേട്ടങ്ങഠം ഉണ്ടായിട്ടില്ല. വിദഗ്ദ്ധമായ ഒരു ഉദ്യോഗസ്ഥ മണ്ഡലം ഈ ഡിപ്പാർട്ടുമെൻറിനു് ഉണ്ടായിരുന്നു. ഉപയോഗപ്രദങ്ങളായ പല പ്രസിദ്ധീകരണങ്ങളും ഈ ഡിപ്പാർട്ടുമെൻറിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ടു്. സഹകരണപ്രസ്ഥാനത്തിൻെറ വളർച്ചയെ വിശദീകരിച്ചുകൊണ്ടു് ആണ്ടുതോറും പ്രസിദ്ധപ്പെടുത്തുന്ന റിപ്പോർട്ടുകഠം, മററു പ്രസിദ്ധീകരണങ്ങഠം, ഇവയെല്ലാം വിളരെ വില പിടിച്ച പ്രസിദ്ധീകരണങ്ങഠംതന്നെ. നാട്ടു ബാങ്കറന്മാരുടേയും, പണവ്യാപാരികളുടേയും, പ്രവത്തനങ്ങളെ നിയന്ത്രിക്കുന്ന നിയമങ്ങഠം മിക്കവയും റിസർവ് ബാങ്കിൻെറ ശുപാശ്കഠം അനുസരിച്ചു നടപ്പാക്കിയിട്ടുള്ളതാണു്. എന്നാൽ

മററു പ്രായോഗികമായ നൂതനപദ്ധതികൾ ആസൂത്രണം ചെയ്യാനോ നടപ്പിലാക്കാനോ അതിനു കഴിഞ്ഞിട്ടില്ല. കാർഷിക ബില്ലുകൾ പ്രചരിപ്പിക്കുക, സഹകരണസംഘങ്ങളുടെ നിയന്ത്രണം ഏറെറടുക്കുക, കാർഷികോല്പന്നങ്ങളുടെ ക്രയവിക്രയത്തെ സഹായിക്കാൻ വെയർഹൗസുകൾ ഏർപ്പെടുത്തുക, ഭൂസ്വത്തു ജാമ്യബാങ്കുകളുടെ കടപ്പത്രങ്ങൾ വിൽക്കുന്നതിൽ അവയെ സഹായിക്കുക തുടങ്ങിയ നാനാമുഖങ്ങളായ പ്രവർത്തന വീഥികൾ തുറന്നുകിടക്കുമ്പോൾ, റിസർവ് ബാങ്കിൻെറ കാർഷിക ഡിപ്പാർട്ടുമെൻറ കുറെ കണക്കെടുക്കലുകളും, പ്രസിദ്ധീകരണങ്ങളുംകൊണ്ടു മാത്രം തൃപ്തി അടയുന്നതു് തീർത്തും അഭിലഷണീയമല്ല. റിസർവ് ബാങ്കിൻെറ ദേശീയവൽക്കരണത്തോടുകൂടി അതിൻെറ നിയന്ത്രണം നമ്മുടെ ദേശീയ നേതാക്കന്മാരിൽ വന്നുചേർന്നിരിക്കുന്നതുകൊണ്ടു് ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം കൂടുതൽകാര്യക്ഷമവും, സജീവവും ആവുമെന്നു പ്രതീക്ഷിക്കാം.

# 12

# പണവ്യാപാരി

വളരെ സംവത്സരങ്ങൾക്കുമുൻപു വെനീസിൽ ഷൈലോക്കു് എന്ന ഒരു പണവ്യാപാരി ജീവിച്ചിരുന്നു. ക്രൂരനും പണക്കൊതിയനും ആയിരുന്ന ഈ വ്യാപാരിയുടെ പക്കൽ നിന്നും പണക്കാരനായ ഒരു പ്രഭു മൂവായിരം ഡക്കററസ് കടം വാങ്ങി. കടത്തിനു് ഈടായി, പ്രഭു നൽകിയിരുന്നതു് അയാളുടെ ഒരുറാത്തൽ മാംസം മാത്രമായിരുന്നു. നിശ്ചി

തമായ തീയതിക്ക പണം തിരിയെ കൊടുക്കുവാൻ കഴിയാതെവന്ന പ്രഭുവിൻെറ ഒരുറാത്തൽ മാംസത്തിനുവേണ്ടി ഷൈലോക്ക് വാദിച്ചു. ഷൈലോക്കിനു വേണ്ടിയിരുന്നതു് പ്രഭുവിൻെറ ഒരുറാത്തൽ മാംസം മാത്രമായിരുന്നു. ഷേയ്ക്സ്പീയർ മഹാകവിയുടെ ഭാവനയിൽനിന്നും ഉടലെടുത്തതാണു് ഈ കഥയെങ്കിലും വിശദാംശങ്ങളിൽ അല്പാല്പമായ വ്യത്യാസങ്ങളോടുകൂടി വെനീസിലെ ഈ പണവ്യാപാരിയുടെ നാടകം നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ ദൈദിനം എന്നപോലെ അഭിനീതമാകുന്നുണ്ടു്. ഒരു റാത്തൽ മാംസത്തിനുവേണ്ടി ചെന്നായ്ക്കളെപ്പോലെ അവരുടെ ഇരകളിൽ ചാടിവീഴുന്ന ഒരു നൂറു ഷൈലോക്കന്മാർ ഇന്നും നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ ജീവിക്കുന്നു. അവരുടെ വ്യാപാരം ലാഭകരമായി നടക്കുന്നുമുണ്ടു്. ഷേക്സ്പീയരുടെ പ്രഭുവിനെ രക്ഷിക്കുവാൻ ഒരു പോർഷ്യ ഉണ്ടായിരുന്നു. എന്നാൽ നമ്മുടെ കർഷകൻെറ ജീവരക്തം ഊററിക്കുടിക്കുന്ന ഷൈലോക്കന്മാരെ നിയന്ത്രിക്കുവാൻ ഇന്നു് നിലവിൽ ഇരിക്കുന്ന നിയമങ്ങാംക്കു കഴിയുന്നില്ല. പണവ്യാപാരിയുടെ പിടിയിൽ അമർന്നിരിക്കുന്ന കർഷകൻ ഇഞ്ചിഞ്ചായി മരിച്ചുകൊണ്ടിരിക്കുന്നു.

ഈ പണവ്യാപാരി ആരാണു്? നമ്മുടെ നാട്ടിൻപുറങ്ങളിൽ സാധാരണ കണ്ടുവരാറുള്ള ഒരു വ്യക്തിയാണു് പണവ്യാപാരി. ചിലപ്പോറം അയാറം നാട്ടിൻപുറത്തെ ഒരു ചില്ലറ കച്ചവടക്കാരനായിരിക്കും. മററു ചിലപ്പോറം ഒരു കമ്മീഷൻ ഏജൻറായും കൊച്ചു കൃഷിക്കാരനായും പ്രത്യക്ഷപ്പെടാറുണ്ടു്. ഏതു വേഷത്തിൽ പ്രത്യക്ഷപ്പെട്ടാലും അവനു് ഒരു വ്യക്തിത്വം ഉണ്ടു്. പാവപ്പെട്ടവൻെറ ആവശ്യങ്ങളെ ചൂഷണം ചെയ്യാനുള്ള ധിഷണാശക്തി അവരിൽ ഓരോരുത്തരിലും ധാരാളം കാണും. പണവ്യാപാരിയുടെ ചരിത്രം ഇന്നോ ഇന്നലയോ ആരംഭിച്ചതല്ല. ശ്രീകൃഷ്ണൻെറ ദ്വാരകയിൽ ഒരു

പ്പെട്ടിരു
ന്നതായി പറയുന്നു. ജറുസലേം ദേവാലയത്തിനുള്ളിൽ പണവ്യാപാരം ചെയ്തിരുന്നു. അവരെ ക്രിസ്തുഭഗവാൻ അടിച്ചോടിച്ചതായി ബൈബിളിൽ നാം വായിക്കുന്നു. അറിയപ്പെട്ടിട്ടുള്ള കാലം മുതൽ നാം പണവ്യാപാരിയെ അറിയുന്നതാണ്. പുരാണങ്ങളിൽ പലയിടത്തും പണവ്യാപാരിയെപ്പററിയുള്ള പ്രതിപാദനങ്ങൾ ഉണ്ട്.

പണവ്യാപാരിയുടെ ഹൃദയശൂന്യമായ പ്രവൎത്തനങ്ങളുടെ ഒരു പട്ടിക തയാറാക്കുക പ്രയാസമാണ്. അമിതമായ പലിശ ഈടാക്കുക, കണക്കുകളിൽ കള്ളത്തരങ്ങൾ കാണിക്കുക, കള്ളപ്രമാണങ്ങൾ നിൎമ്മിക്കുക, പണം ഈടാക്കുന്നതിൽ ഹൃദയശൂന്യമായ രീതികൾ സ്വീകരിക്കുക, വിശേഷ ദിവസങ്ങളിൽ കടക്കാരിൽനിന്നും സാമാനങ്ങൾ ആവശ്യപ്പെടുക, കടക്കാരിൽനിന്നും ശാരീരികമായ സേവനങ്ങൾ അവകാശപ്പെടുക, തുടങ്ങി പോകുന്ന, ഹൃദയശൂന്യരായ പണവ്യാപാരികളുടെ കടുംകൈകളുടെ പട്ടിക. "ഞാൻ പട്ടിണിയെ ഭയപ്പെടുന്നു. സാംക്രമികരോഗങ്ങളെ അതിയായി ഭയപ്പെടുന്നു. എന്നാൽ പണവ്യാപാരികളെ ഇവയെക്കാൾ അധികമായി വെറുക്കുകയും ഭയപ്പെടുകയും ചെയ്യുന്നു". (കാർവർ)

ഇത്രമാത്രം വെറുക്കപ്പെടുകയും അറയ്ക്കപ്പെടുകയും ചെയ്യുന്നവനാണ് പണവ്യാപാരിയെങ്കിലും, അയാളും ഗ്രാമീണ സാമ്പത്തികഭദ്രതയ്ക്കു് ഇന്നത്തെ സാഹചൎയ്യങ്ങളിൽ ആവശ്യമാണ്. ഗ്രാമപ്രദേശങ്ങളിലെ സാമ്പത്തിക ആവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കുവാൻ അയാൾക്കു മാത്രമേ കഴിയുന്നൊള്ളു. കർഷകൻെറ ആവശ്യങ്ങൾ നേരിട്ടു് അറിയുകയും, കഠിന വ്യവസ്ഥകളിൽ എങ്കിലും പണംകടം കൊടുക്കുകയും ചെയ്യുന്നതു പണവ്യാപാരിമാത്രമാണ്, നാട്ടിൻ പുറത്തെ പണവ്യാപാരിയെ പൂൎണ്ണമായും നിരോധിക്കണമെന്നു വാദിക്കു

ന്നവർ ഉണ്ടു്. എന്നാൽ റോയൽ കമ്മീഷൺ ഓൺ അഗ്രികാംച്ചറിൻെറ അഭിപ്രായത്തിൽ അതു് തീർത്തും അപ്രായോഗികമാണു്. "പണ വ്യാപാരിയുടെ പ്രവർത്തനങ്ങളെ അവസാനിപ്പിക്കുവാൻ എന്തെങ്കിലും കഴിയുമെങ്കിൽ, അതു കശ്ശനമായ നിയമങ്ങളുടെ നടപ്പിലാക്കൽകൊണ്ടു് ആയിരിക്കുകയില്ല. പ്രത്യുത സഹകരണപ്രസ്ഥാനത്തിൻേറയും ആ പ്രസ്ഥാനം ജനസമുദായത്തിൽ പ്രോത്സാഹിപ്പിക്കുവാൻ ശ്രമിക്കുന്ന മിതവ്യയശീലത്തിൻേറയും, വളർച്ചകൊണ്ടുമാത്രം ആയിരിക്കും. മിതവ്യയശീലം ഇല്ലാതിരിക്കുകയും പ്രകൃതിയുടെ വികൃതികാംക്കു് വിധേയമായി, കൃഷികൃത്തിയുടെ ജയാപജയങ്ങാം നിശ്ചയിക്കപ്പെട്ടുകൊണ്ടിരിക്കയും ചെയ്യുന്നടത്തോളംകാലം സഹകരണ പ്രസ്ഥാനം അതിൻെറ രക്ഷാവലയത്തിനുള്ളിൽ, ഭാരതത്തിലെ ഓരോ കർഷകനേയും കൊണ്ടുവരാത്തേടത്തോളംകാലം, പണവ്യാപാരിയിൽനിന്നും ഉള്ള കച്ചവടങ്ങാം തുടന്നുകൊണ്ടിരിക്കും." (രാജകീയ കാർഷികക്കമ്മീററി). നമ്മുടെ കഷ്കക്കു് കടക്കാരനായിട്ടു് ജീവിക്കുന്നതിൽ വൈഷമ്യമുണ്ടെങ്കിലും പുതുമ ഒന്നുമില്ല. പിതാവിൽനിന്നും കടം അവകാശമായി വാങ്ങുകയും സാമ്പത്തികമായി അതു പുത്രന്മാരിലേയ്ക്കു് പകന്നു കൊടുക്കുകയും ചെയ്യുക എന്നുള്ളതു് ഭാരതീയ കർഷകരെ സംബന്ധിച്ചിടത്തോളം വെറും സാധാരണം എന്നു മാത്രമല്ലാ കർഷക ജീവിതത്തിൻെറ ഒരു അഭേദ്യ ഘടകമായിത്തന്നെ സാർവ്വത്രികമായി സ്വീകരിക്കപ്പെട്ടുവരുന്നു. ഈ ചിന്താഗതിയോടുകൂടി ജീവിക്കുന്ന കർഷകരുടെ ഇടയിൽനിന്നും പണവ്യാപാരിയെ ബഹിഷ്കരിക്കുക എളുപ്പമല്ല.

പണവ്യാപാരികാം സാധാരണയായി കർഷകരിൽ നിന്നും ഈടാക്കുന്ന പലിശ എത്ര ശതമാനമാണെന്നു് തീർത്തു പറയുക പ്രയാസമാണു്. പലിശയുടെ ശതമാനം ഓരോ പ്രദേശങ്ങളിലും, കടക്കാരുടെ ആവശ്യം അനുസരിച്ചും കടങ്ങളുടെ സ്വഭാവം അനുസരിച്ചും വ്യത്യാസപ്പെട്ടുകൊ

ണ്ടിരിക്കും. അതിനാൽ സാമാന്യപലിശ നിരക്ക് ഇത്രയെന്നു് ക്ലിപ്തപ്പെടുത്തുക പ്രയാസമാണു്. കൂടാതെ പണവ്യാപാരികൾ ഇടാക്കുന്ന പലിശ ഇത്ര എന്നു് വ്യക്തമായി പ്രത്യക്ഷപ്പെടുത്തുന്ന ഒരു പ്രമാണവും ഇല്ലതാനും. നിലവിലിരിക്കുന്ന പ്രമാണങ്ങൾ ഇടപാടുകളുടെ പൂർണ്ണരൂപത്തെ വെളിപ്പെടുത്തുന്നില്ല. ഒരു പ്രോനോട്ടോ ഒരു പണയാധാരമോ കടക്കാരനും, പണവ്യാപാരിയും തമ്മിൽ ഉള്ള ബന്ധത്തെ ശരിയായി പ്രത്യക്ഷപ്പെടുത്തുവാൻ അപര്യാപ്തമാണു്. അവ പല പുതുക്കി എഴുതലുകളുടേയും, പൊളിച്ചെഴുതലുകളുടെയും ഫലമായി രൂപം പ്രാപിച്ചവ ആയിരിക്കും. മദ്രാസിലെ സ്ഥിതിഗതികളെപ്പററി അന്വേഷണം നടത്തിയ ഫ്രെഡറിക്ക് നിക്കോംസൺ അഭിപ്രായപ്പെടുന്നതു്, മദ്രാസിലെ സാധാരണ പലിശ നിരക്കു് 15 ശതമാനത്തിനും, 18 ശതമാനത്തിനും ഇടയിൽ ആണെന്നാണു്. എന്നാൽ പിന്നീടു നടത്തിയിട്ടുള്ള അന്വേഷണങ്ങൾ ഈ കണക്കുകൂട്ടലുകൾ പൂർണ്ണമായും ശരിയല്ലെന്നു തെളിയിച്ചിട്ടുണ്ടു്. ബംഗാളിലെ സഹകരണസംഘം രജിസ്ട്രാർ പറയുന്നതു് ബംഗാളിൽ പണ വ്യാപാരികൾ 25 മുതൽ 75 വരെ ശതമാനം പലിശ വാങ്ങിച്ചു വരുന്നതായി അനുഭവപ്പെട്ടിട്ടുണ്ടെന്നാണു്. ഉത്തരപ്രദേശത്തു പണവ്യാപാരികൾ സാധാരണയായി 37 ശതമാനം പലിശ ഈടാക്കിവരുന്നതായി പറയപ്പെടുന്നു. കണക്കുകൾ ഈ വിധത്തിലാണെങ്കിലും, പരമാർത്ഥത്തിൽ പലിശ നിരക്കു് ഇതിൽനിന്നും വളരെ അധികം കൂടുതലായിട്ടാണു് സാധാരണ അനുഭവപ്പെടാറുള്ളതു്. അപ്പോഴപ്പോൾ പലിശയായും, മററിനത്തിലും, കടക്കാരിൽനിന്നു് ഓരോ തുക വാങ്ങുന്ന പണവ്യാപാരി വാസ്തവത്തിൽ എത്ര ശതമാനം പലിശ ഈടാക്കുന്നുണ്ടു് എന്നുള്ള വസ്തുത പണ വ്യാപാരിക്കു മാത്രമല്ല കടക്കാരനുപോലും നിശ്ചയമുണ്ടായിരിക്കുകയില്ല. പോരെങ്കിൽ കടക്കാരന്റെ ഉല്പന്നങ്ങൾ വിൽക്കുന്നതും, അവനു് ആ

വശ്യമുള്ള സാധനങ്ങാം വാങ്ങുന്നതും പണവ്യാപാരിയിൽക്കൂടി ആയിരക്കണമെന്നു് അയാഠംക്ക നിർബന്ധമുണ്ടു്. ഈ ക്രയവിക്രയത്തിലും നമ്മുടെ പണവ്യാപാരിക്കു് നല്ല ഒരു കമ്മീഷൺ ആദായമായി ലഭിക്കുന്നു.

ജെറുസലേം ദേവാലയത്തിൽ പണവ്യാപാരം നടത്തിക്കൊണ്ടിരുന്നവരെ കയറുമടക്കി അടിച്ചു് ക്രിസ്തുഭഗവാൻ ഓടിച്ചതായി ബൈബിളിൽ വായിക്കുന്നു. നമ്മുടെ പണവ്യാപാരികളെയും മുക്കാലിയിൽ കെട്ടി അടിക്കണമെന്നു വാദിക്കുന്നവർ ഉണ്ടു്. എന്നാൽ പണവ്യാപാരിക്കും അവൻെറ നിലകുറെയെല്ലാം ന്യായീകരിക്കാൻ കഴിയും. കർഷകൻെറ ആസ്തികാം തീരെ വിലപിടിപ്പില്ലാത്തവയാണു്. ഒരു വ്യവസായസ്ഥാപനവും ഏറ്റെടുക്കുവാൻ തയ്യാറാകാത്ത ഒരു സംരംഭത്തിലാണു പണവ്യാപാരി ഏർപ്പെട്ടിരിക്കുന്നതു്. പണവ്യാപാരി അമിതമായ പലിശ ഈടാക്കുമ്പോഠം അവൻെറ മുതൽ തിരിയെക്കിട്ടാത്ത പല അനുഭവങ്ങളും അവനു് ഉണ്ടായിട്ടുണ്ടു്. അതുകൊണ്ടു സംഭവിച്ചേക്കാവുന്ന നഷ്ടത്തെ നികത്തുവാൻ അമിതമായ പലിശ ഈടാക്കുവാൻ, കഴിയുന്നിടത്തോളം പലിശശേഖരിക്കുവാൻ, അവൻ ശ്രമിക്കുന്നതു് സ്വാഭാവികമാണു്. മിക്ക പണവ്യാപാരികളും വലിയ ധനവാന്മാരല്ല. കർഷകൻെറ ബഹുവിധങ്ങളായ ആവശ്യങ്ങളിൽ ഒരു അംശംമാത്രമേ, അവനു് തൃപ്തിപ്പെടുത്തുവാൻ കഴിയുന്നൊള്ളൂ. ആവശ്യം വർദ്ധിച്ചിരിക്കുകയും സ്വായത്തമായ സാധനം പരിമിതമായിരിക്കുകയും ചെയ്യുമ്പോഠം, ആ സാധനത്തിൻെറ വില വർദ്ധിക്കുന്നതു് അത്ഭുതമല്ലല്ലോ? പണവ്യാപാരി നൽകുന്ന കടങ്ങളിൽ മിക്കവയും ചെറിയചെറിയ തുകകഠംക്കു് ആയിരിക്കുന്നതുകൊണ്ടു് ഈ കടങ്ങളുടെ വിതരണത്തിലും സംഭരണത്തിലും പണവ്യാപാരികഠംക്കു കൂടുതൽ ധനവ്യയവും സമയനഷ്ടവും ഉണ്ടാകുന്നു. ഇപ്രകാരമുള്ള പല ന്യായ

ങ്ങളിൽ സ്വന്തം നിലയെ നീതീകരിക്കാൻ കുറെയെല്ലാം പണവ്യാപാരിക്കു കഴിയുന്നു. എന്നാൽ അവൻെറ ഹൃദയശൂന്യമായ പ്രവൃത്തികളെ വെള്ള അടിക്കുവാൻ അവ ശക്തങ്ങളല്ല പണവ്യാപാരിയുടെ പ്രേരണയിലും, നേതൃത്വത്തിലും അഭിനയിച്ചിട്ടുള്ള, കരളലിയിക്കുന്ന അനേകം സംഭവങ്ങൾ ഗ്രാമീണഇന്ത്യയുടെ ശോകാത്മകമായ ചരിത്രത്തിൻെറ ദയനീയതയെ വർദ്ധിപ്പിച്ചുകൊണ്ടു രേഖപ്പെടുത്തിയിട്ടുണ്ടു്.

നമ്മുടെ നാട്ടിൻപുറങ്ങളിൽ പണവ്യാപാരം മുഖ്യതൊഴിലായി സ്വീകരിച്ചിരിക്കുന്നവരേയും, പണവ്യാപാരം മററു പല കത്തവ്യങ്ങളുടെ ഇടയിൽ ഒരു അപ്രധാനവ്യവസായമായി സ്വീകരിച്ചിരിക്കുന്നവരേയും, കാണുവാൻ കഴിയുന്നു. നാട്ടിൻപുറത്തെ പണവ്യാപാരി, പട്ടണത്തിലെ സ്വകാര്യബാങ്കുകാർ, യാത്രക്കാരനായ പണവ്യാപാരി ഇങ്ങനെ മൂന്നു തരക്കാർ ആദ്യത്തെ വിഭാഗത്തിലും, ജന്മി, പെൻഷൻകാർ, വിധവകൾ, നാട്ടിൻപുറത്തെ ചില്ലറവ്യാപാരി ഇവർ രണ്ടാമത്തെ വിഭാഗത്തിലും ഉൾപ്പെടുന്നു. ഇവർ എല്ലാംതന്നെ കടംകൊടുക്കുന്നതു് അവരുടെ സ്വന്തം പണമാണു്.

പണവ്യാപാരിയുടെ പ്രവത്തനങ്ങളെ അനിയന്ത്രിതമായി അനുവദിക്കുവാൻ ഒരു ഗവമ്മെൻറിനും കഴിയുമായിരുന്നില്ല. കടക്കാരനായ കർഷകൻെറ കൃഷിഭൂമികൾ ഒന്നൊന്നായി പണവ്യാപാരിയുടെ ഉടമസ്ഥതയിൽ അമന്നുതുടങ്ങി. രാഷ്ട്രത്തിൻെറ സാമ്പത്തികഭദ്രതയ്ക്കുതന്നെ അതു് അപകടകരമായിരുന്നു. പണവ്യാപാരിക്കെതിരായി ചില പ്രദേശങ്ങളിൽ ലഹളകൾപോലും ഉണ്ടായി. കർഷകൻെറ കാര്യത്തിൽ അനാസ്ഥമായിരുന്ന ഗവർമ്മെൻറിനുപോലും, അലസമായിരിക്കുവാൻ നിർവാഹമില്ലാത്തവിധം, സ്ഥിതിഗതികൾ വഷളായി. അമിതപലിശനിരോധനനിയമം കൃഷിഭൂമി കൈമാററനിരോധനനിയമം തുടങ്ങിയ നിയമങ്ങൾമൂലം അമിതമായ

പലിശ വാങ്ങുന്നതിനേയും കൃഷിഭൂമികൾ കർഷകരല്ലാത്തവരുടെ പേരിലേയ്ക്കു കൈമാററം ചെയ്യുന്നതിനേയും നിരോധിച്ചു. 1094-ൽ സഹകരണസംഘം നിയമം നടപ്പാക്കി ഗ്രാമപ്രദേശങ്ങളിൽ സഹകരണ പ്രാഥമികസംഘങ്ങൾ സ്ഥാപിച്ചു കൃഷിക്കാക്കു വേണ്ട വായ്പകൾ നൽകുന്നതിനു സൗകര്യം ചെയ്തുകൊടുത്തു. എന്നാൽ സഹകരണസംഘങ്ങളുടെ പ്രവത്തനം ഉദ്ദേശിച്ചതുപോലെ വിജയപ്രദമായില്ല. പണവ്യാപാരിയുടെ പ്രവത്തനങ്ങൾ പിന്നെയും ആവശ്യമായി വന്നു.

നാട്ടിൻപുറത്തെ പണവ്യാപാരികളുടെ പ്രവത്തനങ്ങളെ പൂണ്ണമായും നിരോധിക്കാനോ, പരാജയപ്പെടുത്താനോ, സാദ്ധ്യമല്ലെന്നു ഭരണാധികാരികൾക്കു ബോദ്ധ്യമായതോടുകൂടി, അവരുടെ പ്രവത്തനങ്ങളെ കടിഞ്ഞാണിട്ടു നിയന്ത്രിക്കേണ്ടതു് ആവശ്യമായിത്തീൎന്നു. പണവ്യാപാരം നടത്തണമെന്നു് ആഗ്രഹിക്കുന്നവർ എല്ലാം ഓരോ ലൈസൻസ് നേരത്തെ എടുത്തിരിക്കണം എന്നു നിയമം പാസാക്കിയാൽ നന്നായിരിക്കും എന്ന ഒരു അഭിപ്രായം ക്രമേണ പ്രബലപ്പെട്ടുവന്നു. ഇങ്ങനെ ഒരു ലൈസൻസ് കൊടുക്കുന്നതിനുമുൻപു്. ചില വ്യവസ്ഥകൾക്കു വിധേയരായിരുന്നുകൊള്ളാമെന്നു് ഓരോ പണവ്യാപാരിയും സമ്മതിക്കേണ്ടിയിരുന്നു. ഏററവുംകൂടിയ പലിശ ക്ലിപ്തപ്പെടുത്തുക, പലിശയ്ക്കുപലിശ ഈടാക്കാതിരിക്കുക, കണക്കുകൾ നിർദ്ദിഷ്ടമായരീതിയിൽ സൂക്ഷിക്കുക, പ്രതിവർഷം രണ്ടുപ്രാവശ്യമെങ്കിലും കണക്കുകൾ ഗവമ്മെൻറിൽ നിന്നും നിയമിക്കുന്ന ആഡിററന്മാരുടെ പരിശോധനയ്ക്കു സമർപ്പിക്കുക, കടക്കാരൻ അടയ്ക്കുന്ന എല്ലാ തുകകൾക്കും അപ്പോഴപ്പോൾ രസീതുകൾ നൽകുക, കടക്കാക്കു് അവരുടെ ഇടപാടിൻെറ ഒരു കണക്കു് അപ്പോഴപ്പോൾ സമർപ്പിക്കുക, തുടങ്ങിയവ ആയിരുന്നു ആ പ്രധാന വ്യവസ്ഥകൾ. ഈ വ്യവസ്ഥകൾക്കു വിധേയമായി പണവ്യാപാരികളെ

ലൈസൻസ് ചെയ്യുകയും, ലൈസൻസില്ലാത്തവരുടെ പണ വ്യാപാരത്തെ നിരോധിക്കുകയും ചെയ്താൽ അതു കർഷക ക്കു പൊതുവെ ഉപകാരപ്രദമായിരിക്കും.

പ്രത്യക്ഷത്തിൽ ഗുണപ്രദമെന്നു തോന്നുന്ന ഈ പദ്ധതി പല പ്രകാരത്തിലും, ഉപദ്രവകാരണമാകുമെന്നു പറയപ്പെടു ന്നു. ഒരു പണവ്യാപാരി ആരാണ് എന്നുള്ളതാണ് ഏററവും പ്രധാന പ്രശ്നം. ഏതെല്ലാം തരത്തിലുള്ള പ്രവർത്തനങ്ങ ളാണു പണവ്യാപാരത്തിൻെറ പരിധിയിൽ ഉൾപ്പെടുന്നതു്, ഉൾപ്പെടുത്തേണ്ടതു്, എന്നും നിർണ്ണയിക്കേണ്ടിയിരിക്കുന്നു അതു മാത്രമല്ല, ഈ പദ്ധതിയുടെ പ്രയോഗത്തിൽ പല പ്രാ ഥമികവൈഷമ്യങ്ങളും ഉണ്ടു്. കർഷകക്കു് ആവശ്യാനുസര ണം പണം കടം ലഭിക്കുന്ന വേറൊരു സ്ഥാപനത്തിൻെറ അ ഭാവത്തിൽ, പണവ്യാപാരിയുടെ സ്വാതന്ത്ര്യത്തെ നിയന്ത്രി ക്കുന്നതു കർഷകക്കു് ഉപദ്രവകാരണമാണു്. കേന്ദ്രബാങ്കിങ്ങ് എൻക്വയറികമ്മററി പണവ്യാപാരികളെ ലൈസൻസ് ചെ യ്യുന്ന സമ്പ്രദായം അപ്രായോഗികമാണെന്നു് അഭിപ്രായപ്പെ ട്ടിട്ടുണ്ടു്.

എന്നാൽ ഇന്നത്തെ സാഹചര്യങ്ങളിൽ പണവ്യാപാരി കൾക്കു് പൂർണ്ണസ്വാതന്ത്ര്യം നൽകുന്നതു് അപകടകരമാണ് അതുപോലെ അവരുടെ പ്രവർത്തനങ്ങളെ മുഴുവനായും നിരോ ധിക്കുന്നതു് അതിലും അനഭിലഷണീയമാണു്. അപ്പോൾ ഒരേ ഒരു മാർഗ്ഗം മാത്രമേ അവശേഷിക്കുന്നൊള്ളു. നിയമ ത്തിൻെറ ശക്തിയേറിയ വലയത്തിനുള്ളിൽ അവരെ പ്രവർത്തി ക്കുവാൻ അനുവദിക്കുക. ന്യായമായ അവരുടെ പ്രവർത്തന ങ്ങളെ കഴിയുന്നിടത്തോളം പ്രോത്സാഹിപ്പിക്കുക. ബംഗാൾ, പഞ്ചാബ്, ബീഹാർ മദ്ധ്യപ്രദേശം, സിൻഡ് മുതലായ സംസ്ഥാനങ്ങളിൽ പണവ്യാപാരികൾ ലൈസൻസ് എടു ക്കണമെന്നു നിയമം പാസായിക്കഴിഞ്ഞിട്ടുണ്ടു്. എന്തെല്ലാം

നിയമങ്ങളും ഉണ്ടാക്കിയാലും ഒരു കാര്യം സ്മരണീയമാണ്. സഹകരണപ്രസ്ഥാനം അതിന്റെ രക്ഷാവലയത്തിനുള്ളിൽ ഭാരതത്തിലെ എല്ലാ ജനങ്ങളേയും കൊണ്ടുവരാത്തേടത്തോളം കാലം, നാട്ടിൻപുറത്തെ പണവ്യാപാരിക്കു സുപ്രധാനമായ ഒരു സ്ഥാനം കർഷകയിൻഡ്യയിൽ ഉണ്ടായിരിക്കും. കർഷകനെ അവന്റെ സാമ്പത്തിക അവശതകൾ ശ്വാസം മുട്ടിക്കുമ്പോൾ അവനു കാണപ്പെടുന്ന കാർമേഘത്തിലെ രജതരേഖയാണു പണവ്യാപാരി. മനസ്സില്ലാമനസ്സോടെ ആണെങ്കിലും അസഹനീയമായ ഹൃദയഭാരത്തോടുകൂടി ആണെങ്കിലും പണത്തിനു് ബുദ്ധിമുട്ടുവരുമ്പോൾ ഇന്നും നമ്മുടെ കർഷകനെ അവന്റെ പാദങ്ങൾ നയിക്കുന്നതു പണവ്യാപാരിയുടെ സവിധത്തിലേയ്ക്കാണ്.

# 13

# സഹകരണപ്രസ്ഥാനം

"സ്വാതന്ത്ര്യഇൻഡ്യ ഒരു പ്രജാപ്രഭുത്വ രാഷ്ട്രമായി പുനഃസംഘടിപ്പിക്കേണ്ടതു രാജ്യത്തിന്റെ സാമുദായികവും രാഷ്ട്രീയവും ആയുള്ള വളർച്ചയ്ക്കു് അധികാരവും സമ്പത്തും ചൂഷണവിരുതന്മാരായ ചുരുക്കം ചില വ്യക്തികളുടെ നിയന്ത്രണത്തിൽ അമർന്നിരിക്കാതിരിക്കുന്നതിനും ഉല്പാദനസംരംഭങ്ങളെ പ്രയോജനപ്രദമാംവണ്ണം നിയന്ത്രിക്കുന്നതിനും ദേശീയ സമ്പാദ്യത്തിന്റെ വിതരണത്തിൽ നീതി നിർവ്വഹിക്കുന്നതിനും ആവശ്യമാണ്." ഇന്നു് കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും സധികാരത്തിലിരുന്നുകൊണ്ടു ഭരണം നടത്തുന്ന

കോൺഗ്രസിൻെറ കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പു പ്രകടനപ്പത്രികയിൽ പ്രകടിപ്പിച്ചിരുന്ന ആശയഗതിയാണ് ഇതു്. അങ്ങിനെ സഹകരണാടിസ്ഥാനത്തിൽ രാജ്യത്തെ മുഴുവൻ പുനഃസംഘടിപ്പിക്കുമെന്നു് ഉറപ്പു് പറഞ്ഞുകൊണ്ടു് അധികാരത്തിൽ പ്രവേശിച്ച ഒരു പാർട്ടിയാണ് ഇന്നു ഭരണം നടത്തുന്നതു്. നിണച്ചൊരിച്ചിലിൽക്കൂടിയല്ലാതെ ഇന്നത്തെ സാമ്പത്തിക അനീതികളെ പരിഹരിക്കാമെന്നു വിശ്വസിക്കുന്ന എല്ലാ സംഘടനകളും സഹകരണപ്രസ്ഥാനത്തിൻെറ അഭികാമ്യതയെ മനസ്സിലാക്കിയിട്ടുണ്ടു്.

ഭാരതത്തിലെ സുപ്രസിദ്ധ സഹകാരികളിൽ ഒരാളായ പ്രഫസർ ഖാജി സഹകരണത്തെപ്പററി എഴുതുകയാണ്: "ബൃഹത്തായ ദേശീയ സമ്പാദ്യങ്ങളെ നീതിപൂർവ്വം വിതരണം നടത്തുവാൻ സഹകരണത്തിനു കഴിവുണ്ടെന്നു്, ജനങ്ങളും ഗവർമ്മെൻറും മനസ്സിലാക്കിക്കഴിഞ്ഞു. സഹകരണംകൊണ്ടും ഐക്യംകൊണ്ടും, ചില്ലറക്കാര്യങ്ങൾ എളുപ്പത്തിൽ സാധിക്കുവാൻവേണ്ടി, സ്ഥാപിതമായിട്ടുള്ള സമുദായത്തിലെ മൂന്നാംതരക്കാരുടെ ഒരു രണ്ടാംതരം പ്രസ്ഥാനമല്ല സഹകരണം. സമ്പത്ത്‌വിതരണത്തിൽ വന്നുഭവിക്കുന്ന ചെറിയ തെററുകളെ തിരുത്തുവാനുള്ള ഉപാധിയുമല്ല അതു്. സഹകരണം അതിൽതന്നെ പൂർണ്ണമായ ഒരു പുനഃസംവിധാനപദ്ധതിയാണ്. സോഷ്യലിസത്തേയോ കമ്യൂണിസത്തേയോപോലെ ഒരു കർമ്മപരിപാടി സഹകരണത്തിനുണ്ടു്. സഹകരണം ഇൻഡ്യക്കാരനെ സംബന്ധിച്ചിടത്തോളം മഹത്തായ ഒരു ആദർശം മാത്രമല്ലാ, അതു് ഒരു വിശ്വാസസത്യവും, ജീവിത മാർഗ്ഗവും ആണ്. സഹകാരികൾ മൂലധനത്തേയും, മുതലാളിയേയും സ്വാഗതം ചെയ്യുന്നു. എന്നാൽ മുതലാളിത്വവ്യവസ്ഥിതിയെ എതിർക്കുന്നു. തൊഴിലാളിയെ സ്നേഹിക്കുന്നു; അവൻെറ മാത്രമായ സ്വേച്ഛാഭരണത്തെ സ്വാഗതം ചെയ്യുന്നില്ല. സഹകാരിക്കു് ഉപഭോക്താവുമായി ഒരു അകൽച്ചയും ഇല്ല. എ

ന്നാൽ ഉല്പാദകന്റെ അവകാശങ്ങളെ ഉപഭോക്താവിന്റെ ആവശ്യങ്ങളുടെ മുൻപിൽ ബലിഅർപ്പിക്കുന്നതിനോട് സഹകാരി വിയോജിക്കുന്നു. ഇൻഡ്യയിലെ കൃഷിവ്യവസായ പുനഃസംവിധാനപദ്ധതികൾ എല്ലാം സഹകരണത്തിൽ അധിഷ്ഠിതമായിരിക്കേണ്ടതാണ്‌ തമ്മിൽത്തമ്മിൽ മത്സരിച്ചുകൊണ്ടിരിക്കുന്ന വിവിധാദർശങ്ങൾ സൃഷ്ടിക്കുന്ന അന്ധകാരത്തിൽ തപ്പിത്തടവി ജീവിക്കുന്നലോകം സഹകരണത്തിന്റെ ജീവദായകമായ പ്രകാശത്തെ കണ്ടുപിടിക്കേണ്ടി ഇരിക്കുന്നു. സമാധാനവും, സന്തോഷവും, സംതൃപ്തിയും, സമത്വവും, സംഹോദര്യവും, സ്വാതന്ത്ര്യവും സമാഗതമാക്കുവാൻ, സാഹസപ്പെടുന്ന, സഹകാരികളുടെ സവിശേഷമായ സേവനങ്ങൾ കൊണ്ടും സഹകരണ പ്രസ്ഥാനത്തിന്റെ സാക്ഷാത്തായ ഗുണപൗഷ്കല്യംകൊണ്ടും മാത്രമേ സാധാരണക്കാരന്റെ സാമ്പത്തിക പരാധീനതകൾ അവസാനിക്കു."

അംഗങ്ങളുടെ സാമ്പത്തികമായ ഉന്നമനത്തിനായി തുല്യമായ അവകാശങ്ങളോടും ബാദ്ധ്യതകളോടുംകൂടി സ്വമേധയാ ഒന്നിച്ചുചേരുന്ന ഒരു സംഘടനയെന്നോ മറ്റോ സഹകരണത്തെ നിർവചിക്കാം. രാഷ്ട്രീയ സ്വാതന്ത്ര്യത്തോളമോ, അതിൽ കൂടുതലോ പ്രാധാന്യം അർഹിക്കുന്നതാണു സാമ്പത്തിക സ്വാതന്ത്ര്യം ഭാരതത്തിനു സ്വാതന്ത്ര്യം ലഭിച്ചിട്ട് സുദീർഘങ്ങളായ സംവത്സരങ്ങൾ കടന്നുപോയി എങ്കിലും, ഇനിയും അവർ സാമ്പത്തികമായി സ്വതന്ത്രരായിട്ടില്ല. ഭാരതീയർക്ക് സാമ്പത്തികസ്വാതന്ത്ര്യം പ്രദാനം ചെയ്യുവാൻ ശക്തിയുള്ള ഏക പ്രസ്ഥാനമാണ് സഹകരണം. ലോകത്തിന്റെ സാമ്പത്തികവൈഷമ്യങ്ങളെ എല്ലാം പരിഹരിക്കാൻ ഉതകുന്ന ഒററ മൂലികയാണ് സഹകരണമെന്ന് സഹകാരികൾ അഭിമാനിക്കുന്നു.

സഹകരണം ഒരു പ്രസ്ഥാനമായി ആദ്യം സ്വീകരിക്ക

പ്പെട്ടതു് ഇംഗ്ളണ്ടിലാണു്. മററു രാജ്യങ്ങളിൽ സഹകരണപ്രസ്ഥാനം സമാരംഭിതമായതും, വളൎന്നുവന്നതും ഇംഗ്ളണ്ടിലെ പ്രസ്ഥാനം നൽകിയ പ്രേരണയും പ്രചോദനവുംമൂലം ആണെന്നു പറയപ്പെടുന്നു. ഇംഗ്ളണ്ടിൽ സഹകരണപ്രസ്ഥാനത്തിനു് ബീജാവാപം ചെയ്തതു്, അവിടെ നടന്ന വ്യവസായവിപ്ലവം ആണു്. ഈ വ്യവസായ വിപ്ലവത്തോടുകൂടിയാണു് ഒരു തൊഴിലാളിസമുദായം ഇംഗ്ളണ്ടിൽ ഉണ്ടായതു്. മദ്ധ്യയുഗത്തിലെ ദുരാചാരങ്ങളിൽ നിന്നും, ദുഷിച്ച നടപടിക്രമങ്ങളിൽനിന്നും, കുറെയെല്ലാം സ്വതന്ത്രരായിരുന്നു ഈ തൊഴിലാളിവൎഗ്ഗം എന്നിരുന്നാലും അവരുടെ സാമ്പത്തിക നില തീൎത്തും മോശമായിരുന്നു. തൊഴിലാളികൾ സ്വതന്ത്രരായി — പക്ഷെ, ആ സ്വാതന്ത്ര്യം സുരക്ഷിതമാക്കുവാൻമാത്രം ശക്തി ആ തൊഴിലാളിവർഗ്ഗത്തിനു് ഉണ്ടായിരുന്നില്ല. 1824-ൽ മാത്രമാണു് തൊഴിലാളികൾക്കു് സംഘം ചേരുവാനുള്ള അനുവാദം ലഭിച്ചതു്. അന്നുമുതൽ സഹകരണപ്രസ്ഥാനവും ആരംഭിക്കുന്നു.

ഈ അവസരത്തിലിണു് സഹകാരികൾ ഇന്നും ആരാധനാ നിർഭരമായ ഹൃദയത്തോടുകൂടിമാത്രം സ്മരിക്കുന്ന റോബർട്ടു് ഓവൻ രംഗത്തു വന്നതു്. സഹകരണത്തിൻെറ പിതാവു് എന്ന അപരനാമത്താലാണു് ഓവൻ സാധാരണ അറിയപ്പെടുന്നതു്. ശരിയായി സംഘടിക്കാമെങ്കിൽ സ്വയം നന്നാകുവാനും വ്യവസായത്തിൻെറ നിയന്ത്രണം കൈക്കലാക്കുവാനും തൊഴിലാളികൾക്കു കഴിയുമെന്നു് ഓവൻ വിശ്വസിച്ചു. അയാളുടെ വിശ്വാസം ശരിയാണെന്നു് അയാൾ പ്രായോഗികമായി പ്രത്യക്ഷപ്പെടുത്തി. സംതൃപ്തമായ ഒരു തൊഴിലാളി വൎഗ്ഗം മുതലാളിക്കുപോലും, അനുഗ്രഹപ്രദമാണെന്നു് ഓവൻ പഠിപ്പിച്ചു. എന്നാൽ അദ്ദേഹത്തിൻെറ നിർദ്ദേശങ്ങൾ അന്നത്തെ ഇംഗ്ലണ്ടിൽ കേവലം വനരോദനങ്ങളായിരുന്നു. 1858ൽ

അദ്ദേഹം മരിച്ചപ്പോഠം താൻ ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്ന കാര്യങ്ങഠം ഒന്നുപോലും നടപ്പിൽ വന്നിരുന്നില്ല. തൻെറ മോഹനസ്വപ്നങ്ങഠം എല്ലാംതന്നെ ഒന്നൊന്നായി പരാജയപ്പെടുന്നതും, തൻെറ ആദർശങ്ങഠം തന്നെ അധിക്ഷിപ്തമാവുന്നതും കണ്ടുകൊണ്ടാണ് ഓവൻ മരിച്ചതു്. എന്നാൽ അദ്ദേഹത്തിൻെറ മരണശേഷം അദ്ദേഹം ബീജാവാപം ചെയ്ത ആദർശങ്ങഠം, പഠിപ്പിച്ച തത്വങ്ങഠം, കാണിച്ചുകൊടുത്ത സഹകരണമാർഗ്ഗങ്ങഠം, തലമുറതലമുറയായി അനുസ്മരിക്കപ്പെട്ടും, കൂടുതൽകൂടുതൽ മഹനീയങ്ങളായ പ്രവർത്തനങ്ങഠംക്കുള്ള പ്രചോദനങ്ങഠം ആയിട്ടും ഇന്നും സഹകാരികളുടെ ഹൃദയക്ഷേത്രങ്ങളിൽ സ്ഥലം പിടിച്ചിട്ടുണ്ടു്.

ഇംഗ്ലണ്ടിൽ ആദ്യമായി ഒരു സഹകരണസംഘം സ്ഥാപിച്ചതു് റോഷസയിൽ എന്ന ഗ്രാമത്തിലെ 28 നെയ്ത്തുകാരാണ്. അവരുടെ ദൈനംദിന ആവശ്യങ്ങഠംക്കുവേണ്ട സാധനങ്ങഠം, അവരുടെ കഴിവുകഠം എല്ലാംകൂടി സംയോജിപ്പിച്ചു സംഭരിക്കുവാനും, ആവശ്യാനുസരണം അവരുടെ ഇടയിൽ വിതരണം ചെയ്യുവാനും ആയിട്ടാണ് ആ സംഘം സ്ഥാപിച്ചതു്. ക്രമേണ വളന്നുവന്ന ഈ സംഘം മററു സംഘങ്ങഠം സ്ഥാപിക്കുന്ന കാര്യത്തിൽ നേതൃത്വം നൽകി പ്രവത്തിച്ചു.

സംഘങ്ങളിൽകൂടി തൊഴിലാളികളുടെ സ്വന്തമായ ഉല്പാദനസംരംഭങ്ങളും കുറെയെല്ലാം വിജയപൂർവം നടന്നുവന്നു. ‚സ്വയം ഭരിക്കപ്പെടുന്ന പണിപ്പുരകഠം' (Self-governing work shops) പല സാമ്പത്തിക ശാസ്ത്രജ്ഞന്മാരുടേയും മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായി. ജോൺ സ്റ്റുവാർട്ട് മിൽ എഴുതി: "നാളിതുവരെ തൊഴിലാളിപ്രവത്തനം രണ്ടു മാർഗ്ഗങ്ങളിൽകൂടി മാത്രം നടന്നിരുന്നു. അവൻെറ പരിമിതമായ കഴിവുകഠം ഉപയോഗിച്ചു്, അനുകൂലമല്ലാത്ത സാഹചര്യങ്ങ

ളിൽ തനിക്കുവേണ്ടി താൻതന്നെ ജോലിചെയ്തു കഷ്ടിച്ചു ജീവിക്കുക. മറെറാന്നു്, കഷ്ടപ്പെട്ടു പണിയെടുത്തു മുതലാളിയുടെ മടിശീല വീർപ്പിക്കുക; എന്നാൽ ഇപ്പോഠം ഉല്പാദകരെ പണിക്കാരെന്നും, മുതലാളികളെന്നും രണ്ടായി തിരിക്കാതെ, സംയുക്തപ്രവർത്തനത്തിൻെറ ഫലമായി മുതലാളിയുടെ സഹായം കൂടാതെ പ്രവർത്തിക്കുവാൻ തൊഴിലാളിക്കു കഴിയുന്നു." സ്വയംഭരിക്കപ്പെടുന്ന വ്യവസായശാലകളിൽക്കൂടി ഉല്പാദനം വർദ്ധിപ്പിക്കാമെന്നും സമത്വസുന്ദരമായ ഒരു സാമ്പത്തികവ്യവസ്ഥിതി കെട്ടിഉയർത്താമെന്നും മില്ലും മററും ആശിച്ചു വിശ്വസിച്ചു. പക്ഷെ, അവരുടെ പ്രവർത്തനങ്ങളും പരാജയമടയുകയാണു ചെയ്തതു്.

സഹകരണപ്രസ്ഥാനം ജീവിതത്തിലെ ഓരോ വിഭാഗത്തിലും പ്രവേശിച്ചു്, എല്ലാവരുടേയും എല്ലാ ആവശ്യങ്ങളും നിർവഹിച്ചു കൊടുക്കാനുള്ള ഒരു എളുപ്പമാർഗ്ഗമായി ഇംഗ്ലണ്ടിൽനിന്നും സഹകരണപ്രസ്ഥാനം മററു രാജ്യങ്ങളിലേയ്ക്കും വ്യാപിക്കുവാൻ തുടങ്ങി. അസംസ്കൃതസാധനങ്ങഠം വാങ്ങിക്കുക, കാർഷികവിഭവങ്ങളുടെ ഉല്പാദനം, ക്രയവിക്രയം ആദിയായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക, അംഗങ്ങളുടെ സാമ്പത്തിക ആവശ്യങ്ങളിൽ അവരെ സഹായിക്കുക, മൃഗസംരക്ഷണകേന്ദ്രങ്ങഠം സ്ഥാപിക്കുക, ആതുരാലയങ്ങഠം നടത്തുക തുടങ്ങിയ ബഹുവിധങ്ങളായ പ്രവർത്തനവീഥികളിൽക്കൂടി പ്രവർത്തിച്ചു സഹകരണപ്രസ്ഥാനം, ആ രാജ്യങ്ങളിലെ സാധാരണക്കാരൻെറ ജീവിതത്തോതു് ഉയർത്തുവാൻ വളരെ അധികം പ്രയോജനപ്രദമായിട്ടുണ്ടു്. സഹകരണ പ്രസ്ഥാനത്തിനു ലോകത്തിൽ ലഭിച്ചിട്ടുള്ള സ്ഥാനം അസൂയാവഹമാണെന്നു താഴെ കൊടുത്തിരിക്കുന്ന കണക്കുകഠം തെളിയിക്കുന്നു;

# സഹകാരികളുടെസംഖ്യ.

000 കണക്കിന്

| രാജ്യം | ഉപഭോക്തൃ സംഘം | വ്യവസായ സംഘം | കർഷക സംഘം | മററുള്ളവ | ആകെ | ജനസംഖ്യയുടെ ശതമാനം |
|---|---|---|---|---|---|---|
| യൂറോപ്പ് | 25,328 | 4,453 | 23,289 | 4,278 | 57.348 | 14.3 |
| ഏഷ്യ | 9,622 | 3,472 | 33,718 | 1,662 | 48,474 | 4.2 |
| റഷ്യ | 32,000 | | 20,000 | 2,000 | 54,000 | 3.7 |
| അമേരിക്ക | 2,357 | 2,838 | 8,502 | 5,212 | 18,909 | 6.5 |
| ആഫ്രിക്ക | 269 | | 1,043 | 3 | 1,315 | 0 8 |
| മററസംസ്ഥാനങ്ങൾ | 1 20 | | 293 | 141 | 554 | 5.1 |
| ആകെ | 69,696 | 10,763 | 86,845 | 13,296 | 1,80,600 | |

ഭാരതത്തിൽ സഹകരണപ്രസ്ഥാനത്തിന്റെ വളർച്ചയെപ്പററിയ സാഹചര്യങ്ങൾ ധാരാളം ഉണ്ടായിരുന്നു. നമ്മുടെ പഴയ ഗ്രാമീണപഞ്ചായത്തുകൾ വിവിധോദ്ദേശ സഹകരണസംഘങ്ങളുടെ സ്ഥാനമാണു് വഹിച്ചിരുന്നതു്. എന്നാൽ സ്വയം പര്യാപ്തങ്ങളായിരുന്ന ആ ഗ്രാമങ്ങളുടെ അന്തർദ്ധാനത്തോടുകൂടി പണവ്യാപാരിയുടെ ഭരണം നമ്മുടെ നാട്ടിൻപുറങ്ങളിൽ സ്ഥാപിതമായി. നമ്മുടെ കർഷകനു കടംവാങ്ങൽ ഒരു ആവശ്യമായിരുന്നു. അവനു കടംകൊടുക്കാൻ തയ്യാറായി മുൻപോട്ടുവന്ന പണവ്യാപാരി കർഷകനെ കൊല്ലാതെ കൊന്നു. കർഷകന്റെ കഷ്ടസ്ഥിതിയിൽ അവനെ സഹായിക്കാനായി എന്താണു മാർഗ്ഗം എന്നു ഭരണാധികാരികൾ അന്വേഷിച്ചു. ദീർഘകാലവായ്പകൾ നൽകി കർഷകനെ സഹായിക്കാൻ ശ്രമിച്ചു. 1892-ൽ ഫ്രെഡറിക്ക് നിക്കോസൺ മദ്രാസിലെ സ്ഥിതിഗതികൾ പഠിച്ചതിനുശേഷം എഴുതി "റഫീയസനെ അന്വേഷിക്കുക" എന്നു്. കാർഷികബാങ്കുകൾ സ്ഥാപിക്കുക എന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ഏററവും പ്രധാനപ്പെട്ട ശുപാർശ. ഹിന്ദുക്കളുടെ ഇടയിൽ പ്രചാരത്തിൽ ഇരുന്ന കാസ്റ്റ്സിസ്റ്റം, മുസ്ലീങ്ങളുടെ ഇടയിൽ പ്രചാരത്തിൽഇരുന്ന സാഹോദര്യമനോഭാവം, ദക്ഷിണേന്ത്യയിൽ പ്രവർത്തനം നടത്തിവന്നിരുന്ന നിധികൾ ഇവ എല്ലാം സഹകരണമനോഭാവം ഭാരതീയരുടെ ഇടയിൽ ധാരാളം ഉണ്ടായിരുന്നതായി കാണിക്കുന്നു. 1901-ൽ കാർഷികബാങ്കുകൾ സ്ഥാപിക്കുന്നതിന്റെ സാദ്ധ്യതകളെപ്പററി അന്വേഷിക്കുന്നതിനായി നിയമിച്ച കമ്മററിയുടെ ശുപാർശ അനുസരിച്ച 1904-ൽ ഒരു സഹകരണസംഘആക്ററ പാസാക്കപ്പെട്ടു.

കർഷകരുടെ ഇടയിൽ അവക്കായി അവരാൽത്തന്നെ ഭരിക്കപ്പെടുന്ന സംഘടനകൾ രൂപീകരിക്കുവാനും, ആ സംഘടനകളിൽക്കൂടി സാധാരണക്കാരന്റെ സാധാരണ സമ്പ

ത്തികആവശ്യങ്ങൾ സാധിച്ചുകൊടുക്കാനും ആയിരുന്നു ഗവ ൺമെൻറിൻെറ ഉദ്ദേശം. ഒരു സംഘത്തിലെ അംഗങ്ങൾഎല്ലാം ഒരു ഗ്രാമത്തിൽ താമസിക്കുന്നവരും തമ്മിൽതമ്മിൽ പരിചയം ഉള്ളവരും ആയിരിക്കണമെന്നു നിർബന്ധമുണ്ടായിരുന്നു. അം ഗങ്ങളുടെ ബാദ്ധ്യത ക്ലിപ്തപ്പെടുത്തിയിരുന്നില്ല. ഈ ആ ക്ററ് അനുസരിച്ചു രജിസ്റ്റർ ചെയ്യപ്പെടുന്ന സംഘങ്ങളുടെ സാമാന്യമായ നിയന്ത്രണം സഹകരണസംഘങ്ങളുടെ രജി സ്ത്രാറിൽ നിക്ഷിപ്തമായിരിക്കുന്നു.

ഭാരതത്തിൽ സഹകരണസംഘങ്ങൾ പ്രധാനമായും പ്ര വർത്തിച്ചതു് കർഷകൻെറ സാമ്പത്തികാവശ്യങ്ങൾ നിർവഹി ച്ചുകൊടുക്കുന്നതിനായിട്ടാണു്. ഈ അടുത്തകാലത്തായി സഹ കരണപ്രസ്ഥാനം ജീവിതത്തിലെ ഇതര തുറകളിലും പ്രവ ർത്തനം നടത്തുന്നുണ്ടെങ്കിലും അതിൻെറ പ്രധാന ജോലി ഇ പ്പോഴും പഴയതുതന്നെ. ഇന്നും ഭാരതീയൻെറ പുരോഗമന ത്തെ വിഘാതപ്പെടുത്തിക്കൊണ്ടിരിക്കുന്നതു് അവൻെറ ഋണഭാ രമാണു്. പണവ്യാപാരിയുടെ പിടിയിൽ അമർന്നിരിക്കുന്ന കർഷകൻ അവൻെറ എല്ലാ ആദായങ്ങളും, പണവ്യാപാരി യുടെ പണപ്പെട്ടിയിൽ കാണിക്ക ഇടുകയാണു ചെയ്യുന്നതു്. ഉല്പന്നങ്ങൾ വാങ്ങുന്നതും വിൽക്കുന്നതുംകൂടി അയാളിൽകൂടി വേണമെന്നു അയാൾ നിർബന്ധിക്കുമ്പോൾ കാർഷികവിഭ വങ്ങളുടെ ക്രയവിക്രയത്തിനായി സ്ഥാപിതമായിട്ടുള്ള സ ഹകരണ സംഘങ്ങൾഎങ്ങനെ വിജയിക്കാനാണു് സഹകര ണപ്രസ്ഥാനത്തിൻെറ കഴിവുകളിൽ മുഖ്യഭാഗവും, കർഷക ൻെറ സമ്പത്തികാവശ്യങ്ങൾ നിറവേററാൻ ഉപയോഗിക്ക പ്പെടുന്നെങ്കിൽ അതു് ഇന്നത്തെ പരിതഃസ്ഥിതികളിൽ ആ ക്ഷേപാർഹമല്ല. 20 കൊല്ലങ്ങൾക്കു മുൻപു റോയൽ കമ്മീ ഷൻ ഓൺ അഗ്രികൾച്ചർ അഭിപ്രായപ്പെട്ടതു്, പണവ്യാപാ രിയുടെ പിടിയിൽനിന്നും കർഷകൻ പൂർണ്ണമായും സ്വതന്ത്രരാ കുന്നതുവരെ സഹകരണം ആ വിഷയത്തിൽ തന്നെ മുഖ്യമായി

പരിശ്രമിക്കണം എന്നാണ്. ആ അഭിപ്രായം ഇന്നും ശരി യായിട്ടുള്ളതാണെന്ന് അനുഭവം പ്രത്യക്ഷപ്പെടുത്തുന്നു.

ഭാരതത്തിലെ സഹകരണപ്രസ്ഥാനത്തെ മൂന്നു ഘടകങ്ങളായി വിഭജിക്കാം: പ്രാഥമികസംഘങ്ങൾ, സെൻട്രൽ ബാങ്കുകൾ, സാംസ്ഥാനിക ബാങ്കുകൾ എന്ന്. സഹകരണ പ്രസ്ഥാനത്തിൻെറ ജീവനാഡിയാണ് പ്രാഥമികസംഘങ്ങൾ. അവയിൽ കാർഷികവും, അകാർഷികവുമായ സംഘടനകൾ ഉൾപ്പെടുന്നു. ഇവയിൽത്തന്നെ സാമ്പത്തികമായ കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവയും അല്ലാത്തവയും എന്നും രണ്ടായി തരംതിരിക്കാം. വിവിധോദ്ദേശ്യ സഹകരണസംഘങ്ങളും ഇപ്പോൾ ധാരാളമായി പ്രവൎത്തനം നടത്തുന്നുണ്ട്. ഒരു ഗ്രാമത്തിനു് ഒരു സംഘം എന്നുള്ള രീതിയാണ് സ്വീകരിക്കപ്പെട്ടിരിക്കുന്നതു്. ഒരു സംഘത്തിൽ ചുരുങ്ങിയ പക്ഷം 10 അംഗങ്ങൾ എങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. (തിരുവിതാംകൂർ കൊച്ചി നിയമസഭയിൽ അംഗീകാരം ലഭിച്ച സഹകരണസംഘബില്ലിൽ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നിബന്ധനകൾ ചേർത്തിട്ടുണ്ടു്.) ഒരു സംഘത്തിൽ തന്നെ നൂറിൽ കൂടുതൽ അംഗങ്ങൾ ഉണ്ടായിരിക്കുന്നതു്, അതിൻെറ സുകരമായ പ്രവൎത്തനത്തെ വിഘാതപ്പെടുത്തുന്നതായിട്ടാണ് സാധാരണ അനുഭവപ്പെടുന്നതു്. അംഗങ്ങളുടെ ബാദ്ധ്യതകൾ ചിലപ്പോൾ ക്ലിപ്തപ്പെടുത്തിയിരിക്കും. മററു ചിലപ്പോൾ ക്ലിപ്തരഹിതവും ആയിരിക്കും. സംഘങ്ങളുടെ ഭരണം എല്ലാ അംഗങ്ങളെയും ഉൾക്കൊള്ളുന്ന ഒരു ജനറൽ ബോഡിയിലാണ് നിക്ഷിപ്തമായിരിക്കുന്നതു്. ഒരാൾക്കു് ഒരു വോട്ടു് എന്ന തത്വമാണ് ജനറൽബോഡിയുടെ കാര്യാലോചനകളിൽ സ്വീകരിച്ചിരിക്കുന്ന തത്വം. എല്ലാ അംഗങ്ങളുടെയും അവകാശങ്ങൾ തുല്യമായിരിക്കും. യഥാൎത്ഥത്തിൽ ഉള്ള ഒരു സമത്വ മനോഭാവമാണ് അംഗങ്ങളുടെ ഇടയിൽ നിലവിലിരിക്കുന്നതു്. സംഘത്തിൻെറ ദൈനംദിന ഭരണ

കാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിന് ഒരു നിർവാഹകസമിതിയെ ജനറൽബോഡി തിരഞ്ഞെടുക്കുന്നു. ഈ നിർവാഹകസമിതി ജനറൽബോഡിയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് ഭരണം നടത്തേണ്ടതും ജനറൽബോഡിയുടെ വിശ്വാസം നഷ്ടപ്പെട്ടാൽ ഉദ്യോഗത്തിൽനിന്നും വിരമിക്കേണ്ടതും ആണ്.

പ്രാഥമിക സംഘങ്ങൾക്ക് കൈകാര്യം ചെയ്യാനുള്ള പ്രവർത്തന മൂലധനം, അംഗങ്ങളുടെ പ്രവേശനഫീസ് നിക്ഷേപങ്ങൾ, മൂലധനം, കരുതൽധനം തുടങ്ങിയവയാണ്. സെൻട്രൽ ബാങ്കുകളിൽ നിന്നും കുറെയെല്ലാം പണം കടമായും സംഘങ്ങൾക്ക് ലഭിക്കുന്നു. പ്രാഥമിക സംഘങ്ങൾ സാധാരണയായി അംഗങ്ങൾക്കു മാത്രമേ കടം കൊടുക്കാറുള്ളു. നാണയ സംഘങ്ങൾ, അംഗങ്ങളുടെ നാനാവിധങ്ങളായ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ഉതകുന്ന താൽക്കാലികമായ വായ്പകളാണ് അവർക്കു നൽകുന്നതു്. ധനേതരസംഘങ്ങൾ, അംഗങ്ങളുടെ മററ് ആവശ്യങ്ങളിൽ അവരെ, സഹായിക്കുകയും വിഘടിച്ചുനിന്നാൽ ഒരുത്തൎക്കും ശേഖരിക്കുവാൻ കഴിയാത്ത ശക്തി സംഭരിച്ചുകൊടുക്കുകയും ചെയ്യുന്നു.

നാണയസംഘങ്ങൾ താൽക്കാലിക വായ്പകൾ നൽകുമ്പോൾ വ്യവസായ ബാങ്കുകൾ ആവശ്യപ്പെടുന്ന രീതികളിൽ ഉള്ള ഉറപ്പുകൾ സാധാരണ അംഗങ്ങളിൽ നിന്നും കിട്ടുമെന്നു തോന്നുന്നില്ല. അംഗങ്ങളുടെ സത്യസന്ധതയും, ആത്മാൎത്ഥതയും ആണ് അവർക്ക് നൽകുവാൻ കഴിയുന്ന ഏററവും വില കൂടിയ ഈടുകൾ. സഹകരണസംഘങ്ങൾ അംഗങ്ങളിൽനിന്നും വിലപിടിച്ച ഈടുകൾ ആവശ്യപ്പെട്ടുതുടങ്ങിയാൽ, അവയുടെ പ്രവൎത്തനം സഹകരണ ആദർശത്തിൻെറ ശീതളച്ഛായയിൽ നിന്നും. പണവ്യാപാരത്തിൻെറ കൊടയവെയിലിൽ ചെന്നു ചേരുന്നതാണ്: സഹകരണസംഘങ്ങളിൽ നിന്നും പാവപ്പെട്ടവരെ അകററി നിറുത്തുവാൻ ഒരു ശ്രമം ചില ഭാഗങ്ങ

ളിൽനിന്നും ഉണ്ടാകാറുണ്ട്. എന്നാൽ സഹകരണത്തിൻെറ മഹനീയ ആദർശംതന്നെ ശക്തിയില്ലാത്തവരെ സംരക്ഷിക്കുക എന്നുള്ളതാണ്. പാവപ്പെട്ടവനെ സഹായിക്കുവാൻ സഹകരണത്തിനു് കഴിയുന്നില്ലെങ്കിൽ, സഹകരണ പ്രസ്ഥാനത്തിൻെറ ആവശ്യമേ ഇല്ല. സാധാരണക്കാരനെ സഹായിക്കുവാൻ സഹകരണത്തിനു സാദ്ധ്യമല്ലെങ്കിൽ സഹകരണ പ്രസ്ഥാനംതന്നെ അർത്ഥശൂന്യമാകുന്നു. വേലചെയ്യുന്നതിനുള്ള ശേഷിയും, സത്യസന്ധതയും, ഈടായിസ്വീകരിക്കണം. ഒരു മനുഷ്യനു അസന്മാർഗ്ഗിക മാർഗ്ഗങ്ങളിൽ കൂടി അല്ലാതെ അവനേയും അവൻെറ കുടുംബത്തെയും സംരക്ഷിക്കുവാൻ കഴിയുന്നെങ്കിൽ അതുതന്നെ അവൻെറ പ്രവർത്തനശക്തിയെ പ്രസ്പഷ്ടമാക്കുന്നു. നമ്മുടെ സാധാരണക്കാരനെ വിശ്വസിക്കുവാൻ നമുക്കു കഴിയുന്നില്ലെങ്കിൽ അവൻെറ ആത്മാർത്ഥതയ്ക്കു് വില നൽകാൻ സാദ്ധ്യമല്ലെങ്കിൽ, വിലപിടിച്ച ഈടിന്മേൽമാത്രമേ സഹകരണസംഘങ്ങൾക്കു് കടം നൽകുവാൻ കഴിയുന്നുള്ളു എങ്കിൽ പണവ്യാപാരിയുടെ ഉണ്ടിയൽക്കടയും സഹകരണ സംഘവുംതമ്മിൽഎന്തുവ്യത്യാസമാണുള്ളതു്? സാധാരണക്കാരനെ വിശ്വസിക്കുവാൻ കഴിയുന്നില്ലെങ്കിൽ സാധാരണക്കാരുടെ സംഘടനയായ സഹകരണത്തിൻെറ ഭാവിയിൽ വിശ്വസിക്കുന്നതെങ്ങിനെ?

സഹകരണപ്രസ്ഥാനത്തിൻെറ ജയാപജയങ്ങൾ നിശ്ചയിക്കുന്നതു് പ്രാഥമിക സംഘങ്ങളുടെ പ്രവർത്തനങ്ങളാണു്. സഹകരണപ്രസ്ഥാനം വിജയിക്കണമെങ്കിൽ, ഓരോ പ്രാഥമികസംഘങ്ങളുടേയും പ്രവർത്തനം വിജയപ്രദമായിരിക്കണം. മാത്രമല്ല, അവയുടെ ഓരോപ്രവൃത്തിയും, സഹകരണത്തിൻെറ മഹനീയ ആദർശങ്ങളിൽ അധിഷ്ഠിതവും ആയിരിക്കണം. ഇന്നു് ഭാരതത്തിൽ ആകെക്കൂടി 1,73,094 പ്രാഥമിക സംഘങ്ങൾ പ്രവർത്തനം നടത്തുന്നുണ്ടു്. ഈ സംഘങ്ങളിൽക്കൂടെയായി ഏകദേശം 1,26,00,000 അംഗങ്ങളും 233 കോടി രൂപാ

പ്രവർത്തന മൂലധനവും 1950-ൽ ഉണ്ടായിരുന്നതായി റിസർവ് ബാങ്കിൽനിന്നും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു കണക്കിൽ കാണുന്നു.

പ്രാഥമിക സംഘങ്ങളേയും സെൻട്രൽബാങ്കുകളേയും തമ്മിൽ ബന്ധിപ്പിക്കുകയും പ്രാഥമിക സംഘങ്ങളുടെ പ്രവർത്തനങ്ങളെ പരിശോധിക്കുകയും ആവശ്യാനുസരണംവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്ന ഘടകങ്ങളാണ് സഹകരണഐക്യസംഘങ്ങൾ. ഓരോ യൂണിയൻെറയും പ്രവർത്തനപരിധിക്കുള്ളിൽ പത്തും ഇരുപതും പ്രാഥമികസംഘങ്ങൾ ഉൾപ്പെടുന്നു. ഈ യൂണിയനിൽനിന്നും നിയമിതനാകുന്ന ഒരു സൂപ്പർവൈസർ ഓരോ പ്രാഥമിക സംഘങ്ങളും പരിശോധിച്ച് അവയുടെ പ്രവർത്തനം സംബന്ധിച്ചു വേണ്ട ഉപദേശങ്ങൾ നല്കുന്നു. വിവിധസംഘങ്ങൾ നല്കുന്ന സംഭാവനകൾ ശേഖരിച്ചാണ് യൂണിയൻ അതിൻെറ പ്രവർത്തനചെലവുകൾ നിർവഹിക്കുന്നതു്,

പ്രാഥമിക സംഘങ്ങൾക്ക് ആവശ്യമുള്ള പ്രവർത്തന മൂലധനം അതതു സ്ഥലങ്ങളിൽനിന്നും ലഭിക്കുന്ന നിക്ഷേപങ്ങൾ, അംഗങ്ങളുടെ മൂലധനം, പ്രവേശന ഫീസ് തുടങ്ങിയവയാണ്. എന്നാൽ മിക്ക സംഘങ്ങൾക്കും ഈ വിധത്തിൽ ലഭിക്കുന്ന മൂലധനം തീർത്തും അപര്യാപ്തമായിരിക്കും. പ്രാഥമിക സംഘങ്ങളെ സാമ്പത്തികമായി സഹായിക്കാനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണ് സെൻട്രൽബാങ്കുകൾ. മിക്കവാറും മററു ജോയിൻറ്സ്റ്റാക്കുബാങ്കുകളെപ്പോലെ പ്രവർത്തനംനടത്തുന്ന ഓരോ സെൻട്രൽ ബാങ്കുകൾ ഓരോതാലൂക്കിലും സ്ഥാപിതമാകുന്നു. ഓരോ സെൻട്രൽബാങ്കും അതിൻെറഅധികാരപരിധിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ പ്രവർത്തനം നടത്തുന്ന പ്രാഥമികസംഘങ്ങൾക്കു പണം കടം നൽകുന്നു. ഈ ബാങ്കുകളിലെ അംഗത്വം ചിലപ്പോൾ സംഘങ്ങൾക്കുമാത്രമായിനിയന്ത്രിച്ചിരിക്കും. മററു ചിലപ്പോൾ വ്യക്തികളേയും അംഗങ്ങളായി

സ്വീകരിച്ചു എന്നുവരാം. സഹകരണ കേന്ദ്രബാങ്കുകൾ മററു ബാങ്കുകളെപ്പോലെ വ്യക്തികളിൽനിന്നു നിക്ഷേപങ്ങൾ സ്വീകരിക്കുന്നുണ്ടെങ്കിലും സാധാരണ അംഗങ്ങൾക്കുമാത്രമേ പണം കടം കൊടുക്കാറുള്ളു. സംഘങ്ങൾ പ്രതിവർഷം, അവയുടെ ആദായത്തിൽ ഒരു വീതം കരുതൽ ധനമായി നീക്കിവെയ്ക്കുകയും ആ തുക കേന്ദ്രബാങ്കിൽ നിക്ഷേപിക്കുകയും ചെയ്യണമെന്നു നിയമമുണ്ട്. പ്രാഥമിക സംഘങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിൽ മാത്രമല്ല സാധാരണ ബാങ്കിങ്ങ് ഇടപാടുകളിലും പല സെൻട്രൽ ബാങ്കുകളും ഏർപ്പെടുന്നുണ്ട്. ഇന്നു ഇൻഡ്യയിൽ സാമാന്യം നല്ലനിലയിൽ 450 ഓളം കേന്ദ്രബാങ്കുകൾ പ്രവർത്തനം നടത്തുന്നു. ഈ ബാങ്കുകൾക്കു കുറെ വർഷങ്ങളായി ഉണ്ടായിട്ടുള്ള പുരാഗമനം സെപ്തമ്പർ 3-ാം തീയതിയിലെ കോമേഴ്സിൽ കൊടുത്തിരിക്കുന്ന ഒരു പട്ടികയിൽ നിന്നു മനസ്സിലാക്കാം:

## സെൻട്രൽ ബാങ്കുകളുടെ പ്രവർത്തനം

| വർഷം | എണ്ണം | അംഗങ്ങൾ: സംഘങ്ങളും വ്യക്തികളും | പ്രവർത്തന മൂലധനം കോടി രൂ | ആദായം കോടി രൂ. |
|---|---|---|---|---|
| 1939 | 594 | 1,77,453 | 29.42 | 0.39 |
| 1945 | 602 | 2,00,325 | 39 82 | 0.53 |
| 1946 | 601 | 1,98,517 | 45.07 | 0.54 |
| 1947 | 446 | 1,52,457 | 38.57 | 0.34 |
| 1948 | 448 | 1,59,772 | 40.22 | 0.36 |

(1947-ൽ ഇന്ത്യ വിഭജിക്കപ്പെട്ടു എന്ന വസ്തുത സ്മരണീയമാണു്)

സെൻട്രൽ ബാങ്കുകൾക്കു വേണ്ട ധനസഹായം നൽകുന്നതിനായി സാംസ്ഥാനിക സഹകരണബാങ്കുകൾ സ്ഥാപിത

മായിരിക്കുന്നു. സംസ്ഥാനിക ബാങ്കുകളാണ് സെൻട്രൽ ബാങ്കുകൾക്കുവേണ്ട ധനസഹായം നൽകുന്നത്. സംസ്ഥാനിക ബാങ്കുകളിലും, സഹകരണ സംഘങ്ങളും, വ്യക്തികളും അംഗങ്ങളായിട്ടുണ്ട്. ബംഗാളിലും, പഞ്ചാബിലും പ്രവർത്തനം നടത്തിയിരുന്ന സാംസ്ഥാനികബാങ്കുകളിൽ സംഘങ്ങൾമാത്രമേ അംഗങ്ങളായി ഉണ്ടായിരുന്നൊള്ളു. സാംസ്ഥാനിക ബാങ്കുകൾ സെൻട്രൽ ബാങ്കുകൾക്ക് പണം കടം നൽകുന്നതോടൊപ്പം, അവയുടെ പ്രവർത്തനങ്ങളെ സാമാന്യമായി നിയന്ത്രിക്കുകയും ചെയ്യുന്നു. ഭാരതത്തിലെ വിവിധ സാംസ്ഥാനിക ബാങ്കുകളെയും പ്രതിനിധീകരിക്കുന്ന ഒരു അഖിലഭാരത കേന്ദ്രബാങ്കിന്റെ ആവശ്യത്തെപ്പററി മക്ലാഗൻ കമ്മററി അഭിപ്രായപ്പെട്ടിരുന്നു എന്നാൽ, 1935-ൽ പ്രത്യേകമായ കാർഷികവകുപ്പോടുകൂടി റിസർവ് ബാങ്ക് സ്ഥാപിതമായപ്പോൾ അപ്രകാരം ഒരു സ്ഥാപനത്തിന്റെ ആവശ്യം ഇല്ലാതായിത്തീർന്നു.

സാംസ്ഥാനികബാങ്കുകൾ ഇന്ന് ഭാരതത്തിലെ എല്ലാ പ്രവിശ്യകളിലുംപ്രവർത്തനം നടത്തുന്നുണ്ട്. അവയ്ക്ക് ഇന്ന് സഹകരണപ്രസ്ഥാനത്തെ നിയന്ത്രിക്കുന്നതിനുള്ള ശക്തിയും സാധ്യതയും ഉണ്ട്. വളരെ ക്രമീകൃതവും, അനുകരണീയവുമായ ഒരു പുരോഗമനമാണു സഹകരണപ്രവിശ്യാ ബാങ്കുകൾക്ക് ഭാരതത്തിൽ ഉണ്ടായിട്ടുള്ളതെന്നു താഴെക്കൊടുത്തിരിക്കുന്ന കണക്കുകൾ പ്രത്യക്ഷപ്പെടുത്തുന്നു. വിവിധവർഷങ്ങളിലെ സ്ഥിതിഗതികളെപ്പററി താരതമ്യപ്പെടുത്തുമ്പോൾ 1947 ൽ നടന്ന ഇന്ത്യയുടെ വിഭജനം പ്രത്യേകം സ്മരണീയമാണ്. (180-ാമത്തെ പേജ് നോക്കുക.)

അങ്ങനെ ഭാരതത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ കഴിഞ്ഞ അരശതാബ്ദക്കാലത്തെ ചരിത്രം വെളിപ്പെടുത്തുന്നതു ഭാരതത്തിൽ സഹകരണപ്രസ്ഥാനത്തിന് മഹനീ

## പ്രവിശ്യാസഹകരണബാങ്കുകളുടെ പ്രവർത്തനം

| വർഷം | എണ്ണം | അംഗങ്ങൾ: സംഘങ്ങളും വ്യക്തികളും | പ്രവർത്തന മൂലധനം കോടി രൂപാ | അററ ആദായം കോടി രൂപാ |
|---|---|---|---|---|
| 1939 | 10 | 23,276 | 12.85 | 0.11 |
| 1945 | 11 | 26,014 | 20.58 | 0.14 |
| 1946 | 13 | 27,785 | 24.90 | 0.14 |
| 1947 | 11 | 14,379 | 21.98 | 0.14 |
| 1948 | 11 | 15,013 | 21.05 | 0.17 |

(വി. ശിവരാമൻ "കോമേഴ്സ്" 2–9–1950)

യമായ ഒരു സ്ഥാനം ലഭിച്ചുകഴിഞ്ഞു എന്നാണ്. പ്രാഥമികസംഘങ്ങളിൽകൂടി കേന്ദ്രബാങ്കുകളുടേയും സഹായത്തോടുകൂടി സഹകരണപ്രസ്ഥാനം ഭാരതത്തിലെ അനേകലക്ഷങ്ങളെ സഹായിക്കുന്നുണ്ട്. ഇന്നു പ്രവിശ്യാബാങ്കുകളുടേയും സഹകരണസംഘങ്ങളിൽ ഒരു നല്ലവിഭാഗവും പണം കടംകൊടുക്കുന്നഘടകങ്ങളായിട്ടാണു പ്രവൎത്തിക്കുന്നതു്: 1948-ൽ റിസർവ് ബാങ്കിൻെറ കാർഷികവകുപ്പിൽ നിന്നും പ്രസിദ്ധപ്പെടുത്തിയ റവ്യൂവിൽ ഇപ്രകാരം കാണുന്നു: "കഴിഞ്ഞ ലോകമഹായുദ്ധം സഹകരണപ്രസ്ഥാനത്തിനു ചെയ്തുകൊടുത്ത ഒരു മഹനീയസേവനം ആ പ്രസ്ഥാനത്തെ പണവ്യാപാരിയുടെ എതിരാളി എന്നുള്ള നിലയിൽനിന്നു് ജനങ്ങളുടെ വിവിധആവശ്യങ്ങളിൽ അവരെ സഹായിക്കുന്ന ഒരു പ്രസ്ഥാനമായി രൂപാന്തരപ്പെടുത്തുവാൻ കഴിഞ്ഞു എന്നുള്ളതാണ്." കഴിഞ്ഞ മഹായുദ്ധം ഇപ്രകാരമുള്ള ഒരു പരിവൎത്തനം സഹകരണപ്രസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ടെങ്കിലും, ഇന്നും സഹകരണപ്രസ്ഥാനം പ്രധാനമായും ഗ്രാമീണൻെറയും തൊഴിലാളികളുടേയും താൽക്കാലിക സാമ്പത്തിക ആവശ്യങ്ങൾ നിർവഹിച്ചുകൊടുക്കുന്നതിലാണു കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നതു്, വിവിധോദ്ദേശസഹകരണസംഘങ്ങൾ അങ്ങിങ്ങായി സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവയും, മുഖ്യമായി നാട്ടുബാങ്കരുടെ ജോലിയാണ് ചെയ്യുന്നതു്. ഈ വർഷത്തിൽ റിസർവ് ബാങ്കിൽനിന്നും പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന കണക്കുകളും ഈ അഭിപ്രായത്തെയാണ് ശരിവയ്ക്കുന്നതു്. ആ കണക്കുകളിൽനിന്നും സഹകരണപ്രസ്ഥാനത്തിലെ വിവിധ ഘടകങ്ങളുടെ സാമ്പത്തികവും, മററു വിധത്തിലും ഉള്ള സ്ഥാനം നമുക്ക് മനസ്സിലാക്കാം. (182-ാമത്തെ പേജ് നോക്കുക)

സംഘങ്ങളുടെ എണ്ണവും, അവയുടെ പ്രവൎത്തനമൂലധനവും മററും പരിശോധിച്ചാൽ ഭാരതത്തിലെ സഹകരണപ്രസ്ഥാനത്തിൻെറ കഴിഞ്ഞ 45 വർഷത്തെ ചരിത്രം ആശാ

## റിസർവ് ബാങ്കിൽനിന്നും പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന കണക്കുകൾ
## 1947—1948

| സ്ഥാപനങ്ങൾ | എണ്ണം. | അംഗങ്ങൾ | പ്രവർത്തനമൂലധനം. | ലാഭം. |
|---|---|---|---|---|
| സാംസ്ഥാനിക ബാങ്കുകളും കേന്ദ്രബാങ്കുകളും | 480 | 1,82,000 | 65,96,00,000 | 56,77,704 |
| കർഷക പ്രാഥമിക സംഘങ്ങൾ | 1,25,607 | 62,16,000 | 34,70,00,000 | 1,15,00,289 |
| അകാർഷിക പ്രാഥമിക സംഘങ്ങൾ | 22,920 | 36,31,000 | 60,77,00,000 | 2,02,33,616 |
| ഭൂസ്വത്തു ജാമ്യബാങ്കുകൾ പ്രാഥമികവും സെൻട്രലും | 277 | 1,58,194 | 9,64,00,000 | 4,33,266 |

വഹമായ ഒരു ഭാവിയെ സൂചിപ്പിക്കുന്നതുപോലെ തോന്നും. സാധാരണക്കാരന്റെ ജീവിതത്തോതിനെ ഉയർത്തുവാനുള്ള സഹകരണപ്രസ്ഥാനത്തിന്റെ പ്രഥമവും പ്രധാനവുമായ കർത്തവ്യനിർവഹണത്തിൽ ഈ പ്രസ്ഥാനം പൂർണ്ണമായും പരാജയപ്പെട്ടിട്ടില്ലെങ്കിലും വിജയിച്ചിട്ടില്ല. എല്ലാംകൂടി പരിശോധിച്ചാൽ സഹകരണപ്രസ്ഥാനത്തിന്റെ ഇതുവരെയുള്ള നേട്ടങ്ങൾ കേവലം നിസ്സാരങ്ങൾതന്നെ. ഇന്നത്തെനിലയിലാണ് സഹകരണപ്രസ്ഥാനത്തിന്റെ പുരോഗമനമെങ്കിൽ നാം എല്ലാവരും അത്യാകാംക്ഷയോടെ ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന സഹകരണയോഗക്ഷേമം ചതുപ്പുനിലങ്ങളിൽ രാത്രികാലങ്ങളിൽ കാണപ്പെടാറുള്ള മായാദീപംപോലെ അകന്നകന്നു പൊയ്ക്കൊണ്ടിരിക്കും. അതു് എളുപ്പത്തിൽ സംപ്രാപ്യമാവുകയില്ല:

സഹകരണപ്രസ്ഥാനത്തിന്റെ ഈ കഷ്ടകാലത്തിനു് പല കാരണങ്ങളും ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ടു്. പ്രാഥമിക സംഘങ്ങളുടെ സാമ്പികമായ കഴിവുകേടുകൾ, സഹകരണപ്രസ്ഥാനത്തിൽ ഔദ്യോഗിക ഏജൻസികളുടെ കണക്കിൽ കവിഞ്ഞുള്ള കൈകടത്തൽ സഹകാരികളിൽത്തന്നെ പ്രത്യക്ഷപ്പെടുന്ന സഹകരണത്തെപ്പററിയുള്ള അജ്ഞതയും ആദർശങ്ങൾ അനുസരിച്ചു പ്രവർത്തിക്കുവാനുള്ള കഴിവുകേടുകളും ഈ പ്രസ്ഥാനത്തിന്റെ ശരിയായ പുരോഗമനത്തിനു വിലങ്ങുതടിയായി നില്ക്കുന്നു. സഹകരണസംഘങ്ങളുടെ നിയന്ത്രണവും പരിശോധനയും ഇന്നു ശരിയായി നിഷ്കർഷിക്കപ്പെടുന്നില്ല. അപ്രകാരംതന്നെ, സഹകരണപ്രസ്ഥാനത്തിലെ വിവിധ ഘടകങ്ങൾ തമ്മിൽ സുദൃഢമായ യാതൊരു ബന്ധവും ഇന്നു നിലവിലില്ല. അതിനാൽ അഖിലഭാരതവ്യാപകമായ ഏതെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യുവാനോ നടപ്പിലാക്കാനോ കഴിയാതെവരുന്നു എന്നുമാത്രമല്ല വിവിധഘടക

ങ്ങളുടെ ദൈനംദിന പ്രവൎത്തനങ്ങളിൽ കുറെക്കൂടി ഐക രൂപ്യം വരുത്തേണ്ടതായിട്ടും ഉണ്ടു്.

സഹകരണ ആദർശങ്ങൾ ജനതാമദ്ധ്യത്തിൽ പ്രചരിപ്പിക്കുകയും ആ ആദർശങ്ങളെ പ്രയോഗത്തിൽ വരുത്തുവാൻ കഴിവും, അറിവും, തന്റേടവുംഉള്ള സഹകാരികൾ മുൻപോട്ടു വരികയും ചെയ്താൽ മാത്രമേ സഹകരണപ്രസ്ഥാനംകൊണ്ടു് നാം ഉദ്ദേശിക്കുന്ന ഫലം നമുക്കു ലഭിക്കു. പ്രാഥമിക സംഘങ്ങൾ ദീഘകാലവായ്പകൾ നല്കി അവയുടെ പ്രവർത്തനങ്ങളെ നിർജ്ജീവമാക്കാൻ അനുവദിക്കരുതു്. പിരിഞ്ഞുകിട്ടാത്ത കടങ്ങൾ പ്രാഥമികസംഘങ്ങളെ ശ്വാസംമുട്ടിക്കുന്നു. അതുകൊണ്ടു് ദീർഘകാലവായ്പകൾ നൽകുവാൻ ശക്തിയുള്ള ഭൂസ്വത്തു ജാമ്യബാങ്കുകൾ, പ്രാഥമികസംഘങ്ങൾ ഇപ്പോൾ ത്തന്നെ കൊടുത്തിരിക്കുന്ന ദീർഘകാലവായ്പകൾ ഏറെറടുത്തിരിക്കുന്നതു് നന്നായിരിക്കും. സഹകരണസംഘങ്ങളുടെ പ്രവൎത്തനം കടംകൊടുക്കുകമാത്രം ആയിരിക്കരുതു്. ഓരോ അംഗത്തിലും മിതവ്യയശീലം വളത്തുകയും ഓരോരുത്തരിൽനിന്നും ഓരോ ചെറിയ നിക്ഷേപങ്ങൾ സ്വീകരിക്കുകയും വേണം. പണം കടംകൊടുക്കുന്നതുപോലെതന്നെ പ്രാധാന്യമുള്ളതാണു നിക്ഷേപങ്ങൾ സ്വീകരിക്കുന്നതു്. സെൻട്രൽ ബാങ്കുകളും പ്രവിശ്യാബാങ്കുകളും പ്രാഥമികസംഘങ്ങളുടെ കാൎയ്യത്തിൽ കൂടുതൽ താല്പൎയ്യം പ്രദർശിപ്പിക്കുകയും അവയുടെ പ്രവൎത്തനങ്ങളെ നേരായ മാർഗ്ഗങ്ങളിൽക്കൂടി നയിക്കുവാൻ സഹായിക്കുകയും വേണം. പ്രാഥമികസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാൎയ്യക്ഷമമാക്കുവാൻ ഓരോ സംഘത്തിലും, സഹകരണപ്രസ്ഥാനത്തിൽ പരിശീലനം സിദ്ധിച്ച ഓരോ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതു പ്രത്യേകം സഹായകമാണു്. സംഘങ്ങളുടെ കണക്കുകൾ സൂക്ഷിക്കുന്നതിലും സത്യസന്ധത ഇല്ലാത്ത ഉദ്യോഗസ്ഥന്മാരെ നിയമിക്കാതെ ഇരിക്കു

ന്നതിലും സംഘാംഗങ്ങൾക്കു കൂടുതൽ പരിശീലനം നൽകേണ്ടതാണ്. ഇതിലെല്ലാം ഉപരിയായി ഓരോ സഹകാരിയിലും അവൻ ഒരു മഹത്സന്ദേശത്തിൻെറ ഒരു നൂതന സാമ്പത്തികവ്യവസ്ഥിതിയുടെ പ്രവാചകനും, പ്രചാരകനും ആണെന്നുള്ള ബോദ്ധ്യം ഉണ്ടാവുകയും, ആ ബോദ്ധ്യത്തിൽനിന്നും ഉയരുന്ന കർത്തവ്യബോധത്തിൽ, ആനീതനായി പ്രവർത്തിക്കുകയും ചെയ്യണം. എങ്കിൽമാത്രമേ ചൂഷണരഹിതവും സമതാസുന്ദരവുമായ ഒരു നൂതന വ്യവസ്ഥിതി സഹകരണപ്രസ്ഥാനത്തിൽക്കൂടി, ആവശ്യമില്ലാത്ത കലാപങ്ങളോ കുഴപ്പങ്ങളോ നിണച്ചൊരിച്ചിലോ കൂടാതെ സ്ഥാപിക്കുവാൻ സാദ്ധ്യമാകൂ. ഇന്ന് ഗ്രാമീണ ഇൻഡ്യയെ അഭിമുഖീകരിക്കുന്ന ആയിരം പ്രശ്നങ്ങൾക്ക് ഒരേസമയത്ത് ഉത്തരം നൽകുവാൻ കഴിവുള്ള സഹകരണപ്രസ്ഥാനം പരാജയപ്പെടുക എന്നുവച്ചാൽ അങ്ങിനെ—സംഭവിക്കാതിരിക്കട്ടെ; ഗ്രാമീണ ഇൻഡ്യയുടെ ഏറ്റവും വലിയ ആശാകേന്ദ്രം തകരുക ആയിരിക്കും ചെയ്യുക.

# 14

# മൃഗസമ്പത്ത്

നമ്മുടെ കർഷകൻെറ പ്രവർത്തനങ്ങളിൽ അയാളെ സഹായിക്കുകയും അയാളുടെ വരുമാനമാർഗ്ഗങ്ങളെ വികസിപ്പിക്കുകയും ചെയ്യുന്ന ഒരു സമ്പത്താണ് അവൻ സംരക്ഷിച്ചുപോരുന്ന മൃഗങ്ങൾ. ഭാരതത്തിൻെറ ഇന്നത്തെ മൃഗസമ്പത്ത് അത്യധികം വിപുലമാണ്. ഇന്ന് ഭാരതത്തിൽ

ആകെക്കൂടി എത്ര മൃഗങ്ങൾ സംരക്ഷിക്കപ്പെട്ടുവരുന്നു എന്നുള്ളതിനെപ്പററി സുനിശ്ചിതമായ ഒരു കണക്കും നമുക്ക് ഇതുവരെ ലഭിച്ചിട്ടില്ല. എങ്കിലും ലോകത്തിൽ ആകെക്കൂടി ഉള്ള 6,900 ലക്ഷം, മനുഷ്യൻവളത്തുന്ന മൃഗങ്ങളിൽ 2,150 ലക്ഷം മൃഗങ്ങളും ഭാരതത്തിലാണു ജീവിക്കുന്നതു് എന്നു കണക്കാക്കി ഇരിക്കുന്നു. അതിൽ 360 ലക്ഷം കാലികളും, 400 ലക്ഷം എരുമകളും ഉൾപ്പെടുന്നു. ലോകത്തിൽ മററു് ഒരു രാജ്യവും ഇത്ര വിപുലമായ രീതിയിൽ മൃഗങ്ങളെ പോററിവരുന്നില്ല. മൃഗങ്ങളുടെ എണ്ണത്തെ സംബന്ധിക്കുന്ന ചില കണക്കുകൾ ഗവമ്മെൻറിൻെറ പ്രസിദ്ധീകരണവകുപ്പുകാർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. അതിൽ ഇപ്രകാരം പറയുന്നു:

| | |
|---|---|
| മാടുകൾ | 13,67,39,000 |
| ആടുകൾ | 8,40,30,3000 |
| കുതിരകൾ | 13,98,000 |
| കോവർകഴുതകൾ | 45,000 |
| കഴുതകൾ | 11,34,000 |
| ഒട്ടകങ്ങൾ | 6,56,000 |
| കോഴികൾ | 58,24,000 |

മൃഗങ്ങൾ ഭാരതത്തിലെ കർഷകവൃത്തിയുമായി അഭേദ്യമായി ബന്ധപ്പെട്ടിട്ടുണ്ടു്. രാഷ്ട്രത്തിൻെറ സാമ്പത്തികമായ സുഭിക്ഷതയ്ക്കും മൃഗസമ്പത്തു് വളരെ അധികം സഹായകമാകുന്നുണ്ടു്. ഈ മൃഗങ്ങളെ സംരക്ഷിക്കുന്നതുകൊണ്ടു് നമ്മുടെ കർഷകനു് പല ആനുകൂല്യങ്ങളും ലഭിക്കുന്നു. മിക്ക രാജ്യങ്ങളിലും മൃഗങ്ങളെ വളത്തുന്നതു് അവയുടെ മാംസവും പാലും ഭക്ഷണമായി ഉപയോഗിക്കുന്നതിനാണു്. എന്നാൽ ഭാരതത്തിൽ അവയെക്കൊണ്ടു വേറെയും പല ഉപകാരങ്ങൾ ഉണ്ടു്. ഭൂമി ഉഴുന്നതിനും, ജലസേചനത്തിൽ കർഷകനെ സഹായിക്കുന്നതിനും, സാധനങ്ങൾ ഒരു സ്ഥലത്തുനിന്നു മറെറാരു

സ്ഥലത്തേയ്ക്കു കൊണ്ടുപോകുന്നതിനും, ഈ മൃഗങ്ങൾ ഉപകരിക്കുന്നു. ഇന്നു ഭാരതത്തിൽ ആകെ 45,000 മൈൽ ദീർഘത്തിൽ മാത്രം റെയിൽവേ പാതയും, 60,000 മൈൽ ദീർഘത്തിൽ നല്ല റോഡുകളും ഉണ്ടു്. എന്നാൽ 15 ലക്ഷം ചതുരശ്രമൈൽ വിസ്തീർണ്ണവും 7 ലക്ഷം ഗ്രാമങ്ങളുമുള്ള ഭാരതത്തിൽ ഈ ഗതാഗതസൗകര്യങ്ങൾ തീർത്തും അപര്യാപ്തമാണു്. ഇതിൽനിന്നും മൃഗങ്ങളുടെ സഹായത്തോടുകൂടി നിർവഹിക്കപ്പെടുന്ന ഗതാഗതങ്ങളുടെ തോതു നിർണ്ണയിക്കാം. നമ്മുടെ കൃഷിസ്ഥലങ്ങളെ പുഷ്ടിപ്പെടുത്തുന്ന ചാണകം നമ്മുടെ ആഹാരസാധനങ്ങൾക്കു് രുചിയും ഗുണവും വർദ്ധിപ്പിക്കുന്ന പാലു്, മോരു്, തൈരു്, വെണ്ണ, നെയ്യു് തുടങ്ങിയവയും മൃഗങ്ങളിൽ നിന്നുമാണു് നമുക്കു ലഭിക്കുന്നതു്. "മൃഗങ്ങളുടെ അഭാവത്തിൽ പാടങ്ങൾ കൃഷിയില്ലാതെയും വളക്കുഴികൾ ശൂന്യമായും ഉപേക്ഷിക്കേണ്ടിവരും. ഭൂരിപക്ഷം സസ്യഭുക്കുകളായ ഭാരതീയരുടെ ഭക്ഷണം തീർത്തും ദരിദ്രമായിത്തീരുകയും ചെയ്യും." (എം. എൽ. ഡാർളിങ്ങ്)

മൃഗങ്ങൾ ഭാരതത്തിന്റെ ദേശീയസമ്പത്തിനെ എത്രമാത്രം വർദ്ധിപ്പിക്കുന്നു എന്നുള്ളതു ചിന്തനീയമാണു്. മൃഗങ്ങളിൽനിന്നും ലഭിക്കുന്ന ആദായത്തിൽ സിംഹഭാഗവും, മൃഗങ്ങളുടെ ഉടമസ്ഥൻതന്നെ ഉപയോഗിക്കുന്നതിനാൽ അവയുടെ ശരിയായിട്ടുള്ള വില ഇത്ര എന്നു ക്ലിപ്തപ്പെടുത്തുവാൻ പ്രയാസമായിട്ടാണു് ഇരിക്കുന്നതു്. അതുപോലെതന്നെ കൃഷിഭൂമികളിൽ കാലികൾ ചെയ്യുന്ന ജോലിക്കു കൂലി നിശ്ചയിക്കുകയും പ്രയാസമാണു്. ഡാക്ടർ എൻ. സി. റൈററ് ചില കണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ഭാരതത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന പാലും, പാലിനോടനുബന്ധിച്ച മററുവിഭവങ്ങൾക്കുമായിമാത്രം പ്രതിവർഷം 300 കോടി രൂപയും, മൃഗങ്ങളുടെ തോലുകളുടെ കയററുമതിയിൽനിന്നും വേറൊരു 40

ദകോടി രൂപയും രാജ്യത്തിനു ലഭിക്കുന്നു. കാർഷികവിഭവങ്ങളുടെ ആകെവില 2,000 കോടി രൂപാ ആണെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നതു ശരിയാണെങ്കിൽ കർഷകവൃത്തിയുടെ വിജയത്തിനു് ആവശ്യമായ ജോലിയുടെ 20 ശതമാനവും നിർവഹിക്കുന്ന മൃഗങ്ങളാണു് അതിൽ 400 കോടി രൂപയുടെ അവകാശികൾ. ചാണകത്തിനു തന്നെ 270 കോടി രൂപാ വിലവരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. അങ്ങിനെ പ്രതിവർഷം 1,000 കോടി രൂപയോളം ദേശീയ സമ്പാദ്യത്തിലേയ്ക്കു് സമ്പാദിച്ചുകൊടുക്കുവാൻ മൃഗങ്ങൾക്കു കഴിയുന്നുണ്ടെന്നുള്ളതു് നിസ്സാരമായ കാര്യമല്ലല്ലോ.

ഇപ്രകാരം ഭാരതത്തിലെ ദേശീയസമ്പത്തുകളിൽ സുപ്രധാനമായ ഒരു ഭാഗം വഹിക്കുന്ന മൃഗങ്ങളുടെ ഇന്നത്തെ അവസ്ഥ തീത്തും ദയനീയമാണെന്നുള്ളതു് ദയനീയമായ ഒരു പരമാത്ഥം മാത്രമാണു്. നമ്മുടെ കർഷകൻ ദരിദ്രനാണു്. അവൻെറ എല്ലുന്തിയ മാത്തട്ടും വളഞ്ഞ നട്ടെല്ലും നനഞ്ഞ കണ്ണുകളും കുപ്രസിദ്ധി സമ്പാദിച്ചുകഴിഞ്ഞു. അവനെപ്പോലെ തന്നെ അവൻ പോററുന്ന മൃഗങ്ങളും, അർദ്ധപ്പട്ടിണിയാലും, കഠിനാദ്ധ്വാനത്താലും, അർദ്ധപ്രാണരായി ജീവിക്കുന്നു. കർഷകനു് അവൻെറ മൃഗങ്ങളെ ശരിയായി സംരക്ഷിക്കുവാനുള്ള കഴിവു് ഇല്ല. ഉണ്ടെങ്കിൽത്തന്നെ അവനു് അതിനു വേണ്ട അറിവും ഇല്ല. കർഷകൻെറ വീക്ഷണഗതികൾ അവൻെറ അജ്ഞതയാലും കഴിവില്ലായ്മകളാലും, ഇടുങ്ങിയ പരിധിക്കുള്ളിൽ മറഞ്ഞുകഴിയുകയാണു്. കറവപ്പശുക്കൾക്കു വേണ്ട തീററികൊടുക്കുവാൻ കർഷകൻ ശ്രദ്ധിക്കുമ്പോൾ കറവ വററിയ പശുക്കളെ പൊതുനിരത്തുകളിലേയ്ക്കു് തള്ളിവിടുന്നു. കൃഷി ഇറക്കുന്ന കാലത്തു് കാളകളെ തീററാൻ അവൻ ഉൽസുകനാണു്. തല്ക്കാല ഉപയോഗം കഴിയുമ്പോൾ അവയും കറവ വററിയ പശുക്കളെപ്പോലെ ഉപേക്ഷിക്കപ്പെ

ട്ടന്നു. നിരന്തരമായ ഈ ഉപേക്ഷകൊണ്ടു്, കാലം ചെല്ലന്തോറും, കർഷകൻെറ കാലിവർഗ്ഗം കെല്പില്ലാത്തവയായി പ്രവൎത്തനയോഗ്യമല്ലാതായിത്തീരുന്നു. അവയുടെ ഫലദായകശക്തി അനുദിനം കുറഞ്ഞുകൊണ്ടാണു് ഇരിക്കുന്നതു്.

ഇൻഡ്യയിൽ ഒരു പശു ശരാശരി ഒരു കറവക്കാലത്തു് 600 മുതൽ 750 വരെ റാത്തൽ പാലു് നൽകുന്നു. അതേസമയംതന്നെ ഇൻഡ്യയിൽ 600 റാത്തൽ പാൽ ഉല്പാദിപ്പിക്കുന്ന പശുക്കളും ഉണ്ടു്. 580 ലക്ഷത്തോളംമാത്രം മൃഗങ്ങൾ ഉള്ള അമേരിക്കയിൽ പ്രതിവർഷം 1,03,800 ലക്ഷം ഗ്യാലൻ പാൽ ഉല്പാദിപ്പിക്കപ്പെടുമ്പോൾ അതിൽ നാലിരട്ടിയോളം സംഖ്യ മൃഗങ്ങൾ ഉള്ള ഭാരതത്തിലെ ഉല്പാദനം 64,000 ലക്ഷം ഗ്യാലൻ പാൽ മാത്രമാണു്. ഹോളണ്ടിലെ കാളകൾ സാധാരണയായി ഇൻഡ്യൻ കാളകളുടെ ഇരട്ടി തൂക്കം ഉള്ളവയായിരിക്കും. അവിടത്തെ പശുക്കൾ ഇൻഡ്യൻ പശുക്കളെക്കാൾ പത്തിരട്ടിയോളം പാൽ നൽകുന്നു ഭാരതീയരുടെ പശുക്കളിൽനിന്നും ലഭിക്കുന്ന പാലിൻെറ ശരാശരി അളവു് മററു രാജ്യങ്ങളുടേതിനെ അപേക്ഷിച്ചു് തീരെ മോശമാണെന്നു താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽനിന്നും മനസ്സിലാക്കാം.

ഓരോ രാജ്യത്തേയും പശുക്കളിൽനിന്നും പ്രതിവർഷം ലഭിക്കുന്ന പാലിൻെറ അളവു് ഏതാണ്ടു ഇപ്രകാരമാണു്:

| | | |
|---|---|---|
| ഡെൻമാർക്കു് | 383 | ഗ്യാലൻ |
| സ്വിററ്സർലൻഡു് | 380 | ,, |
| ബെൽജിയം | 362 | ,, |
| ഫിൻലൻഡു് | 344 | ,, |
| സ്വീഡൻ | 326 | ,, |
| ഇൻഡ്യ | 30 | ,, |

ഈ അവസ്ഥാവിശേഷത്തിനുള്ളകാരണങ്ങഠം എന്തെല്ലാം? നമ്മുടെ കാലിവർഗ്ഗത്തിൻെറ ഫലദായകശക്തി വളരെമോശമാണെന്നുള്ളതിന്ന കൂടുതൽ തെളിവുകഠം ആവശ്യം ഇല്ല. നമ്മുടെ കാലികളിൽ അറുപതു ശതമാനവും പ്രായംചെന്നവയും ശക്തിക്ഷയിച്ചവയും ആണ്. ഭാരതീയരിൽ ഭൂരിപക്ഷവും ബഹുമാനിക്കുന്ന ആദർശങ്ങഠംക്ക് അനുഗുണമായി അവ ഇന്നും ജീവിക്കുവാൻ അനുവദിക്കപ്പെടുന്നു. ഉല്പാദനശക്തിനശിച്ച ഫലദായകശക്തിയില്ലാത്ത, മൃഗങ്ങളെ നശിപ്പിച്ചുകളയുന്നതിനെ എതിർക്കുന്ന നല്ല ഒരു വിഭാഗം ഭാരതീയർ ഉണ്ട്. ഉപയോഗം കഴിഞ്ഞ ഈ മൃഗങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ചെലവാക്കുന്ന പണവും, വേലയും, സമയവും, നല്ലയിനം മൃഗങ്ങഠംക്കുവേണ്ടി ചെലവുചെയ്തിരുന്നെങ്കിൽ ഇന്നത്തേക്കാഠം എത്രയോ ഇരട്ടിഫലം നമുക്കു ലഭിക്കുമായിരുന്നു.

ഇൻഡ്യ ആവശ്യത്തിൽ അധികം മൃഗങ്ങളെ സംരക്ഷിക്കുന്നുണ്ട്. ഹോളണ്ടിൽ കൃഷിചെയ്യപ്പെട്ടിട്ടുള്ള ഓരേക്കറിനു 38 മൃഗങ്ങളും, ഈജിപ്റ്റിൽ 25-ം മാത്രം ഉള്ളപ്പോഠം ഇന്ത്യയിൽ കൃഷിചെയ്യപ്പെട്ടിട്ടുള്ള ഓരോ ഏക്കറിനും ശരാശരി 67 മൃഗങ്ങഠം വീതം ഉള്ളതായി കാണുന്നു. ഇൻഡ്യയ്ക്കു് ഇന്നു് ശരിയായി സംരക്ഷിക്കുവാൻ കഴിയാവുന്നതിൽ വളരെയധികം മൃഗങ്ങളെ വളർത്തിവരുന്നുണ്ട്. മൃഗങ്ങളുടെ എണ്ണം വർദ്ധിക്കുന്തോറും അവയ്ക്കു കിട്ടേണ്ട ശുശ്രൂഷ ലഭിക്കാതെ പോകുന്നു അവയ്ക്കു ശരിയായ ഭക്ഷണം നൽകാനും കഴിയുന്നില്ല ഭക്ഷണക്ഷാമത്തെ പരിഹരിക്കുവാനുള്ള ശ്രമത്തിൽ ഭാരതത്തിൽ അവശേഷിച്ചിരുന്ന മേച്ചിൽ സ്ഥലങ്ങഠംകൂടി നഷ്ടമായിരിക്കുകയാണ്. മനുഷ്യൻെറ ഭക്ഷ്യ ആവശ്യങ്ങഠംകൂടി ശരിയായതരത്തിൽ നിർവ്വഹിക്കപ്പെടാൻ കഴിയാത്ത ഇന്നത്തെ പരിതഃസ്ഥിതിയിൽ മൃഗങ്ങളുടെ കാര്യം എന്തുപറയാനാണ്? ദരിദ്രനായ കർഷകനും അവൻ വളർത്തുന്ന അവനേക്കാഠം ദരിദ്രമായ കാള

കളും അവൻെറ നട്ടെല്ലുപോലെ വളഞ്ഞ കലപ്പകളും, നിഷ്കർഷാപൂർവം വളം ചെയ്യപ്പെടാത്തതുകൊണ്ടും, ശരിയായ ജലസേചനം ഇല്ലാത്തതുകൊണ്ടും ഫലദായകശക്തി നശിച്ച പാടങ്ങളും നമ്മുടെ ഗ്രാമപ്രദേശങ്ങളുടെ മാറാത്ത അടയാളങ്ങളാണല്ലാ. ശരിയായി ഭക്ഷണം നൽകാത്തതുകൊണ്ടുമാത്രമല്ലാ നമ്മുടെ മൃഗസമ്പത്തു് ഇപ്രകാരം അനുദിനം ക്ഷയിച്ചുകൊണ്ടിരിക്കുന്നതു്. മൃഗസംരക്ഷണത്തിൽ ശാസ്ത്രീയമായ പരിഷ്കാരണം ആവശ്യമാണു്. നല്ലയിനംമൃഗങ്ങളെ തിരഞ്ഞെടുത്തു് നല്ല മരുന്നുകൾ നൽകിയും മൃഗങ്ങളെ സംരക്ഷിക്കുവാൻ കർഷകനു കഴിയണം

നമ്മുടെ മൃഗസമ്പത്തിനെ വർദ്ധിപ്പിക്കുവാൻ ഉണ്ടായിട്ടുള്ള പല നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ട ചിലതിനെപ്പററി പ്രതിപാദിക്കാം. ഫലദായക ശക്തി ക്ഷയിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ മൃഗങ്ങൾ ഇന്നത്തേതുപോലെ അശ്രദ്ധമായി ഉപേക്ഷിക്കപ്പെടുകയാണെങ്കിൽ അതു ദേശീയ സമ്പത്തിലും, കർഷകൻെറ പ്രതിവർഷവരുമാനത്തിലും ഗൗരവാവഹമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നതാണു്. ഇപ്പോൾതന്നെ ദാരിദ്ര്യത്തിൻെറ നെല്ലിപ്പലകയിൽ ജീവിക്കുന്ന കൃഷകൻെറ ഈ അല്പാദായംകൂടി ഇല്ലാതായാൽ കൃഷകൻതന്നെ വിചാരിച്ചാൽ എന്തുചെയ്യുവാനാണു്? ഭക്ഷണത്തിനുവേണ്ടി, അവൻെറ വയറും, അഞ്ചാറു കുഞ്ഞുങ്ങളും, അവരുടെ തള്ളയും, മുറവിളി കൂട്ടുമ്പോൾ, കൂട്ടിൽനിന്നും ദാരിദ്ര്യം അയവിറക്കുന്ന മൃഗങ്ങളെപ്പററി അവനു് എങ്ങിനെചിന്തിക്കാൻകഴിയും? അവൻെറ സംസ്കാര ശൂന്യതയേയോ, ജീവകാരുണ്യരാഹിത്യത്തേയോ അജ്ഞതയേയോ, പഴിച്ചിട്ടു പ്രയോജനമില്ല. കർഷകൻെറ വരുമാനം വർദ്ധിപ്പിക്കുന്നതോടുകൂടി മാത്രമേ മൃഗസംരക്ഷണ പദ്ധതികൾ വിജയിക്കൂ. എന്നാൽ കർഷകൻെറ ജീവിതത്തോതു് ഉയർത്തുവാൻ അവൻെറ മൃഗങ്ങളുടെ ഫലദായകശക്തിയെ വർദ്ധിപ്പിക്കേണ്ടിയും ഇരിക്കുന്നു.

മൃഗസമ്പത്തിനെ വർദ്ധിപ്പിക്കണമെങ്കിൽ മൃഗങ്ങൾക്കു ശരിയായ ഭക്ഷണം നൽകണം. ഇന്നു് അവയുടെ ഭക്ഷണരീതി എന്താണു്? ഭാരതത്തിലെ മൃഗങ്ങളുടെ സംഖ്യ വളരെ വലുതായിരിക്കുന്നതിനാൽ അവയെ തീററുന്ന കാര്യം വളരെ വിഷമം പിടിച്ച ഒരു പ്രശ്നമാണു്. ഇന്നു ഭാരതത്തിൽ മൃഗങ്ങൾക്കാവശ്യം ഉള്ളേടത്തോളം ഭക്ഷ്യസാധനങ്ങൾ ഉല്പാദിക്കപ്പെടുന്നുണ്ടോ? ഭക്ഷ്യ സാധനങ്ങളുടെ ഉല്പാദനം എങ്ങനെ ഇരുന്നാലും ഒരുകാര്യം തീർച്ചയാണു്: നമ്മുടെ മൃഗങ്ങൾക്കു് ശരിയായ ഭക്ഷണം ലഭിക്കുന്നില്ലെന്നുള്ളതു്. കെട്ടിനിറുത്തി തീററികൊടുക്കുന്ന സമ്പ്രദായം ഇൻഡ്യയിൽ ചുരുക്കമാണു്. മേച്ചിൽ സ്ഥലങ്ങളും ഇൻഡ്യയിൽ കുറവാണു്. അതുകൊണ്ടു കാലികൾക്കു് ആവശ്യമുള്ള ഭക്ഷ്യസാധനങ്ങൾ കൂടുതൽ ഉല്പാദിപ്പിക്കേണ്ടതും അവയെ ശരിയായ വിധത്തിൽ ഉപയോഗിക്കേണ്ടതും ആണു്.

ഇന്നു് ഭാരതത്തിൽ സംരക്ഷിക്കപ്പെട്ടുവരുന്ന മൃഗങ്ങളിൽ അറുപതു ശതമാനവും ഫലദായകശക്തി നശിച്ചവയാണു്. വാർദ്ധക്യരോഗം തുടങ്ങിയ കാരണങ്ങളാൽ ഉപയോഗയോഗ്യമല്ലാതായിത്തീർന്നിരിക്കുന്ന ഈ വിഭാഗം ഇന്നു് ലഭ്യമായിരിക്കുന്ന ഭക്ഷ്യസാധനങ്ങളിൽ ഒരു നല്ലഭാഗം തിന്നുതീർക്കുന്നു. അവശതയിൽ ആയിരിക്കുന്ന മൃഗങ്ങളെ സംരക്ഷിക്കുവാനും ഒരു നല്ല തുക പ്രതിവർഷം ചെലവാകുന്നുണ്ടു്. ഭാരതത്തിലെ ഒരു വിഭാഗം ആളുകളുടെ മതവികാരങ്ങളെ ആദരിച്ചാണു് ഭീമമായ ഈ ധനവ്യയം ചെയ്യുന്നതു്. ആദ്ധ്യാത്മികമായി ഈ പ്രവർത്തനങ്ങൾകൊണ്ടു് ഉണ്ടായേക്കാവുന്ന നേട്ടങ്ങളുടെ കാര്യത്തിൽ അഭിപ്രായവ്യത്യാസം ഉണ്ടെങ്കിലും, ധനതത്വശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ ഉപയോഗയോഗ്യം അല്ലാത്ത ഒരു മൃഗവിഭാഗത്തെ സംരക്ഷിക്കുന്നതു് ദേശീയ സമ്പത്തിനുമേലുള്ള ഒരു കയ്യേററവും പ്രയോജനപ്രദമാ

യി ഉപയോഗിക്കപ്പെടാവുന്ന മൃഗവിഭാഗത്തിൻെറ ആവശ്യങ്ങളുടെ ഒരു നിരസനവും ആണ്. എന്നിരുന്നാലും മനുഷ്യന്റെ ആദ്ധ്യാത്മികമായി ചില സാദ്ധ്യതകളും കഴിവുകളും ഉണ്ടെന്ന് ആത്മാർത്ഥമായി വിശ്വസിക്കുകയും, അതു് അനുസരിച്ച് ജീവിക്കുകയും ചെയ്യുന്ന ഒരു വലിയ വിഭാഗം ജനങ്ങളുടെ മതവികാരങ്ങളെ വ്രണപ്പെടുത്തിയിട്ട്, സാമ്പത്തികമായി നീതീകരിക്കപ്പെടാം എങ്കിലും ഉപയോഗശൂന്യമായ എല്ലാം മൃഗങ്ങളേയും നശിപ്പിക്കുവാൻ ഒരു പദ്ധതി സ്വീകാര്യമാണോ എന്ന കാര്യം കൂടുതൽ ഗാഢമായ ശ്രദ്ധയെ ആകർഷിക്കേണ്ടതാണ്. ഭാരതത്തിലെ ഇന്നത്തെ ചിന്താഗതിയുടെ പശ്ചാത്തലത്തിൽ മൃഗങ്ങളുടെ എണ്ണത്തിൽ കാര്യമായ കുറവ് ഈ അടുത്ത കാലത്തെങ്ങും പ്രതീക്ഷിക്കേണ്ടതില്ല. അതുകൊണ്ട് ഇന്നത്തെ നിലയിൽ മൃഗങ്ങളെ എങ്ങനെ തീററിപ്പോററാം എന്നുവേണം ആലോചിക്കാൻ.

മൃഗങ്ങളുടെ ശരീരപ്രകൃതി അനുസരിച്ചും വളരെ അധികം ഭക്ഷണം അവക്കു് ആവശ്യമുണ്ട്. കന്നുകാലികളുടെ പ്രധാന ഭക്ഷണമാണ് പുല്ല്. പ്രകൃതി നല്കുന്ന പുല്ലിൽ ധാരാളം പോഷകാംശങ്ങൾ ഉണ്ട്. എന്നാൽ ഈ പുല്ല് ആവശ്യത്തിനു മാത്രം ഇല്ല. ഭക്ഷ്യക്ഷാമത്തെപ്പററി ഓർമ്മിക്കുമ്പോൾ ഇപ്പോഴത്തെ മേച്ചിൽസ്ഥലങ്ങൾ വർദ്ധിപ്പിക്കുക സാദ്ധ്യമല്ലെന്നു മനസ്സിലാക്കാം. പരമാർത്ഥം ഇതായിരിക്കെ, ഇപ്പോൾ തന്നെ പുല്ലു വളരുന്ന പ്രദേശങ്ങളിൽനിന്നും കൂടുതൽ പുല്ലു ലഭിക്കണം. മേച്ചിൽ സ്ഥലങ്ങളെ കൂടുതൽ നിഷ്ക്കർഷാപൂർവം സൂക്ഷിക്കുകയും, അനിയന്ത്രിതമായി തിന്നുവാൻ, കാലികളെ മേച്ചിൽ സ്ഥലങ്ങളിൽ അഴിച്ചു വിടാതിരിക്കുകയും ചെയ്താൽ കൂടുതൽ പുല്ല് വളർത്തുന്നതിനു് ഉപയോഗിക്കുന്നതിനും സാധിക്കുന്നതാണ്. മേച്ചിൽ സ്ഥലങ്ങളെ പല വിഭാഗങ്ങളായി തിരിക്കുകയും, ഓരോ വിഭാഗത്തിലും മാറിമാറി മൃഗങ്ങളെ

തിന്നാൻ അനുവദിക്കുകയും ചെയ്യുന്നതു് നല്ലതാണു്. വന പ്രദേശങ്ങളിൽ കാലികളെ തീററാൻ വേണ്ട അനുവാദം ഗവർമ്മെൻറുകാം നൽകുന്നതും വളരെ സഹായകമായിരിക്കും.

കന്നുകാലികളെ, അവയ്ക്കു വേണ്ട ഭക്ഷണം സ്വയം അന്വേഷിക്കുന്നതിനായി സ്വതന്ത്രമായി വിടുന്ന ഒരു പതിവു നമ്മുടെ ഇടയിൽ നടന്നുവരുന്നു. കറവക്കാലം കഴിഞ്ഞ പശുക്കളും, കൃഷിയിറക്കുകാലം കഴിഞ്ഞാൽ കാളകളും, ഇങ്ങനെ സ്വതന്ത്രരാവാറുണ്ടു്. രാത്രിയും പകലും സ്വച്ഛന്ദം സഞ്ചരിക്കുന്ന ഈ മൃഗങ്ങാം നാട്ടുകാക്കും നാട്ടുകാരുടെ കൃഷികാംക്കും വലിയ ഉപദ്രവമുണ്ടാക്കുന്നു. നിയന്ത്രണമില്ലാതെ അലഞ്ഞു നടക്കുന്ന മൃഗങ്ങാം പ്രതിവർഷം അനേകലക്ഷം രൂപാ വില വരുന്ന വിളവുകാം നശിപ്പിക്കുന്നുണ്ടു്. അപ്രകാരംതന്നെ ഈ മൃഗങ്ങളിൽനിന്നും വിളവുകളെ സംരക്ഷിക്കുവാൻവേണ്ടി കർഷകൻ പ്രതിവർഷം വളരെ അധികം രൂപാ ചെലവു ചെയ്തു് വേലികളും ഇടഭിത്തികളും മററും കെട്ടാൻ നിർബന്ധിതനാകുന്നു. നമ്മുടെ നാട്ടുകാർ ഇക്കാര്യത്തിൽ കുറെക്കൂടി ചുമതലാബോധം പ്രത്യക്ഷപ്പെടുത്തുകയും മററുള്ളവരുടെ കഠിനാദ്ധ്വാനത്തെ നശിപ്പിക്കുവാൻ കാരണമായേക്കാവുന്ന വിധത്തിൽ അവരുടെ മൃഗങ്ങളെ സ്വതന്ത്രമായി വിടാതിരിക്കുകയും വേണം. രോഗിയായ പശുവിനെപ്പോലും പൂജിക്കുവാൻ മടിക്കാത്ത ഭാരതീയർ അവൻെറ പശുക്കളെ മററുള്ളവരുടെ വസ്തുനാശത്തിനും, അതുമൂലം അവരുടെ ഉപദ്രവങ്ങാംക്കും വിധേയമാക്കുന്നതു് ശരിയാണോ?

പയറു്, അമര തുടങ്ങിയ ചെറിയതരം ചെടികാം പശുക്കാംക്കു പ്രത്യേകിച്ചും കറവപ്പശുക്കാംക്കു് പ്രത്യേകം ഗുണപ്രദമാണു്. ഈ ചെടികാം ഫലം നൽകുന്നതിനുമുമ്പു് ഉപയോഗിക്കപ്പെടണം. അതുരണ്ടുപ്രകാരത്തിൽ പ്രയോജനപ്രദ

മാണ്. അവ മൃഗങ്ങൾക്ക് നല്ല ഭക്ഷണം ആകുന്നതിനോടൊപ്പംതന്നെ അവയുടെ വേരുകളിൽ സംഭരിക്കപ്പെട്ടിരിക്കുന്ന നൈട്രജൻ ഭൂമിയുടെ ഫലഭൂയിഷ്ഠതയെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

പുല്ലുകൾ സമൃദ്ധിയായി വളരുന്ന സ്ഥലങ്ങളിൽപോലും വേനൽക്കാലത്തു പുല്ലു ലഭിക്കുന്നില്ല. അതുകൊണ്ടു് "വെയിൽ ഉള്ളപ്പോൾതന്നെ കച്ചിൽ ഉണക്കണം" പുല്ല് സമൃദ്ധിയായി ലഭിക്കുമ്പോൾ അതു് ശരിയായി സംഭരിക്കണം. എന്നാൽ മാത്രമേ വേനൽക്കാലത്തു് മൃഗങ്ങളെ പോററാൻ സാദ്ധ്യമാകൂ. എന്നാൽ ഇൻഡ്യയിൽ സംഭരണശാലകൾ വളരെ ചുരുക്കമാണു്. അപ്രകാരംതന്നെ പുല്ല് ഉണക്കുന്ന കാര്യത്തിലും ചില പ്രത്യേക ശ്രദ്ധകൾ ആവശ്യം ഉണ്ടു്. ശരിയായ പ്രായത്തിൽ പുല്ലുകൾ വെട്ടുകയും ശരിയായി ഉണക്കി സൂക്ഷിക്കുകയുംവേണം. പുല്ല് വെട്ടി ഭൂമിയിൽ പ്രത്യേകം ഉണ്ടാക്കിയിട്ടുള്ള കുഴികളിൽ ഇട്ടു് മൂടി രണ്ടുമൂന്നുമാസം കഴിഞ്ഞു് എടുത്തു കാലികൾക്കു കൊടുക്കുന്നതും നല്ലതാണു്. കച്ചിലിൽ ആൽക്കലി പ്രയോഗിച്ചാൽ അതിൻെറ പോഷകാംശം വർദ്ധിക്കുന്നതാണു്. തേങ്ങാപ്പിണ്ണാക്കു് കടലപ്പിണ്ണാക്കു് തുടങ്ങിയവയും മൃഗങ്ങൾക്കു് നല്ല ഭക്ഷണമാകുന്നു. അതുകൊണ്ടു് ഇൻഡ്യയുടെ വിദേശവ്യാപാരത്തെ കാര്യമായി ബാധിക്കാത്ത വിധത്തിൽ അത്തരം സാധനങ്ങളുടെ കയററുമതി നിയന്ത്രിക്കേണ്ടതാണെന്നു് നാഷണൽ പ്ളാനിങ്ങ് കമ്മററി അഭിപ്രായപ്പെടുന്നു.

മൃഗങ്ങൾക്കു് ആവശ്യമായ ഭക്ഷണം നൽകുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ ഉണ്ടു്. ഓരോ മൃഗത്തിനും, അതിനു് ആവശ്യമുള്ളടത്തോളം ഭക്ഷണംമാത്രം മുടക്കംകൂടാതെ നൽകുക. കറവപ്പശുവിനു കൂടുതൽ

തീററി ആവശ്യമാണ്. എന്നാൽ കറവവററിയപശുക്കളെ പ്രകൃതിയുടെ കരുണയാൽ ജീവിക്കുവാൻവേണ്ടി ഉപേക്ഷിക്കാതെ അവയെ ശരിയായി സംരക്ഷിച്ചാൽ മാത്രമേ അടുത്ത പ്രസവത്തിന്, ശരിയായ പാൽ നൽകുവാൻ അവയ്ക്കു ശക്തി ലഭിക്കു: തൽക്കാല ആദായം ഉദ്ദേശിച്ച് ദീർഘകാലസാദ്ധ്യതകളെ നശിപ്പിച്ചു കളയുന്നതു് ബുദ്ധിശൂന്യതയാണ്. അപ്രകാരംതന്നെ കിടാക്കളേയും ശരിയായി സംരക്ഷിക്കേണ്ടതു് കാലിവർഗ്ഗത്തിൻെറ സുസ്ഥിതിക്കു് ആവശ്യമാണ്. ഈ വസ്തുതകൾ കാലിവളത്തലിൽ ഏർപ്പെട്ടിരിക്കുന്നവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടു്.

മൃഗങ്ങളുടെ ഭക്ഷണകാര്യങ്ങൾ വിദഗ്ദ്ധന്മാരുടെ അവഗാഢമായ പഠനത്തിനു വിധേയമാകണം. മൃഗങ്ങളുടെ ആവശ്യങ്ങളെപ്പററി, ഇപ്പോൾ അവയ്ക്കു ലഭിക്കുന്ന ഭക്ഷണത്തിൻെറ പോഷകശക്തിയെപ്പററി ധാരാളം ഗവേഷണങ്ങൾ നടന്നുകഴിഞ്ഞു. മാങ്ങാ, അണ്ടിപ്പരിപ്പ്, പുളിങ്കുരു, നിലക്കടല, തൊണ്ടു് തുടങ്ങിയവ മൃഗങ്ങൾക്കു ഭക്ഷിക്കുവാൻ തക്ക രീതിയിൽ പരിവർത്തനം ചെയ്യുവാൻ ഗവേഷണശാലകൾക്കു കഴിഞ്ഞിട്ടുണ്ടു്. എന്നിരുന്നാലും ഈ വിഷയത്തിലുള്ള ഗവേഷണം ഇനിയും പൂർത്തിയായിട്ടില്ല എന്നുള്ള അഭിപ്രായമാണ് ഇന്നും പ്രാബല്യത്തിൽ ഇരിക്കുന്നതു്. ആലിന്ത്യാംപ്ലാനിങ്ങ് കമ്മററി ഗവേഷകർക്കു നൽകുന്ന പല നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ടവ:

1. ഭാരതത്തിൽ മൃഗങ്ങൾ ഇപ്പോൾ ഉപയോഗിക്കുന്ന ഭക്ഷണസാധനങ്ങൾ എന്തെല്ലാം?

2. അവയുടെ താരതമ്യഗുണദോഷവിവേചനം.

3. അവ ഓരോന്നും മൃഗങ്ങൾക്കു് എത്രമാത്രം സ്വീകാര്യമാണ്.

4. കിടാക്കളുടെയും, കാളകളുടേയും ഭക്ഷണക്രമത്തിൽ ഉണ്ടായിരിക്കേണ്ട പ്രത്യേകതകൾ.

5. ഓരോ ഇനം മൃഗങ്ങൾക്കും എന്തുമാത്രം ഭക്ഷണം ആവശ്യമുണ്ട്.

6. ശാസ്ത്രീയമായ ഒരു ഭക്ഷണക്രമത്തിന്റെ അഭിലഷണീയതയും, സാദ്ധ്യതകളും.

ശ്രദ്ധാപൂർവമായ ഗവേഷണങ്ങളുടെ ഫലമായി ന്യായമായ ഒരു ഭക്ഷണക്രമം കണ്ടുപിടിക്കുകയും, ആ ക്രമമനുസരിച്ച്, അനാവശ്യമായ നഷ്ടപ്പെടുത്തൽ കൂടാതെ മൃഗങ്ങൾക്കു സാമാന്യം ന്യായമായും മുടക്കം കൂടാതെയും ഭക്ഷണം നൽകുവാൻ കഴിയുകയും ചെയ്താൽ ഭാരതത്തിലെ മൃഗസമ്പത്തിനെ വർദ്ധിപ്പിക്കുവാനുള്ളയത്നത്തിൽ പകുതിയും വിജയിച്ചിരിക്കും.

നല്ലഇനം കാളകളേയും, പോത്തുകളേയും, പശുക്കളേയും, എരുമകളേയും മാത്രം വളർത്തുന്നതു് കൂടുതൽ നല്ലതാണ്. ഇന്ത്യയിൽ പല നല്ല 'വർഗ്ഗ'ങ്ങളും ഇന്നു വളർത്തപ്പെടുന്നുണ്ട്. എന്നാൽ നല്ല നെല്ലിൽ പതിരും കാണാറുള്ളതുപോലെ ചീത്തഇനം മൃഗങ്ങളും നമ്മുടെ നാട്ടിൽ ധാരാളം വളരുന്നു. അലഞ്ഞുതിരിഞ്ഞുനടക്കുന്ന അനേകായിരം മൃഗങ്ങളെ വളർത്തുന്ന ഭാരതത്തിൽ, നല്ലഇനം മൃഗങ്ങളെ മാത്രം വളർത്താനും, അവയുടെ വർഗ്ഗം സംരക്ഷിച്ചുകൊണ്ടുപോകാനും വളരെ പ്രയാസമാണ്. നിയന്ത്രണമില്ലാതെ ജീവിക്കുന്ന അനേകായിരം മൃഗങ്ങൾ ഉള്ളപ്പോൾ നല്ല ഇനം മൃഗങ്ങളെ മാത്രം സംരക്ഷിക്കുക, വളരെ വൈഷമ്യമേറിയ കാര്യംതന്നെ. എന്നിരുന്നാലും ശക്തിശൂന്യരായ പിതാക്കളിൽ നിന്നും ഉല്പാദിപ്പിക്കപ്പെടുന്ന കുട്ടികളും ശക്തിഹീനരായിരിക്കും. ശക്തിഹീനമായ ഒരു മൃഗസഞ്ചയത്തെ സംരക്ഷിക്കേണ്ടിവരുന്ന കഷ്

കന്നു് അവന്റെ ആവശ്യങ്ങൾ നിർവഹിക്കപ്പെടണമെങ്കിൽ, കൂടുതൽ എണ്ണം ആവശ്യമായിവരുന്നു. എണ്ണം വർദ്ധിക്കുംതോറും ഓരോന്നും കൂടുതൽ ശക്തിഹീനങ്ങളാകുന്നു. അങ്ങിനെ ആശാസ്യമല്ലാത്ത ഒരു വലയത്തിൽപ്പെട്ടു് മൃഗസംരക്ഷണം പുരോഗതിമുട്ടി വട്ടംകറങ്ങുകയാണു്. ശാസ്ത്രീയമായ തിരഞ്ഞെടുപ്പുകൊണ്ടും, നിരീക്ഷണംകൊണ്ടും, കൂടുതൽ കൂടുതൽ ഫലം പ്രദാനം ചെയ്യുവാൻ ശക്തിയുള്ള ഇനം മൃഗങ്ങളെമാത്രം ജനിപ്പിക്കുവാൻ വേണ്ട സാഹചര്യങ്ങൾ സൃഷ്ടിക്കുവാൻ ആവശ്യമായ നിഷ്കർഷ, കർഷകരിൽനിന്നും ഉണ്ടാകുവാൻ ഗവർമ്മെൻറുകൾ വേണ്ട പ്രചോദനം നൽകേണ്ടതാണു്. വിവിധ വിഭാഗങ്ങളിൽപ്പെട്ട മൃഗങ്ങളുടെ സങ്കലനം എല്ലാ വിഭാഗങ്ങളുടേയും കഴിവുകളെ കുറവുചെയ്യുന്നു.

ഗവർമ്മെൻറിന്റെ കാർഷികവകുപ്പുകൾ ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണു്. 1937-ൽ ലിൻലിത്തു് ഗോപ്രഭു "ഗിഫ്റ്റ്ബുൾ" പ്രസ്ഥാനം ആരംഭിച്ചു. നല്ലഇനം കാളകളെയും മററും പ്രചരിപ്പിക്കുന്നതിനോടൊപ്പം നിയന്ത്രണരഹിതമായി ഉപേക്ഷിക്കപ്പെട്ടുവരുന്ന മൃഗങ്ങളുടെ ഉല്പാദനശക്തിയെ നശിപ്പിച്ചുകളയേണ്ടതും ആവശ്യമാണു്. എന്നാൽ ഈ വിഷയത്തിൽ കാർഷികവകുപ്പുകളുടെ നേട്ടങ്ങൾ തീർത്തും അഭിമാനാർഹങ്ങൾ അല്ല. 1928-ൽ റിപ്പോർട്ടുസമർപ്പിച്ച രാജകീയാന്വേഷണക്കമ്മററിയുടെ അഭിപ്രായത്തിൽ അന്നു് ഇൻഡ്യയ്ക്കു പത്തുലക്ഷം വിത്തുകാളകൾ ആവശ്യമായിരുന്നപ്പോൾ യഥാർത്ഥത്തിൽ ഉണ്ടായിരുന്നതു് പതിനായിരം കാളകൾ മാത്രം ആയിരുന്നു.

ഇൻഡ്യൻ കാർഷിക ഗവേഷണ ശാലകളിലും വിവിധ സംസ്ഥാനങ്ങളിലെ കാർഷികകോളേജുകളോടു് അനുബന്ധിച്ചു നടത്തിവരുന്ന ഗവേഷണ ശാലകളിലും കന്നുകാലികളുടെ ഉല്പാദനം സംബന്ധിച്ച വിവിധവശങ്ങളെപ്പററി അന്വേ

ഷണം നടത്തുന്നുണ്ടു്. നല്ലയിനം മൃഗങ്ങളെ കണ്ടുപിടിക്കുക, കൂടുതൽ പാലും കൂടുതൽ ശക്തിയും ഉള്ള ഇനങ്ങളെ തിരഞ്ഞെടുക്കുക, ഈ നൂതന വർഗ്ഗങ്ങളെ പ്രചരിപ്പിക്കുവാൻ ആവശ്യമായ മാർഗ്ഗങ്ങൾ ആരായുക തുടങ്ങിയവയാണു് ഈ ഗവേഷണശാലകളിലെ പ്രവത്തനം. 1950 ഫെബ്രുവരി 17-ാം തീയതി ലക്നോവിൽ സമ്മേളിച്ച F. A. O.-യുടെ സമ്മേളനത്തെ അഭിസംബോധനം ചെയ്തുകൊണ്ടു് സർദാർസാറാർ സിങ്ങ് ചെയ്ത പ്രസംഗം ഈ അവസരത്തിൽ പ്രത്യേകം ശ്രദ്ധേയമാണു്. അദ്ദേഹം പറഞ്ഞു: ഇൻഡ്യയിലെ ആയരത്തി എഴുനൂററി അറുപതു ലക്ഷം വരുന്ന കാലികൾക്കു് കുറഞ്ഞതു് പത്തുലക്ഷം വിത്തുകാളകൾ ആവശ്യമായിരിക്കുമ്പോൾ, ഇന്നു ഇൻഡ്യയിലുള്ളതു പതിനായിരം കാളകൾ മാത്രമാണു്. വിത്തുകാളകളെ സംരക്ഷിക്കുന്ന ജോലി ഇതുവരെ ഗവമ്മെൻറിൻെറ മാതൃകാതോട്ടങ്ങൾ മാത്രമാണു നിർവഹിച്ചുകൊണ്ടിരുന്നതു്. എന്നാൽ ഈ ജോലി ഉദ്ദേശം 1,600 ഗ്രാമങ്ങളിലേക്കുകൂടി വ്യാപിപ്പിക്കുവാൻ ഗവർമ്മെൻറ് ഉദ്ദേശിക്കുന്നു. പല ഗ്രാമകേന്ദ്രങ്ങൾ ഇതിനകം സമാരംഭിച്ചുകഴിഞ്ഞു. അവിടെ എല്ലാം തന്നെ കാലികളുടെ വില 20 ശതമാനം വർദ്ധിച്ചിട്ടും ഉണ്ടു്. ഉപയോഗശൂന്യമായ പശുക്കളെ ജീവിക്കുവാൻ അനുവദിക്കുന്നതാണെങ്കിലും അവയുടെ സ്വാതന്ത്ര്യത്തെ തടയുന്നതാണു്. ബലഹീനവും പ്രയോജനരഹിതവുമായ കാലികളുടെ ഉല്പാദനത്തെ ഇല്ലാതാക്കാനും ഗവർമ്മെൻറ ശ്രമിക്കുന്നു. ഇൻഡ്യയിൽ 1,360 ലക്ഷം മാടുകളും, 370 ലക്ഷം ആടുകളും, 400 ലക്ഷം എരുമകളും, 30 ലക്ഷം മററു മൃഗങ്ങളും ഉണ്ടു്. സംഖ്യാവർദ്ധനവിനെ നിയന്ത്രിക്കുക, വിത്തുകാളകളെ നൽകുക, നല്ല ഇനങ്ങളുടെ ഉല്പാദനത്തെ പ്രചരിപ്പിക്കുക തുടങ്ങിയവയിലാണു് ഇപ്പോൾ ഗവർമ്മെൻറ കൂടുതലായി ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നതു്.

കൃത്രിമ ബീജ സംക്രമണം മൂലം നല്ലയിനം കാലികളെ

ഉല്പാദിപ്പിക്കുവാനുള്ള ശ്രമങ്ങളും ഇന്നു ഭാരതത്തിൽ നടക്കുന്നുണ്ടു്. കാലിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർ ഈ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുന്നതുകൊണ്ടു കൂടുതൽ വ്യാപകമായ രീതിയിൽ ഈ നൂതന പദ്ധതിയെ മുൻപോട്ടു കൊണ്ടുപോകണമെന്നാണു് രാഷ്ട്രം ഉദ്ദേശിക്കുന്നതു്. വിദേശ രാജ്യങ്ങളിൽ കാര്യമായ ഫലം നല്കുവാൻ കഴിഞ്ഞിട്ടുള്ള ഈ പദ്ധതി ഭാരതത്തിൽക്കൂടുതൽ പ്രചരിപ്പിക്കുന്നതു പല പ്രകാരത്തിലും പ്രയോജനപ്രദമായിരിക്കും.

കാലിവർഗ്ഗത്തിൽ കൂടെക്കൂടെ ഉണ്ടാകുന്ന രോഗങ്ങൾ കർഷകനു വളരെ അധികം നഷ്ടം വരുത്തുന്നു. അപ്പോഴപ്പോൾ ഓരോ രോഗങ്ങൾ പിടിപെട്ടു് അനേകായിരം മൃഗങ്ങൾ നശിക്കുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. പ്രതിവർഷം രോഗം മൂലം ചത്തുപോവുകയും, പ്രവർത്തനായോഗ്യമല്ലാതാവുകയും ചെയ്യുന്ന മൃഗങ്ങളുടെ എണ്ണം അത്യധികം ഭയാനകമാണു്. ബോംബെയിൽതന്നെ കഴിഞ്ഞ ആറുവർഷത്തിനിടയിൽ 98,746 മൃഗങ്ങൾ ചത്തുപോയതായി കാണുന്നു. അവയിൽ 60,309 എണ്ണവും വസന്ത (Rinder Pest) പിടിപെട്ടാണു ചത്തതു്, ഭാരതത്തിലെ മൃഗസമ്പത്തിനെ സംരക്ഷിക്കുവാനും, വർദ്ധിപ്പിക്കുവാനുംഉള്ള എല്ലാപദ്ധതികളിലും, അവയ്ക്കുണ്ടാകുന്ന രോഗങ്ങളിൽനിന്നു് അവയെ രക്ഷിക്കുവാനുള്ള മാർഗ്ഗം ആദ്യമായി കണ്ടുപിടിക്കേണ്ടിയിരിക്കുന്നു,

മൃഗഡിപാർട്ടുമെൻറിൻെറ അടിയന്തിരമായ ശ്രദ്ധപതിയേണ്ട ഒരുവിഷയമാണിതു്. കൂടെക്കൂടെ ഉണ്ടാകുന്ന ഈ രോഗങ്ങളെ തടയാൻവേണ്ട മാർഗ്ഗങ്ങൾ നേരത്തെ സ്വീകരിക്കേണ്ടതാണു്. മൃഗങ്ങൾക്കു ദീനംപിടിച്ചാൽ അവയെ നശിപ്പിക്കുന്ന പതിവോ, അവയെ ഒററപ്പെടുത്താനുള്ള സൗകര്യങ്ങളോ ഇൻഡ്യയിൽ ലഭിക്കുന്നില്ല, ഭാരതീയരിൽ ഇന്നും രൂഢമൂലമായി വളരുന്ന മതവിശ്വാസങ്ങളും ആചാരങ്ങളും, ആ

ദരിക്കപ്പെടേണ്ടിയിരുന്നതിനാൽ ഉപയോഗശൂന്യങ്ങളും ഉപദ്രവകാരികളും ആയ മൃഗങ്ങളെ നശിപ്പിക്കുവാൻ ഒരു പദ്ധതി തയാറാക്കുക സാദ്ധ്യമല്ല. അതുകൊണ്ടു് ഓരോ മൃഗങ്ങളേയും അപകടത്തിൽനിന്നും രക്ഷിക്കുവാൻ ശ്രമിക്കേണ്ടതാണു്.

ഈ അടുത്തകാലമായി മൃഗചികൽസയ്ക്കു കൂടുതൽ പ്രാധാന്യം ലഭിച്ചുവരുന്നു. അതിനെ കൂടുതൽ പ്രചരിപ്പിക്കുവാനും പകർച്ചവ്യാധികളെ തടയുവാൻ ആവശ്യമായി കുത്തിവെയ്പുകൾ നിർബന്ധപൂർവം നടപ്പിലാക്കാനും വിവിധ ഗവണ്മെൻറുകൾ ശ്രമിച്ചു വരുന്നു. അറിവില്ലാത്ത കർഷകർ വളത്തുന്ന മൃഗങ്ങൾ. ആചാരാനുഷ്ഠാനങ്ങളുടെ കരിപിടിച്ച മറകൾക്കുള്ളിൽ രോഗബാധിതമായി ചത്തു ജീവിക്കുകയും, അവയുമായി സമ്പർക്കം ചെയ്യാൻ ഇടയാകുന്ന മററു മൃഗങ്ങളെക്കൂടി പ്രവർത്തനശക്തങ്ങളല്ലാതാക്കുകയും ചെയ്യാൻ, മതാനുഷ്ഠാനങ്ങളുടെ പേരിൽ അനുവദിക്കപ്പെട്ടാൽ അതു ഭാരതീയദേശീയ സമ്പത്തിന്മേൽ നടത്തുന്ന ഒരു കയ്യേററം ആയിരിക്കും. അത്യാവശ്യത്തിനുമാത്രം നിർബന്ധപൂർവമായ നിയന്ത്രണം രാഷ്ട്രത്തിൻെറ സാമ്പത്തിക ഭദ്രതയുടെ പേരിൽ ന്യായീകരിക്കാവുന്നതാണു്.

മൃഗസംരക്ഷണഡിപാർട്ടുമെൻറിൽ വിദഗ്ധരായ ധാരാളം വൈദ്യന്മാർ ആവശ്യമാണു്. ചുരുങ്ങിയപക്ഷം ഓരോതാലൂക്കിലും ഓരോ മൃഗാശുപത്രിയും ഓരോ വൈദ്യനും ഉണ്ടായിരിക്കുക എന്നുള്ളതു് അത്യന്താപേക്ഷിതമാണു്. ഇന്നു നമ്മുടെ നാട്ടിൻപുറങ്ങളിൽ അവിടവിടെയായി മനുഷ്യരാലും, മൃഗങ്ങളാലും ഒരുപോലെ ഉപേക്ഷിക്കപ്പെട്ട കുറെ ആശുപത്രികൾ കാണുന്നുണ്ടെങ്കിലും അവ ഭാരതത്തിൻെറ ഭീമമായ ആവശ്യങ്ങൾ നിറവേററാൻ കഴിവുള്ളവയല്ല. മൃഗവൈദ്യന്മാരായി നിയമിക്കപ്പെട്ടിരിക്കുന്നവരിൽ പലക്കും മൃഗചികൽസയുടെ ആദിപാഠംപോലും നിശ്ചയമില്ലെന്നു് ഒരു അപവാദം വളരെ സാധാരണയായി കേൾക്കാം.

ഇന്നു നിലവിലിരിക്കുന്ന മൃഗചികിത്സ അഭ്യസിപ്പിക്കുന്ന കോളേജുകൾ കൂടുതൽ കാര്യക്ഷമമാക്കുകയും, അവിടെയെല്ലാം ഗവേഷണകേന്ദ്രങ്ങൾ ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണു്. അപ്രകാരംതന്നെ മൃഗങ്ങളെ രോഗങ്ങളിൽനിന്നു രക്ഷിക്കുവാനും, രോഗം ഉണ്ടായാൽത്തന്നെ അതുപടന്നു പിടിക്കാതിരിക്കുവാൻ വേണ്ട പ്രതിവിധികൾ ഏർപ്പെടുത്തുവാനും വേണ്ട അറിവു കർഷകർക്കു നൽകണം. മൃഗങ്ങൾക്കുണ്ടാകുന്ന രോഗങ്ങൾക്കു ചികിത്സ ആവശ്യമാണെന്നും അതിനാവശ്യമായ സൗകര്യങ്ങൾ മൃഗാശുപത്രികളിൽനിന്നും ലഭിക്കുമെന്നും കർഷകരെ മനസ്സിലാക്കേണ്ടതുണ്ടു്. ഇന്നത്തെ പരിതഃസ്ഥിതികളിൽ രോഗികളായ മൃഗങ്ങൾ ആശുപത്രിയിലേയ്ക്കു ചെല്ലുന്നതിനുപകരം ആശുപത്രികൾ മൃഗങ്ങളുടെ അടുക്കലേയ്ക്കു ചെല്ലേണ്ടതാണു്. സഞ്ചരിക്കുന്ന ആശുപത്രികൾ (Mobile Hospitals) ഓരോ താലൂക്കിലും സ്ഥാപിക്കപ്പെട്ടെങ്കിൽ മാത്രമേ അതു സാധിക്കു. ഗവർമ്മെൻറിൻെറ ശ്രദ്ധ ഈ വിഷയത്തിൽ കൂടുതൽ പതിയേണ്ടിയിരിക്കുന്നു.

ഇൻഡ്യയിൽ മൃഗങ്ങളെ വളർത്തുന്നതു പ്രധാനമായും കൃഷിപ്പണികളിൽ കർഷകനെ സഹായിക്കുന്നതിനായിട്ടാണു്; നിലം ഉഴുന്നതിനും ചുമടു വലിക്കുന്നതിനും മററുമായിട്ടാണു മൃഗങ്ങളെ സാധാരണയായി ഉപയോഗിച്ചുവരുന്നതു്. എന്നാൽ ഇതോടുകൂടിതന്നെ പാൽ വ്യവസായവും വികസിപ്പിക്കാമെങ്കിൽ അതു കർഷകനെ സംബന്ധിച്ചിടത്തോളം വലിയ ഒരു അനുഗ്രഹവും ഭാരതീയരുടെ ആരോഗ്യത്തെ സംബന്ധിച്ചേടത്തോളം മഹത്തായ ഒരു നേട്ടവും ആയിരിക്കും. അതുകൊണ്ടു കർഷകനു മുഴുവൻസമയവും ജോലി ലഭിക്കുന്നു, അവൻെറ കൃഷികൾക്കു് അവനെ സഹായിക്കാൻശക്തരായ മൃഗങ്ങളെ കിട്ടുന്നു. അവൻെറ വരുമാനം വർദ്ധിക്കുന്നു. അങ്ങിനെ പാൽ വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതു പല പ്രകാരത്തിൽ ഗ്രാമീണഇൻഡ്യയെ സഹായിക്കും

ഇംഗ്ലണ്ടിൽ വളരെ പ്രചാരത്തിൽ ഇരിക്കുന്ന ഒരു പത്രമാണു് ഡയിലി ടെലഗ്രാഫ്. ആ പത്രം ആളുകൾ കൂടുതൽ പാൽകുടിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി സുദീർഘമായി പ്രതിപാദിച്ചുകൊണ്ടു് ഒരു വിശേഷാൽപ്രതിതന്നെ പ്രസിദ്ധപ്പെടുത്തി. ആ പ്രസിദ്ധീകരണത്തിന്റെ പുറത്തെ പേജിൽ ആകർഷകങ്ങളായ തലക്കെട്ടുകളോടുകൂടി വലിയ അക്ഷരത്തിൽ ഒരു ആഹ്വാനം സ്ഥലം പിടിച്ചിരുന്നു.

"ഭക്ഷ്യസാധനങ്ങളിൽ സർവപ്രധാനമായിട്ടുള്ളതാണു് പാലു്. ആവശ്യമില്ലാത്തതോ ഉപദ്രവകാരിയോ ആയ യാതൊന്നും പാലിൽ ഇല്ല. ഏററവും ആരോഗ്യപ്രദമായ ഒരു പാനീയവും, ഭക്ഷണവുമാണു് പാലു്. ദേശത്തിന്റെ ആരോഗ്യ സംരക്ഷണം പാലിൽക്കൂടി ആയിരിക്കണം നിർവഹിക്കപ്പെടേണ്ടതു്. വിററാമിൻസ് ആറും പാലിൽനിന്നും ലഭിക്കുന്നു. മനുഷ്യന്റെ അമൃതാണു പാലു്. അവൻ ആദ്യമായി പാനം ചെയ്തതു് പാലാണു് അവന്റെ അവസാനത്തെ പാനീയവും പാലായിരിക്കും." കൂടുതൽ പാൽ കുടിക്കുന്നതിനുള്ള ആഹ്വാനങ്ങൾ ഇംഗ്ലണ്ടിനെപ്പോലെയുള്ള രാജ്യങ്ങളിൽ ആവശ്യമായിട്ടുണ്ടെങ്കിൽ സസ്യഭുക്കുകളായ ഇൻഡ്യക്കാരുടെ ഇടയിൽ ഇതിൽ എത്രയോ അധികപ്രചരണം ആവശ്യമാണു്.

ആകെക്കൂടി കണക്കാക്കിയാൽ ഏകദേശം മുന്നൂറുകോടി രൂപയോളം വില വരുന്ന പാലു് ഭാരതത്തിൽ പ്രതിവർഷം ഉല്പാദിപ്പിക്കപ്പെടുന്നുണ്ടു്. മററുരാജ്യങ്ങളെ അപേക്ഷിച്ചു് ഈ ഉല്പാദനത്തോതു് വലുതായി തോന്നുമെങ്കിലും, ഭാരതത്തിലെ ഭീമമായ ആവശ്യങ്ങളുമായി തുലനം ചെയ്യുമ്പോൾ അതു് തീർത്തും അപര്യാപ്തമാണെന്നു് കാണുവാൻ കഴിയും, ഒരു ഇൻഡ്യക്കാരൻ ശരാശരി, ദൈനംദിനം ഏഴു് ഔൺസ് പാലു കുടിക്കുമ്പോൾ (വിഭജനത്തിനു മുൻപു്) അമേരിക്കൻ 35 ഔൺസും, ഇംഗ്ലീഷുകാരൻ 39 ഔൺസും പാൽ കുടിക്കുന്നു. ഇൻ

ഡ്യയിലെ ഭക്ഷ്യ ആവശ്യങ്ങളെപ്പററി റിപ്പോർട്ടു സമർപ്പിച്ച കമ്മററിയുടെ അഭിപ്രായത്തിൽ ശരിയായ ഒരു ഭക്ഷ്യക്രമത്തിൽ 16 ഔൺസ് പാലെങ്കിലും ആവശ്യമാണെന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ ഇൻഡ്യയുടെ വിഭജനത്തോടുകൂടി, നമ്മുടെ ശരാശരി പാൽ ഉപയോഗം 3 ഔൺസായി കുറയുകയാണ് ചെയ്തിരിക്കുന്നതു്. നമ്മുടെ ആളുകളുടെ ആരോഗ്യവും പ്രവർത്തനശക്തിയും നിലനിറുത്തണമെങ്കിൽ നാം ഇന്നത്തേതിൽ വളരെ അധികം പാൽ ഉൽപാദിപ്പിക്കുകയും ഉപയോഗിക്കുകയും വേണം.

ഇൻഡ്യ ഗ്രാമങ്ങളുടെ ഒരു രാജ്യമാണ്. അതുകൊണ്ടു നാട്ടിൻപുറങ്ങളിൽ എങ്ങിനെ പാൽവിതരണം നിർവ്വഹിക്കാമെന്നുള്ളതാണ് ഏററവും പ്രധാന ചിന്താവിഷയം. പട്ടണപ്രദേശങ്ങളിലെ പാൽവിതരണം, മിക്ക സ്ഥലങ്ങളിലും സഹകരണ യൂണിയനുകൾ ഏറെറടുത്തു കഴിഞ്ഞിരിക്കുന്നു. ഗ്രാമപ്രദേശങ്ങളിലേയ്ക്കും അവയുടെ പ്രവർത്തനം വികസിപ്പിക്കേണ്ടതാണ്. വിതരണസമ്പ്രദായം കൂടുതൽ കാര്യക്ഷമമായാൽ ഉല്പാദനവും, താനെ വർദ്ധിക്കുന്നതാണ്. പാൽ സംഭരിക്കുന്നതിലും, ഒരു സ്ഥലത്തുനിന്നു് മറെറാരു സ്ഥലത്തേയ്ക്കു കൊണ്ടുപോകുന്നതിലും നിഷ്കർഷ ഇല്ലായ്മയും, വൃത്തിഹീനതയും ധാരാളം ഉണ്ടാകുന്നു. ദരിദ്രനായ കർഷകനിൽനിന്നും, കൂടുതൽ ധനവ്യയം ചെയ്യേണ്ടിവരുന്ന പരിഷ്ക്കരണ പദ്ധതികൾ ഒന്നും പ്രതീക്ഷിക്കേണ്ടതില്ല. അപ്രകാരംതന്നെ പാശ്ചാത്യരാജ്യങ്ങളിലെ പരിപാടികൾ അതേപടിപകർത്തുന്നതും ശരിയായിരിക്കുമെന്നു് തോന്നുന്നില്ല. അതിനാൽ പാൽ ഉല്പാദിപ്പിക്കുന്നതിലും, സംഭരിക്കുന്നതിലും, നൂതനമായ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനേക്കാൾ പ്രാധാന്യം അർഹിക്കുന്നതു് ഇപ്പോഴത്തെ മാർഗ്ഗങ്ങളെ കൂടുതൽ കാര്യക്ഷമമാക്കാനുള്ള ശ്രമമാണ്. പാൽ വ്യവസായം വികസിപ്പിക്കണമെങ്കിൽ അ

തിൽ ഏർപ്പെട്ടിരിക്കുന്നവർ തികച്ചും സത്യസന്ധത പാലിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ നമ്മുടെ നാട്ടുകാർ കുററരഹിതരാണെന്നു തീർത്തു പറയുക പ്രയാസമാണ്. പാലിൽ വെള്ളമൊഴിച്ചു് ആദായം ഉണ്ടാക്കാൻ ശ്രമിക്കുന്നവർ നമ്മുടെ ഇടയിൽ ധാരാളമുണ്ട്. വ്യവസായങ്ങളിൽ സത്യസന്ധത പാലിക്കാതിരിക്കുന്നതു് താൽക്കാലികമായി ചിലപ്പോഠം ആദായപ്രദമായേക്കാം. എങ്കിലും അതു് കാലക്രമത്തിൽ ആ വ്യവസായത്തിനുതന്നെ ദോഷകരമായിരിക്കും.

ഇൻഡ്യ, പാൽ വ്യവസായത്തിലും, പാലിൽനിന്നും മററ് വിഭവങ്ങഠം ഉല്പാദിപ്പിക്കുന്നതിലും അവ ഒരു ഒന്നാംകിട വ്യവസായമായി നടത്തിക്കൊണ്ടുപോകുന്നതിലും, വളരെ പിന്നോക്കമാണ്. 1891-ലാണ് ഇൻഡ്യയിൽ ആദ്യമായി ഒരു പാൽവ്യവസായകേന്ദ്രം അലഹബാദിൽ സൈനിക അധികാരികളുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കിയതു്. അലഹബാദിലെ വ്യവസായശാലയുടെ മാതൃകയിൽ മററ് പലകേന്ദ്രങ്ങളിലും പാൽവ്യവസായ സ്ഥാപനങ്ങഠം ആരംഭിക്കപ്പെട്ടു. 1920-ൽ ഈ വ്യവസായത്തിൽ ഏപ്പെട്ടിരിക്കുന്നവക്ക് വേണ്ട ഉപദേശവും നിർദ്ദേശവും നൽകുന്നതിനായി ഗവമ്മെൻറിൽനിന്നും ഒരു 'ഡയറിവിദഗ്ദ്ധനെ' നിയമിച്ചു. ഈ സംരംഭങ്ങഠം എല്ലാംതന്നെ പാശ്ചാത്യരുടെ നേതൃത്വത്തിലും, പാശ്ചാത്യമുറകഠം അനുസരിച്ചുമാണ് ആരംഭിക്കപ്പെട്ടതും വളന്നുവന്നതും. അക്കാരണത്താൽതന്നെ അവയ്ക്കു് ഗ്രാമീണ ഇൻഡ്യയെ യാതൊരു തരത്തിലും സഹായിക്കാൻ കഴിഞ്ഞില്ല. ഇൻഡ്യക്കാരെ സംബന്ധിച്ചിടത്തോളം ഈ സംരംഭങ്ങഠം മൂലം യാതൊരു പ്രയോജനവും ഉണ്ടായിരുന്നില്ല.

ഇന്നു് ഡയറി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ഭാരതീയസ്ഥാപനങ്ങളിൽ എല്ലാംകൊണ്ടും പ്രാധാന്യം അർഹിക്കുന്ന ഒരു സ്ഥാപനമാണ് ആനന്ദ് എന്ന സ്ഥലത്തു് പ്രവത്ത

നം നടത്തുന്ന പോൾസൺസ് ഫാക്ടറി. സമീപസ്ഥിതങ്ങളായ അനേകം ഗ്രാമങ്ങളിൽനിന്നും അനുദിനം ഒരുലക്ഷം റാത്തൽ പാല് അവിടെ സംഭരിക്കുന്നു. പ്രതിദിനം ഏന്നോണം അവിടെ ഉല്പാദിപ്പിക്കപ്പെടുന്ന നെയ്യ് 5,000 റാത്തലോളം വരുമെന്നാണു കണക്കാക്കിയിരിക്കുന്നതു്. ഇത്ര അധികം വിപുലമായ തോതിൽ ഒരു വ്യവസായകേന്ദ്രം സ്ഥാപിക്കുന്നതിനു് വളരെ അധികം മൂലധനവും, വിദഗ്ധമേൽനോട്ടവും ആവശ്യമാണു്. എന്നാൽ ഭാരതത്തിൽ ചെറിയതോതിലുള്ള വ്യവസായശാലകൾക്കു ധാരാളം സാദ്ധ്യതകൾ ഉണ്ടു്. നാടിന്റെ വിവിധഭാഗങ്ങളിൽ അവ സ്ഥാപിതമാവുകയും ഗവർമ്മെൻറിന്റെ മേൽനോട്ടത്തിൽ അവ നടത്തിക്കൊണ്ടുപോവുകയും ചെയ്താൽ മൃഗസമ്പത്തിന്റെ വർദ്ധനവിനെ അതു് കാര്യമായി സഹായിക്കും.

ഇൻഡ്യയിലെ വിവിധ സ്ഥാനങ്ങളിലും ഡയറിഉദ്യോഗസ്ഥന്മാർ നിയമിതരായിട്ടുണ്ടു്. സഹകരണ മാർഗ്ഗങ്ങളിൽകൂടി ഡയറിവ്യവസായത്തെ പുഷ്ടിപ്പെടുത്തുവാൻ ഗവർമ്മെൻറുകൾ ശ്രദ്ധിക്കുന്നുമുണ്ടു്. ഇന്നു പ്രവർത്തനം നടത്തുന്ന വിവിധ കാർഷിക കോളേജുകൾ ഡയറി വ്യവസായത്തെപ്പറ്റി പ്രത്യേക നിർദ്ദേശങ്ങൾ നൽകുന്നു. അവിടെയെല്ലാം ഡയറിശാസ്ത്രത്തിൽ വേണ്ട ഗവേഷണങ്ങൾ നടത്തുന്നതിനുള്ള സൗകര്യങ്ങളും ഉണ്ടു്. ബാംഗ്ളൂരിലെ ഡയറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലാണു് ഈ വിഷയത്തെപ്പറ്റി കൂടുതൽ ഗവേഷണങ്ങൾ നടക്കുന്നതു്. ഈ വിഷയത്തിൽ പ്രത്യേക പാഠ്യപദ്ധതികളും, പരീക്ഷകളും അവിടെ നിലവിലിരിക്കുന്നു.

നമ്മുടെഡയറി വ്യവസായത്തെപ്പറ്റി ഗാഢമായി പഠിച്ചതിനുശേഷം ഡാക്ടർ എൻ. സി. റയിററ് സമർപ്പിച്ച ഒരു റിപ്പോർട്ടിൽ ശ്രദ്ധാർഹമായ പല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ടു്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ഇൻഡ്യ

യിലെ ഡയറിവ്യവസായത്തിൽ ഒരു നൂതന വീക്ഷണഗതിയും നൂതന പ്രവർത്തനപദ്ധതിയും ആവശ്യമായിരിക്കുന്നു. ഇൻഡ്യയുടെ പ്രത്യേക സാഹചര്യങ്ങൾക്കു് അനുസരണമായും, ആവശ്യങ്ങൾ അനുസരിച്ചും ഉള്ള ഒരു പദ്ധതി ആസൂത്രണം ചെയ്യപ്പെടുകയും നിഷ്ഫൂഷാംപൂർണ്ണമായി അതു് നടത്തിക്കൊണ്ടുപോവുകയുംവേണം. അദ്ദേഹം തുടന്നു നൽകുന്ന നിർദ്ദേശങ്ങൾ പ്രത്യേകം സ്വീകാര്യങ്ങളാണു്. ഇൻഡ്യാക്കാർ സാധാരണയായി ഉപയോഗിക്കുന്ന നെയ്യു്, തൈരു് തുടങ്ങിയവ വിപുലമായ തോതിൽ ഉല്പാദിപ്പിക്കുകയും പ്രചരിപ്പിക്കുകയും വേണം. പാലിൻെറ ഉല്പാദനം, സംഭരണം, വിതരണം തുടങ്ങിയവയിൽ കൂടുതൽ ശാസ്ത്രീയമായ മാർഗ്ഗങ്ങൾസ്വീകരിച്ചു് അവയെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനോടൊപ്പം ഇൻഡ്യയുടെ സാമ്പത്തികപരിമിതികളെ ഓർമ്മിച്ചുകൊണ്ടു് ചെറുതരം പ്രവർത്തനകേന്ദ്രങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതാണു്. ഡയറിവ്യവസായത്തെ ആധുനിക ശാസ്ത്രീയനേട്ടങ്ങളുടെ വെളിച്ചത്തിൽ പരിഷ്കരിക്കുകയും, ഡയറി വിഭവങ്ങളുടെ ക്രയവിക്രയത്തിൽ കൂടുതൽ ശ്രദ്ധ പ്രത്യക്ഷപ്പെടുത്തുകയും വേണം. ഇപ്രകാരമുള്ള പരിഷ്കാരങ്ങൾകൊണ്ടു് ഡയറിവ്യവസായത്തെ ഒരു ഒന്നാംകിട വ്യവസായമായി രൂപാന്തരപ്പെടുത്തുകയും, അങ്ങിനെ ദാരിദ്ര്യത്തിൻെറ നെല്ലിപ്പലകയിൽ ഒട്ടിയ വയറുമായി കഴിയുന്ന കർഷകൻെറ നേരിയ ആദായത്തിൽ ഏററവും സ്വീകാര്യമായ ഒരു വ്യതിയാനം വരുത്തുകയും ചെയ്യാവുന്നതാണു്.

ഡയറിവ്യവസായം നാട്ടിൻപുറങ്ങളിൽ പ്രചരിക്കണമെങ്കിൽ അവയെപ്പററി നാട്ടുകാക്കു് ശരിയായ അറിവുണ്ടാകണം. പാലും പാലിൻെറ വിഭവങ്ങളും കൈകാര്യം ചെയ്യുമ്പോൾ പൂർണ്ണമായ ശുചിത്വം ആവശ്യമാണു്. കാലിത്തൊഴുത്തും പരിസരങ്ങളും വൃത്തിയായും വെടിപ്പായും സൂക്ഷിക്കു

വാനും കാലികളേയും കിടാക്കളേയും കളിപ്പിച്ചും തുടച്ചും വൃത്തിയായി വളർത്തുവാനും വേണ്ട പ്രചോദനങ്ങളും നിർദ്ദേശങ്ങളും ഗ്രാമീണൎക്ക ലഭിക്കണം. വയോജനവിദ്യാഭ്യാസ പദ്ധതിയോടു് അനുബന്ധിച്ചുതന്നെ ഈ വിഷയത്തിൽ വേണ്ട പരിശീലനം നാട്ടുകാൎക്ക നല്കാം. ഡെന്മാൎക്കിലെ ഗ്രാമീണ സ്കൂളുകളുടെ മാതൃകയിൽ നമ്മുടെ നാട്ടിൻപുറങ്ങളിലും കുറെ വിദ്യാലയങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ!

ഡയറിവ്യവസായത്തെപ്പററി നിർദ്ദേശങ്ങൾ സമർപ്പിച്ച നാഷനൽപ്ലാനിങ്ങ് കമ്മററി അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടു്. പ്രാഥമികക്ലാസുകളിലെ പാഠപുസ്തകങ്ങളിൽ ഡയറി വ്യവസായത്തെപ്പററി പ്രതിപാദിക്കുന്ന പാഠങ്ങൾ ഉണ്ടായിരിക്കണമെന്നും നല്ല നിലയിൽ പ്രവൎത്തനം നടത്തുന്ന ഡയറിവ്യവസായശാലകളിൽ നിന്നും പരിശീലനം ലഭിക്കുന്നതിനു കർഷകവിദ്യാൎത്ഥികൾക്കു് സൗകൎയ്യം ഉണ്ടാക്കിക്കൊടുക്കണമെന്നും ആ കമ്മററി ശുപാർശ ചെയ്തിട്ടുണ്ടു്.

ഡയറി വ്യവസായത്തിൽ സമുന്നതമായ ഒരു സ്ഥാനം അലങ്കരിക്കുന്ന ഡെന്മാൎക്കിൽ സഹകരണമാർഗ്ഗങ്ങളിൽക്കൂടി ആ വ്യവസായത്തെ സംവിധാനം ചെയ്യുകയും പ്രവൎത്തിപ്പിക്കുകയും ചെയ്തതിനാൽ, ആ വ്യവസായത്തിനു് ആശാവഹമായ പുരോഗമനം ഉണ്ടായിട്ടുണ്ടു്. ഡെന്മാൎക്കു് ഈ വിഷയത്തിൽ ഭാരതത്തിനു നൽകുന്ന പാഠം പ്രത്യേകം സ്മരണീയമാണു്. സഹകരണം ഒരു പ്രവൎത്തനമാൎഗ്ഗമായി ഡെന്മാർക്കു് സ്വീകരിച്ചതു് അടുത്തകാലത്തു മാത്രമാണു്. എന്നാൽ ഈ ചുരുങ്ങിയ കാലംകൊണ്ടു് സഹകരണപ്രസ്ഥാനം സമുന്നതമായ ഒരു നിലയിലേയ്ക്കു് ഉയർന്നു കഴിഞ്ഞു. രാഷ്ട്രീയസ്വാതന്ത്ര്യം ലഭിച്ചതോടുകൂടി ഗ്രാമീണർ

ചെറിയ ഭൂഉടമകളായി ചെറിയ ചെറിയ തുണ്ടുകളായി തിരിക്കപ്പെട്ടിരുന്ന സ്ഥലങ്ങളിൽ വ്യക്തിപരമായ പ്രവർത്തനത്തേക്കാൾ സഹകരണാടിസ്ഥാനത്തിലുള്ള പ്രവർത്തനമാണു് ഓരോരുത്തർക്കും ആദായകരമെന്നു് അവർ മനസ്സിലാക്കുകയും, ഓരോ പ്രവർത്തനങ്ങൾക്കായി ഓരോ സഹകരണസംഘങ്ങൾ രൂപീകരിക്കുകയും ചെയ്തു. സഹകരണം കൂടുതലായി പ്രവർത്തിച്ചതു പാൽ വ്യവസായത്തിലാണു്. പാൽ ഉല്പാദനത്തിനും, സംഭരണത്തിനും, വിതരണത്തിനും പ്രത്യേകം പ്രത്യേകം സംഘങ്ങൾ സ്ഥാപിതങ്ങളായി. 1934-ൽ 11,800 റാത്തൽ പാലു് ഡെന്മാർക്കിൽ ഉല്പാദിപ്പിച്ചുവന്നു. ഡെന്മാർക്കിലെ ഓരോ കർഷകനും, ഓരോ വ്യവസായിയും സഹകരണപ്രസ്ഥാനത്തിൻെറ മഹനീയ ആദർശങ്ങൾ മനസ്സിലാക്കുകയും, അവയുടെ പ്രവർത്തന സാദ്ധ്യതകളിൽ പൂർണ്ണമായി വിശ്വസിക്കുകയും ചെയ്തിരുന്നു. അതാണു് അവിടെ സഹകരണപ്രസ്ഥാനം വിജയിക്കാൻ കാരണമായതു്. ഭാരതത്തിലെ സഹകാരികൾ ഓർമ്മിക്കേണ്ട ഒരു പാഠമാണു്. ഡെന്മാർക്കിലെ സഹകരണപ്രസ്ഥാനത്തിൻെറ വളർച്ചയെ, പ്രത്യേകിച്ചും ഡയറിവ്യവസായത്തിൽ അതിനുള്ള സ്ഥാനത്തെപ്പററി മനസ്സിലാക്കുവാൻ നാഷ്ണൽ പ്ലാനിങ്ങ് കമ്മററി ഉദ്ധരിച്ചിരിക്കുന്ന കണക്കുകൾ സഹായിക്കുന്നു. (210-ാംപേജു് നോക്കുക.)

മൃഗസംരക്ഷണത്തിൻെറ വിവിധവശങ്ങളെപ്പററി പഠിച്ചു റിപ്പോർട്ടു് സമർപ്പിച്ച നാഷ്ണൽ പ്ലാനിങ്ങ് കമ്മററി ഈ വിഷയത്തിൽ പല നല്ല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ടു്, അവയിൽ പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു:

1. ഓരോ പ്രദേശങ്ങൾക്കും യോജിച്ച രീതിയിൽ ഉള്ള പുതിയ ഇനം മൃഗങ്ങളെ ഉല്പാദിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക. ഗവർമ്മെൻറാണു് ഈ വിഷയത്തിൽ മുൻകൈ എടുത്തു് പ്രവർത്തിക്കേണ്ടതു്.

UNIVERSITY LIBRARY 7 MAR 1964

## നാഷനൽ പ്ലാനിങ്ങ് കമ്മററി ഉദ്ധരിച്ചിരിക്കുന്ന കണക്കുകൾ.

| ഉല്പാദനവിതരണ സംഘങ്ങൾ | എണ്ണം | അംഗങ്ങളുടെ എണ്ണം | പ്രവർത്തന മൂലധനം ലക്ഷം രൂപാ |
|---|---|---|---|
| ഡയറീസ് | 1,402 | 1,90,000 | 4,450 |
| വെണ്ണവില്പന | 11 | 641 | 1,340 |
| പന്നി വളർത്തൽ | 60 | 1,79,873 | 4,710 |
| മുട്ട വ്യവസായം | 700 | 45,000 | 210 |
| കാലി കയററുമതി | 15 | 12,227 | 50 |
| വിത്തുവിതരണം | 1 | 3,400 | 40 |
| മററുള്ളവ | 4,671 | 12,38,721 | 5,350 |
| ആകെ | 6,860 | 16,69,862 | 16,150 |

(ഡെൻമാർക്കിലെ ആകെ ജനസംഖ്യ 35 ലക്ഷം മാത്രമാണെന്നുള്ളതു് പ്രത്യേകം സ്മരണീയമാണു്)

2. പുതിയ ഇനം മൃഗങ്ങളെ തിരഞ്ഞെടുക്കുമ്പോൾ അവ പാലും നൽകുന്നവയും പണിയെടുക്കുവാൻ ശക്തി ഉള്ള വയും ആയിരിക്കണം.

3. നമ്മുടെ നാടൻ ഇനങ്ങളാണ് ഭാരതത്തിലെ പരിതഃസ്ഥിതികൾക്ക് കൂടുതൽ യോജിച്ചതു്.

4. ശക്തിശൂന്യമായ മൃഗങ്ങളുടെ ഉല്പാദനശക്തി നശിപ്പിക്കുവാൻ ഇപ്പോൾ നിലവിലിരിക്കുന്ന നിയമങ്ങളെ കൂടുതൽ കർശനമാക്കണം.

5. ഗവർമ്മെൻറിൽനിന്നും നേരിട്ടു മൃഗസംരക്ഷണകേന്ദ്രങ്ങളും കാലിവളർത്തൽകേന്ദ്രങ്ങളും, സ്ഥാപിച്ചു മാതൃകാപരമായ രീതിയിൽ നടത്തേണ്ടതാണ്.

6. മൃഗങ്ങളെ തീററുന്ന കാര്യത്തിൽ കൂടുതൽ നിഷ്കർഷ ആവശ്യമാണ്. തീററിസാധനങ്ങളുടെ ഇനവും അളവും ശാസ്ത്രീയമായ പരീക്ഷണങ്ങൾക്കുശേഷം ക്ലിപ്തപ്പെടുത്തണം.

7. പാൽ കുടിക്കുന്നതിനെ പ്രോത്സാഹിപ്പിക്കണം.

8. അനാവശ്യമായമത്സരം പാൽവ്യവസായത്തെ മന്ദീഭവിപ്പിക്കുവാൻ അനുവദിക്കരുതു്. വനസ്പതി തുടങ്ങിയ സസ്യനെയ്യുകളുടെ പ്രചരണം എത്രമാത്രം അനുവദനീയമാണെന്നു് പ്രത്യേകം പരിചിന്തനം ചെയ്യേണ്ടതുണ്ട്.

9. നല്ലയിനം പശുക്കളെയും മററു മൃഗങ്ങളേയും കൊല്ലുന്നതിനെ നിയന്ത്രിക്കുന്നതിനോടൊപ്പം ഉപയോഗശൂന്യമായ മൃഗങ്ങളെ നശിപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കേണ്ടതാണ്

10. ഗവർമ്മെൻറിൻെറ മൃഗസംരക്ഷണഡിപ്പാർട്ടുമെൻറിനെ വികസിപ്പിക്കുകയും, ആ ഡിപ്പാർട്ടുമെൻറ് മൃഗസംരക്ഷണവിഷയത്തിൽ കൂടുതൽ ശ്രദ്ധിക്കുകയും വേണം.

11. മൃഗങ്ങൾക്കു വേണ്ട വൈദ്യസഹായം നൽകുകയും വസന്തകൾ പടർന്നുപിടിക്കാതിരിക്കാൻ നേരത്തെ വേണ്ട മാർഗ്ഗങ്ങൾ ആരായേണ്ടതും ആകുന്നു.

12. പാലിൻെറയും, പാലിൽനിന്നും ലഭിക്കുന്ന മററ വിഭവങ്ങളുടേയും വ്യവസായം ഒരു ദേശീയവ്യവസായമായും ഒരു കുടിൽവ്യവസായമായും വികസിപ്പിക്കാം. പാലും മററ സാധനങ്ങളും വെള്ളം ഒഴിച്ചും മററും ചീത്തയാക്കുന്നതിനെ നിരോധിക്കുന്ന നിയമങ്ങൾ കൂടുതൽ കർശനമാക്കേണ്ടതും, കൂടുതൽ ശ്രദ്ധയോടുകൂടി പ്രയോഗത്തിൽ വരുത്തേണ്ടതും ആണ്.

ഭാരതം അഭിമാനാർഹമായ ഒരു മൃഗസമ്പത്തിൻെറ ഉടമസ്ഥയാണ്. ആടുമാടുകൾ, പോത്ത്, എരുമ, കുതിര തുടങ്ങിയ അനേക ഇനത്തിലുള്ള മൃഗങ്ങളെക്കൊണ്ടു ഭാരതം ധന്യയുമാണ്. അനേകകോടി രൂപായ്ക്കുള്ള സാധനങ്ങൾ ഈ മൃഗങ്ങളിൽനിന്നും നമുക്കു ലഭിക്കുന്നുണ്ട്. എന്നാൽ നമുക്കു സ്വായത്തമായിരിക്കുന്ന ഈ പ്രകൃതിസമ്പത്തിനെ നാം ശരിയായി ഉപയോഗിക്കുന്നില്ല. സാഹചര്യങ്ങളുടെ സമ്മർദ്ദത്തിൽ അകപ്പെട്ടു് നമ്മുടെ മൃഗസമ്പത്തു് അനുദിനമെന്നോണം ക്ഷയിച്ചുവരുന്നു. ഈ സമ്പത്തിനെ അനേകമടങ്ങു് വർദ്ധിപ്പിക്കുവാൻ സാദ്ധ്യതകൾ ഉള്ളപ്പോൾ അതു് ഇപ്രകാരം നഷ്ടപ്പെടുത്തുന്നതു് അക്ഷന്തവ്യമായ അപരാധമല്ലേ? നല്ല തീററി നൽകയും, നല്ലഇനം വർഗ്ഗങ്ങളെ വളർത്തിയും, നല്ല വൈദ്യസംരക്ഷണം കൊടുത്തും, ക്ഷയിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ മൃഗസമ്പത്തിനെ പൂർവസ്ഥിതിയിലേയ്ക്കു് ഉയർത്തുക മാത്രമല്ല, അതു് വളരെ അധികം വർദ്ധിപ്പിക്കുകയും ചെയ്യാം. വർദ്ധിച്ചുവരുന്ന ഒരു ജനസംഖ്യ, ദാരിദ്ര്യത്തിൽകൂടി കൂടുതൽ ദാരിദ്ര്യത്തിലേയ്ക്കു നീങ്ങിക്കൊണ്ടിരിക്കുന്നതിനെ അലസമായി, നിശബ്ദമായി നോക്കിനിന്നു്, വിധിയെ കുററപ്പെടുത്താതെ വർദ്ധിപ്പിക്കാവുന്ന നമ്മുടെ ദേശീയസമ്പത്തുകളെ വർദ്ധിപ്പിച്ചു് ദേശീയസൗഭാഗ്യത്തെ വളർത്തുകയാണു് ദേശഭക്തരുടെ കടമ.

നമ്മുടെ വ്യവസായങ്ങൾ എല്ലാംതന്നെ തലമുറതലമുറയായി രാഷ്ട്രത്തിൻെറ അലക്ഷ്യമനോഭാവത്തിൻെറയും ജന

ങ്ങളുടെ അശ്രദ്ധയുടെയും അലസതയുടെയും ഫലമായി ഉപേക്ഷിക്കപ്പെട്ടുവന്നു. നമ്മുടെ വ്യവസായങ്ങളെ പുനഃസംഘടിപ്പിക്കുവാനും, പുനരുദ്ധരിക്കുവാനും വേണ്ടിയുള്ള ഒരു സംഘടിതശ്രമത്തിലും, ഭരണാധികാരികളും ജനങ്ങളും ഇതുവരെ ഉദ്യമപ്പെട്ടിരുന്നില്ല. ഗ്രാമീണനുവേണ്ടി അവനുതന്നെ പ്രവർത്തിക്കുവാൻ കഴിയുന്ന വ്യവസായങ്ങളെ വികസിപ്പിക്കേണ്ടതു് രാഷ്ട്രത്തിൻെറ സാമ്പത്തികഭദ്രതയ്ക്കു് അവശ്യം ആവശ്യം ആണെന്നുള്ള ബോധം ഭരണാധികാരികൾക്കു് ഉണ്ടായിരുന്നില്ല. ഉണ്ടായിരുന്നെങ്കിൽത്തന്നെ സ്വന്തം പള്ള വീർപ്പിക്കുന്നതിൽ പ്രധാനമായും ശ്രദ്ധിച്ചിരുന്ന ഒരു വിദേശിഗവർമ്മെൻറിൽനിന്നും എന്തു പ്രതീക്ഷിക്കുവാനാണു്? എന്നാൽ ദേശീയ ഗവർമ്മെൻറിൻെറ സമാരംഭവും കർഷകൻെറ കഷ്ടപ്പാടുകളുടെ കാഠിന്യവും, ഈ വ്യവസ്ഥിതിയിൽ ആശാവഹമായ ചില വ്യതിയാനങ്ങൾ വരുത്തിയിട്ടുണ്ടു്. കേന്ദ്രഗവർമ്മെൻറും സംസ്ഥാനികഗവർമ്മെൻറുകളും കുടിൽവ്യവസായ വികസനത്തിനായുള്ള പല പദ്ധതികളും ആസൂത്രണം ചെയ്തുവരുന്നു. അനേകായിരം രൂപാ ചെലവാക്കി പല കുടിൽവ്യവസായാന്വേഷണക്കമ്മററികളും നിയമിതമായിട്ടും ഉണ്ടു്. പാണ്ഡിത്യോചിതമായ പല റിപ്പോർട്ടുകളും ആവിഷ്കരിക്കപ്പെട്ടുവരുന്നു. എന്നാൽ കർഷകൻെറ നനഞ്ഞ നയനങ്ങൾ ഇനിയും തുവർന്നിട്ടില്ല. അവൻെറ കദനഭാരം ഇനിയും കുറഞ്ഞിട്ടില്ല. അവൻെറ വളഞ്ഞ നട്ടെല്ലും ഒട്ടിയ വയറും പഴയപടിതന്നെ അവനെ വിഷമിപ്പിക്കുന്നു. ശ്വാസം മുട്ടുന്ന അന്തരീക്ഷത്തിൽതന്നെ ഇനിയും അവൻ ജീവിക്കുന്നു.

കാർഷികസമുദ്ധാരണപദ്ധതികൾ വിജയപ്രദമാകണമെങ്കിൽ കുടിൽവ്യവസായങ്ങൾ പരിപോഷിപ്പിക്കപ്പെടണമെന്നുള്ള വാദം ഇന്നാണ്ടുന്നലെയോ ആരംഭിച്ചതല്ല. രാഷ്ട്രപിതാവായ മഹാത്മജിയുടെ ആവിർഭാവത്തോടുകൂടി പ്രവൃദ്ധമായ ഭാരതീയദേശീയമുന്നേററത്തിൻെറ ഒരു സുപ്രധാന ഘടകമായി പ്രോ

ത്സാഹിപ്പിക്കപ്പെട്ടു വന്നതാണ് രാഷ്ട്രനിർമ്മാണപരിപാടികൾ. പ്രാചീനഭാരതത്തിലെ സാമ്പത്തികഭദ്രതയ്ക്കു നിദാനഭൂതങ്ങളായിരുന്ന കുടിൽവ്യവസായങ്ങളെ പരിപോഷിപ്പിക്കുവാൻ ഗാന്ധിജി ഭാരതീയരെ ആഹ്വാനം ചെയ്തു. ഭാരതീയൻെറ രാഷ്ട്രീയ നിർവാണമാർഗ്ഗം കുടിൽവ്യവസായങ്ങളിൽനിന്നും രൂപം എടുക്കുന്നുവെന്ന് മഹാത്മജി നമ്മെ പഠിപ്പിച്ചു. സുശക്തമായിരുന്ന ഒരു ഗവർമ്മെൻറിൻെറ സംഘടിതമായ എതിർപ്പിന്നു വിധേയമായിരുന്ന അന്നത്തെ പ്രസ്ഥാനം വിജയമാക്കുക എളുപ്പമായിരുന്നില്ല

പൊതുജനസംഘടന ആയിരുന്ന ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്നു സുശക്തനായ ഒരു പ്രതിയോഗിയെ എതിരിടേണ്ടിയിരുന്നതിനാൽ രാഷ്ട്രനിർമ്മാണപരിപാടികളിൽ ഏർപ്പെടുവാൻ സമയം ലഭിച്ചിരുന്നില്ല, രാഷ്ട്രീയസ്വാതന്ത്ര്യസമ്പാദനത്തിനുവേണ്ടി യാതന അനുഭവിച്ചുകൊണ്ടിരുന്ന കാൺഗ്രസ്സിനു രാഷ്ട്രത്തിൻെറ സാമ്പത്തികസ്വാതന്ത്ര്യത്തെപ്പററി അധികം ചിന്തിക്കുവാൻ കഴിയുമായിരുന്നില്ല. എന്നാൽ സാമ്പത്തികവികസനം ആവശ്യമാണെന്ന് ഭാരതീയനേതാക്കന്മാർ അന്നേ ധരിച്ചിരുന്നു: യതിവര്യനായിരുന്ന രവീന്ദ്രനാഥടാഗോറിൻെറ ശാന്തിനികേതനത്തിലെ കലാലയം ഭാരതീയകലകളേയും വ്യവസായങ്ങളേയും പ്രോത്സാഹിപ്പിക്കുവാൻ പരിശ്രമിച്ചുവന്നു.

1934-ൽ കാൺഗ്രസ്സിൻെറ നിർമ്മാണപരിപാടികളിൽ ഒരു വിഭാഗമായി കുടിൽവ്യവസായങ്ങളേയും ഗാന്ധിജി ഉൾപ്പെടുത്തി. അതോടുകൂടി നാടിൻെറ നാനാഭാഗങ്ങളിൽനിന്നും കുടിൽവ്യവസായങ്ങളെ വികസിപ്പിക്കുക എന്നുള്ള പല്ലവി ഏററുപാടപ്പെട്ടു കാൺഗ്രസ്സിൻെറ പ്രകടനപത്രികയിലും ഈ വിഷയത്തിനു സ്ഥാനം ലഭിച്ചു കുടിൽവ്യവസായങ്ങളെ പരിപോഷിപ്പിക്കുവാൻ കഴിവില്ലെന്നു ഗവൺമെൻറിനെ കുററപ്പെടുത്തിയവർതന്നെ ഇന്നു അധികാരത്തിൻെറ ഉന്നതപീഠ

ങ്ങളിൽ പ്രതിഷ്ഠിതരായിട്ടുണ്ടെങ്കിലും, അവർ കുററപ്പെട്ടുത്തിയിരുന്ന അതേ അവസ്ഥാവിശേഷം അഭംഗമായി തുടരുകയാണു് ഇന്നും.

ഇരുനൂറിൽപരം വർഷങ്ങളായി ഭാരതീയർ അനുഭവിച്ചുകൊണ്ടിരുന്ന പാരതന്ത്ര്യം അവരെ വല്ലാത്ത ഒരു മനോവികാരത്തിന്റെ അടിമയാക്കിക്കഴിഞ്ഞു. സമ്പൽസമൃദ്ധവും സ്വയംപര്യാപ്തവും ആയിരിക്കുന്ന പുരാതനകാലത്തിന്റെ അവകാശികളല്ല ഭാരതീയർ. പ്രകൃതിശക്തികളെ എല്ലാം സ്വന്തം സുഖത്തിനായി വിനിയോഗിക്കാൻ മനുഷ്യനെ ശക്തനാക്കിയ വമ്പിച്ച ശാസ്ത്രീയനേട്ടങ്ങളുടെ യുഗത്തിൽ ജീവിക്കുന്ന ആധുനികരും അല്ല ഭാരതീയർ. ഈ അശരണാവസ്ഥയിൽനിന്നും അവരെ കരകയററുവാൻ ഇന്നത്തെ ഭരണാധികാരികൾക്കു കഴിഞ്ഞിട്ടില്ലെന്നുള്ളതു വ്യസനാകരമായ ഒരു പരമാൎത്ഥം മാത്രമാണു്. ദേശഭക്തിയുടെപേരിൽ സകലതും ഉപേക്ഷിച്ച കാൺഗ്രസ്സുകാരുടെ സേവനങ്ങളെ മറക്കുവാനോ മറയ്ക്കുവാനോ കഴിവില്ലെങ്കിലും യാഥാൎത്ഥ്യങ്ങളെ അഭിമുഖീകരിക്കുന്ന വിഷയത്തിൽ, വിഷമം പിടിച്ച പ്രശ്നങ്ങൾക്കു് പ്രായോഗികമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിൽ അവർ ഇതുവരേയും വിജയിച്ചിട്ടില്ലെന്നു് തുറന്നു സമ്മതിക്കേണ്ടിയിരിക്കുന്നു.

ഇംഗ്ലണ്ടു് അവളുടെ ചക്രവൎത്തിയായി ജോർജ്ജ് ആറാമനെ അഭിഷേകം ചെയ്യുവാൻ തയ്യാറെടുക്കുകയായിരുന്നു. ഇംഗ്ലണ്ടിന്റെ ദേശീയപതാകകൾ നിർമ്മിക്കുന്ന കാര്യത്തിൽ അവിടത്തെ എല്ലാ നെയ്ത്തുശാലകളും ഏർപ്പെട്ടിരുന്നു എന്നിരുന്നാലും സമയത്തിന്റെ ഗൗരവത്തിനു് അനുസരിച്ചു് തെരുവീഥികളും ഗവർമ്മെൻറു് ആഫീസുകളും അലങ്കരിക്കുവാൻ ആവശ്യമുള്ളിടത്തോളം കൊടികൾ നിർമ്മിക്കുവാൻ ഇംഗ്ലണ്ടിലെ നെയ്ത്തുശാലകൾക്കു കഴിയുമായിരുന്നില്ല. ആ സന്ദർ

ഭത്തിലാണ് കെട്ടുകെട്ടായി യൂണിയൻജാക്കുകളും വഹിച്ചു കൊണ്ടു ജപ്പാൻ കപ്പലുകൾ ലണ്ടൻതുറമുഖത്ത് അടുത്തതു്. ഇംഗ്ലണ്ടിൽ നിർമ്മിച്ച കൊടികളേക്കാൾ കുറഞ്ഞ വിലയ്ക്കാണ് ജപ്പാൻകൊടികൾ വിൽക്കപ്പെട്ടതു്. ഈ കൊടികൾ എല്ലാം തന്നെ ജപ്പാനിലെ ചെറുതരം വ്യവസായശാലകളിൽ നിർമ്മിച്ചിട്ടുള്ളവയായിരുന്നു. കുടിൽവ്യവസായങ്ങൾക്കു് സഹജമായിട്ടുള്ള ശക്തിയെ ജപ്പാൻ ലോകത്തിനു കാണിച്ചുകൊടുത്തു. അവിടത്തെ കുടിൽവ്യവസായങ്ങളിൽനിന്നും ലഭിച്ചിരുന്ന സാധനങ്ങൾ വിദേശ വിപണികളിൽ ധാരാളമായി ചെലവാക്കപ്പെട്ടിരുന്നു. അമേരിക്കാ, ഇംഗ്ളണ്ട്, ജർമ്മനി തുടങ്ങിയ വ്യാവസായികരാജ്യങ്ങളെപ്പോലും പിന്നിൽ ആക്കികൊണ്ടു് ജപ്പാൻകാരുടെ വ്യവസായം ഏററവും ചുരുങ്ങിയ സമയംകൊണ്ടു് സുപ്രധാനമായ ഒരു സ്ഥാനം ലോകവിപണികളിൽ സമ്പാദിച്ചു. കുടിൽവ്യവസായവിഷയത്തിൽ ഇത്ര സമുന്നതമായ ഒരു നിലയിലേയ്ക്കു് ഉയരാൻ ജപ്പാനു കഴിഞ്ഞെങ്കിൽ, അസംസ്കൃതസാധനങ്ങളും മാനവശക്തിയും ധാരാളം ഉള്ള ഭാരതത്തിനു എന്തുകൊണ്ടു് കുടിൽ വ്യവസായങ്ങളെ വികസിപ്പിച്ചുകൂടാ.

ജപ്പാനിലെ വ്യവസായ വികസനം പുരോഗമിച്ച മാർഗ്ഗങ്ങളെപ്പററി ശ്രദ്ധാപൂർവം പഠിക്കുന്നതു് ഉപയോഗപ്രദമായിരിക്കും. ഈ വിഷയത്തിൽ ജപ്പാൻകാർ നമുക്കു നൽകുന്ന പാഠങ്ങൾ സവിശേഷം ശ്രദ്ധേയങ്ങളാണ്. യന്ത്രങ്ങളുടെ ഉപയോഗത്തെ ജപ്പാൻ പൂർണ്ണമായും നിരോധിച്ചില്ലെന്നുമാത്രമല്ല ഗ്രാമീണജീവിതത്തിൽ ഈ യന്ത്രങ്ങളുടെ പ്രവർത്തനംമൂലം വിപ്ലവാത്മകമായ പരിവർത്തനങ്ങളാണ് ഉണ്ടാക്കിയതു്. വിലകുറഞ്ഞതും പ്രവർത്തനസുഗമങ്ങളുമായ യാന്ത്രികോപകരണങ്ങൾ ഉപയോഗിച്ചുകൊണ്ടാണ് കുടിൽവ്യവസായങ്ങളെ പുനരുദ്ധരിക്കുവാൻ അവർ ആരംഭിച്ചതു് ഓരോ ഗ്രാമവും ഓരോ കുടിൽ

വ്യവസായങ്ങളുടെ കേന്ദ്രസ്ഥാനങ്ങളാക്കി. വിദ്യുച്ഛക്തി ഓരോ ഗ്രാമത്തിലും എത്തിച്ചുകൊടുക്കുകയും, അതിൻെറ പ്രയോജനത്തെ നാട്ടുകാരുടെ മനസ്സിലാക്കിക്കൊടുക്കുകയുംചെയ്തു പുതിയ യന്ത്രസാമഗ്രികൾ വാങ്ങിവിതരണം ചെയ്യുന്നതിൽ ഗവർമ്മെൻറ് മുൻകൈയെടുത്തു് പ്രവർത്തിച്ചു. യന്ത്രസാമഗ്രികളുടെ വില പലതവണകളിലായി അടച്ചുതീർക്കുവാനുള്ള സൗകര്യവും വ്യവസായികൾക്കു് ലഭിച്ചിരുന്നു. ഉല്പന്നങ്ങളുടെ ക്രയവിക്രയത്തിൽ അനാവശ്യവും, അനർഹവുമായ മത്സരം ഉണ്ടാകാതിരിക്കുവാനും വിദേശവിപണികൾ സമ്പാദിക്കുവാനും ആയി വ്യവസായികൾ സ്വയം സംഘടിച്ചിരുന്നു ഈ സംഘടനകളുടെ പ്രവർത്തനത്തിൽ രാഷ്ട്രത്തിൻെറ നിർല്ലോഭമായ സഹായം സ്വാഭാവികമായി ലഭിച്ചുവന്നു. ജപ്പാനിൽ ജോലിക്കാരനെ യന്ത്രത്തിൻെറ അടിമയാക്കാതെ യന്ത്രത്തെ മനുഷ്യൻെറ അടിമയാക്കുകയാണു് ഉണ്ടായതു്. വൻകിട വ്യവസായങ്ങളെത്തന്നെ വിഘടിപ്പിച്ചു നാട്ടിൻപുറങ്ങളിലേയ്ക്കു വ്യാപിപ്പിക്കുവാൻ അധികാരികൾ ശ്രദ്ധിച്ചു അങ്ങിനെ രാജ്യത്തിൻെറ സാമ്പത്തികപ്രശ്നങ്ങളെ അവയുടെ കഴിവുകളുടേയും, കഴിവുകേടുകളുടേയും പശ്ചാത്തലത്തിൽനിന്നു സമീപിച്ചു് അവയ്ക്കെല്ലാം, കഴിയുന്നതും പ്രായോഗികമായ പരിഹാരങ്ങൾ നിർദ്ദേശിച്ചു്, കാര്യക്ഷമമായരീതിയിൽ അവയെ പുരോഗമിപ്പിക്കുവാൻ ജപ്പാനു് കഴിഞ്ഞതാണു് അവരുടെ സാമ്പത്തിക വിജയത്തിൻെറ പ്രഥമവും, പ്രധാനവുമായ ഹേതു.

എന്നാൽ ഭാരതമോ? ഭാരതം ഇതുവരേയും യഥാർത്ഥ്യങ്ങളിലേക്കു് ഉയന്നു കഴിഞ്ഞിട്ടില്ല. അവർക്കു് അഭിമാനിക്കുവാൻ കഴിയുന്ന ഒരു ഭൂതകാലമുണ്ടു്. മോഹനമായ ഒരു ഭാവിയെ അവർ വിഭാവനചെയ്യുന്നുമുണ്ടു്. എന്നിരുന്നാലും വർത്തമാനകാലം കഷ്ടപ്പാടിൻെറ കരിപിടിച്ച കഥകൾകേട്ടു്

തഴമ്പുപിടിച്ചതാണു്. ഇന്നത്തെ കഷ്ടപ്പാടുകളിൽനിന്നും രക്ഷപ്പെടുവാൻ ശ്രമിക്കുമ്പോൾ നഷ്ടപ്പെട്ടുപോയ നമ്മുടെ കഴിവുകളെപ്പററി ഓർമ്മിക്കുന്നതു കൂടുതൽ ഉൽസാഹത്തോടുകൂടി പ്രവർത്തിക്കുന്നതിനുള്ള പ്രചോദനം നൽകാതിരിക്കുകയില്ല. കാലങ്ങളുടെ കരിപിടിച്ച മറയിൽക്കൂടി കഴിഞ്ഞ കാലത്തിൻെറ മായാത്ത രേഖകൾ അങ്ങിങ്ങായി വെട്ടിത്തിളങ്ങുന്നതു നമുക്കു കാണുവാൻ കഴിയും. ഏകദേശം 5,000 സംവൽസരങ്ങൾക്കു മുൻപു് നമ്മുടെ ചരിത്രം ആരംഭിക്കുന്നു. അന്നത്തെ ചരിത്രം, വിവിധ വ്യവസായപ്രവർത്തനങ്ങളിൽനിന്നും ഉൽഭൂതമായിരുന്ന സമ്പൽസമൃദ്ധിയുടെ രജതദ്യുതിയാൽ ആവൃതമാണു്. ഭാരതീയവ്യവസായശാലകളിൽനിന്നും ഉൽപാദിപ്പിക്കപ്പെട്ടിരുന്ന വിഭവങ്ങൾ ലോകത്തിൻെറ മിക്ക ഭാഗങ്ങളിലും എത്തിയിരുന്നു. പരുപരുത്ത വസ്ത്രങ്ങൾ മുതൽ വിലപിടിച്ച ആഭരണങ്ങൾവരെയുള്ള വിവിധസാധനങ്ങൾ ഉൽപാദിപ്പിക്കപ്പെട്ടിരുന്നു.

നമ്മുടെ ഗ്രാമങ്ങൾ മിക്കവാറും സ്വയംപര്യാപ്തങ്ങളായിരുന്നു എന്നു മാത്രമല്ല, അവ സാമ്പത്തികമായി സമ്പന്നമായ ഓരോ സമ്പൂർണ്ണഘടകങ്ങളും ആയിരുന്നു. ഗ്രാമീണരിൽ ഓരോരുത്തരുടേയും ആവശ്യങ്ങൾ ആ ഗ്രാമപരിധിക്കുള്ളിൽ വെച്ചുതന്നെ നിർവ്വഹിക്കപ്പെട്ടുവന്നു. നമ്മുടെ ഗ്രാമങ്ങളിൽ ഉൽപാദിപ്പിക്കപ്പെട്ടുവന്നിരുന്ന സാധനങ്ങൾ സാർവലൗകികമായി ആദരിക്കപ്പെട്ടുവന്നു. ഭാരതീയസംസ്കാരത്തിൻെറയും കലയുടേയും പരിപൂർണ്ണമായ മഹത്വത്തെ പ്രത്യക്ഷപ്പെടുത്തുവാൻ ശക്തിയുള്ള മഹേൽജ്ജൂർഡാരോവിൽനിന്നും ലഭിച്ചിട്ടുള്ള കലാവിശിഷ്ടങ്ങളും, അശോകൻെറ സ്തംഭങ്ങളും, അജന്തായിലെ ചിത്രങ്ങളും, കുടബു് മൈനറും, താജ്മഹാളും, ഭാരതീയ കലാസമ്പത്തിൻെറ നശിക്കാത്ത അവശിഷ്ടങ്ങളാണു്. പഴമയിലും പുതുമപോവാത്ത അവശിഷ്ടങ്ങൾ മാനവസംസ്കാര

ത്തിനു് അനുഭവപ്പെട്ടിട്ടുള്ള മഹാവിപത്തുകളിൽ ഒന്നാണു്, ഭാരതീയ കലാസമ്പത്തിൻെറ അധഃപതനവും, വിനാശവും, അതോടുകൂടിത്തന്നെ സംഭവിച്ചു സ്വയംപര്യാപ്തങ്ങളായിരുന്ന നമ്മുടെ ഗ്രാമങ്ങളുടെ അന്തർദ്ധാനവും ഈ മഹാവിപത്തിൻെറ കാരണക്കാർ ഭാരതത്തെ ഏകദേശം രണ്ടു നൂററാണ്ടുകാലം കയ്യടക്കിവെച്ചിരുന്ന വിദേശഭരണകർത്താക്കൾതന്നെ.

എന്നാൽ ഇന്നു് ആ ദുസ്വപ്നം അവസാനിച്ചു കഴിഞ്ഞു. ദേശീയഇൻഡ്യയുടെ ദേശീയ നേതാക്കന്മാർതന്നെ ഇന്നു നമ്മുടെ ദേശത്തെ ഭരിക്കുന്നു. ആറു വയസ്സുമാത്രം പ്രായമുള്ള ദേശീയ ഗവർമ്മെൻറിൻെറ നേട്ടങ്ങൾ അനവധിയാണു്. ആഭ്യന്തരസമാധാനം സ്ഥാപിക്കുക, വർഗ്ഗീയവാദികളെ അമർച്ച ചെയ്യുക, അഞ്ഞൂറിൽപരം നാട്ടുരാജ്യങ്ങളെ ഒരു കേന്ദ്രാധികാരത്തിനു് വിധേയമാക്കുക, സർവ്വദേശീയ വ്യാപാരങ്ങളിൽ ഭാരതത്തിൻെറ സ്ഥാനം വർദ്ധിപ്പിക്കുക, തുടങ്ങിയ പല നല്ല കാര്യങ്ങളും നിർവഹിക്കുവാൻ ഗവമ്മെൻറിനു് കഴിഞ്ഞു. എന്നാൽ നാട്ടുകാരുടെ പട്ടിണിയെ പരിഹരിക്കാൻ കർഷകൻെറ ജീവിതത്തോതുയർത്തുവാൻ ഗവർമ്മെൻറ് വളരെയൊന്നും ചെയ്തിട്ടില്ലെന്നു് പറയേണ്ടിയിരിക്കുന്നു. ഭക്ഷണത്തിനുവേണ്ടി നിലവിളിച്ചുകൊണ്ടിരിക്കുന്ന വിശക്കുന്ന വയറുകളുടെ എണ്ണം കുറഞ്ഞിട്ടില്ല. പ്രതീക്ഷകൾ നിറഞ്ഞ ഒരു ഹൃദയത്തോടുകൂടി, ഭൂമിയെക്കാൾ ക്ഷമയോടെ അവർ ഇനിയും കാത്തിരിക്കുന്നു. സമ്പന്നമായ നാളുകളെ പ്രതീക്ഷിച്ചു്.

ഭാരതീയൻെറ ജീവിതമാർഗ്ഗം കർഷകവൃത്തിയാണു്. എന്നാൽ ജീവിതമാർഗ്ഗത്തിൽനിന്നും അവനു് ശരാശരി ലഭിക്കുന്ന ആദായം തീരെ മോശമാണെന്നു് പ്രത്യേകം ചൂണ്ടിക്കാണിക്കേണ്ട ആവശ്യം ഇല്ല. ഈ അവസ്ഥാവിശേഷത്തിനുള്ള കാരണങ്ങളിൽ പലതിനെപ്പററിയും നാം പ്രതിപാദിച്ചു കഴിഞ്ഞു. കർഷകൻെറ കടബാദ്ധ്യതമുതൽ അവൻെറ അറിവി

ല്ലായ്മയും യാഥാസ്ഥിതികത്വവുംവരെ അങ്ങിനെ പോകുന്നു ആ പട്ടിക. കർഷകൻെറ കുറഞ്ഞ ശരാശരി വരുമാനത്തിൻെറ ഒരു പ്രധാന കാരണം അവനു് മുഴുവൻ സമയവും ജോലി ചെയ്യാൻ കഴിയുന്നില്ലെന്നുള്ളതാണു്. കഠിനാദ്ധ്വാനി ആയ നമ്മുടെ കർഷകൻ മടിയനാണെന്നല്ലാ വിവക്ഷിക്കുന്നതു്. എന്നാൽ ഇന്നത്തെ പരിതഃസ്ഥിതികളിൽ കൃഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കൃഷിക്കാരനു് മുഴുവൻസമയവും ജോലിചെയ്യാൻ അവനു മനസ്സുണ്ടെങ്കിലും കഴിവില്ലെന്നുള്ളതാണു് പരമാർത്ഥം. ചില ദക്ഷിണേന്ത്യൻ ഗ്രാമങ്ങളിലെ സ്ഥിതിഗതികളെപ്പററി പഠിച്ചതിനുശേഷം ശ്രീ. പി. ജെ. തോമസ്സും, ശ്രീ രാമകൃഷ്ണനും സമർപ്പിച്ചറിപ്പോർട്ടിൽ ഇപ്രകാരം സമർത്ഥിച്ചിരുന്നു: "ഒരു കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കൃഷിക്കാർക്കു് പ്രതിവർഷം അഞ്ചുമാസത്തിൽക്കൂടുതൽജോലി ഉണ്ടായിരിക്കുകയില്ല ഇരുപ്പൂകൃഷിക്കാരു കുറഞ്ഞതു് വർഷംതോറും മൂന്നുമാസത്തോളം ജോലിഇല്ലാതെ കഴിച്ചുകൂട്ടുന്നു." ബംഗാളിലെ ഭൂവികതി കമ്മീഷനും ഈ അഭിപ്രായംതന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്. "ഇൻന്ത്യയിലെ കൃഷികവൃത്തിയുടെ ഒരു പ്രത്യേകത കൃഷകർക്കു് ധാരാളം വിശ്രമസമയം ലഭിക്കുന്നു എന്നുള്ളതാണു്. പ്രാദേശിക പ്രത്യേകതകൾ അനുസരിച്ചു് ഈ സമയത്തിൻെറ ദൈർഘ്യം കുറഞ്ഞോ കൂടിയോ ഇരിക്കും എന്നാലും, ആകെക്കൂടി ആലോചിച്ചാൽ കർഷകരിൽ ഒരു ബഹുഭൂരിപക്ഷത്തിനും, ശരാശരി നാലുമാസത്തോളം ജോലി ഇല്ലാതിരിക്കുന്നു" റായൽ കമ്മീഷൺ ഓൺ അഗ്രികൾച്ചറും ഇതേ അഭിപ്രായംതന്നെയാണു് രേഖപ്പെടുത്തിയിരിക്കുന്നതു്.

ഈ നിർബന്ധിതവിശ്രമംകൊണ്ടു സംഭവിക്കുന്നതു് എന്താണു്? ഗ്രാമീണഇൻഡ്യയിൽ മാനവശക്തി അനാവശ്യമായി നഷ്ടപ്പെടുത്തിക്കളയുന്നു എന്നാണു്. ഈ ഭയാനകമായ നഷ്ടം സാമ്പത്തിക പരിഷ്കരണങ്ങളുടെ സവിശേഷമായ

ശ്രദ്ധയെ ആകർഷിക്കേണ്ടതാണു്. "കൂടുതൽ ഉല്പാദിപ്പിക്കുക അല്ലെങ്കിൽ നശിക്കുക" എന്നു് മുറവിളികൂട്ടിക്കൊണ്ടിരിക്കുന്ന ഭാരതത്തിലാണു് ഈ നഷ്ടം സംഭവിക്കുവാൻ അനുവദിക്കുന്നതെന്നു് ഓർമ്മിക്കുമ്പോൾ വലിയ അത്ഭുതം തോന്നുന്നു. ഉല്പാദനം ഒരു പ്രതിസന്ധിഘട്ടത്തിൽ എത്തിയിരിക്കുന്ന ഇന്നത്തെ പരിതഃസ്ഥിതിയിൽ കൂടുതൽ ഉല്പാദിപ്പിക്കേണ്ടതു് ഒരു ആവശ്യം മാത്രമായിത്തീർന്നിരിക്കുന്നു. ആധുനിക കാലഘട്ടത്തിൽ, നഷ്ടപ്പെട്ടുപോകുന്ന ഈ ഉല്പാദനശക്തിയെ സൂക്ഷ്മതയോടെ സംഭരിക്കുകയും, ശരിയായി നയിക്കുകയും, നല്ലവണ്ണം പ്രയോജനപ്പെടുത്തുകയും ചെയ്യേണ്ടതു്, ദേശീയ സമ്പത്തിനെ വർദ്ധിപ്പിക്കുവാൻ അവശ്യം ആവശ്യമാണു്.

നിർബന്ധിതമായ ഈ വിശ്രമത്തിനുള്ള കാരണങ്ങൾ എന്താണു്? ഭാരതത്തിൽ നടന്നുകൊണ്ടിരിക്കുന്ന വിഭജനവും തുണ്ടുതുണ്ടാക്കലും, കർഷകന്റെ പ്രവർത്തകഘടകങ്ങളെ ചെറുതാക്കിയപ്പോൾ അവന്റെ ജോലിയും കുറഞ്ഞുപോയി. കൂട്ടുകൃഷി സമ്പ്രദായത്തിന്റെ അഭാവത്തിൽ ഓരോ വർഷത്തിന്റേയും വിവിധ കാലങ്ങളിൽ ശ്രദ്ധ ആവശ്യപ്പെടുന്ന ഉല്പന്നങ്ങൾ വളർത്തുവാൻ അവനു് കഴിയാതെവന്നു. അതുകൊണ്ടു് ഓരോ പ്രത്യേക കാലത്തുമാത്രം അവൻ കൂടുതൽ ജോലി ചെയ്യേണ്ടിവന്നു. നമ്മുടെ കർഷകവൃത്തിതന്നെ കാലാവസ്ഥയെ അനുസരിച്ചിരിക്കുന്നതുകൊണ്ടു്, അനുകൂലമല്ലാത്ത കാലാവസ്ഥകൾ ഉള്ളപ്പോൾ കർഷകൻ ജോലിചെയ്തതുകൊണ്ടു പ്രയോജനമില്ലാതായിത്തീരുന്നു. ഇതിൽനിന്നെല്ലാം വ്യക്തമാകുന്നതു് കർഷകവൃത്തി ഭാരതീയ കർഷകനു മുഴുവൻസമയവും ജോലി നൽകുന്നില്ലെന്നുള്ളതാണു്.

കർഷകന്റെ മുഴുവൻസമയവും പ്രയോജനപ്രദമായി ഉപയോഗപ്പെടുത്തണമെങ്കിൽ അവനു കർഷകവൃത്തിയോടു് അനുബന്ധിച്ചു നടത്തിക്കൊണ്ടുപോകുവാൻ കഴിയുന്ന മററു്

ഏതെങ്കിലും ജോലികൂടി ഉണ്ടായിരിക്കണം. പഞ്ചാബിലെ കർഷകൻ "സമ്പത്തിലും ദാരിദ്ര്യത്തിലും" എന്ന പുസ്തകത്തിൽ എം. എൻ. ഡർലിങ്ങ് എന്ന ധനതത്വശാസ്ത്രജ്ഞൻ എഴുതിയിട്ടുണ്ട്: "വിസ്തൃതങ്ങളല്ലാത്ത കൃഷിസ്ഥലങ്ങളിൽ ജീവിക്കുവാൻ നിർബന്ധിതനായിരിക്കുന്ന ഭാരതീയകർഷകനു കടക്കാരനാകാതെ ജീവിക്കണമെങ്കിൽ, അവനു കർഷകവൃത്തിയോടു് അനുബന്ധിച്ച മററു വല്ല ചെറുതരം ആദായമാർഗ്ഗങ്ങളുംകൂടി ഉണ്ടായിരിക്കേണ്ടതാണ്." ചെറുതരം വ്യവസായങ്ങളിൽ ഏർപ്പെടാനുള്ള അവസരം കർഷകനു് ഉണ്ടായിരിക്കണം. അവൻെറ മുഖ്യതൊഴിലായ കർഷകവൃത്തിയുടെ പുരോഗമനത്തിനു വിഘാതമാവാത്ത വിധത്തിൽ ചെറുതരം വ്യവസായങ്ങളെ വികസിപ്പിക്കുന്നതുകൊണ്ടുമാത്രമേ ഈ വൈഷമ്യത്തിൽ നിന്നും കർഷകനെ സമുദ്ധരിക്കാൻ സാധിക്കു.

കുടിൽവ്യവസായം എന്നു പറയുന്നതു് എന്തിനെയാണ്? കുടിൽവ്യവസായത്തിനു ശരിയായ ഒരു നിർവചനം നൽകാൻ പലരും ശ്രമിച്ചിട്ടുണ്ടു്. മദ്രാസ് വ്യവസായസഹായആക്ടിൽ ഒരു ജോലിക്കാരൻ അവൻെറ വീട്ടിൽവച്ചുതന്നെ ചെയ്യുന്ന വ്യവസായത്തെയാണു കുടിൽവ്യവസായമായി എടുത്തിരിക്കുന്നതു്. 1916 മുതൽ 1918 വരെ പ്രവർത്തനം നടത്തിയ വ്യവസായാന്വേഷണകമ്മീഷൻ കുടിൽവ്യവസായത്തെ ജോലിക്കാരൻെറ വീട്ടിൽ വെച്ചു നടത്തപ്പെടുന്ന ചെറുതരം വ്യവസായം എന്നു നിർവചിച്ചിട്ടുണ്ടു്. ഈ വ്യവസായങ്ങൾ ചെറുതരം പ്രവർത്തനങ്ങളിൽമാത്രം ഏർപ്പെടുന്നതും പ്രാദേശിക ആവശ്യങ്ങൾമാത്രം നിർവഹിക്കാൻ പ്രാപ്തിയുള്ളതും ആയിരിക്കും. നാഷനൽ പ്ലാനിംഗ് കമ്മററിയും കുടിൽവ്യവസായത്തിനു് ഒരു നിർവചനം നൽകിയിട്ടുണ്ടു്. ഒരു ജോലിക്കാരൻ അവൻെറ സ്വന്തം ഭവന

ത്തിൽവച്ചു് അവൻെറ സ്വന്തം ആയുധങ്ങളും ഉപകരണങ്ങളും ഉപയോഗിച്ചു് അവൻെറ കുടുംബാംഗങ്ങളുടെ സഹായത്തോടുകൂടി ഏർപ്പെടുന്ന വ്യവസായത്തെയാണു് കുടിൽവ്യവസായമെന്നു വിളിക്കുന്നതു്.

ശാസ്ത്രീയമായ പുരോഗതിയോടുകൂടി വൻകിടവ്യവസായങ്ങൾ വളർന്നുവന്നു. ശാസ്ത്രീയനേട്ടങ്ങളുടെ പശ്ചാത്തലത്തിൽ വളൎന്നുവന്ന ഈ വ്യവസായങ്ങൾ കൂടുതൽ കാൎയ്യക്ഷമമായി പ്രവൎത്തിച്ചതുകൊണ്ടു് ചെറുതരം വ്യവസായങ്ങളുടെ പ്രവൎത്തനവീഥികളിലും അവ പ്രവേശിച്ചു്, വിപുലങ്ങളായ അവയുടെ കഴിവുകൾ ഉപയോഗിച്ചു്, ചെറുതരം വ്യവസായങ്ങളെ പ്രവൎത്തനരഹിതങ്ങളാക്കാൻ ശ്രമിച്ചു. ഭാരതത്തിൽ വൻകിടവ്യവസായങ്ങൾ കാൎയ്യമായി പുരോഗമിച്ചില്ലെങ്കിലും, അവയും കുടിൽവ്യവസായങ്ങളെ ബലഹീനങ്ങളാക്കാൻ കഴിഞ്ഞു.

വൻതരം വ്യവസായങ്ങൾ പ്രചാരത്തിൽ ഇരിക്കുന്ന ശാസ്ത്രീയയുഗത്തിൽ ചെറുതരം വ്യവസായങ്ങളുടെ പ്രയോജനത്തെ ചോദ്യം ചെയ്യുന്നവർ കണ്ടേക്കാം. എന്നാൽ വ്യാവസായികമായി സമുന്നതമായ സ്ഥാനങ്ങളിൽ ഇരിക്കുന്ന രാജ്യങ്ങളിലെ അനുഭവങ്ങളുടെ വെളിച്ചത്തിൽ പരിശോധിച്ചാൽ വൻകിടവ്യവസായങ്ങളോടു് ഒന്നിച്ചുതന്നെ, ചെറുതരം വ്യവസായങ്ങൾക്കും വളൎന്നുവരാനുള്ള സാദ്ധ്യതകൾ ഉണ്ടെന്നു് കാണാം. ഷെഫീൽഡിൽ നിർമ്മിക്കപ്പെടുന്ന കത്തികൾ, നോട്ടിങ്ങ്ഹാമിൽ നെയ്തെടുക്കുന്ന തുണിത്തരങ്ങൾ, റേന്തകൾ, ബെഡ്ഫോർഡിലെ സ്ട്രോപ്ലെയിററിങ്ങ് തുടങ്ങിയവ മിക്കവാറും ഇംഗ്ലണ്ടിലെ കുടിൽവ്യവസായങ്ങളിൽനിന്നും ലഭിക്കുന്നവയാണു്. കുടിൽവ്യവസായങ്ങൾ അവയുടെ പരിപൂൎണ്ണമായ വളർച്ചയെ പ്രാപിച്ചിരിക്കുന്ന സ്ഥലമാണു ജപ്പാൻ.

ജപ്പാനിലെ വ്യവസായങ്ങളിൽ അറുപത്തിഅഞ്ചുശതമാന വും ചെറിയചെറിയ ഉല്പാദക ഘടകങ്ങളായിരുന്നു. പത്തിൽ കൂടുതൽ ജോലിക്കാർ ഓരോവ്യവസായത്തിലും ഏർപ്പെട്ടിരുന്നില്ല. ഈ ചെറുതരം വ്യവസായശാലകളിലും യന്ത്രസാമഗ്രികാം വിജയപൂർവം ഉപയോഗിക്കുവാൻ ജപ്പാനു കഴിഞ്ഞു. അമേരിക്കയിലും, ഇംഗ്ലണ്ടിലും ഉണ്ടായിരുന്ന ശാസ്ത്രീയവികസനത്തെയും, ജപ്പാനിലെ വർദ്ധിച്ചുകൊണ്ടിരുന്ന ജനങ്ങളുടെ ആവശ്യത്തേയും സമുചിതംവണ്ണം യോജിപ്പിക്കുവാൻ ജപ്പാനു കഴിഞ്ഞു.

ഭാരതത്തെ സംബന്ധിച്ചിടത്തോളം ഇന്നു് ആവശ്യമായിട്ടുള്ളതു് വ്യവസായവികേന്ദ്രീകരണവും, കുടിൽവ്യവസായങ്ങളുടെ പ്രോൽസാഹനവും ആണു്. ജീവിതാവശ്യങ്ങൾക്കു് വേണ്ടുന്ന സാധനങ്ങളിൽ എങ്കിലും ഭാരതത്തിലെ ഓരോ ഗ്രാമങ്ങളേയും സ്വയംപര്യാപ്തമാക്കേണ്ടതാണു്. ഗ്രാമങ്ങളെ സ്വയംപര്യാപ്തമാക്കുവാനുള്ള എല്ലാ സംരംഭങ്ങളിലും കുടിൽവ്യവസായങ്ങളുടെ വികസനവും സുപ്രധാനമായ ഒരു ഭാഗം വഹിക്കുന്നു. ഗാന്ധിജി ആസൂത്രണംചെയ്തിട്ടുള്ള ഒരു സർവോദയപദ്ധതിയാണു് നമുക്കു് ഇന്നു് ആവശ്യം

കുടിൽവ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതുകൊണ്ടു് വൻകിടവ്യവസായങ്ങളെ നിരുൽസാഹപ്പെടുത്തണമെന്നില്ല. വൻകിടവ്യവസായങ്ങളും കുടിൽവ്യവസായങ്ങളും ഇന്ത്യയുടെ സാമ്പത്തിക ഉന്നമനത്തിനു് ആവശ്യമാണു്. കർഷകൻെറ വിശ്രമസമയത്തു് അവനു് സഹായകമാകുവാൻ കുടിൽവ്യവസായങ്ങളെ വികസിപ്പിക്കുമ്പോൾ അവയ്ക്കു വൻതരം വ്യവസായങ്ങളുടെ എതിർപ്പിനെ എതിരിടുവാൻമാത്രം ശക്തി ഉണ്ടായിരിക്കേണ്ടതാണു്. അതിനുവേണ്ടി കുടിൽവ്യവസായങ്ങളെ വികസിപ്പിക്കുകയും, സംഘടിപ്പിക്കുകയും, ശാ

സ്ത്രീയ ഉപകരണങ്ങറം ഉപയോഗിച്ച് കൂട്ടതൽ കാര്യക്ഷമമാക്കുകയുംവേണം. കുടിൽവ്യവസായത്തെ വൻതരംവ്യവസായങ്ങളോട്ട് മൽസരിക്കുന്ന ഘടകമായി കരുതാതെ അവയുടെ പ്രവത്തനങ്ങളെ പൂർണ്ണമാക്കുന്ന ഉപാധികറം ആയിട്ടുംവണം സ്വീകരിക്കുവാൻ. വൻകിടവ്യവസായങ്ങറം ഒരു രാഷ്ട്രത്തിൻെറ വ്യവസായ ശരീരത്തിൽക്കൂടി ശക്തി സംവഹിക്കുന്ന രക്തധമിനികറം ആണെങ്കിൽ കുടിൽവ്യവസായങ്ങറം ആ ശക്തിയെ ശരീരത്തിൻെറ വിവിധഭാഗങ്ങളിൽ എത്തിക്കുന്ന ചെറിയ ഞരമ്പുകളാണ്. ഇന്ത്യാഗവർമ്മെൻറിൻെറ വ്യവസായവകുപ്പു് മന്ത്രി ആയിരുന്ന ഡാക്ടർ ശ്യാമപ്രസാദ് മുക്കർജി കുടിൽവ്യവസായങ്ങളെപ്പററി പ്രതിപാദിക്കുമ്പോറം ഇപ്രകാരം പ്രസ്താവിച്ചു: "ഗ്രാമങ്ങളുടെ നാടായ ഭാരതത്തിൽ അവിടത്തെ ഗവർമ്മെൻറ് കുടിൽവ്യവസായങ്ങളെ ആത്മാത്ഥമായി പ്രോൽസാഹിപ്പിക്കേണ്ടതാണ്. നാട്ടുകാരുടെ സാമ്പത്തിക ഭദ്രതയ്ക്കു് അതു് അത്യാവശ്യവുമാണ്. സ്വാഭാവികമായി, കുടിൽവ്യവസായങ്ങളെ വികസിപ്പിക്കേണ്ട ചുമതല വിവിധ സംസ്ഥാനങ്ങറംക്ക് ഉള്ളതാണെങ്കിലും, കുടിൽവ്യവസായങ്ങളെ വൻകിടവ്യവസായങ്ങളോട്ട് ഒന്നിച്ചുചേർത്തുകൊണ്ടുപോകുവാൻ കേന്ദ്രഗവർമ്മെൻറം ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ വ്യവസായങ്ങറംക്ക് ആശാവഹമായ പുരോഗതി ഉണ്ടാവണമെങ്കിൽ എലക്ട്രിസിററി സഹായവിലയ്ക്കു നാട്ടിൻപുറങ്ങളിൽ ലഭിക്കേണ്ടിയിരിക്കുന്നു. കൂടാതെ വിദഗ്ദ്ധമായ ഉപദേശവും, നിയന്ത്രണവും, ആവശ്യാനുസരണം അസംസ്കൃതസാധനങ്ങളും കുടിൽവ്യവസായികോല്പന്നങ്ങളെ ക്രയവിക്രയംചെയ്യാനുള്ള ഒരു വിപണിയും ആവശ്യമാണ്."

സംഘടിതമല്ലാതെ അങ്ങിങ്ങായി പ്രവത്തനം നടത്തുന്ന പല കുടിൽവ്യവസായകേന്ദ്രങ്ങളും ഇന്നു് ഇൻഡ്യയിൽ പ്രവത്തനം നടത്തുന്നുണ്ടു്. ഇപ്രകാരം, പരസ്പരബന്ധമില്ലാതെ

പ്രവർത്തനം നടത്തുന്ന കുടിൽവ്യവസായങ്ങളെപ്പററി പരിപൂർണ്ണമായ ഒരു അറിവും ഇതുവരെ നമുക്കു ലഭിക്കുന്നില്ല. അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം, അവയിൽനിന്നും ശരാശരി ലഭിക്കുന്ന ആദായം ഇവയെല്ലാം മിക്കവാറും അജ്ഞാതങ്ങളാം ആണ്. എന്നാൽ സഹകരണ സംഘങ്ങളാം നടത്തിവരുന്ന കുടിൽവ്യവസായങ്ങളെപ്പററി ഒരു ഏകദേശജ്ഞാനം നൽകുന്ന ചില കണക്കുകളാം നമുക്കു ലഭിച്ചിട്ടുണ്ട്. 1947-ൽ ചേന്ന സഹകരണസംഘം രജിസ്ട്രാറന്മാരുടെ സമ്മേളനത്തിൽനിന്നും പ്രസിദ്ധീകരിച്ചിട്ടുള്ള റിപ്പോർട്ടിൽ ചില കണക്കുകളാം ഉദ്ധരിച്ചിട്ടുണ്ട്. അവയിൽനിന്നും കുടിൽവ്യവസായത്തിൻെറ അന്നത്തെ നിലയേപ്പററി ഒരു ഏകദേശരൂപം നമുക്കു മനസ്സിലാക്കാം.

| പ്രവിശ്യ. | സംഘങ്ങളാം. | അംഗങ്ങളാം. | പ്രവത്തന മൂലധനം. | ഉല്പാദനം ലക്ഷം രൂ. |
|---|---|---|---|---|
| ആസാം | 35 | | | |
| ബംഗാളാം | 158 | 3,600 | 2,09,000 | 0.13 |
| ബീഹാർ | 10 | 390 | 2,800 | |
| ബോംബെ | 69 | 4,130 | 1,13,000 | 3 49 |
| സി.പി. | 15 | 840 | 43,600 | 0.53 |
| മദ്രാസ് | 222 | 15,260 | 4,55,000 | 10.10 |
| യു. പി. | 29 | 990 | 1,13,400 | |

(ഈ കണക്കിൽ കൈത്തറിനെയ്ത്തു സംഘങ്ങളെ ഉളാംപ്പെടുത്തിയിട്ടില്ല.)

ഇന്ത്യയുടെ ആവശ്യങ്ങളുടെ വിപുലതയും, ജനസംഖ്യയുടെ കണക്കും, സാദ്ധ്യതകളുടെ വലിപ്പവും വെച്ചുനോക്കുമ്പോളാം ഈ നേട്ടങ്ങളാം കേവലം അഗണ്യങ്ങളാം ആകുന്നു. വികസിപ്പിക്കപ്പെടാൻ ധാരാളം സാദ്ധ്യതകളാം ഉള്ള കുടിൽ

വ്യവസായങ്ങൾ ഇനിയും അശ്രദ്ധമായി ഉപേക്ഷിക്കപ്പെടുന്നതു് ക്ഷന്തവ്യമാണോ?

ഭാരതത്തിൽ ഇന്നു് പ്രവർത്തനം നടത്തുന്നതും സമാരംഭിക്കാവുന്നതും ആയ കുടിൽവ്യവസായങ്ങളെപ്പററി പ്രതിപാദിക്കാൻ ആരംഭിക്കുമ്പോൾ കൈത്തറി നെയ്ത്തു വ്യവസായത്തെപ്പററിയാണു് ആദ്യമായി ഓർമ്മിച്ചുപോവുന്നതു്. കർഷകവൃത്തി കഴിഞ്ഞാൽ ഏററവും കൂടുതൽ ആളുകൾക്കു് ജോലി നൽകുന്ന ഒരു വ്യവസായമാണു് ഇതു്. ഏകദേശം ഒരു കോടിയോളം ആളുകൾ ഈ വ്യവസായത്തിൽ നിന്നും ലഭിക്കുന്ന ആദായംകൊണ്ടു ജീവിക്കുന്നു. ഏകദേശം അറുപതിനായിരത്തോളം പേക്കു് ഈ വ്യവസായം ജോലി നൽകുന്നതായി ഫാക്ററ് ഫൈൻസിങ്ങ് കമ്മററി കണക്കാക്കിയിട്ടുണ്ടു്. ഏകദേശം 20 ലക്ഷം തറികൾ ഇന്നു് ഇന്ത്യയിൽ പ്രവർത്തിക്കുന്നു. ഇന്ത്യയിൽ ഉൽപാദിപ്പിക്കപ്പെടുന്ന തുണിയിൽ ഇരുപത്തിഅഞ്ചുശതമാനവും കൈത്തറി വ്യവസായത്തിൽനിന്നും ലഭിക്കുന്നതും ആണു്. അതുകൊണ്ടു് കൈത്തറിനെയ്ത്തു കർഷകവൃത്തിയെപ്പോലെതന്നെ പ്രാധാന്യം അർഹിക്കുന്ന ഒരു പ്രവർത്തനമാണെന്നു് മനസ്സിലാക്കാം. കൈത്തറിനെയ്ത്തു് അതിൽതന്നെ പൂർണ്ണമായ ഒരു വ്യവസായവും ജീവിതമാർഗ്ഗവും ആണു്. അതുകൊണ്ടു് കൈത്തറി നെയ്ത്തിനെ ഒരു കുടിൽ വ്യവസായമായി പരിഗണിക്കാതെ പ്രധാന വ്യവസായമായിതന്നെ പ്രതിപാദിക്കേണ്ടതാണു്.

എന്നാൽ കർഷകവൃത്തിയെപ്പോലെതന്നെ കൈത്തറിനെയ്ത്തും അധികാരികളുടെ അശ്രദ്ധയ്ക്കു വിധേയമായി ഇതുവരെയും ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. അപ്പോഴപ്പോൾ ഉണ്ടാകുന്ന ചില പ്രസിദ്ധീകരണങ്ങളിൽക്കൂടിയും കമ്മററി റിപ്പോർട്ടുകളിൽക്കൂടിയും ചെയ്തിട്ടുള്ള സേവനങ്ങൾ ഒഴിച്ചാൽ കൈത്തറി വ്യവസായത്തെ പുനഃസംഘടിപ്പിക്കുവാനും സമുദ്ധരിക്കു

വാനും വളരെ ഒന്നും ചെയ്തിട്ടില്ല. കഴിഞ്ഞ മഹായുദ്ധമോ ദേശീയ ഗവർമ്മെൻറിൻെറ ആഗമനമോ ഈ അവസ്ഥാവിശേഷത്തിൽ കാൎയ്യമായ യാതൊരു വ്യതിയാനവും വരുത്തിയിട്ടില്ല. അസംസ്കൃതസാധനങ്ങൾ ലഭിക്കുന്നതിനും ഉല്പന്നങ്ങൾ വിററഴിക്കുന്നതിനും ഉള്ള പ്രയാസങ്ങൾ ഇന്നു് എന്നത്തേതിലും കൂടുതലായിട്ടുണ്ടു്. ഇന്ത്യയെ വ്യവസായീകരിക്കുക എന്നുള്ള നയം എത്രമാത്രം സ്വാകാൎയ്യമാണെങ്കിലും ഭാരതത്തിലെ ഇന്നത്തെ സാമൂഹ്യവും സാമ്പത്തികവും ആയ സ്ഥിതിയുടെ വെളിച്ചത്തിൽ കൈത്തറി നെയ്ത്തുപോലെയുള്ള ചെറുതരം വ്യവസായങ്ങൾ വികസിപ്പിക്കേണ്ടതു് എത്രയും ആവശ്യമാണെന്നു മനസ്സിലാക്കാം.

അതിപ്രാചീനമായ ഒരു സംസ്കാരത്തിൻെറ അവകാശികളായ ഭാരതീയർ നെയ്ത്തുവിദ്യയിൽ വളരെ വൈദഗ്ദ്ധ്യം ഉള്ളവർ ആയിരുന്നു. ഡാക്കായിലെ നെയ്ത്തുകാരുടെ കലാവൈഭവം ഭുവനപ്രസിദ്ധമായിരുന്നല്ലോ? പലവിധത്തിലുള്ള പ്രതിബന്ധങ്ങൾ ഉണ്ടായിരുന്നെങ്കിലും, ആ നശീകരണശക്തികളെ എല്ലാം അതിജീവിച്ചു് കൈത്തറി നെയ്ത്തു് ഇന്നും ജീവിക്കുന്നു. ഇനിയും ജീവിക്കുകയും ചെയ്യും.

കൈത്തറിനെയ്ത്തുകാരെ വിഷമിപ്പിക്കുന്ന പ്രശ്നങ്ങളിൽ സുപ്രധാനമായിട്ടുള്ളതു് അവയുടെ ഉല്പന്നങ്ങൾക്കു് ശരിയായ വിപണി കണ്ടുപിടിക്കാൻ കഴിയുന്നില്ലെന്നുള്ളതാണു്. ഇൻഡ്യയിൽതന്നെ പ്രവൎത്തനം നടത്തുന്ന മില്ലുകളുമായി മത്സരത്തിൽ ഏർപ്പെടുവാൻമാത്രം ശക്തി, ഇതുവരേയും സംഭരിക്കുവാൻ ഈ വ്യവസായത്തിനു് കഴിഞ്ഞിട്ടില്ല. ഫാക്റ്റ് ഫൈൻഡിങ്ങ് കമ്മററിയുടെ അഭിപ്രായത്തിൽ ഇടനിലക്കാർ കൈത്തറിനെയ്ത്തിൽനിന്നും ലഭിക്കുന്ന ആകെ ആദായത്തിൽ 45 ശതമാനം അപഹരിക്കുന്നു. മഹാത്മജിയുടെ നേതൃത്വത്തിൽ ആരംഭിച്ച ദേശീയ പ്രസ്ഥാനം കൈത്തറിനെയ്ത്തിനെ

പ്രോൽസാഹിപ്പിച്ചു. എന്നാൽ അഹമ്മദ്ബാദിലെ മില്ലുടമസ്ഥന്മാർ ഇൻഡ്യൻദേശീത്വത്തിന്റെ കുത്തക കൈവശപ്പെടുത്തിയതോടുകൂടി കൈത്തറിനെയ്ത്തു വീണ്ടും അവഗണിക്കപ്പെട്ടു

ഈ കഴിഞ്ഞ മഹായുദ്ധത്തോടുകൂടി ഉണ്ടായ വസ്ത്രക്ഷാമം കൈത്തറിനെയ്ത്തിനെ വളരെ സഹായിച്ചു. കൈത്തറിനെയ്ത്തുകാർ കുറെ ആദായം എടുക്കുകയും ചെയ്തു. പല സഹകരണസംഘങ്ങളും ഈ വ്യവസായത്തിൽ ഏപ്പെട്ടു. 1947-ൽ വിവിധ സംസ്ഥാനങ്ങളിലെ സഹകരണസംഘം രജിസ്ട്രാറന്മാർ സമ്മേളിച്ച അവസരത്തിൽ അവരുടെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട ഒരു കണക്ക് നമ്മുടെ ശ്രദ്ധയെ ആകഷിക്കേണ്ടതാണ്. (230-ാം പേജിൽ നോക്കുക.)

കൈത്തറിനെയ്ത്തു വീണ്ടും കഷ്ടകാലത്തെയാണ് അഭിമുഖീകരിക്കുന്നതു്. ഗവർമ്മെന്റിന്റെ ശുഷ്കാന്തിക്കുറവു്, സാഹചര്യങ്ങളുടെ പ്രാതികൂല്യങ്ങൾ, ഭാരതത്തിലെ സാമ്പത്തിക അന്തരീക്ഷത്തിൽ കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന അസ്വസ്ഥതകൾ, ഇൻഡോപാകിസ്ഥാൻ അഭിപ്രായഭിന്നതകൾ, ഇവയെല്ലാം കൈത്തറി നെയ്ത്തിന്റെ പുരോഗമനത്തെ തടയുന്നു. കൈത്തറിതുണികൾ നേരിട്ടു വാങ്ങുകയും, കൈത്തറിവിഭവങ്ങളുടെ കയററുമതിയിലുള്ള നിയന്ത്രണങ്ങൾ എടുത്തുകളഞ്ഞും കൈത്തറിനെയ്ത്തിനെ സഹായിക്കാൻ ഗവർമ്മെൻറുകൾ ശ്രദ്ധിക്കുന്നു. മദ്രാസ് മുഖ്യമന്ത്രി ശ്രീ. രാജഗോപാലാചാരിയുടെ നേതൃത്വത്തിൽ ഒരു വിഭാഗം ഇപ്പോൾ കൈത്തറി നെയ്ത്തുകാരുടെ അവകാശങ്ങൾക്കുവേണ്ടി ശക്തിയായി വാദിക്കുന്നുണ്ടു്. ഡോത്തികളും സാരികളും മില്ലുകൾ നിമ്മിക്കുന്നതിനെ തടയണമെന്നു് അവർ ആവശ്യപ്പെടുന്നു. അവരുടെ പ്രവത്തനങ്ങൾ കുറെയെല്ലാം വിജയിച്ചിട്ടുണ്ടു്.

കൈത്തറിനെയ്ത്തുവിജയപ്രദമായ ഒരു വ്യവസാ

## കൈത്തറിനെയ്ത്തു സഹകരണ സംഘങ്ങൾ

| സംസ്ഥാനം | സംഘങ്ങളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം | തറികളുടെ എണ്ണം | മൂലധനം ലക്ഷം രൂ. | പ്രവൎത്തന മൂലധനം ലക്ഷം രൂ. | ആകെ ഉല്പാദനത്തിൻെറ വില ലക്ഷം രൂ. |
|---|---|---|---|---|---|---|
| ആസാം | 124 | 3,950 | 2,800 | 0.36 | 0.71 | 21.74 |
| ബംഗാൾ | 1,148 | 78,030 | 1,25,000 | 8.14 | 15.21 | 75.34 |
| ബീഹാർ | 12 | 350 | — | 0 15 | 0.39 | 2.72 |
| ബോംബെ | 130 | 12,960 | — | — | 24.32 | — |
| സി. പി. | 128 | 22,240 | 32,030 | 4.35 | 15.44 | 4 00 |
| മദ്രാസ് | 336 | 65,290 | 39,450 | 20.07 | 50.30 | 373.09 |
| ഒറീസാ | 78 | 2,900 | — | 0.07 | 0.42 | 7.05 |
| പഞ്ചാബ് | 215 | 6,010 | — | 0 43 | 7.57 | 0.30 |
| യു. പി. | 178 | 24,764 | 25,000 | 4.81 | 14.40 | 35.24 |

(വിഭജനത്തിനു മുൻപു്)

യമായി പുരോഗമിക്കേണ്ടതു് ഭാരതീയരിൽ ഒരു നല്ല വിഭാഗത്തിൻെറ ജീവിതാവശ്യമാണു്. ഈ വ്യവസായം വികസിക്കണമെങ്കിൽ, അധികാരികളുടെ സഹായഹസ്തം അതിനെ ബലമായി സംരക്ഷിക്കേണ്ടിയിരിക്കുന്നു. വിവിധപ്രവിശ്യകളുടെ പ്രവൎത്തനത്തിൻെറ ഐക്യരൂപ്യം വരുത്തുന്നതിനായി ഒരു കേന്ദ്രക്കമ്മററിയുടെ ആവശ്യമുണ്ടു്. മദ്രാസിലാണു് കൈത്തറിനെയ്ത്തു കൂടുതൽ വികസിച്ചിരിക്കുന്നതു്. അതിനുള്ള പ്രധാനകാരണം വടക്കേഇന്ത്യയിൽ മില്ലുകളുടെ ആവശ്യങ്ങാം നിർവഹിക്കപ്പെട്ടതിനുശേഷം മാത്രം കൈത്തറിനെയ്ത്തിൻെറ ആവശ്യങ്ങാം പരിഗണിക്കപ്പെടുന്നതുകൊണ്ടാണു്. ഈ അവസ്ഥ മാറി കൈത്തറിനെയ്ത്തുകാരുടെ ആവശ്യങ്ങാംക്കു് അവ അർഹിക്കുന്ന പ്രാധാന്യംനൽകി, അത്രയും ആനുകൂല്യങ്ങാം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണു്. കൈത്തറിനെയ്ത്തിൽ വരുത്താവുന്ന പരിഷ്ക്കാരങ്ങാം അനവധിയുണ്ടു്. അവയെപ്പററി നിഷ്കർഷയോടെ പഠിക്കുന്നതിനും, അവ പ്രയോഗത്തിൽ വരുത്തുന്നതിനും വേണ്ട പ്രായോഗികപദ്ധതികാം ആസൂത്രണംചെയ്യുവാൻ, ഒരു അഖിലഭാരതകേന്ദ്രസ്ഥാപനവും, ആ സ്ഥാപനത്തോടു് അനുബന്ധിച്ചു് ഒരു ഗവേഷണകേന്ദ്രവും, ഉണ്ടാകേണ്ടതാണു്. നമ്മുടെ കൈത്തറിതുണികാംക്കു് സ്ഥിരമായ ഒരു വിദേശ വിപണി സ്ഥാപിക്കുന്ന കാര്യത്തിലും അധികാരികാം പ്രത്യേകം ശ്രദ്ധിക്കണം. സഹകരണ മാർഗ്ഗങ്ങളിൽക്കൂടി ഈ വ്യവസായത്തെ പുനഃസംഘടിപ്പിക്കുവാനുള്ള പ്രവൎത്തനങ്ങളെ കൂടുതൽ സജീവമാക്കുകയും, ഈ വ്യവസായത്തിൻെറ നാനാവിധത്തിലുള്ള പ്രവൎത്തനങ്ങളിലും അസംസ്കൃതസാധനങ്ങളുടെ സംഭരണം മുതൽ, കൈത്തറിവിഭവങ്ങളുടെ ക്രയവിക്രയംവരെയുള്ള എല്ലാ പ്രവൎത്തനങ്ങളിലും, സഹകരണത്തിനു് സ്ഥാനം ഉണ്ടായിരിക്കുകയും വേണം.

കൈത്തറിനെയ്ത്തുവ്യവസായം ഒരു പ്രധാന വ്യവസായമായി വളൎന്നുവരേണ്ടതാണെങ്കിലും, ചെറിയ തോതിൽ നമ്മുടെ ഗ്രാമീണഗൃഹങ്ങളിൽപ്പോലും പ്രചാരത്തിൽ കൊണ്ടുവരുവാൻ കഴിവുള്ളതാണു്. അതു കർഷകൻെറ വിശ്രമസമയങ്ങളിൽ കൈത്തറിനെയ്ത്തിൽ ഏൎപ്പെടുവാൻ അവനു കഴിയും. പ്രവൎത്തനം ചെറിയ അളവിൽ ആയിരിക്കും എന്നുമാത്രം. നമ്മുടെ കർഷകൎക്കു് ഈ വിഷയത്തിൽ കൂടുതൽ അറിവു നൽകേണ്ടതാണു്. ഓരോ കർഷകനും അവൻെറ ഉപയോഗത്തിനു മാത്രമെങ്കിലും തുണി നെയ്തുണ്ടാക്കുവാൻ കഴിഞ്ഞാൽ അതുതന്നെ വലിയ ഒരു നേട്ടമായിരിക്കും.

കാലിവളൎത്തലും, പാൽവ്യവസായവും കർഷകവൃത്തിയോടു് ഒന്നിച്ചുചേൎത്തു നടത്തിക്കൊണ്ടുപോകാവുന്ന ഒരു വ്യവസായമാണു്. പാൽവ്യവസായത്തിനു് ഭാരതത്തിൽ ഉള്ള സാദ്ധ്യതകൾ, പ്രയോജനങ്ങൾ, മാർഗ്ഗങ്ങൾ ഇവയെപ്പററി ഇതിനകം പ്രതിപാദിച്ചിട്ടുണ്ടല്ലോ?

നാട്ടിൻപുറങ്ങളിൽ ധാരാളം പ്രചാരത്തിൽ കൊണ്ടുവരുവാൻ കഴിയുന്ന ഒരു വ്യവസായമാണു്, കാർഷികവിഭവങ്ങളുടെ സംസ്കരണം. ഇന്നു കാർഷികോൽപന്നങ്ങൾ ഉണ്ടാകുന്ന രീതിയിൽ തന്നെ വിൽക്കപ്പെടുന്നു. എന്നാൽ ആ സാധനം ഉപയോഗയോഗ്യമാക്കുന്നതിനു് മുൻപു് പല സംസ്കരണ പരിപാടികളിൽക്കൂടി കടന്നുപോകുന്നു. അവ ഇന്നു് നിൎവ്വഹിക്കുന്ന ഘടകങ്ങൾ പലതാണു്. നമ്മുടെ കർഷകനു് കുറച്ചുകൂടി ഉന്മേഷമനോഭാവം പ്രത്യക്ഷപ്പെടുത്തുവാൻ കഴിയുമെങ്കിൽ ആ ജോലികൾ എല്ലാംതന്നെ അവനു് ഏറെറടുക്കുവാൻ സാധിക്കും. നെല്ലു കുത്തി അരിയാക്കുന്നതിനു മില്ലുകളെ ആശ്രയിക്കാതെ തന്നത്താൻ കുത്തി എടുക്കുന്നതു് ആരോഗ്യപരമായ കാരണങ്ങളിൽക്കൂടിയും ആദരണീയമാണു്. കരുപ്പെട്ടിനിർമ്മാണം, തേങ്ങയിൽ നിന്നു് എണ്ണയെടുക്കുന്ന

വ്യവസായം തുടങ്ങിയവയും ചെറിയ തോതിൽ ആരംഭിച്ചു പ്രവൎത്തനം നടത്തുവാൻ കഴിയും. ഈ വ്യവസായങ്ങളിൽ പരിചയം സമ്പാദിച്ചിട്ടുള്ള വേലക്കാർ ധാരാളം നമ്മുടെ നാട്ടിൻപുറങ്ങളിൽ ഉണ്ടു്. എന്നാൽ ഇത്തരം വ്യവസായങ്ങൾ സമാരംഭിക്കുന്നതിന്നു് ആവശ്യമായ ചെറിയ മൂലധനംപോലും നമ്മുടെ കർഷകർക്കു് സംഭരിക്കുവാൻ കഴിയുമെന്നു തോന്നുന്നില്ല. ഇവിടെയാണു സഹകരണസംഘങ്ങൾ മുൻപോട്ടുവന്നു കർഷകനെ സഹായിക്കേണ്ടതു്. ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങളുടെ വെളിച്ചത്തിൽ നാട്ടിൻപുറങ്ങളിലെ ഈ വ്യവസായങ്ങളെ കൂടുതൽ കാൎയ്യക്ഷമമാക്കുവാൻ വേണ്ട വിദഗ്ദ്ധോപദേശം നൽകാൻ ഗവർമ്മെൻറിൽനിന്നും പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിക്കേണ്ടതാണു്.

നമ്മുടെ കർഷകവൃത്തിക്കു ആവശ്യമായ ആയുധങ്ങൾ നിൎമ്മിക്കുന്ന വ്യവസായം വളരെ പുരോഗമിപ്പിക്കാം. നമ്മുടെ കൊല്ലന്മാരുടെ കഴിവുകൾ സുപ്രസിദ്ധമാണല്ലോ? എന്നാൽ അവർ ഇന്നും പഴയ തൂമ്പയും വാക്കത്തിയും മാത്രം നിൎമ്മിച്ചുകൊണ്ടു കഴിയുന്നു ആധുനിക ആവശ്യങ്ങൾ അനുസരിച്ചു് പ്രവൎത്തിക്കാനുള്ള കഴിവു് അവക്കില്ല. ബലിഷ്ഠങ്ങളായ അവൻെറ കൈകൾ അനേകനാളുകളായി ഒരേ ജോലിതന്നെ നിർവഹിക്കുന്നതുകൊണ്ടു് സുശക്തങ്ങളും, അതിവിദഗ്ദ്ധങ്ങളും ആയിട്ടുണ്ടെങ്കിലും ഇന്നത്തെ ആവശ്യങ്ങൾ അനുസരിച്ചു് അവയുടെ കഴിവുകൾ വർദ്ധിച്ചിട്ടില്ല. വില കുറഞ്ഞതും അതേസമയംതന്നെ കാൎയ്യക്ഷമവുമായ ചെറുതരം യന്ത്രങ്ങൾ ഉപയോഗിക്കാൻ അവനെ പഠിപ്പിക്കണം. കൊല്ലൻെറ മകനായി ജനിക്കുന്നതുകൊണ്ടുമാത്രം കൊല്ലന്മാരായി കഴിയുന്നവരാണു നാട്ടിൻപുറത്തെ കൊല്ലന്മാരിൽപലരും. വളൎന്നുവരേണ്ട കൊല്ലന്മാൎക്കും, ആശാരിമാൎക്കും വേണ്ട ശാസ്ത്രീയമായ പരിശീലനം നൽകുന്നതിന്നുള്ള ഏതെങ്കിലും ഒരു പ്രായോഗിക പദ്ധതി

ആസൂത്രണം ചെയ്തു നടപ്പിലാക്കിയാൽ കൃഷി ആയുധങ്ങൾ നിർമ്മിക്കുന്ന വ്യവസായം പുരോഗമിക്കുമെന്നു മാത്രമല്ല, കൃഷിക്കാർക്കു കൂടുതൽ ഉപയോഗപ്രദങ്ങളായ ആയുധങ്ങൾ ലഭിക്കുകയും ചെയ്യും.

ഗാന്ധിജി ഭാരതത്തിന്റെ സാമ്പത്തികവും രാഷ്ട്രീയവും ആയ ഉന്നമനത്തിന് ശക്തിമത്തായ ഒരു ആയുധം കണ്ടുപിടിച്ചു ചർക്കാ—നൂൽ നൂൽക്കുക എന്നുള്ളതു് ഭാരതത്തിൽ വളരെക്കാലമായി പ്രചാരത്തിലിരുന്ന ഒരു കുടിൽവ്യവസായമാണ്. മഹാത്മജിയാണ് അതിനെ സാർവ്വത്രികമായ ഒരുവ്യവസായമായി ഉയർത്തിയതു്. ഉച്ചക്കിറുക്കിന്റെ ദിവാസ്വപ്നങ്ങളിൽ ഒന്നായി നൂൽനൂൽപിനെ അന്നു് പലരും കരുതിവന്നു. എന്നാൽ വളരെ ചെറിയതോതിൽ ആണെങ്കിലും, ഏററവുംവ്യാപകമായ രീതിയിൽ വികസിപ്പിക്കാവുന്ന ഒരു വ്യവസായമാണ് അതു്. മററു കുടിൽവ്യവസായങ്ങളേക്കാൾ പല തരത്തിലുള്ള വിശേഷങ്ങളും അതിനുണ്ടു്. ചർക്കായുടെ പ്രചാരകന്മാരുടെ അഭിപ്രായം നൂൽനൂൽപ് കൊണ്ടുമാത്രം ഭാരതീയ കർഷകന് സാമ്പത്തികസായൂജ്യം സമ്പാദിക്കാമെന്നാണ് ഈ അഭിപ്രായം മുഴുവനും സ്വീകാര്യം അല്ലെങ്കിലും, അഖില ഭാരതവ്യാപകമായ, വലിപ്പച്ചെറുപ്പഭേദമെന്യേ സ്വീകരിക്കപ്പെടാവുന്ന ഒരു ചെറിയ പ്രവർത്തനപദ്ധതിയാണ്. എന്നുള്ളതിൽ അഭിപ്രായവ്യത്യാസമില്ല.

നൂൽനൂൽപ് ആരംഭിക്കുന്നതിനു വലിയ മൂലധനം, പ്രത്യേക പഠനം, വിദഗ്ദ്ധമായ നിയന്ത്രണം ഒന്നും ആവശ്യമില്ല. ഓരോ കർഷകനും അവന്റെ സാമ്പത്തികവും മാനസികവും ആയ കഴിവുകൾ ഏതു നിലയിൽ ഇരുന്നാലും സ്വീകരിക്കാവുന്ന ഒരു വ്യവസായമാണ് അതു്. ഈ വ്യവസായത്തിനു് ആവശ്യമായ അസംസ്കൃത സാധനങ്ങൾ സുലഭവും വിലകുറഞ്ഞതുമാണ്. ശാരീരികമായ കഠിനാദ്ധ്വാനം

നം ആവശ്യമില്ലാത്തതുകൊണ്ടു് ചെറിയ കുട്ടികാംക്കും സ്ത്രീകാംക്കും ഈ വ്യവസായത്തിൽ ഏപ്പെടാമെന്നുള്ളതാണു് ഇതിൻെറ ഏററവും വലിയ പ്രത്യേകത. തുടർച്ചയായ ശ്രദ്ധ ആവശ്യമില്ലാത്തതുകൊണ്ടു കർഷകക്കു് ഏതു സമയത്തു വേണമെങ്കിലും ഏപ്പെടാവുന്ന ഒരു ജോലിയും, കാലാവസ്ഥയുടെ വ്യതിയാനങ്ങാം ഈ വ്യവസായത്തിൻെറ വളർച്ചയെ ബാധിക്കാത്തതിനാൽ സംവൽസരത്തിലെ ഏതുഭാഗത്തും ആരംഭിക്കാവുന്ന ഒരു വ്യവസായവും ആകുന്നു. മതപരമായ യാതൊരു വികാരങ്ങളേയും അതു വ്രണപ്പെടുത്തുന്നുമില്ല.

ഇങ്ങനെയുള്ള പല അനുകൂലവശങ്ങളും ഈ വ്യവസായത്തെ സാർവത്രികമാക്കാൻ നമ്മെ പ്രേരിപ്പിക്കുന്നുണ്ടെങ്കിലും അതിനും ചില പോരായ്മകാം ഇല്ലാതില്ല. ഈ നൂലുകാം സാധാരണയായി ബലം കുറഞ്ഞതും വില കൂടിയതും ആയിരിക്കുന്നതുകൊണ്ടു്, അവ സാധാരണക്കാരുടെ ഇടയിൽ ധാരാളമായി പ്രചരിക്കുന്നില്ല. കൂടാതെ ഈ വ്യവസായത്തിൽനിന്നും സാധാരണയായി ലഭിക്കുന്ന ആദായം വളരെ തുച്ഛമാണു്. എന്നാൽ നൂൽനൂല്പിനെ ശാസ്ത്രീയമായ രീതിയിൽ പരിഷ്കരിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്താൽ അതിനു കാർഷികസാമ്പത്തികാന്തരീക്ഷത്തിൽ നല്ല സ്ഥാനം ലഭിക്കാതെ ഇരിക്കുകയില്ല. നല്ലയിനം ചക്രാകാം കണ്ടുപിടിക്കുക, നല്ലതരം പഞ്ഞിയും, നൂൽനൂൽക്കുന്നതിനുള്ള യന്ത്രങ്ങളും കൃഷിക്കാരുടെയിടയിൽ പ്രചരിപ്പിക്കുക, ഖാദിവസ്ത്രങ്ങളെ കഴിയുന്നിടത്തോളം പ്രോൽസാഹിപ്പിക്കുക തുടങ്ങിയ നാനാമുഖങ്ങളായ പരിഷ്കാരങ്ങാംകൊണ്ടു് ഈ വിഷയത്തിൽ നമുക്കു കാര്യമായ പുരോഗമനം സാധിക്കാവുന്നതാണു്.

ഇപ്രകാരംതന്നെ ഭാരതത്തിൽ വികസിപ്പിക്കപ്പെടാവുന്ന വളരെയധികം കുടിൽവ്യവസായങ്ങാം ഉണ്ടു്.

1) കോഴി വളർത്തൽ
2) കയറുപിരി
3) പട്ടുനൂൽ വ്യവസായം
4) റാഗോൺ നെയ്ത്ത്
5) പാനെയ്ത്ത്
6) കുട്ടനെയ്ത്ത്, വട്ടി നിർമ്മാണം
7) തേനീച്ച വളർത്തൽ
8) കടലാസ് നിർമ്മാണം

തുടങ്ങിയ വ്യവസായങ്ങൾ ഓരോ സ്ഥലങ്ങളിൽ ആരംഭിച്ചു പ്രവർത്തനം നടത്താവുന്നതാണ്. ഇവ എല്ലാംതന്നെ ഒരു പ്രദേശത്തു വിജയകരമായ പ്രവർത്തനം നടത്താൻ കഴിഞ്ഞു എന്നു വരുന്നതല്ല. ഓരോ പ്രദേശത്തിന്റേയും പ്രത്യേകതകളും കഴിവുകളും അനുസരിച്ച് അവസ്ഥക്ക് അനുയോജ്യമായ വ്യവസായം തിരഞ്ഞെടുക്കണം. വ്യവസായം പുതുതായി ആരംഭിക്കുന്നതിനുമുൻപു ചില വിശദവിവരങ്ങൾ തയ്യാറാക്കണം. അവയിൽ പ്രധാനമായിട്ടുള്ളത്:

1) അസംസ്കൃതസാധനങ്ങൾ എത്രമാത്രം കിട്ടും?
2) ഇപ്പോൾ ആ സാധനങ്ങൾ എന്തുചെയ്യുന്നു?
3) പുതിയ ഉൽപാദനമാർഗ്ഗങ്ങൾ സാദ്ധ്യമോ ആവശ്യമൊ?
4) വൈദ്യുതശക്തിയുടെ ഉപയോഗം ആവശ്യമോ, ലഭ്യമോ?
5) സഹകരണാടിസ്ഥാനത്തിൽ അവ തുടങ്ങാനുള്ള സാദ്ധ്യതകൾ എന്തെല്ലാം?
6) വിപണികൾ.
7) മാനവശക്തി (Man power)(തിരുവിതാംകൂർകൊച്ചി കുടിൽവ്യവസായ കമ്മററിയുടെ മെമ്മോറാണ്ഡത്തിൽ നിന്നു്.)

ഈ അറിവുകളുടെ വെളിച്ചത്തിൽവേണം പുതിയ വ്യവസായങ്ങൾ സംഘടിപ്പിക്കുവാൻ. നൂതനങ്ങളായ വ്യവസായങ്ങളും, ആദർശങ്ങളും സ്വീകാര്യങ്ങളാണു്. എന്നാൽ അവ പ്രചാരത്തിൽ വരുത്തുന്നതിനു കൂടുതൽ കാലതാമസവും വിദഗ്ദ്ധരായ ജോലിക്കാരെ ലഭിക്കുവാൻ പ്രയാസവുമുണ്ടായിരിക്കും.

ഇൻഡ്യയിൽ വളരെക്കാലം മുതൽതന്നെ കുടിൽവ്യവസായങ്ങൾ പ്രചാരത്തിലിരുന്നതാണു്. അതുകൊണ്ടു് മിക്ക ഗ്രാമങ്ങളിലും നിർജ്ജീവങ്ങളായ പല കുടിൽവ്യവസായങ്ങളും കണ്ടുപിടിക്കാൻ കഴിയും. പഴയവ്യവസായങ്ങളെ കണ്ടുപിടിച്ചു പുനരുദ്ധരിക്കുന്നതായിരിക്കും കൂടുതൽ എളുപ്പം. ഒരു വ്യവസായത്തെ പുനഃസംഘടിപ്പിക്കുന്നതിനു്,

1) അതിന്റെ പൂർവ്വചരിത്രം.
2) ഉപയോഗിക്കുന്ന ആയുധയന്ത്രസാമഗ്രികളുടെ സാമാന്യവിവരണവും വിലയും.
3) ജോലിക്കാരുടെ എണ്ണവും കൂലിയും.
4) ഉല്പന്നങ്ങളുടെ ഇന്നത്തെ നില, സ്വഭാവം, അളവു് വില തുടങ്ങിയവ.
5) ഉല്പന്നങ്ങൾക്കുള്ള വിപണി, ലാഭനഷ്ടങ്ങൾ.
6) മൂലധനം.
7) വിദ്യുച്ഛക്തി ഉപയോഗിക്കാനുള്ള സൗകര്യങ്ങളും സാദ്ധ്യതകളും.

തുടങ്ങിയ വിവരങ്ങൾ അവശ്യം അറിയേണ്ടതായിട്ടുണ്ടു്. അങ്ങിനെ ഓരോ സ്ഥലങ്ങളിലും പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന വ്യവസായങ്ങൾക്കു് അവശ്യം ലഭിക്കേണ്ട സഹായം നൽകി അവയെ ശാസ്ത്രീയമായി പരിഷ്ക്കരിച്ചു് കൂടുതൽ ആളുകൾക്കു് ലാഭകരമായി പ്രവർത്തിക്കുവാൻ മാത്രം

ശക്തിയുള്ളതാക്കിത്തീർത്താൽ കടന്നുപോയ നല്ലകാലങ്ങൾ നമ്മുടെ ഗ്രാമങ്ങളിലേയ്ക്കു് മടങ്ങിവരുന്നതാണു്.

കുടിൽവ്യവസായങ്ങളും, ചെറുതരം വ്യവസായങ്ങളും ഇന്നു് അനവധി വിഷമതകൾ അനുഭവിക്കുന്നു. അവയിൽ പ്രധാനപ്പെട്ടവ:

1) അസംസ്കൃത സാധനങ്ങൾ ലഭിക്കുന്നതിനുള്ള വിഷമം.
2) മൂലധനക്കുറവു്.
3) ഉല്പാദനത്തിനുള്ള സാങ്കേതിക പരിജ്ഞാനക്കുറവു്,
4) ക്രയവിക്രയ വിഷമതകൾ
5) നികുതിഭാരം
6) കയററിഅയക്കുന്നതിനുള്ള വിഷമതകൾ.

(കുടിൽവ്യവസായത്തെപ്പററി ഒരു ഇടക്കാലറിപ്പോർട്ടിൽനിന്നും)

കുടിൽവ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുകയും അവയെ ഭാരതത്തിൻെറ സാമ്പത്തികഭദ്രത സാദ്ധ്യമാക്കുന്നതിൽ സുപ്രധാനമായ ഒരു ഭാഗം വഹിക്കുവാൻ ശക്തങ്ങളാക്കുകയും ചെയ്യണമെങ്കിൽ, അവ ഇന്നു് അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ വിഷമതകൾക്കു് പരിഹാരം കണ്ടുപിടിക്കേണ്ടതാണു്. ഇന്നു് വർദ്ധിച്ചുകൊണ്ടിരിക്കുന്ന മൽസരത്തെ എതൃത്തു വിജയിക്കുവാൻ കുടിൽവ്യവസായങ്ങൾക്കു് കഴിയണമെങ്കിൽ, അവയെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കണം. ഉല്പാദനത്തിലും, വില്പനയിലും, നല്ല ഒരു സ്ഥാനത്തു് എത്തിച്ചേരാൻ അന്നുമാത്രമേ കുടിൽവ്യവസായങ്ങൾക്കു് സാധിക്കൂ. പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വിവിധ ഡിപ്പാർട്ടുമെൻറുകൾവേണം കർഷകനു് ഈ വിഷയത്തിൽ വേണ്ട നേതൃത്വം നൽകാൻ.

കുടിൽവ്യവസായങ്ങളുടെ പ്രവർത്തനങ്ങളേയും അവ പുനഃസംഘടിപ്പിക്കേണ്ട മാർഗ്ഗങ്ങളേയും പററി വിദഗ്ദ്ധോപദേശം നൽകേണ്ട ചുമതല ഗവർമ്മെൻറിനുള്ളതാണു്. വിവിധ

തരത്തിലുള്ള കുടിൽവ്യവസായങ്ങളുടെ പ്രവർത്തനത്തിൽ ശരിയായ പ്രായോഗികവൈദഗ്ദ്ധ്യമുള്ള ഉദ്യോഗസ്ഥന്മാരെ നാട്ടിൻപുറങ്ങളിലേക്കു് അയച്ചു കൃഷിക്കാർക്കു വേണ്ട ശാസ്ത്രീയമായ സഹായം കുടിൽവ്യവസായങ്ങളുടെ വികസനകാര്യത്തിൽ നൽകണം. നമ്മുടെ കുടിൽവ്യവസായങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുവാൻ ഏററവും എളുപ്പമുള്ളമാർഗ്ഗം ഇതുമാത്രമാണു്.

കുടിൽവ്യവസായത്തിൽ ഏർപ്പെടുന്നവർക്കു് ശാസ്ത്രീയമായപരിശീലനം നൽകുന്നതിനു്, അഖിലഭാരത വ്യാപകമായ ഒരു പദ്ധതി ആസൂത്രണം ചെയ്തു് കൃഷിക്കാരുടെ കുട്ടികൾക്കു് ആ വിഷയത്തിൽ വേണ്ടപരിശീലനം നൽകേണ്ടിയിരിക്കുന്നു. ഗവർമ്മെൻറിൻെറ വ്യവസായവകുപ്പിൻെറ മേൽനോട്ടത്തിൽ, കുടിൽവ്യവസായ സ്കൂളുകൾ സ്ഥാപിച്ചു കുടിൽവ്യവസായത്തിൽ ഏർപ്പെടുവാൻ ആഗ്രഹിക്കുന്നവർക്കു് വേണ്ട പ്രായോഗികപരിശീലനം നൽകുന്നതു് കുടിൽവ്യവസായ സമുദ്ധാരണത്തിനു് അവശ്യം ആവശ്യമായ ഒരു ഉപാധി ആണു്.

കുടിൽവ്യവസായത്തിനു് ആവശ്യമുള്ള മൂലധനം നൽകാനുള്ള സകല ചുമതലകളും സഹകരണസംഘങ്ങളെ ഏല്പിക്കുകയായിരിക്കും കൂടുതൽ സൗകര്യപ്രദം. കുടിൽവ്യവസായങ്ങളുടെ നാനാവിധത്തിലുള്ള ആവശ്യങ്ങൾ നിവ്വഹിക്കുന്നതിനായി ഓരോ ഗ്രാമങ്ങളിലും ഓരോ വിവിധോദ്ദേശ സഹകരണസംഘങ്ങളും ഈ സംഘങ്ങളുടെ പ്രവർത്തനത്തെ നിയന്ത്രിക്കാനും, പരിശോധിക്കാനും, സഹായിക്കാനും, ശക്തിയുള്ള കേന്ദ്രസംഘങ്ങളും സ്ഥാപിതമായി, അവ പരസ്പരം സഹകരിച്ചും സഹായിച്ചും പ്രവർത്തനം നടത്തുവാൻ ഒരു പദ്ധതി ആസൂത്രണം ചെയ്യപ്പെടേണ്ടതായിട്ടുണ്ടു് ഗവർമ്മെൻറിൻെറ നിർലോഭമായ സഹായം ഉണ്ടെങ്കിൽ മാത്രമേ ഇത്ര വിപുലമായ ഒ

രു കർമ്മപരിപാടി പ്രയോഗത്തിൽ വരുത്തുവാൻ സാധിച്ചു. വിവിധ ഗവർമ്മെൻറുകളിൽനിന്നും നിയമിച്ചിരിക്കുന്ന കുടിൽ വ്യവസായാന്വേഷണകമ്മററികളും ഇതേ അഭിപ്രായത്തിൽ തന്നെയാണു് എത്തിച്ചേർന്നതു്.

കുടിൽവ്യവസായ ഉൽപന്നങ്ങൾക്കു സ്ഥിരമായ ഒരു വിപണി കണ്ടുപിടിക്കേണ്ടതായിട്ടുണ്ടു്. ഉൽപന്നങ്ങൾ ശരിയായവിലയ്ക്കു് അപ്പോഴപ്പോൾ വിൽക്കുവാൻ കഴിയാതെ വരുന്നതു് കുടിൽവ്യവസായത്തെ ആകപ്പാടെ സ്തംഭിപ്പിക്കുവാൻ പര്യാപ്തമാണു്. അതിനാൽ കുടിൽവ്യവസായ ഉൽപന്നങ്ങളുടെ വിൽപനയിൽ അവശ്യംവേണ്ട പരിഷ്കാരങ്ങൾ വരുത്തേണ്ടിയിരിക്കുന്നു. വിദേശരാജ്യങ്ങളിലേയ്ക്കു് നമ്മുടെ ഉൽപന്നങ്ങൾ കയററി അയക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കണം. തോമ്മസ്കമ്മററി തിരുവിതാംകൂർ ഗവർമ്മെൻറിൻെറ വകയായി വിൽപനശാലകൾ ബോംബയിലും കൽക്കട്ടായിലും ആരംഭിക്കണമെന്നു് ശുപാർശചെയ്തിട്ടുണ്ടു്.

ഇൻഡ്യയിലെ കുടിൽവ്യവസായങ്ങളെ വികസിപ്പിക്കുന്ന കാര്യത്തിൽ വിദ്യുച്ഛക്തിക്കു വഹിക്കുവാൻ കഴിയുന്ന ഭാഗത്തെപ്പററി ഇതുവരെയും നിഷ്കൃഷ്ടമായ ഒരു അന്വേഷണം നടത്തിയിട്ടുള്ളതായി കാണുന്നില്ല. ജപ്പാനിലെ കുടിൽവ്യവസായങ്ങൾ ഭുവനപ്രസിദ്ധി സമ്പാദിച്ചതു് വൈദ്യുതശക്തിയുടെ സഹായത്തോടുകൂടിയാണു്. നമ്മുടെ ഏഴുലക്ഷം ഗ്രാമങ്ങളിലും വൈദ്യുതശക്തിമൂലം പ്രവർത്തിക്കുന്ന ചെറുതരം യന്ത്രങ്ങളുടെ സഹായത്തോടുകൂടി ഓരോ കുടിൽവ്യവസായങ്ങൾ വികസിക്കപ്പെടണം.

നമ്മുടെ ഗ്രാമങ്ങൾ ഇന്നു കഷ്ടപ്പാടിൻേറയും, കുരച്ചിലിൻേറയും കഥകൾ ആലപിക്കുകയാണു്. നമ്മുടെ കൃഷികഗൃഹങ്ങളുടെ ചുററും നിരാശയുടെ കരിനിഴൽ കട്ടിപിടിച്ചിരി

ക്കുന്നു. ഒട്ടിയവയറുകളും, നനഞ്ഞ കണ്ണുകളും, നമ്മുടെ ഗ്രാമപ്രദേശങ്ങളിലെ ഒരു സാധാരണ കാഴ്ചയാണു്. അലസരായി മൂളിപ്പാട്ടുംപാടി വിധിയേയും പഴിച്ചു്, നശിച്ചു നിലംപതിക്കാറായ ഓലപ്പുരകളുടെ പടിയിൽ ഇരുന്നു് ഉറക്കംതൂങ്ങുന്ന കർഷകനു്, അവൻെറ ഇന്നത്തെ കഷ്ടസ്ഥിതിയിൽനിന്നും ഉയരണമെന്നു് ആഗ്രഹമുണ്ടെങ്കിലും അവനു് അതിനു കഴിവില്ല. കൂടുതൽ ജോലിചെയ്യുവാൻ അവനു് ആഗ്രഹവും സമയവും ഉണ്ടെങ്കിലും അവനു് അതിനു സൗകര്യമില്ല; സാദ്ധ്യതകൾ ഇല്ല. ഈ അവസ്ഥാവിശേഷത്തെ പരിഹരിക്കാനാണു് കുടിൽവ്യവസായങ്ങളുടെ വികസനം ശ്രമിക്കുന്നതു്. നമ്മുടെ ഓരോ ഗ്രാമങ്ങളിലും ഓരോ കുടിൽവ്യവസായങ്ങൾ വിജയപ്രദമായി പ്രവത്തനം നടത്തുന്നെങ്കിൽ കഴിഞ്ഞുപോയ നല്ലകാലങ്ങൾ തിരിച്ചുവരാതിരിക്കയില്ല. "മാവേലി നാടുവാണീടും കാലം മാനുഷർ എല്ലാം ഒന്നുപോലെ" എന്നു് ഒരു കവി പാടിയിട്ടുള്ളതു് അപ്രായോഗികമായ ഒരു സാമ്പത്തിക വ്യവസ്ഥിതിയെപ്പററിയല്ല. ഓരോ ഗ്രാമങ്ങളും സ്വയംപര്യാപ്തങ്ങളായാൽ —

# 16

# കാർഷിക വിഭവങ്ങൾക്കു് ഒരു വിപണി

നമ്മുടെ കർഷകൻ ഇന്നും കഷ്ടപ്പെടുന്നതു് അവൻെറ അനുദിന ആഹാരത്തിനു വേണ്ടിയാണു്. അവൻെറ ഉല്പാദനവിധങ്ങളും, വിതരണക്രമങ്ങളും, ആ ഉദ്ദേശത്തെ മുൻനിവത്തിമാത്രമാണു് രൂപീകരിച്ചിട്ടുള്ളതു്. അവൻെറ ശ്രദ്ധ മുഴു

വൻ കേന്ദ്രീകരിച്ചിരിക്കുന്നതു് ഉൽപാദനത്തിലാണു്. അവന്റെ പാരമ്പര്യവും പരിചയവും അവനെ അവന്റെ ചെറിയ കൃഷിസ്ഥലങ്ങളുടെ പരിധിക്കുള്ളിൽ പിടിച്ചുനിർത്തുന്നു. കർഷകവൃത്തിയുടെ വ്യാവസായികവശത്തെപ്പററി അവൻ ശ്രദ്ധിക്കുന്നേയില്ല. വിഭവങ്ങൾ വിററഴിക്കുന്നതിൽ കൃഷിക്കാരൻ സാമർത്ഥ്യം സമ്പാദിക്കാതിരിക്കുന്നിടത്തോളംകാലം മററു കൃഷിക്കാരുമായി യോജിച്ചുനിന്നു് അവന്റെ അവകാശങ്ങൾ സംരക്ഷിക്കുവാൻ അവൻ തയ്യാറാകാത്തിടത്തോളംകാലം അവന്റെ വിഭവങ്ങളുടെ ക്രയവിക്രയത്തിൽ അവൻ പരാജിതനാവുകതന്നെ ചെയ്യും. ഭാരതത്തിലെ കാർഷികവിഭവങ്ങളുടെ ക്രയവിക്രയത്തെപ്പററി പ്രതിപാദിച്ചുകൊണ്ടു് റോയൽ കമ്മീഷൻ ഓൺ അഗ്രികൾച്ചർ അഭിപ്രായപ്പെട്ടതു ഇപ്രകാരമാണു്.

ഉൽപാദകനും, ഉപഭോക്താവും വിഭിന്നരായ രണ്ടു വ്യക്തികളായിത്തീരുകയും, അവരുടെ അവകാശങ്ങളും താൽപര്യങ്ങളും വ്യത്യസ്തങ്ങൾ ആവുകയും ചെയ്തതോടുകൂടി വിപണികൾ സാമ്പത്തികലോകത്തിൽ അതിപ്രധാനമായ ഒരു ഭാഗം വഹിക്കുവാൻ ആരംഭിച്ചു. ഉൽപാദകന്റെ പ്രയത്നങ്ങൾക്കു് ശരിയായ വില ലഭിക്കണമെങ്കിൽ അവന്റെ വിഭവങ്ങൾ നല്ല വിലയ്ക്കു വിൽക്കാൻ അവനു് കഴിയണം. ഭാരതത്തിൽമാത്രമല്ല, ലോകത്തിന്റെ ഇതരഭാഗങ്ങളിലും കർഷകൻ അവന്റെ ഉൽപന്നങ്ങൾ വിൽക്കുന്ന വിഷയത്തിൽ പല പരാധീനതകൾക്കും വിധേയനാണു്.

വിഭവങ്ങൾ വിൽക്കുന്നതിനു തയ്യാറാവുന്നതിനുമുമ്പായി പലതരത്തിലുള്ള ജോലികൾ നിർവ്വഹിക്കപ്പെടേണ്ടിയിരിക്കുന്നു. സംഭരിക്കുക, ഇനംതിരിക്കുക, വിപണികളിലേയ്ക്കു കൊണ്ടുപോവുക തുടങ്ങിയ പ്രവർത്തനങ്ങളോടുകൂടിത്തന്നെ ക്രയവിക്രയത്തിനു് ആവശ്യമായ പണം സമ്പാദിക്കുക, കച്ചവടത്തിൽ സ്വാതേ ഉണ്ടായേക്കാവുന്ന അപകടങ്ങളെ എതിരിടാൻ പഠിക്കുക മുത

ലായവയും ആവശ്യമാണ്. അങ്ങനെ ക്രയവിക്രയം വിവിധ ഘടകങ്ങളുടെ പ്രവർത്തനത്തിൽക്കൂടിയാണ് നടത്തപ്പെടുന്നതു്. ഈ ഘടകങ്ങൾ എല്ലാം തന്നെ ഉൽപാദകനെ അന്യായമായി ഉപദ്രവിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടു്.

കൃഷിക്കാക്കു് അവരുടെ വിഭവങ്ങൾക്കു ശരിയായവില കിട്ടുന്നില്ലെന്നുള്ളതു സുവിദിതമല്ലേ? എന്നാൽ ഈ വിഷയത്തിൽ ഏററവും കൂടുതൽ പരാധീനത അനുഭവിക്കുന്നതു ഭാരതത്തിലെ കർഷകനാണ്. അവൻെറ ഭീമമായ ഋണഭാരം, കുറഞ്ഞ വിദ്യാഭ്യാസം, അവനു ലഭിക്കുന്ന ഗതാഗതമാർഗ്ഗങ്ങളുടെ അസൗകര്യങ്ങൾ, നിയന്ത്രിതവിപണികളുടെ അഭാവം, ഉല്പാദകർ തമ്മിൽത്തമ്മിലുള്ള സഹകരണശൂന്യത, എല്ലാം കൂടി നമ്മുടെ കർഷകനെ ശ്വാസം മുട്ടിക്കുന്നു.

ഇന്നു് ഭാരതീയ കർഷകനെ കാർഷികവിഭവങ്ങളുടെ ക്രയവിക്രയത്തിൽ വിഷമിപ്പിച്ചുകൊണ്ടിരിക്കുന്ന ചില പ്രധാന സംഗതികൾ ചിന്താർഹങ്ങളാണ്. ഉല്പാദകരായ കൃഷിക്കാരുടെ ഇടയിൽ അവശ്യം ഉണ്ടായിരിക്കേണ്ട സഹകരണവും, യോജിപ്പും ഭാരതത്തിൽ ഇല്ലാതിരിക്കുന്നതുകൊണ്ടു് അവക്കു് ഒന്നിച്ചു നിന്നു് അവരുടെ താല്പര്യസംരക്ഷണത്തിനുവേണ്ടി പ്രവത്തിക്കുവാൻ കഴിയുന്നില്ല കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും ഈ വിഷയത്തിൽ കർഷകനുവേണ്ട സഹായം ഇനിയും ലഭിക്കേണ്ടതായിട്ടാണു കാണുന്നതു്. തൽക്കാല ആവശ്യങ്ങൾക്കായി പണം കടം നൽകുന്നതിൽ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന സഹകരണസംഘങ്ങൾക്കും ഉല്പാദകരുടെ സംഘടനകൾ രൂപീകരിക്കാൻ ഇതുവരെ കാര്യമായി ശ്രദ്ധിച്ചിട്ടില്ല. ശ്രദ്ധിക്കുവാൻവേണ്ട തൻേറടവും കഴിവും സഹകരണസംഘങ്ങൾ ഇതുവരെ സമ്പാദിച്ചിട്ടും ഇല്ല. കർഷകൻെറ താല്പര്യങ്ങൾ അന്നന്നു് നിലവിലിരിക്കുന്ന സാമ്പത്തിക അടിയൊഴുക്കുകളുടെഗതി അനുസരിച്ചു് സംരക്ഷിക്കപ്പെടുകയാണ് ഉപേ

ക്ഷിക്കപ്പെടുകയോ ചെയ്യുവരുന്നു. ഉല്പാദകനും ഉപഭോക്താവും തമ്മിൽ സംഘട്ടനമുണ്ടാകുമ്പോൾ, സംഘടനാശൂന്യനായ കർഷകനാണ് മിക്കവാറും പരാജിതൻ ആവാറുള്ളത്.

ഈ ദുരവസ്ഥയിൽനിന്ന് രക്ഷനേടണമെങ്കിൽ കർഷകൻ സ്വയം സംഘടിക്കണം. ഓരോ കർഷകൻേറയും താല്പര്യങ്ങൾ അവൻെറ അയൽവാസിയുടെ താല്പര്യങ്ങളുമായി ഐകരൂപ്യം ഉള്ളവയാണെന്നും, രണ്ടുപേരും ഒന്നിച്ചുചേന്നാൽ അവരുടെ അവകാശങ്ങളിൽ ഉള്ള അന്യായമായ കയ്യേററങ്ങളെ തടയാൻ അവക്കു കൂടുതൽ ശക്തി ലഭിക്കുമെന്നും ഓരോ കർഷകനും മനസ്സിലാക്കണം. ഈ ബോദ്ധ്യത്തിൽനിന്നും ഉൽഭവിക്കുന്ന സംഘടനകൾ ഓരോഗ്രാമത്തിലും സ്ഥാപിതമാവുകയും എല്ലാ ഉല്പാദകരും ഈ സംഘടനകളിൽ സജീവമായി പങ്കെടുക്കുകയും ചെയ്താൽ ഉപഭോക്താവിൻെറയും അവൻെറ പണിയാളുകളുടേയും തന്ത്രങ്ങളിൽനിന്ന്, രക്ഷ പ്രാപിക്കുവാൻ നമ്മുടെ കർഷകന് കഴിയും.

കർഷകവൃത്തിയുടെ പ്രത്യേകതകൾ കൃഷിക്കാരനെ പലപ്പോഴും കടക്കാരനാക്കുന്നു. ഭാരതീയ കർഷകൻെറ കുറഞ്ഞ വരുമാനം അവനെ പണവ്യാപാരിയുടെഅടിമയാക്കിയിട്ടുണ്ട്. കൃഷിയെടുത്തുകഴിഞ്ഞാൽ ഉടൻതന്നെ ഉൽപ്പന്നങ്ങൾ വിൽക്കുവാൻ നമ്മുടെ കർഷകൻ നിർബന്ധിതനായിത്തീരുന്നു. കൃഷിയെടുക്കുന്ന കാലത്ത് ഉല്പന്നങ്ങളുടെവില കുറവായിരിക്കും. ആ കുറഞ്ഞ വിലക്കു് ഉല്പന്നങ്ങൾ വിൽക്കുവാൻ കർഷകൻെറ സാമ്പത്തികസ്ഥിതി അവനെ നിർബന്ധിക്കുന്നു. അപ്രകാരംതന്നെ അവൻെറ ഉല്പന്നങ്ങളെ ശരിയായ വിപണിയിൽ എത്തിച്ചുകൊടുത്തു ശരിയായ വില വാങ്ങിക്കുവാനും കർഷകൻെറ സാമ്പത്തികസ്ഥിതി അവനെ അനുവദിക്കുന്നില്ല. കർഷകവൃത്തിയിൽ അവന് പണം കൊടുത്തു സഹായിക്കുന്ന ഏജൻസികൾ കാർഷികവിഭവങ്ങളുടെ

ക്രയവിക്രയത്തിൽ കർഷകരെ മൂലധനം നൽകി സഹായിക്കാൻ സാധാരണയായി വിമുഖത പ്രദർശിപ്പിച്ചുവരുന്നു. പണവ്യാപാരിയും, നാട്ടുബാങ്കും, സഹകരണസംഘവും ഈ വിഷയത്തിൽ ഏതാണ്ട് ഒരു ചേരിയിൽതന്നെയാണ്. അതുമാത്രമല്ല, പണവ്യാപാരികൾ കടം നൽകുമ്പോൾ കാർഷികോല്പന്നങ്ങൾ ഒരു നിശ്ചിതവിലയ്ക്കു് അയാൾക്കുതന്നെ വിററുകൊള്ളണം എന്നു് ഒരു നിർബന്ധം പിടിക്കാറുമുണ്ട്. അങ്ങിനെവരുമ്പോൾ കർഷകനു് അവൻെറ ഉല്പന്നങ്ങളെ വിപണിയുടെ നിലവാരമനുസരിച്ചു് വിൽക്കുന്നതിനോ വിൽക്കാതിരിക്കുന്നതിനോ ഉള്ള സ്വാതന്ത്ര്യം നഷ്ടപ്പെടുന്നു. ഈ സ്വാതന്ത്ര്യം കൃഷിക്കാരനു് ശരിയായി ലഭിക്കണമെങ്കിൽ വിളവു് എടുക്കുന്ന കാലത്തു് അവനു് ആവശ്യാനുസരണം ഹ്രസ്വകാലവായ്പകൾ ലഭിക്കണം.

കർഷകരിൽ ഒരു ഭൂരിപക്ഷവും അവരുടെ ഉല്പന്നങ്ങൾ ഇടനിലക്കാരുടെ സഹായത്തോടുകൂടി വിററഴിക്കുന്നവരാണ്. മദ്ധ്യവർത്തികളായ ഈ കച്ചവടക്കാർ സമുദായത്തിൻെറ ശക്തിയായ അവഹേളനത്തിനു് പാത്രമാകാറുണ്ട്. അവരുടെ സത്യസന്ധത, പ്രവർത്തനതന്ത്രങ്ങൾ, ആത്മാർത്ഥത ഇവയെല്ലാംസാധാരണയായി ചോദ്യം ചെയ്യപ്പെടുന്നുണ്ട്. എന്നിരുന്നാലും അവരെ പൂർണ്ണമായും ഉപേക്ഷിക്കുവാൻ നിവൃത്തിയില്ലാത്ത പരിതഃസ്ഥിതികളാണു് ഭാരതത്തിൽ ഇന്നു് ഉള്ളതു്. ആധുനികഭാരതത്തിലെ സാമ്പത്തികവ്യവസ്ഥിതിയിൽ ഇടനിലക്കാർ അവശ്യം നിർവഹിക്കേണ്ട ചില കർത്തവ്യങ്ങൾ ഉണ്ട്. അവരെ ഒററഅടിക്കു് അവസാനിപ്പിക്കുക സാദ്ധ്യമല്ല, സാദ്ധ്യമാണെങ്കിൽതന്നെ ബുദ്ധിപൂർവകവും അല്ല. ആവശ്യക്കാരെ കണ്ടുപിടിക്കുക, ഉൽപന്നങ്ങൾ സംഭരിക്കുക ആവശ്യക്കാരുടെ ഇടയിൽ വിതരണംചെയ്യുക, തുടങ്ങിയ അനേകം പ്രവൃത്തികൾ അതും ഗതാഗതമാർഗ്ഗങ്ങളും, ഉല്പാദകനും, ഉപഭോക്താവും തമ്മിലുള്ള അന്യോന്യ സമ്പർക്കവും തീർത്തുമോശ

മായിരിക്കുന്ന ഭാരതത്തിൽ വളരെ വിഷമം പിടിച്ചവയാണ്. ഇത്തരം പ്രവൎത്തനങ്ങൾക്കായി മുഴുവൻ സമയവും വിനിയോഗിക്കുന്ന ഇടനിലക്കാർക്കു് മാത്രമേ വിജയപൂർവം ഏർപ്പെടാൻ സാധിക്കൂ.

എന്നിരുന്നാലും ഈ മദ്ധ്യവൎത്തികൾ ഭാരതീയകർഷകന്റെ കഠിനാദ്ധ്വാനത്തിൽ ഒരു നല്ലഭാഗം അപഹരിച്ചു് എടുക്കുന്നുണ്ടു്. ഒന്നിനു പിറകെ ഒന്നായി കർഷകന്റെ ചുററും അടുത്തുകൂടുന്ന ഇടനിലക്കാർ ഉല്പാദകനു ന്യായമായി ചെല്ലേണ്ടതിൽ ഒരു നല്ലഭാഗം കവർന്നെടുക്കുന്നു. ഇന്ത്യാഗവർമ്മെൻറിൽ നിന്നും നടത്തിയിട്ടുള്ള ചില സർവ്വേകൾ ഈ പരമാർത്ഥം പ്രത്യക്ഷപ്പെടുത്തുന്നു. നെല്ലു് ഉല്പാദിപ്പിക്കുന്ന കർഷകനു്, ഉപഭോക്താവു കൊടുക്കുന്ന ഓരോ രൂപായ്ക്കും $8\frac{1}{4}$ണ മാത്രമാണു് ലഭിക്കുന്നതെന്നും, ഗോതമ്പിനു ഓരോരൂപക്കു് $9\frac{1}{4}$ണയുമാണു് കിട്ടുന്നതെന്നും കണക്കാക്കിയിരിക്കുന്നു. ബോംബെ സംസ്ഥാനത്തു് ഉല്പാദിപ്പിക്കപ്പെടുന്ന പഴവർഗ്ഗങ്ങളുടെ വില്പനയിൽ ഉല്പാദകനു ലഭിക്കുന്ന വിലയും ഉപഭോക്താവു നൽകുന്ന വിലയും തമ്മിലുള്ള വ്യത്യാസം കണക്കാക്കിയിട്ടുണ്ടു്.

| സ്ഥലം | പഴവർഗ്ഗം | ഉപഭോക്താവു നൽകുന്നതിൽ ഉല്പാദകനു ലഭിക്കുന്ന ശതമാനം | ഉപഭോക്താവു നൽകുന്നതിൽ ഇടനിലക്കാരനു കിട്ടുന്ന ശതമാനം |
|---|---|---|---|
| പൂനാ | പേരയ്ക്കാ | 33.6 | 66.4 |
| പൂനാ | ഓറഞ്ചു് | 53.5 | 46.6 |
| നാഗ്പൂർ | മൊസാമ്പി | 28.6 | 71.4 |
| നാസിക്കു് | പപ്പായ്യാ | 37 9 | 63.1 |

മദ്ധ്യവൎത്തികളായ കച്ചവടക്കാർ പണവ്യാപാരികൾകൂടിയാണെങ്കിൽ കർഷകന്റെ കാര്യം കൂടുതൽ കഷ്ടത്തിലാകുന്നു.

യുണൈററഡ് പ്രാവിൻസിലെ ബാങ്കിങ്ങ് അന്വേഷണകമ്മററിയുടെ റിപ്പോർട്ട് അനുസരിച്ച് ആ സംസ്ഥാനത്തിലെ ഗോതമ്പിൻെറ 30 ശതമാനവും പണവ്യാപാരികളാണ് വാങ്ങിക്കുന്നത്. പണവ്യാപാരിക്ക് മററു വ്യാപാരികളുടെ മത്സരത്തെ ഭയപ്പെടേണ്ടതില്ല. അയാളുടെ മനോധർമ്മം അനുസരിച്ചു വില നിശ്ചയിച്ച് ഉൽപന്നങ്ങാം വാങ്ങുവാൻ കഴിയുന്നു. ഉൽപന്നങ്ങാം തൂക്കുന്നതിലും അളക്കുന്നതിലും പല മദ്ധ്യവത്തികളും സത്യസന്ധത പാലിക്കാറില്ല. കർഷകൻെറ അറിവില്ലായ്മയേയും പരാധീനതയേയും, അങ്ങേയററംവരെ അവൻെറ സ്വലാഭത്തിനായി ഉപയോഗപ്പെടുത്തുവാൻ, കൊള്ളയടിക്കുവാൻ അവൻ തയ്യാറാണ്. ഇവയെല്ലാം പരമാത്ഥമാണെങ്കിലും, അനിയന്ത്രിതവും നേതൃത്വശൂന്യവുമായ ഭാരതത്തിലെ ഇന്നത്തെ പരിതഃസ്ഥിതികളിൽ കാർഷികോല്പന്നങ്ങളുടെ ക്രയവിക്രയങ്ങളിൽ റോയൽ കമ്മീഷൺ ഓൺ അഗ്രികൾച്ചർ അഭിപ്രായപ്പെടുന്നതുപോലെ മദ്ധ്യവത്തികളുടെ സേവനം വളരെ അത്യാവശ്യമാണ്. എന്നാൽ അവരുടെ സംഖ്യ അനാവശ്യമായി വർദ്ധിക്കാതിരിക്കുവാനും അവരുടെ പ്രവത്തനങ്ങളിൽ കൂടുതൽ ന്യായമായ രീതികാം നടപ്പിലാക്കാനും ആവശ്യമായ നിയന്ത്രണങ്ങാം ഉണ്ടാകേണ്ടിയിരിക്കുന്നു.

നാട്ടിൻപുറത്തെ വിപണികാം ഭാരതത്തിൻെറ ഒരു പ്രത്യേകതയാണ്. അവിടെ കാർഷികോല്പന്നങ്ങാം മാത്രമല്ല ആളുകളുടെ ദൈനംദിനാവശ്യത്തിന് ഉപയുക്തമായ എല്ലാ സാധനങ്ങളും ക്രയവിക്രയം ചെയ്യപ്പെടുന്നു. നാഷണൽ പ്ലാനിംഗ് കമ്മററിയുടെ റിപ്പോർട്ടിൽ ഇപ്രകാരം കാണുന്നു: "യു. പി. യിൽ ആകെ ഉല്പാദിപ്പിക്കപ്പെടുന്ന ഗോതമ്പിൽ മുപ്പതുശതമാനവും, പഞ്ചാബിൽ 52 ശതമാനവും, ബീഹാറിലും മദ്രാസിലും നെല്ലിൻെറ 89 ശതമാനവും, ബംഗാളിൽ 72 ശതമാനവും ഗ്രാമങ്ങളിൽത്തന്നെയാണു വിൽക്കപ്പെടു

ന്നതു്." ഗ്രാമങ്ങളിൽ കണ്ടുവരാറുള്ള ചന്തകൾ ശരിയായി കർഷകർ ഉപയോഗിക്കുന്നില്ല എന്നുള്ള വസ്തുതയാണു് ഈ പരമാർത്ഥം സ്പഷ്ടമാക്കുന്നതു്. ഈ ചന്തകൾതന്നെ ആവശ്യത്തിനുമാത്രം ഇല്ലതാനും. ഓരോ വിപണിയും ഉപയോഗിക്കുന്ന ആളുകൾ താമസിക്കുന്ന സ്ഥലവിസ്തൃതിയെപ്പററിയുള്ള കണക്കുകൾ ലഭ്യമല്ല. മദ്രാസിൽ ഏകദേശം 75 ചതുരശ്രമൈലിനുള്ളിലും, ആസ്സാമിൽ 60 ച: മൈ: ഉള്ളിലും, ബംഗാളിൽ 40 ച: മൈ: ഉള്ളിലും, ഓരോ വിപണി ശരാശരി പ്രവർത്തിക്കുന്നുണ്ടെന്നു് കണക്കാക്കിയിരിക്കുന്നു. ഈ വിപണികളിലെ പ്രവർത്തനരീതികളിൽ എന്തെങ്കിലും ഐകരൂപ്യമോ നിയന്ത്രണമോ ഇല്ല. ഉല്പന്നങ്ങളുമായി ചന്തയിൽ എത്തുന്ന കർഷകൻെറ അറിവില്ലായ്മയെ ആവുന്നേടത്തോളം ഉപയോഗിച്ചു്, അവനെ ഉപദ്രവിക്കുവാൻ തയ്യാറുള്ള വ്യാപാരികൾ ധാരാളം ഉണ്ടു്. ഓരോ ചന്തയിലും ഓരോ സാധനങ്ങൾക്കും കൊടുക്കേണ്ടനികുതി, കൂലിക്കാരനു കൊടുക്കേണ്ട കൂലി, അളവിലും മററും ചെയ്യേണ്ട വിട്ടുവീഴ്ചകൾ ഇവയൊന്നുംതന്നെ ക്ലിപ്തപ്പെടുത്തിയിട്ടില്ല. വില്പനക്കാരൻെറ സ്വഭാവവും, പ്രകൃതവും മററു സാഹചര്യങ്ങളും അനുസരിച്ചു് ഇത്തരം ചാർജ്ജുകൾ കുറയുകയോ കൂടുകയോ ചെയ്തുവരുന്നു. ഇത്തരം വ്യത്യാസങ്ങളെ ഇല്ലാതാക്കുന്നതിനു് നിയന്ത്രിത വിപണികളുടെ സ്ഥാപനംകൊണ്ടുമാത്രമേ സാധിക്കു. കാർഷികവിഭവങ്ങളുടെ വില്പനയിൽ തരംതിരിക്കലിൻെറയും ഇനംതിരിക്കലിൻെറയും അഭാവം അവയ്ക്കു് ശരിയായ വില കിട്ടാതിരിക്കാൻ കാരണമാകുന്നു. ഓരോതരം ഉല്പന്നങ്ങളും വ്യക്തവും നിശ്ചിതവുമായ ഇനങ്ങളിലായി വിഭജിച്ചു് വില്പനയ്ക്കു തയാറാക്കിയെങ്കിൽ മാത്രമേ അവയ്ക്കു ശരിയായ വില കിട്ടു. വിദേശരാജ്യങ്ങളിൽ വിററഴിക്കണമെങ്കിൽ ഇനംതിരിക്കൽ തീർച്ചയായും ആവശ്യമാണു്. കാർഷികവിഭവങ്ങളെ വ്യക്തമായ ഇനങ്ങളിലായി തരംതിരിക്കുന്നതിനെ നിയന്ത്രി

ക്കുന്ന നിയമങ്ങൾ ഇംഗ്ലണ്ടിലും അമേരിക്കയിലും നിലവിൽ ഉണ്ട്. ഭാരതത്തിലും കാർഷികവിഭവങ്ങളുടെ നന്മതിന്മകൾ അനുസരിച്ച് പല ഇനങ്ങളായി തിരിക്കുന്നതിനു കർഷകനു വേണ്ട പ്രചോദനം നൽകുവാൻ വ്യത്യസ്തമായ ചില പരിപാടികൾ കാർഷികഡിപ്പാർട്ടുമെൻറിൽനിന്നും ആരംഭിച്ചിട്ടുണ്ട്.

നമ്മുടെ കാർഷികവിഭവങ്ങളെ വിപണികളിലേയ്ക്ക് അയയ്ക്കുന്നതിനുമുൻപു ശരിയായി ശുദ്ധിചെയ്യുകയോ തയ്യാറാചെയ്യുകയോ ചെയ്യുന്നില്ലെന്നുള്ളത് കുപ്രസിദ്ധങ്ങളാണ്. വിദേശവിപണികളിൽ ഭാരതത്തിൽനിന്നും ചെല്ലുന്ന കാർഷികോല്പന്നങ്ങൾ സംശയദൃഷ്ടിയോടെ ആണ് വീക്ഷിക്കപ്പെടുന്നത്. മനഃപൂർവമുള്ള കള്ളത്തരങ്ങൾകൂടി ആവുമ്പോൾ, നമ്മുടെ സാധനങ്ങൾ വിദേശികൾ വാങ്ങാതാകും. കല്ക്കട്ടാ തുറമുഖത്തു സ്വീകരിക്കപ്പെടുന്ന കാർഷികവിഭവങ്ങൾ അവിടെ കൊണ്ടുചെല്ലുന്നതിനായി കൊടുക്കേണ്ടിവരുന്ന വണ്ടിക്കൂലി ഇനത്തിൽ മൂന്നുലക്ഷം രൂപയോളം പ്രതിവർഷം നല്കപ്പെടുന്നതു കാർഷികോല്പന്നങ്ങളോടുകൂടി സംവഹിക്കപ്പെടുന്ന ചേറിനും ചെളിക്കും വേണ്ടിയാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. കാർഷികവിഭവങ്ങളുടെ ക്രയവിക്രയത്തിൽ സത്യസന്ധതയില്ലായ്മ ആദായകരമാണെന്നു പലരും ധരിച്ചിരിക്കുന്നതു് പരമദയനീയമാണ്. എന്നാൽ ഇന്നത്തെ പരിതഃസ്ഥിതികളിൽ അവരിൽ പലരുടേയും ധാരണ ശരിയാണെന്നുവരുന്നതു് അതിലേറെ ദയനീയമല്ലേ?

ഭാരതീയൻെറ സത്യസന്ധതയേപ്പററി നമുക്കു ദീർഘമായി ഉപന്യസിക്കുവാൻ കഴിയുമെങ്കിലും, അവൻ വില്ക്കുന്ന ഗോതമ്പ്, നെല്ല്, നിലക്കടല തുടങ്ങിയ ഉല്പന്നങ്ങൾ, താണതരം ഇനങ്ങൾ ചേർത്തോ വെള്ളം തളിച്ചു നനച്ചോ അളവു വർദ്ധിപ്പിക്കുവാൻ സാധാരണ അവൻ ശ്രമിക്കാറുണ്ട്. ഈ

കള്ളത്തരങ്ങൾ കൂടുതൽ പ്രബലപ്പെടുന്നതു് സാധനങ്ങൾക്കു വില വർദ്ധിക്കുമ്പോഴാണു്. എന്നാൽ ഭാരതത്തിൽ ഇന്നു ലഭിക്കുന്ന അനിയന്ത്രിത വിപണികളുടെ അവസ്ഥമൂലം കൃഷികൻ കള്ളത്തരങ്ങൾ കാണിക്കുവാൻ നിർബന്ധിതനാകുന്നു എന്നും ഒരു അഭിപ്രായം ഇല്ലാതില്ല. റോയൽകമ്മീഷൻ ഓൺ അഗ്രിക്കൾച്ചറിന്റെ മുൻപിൽ തെളിവു നല്കിക്കൊണ്ടിരിക്കെ ഒരു പ്രമുഖവ്യാപാരി പ്രസ്താവിച്ചു: "ഈ കള്ളത്തരങ്ങൾക്കുള്ള ഉത്തരവാദി കർഷകൻ അല്ലെന്നു് ഉറപ്പിച്ചുപറയാവുന്നതാണു്. വിപണികളിൽ വച്ചു് വ്യാപാരികൾതന്നെ കാർഷികോല്പന്നങ്ങളോടൊന്നിച്ചു കല്ലും മണ്ണും ചേർത്തു തൂക്കം വർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്നതു ഞാൻതന്നെ കണ്ടിട്ടുണ്ടു്. അവർ പറയുന്നതു മണ്ണും കല്ലും ഇല്ലെങ്കിലും, തൂക്കത്തിൽ ചില വിട്ടുവീഴ്ചകൾ എല്ലാം ചെയ്യേണ്ടതായിട്ടുണ്ടു്. കൂടാതെ കല്ലും മണ്ണും ചേർന്ന സാധനങ്ങൾ വില്ക്കുന്നതിൽനിന്നും താരതമ്യേന കൂടുതൽ ആദായം വ്യാപാരികൾക്കും, കൃഷിക്കാർക്കും ലഭിക്കുന്നും ഉണ്ടു്." ഉല്പന്നങ്ങളുടെ ഗുണം ഇപ്രകാരം കുറവുചെയ്യുന്നതുകൊണ്ടു് കർഷകന്റെ ദീർഘകാല താല്പര്യങ്ങളാണു് അപകടത്തിലാകുന്നതു്. തൽക്കാലലാഭത്തിനായുള്ള ഇത്തരം പ്രവർത്തനങ്ങൾ പൊൻമുട്ട ഇടുന്ന താറാവിനെ കൊല്ലുന്നതുപോലെ ബുദ്ധിശൂന്യമായ ഒരു പ്രവർത്തിയാണു്. കാർഷിക വിഭവങ്ങളുടെ ക്രയവിക്രയത്തിൽ ഇത്തരം കള്ളത്തരങ്ങൾ ചെയ്യുന്നതു് കുറ്റകരമാക്കിയും മററും ഗവർമ്മെൻറുകൾ ഈ ആപത്തിനെ എതിരിടാൻ ശ്രമിക്കുന്നുണ്ടു്. നമ്മുടെ കാർഷികവിഭവങ്ങൾക്കു ശരിയായ വില കിട്ടണമെങ്കിൽ, അവയുടെ സ്വീകാര്യത ലോകമെല്ലാം വ്യാപിക്കണമെങ്കിൽ അവയെ കഴിയുന്നേടത്തോളം ശുദ്ധമാക്കി നന്നാക്കി കള്ളത്തരങ്ങൾക്കു വിധേയമാക്കാതെ പ്രചരിപ്പിച്ചെങ്കിൽ മാത്രമേ സാധിക്കൂ എന്നും അങ്ങനെയുള്ള പ്രചരണം ഭാരതത്തിന്റെ സാമ്പത്തികഭദ്രതയ്ക്കു അനുപേക്ഷണീയമാണെന്നും ഓരോ കർഷകനും,

ഓരോ വ്യാപാരിയും മനസ്സിലാക്കേണ്ട കാലം വളരെ കഴിഞ്ഞിരിക്കുന്നു.

കർഷകൻെറ പ്രവർത്തനങ്ങൾ മിക്കവാറും അവൻെറ പാടങ്ങളുടെ പരിധിക്കുള്ളിൽമാത്രം ആയിരിക്കും നടക്കുന്നതു്. രാജ്യത്തിൻെറ മററുഭാഗങ്ങളിൽ നിലവിൽ ഇരിക്കുന്ന അവസ്ഥാവിശേഷങ്ങളെപ്പററി പലപ്പോഴും അവൻ അജ്ഞനാണു്. ഓരോ വിളവുകളും എത്രമാത്രം വിപണികളിലേയ്ക്കു കൊണ്ടുവരപ്പെടുന്നു്ണ്ടു്. അവയുടെ വില എന്തായിരിക്കും. എന്നുള്ളവയെപ്പററി ശരിയായ യാതൊരു വിവരങ്ങളും കർഷകനു ലഭിക്കുന്നില്ല. അപ്രകാരംതന്നെ ഒരേ സാധനത്തിനു് വിവിധ സ്ഥലങ്ങളിൽ ഒരേസമയത്തു നിലവിലിരിക്കുന്ന വില എന്താണെന്നും മിക്കപ്പോഴും നമ്മുടെ കർഷകൻ അറിയുന്നില്ല. ഈ വിവരങ്ങൾ അറിഞ്ഞുകൊണ്ടിരുന്നാൽ മാത്രമേ അവൻെറ സാധനങ്ങൾക്കു ലഭിക്കാവുന്നതിൽ ഏററവും കൂടുതൽ വില ഈടാക്കുവാൻ അവനു കഴിയൂ.

വിളവുകൾ സംഭരിക്കുന്നകാലത്തു് ഉല്പന്നങ്ങൾക്കു സാധാരണ വില കുറവായിരിക്കും. ഈ ഉല്പന്നങ്ങൾ കേടുകൂടാതെ കുറെനാളത്തേയ്ക്കു് ശേഖരിച്ചുവെയ്ക്കുവാൻ കഴിഞ്ഞാൽ അവയെ കൂടുതൽ വിലയ്ക്കു വിൽക്കുന്നതിനു് കർഷകനു കഴിയും. ഇങ്ങനെ കാർഷികവിഭവങ്ങളെ സംഭരിച്ചുവയ്ക്കുവാൻ നമ്മുടെ കർഷകനു സാധാരണയായി കഴിയുന്നില്ല. പണത്തിനു ബുദ്ധിമുട്ടു് അനുഭവിച്ചുകൊണ്ടിരിക്കുന്ന കർഷകൻ അവൻെറ ഉല്പന്നങ്ങളെ കഴിയുന്നതും വേഗം പണമായി മാററാൻ ശ്രമിക്കുന്നതു സ്വാഭാവികമാണു്. അതു മാത്രമല്ല, കാർഷികോല്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുവാൻ സൗകര്യമുള്ള ഗുദാമുകളും വളരെ വളരെ പരിമിതമാണു്. താമസിക്കുവാൻ സൗകര്യമുള്ള വീടുപോലും ഇല്ലാത്ത കർഷകനു്, സ്വന്തമായി ഗുദാമുകൾകൂടി പണിയുവാൻ കഴിയുമെന്നു തോന്നുന്നില്ല. അതിനാൽ ഈ

ച്ചുമതല ഏറെറടുത്തു നടത്തേണ്ടതു് പ്രധാനമായി കൃഷി ഡിപ്പാർട്ടുമെൻറും രണ്ടാമതായി സഹകരണ ഡിപ്പാർട്ടു മെൻറും ആണു്.

ഈസ്റ്റ് ഇൻഡ്യാകമ്പനിയിലെ നായകസംഘത്തിനു് 1853-ൽ ഇൻഡ്യാ വൈസ്രായി ആയിരുന്ന ഡൽഹൗസി പ്രഭു എഴുതി, "ഇൻഡ്യയിലെ വിവിധ ഭാഗങ്ങളിൽ ധാരാളം കാർഷികവിഭവങ്ങൾ ഉല്പാദിപ്പിക്കപ്പെടുന്നു. അവ വാങ്ങുവാൻ ഉപഭോക്താക്കൾ ചുരുക്കമാണു്. ആവശ്യക്കാരുടെ അഭാവം മൂലം ചിലസ്ഥലങ്ങൾ കൃഷിചെയ്യാതെ ഉപേക്ഷിക്കപ്പെടുന്നു. പല രാജ്യക്കാരുടേയും കപ്പലുകൾ ഇൻഡ്യൻ തുറമുഖങ്ങളിൽ വന്നുചേരുന്നുണ്ടു്. എന്നാൽ ഉൾപ്രദേശങ്ങളിൽ നിന്നു തുറമുഖങ്ങളിലേയ്ക്കു ഉൽപന്നങ്ങൾ കൊണ്ടുവരാൻ പ്രയാസമായിരിക്കുന്നതുകൊണ്ടു് അവരുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കാൻ ഭാരതത്തിനു കഴിയുന്നില്ല." ഒരു നൂററാണ്ടിനു മുൻപു് പുറപ്പെടുവിച്ച ഈ അഭിപ്രായത്തിൽ സൂചിപ്പിക്കുന്ന ഗതാഗതമാർഗ്ഗങ്ങളുടെ കൈവല്യം അന്നത്തേതുപോലെ അല്ലെങ്കിലും ഇന്നും കാർഷികവിഭവങ്ങളുടെ ക്രയവിക്രയത്തെ കാര്യമായി തടസ്സപ്പെടുത്തുന്നുണ്ടു്.

ഭാരതത്തിൽ ആകെക്കൂടി 50,000 മൈൽ ദീർഘത്തിൽ റയിൽവേലയിൽ ഉള്ളതായി കണക്കാക്കിയിട്ടുണ്ടു്. ഈ റയിൽവേകളുടെ നിർമ്മാണത്തിൽ ആകെ 884 കോടി രൂപാ ചെലവായിട്ടുണ്ടു്. ഭാരതത്തിൻെറ വിസ്തൃതിയും, ജനസംഖ്യയും, ഉല്പാദിപ്പിക്കപ്പെടുന്ന സാധനങ്ങളുടെ അളവും നോക്കുമ്പോൾ റയിൽവേകൾ ഇനിയും എന്തുമാത്രം വളരേണ്ടതായിട്ടുണ്ടെന്നു് കാണാൻ കഴിയും. റയിൽവേകൾമൂലം ബന്ധിക്കപ്പെടാത്ത അനേകം ഉൾപ്രദേശങ്ങൾ ഇന്നും ഭാരതത്തിൽ ഉണ്ടു്. ഗ്രാമങ്ങളിൽനിന്നും വളരെ അകലെയാണു് സാധാരണയായി തീവണ്ടിസ്റ്റേഷൻ സ്ഥിതിചെയ്യുന്നതു്. അതുകൊ

ണ്ടു് ഈ ഇരുപതാം നൂററാണ്ടിലും നിർബന്ധിതമായ ഒററപ്പെട്ടത്തലിനു് വിധേയമായ ധാരാളം സ്ഥലങ്ങറം ഉണ്ടു്. അതിനാൽ കൂടുതൽ റെയിൽവേലയിനുകറം നിർമ്മിക്കേണ്ടതു് വളരെ അത്യാവശ്യമാണു്. അപ്രകാരംതന്നെ പ്രാധാന്യം അർഹിക്കുന്ന ഒരു പ്രശ്നമാണു് കാർഷികോൽപന്നങ്ങറം കൊണ്ടുപോകുന്നതിനു് എന്തുകൂലി ഈടാക്കണമെന്നുള്ളതു് റെയിൽവേകളിൽ ഇപ്പോറം നിലവിലിരിക്കുന്ന കൂലികറം വളരെ കൂടുതലാണെന്നു് ഒരു പരാതി സാധാരണയായി കേറംക്കാറുണ്ടു്. ഉദാഹരണമായി ലാഹോറിലും കൽക്കട്ടായിലും ഒരു മൌണ്ടു് ഒരേഇനം ഗോതമ്പിന്റെ വിലയിൽ രു. 1-1-7 വ്യത്യാസമുണ്ടെന്നും, അതിൽ ഒരു രൂപാ നാലു പൈസായും റെയിൽവേക്കമ്പെനിക്കാർ ഈടാക്കുന്നതാണെന്നും നാഷണൽ പ്ലാനിങ്ങ് കമ്മററി ചൂണ്ടികാണിക്കുന്നു. കൂടുതൽ കൂലി ഈടാക്കുന്നുണ്ടെന്നുള്ളതു കൂടാതെ കർഷകനു് റെയിൽവേക്കമ്പെനിയുടെ പേരിൽ വേറെ പല പരാധികളും ഉണ്ടു്. അവന്റെ ഉല്പന്നങ്ങറം കയററി അയയ്ക്കുന്നതിൽ റെയിൽവേ അധികാരികറം സാധാരണയായി പ്രത്യക്ഷപ്പെടുത്തുന്ന അശ്രദ്ധ, അവ സൂക്ഷിച്ചു വെയ്ക്കുവാൻ പര്യാപ്തമായ ഗുദാമുകളുടെ അഭാവം, എളുപ്പത്തിൽ കേടുവരുന്ന സാധനങ്ങറം കൊണ്ടുപോകുന്നതിൽ വരുന്ന അനർഹമായ കാലതാമസം-അങ്ങനെ പലതും. റെയിൽവേകമ്പനികറം കാർഷികോല്പന്നങ്ങറം ഒരു സ്ഥലത്തു നിന്നും മറെറാരു സ്ഥലത്തേയ്ക്കു് കയററി അയയ്ക്കുന്ന കാര്യത്തിലും അവ നഷ്ടപ്പെടാതെ സൂക്ഷിക്കുന്നകാര്യത്തിലും കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും കഴിയുന്നേടത്തോളം കൂലിനിരക്കു് കുറയ്ക്കുകയും ചെയ്യേണ്ടതു് ആവശ്യമാണു്.

റെയിൽവേകളുടെ സ്ഥിതി ഇതാണെങ്കിൽ റോഡുകറം എങ്കിലും ധാരാളം ഉണ്ടായിരിക്കേണ്ടതാണു്. എന്നാൽ മററു പല സംഗതികളിലെന്നപോലെ ഇവിടേയും സംഗതികറം തീ

ത്തും ശോഭനമല്ല. ആവശ്യത്തിനുമാത്രം റോഡുകരം ഇല്ല. ഉള്ള റോഡുകളിൽ ഒരു വലിയ വിഭാഗവും ശരിയായി സംരക്ഷിക്കപ്പെടുന്നും ഇല്ല. നമ്മുടെ കാളവണ്ടിയും കട്ടവണ്ടിയും റോഡുകളെ വളരെവേഗം ചീത്തയാക്കുന്നു. കൂടുതൽ റോഡുകരം വെട്ടിയും, നല്ലയിനം വണ്ടികരം പ്രചരിപ്പിച്ചും മാത്രമേ ഈ അവസ്ഥാവിശേഷത്തെ പരിഷ്ക്കരിക്കുവാൻ സാധിക്കു. ഗതാഗതമാർഗ്ഗങ്ങളിൽ ഏററവും ചെലവുചുരുങ്ങിയ മാർഗ്ഗം ജലമാർഗ്ഗേണയുള്ളതാണ്. ഭാരതത്തിലെ ജലമാർഗ്ഗങ്ങളിൽക്കൂടി ഉള്ള ഗതാഗതം കൂടുതൽ കാര്യക്ഷമം ആകേണ്ടതായിട്ടുണ്ട്. കാർഷിക ഉല്പന്നങ്ങരംക്ക് വിസ്തൃതമായ ഒരു വിപണി ലഭിക്കണമെങ്കിൽ റെയിൽവേ,റോഡ്, കനാൽ ഈ മാർഗ്ഗങ്ങളിൽ കൂടി കാർഷികവിഭവങ്ങരം ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തേക്കു കൊണ്ടുപോകുവാൻ കൂടുതൽ സൗകര്യങ്ങരം ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനുള്ള ചെലവിലും കാര്യമായ കുറവു് ഉണ്ടാകണം. വിപ്ലവപരമായ പരിവർത്തനങ്ങരം തന്നെയാണ് ഈ വിഷയത്തിൽ ഉണ്ടാകേണ്ടതെന്നു പ്രത്യേകം പറയേണ്ടതുണ്ട്.

നമ്മുടെ കാർഷികവിഭവങ്ങരം വിററഴിക്കുന്നതിൽ കർഷകരെ വിഷമിപ്പിക്കുന്ന പല സംഗതികളിൽ പ്രധാനപ്പെട്ട ഒന്നാണ് ഇന്നു ഭാരതത്തിൽ നിലവിലിരിക്കുന്ന അളവുകളും തൂക്കങ്ങളും. ഓരോ സ്ഥലങ്ങളിലും ഓരോ സാധനങ്ങളുടെ കാര്യത്തിലും, വ്യത്യസ്ഥങ്ങളായ അളവുകളും തൂക്കങ്ങളും ആണ് സാധാരണയായി പ്രചാരത്തിൽ ഇരിക്കുന്നതു്. അഖിലഭാരതവ്യാപകമായ ഏതെങ്കിലും ഒരു ഉപാധിയുടെ അഭാവത്തിൽ കർഷകർക്കും, വ്യാപാരികരംക്കും, വിവിധ സ്ഥലങ്ങളിൽ നിലവിലിരിക്കുന്ന, കാർഷികവിഭവങ്ങളുടെ വില താരതമ്യപ്പെടുത്തുവാനും, അങ്ങിനെ ആദായകരമായ ഒരു വിപണി കണ്ടുപിടിക്കാനും കഴിയാതെ വരുന്നു. അപ്രകാരംതന്നെ, ഏറ

യശ്ശൂന്യരായ വ്യാപാരികൾക്ക് കർഷകരെ കൊള്ളയടിക്കുവാൻ കൂടുതൽ സൗകര്യവും, ഈ അനിശ്ചിതാവസ്ഥയിൽ നിന്നു ലഭിക്കുന്നു. അതിനാൽ ഭാരതത്തിലെ വിവിധ വിഭാഗങ്ങൾക്ക് സ്വീകാര്യമായതും ഏകീകൃതവുമായ അളവുകളും തൂക്കങ്ങളും, കണ്ടുപിടിക്കുന്നതിലും അവ നിഷ്ക്കർഷാപൂർവ്വം നടപ്പിലാക്കുന്നതിനും വേണ്ട കർശനമായ നടപടികൾ ഗവൺമെൻറിൽ നിന്നും സ്വീകരിക്കേണ്ടതാണ്.

അങ്ങിനെ പല പ്രകാരത്തിൽ ഉള്ള പരിഷ്ക്കാരങ്ങൾകൊണ്ടു മാത്രമേ കർഷകനു് അവൻെറ ഉല്പന്നങ്ങളെ ശരിയായ വിലയ്ക്ക് വിൽക്കുവാൻ സാധിക്കൂ: എന്നാൽ കർഷകനു് വേണമെങ്കിൽ സ്വയമേവതന്നെ അവരുടെ വൈഷമ്യങ്ങൾക്ക് കുറെയെല്ലാം പരിഹാരം കണ്ടുപിടിക്കുവാൻ കഴിയും. ഉല്പാദകർ തമ്മിലുള്ള സഹകരണം വളരെ ആവശ്യമാണ്. ഏകദേശം അരശതാബ്ദക്കാലമായി നമ്മുടെ നാട്ടിൽ പ്രവർത്തനം നടത്തുന്ന സഹകരണ പ്രസ്ഥാനത്തിനു് ഈ വിഷയത്തിൽ കാര്യമായ യാതൊരു സേവനവും നിർവ്വഹിക്കുവാൻ കഴിഞ്ഞിട്ടില്ല. അമേരിക്ക മുതലായ രാജ്യങ്ങളിൽ കാർഷികവിഭവങ്ങളിൽ ഒരു നല്ല ഭാഗം സഹകരണസംഘങ്ങളിൽക്കൂടിയാണ് വിൽക്കപ്പെടുന്നതു്. ഈ വിഷയത്തിൽ ഡെൻമാക്കിലെ സഹകരണപ്രസ്ഥാനം അവിടത്തെ കർഷകനെ വളരെ അധികം സഹായിക്കുന്നുണ്ടു്. പ്രാഥമിക സംഘങ്ങൾ സാധനങ്ങളുടെ ക്രയവിക്രയം ഏറെറടുക്കുന്നു. അവ ചെറിയ സംഘങ്ങളായി ചേർന്നു കേന്ദ്രസഹകരണസംഘവുമായി യോജിക്കുന്നു. ഈ പ്രാഥമികസംഘങ്ങൾക്കു് യാതൊരു മൂലധനവും ഉണ്ടായിരിക്കുന്നതല്ല. പക്ഷെ, ഈ സംഘത്തിലെ ഓരോ അംഗവും അവരുടെ സ്വായത്തമായ വിഭവങ്ങൾ ആ സംഘത്തിൽക്കൂടിമാത്രമേ വിൽക്കൂ എന്നു് സമ്മതിക്കുകയും അതു് അനുസരിച്ചു് പ്രവർത്തിക്കുകയും ചെയ്യുന്നു. കേന്ദ്രസംഘങ്ങളാണ് ഉല്പന്നങ്ങളെ

തരംതിരിക്കുകയും വിപണികളിലേയ്ക്കു് തയാറാക്കുകയും ചെയ്യുന്നതു്. ക്യാനഡായിലെ ഗോതമ്പു വ്യാപാരവും സഹകരണസംഘങ്ങളിൽക്കൂടിയാണു മുഖ്യമായും നടക്കുന്നതു്.

എന്നാൽ കാര്യമായ വിജയം ഈ വിഷയത്തിൽ സമ്പാദിക്കുന്നതിനു് സഹകരണത്തിനു കഴിഞ്ഞിട്ടില്ല. ഭാരതത്തിൽ ഇന്നു് ആകെ 500 സംഘങ്ങൾ ഈ സംരംഭങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടെന്നും അവയെല്ലാംകൂടി അഞ്ചുലക്ഷം അംഗങ്ങൾ ഉണ്ടെന്നും അവയുടെ പ്രവർത്തനമൂലധനം ഏകദേശം രണ്ടു കോടി രൂപയാണെന്നും കാണുന്നു.

സഹകരണസംഘങ്ങളിൽക്കൂടി ഉള്ള കാർഷികവിഭവങ്ങളുടെ ക്രയവിക്രയം ഓരോ സംസ്ഥാനത്തിലും എന്തുമാത്രം പുരോഗമിച്ചിട്ടുണ്ടെന്നും അവയുടെ പ്രവർത്തനം എന്തുമാത്രം കാര്യക്ഷമം ആണെന്നും അറിയുന്നതു് ഉപകാരപ്രദമാണു്. ബോംബെയിലും സമീപപ്രദേശങ്ങളിലും നടന്നുവരുന്ന പഞ്ഞിവ്യാപാരത്തിൽ കാര്യമായ ഒരു ഭാഗം സഹകരണസംഘങ്ങൾക്കു ലഭിക്കുന്നു. പഞ്ഞി വാങ്ങിക്കുക, മില്ലുകൾക്കു് ആവശ്യമുള്ള പഞ്ഞി എത്തിച്ചുകൊടുക്കുക, നൂലുകൾ സംഭരിക്കുക, വിതരണം ചെയ്യുക തുടങ്ങിയ വിവിധ വ്യാപാരങ്ങളിൽ സഹകരണസംഘങ്ങൾ ഏർപ്പെടുന്നുണ്ടു്. മദ്രാസ് സംസ്ഥാനത്തിലും പഞ്ഞിവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണസംഘങ്ങൾ വിജയപൂർവം പ്രവർത്തിക്കുന്നു. പഞ്ചാബിലെ കനാൽ കോളനികളിലെ ധാന്യവ്യാപാരം മിക്കവാറും സഹകരണസംഘങ്ങളുടെ കയ്യിലാണു്. 1924 മുതൽ ചണകൃഷിക്കാരുടെ സഹകരണസംഘങ്ങൾ പഞ്ചാബിൽ സ്ഥാപിതമാവുകയും പ്രവർത്തനം നടത്തിവരികയും ചെയ്യുന്നു. നെല്ലുവ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണസംഘങ്ങളും മദ്രാസിൽ പ്രവർത്തിക്കുന്നു. കരിമ്പുകൃഷിക്കാ

രുടെ സഹകരണസംഘങ്ങൾ ഉത്തരപ്രദേശത്തും ബീഹാറിലും വളരെ വിജയകരമായി ഇപ്പോഴും പ്രവർത്തിക്കുന്നു.

എന്നാൽ സഹകരണപ്രസ്ഥാനത്തിനു സ്വായത്തമായിട്ടുള്ള ശക്തിയുടെ ഒരു അംശം മാത്രമേ കാർഷികവിഭവങ്ങളുടെ ക്രയവിക്രയത്തിൽ ഉപയോഗിച്ചിട്ടുള്ളു. സഹകരണപ്രസ്ഥാനത്തിൻെറ കഴിവുകളെ ശരിയായി ഉപയോഗിച്ചാൽ അത്ഭുതാവഹങ്ങളായ ഫലങ്ങൾ കിട്ടുന്നതാണ്. ഉത്തരപ്രദേശത്തെ കരിമ്പുകൃഷിക്കാരുടെ അനുഭവം പ്രത്യേകം സ്മരണീയമാണ്.

ഓരോ പ്രത്യേക സാധനങ്ങൾക്കും ഓരോ പ്രത്യേക സ്ഥലത്തും ഓരോ സംഘങ്ങൾ ഉണ്ടാകണം. ഓരോ പ്രത്യേക സാധനം ഉല്പാദിപ്പിക്കുന്ന എല്ലാ കർഷകനും ഒരു സംഘത്തിലെ അംഗങ്ങളായി ചേർന്ന് അവരുടെ ഉല്പന്നങ്ങളെ ഈ സംഘത്തിൽക്കൂടിമാത്രം വില്ക്കുവാൻ അവർ സന്നദ്ധരാവണം. വ്യക്തിപരമായ കാരണങ്ങളിൽ ആരെങ്കിലും ഈ സംഘത്തിൽനിന്നും അകന്നു നില്ക്കുന്നു എങ്കിൽ അവരെക്കൂടി ഈ സംഘത്തിലെ അംഗങ്ങളാക്കുവാൻ നിർബന്ധിക്കുന്ന നിയമങ്ങളും ആവശ്യമായിട്ടുണ്ട്. അതു വ്യക്തിസ്വാതന്ത്ര്യത്തിന്മേലുള്ള കൈകടത്തലും മററും ആയിരിക്കുകയില്ല. സംഘത്തിലെ അംഗങ്ങൾ അവരുടെ ഉല്പന്നങ്ങൾ സംഘത്തിനു വെളിയിൽക്കൂടി വില്ക്കുന്നതും കുററകരമാക്കണമെന്ന് വാദിക്കുന്നവരും ഇല്ലാതില്ല? നാട്ടുകാരുടെ ആകെക്കൂടി ഉള്ള നന്മക്കായി വ്യക്തിസ്വാതന്ത്ര്യം നിയന്ത്രിക്കേണ്ടതു ആവശ്യമാണ്. അപ്രകാരംതന്നെ സ്വന്തം മൂലധനംകൊണ്ടു് പ്രവർത്തിക്കുവാൻ ശക്തിയില്ലാത്ത സംഘങ്ങൾ പ്രവർത്തനത്തിൽ ഐകരൂപ്യമുള്ള മററു സംഘങ്ങളുമായി യോജിച്ചു പ്രവർത്തിക്കണം. സംഘങ്ങൾ വെറും കച്ചവടപ്പീടികകളായി അധഃപതിക്കാതെ കാർഷികോല്പന്നങ്ങളെ സംഭരിച്ചു നന്മതിന്മകൾ

അനുസരിച്ച ഭാഗിച്ച് പ്രത്യേകം പ്രത്യേകം വില്ക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യണം. സംഘത്തിന്റെ മുദ്ര സത്യത്തിന്റെയും കലർപ്പില്ലായ്മയുടേയും മുദ്ര ആയിരിക്കണം. ആ മുദ്ര കാണുന്നമാത്രയിൽതന്നെ അതു പ്രതിനിധീകരിക്കുന്ന സാധനങ്ങളുടെ സ്വഭാവം, സംശയരഹിതമാംവണ്ണം ഉപഭോക്താവിന്ന് മനസ്സിലാകേണ്ടിയിരിക്കുന്നു. ഇങ്ങനെയുള്ള തരംതിരിക്കൽ കൃഷിക്കാരനു ന്യായമായ വില കിട്ടുവാൻ സഹായകരമായിരിക്കുന്നതുപോലെതന്നെ, ഉപഭോക്താവ് വഞ്ചിതനാകാതിരിക്കുകയും ചെയ്യും. അപ്രകാരംതന്നെ വിദഗ്ദ്ധരായ ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടുകൂടി വിപണികളുടെ നിലവാരം മനസ്സിലാക്കാനും അതനുസരിച്ച് ഉല്പാദകനെ ഉപദേശിക്കാനും, സംഘങ്ങൾക്കു കഴിയണം. സാധനങ്ങൾ വിൽക്കുന്നതിലും, ആദായകരമായ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിലും ഏററവും ചെലവുകുറഞ്ഞ മാർഗ്ഗങ്ങളിൽകൂടി സാധനങ്ങൾ കയററി അയയ്ക്കുന്നതിലും, ഉല്പാദകനെ സഹായിക്കുവാൻ സംഘങ്ങൾക്കു സാധിക്കണം. ഉല്പാദകക്ക് ആവശ്യമായ ഹ്രസ്വകാലവായ്പകൾ നൽകുന്നതിലും, സഹകരണസംഘങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ഉപഭോക്താക്കളെയും ഉല്പാദകരെയും ഒരേ സംഘത്തിൽത്തന്നെ അംഗങ്ങളായി സ്വീകരിക്കുവാനും അവരുടെ താല്പര്യങ്ങൾ എപ്പോഴും വിഭിന്നങ്ങൾ ആയിരിക്കും എന്നുള്ള തെററായ വിശ്വാസത്തെ നശിപ്പിക്കുവാനുംകൂടി സഹകരണസംഘങ്ങൾക്കു കഴിയുന്നെങ്കിൽ, ഭാരതത്തിലെ കർഷകന്റെ ചരിത്രത്തിൽ, ഒരു സമൂലപരിവർത്തനം ഉണ്ടാകുന്നതാണ്.

കാർഷികോല്പന്നങ്ങളുടെ ക്രയവിക്രയത്തിൽ, രാഷ്ട്രത്തിന്റെ സുശക്തമായ സഹായഹസ്തം കർഷകനു ലഭിക്കേണ്ടതുണ്ട്. ഭൂരിപക്ഷത്തിന്റെ സന്തോഷത്തിനും സംതൃപ്തിക്കുമായി ന്യൂനപക്ഷീയരുടെ അവകാശങ്ങളെ കുറെയെല്ലാം

അവഗണിക്കേണ്ടതു് ആവശ്യമാണെന്നു് ഒരു അഭിപ്രായം അധികമധികം പ്രബലപ്പെട്ടുവരുന്ന ആധുനികയുഗത്തിൽ, ഭരണകർത്താക്കൾ ഭരണീയരുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടിവരുന്നതു് സ്വാഭാവികം മാത്രമാണു്. നിയന്ത്രിതവിപണികൾ ഏർപ്പെടുത്തുക, മദ്ധ്യവർത്തികളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുക, ഏകീകൃതമായ ഒരു തൂക്കവും അളവും നടപ്പിലാക്കുക, സഹകരണസംഘങ്ങൾ ഏർപ്പെടുത്തുകയും അവയിൽ അംഗങ്ങളാകുവാൻ ഉല്പാദകരെ നിർബന്ധിക്കുകയും ചെയ്യുക, തുടങ്ങിയ പലകാര്യങ്ങളിലും രാഷ്ട്രത്തിന്റെ സുചിന്തിതവും, സുശക്തവുമായ ഇടപെടൽ ആവശ്യമാണു്. ഇൻഡ്യൻ പ്രധാനമന്ത്രി അദ്ധ്യക്ഷനായി പ്രവർത്തനം നടത്തിയ ആളിൻഡ്യാ പ്ലാനിങ്ങ് കമ്മററി ഈ വിഷയത്തിൽ ചില നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടു്. അവയിൽ പ്രധാനപ്പെട്ടവയെ ഏതാണ്ടു് ഇപ്രകാരം സമാഹരിക്കാം:

പഴവർഗ്ഗങ്ങൾ കേടുകൂടാതെ സൂക്ഷിക്കുക, ഗോതമ്പു് നെല്ലു് തുടങ്ങിയ ധാന്യങ്ങൾ കുത്തുകയും പൊടിക്കുകയും ചെയ്യുക തുടങ്ങിയ വ്യവസായങ്ങളെ കഴിയുന്നേടത്തോളം പ്രോത്സാഹിപ്പിക്കുക. ഭക്ഷ്യപദാർത്ഥങ്ങളിലും, കാർഷികോല്പന്നങ്ങളിലും, മായം ചേർക്കുന്നതിനെ കുററകരമാക്കുന്ന നിയമങ്ങൾ ഉണ്ടാക്കേണ്ടതും അവയെ വളരെ കർശനമായ രീതിയിൽ നടപ്പിൽ വരുത്തേണ്ടതും ആണു്. സഹകരണസംഘങ്ങളിൽകൂടി കാർഷികവിഭവങ്ങളുടെ ക്രയവിക്രയത്തിനു് ആവശ്യമായ മൂലധനം കർഷകനു ലഭിക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുവാനുള്ള ചുമതല രാഷ്ട്രത്തിനുണ്ടു്. കാർഷികോല്പന്നങ്ങൾ താൽക്കാലികമായി കേടുകൂടാതെ സൂക്ഷിക്കുവാൻ ആവശ്യമായ ഗുദാമുകൾ നിർമ്മിക്കേണ്ടതു് ഗവർമ്മെൻറിൽനിന്നും ആണു്. നിയന്ത്രിതവിപണികൾ കൂടുതൽ പ്രചരിപ്പിക്കേണ്ടതാണു്. ഭാരതത്തിലെ പ്രസിദ്ധരായ പല ധനതത്വശാസ്ത്രപ

ജ്ഞന്മാരുടെ സുചിന്തിതമായ അഭിപ്രായങ്ങളാണ് ഇവ. അഭിപ്രായങ്ങൾ ഗവർമ്മെൻറിൻെറ കാര്യമായ ശ്രദ്ധയെ ആകർഷിക്കാതെ ഇരിക്കുകയില്ല.

കാർഷികവിഭവങ്ങളുടെ ക്രയവിക്രയത്തെ കൂടുതൽ കാര്യക്ഷമമാക്കുവാൻ ഗവർമ്മെൻറുകൾ സ്വീകരിച്ചിരിക്കുന്ന നടപടികൾ ശ്രദ്ധാർഹങ്ങളാണ്. റോയൽ കമ്മീഷൻ ഓൺ അഗ്രികൾച്ചറിൻേറയും സെൻട്രൽ ബാങ്കിങ്ങ് എൻക്വയറി കമ്മററിയുടേയും, അഭിപ്രായം അനുസരിച്ച് 1935-ൽ ഗവർമ്മെൻറ് ആദ്യമായി ഒരു മാർക്കററിങ്ങ് ആഫീസറെ നിയമിച്ചു. കാർഷികോല്പന്നങ്ങളുടെ ക്രയവിക്രയത്തിൽ ഏതെല്ലാം തരത്തിൽ ഉപയോഗപ്രദമായ രീതിയിൽ ഗവർമ്മെൻറ് ഇടപെടാമെന്ന് ഉപദേശിക്കുകയാണ്, ഈ ഉദ്യോഗസ്ഥൻെറ കത്തവ്യം. അദ്ദേഹത്തെ സഹായിക്കുവാൻ ഒരു നല്ല സ്റ്റാഫും ഉണ്ടായിരുന്നു. കേന്ദ്രത്തിൽ പ്രവത്തിക്കുന്നതുപോലെ ഓരോ ഡിപ്പാർട്ടുമെൻറ് ഇതുപ്പോൾ മിക്കസംസ്ഥാനങ്ങളിലും പ്രവത്തിക്കുന്നുണ്ട്. ഈ മാർക്കററിങ്ങ് ഡിപ്പാർട്ടുമെൻറുകൾ പല സർവ്വേകളും വിജയപൂർവ്വം നടത്തി കാർഷികവിഭവങ്ങളെ ഇനംതിരിച്ചു പ്രത്യേകതരങ്ങളായി വിപണികളിലേയ്ക്കു് അയക്കുന്നതു് കാർഷികവിഭവങ്ങൾക്കു് ശരിയായ വിലകിട്ടുന്നതിനു് ആവശ്യമാണെന്നു ഗവർമ്മെൻറിനു് ബോദ്ധ്യമായിട്ടുണ്ടു്. കാർഷികവിഭവങ്ങളുടെ തരംതിരിക്കലിനു് ആവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടു് ഒരു ആക്ടു് 1937-ൽ പാസാക്കി. പഴങ്ങൾ, പച്ചക്കറികൾ, മുട്ട, ഡയറിപ്രൊഡക്ട്സ്, പുകയില, കാഫി, തോൽ, എണ്ണകൾ, പഞ്ഞി, അരി, പശ, ശക്കര, ഗോതമ്പു് തുടങ്ങിയ പല സാധനങ്ങളും ഈ പുതിയ നിയമത്തിൻെറ പരിധിയിൽ ഉൾപ്പെട്ടിരുന്നു. ശരിയായിട്ടുള്ള ഇനംതിരിക്കൽ കൂടുതൽ കൂടുതൽ പ്രചാരത്തിൽ വന്നുകൊണ്ടിരിക്കുന്നു. ഇനംതിരിക്കലിനു് വിധേയമായ സാധ

നങ്ങളുടെ 1947-ലേയും, 1948-ലേയും ആകെ വില ചില ഗവർമ്മെൻറ് പ്രസിദ്ധീകരണങ്ങളിൽനിന്നും ലഭിക്കുന്നു. അവയിൽ ചിലതു് ഇൻഡ്യൻ ഇയർബുക്കിൽ എടുത്തു് ചേർത്തിട്ടുണ്ടു്:

| സാധനം | ഇനം തിരിച്ച സംഭരണത്തിൻെറ വില 1947 | 1948 |
|---|---|---|
| | 000രൂപാ | 000രൂപാ |
| നെയ്യു് | 47,250 | 35,950 |
| വെണ്ണ | 2,899 | 3,409 |
| എണ്ണകഠം | 5,064 | 9,320 |
| തോലു് | 239 | |
| മുട്ട | 627 | 392 |
| പുകയില | 33,566 | 49,964 |
| ശക്കര | 133 | 78 |
| പഞ്ഞി | 2,592 | 7,674 |
| ചെെംപു് | 11,664 | 11,623 |
| പഴങ്ങഠം | 167 | 234 |
| ആകെ | 1,04,191 | 1,18,649 |

നിയന്ത്രിതവിപണികഠം ആരംഭിക്കുന്നതിനു് ആവശ്യമായ നിയമങ്ങഠം ഇപ്പോഠം പൂർവപഞ്ചാബിലും, മദ്രാസിലും ബോംബയിലും, മദ്ധ്യപ്രദേശത്തും, മററു ചില സംസ്ഥാനങ്ങളിലും ഓരോ പ്രദേശത്തും ഓരോ പ്രത്യേക സാധനങ്ങളിലാണു് നിയന്ത്രിതവിപണികഠം ഉള്ളതു്. തൂക്കത്തിലും അളവിലും ഭാരതം ഒട്ടുക്കു് ഏകീകൃതമായ ഒരു രീതി നടപ്പിലാക്കുന്നതിനുവേണ്ടി 1942-ൽ തന്നെ ആവശ്യമായ നിയമങ്ങഠം ഉണ്ടാക്കിയിട്ടുണ്ടു്. എന്നാൽ അവ കർശനമായി നടപ്പിൽ വരുത്തേണ്ടിയിരിക്കുന്നു. ബോംബെ, മദ്ധ്യപ്രദേശം, തിരു

വിതാംകൂർ കൊച്ചി തുടങ്ങിയ സംസ്ഥാനങ്ങഠംവെയർഹൗസ് ആക്ററുകഠം പാസാക്കിയിട്ടുണ്ട്. പക്ഷെ, നിയമനിർമ്മാണത്തിൽ കവിഞ്ഞു് ഒന്നും ഈ സംസ്ഥാനങ്ങളും ചെയ്തിട്ടില്ല. വിദേശങ്ങളിലേയ്ക്കു കയററിഅയയ്ക്കുന്ന കാർഷികോല്പന്നങ്ങളുടെ സ്വീകാര്യതയെ പരിശോധിക്കുവാൻ ഒരു പ്രത്യേക സമിതിയും ഗവർമ്മെൻറിൽനിന്നും നിയമിച്ചിട്ടുണ്ട്. ഗവർമ്മെൻറിൻെറ മാർക്കററിൽനിന്നു് ആഫീസർ നേരിട്ടു വിദേശങ്ങളിൽ നമ്മുടെ സാധനങ്ങഠംക്കുള്ള ആവശ്യക്കാരെ അന്വേഷിച്ചു കണ്ടുപിടിക്കുന്നതിനും അവർക്കു് ആവശ്യമുള്ള സാധനങ്ങഠം അവിടെ എത്തിച്ചുകൊടുക്കുന്നതിനും വേണ്ട പരിശ്രമങ്ങഠം ചെയ്തുകൊണ്ടാണു് ഇരിക്കുന്നതു്. 1945-ൽ കാർഷികവിഭവങ്ങളുടെ ക്രയവിക്രയത്തിൽ എന്തുമാത്രം എങ്ങിനെയെല്ലാം ഇടപെടണമെന്നു ഗവർമ്മെൻറിനെ ഉപദേശിക്കുവാൻ ഒരു കമ്മററിയെ അധികാരപ്പെടുത്തിയിരിക്കുന്നു. ആ കമ്മററിയുടെ റിപ്പോർട്ടു് ഇതിനകം സമർപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. ഗവർമ്മെൻറിൻെറ ഭാവിപരിപാടികഠം ആ കമ്മററിയുടെ ശുപാർശകഠം അനുസരിച്ചായിരിക്കും രൂപീകരിക്കുക.

ഏതായാലും ഏതു് കാർഷികസമുദ്ധരണപദ്ധതിയിലും കാർഷികോൽപന്നങ്ങളുടെ ക്രയവിക്രയത്തിലും വേണ്ട പരിഷ്കാരങ്ങഠം അവിഷ്കരിക്കേണ്ടതായിട്ടുണ്ട്. കർഷകനു് അവൻെറ ഉല്പന്നങ്ങഠംക്കു് ശരിയായ വില കിട്ടണം. ഉപഭോക്താവു കൊടുക്കുന്ന വിലയും, ഉല്പാദകനു ലഭിക്കുന്ന വിലയും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ടായിരിക്കരുതു്.

# 17

# നമ്മുടെ കർഷകൻ

സുപ്രസിദ്ധ ഇംഗ്ലീഷ് സാഹിത്യകാരനായിരുന്ന സ്വ ഫ്റ്റ് 1868-ൽ എഴുതി: "മുമ്പ് ഒരില വളരുന്നേടത്ത് രണ്ടില വളർത്തുന്നവ മററ് ആരെയുംകാൾ ഗംഭീരമായ ലോക സേവനമാണ് അനുഷ്ഠിക്കുന്നത്." കൂടുതൽ ഭക്ഷണം മനു ഷ്യന്റെ പ്രാഥമിക ആവശ്യങ്ങളിൽ ഒന്നാണ്. വിശക്കുന്ന വന്റെ മുമ്പിൽ പരാപരൻകൂടിയും അപ്പത്തിന്റെ രൂപ ത്തിലേ പ്രത്യക്ഷപ്പെടാൻ ധൈര്യപ്പെടുകയുള്ളു എന്നാണ് സാധാരണ പറയാറുള്ളത്. അതിനാൽ രാജ്യത്തിനും, സമു ദായത്തിനും നിരന്തരമായ സേവനം അനുഷ്ഠിക്കുന്ന ഭക്ഷ്യോ ല്പാദകൻ സവിശേഷമായ സംരക്ഷണത്തിന് അർഹനാണ്. സ്വേദബിന്ദുക്കളാൽ ലോകസംത്രാണനം നിർവഹിക്കുന്ന കർമ്മ യോഗിയായ കർഷകന്റെ ഭക്ഷ്യോല്പാദനമാർഗ്ഗങ്ങൾ വിജ യിക്കുവാനുള്ള മാർഗ്ഗങ്ങളെപ്പററിയും അവനെ അഭിമുഖീകരി ക്കുന്ന ബഹുമുഖങ്ങളായ പ്രശ്നങ്ങളെപ്പററിയും ആണ് ഇതു വരെ പ്രതിപാദിച്ചത്.

ഭാരതത്തിലെ കർഷകന്റെ കണ്ണുനീരിന്റെ ചരിത്രം പലരും ദയനീയമായി ചിത്രീകരിച്ചിട്ടുണ്ട്. അവനെ പ്രധാ നമായും വിഷമിപ്പിച്ചുകൊണ്ടിരിക്കുന്ന ചില സാമ്പത്തിക പ്രശ്നങ്ങളെപ്പററിയാണ് നാം പ്രതിപാദിച്ചത് ഒരു വിദേശ ഗവർമ്മെൻറിന്റെ അലക്ഷ്യമനോഭാവത്തിനു വിധേയനായി സ്വന്തം കഴിവുകേടുകളോടുകൂടി അധികാരികളുടെ അനാ സ്ഥയുംകൂടിച്ചേർന്നു സൃഷ്ടിച്ച അന്തരീക്ഷത്തിൽ കേവലം മൃത പ്രായനായി ജീവിച്ചിരുന്ന കർഷകനെ സംരക്ഷിക്കുവാൻ

വേണ്ട ആവശ്യമായ നടപടികൾ നമ്മുടെ ഗവർമ്മെൻറ് സ്വീകരിക്കുമെന്നുള്ള പ്രതീക്ഷയിലാണ് നാം കഴിയുന്നതു്.

ഇന്നു പരിഹരിക്കപ്പെടേണ്ടതായിട്ടുള്ളതും, അധികാരികളും ജനങ്ങളും സവിശേഷം ശ്രദ്ധിക്കേണ്ടതും ആയ ചില പ്രധാന പ്രശ്നങ്ങളുടെ ഒരു ഏകദേശരൂപം നാം പരിശോധിച്ചുകഴിഞ്ഞു.

ഭാരതീയനെ സംബന്ധിച്ചിടത്തോളം കർഷകവൃത്തി സുപ്രധാനമായ ഒരു പ്രവൎത്തനപദ്ധതി എന്നുമാത്രമല്ല, അതു് ഒരു ജീവിതമാർഗ്ഗംകൂടിയാണു്. അനേക നൂറാണ്ടുകളായി ഭാരതീയനും കർഷകവൃത്തിയുമായി ബന്ധപ്പെട്ടും, യോജിച്ചും, ഏകീഭവിച്ചും കഴിഞ്ഞുവരുന്നു. ഭാരതീയൻ എന്നുള്ളതു് കർഷകൻ എന്നുള്ള വാക്കിൻെറ ഒരു പൎയ്യായം ആയിപ്പോലും ഉപയോഗിക്കാം. അവൻെറ ജീവിതമാൎഗ്ഗം, അവൻെറ വ്യവസായങ്ങളുടെ നിലനിൽപ്പ്, അവൻെറ സന്താനങ്ങളുടെ ഭാവി, അവൻെറ രാഷ്ട്രീയത്തിൻെറ സാമ്പത്തികഭദ്രത ഇവയെല്ലാം കർഷകവൃത്തിയുടെ വിജയത്തെ ആശ്രയിച്ചാണു് ഇരിക്കുന്നതു്. പരമാൎത്ഥം ഇതായിരിക്കെ കർഷകവൃത്തിയുടെ പ്രാധാന്യത്തെപ്പററി കൂടുതൽ ഉപന്യസിക്കേണ്ട ആവശ്യമില്ല.

നമ്മുടെ മോഹനപ്രതീക്ഷകൾ യാഥാൎത്ഥീകരിച്ച രാഷ്ട്രീയസ്വാതന്ത്ര്യം എങ്ങിനെ സാമ്പത്തികസ്വാതന്ത്ര്യസമ്പാദനത്തിനു നമ്മെ തയാറാക്കുമെന്നുള്ളതാണു് ഇന്നത്തെ പ്രധാന ചിന്താവിഷയം. സകലൎക്കും അവസരസമത്വവും പ്രാഥമിക സ്വാതന്ത്ര്യങ്ങളും അനുവദിച്ചുകൊടുക്കുന്ന ഒരു ഭരണഘടന ഭാരതത്തിനു ലഭിച്ചുകഴിഞ്ഞു. കർഷകനെ സംബന്ധിച്ചിടത്തോളം അതു് എത്രമാത്രം പ്രാധാന്യം അർഹിക്കുന്നതാണെന്നു വ്യക്തമാണല്ലോ.

കർഷകനും ഗവർമ്മെൻറും തമ്മിൽ കൂടുതൽ അടുക്കേണ്ടതായിട്ടുണ്ട്. പലവിധത്തിലുള്ള പരാധീനതകൾക്ക് വശംവദനായി കഴിയുന്ന കർഷകൻെറ പ്രവർത്തനങ്ങളുടെ എല്ലാം വശങ്ങളിലും സുശക്തമായ ഒരു ഗവർമ്മെൻറിൻെറ അനുഭാവപൂർവമായ സഹകരണവും സഹായവും ആവശ്യമാണ്. കൂടുതൽ കൂടുതൽ വ്യക്തമായ സഹായങ്ങളാണ് കർഷകൻ ദേശീയഗവർമ്മെൻറിൽനിന്നും പ്രതീക്ഷിക്കുന്നതു്.

വർദ്ധിച്ചുവരുന്ന ഒരു ജനസംഖ്യയെ പോററേണ്ട ഭാരതത്തിന കഷ്കന് ആവശ്യാനുസരണം കൃഷിസ്ഥലങ്ങൾ ലഭിക്കുന്നില്ല. കർഷകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സംഖ്യ വർദ്ധിച്ചതോടുകൂടി കഷ്കൻെറ കൃഷിസ്ഥലങ്ങൾ വിഭജിക്കപ്പെട്ടുപോയി. തുണ്ടുതുണ്ടുകളാക്കപ്പെട്ട കൃഷിസ്ഥലങ്ങളിൽ പണിയെടുക്കുവാൻ നിർബ്ബന്ധിതനായിത്തീൎന്നകർഷകൻെറ വരുമാനം ഏററവും പരിമിതമാക്കപ്പെടുകയും ജീവസന്ധാരണത്തിനുതന്നെ തികയാതെ വരികയുംചെയ്തതു സ്വാഭാവികംമാത്രമാണ്. ഈ ദുഃസ്ഥിതിയെ പരിഹരിക്കാനുള്ള പ്രായോഗികമാർഗ്ഗങ്ങൾ ഇനിയും ആസൂത്രണം ചെയ്യപ്പെടേണ്ടിയിരിക്കുന്നു. ഇതോടുകൂടിത്തന്നെ ഭൂഉടമയെ സംബന്ധിച്ച ഒരു നൂറുപ്രശ്നങ്ങൾക്കും അവൻ ഉത്തരം കാണേണ്ടതായിട്ടുണ്ട്. ഒരു വാണിജ്യസംഘടനയുടെ പ്രവർത്തനസൗകര്യത്തിനായി നടപ്പിലാക്കിയ സെമിന്ദാരിസമ്പ്രദായം അവസാനമായി ഉപേക്ഷിക്കപ്പെട്ടുകഴിഞ്ഞെങ്കിലും, അതു പ്രയോഗത്തിൽ വരുത്തുവാൻ വളരെ അധികം വൈഷമ്യങ്ങൾ അനുഭവപ്പെട്ടുവരുന്നു. ഭൂഉടമയുടെ കാര്യത്തിലും, ഭൂവിസ്തൃതിയുടെ സംഗതിയിലും പരിഹരിക്കപ്പെടേണ്ട പല പ്രശ്നങ്ങളും ഉണ്ടെങ്കിലും, ഒരിഞ്ചുസ്ഥലംപോലും നഷ്ടപ്പെടുത്താതെ ഏററവും നവീനമായ മാർഗ്ഗങ്ങളിൽകൂടി കർഷകവൃത്തിയിൽ അത്യാവശ്യമായ പല പരിവർത്തനങ്ങൾ ഉണ്ടാവുക എന്നുള്ളതാണ് ഇന്നത്തെ സുപ്രധാനമായ ആവശ്യം.

ജലസേചനപദ്ധതികളുടെ വികസനം, കട്ടുംകൃഷിക്ക് അത്യാവശ്യമാണ്. ഈ വിഷയത്തിൽ ദേശീയഗവർമ്മെൻറുകളുടെ ശ്രദ്ധ കൂടുതലായി പതിയുന്നുണ്ടെന്നുള്ളതു പ്രത്യേകം സന്തോഷാവഹമാണ്.

ഭൂമിയെ സംബന്ധിച്ച ഈ പ്രശ്നങ്ങൾ കർഷകനെ വിഷമിപ്പിക്കുമ്പോൾ, മൂലധനസംബന്ധമായും അവൻ കഷ്ടപ്പെടുന്നുണ്ട്. കടക്കാരനായി ജനിക്കുകയും, കടക്കാരനായി ജീവിക്കുകയും, കടക്കാരനായിത്തന്നെ മരിക്കുകയും ചെയ്യുന്നവരാണു കർഷകരിൽ ഭൂരിഭാഗവും. ഹൃദയശൂന്യരായ പണവ്യാപാരികളുടെ കൈകളിൽനിന്നും കർഷകനെ സ്വതന്ത്രനാക്കുന്നതിനോടൊപ്പം, അവൻ വീണ്ടും പണവ്യാപാരിയുടെ അടിമയാകാതിരിക്കുവാൻ വേണ്ട മാർഗ്ഗങ്ങൾ നിർദ്ദേശിക്കേണ്ടിയിരിക്കുന്നു. ജനങ്ങളിൽ സ്വാശ്രയശീലം വർദ്ധിപ്പിക്കുകയും വിഘടിച്ചുനിന്നാൽ ഒരുകാലത്തും സംഭരിക്കുവാൻ കഴിയാത്ത പ്രവത്തനശക്തി സംഘടിച്ചാൽ സമാഹരിക്കാമെന്നു പ്രായോഗികമായി കാണിച്ചുകൊടുക്കുകയും, ചെയ്യുന്ന സഹകരണപ്രസ്ഥാനം, നാട്ടിൻപുറങ്ങളിൽ പ്രചരിച്ചാൽ കർഷകനെ വിഷമിപ്പിക്കുന്ന പല പ്രധാന പ്രശ്നങ്ങൾക്കും പരിഹാരം കണ്ടുപിടിക്കുവാൻ കഴിയുന്നതാണ്. ഭാരതത്തിലെ മൃഗസമ്പത്തിനെ പരിപുഷ്ടിപ്പെടുത്തുക, കുടിൽവ്യവസായങ്ങളെ വികസിപ്പിക്കുക തുടങ്ങിയ പല നിർമ്മാണപരിപാടികളും കർഷകനെ അവൻെറ കഷ്ടസ്ഥിതിയിൽനിന്നും ഉയത്തുവാൻ ആവശ്യമുണ്ട്.

രാഷ്ട്രത്തിൻെറ നട്ടെല്ലായ കർഷകന് സാമാന്യം സുഖമായി ജീവിക്കുവാൻ കഴിയുന്ന ഒരു പരിതഃസ്ഥിതി ഉണ്ടാകേണ്ടിയിരിക്കുന്നു ആ പരിതഃസ്ഥിതി സൃഷ്ടിക്കുന്നതിന് ആവശ്യമായ ചില പ്രധാന പരിപാടികളെപ്പറ്റി നാം പ്രതിപാ

ദിച്ചു. നിഷ്കർഷാപൂർവം സാധിക്കേണ്ട ഈ പരിവർത്തനങ്ങളുടെ വിജയത്തിലാണ് ഭാരതത്തിന്റെ ഭാവി സ്ഥിതിചെയ്യുന്നത്.

That our sons may grow up as the young plants
And that our daughters may be as the polished
Corners of temple,
That our Garners may be full and plentious with all
Manner of Store. That our sheep may bring forth thousands
And ten thousands in our streets
That our oxen may be strong to labour, that there
Be no decay. No leading into captivity and no
Camplaining in our streets.

★

UNIVERSITY LIBRARY
7 MAR 1964
MADRAS
032.D.
203972
X9J::2: N5
32J6.

DOCTRINA VIM PROMOVET INSITAM

MADRAS UNIVERSITY
DEPARTMENTAL LIBRARIES.

Call Number

Accession Number

Section

This book should be returned on or before
the date last marked below.

Indic Digital Archive Foundation
gpura.org